240377

# നുകത്തിന്നടിയിൽ

Ivan Vasov

S no 8870

# NUKATHINNADIYIL
## (UNDER THE YOKE)
PART I

BY
IVAN VAZOV

Translated by
SUBHADRA PARAMESWARAN

1st Impression August 1959

**RIGHTS RESERVED**

Printed at
Keralathilakam Press, Ernakulam.
Copies 1000

DISTRIBUTORS:
PRABHATH BOOK HOUSE,
ERNAKULAM.

Price Rs. 4—00

240377

# നക്ഷത്രത്തിന്നടിയിൽ

(ഒന്നാംഭാഗം)

ഐവൻ വാസോവ്

പരിഭാഷ:

സുഭദ്രാ പരമേശ്വരൻ

S no 8870

വിതരണക്കാർ:

പ്രഭാത് ബുക്ക് ഹൗസ്

എറണാകുളം

വില 4-00

S.ന 8870
240377

# അവതാരിക

ലോകഗ്രന്ഥസമുച്ചയത്തിൽ ഇതിനകം നല്ല ഒരു സ്ഥാനം കരസ്ഥമാക്കിയിട്ടുള്ള "അണ്ടർ ദി യോക്" എന്ന ബൽഗേറിയൻ പുസ്തകത്തിൻെറ തർജ്ജമയാണിതു്. നിരവധി വൈദേശിക ഭാഷകളിലേക്കും ഇതു് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടു്. മൂലകൃതിയുടെ ഒരു ഇംഗ്ലീഷ് പരിഭാഷയാണു് ഈ പുസ്തകത്തിൻെറ അടിസ്ഥാനം. ഇതു് ഒരു പദാനുപദ തർജ്ജമയല്ല. പക്ഷേ, കഴിയുന്നിടത്തോളം മൂലഗ്രന്ഥത്തിൻെറ സത്തു് ചോർന്നുപോകാതിരിക്കാൻ ഞാൻ ശ്രദ്ധിച്ചിട്ടുണ്ടു്. കവിതാശകലങ്ങളും ചില നാടോടിപ്പാട്ടുകളും ഇതിൽ ചേർക്കാതെ വിട്ടിരിക്കുന്നു. ചില സാങ്കേതിക വാക്കുകൾക്കു് ഒരു മലയാളപരിഭാഷ ഇതിൽ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ടു്.

1850-ൽ ഇതിൻെറ കർത്താവായ ഐവൻവാസോവ് ജനിക്കുന്ന കാലത്തു് സ്വന്തമെന്നു പറയാവുന്ന ഒരു സാഹിത്യം ബൽഗേറിയയിലുണ്ടായിരുന്നില്ല. ആ ഭാഷയെ ആശയവിനിമയത്തിനുള്ള ഒരു ഉപകരണമാക്കിത്തീർത്തതു് വാസോവും അദ്ദേഹത്തിൻെറ തലമുറയിൽ പെട്ട കാരലോവ് ബാറേറവ് എന്നിവരുമാണു്. ഈ മൂന്നുപേരിലുംവെച്ചു് ഏററവും കൂടുതൽ സംഭാവനകൾ സാഹിത്യത്തിനു നൽകിയിട്ടുള്ളതു് വാസോവാണു്. സാഹിത്യത്തിൽ അദ്ദേഹം കൈവെക്കാത്ത ശാഖകൾ ഇല്ലതന്നെ. 'പിരിയോഡിക്കൽ

റെവ്യൂ' എന്ന സാംസ്കാരമാസികയിൽ തൻെറ കവിതകളു മായാണു് അദ്ദേഹം അരങ്ങേറിയതു്. പിന്നീട്ടു് ആ ധിഷണാശാലിയുടെ ഭാവന ചെറുകഥകൾ, ലേഖനങ്ങൾ, ആഖ്യായികകൾ എന്നീ വിവിധ ശാഖകളിലേയ്ക്കും വ്യാപിച്ചു. ഇരുപതു വാല്യങ്ങളായാണു് ഇദ്ദേഹത്തിൻെറ കൃതികൾ ക്രോഡീകരിച്ചിരിക്കുന്നതു്.

സ്വാതന്ത്ര്യാവേശത്തിൻെറ കാററു് നാടെങ്ങും വ്യാപിച്ചുവന്നിരുന്ന ഒരു കാലഘട്ടത്തിൽ ജീവിച്ച വാസോവിനും ദേശവ്യാപകമായ അതിൻെറ അലമാലയിൽ നിന്നും അകന്നുനില്ക്കുവാൻ സാധിച്ചില്ല. രാഷ്ട്രീയ കുററങ്ങൾക്കായി ഒഡിസ്സയിലേക്കു നാടുകടത്തപ്പെട്ടിരുന്ന ഒരവസരത്തിലാണു് അദ്ദേഹത്തിൻെറ 'മാസ്റ്റർപീസ്' എന്നു വിളിക്കാവുന്ന ''അണ്ടർ ദി യോക്' വിരചിതമായതു്. സാംസ്കാരിക പശ്ചാത്തലത്തിൽ നിർമ്മിക്കപ്പെട്ട ഒരു സാഹിത്യസമ്പത്താണു് ഈ ഗ്രന്ഥം. വികാരോജ്ജ്വലമായ ഒരു കഥ അതിവിദഗ്ദ്ധമായിതിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. ''സർ വാൾട്ടർസ്കോട്ടി''ൻേറയും, ''ഡിക്കൻസി''ൻേറയും ഏതൊരു ചരിത്രനോവലിനോടും കിടനില്ക്കുന്ന ഒന്നാണിതു്. പക്ഷേ അവയ്ക്കില്ലാത്ത ഒരു പ്രത്യേകത ഇതിനുണ്ടു്. വെറും ഭാവനയുടെ സന്തതിയല്ല ഇതു്. ചരിത്രസത്യങ്ങളെ ഭാവാത്മകമായി ചിത്രീകരിച്ചിട്ടുള്ളതു്, സമരരംഗത്തിലെ ഒരു പടയാളിയാണു്; പരിതഃസ്ഥിതികളേയും സംഭവങ്ങളേയും വർണ്ണിച്ചിട്ടുള്ളതു് സമാനകാലീനനായ ഒരു ദൃക്സാക്ഷിയാണു്. വാസോവിനോടൊപ്പം കളിച്ചുനടന്നു പ്രവൃത്തിയെടുത്തവരുടെ ഛായയാണു് നാം കഥാപാത്രങ്ങളിൽ കാണുന്ന

ത്. ഇതിലെ അത്രം സ്നേഹിച്ചുപോകുന്ന "ബായ് മാർക്കോ" വിൻെറ ചിത്രീകരണത്തിനു പ്രചോദനം നൽകിയിട്ടുള്ള തു് വാസോവിൻെറ സ്വന്തം പിതാവാണ്. ബൈലാചെക്കേവ, സ്വന്തം ഗ്രാമമായ സൊപ്പോട്ടിൻെറ ഒരു പ്രതിരൂപം മാത്രമാണ്. വിമോചനത്തിനുമുമ്പുള്ള ബൾഗേറിയയുടെ ചരിത്രമെന്ന നിലയിൽ "അണ്ടർ ദി യോക്ക്" നിസ്തുല്യമാണ്.

സഹൃദയരായ മലയാളിവായനക്കാർക്ക് ഈ പുസ്തകം അല്പമെങ്കിലും ഇഷ്ടപ്പെട്ടാൽ എൻെറ ഉദ്യമം സഫലമായി.

എറണാകുളം
28—8—'59

സുഭദ്രാ പരമേശ്വരൻ

## അദ്ധ്യായം 1

# ഒരു സന്ദർശകൻ

മേയ്മാസത്തിലെ കുളിരണിഞ്ഞ ആ സായാഹ്നത്തിൽ ചോർബാഡ്ജിമാർക്കോ, തന്റെ ഡ്രസ്സിങ്ങ്ഗൗൺ ധരിച്ച് അനാവൃതശീഷനായി, തോട്ടത്തിൽ, കുടുംബത്തോടൊപ്പം അത്താഴത്തിന്നിരിക്കയായിരുന്നു.

രാവും പകലും ഒരുപോലെ കുരുവിയെപ്പോലെ ചിലച്ചുകൊണ്ട് ആ തോട്ടത്തിലൂടെ ഒഴുകുന്ന തണുത്ത തെളിനീർനിറഞ്ഞ അരുവിയുടെയും, വേനൽക്കാലത്തും വഷക്കാലത്തും, ഹരിതനിറത്തിൽ ചുമരിനോടുചേന്നുനില്ക്കുന്ന കറുത്ത് ഉയന്നു പന്തലിച്ച 'ബോക്സ്'മരങ്ങളുടെയും നടുക്ക് മുന്തിരിവള്ളിയുടെ ചുവട്ടിലായി പതിവനുസരിച്ച് യജമാനന്റെ തീൻമേശ ഒരുക്കിയിട്ടുണ്ട്. ഭവനാംഗങ്ങളുടെ തലക്കമീതെ പരിമളം ചൊരിഞ്ഞുകൊണ്ടു നില്ക്കുന്ന സുപരിചിതമായ ലിലിയാക്മരത്തിന്റെ ശാഖയിൽ തൂക്കിയിട്ടിരുന്ന വിളക്ക് കത്തിച്ചിരുന്നു. വളരെ വലിയതായിരുന്നു ആ കുടുംബം.

ബായ്മാർക്കോവിന്റെയും അമ്മയുടെയും ഭാര്യയുടെയും നടുക്ക് ഒരുപററം കുട്ടികൾ, ചെറിയതും വലിയതും, കത്തിയും മുള്ളുമേന്തി ഞൊടിയിടകൊണ്ടു റൊട്ടിയും മററു ഉപദംശങ്ങളും ശരിപ്പെടുത്തുന്നുണ്ടായിരുന്നു. 'അപ്പത്തിന്റെ ശത്രുക്കൾ' എന്ന തുക്കിപ്പഴമൊഴി തികച്ചും ന്യായീകരിച്ചിരുന്നു അവർ. അടങ്ങാത്ത വിശപ്പും മൂച്ചയേറിയ പല്ലുകളു

മായി പണിചെയ്തുകൊണ്ടിരുന്ന അവരെ ഇടക്കിടെ സന്തോഷത്തോടെ നോക്കി ആ അച്ഛൻ മന്ദഹാസപൂർവ്വം അവരെ പ്രേരിപ്പിച്ചു, "തിന്നു കുട്ടികളേ, തിന്നു ശക്തിവെയ്ക്കു; പേന, ഇനിയും അവരുടെ പാത്രം നിറച്ചുകൊടുക്കു.

വേലക്കാരി വീഞ്ഞു തണുക്കുവാൻ വെച്ചിരുന്ന കുഴലിൻെറ സമീപം പോയി ഒരു വലിയ കുണ്ടൻസ്ഫടികപാത്രം നിറയെ വീഞ്ഞു കൊണ്ടുവച്ചു.

"പോക്കിരികളേ, കുടിക്കുവിൻ" എന്നു പറഞ്ഞു് അദ്ദേഹം ഉദാരതയോടെ അവർക്കിടയിൽ അതു വിതരണം ചെയ്തു. ആ ഭക്ഷണം മേശപ്പുറത്തു ഒന്നു വട്ടംകറങ്ങി, കണ്ണുകൾ തിളങ്ങി, കവിളുകൾ പൂർവ്വാധികം തുടുത്തു, ആനന്ദപൂർവ്വം ചുണ്ടുകൾ നുണഞ്ഞു. അനിഷ്ടത്തോടെ മുഖം കനപ്പിച്ച ഭാര്യയെ നോക്കി മാക്കോ അല്പം കടുത്തുപറഞ്ഞു:

"അവർ എൻെറ മുന്നിൽവച്ചുതന്നെ കുടിക്കട്ടെ, വീഞ്ഞിനുവേണ്ടി അവരെ ദാഹിപ്പിക്കരുതു്. അവർ വല്യതാകുമ്പോൾ മുഴുത്തകുടിയന്മാരായിത്തീരാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

കുട്ടികളുടെ സംരക്ഷണകാര്യത്തിൽ മാക്കോവിനു സ്വന്തമായ ചില പ്രായോഗികാശയങ്ങളുണ്ടായിരുന്നു. യാഥാസ്ഥിതികനും വിദ്യാവിഹീനനുമാണെങ്കിലും മനുഷ്യപ്രകൃതിയെപ്പററി സംപൂർണ്ണവിജ്ഞാനമുണ്ടായിരുന്നതിനാൽ വിലക്കപ്പെട്ട പഴത്തിനു മാധുരി ഏറുമെന്നു് അറിയാമായിരുന്നു. കളവിനുള്ള പ്രേരണയിൽനിന്നവരെ കാത്തുരക്ഷിക്കാൻവേണ്ടി സ്വന്തം പണപ്പെട്ടിയുടെ താക്കോൽ അദ്ദേഹം കുട്ടികളുടെ കയ്യിൽ കൊടുക്കാറുണ്ടു്.

"ഗോച്ചോ പോയി ആ ചന്ദനപ്പെട്ടി തുറന്നു നാണയങ്ങൾ ഉള്ള സഞ്ചി എടുത്തുകൊണ്ടുവരു."

വേറെ ഒരുവനെ വിളിച്ചദ്ദേഹം പറയും "എൻെറ

കുട്ടി, ആ ചെറിയ കുടയിൽനിന്നു 20 'ലിറാ' എടുത്തു ഞാൻ മടങ്ങിവരുമ്പോഴേക്കും തയാറാക്കിവെയ്ക്കു."

അക്കാലത്തു മിക്ക പിതാക്കന്മാരും കുട്ടികളെ നിറുത്തുന്നതു് ഒരു ആചാരമായി കണക്കാക്കിയിരുന്നു. കുട്ടികൾക്കു മൂത്തവരോടു ബഹുമാനവും ആദരവും ഉണ്ടാക്കാനാണത്രെ ഇതു്. പക്ഷേ മാക്കോ തന്റെ മക്കളെ തീൻമേശക്കു ചുററും ഇരിക്കുവാൻ അനുവദിച്ചിരുന്നു. അതിഥികൾ ഉള്ള ദിവസമാണെങ്കിൽ അവരുടെ സാന്നിദ്ധ്യം പ്രത്യേകമായദ്ദേഹം ആവശ്യപ്പെട്ടിരുന്നു. "വന്യമൃഗങ്ങളെപ്പോലെയല്ലാതെ അവർ മാന്യതയോടെ പെരുമാറാൻ പഠിക്കട്ടെ" അദ്ദേഹം വിശദീകരിക്കും. "ആൻകോറാസ്പോവിച്ചിനെപ്പോലെ ആരെയെങ്കിലും കണ്ടാൽ അവർ ഓടിയൊളിക്കരുതു്." യൂറോപ്യൻവേഷത്തിൽ ആരെയെങ്കിലും കണ്ടാൽ ആൻകൊറാസ്പോവിച്ച് പരിഭ്രമിച്ചു് പുളയുമായിരുന്നു.

മററു ജോലിത്തിരക്കുകൾ ധാരാളമുള്ളതുകൊണ്ടു മാക്കോ തന്റെ മക്കളെ ഒരുമിച്ചുകാണുന്നതു് ഈ സമയത്തു മാത്രമാണു്. ഏററവും നവീനമായരീതിയിൽ അദ്ദേഹം തന്റെ മേലന്വേഷണം അവസാനിപ്പിക്കും.

"ഡിമിററർ, നിന്റെ അമ്മൂമ്മയുടെ മെക്കട്ടുകയറാതെ. നീ ഒരു ഒന്നാന്തരം തെമ്മാടിയാകുന്നുണ്ടു്."

"ഇലിയ, അറവുകാരന്റെമാതിരി നീ നിന്റെ കത്തി പിടിക്കരുതു്, അപ്പം കശാപ്പുചെയ്യാതെ അതു് ശരിക്കു മുറിച്ചെടുക്കു."

"ഗോച്ചോ നീ എന്താണു് നിന്റെ കുപ്പായം തൂക്കിക്കാരൻകലംകഴുകിയുടെപോലെ ബട്ടണിടാതെ ധരിച്ചിരിക്കുന്നതു്. ഉണ്ണാൻവരുമ്പോൾ തൊപ്പി മാററു. ഒരു കാടൻ മനുഷ്യന്റെതുപോലെയാണു് നിന്റെ തലമുടി നീണ്ടിരിക്കുന്നതു്. ഗാങ്കോവിന്റെ അടുക്കൽപ്പോയി അതു കോസ്സാക് സമ്പ്രദായത്തിൽ വെട്ടാൻ അനുവദിക്കു."

"വാസ്സിൽ, നിൻെറ നീണ്ട കണങ്കാല്ല് ഒന്നു ചുരുക്കി മററുള്ളവക്ക് ഇടംകൊടുക്കു. നമുക്കു് അതു് വയലിൽ പോകുമ്പോൾ നിവത്തിപ്പിടിക്കാം."

"അബ്രഹാം, കുരിശുവരക്കാതെ മേശമേൽനിന്നെഴുന്നേററുപോകുന്നതിൻെറ അത്ഥമെന്താണു്, നീയൊരു പ്രോട്ടസ്റ്റൻ്റ്."

മാക്കോ വിനോദശീലനായിരിക്കുമ്പോൾ മാത്രമാണു് ഇത്തരം നിർദ്ദേശങ്ങളും നിരൂപണങ്ങളും പുറത്തുവരുക. അസന്തുഷ്ടനൊ, കുപിതനൊ ആണെങ്കിൽ കട്ടുത്ത നിശ്ശബ്ദതയാണു് അവിടം ഭരിയ്ക്കുക.

ഒരു ഉറച്ച മതവിശ്വാസിയും ദൈവഭക്തനുമായിരുന്ന മാക്കോ ആ വിശ്വാസം തൻെറ മക്കളിലും വളത്താൻ വളരെ മിനക്കെട്ടിരുന്നു. രാത്രിയിൽ കുടുംബത്തിലെ വിഗ്രഹത്തിനു മുമ്പിൽ സായാഹ്നപ്രാത്ഥന ചൊല്ലുമ്പോൾ മൂത്തകുട്ടികൾ അവിടെ ഉണ്ടാകണമെന്നു് അദ്ദേഹത്തിനു നിബ്ബന്ധമാണു്. എല്ലാ ഞായറാഴ്ചയും കടപ്പെട്ടദിവസങ്ങളിലും എല്ലാവരും പള്ളിയിൽപ്പോകണം. അതു് അലംഘനീയമായ ഒരു നിയമമാണു്. അതിൽനിന്നു രക്ഷപ്പെടുവാനുള്ള ശ്രമം ഗൃഹാന്തരീക്ഷത്തിൽ ഭയങ്കര കൊടുങ്കാററു് ഉണ്ടാക്കിയിരുന്നു.

പിറേറദിവസം പ്രഭാതത്തിൽ വിശുദ്ധകുർബാന കൈക്കൊള്ളേണ്ടവനായ 'കീറോ'വിനോടദ്ദേഹം കുമ്പസാരിക്കണമെന്നു് പറഞ്ഞു് ഏല്പിച്ചിട്ടുണ്ടായിരുന്നു. കീറോ അധികം താമസിയാതെ പള്ളിയിൽനിന്നു മടങ്ങി, പുരോഹിതൻെറ ഒരു നിഴൽപോലും അയാൾ കണ്ടിരുന്നില്ല.

സംശയത്തോടെ അയാളുടെ അച്ഛൻ ചോദിച്ചു "നീ ഇന്നു കുമ്പസാരിച്ചുവോ."

"ഉവ്വ്" മകൻ മറുപടിപറഞ്ഞു.

"ആരാണു് നിൻെറ കുമ്പസാരം കേട്ടതു്."

കീറോവിന്നു പരിഭ്രമമമായി എന്നാലും വിശ്വാസത്തോടെ പറഞ്ഞു: "ഫാദർ എൻയു."

അതു കളവായിരുന്നു. ചെറുപ്പക്കാരനായിരുന്ന ഫാദർ എൻയു കുമ്പസാരം കേട്ടിരുന്നില്ല.

മാക്കോ പെട്ടെന്നു് ആ കളവു മനസ്സിലാക്കി, ചാടിയെഴുന്നേററു് മകൻെറ ചെവിപിടിച്ചു് തെരുവിലേക്കും, അവിടെനിന്നു് അതേവിധത്തിൽ പള്ളിവരേയും കൊണ്ടുപോയി; അന്നു കുമ്പസാരിപ്പിച്ചിരുന്ന ഫാദർ 'സ്റ്റ്റാർവി' യെ വിളിച്ചു "അച്ഛാ ഈ കഴുതയെ കുമ്പസാരിപ്പിക്കു" എന്നുപറഞ്ഞു് ഏല്പിച്ചുകൊടുത്തു. ആ ക്രിയ കഴിയുന്നതുവരെ അദ്ദേഹം പുറത്തു കാത്തുനിന്നു.

സ്കൂളിൽനിന്നു് ഓടിപ്പോരുന്നവരോടു് ഇതിലും കക്ശമായാണദ്ദേഹം പെരുമാറുക. തനിക്കു വിദ്യാഭ്യാസം ലഭിക്കാത്തതിനാൽ മാക്കോ വിദ്യയേയും വിദ്യാഭ്യാസത്തേയും സ്നേഹിച്ചു. ദേശാഭിമാനികളായ നവോത്ഥാനത്തിൻെറ ആത്മാത്ഥപ്രചാരകന്മാരിൽ ഒരാളായിരുന്നു മാക്കോ, അദ്ദേഹത്തിനു നന്ദി. കാലതാമസമെന്യേ ബൾഗേരിയയിൽ ഒരുകൂട്ടം സ്കൂളുകൾ ഉയന്നുവന്നു. കഷകർ, കൈവേലക്കാർ, കച്ചവടക്കാർ എന്നിവക്കു വിദ്യാഭ്യാസംകൊണ്ടു് എന്തു പ്രായോഗികഗുണമാണു് ഉണ്ടാകുക എന്നതിനെക്കുറിച്ചു് അദ്ദേഹത്തിനു് അവ്യക്തമായ അറിവെ ഉണ്ടായിരുന്നുള്ളു. പാഠശാലവിട്ടവക്കു ജീവിതം ഭക്ഷണമൊ തൊഴിലൊ കൊടുക്കുന്നില്ല എന്ന വസ്തുത പരിതാപത്തോടെയാണു് അദ്ദേഹം വീക്ഷിച്ചതു്. ലോകത്തെ മാററത്തക്ക ഒരു ഗുപ്തശക്തി വിജ്ഞാനത്തിൽ അന്തർലീനമായി കിടക്കുന്നുണ്ടെന്നു് അദ്ദേഹം ആന്തരാവിശ്വസിച്ചു. ദൈവത്തിലെന്നപോലെ തന്നെ ശാസ്ത്രീയജ്ഞാനത്തിലും ഏതാണ്ടു് വിവേചനശൂന്യനായി അദ്ദേഹം വിശ്വസിച്ചു. സ്വന്തം കഴിവനുസരിച്ചു് അതിന്നുവേണ്ടി അദ്ദേഹം പരിശ്രമിച്ചു. തൻെറ സ്വ

ത്തം ഗ്രാമമായ ബൈലാചെക്കേവിലെ വിദ്യാസ്ഥാപന ത്തിൻെറ ട്രസ്റ്റിമാരിൽ ഒരാളായിരിക്കലായിരുന്നു ജീവിത ത്തിലെ ഏററവും വലിയ മോഹം. എല്ലാവരുടേയും വി ശ്വാസവും ബഹുമതിയും നേടുകകാരണം മിക്കപ്പോഴും അ ദ്ദേഹംതന്നെ ആ പദവിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടിരു ന്നു. തൻെറ വിനീതമായ പൊതുജനസേവനകാര്യത്തിൽ സമയമോ അദ്ധ്വാനമോ അദ്ദേഹത്തെ വിലക്കിയിരുന്നില്ല. പലപ്പോഴും അധികാരത്താലും ആനുകൂല്യങ്ങളാലും പരിസേ വിതനാണെങ്കിലും ബാക്കി എല്ലാത്തിൽനിന്നും, പ്രത്യേകി ച്ച 'കോനാക്കി'ൽനിന്നും അദ്ദേഹം കഴിയുന്നതും ഒഴിഞ്ഞു മാറാൻ ശ്രമിച്ചു.

മേശ വെട്ടപ്പാക്കിയപ്പോൾ മാക്കോ എഴുന്നേററു. ഉ ന്നതനായി അല്പം ചടച്ചു വളഞ്ഞ ഒരു അയ്മ്പതുകാരനാ ണ് മാക്കോ. രാജ്യത്തിലുടനീളമുള്ള ചന്തസ്ഥലങ്ങളിലെ ല്ലാം സാധാരണ പൊസ്റ്റൊണ്ടിരുന്നതിനാൽ സൂര്യരശ്മിയും കാററുമേററു് കരുവാളിച്ച ആ മുഖത്തു് ചിരിക്കുമ്പോഴും ഗൗരവം സ്ഫുരിച്ചുകൊണ്ടിരിക്കും. നീലക്കണ്ണുകൾക്കുമീതെ തഴച്ചുവളന്ന പുരികക്കൊടികൾ സ്ഥായിയായ ആ ഭാവര സത്തിനു മാററുകൂട്ടി. ആ കണ്ണുകളിൽ നിഴലിച്ചിരുന്ന സ ത്യസന്ധതയും ആത്മാത്ഥതയും സൽസ്വഭാവവും മുഖത്തെ ആകഷകമാക്കുക മാത്രമല്ല ബഹുമതിയും ആദരവും കാണി കളിൽ വളത്തുകയും ചെയ്തു.

പൊക്കമുള്ള ബോക്സ്മരങ്ങളെ ചാരി, രക്തവണ്ണകം ബളം വിരിച്ചിട്ടിരുന്ന ഒരു ചെറിയ ബഞ്ചിൽ ഇരുന്നു് മാക്കോ തൻെറ ചിബക് വലിക്കാൻ തുടങ്ങി. അരുവിക്ക രികെ വിരിച്ചിട്ടിരുന്ന പരവതാനിയിൽ അദ്ദേഹത്തിൻെറ കുടുംബവേലക്കാരി കാഫി കൊണ്ടുവരുന്നതും കാത്തു് സ്വ സ്ഥമായിരുന്നു.

അന്നു മാക്കോ അതീവസംതൃപ്തനായിരുന്നു. നല്ലതു

പോലെ ഭക്ഷിച്ച് തുടുത്ത കവിളുകളോടുകൂടി അവിടവിടെ ഓടിച്ചാടിനടന്നു, മണിനാദംപോലുള്ള ചിരിയാൽ അവിടം ശബ്ദായമാനമാക്കുന്ന അരുമസന്താനങ്ങളിൽ അദ്ദേഹത്തിൻെറ ശ്രദ്ധ കേന്ദ്രീകരിച്ചു. ഓരോ നിമിഷവും അവർ മനോഹരമായ ഒരു ചിത്രംപോലെ തോന്നിച്ചു. അവരിൽ നിന്നു പൊട്ടിച്ചിരികളും തമ്മിത്തല്ലുകളും അട്ടഹാസവും ഉയന്നു. ഒരു മരക്കൊമ്പിൽ ഇരുന്നു കളിക്കുന്ന ഒരുക്കൂട്ടം പക്ഷികളെപ്പോലിരുന്നു അവർ. പക്ഷേ ആഹ്ലാദകരമായിരുന്ന ആ നിർദ്ദുഷ്ടലീലകൾ പെട്ടെന്ന് ആക്രമണമായി മായി. കൈകൾ തൊഴിക്കുന്നതിൽ വ്യാപൃതങ്ങളായി. പേടിപ്പിക്കുന്ന സ്വരങ്ങൾ മുഴങ്ങി. പക്ഷികളുടെ ഉല്ലാസം ഒരു കയ്യുയഞ്ഞ യുദ്ധമായി രൂപാന്തരപ്പെട്ടു. ആവലാതികൾ പറയുവാനും ചെയ്തികൾ ന്യായീകരിക്കുവാനും പരാജിതരും വിജയികളും ഒരുപോലെ പിതാവിൻെറ സമീപത്തേയ്ക്ക് ഓടി. ഒരുവൻ തന്നെ രക്ഷിക്കുവാൻ അമ്മൂമ്മയെ ആശ്രയിച്ചപ്പോൾ മറെറാരുവൻ തൻെറ ഭാഗം പറയാൻ അമ്മയെ വിളിച്ചു. നിഷ്പക്ഷമതിയായ ഒരു നിരൂപകനായി ഇരുന്ന മാക്കോ ഇപ്പോൾ ഒരു ജഡ്ജിയായിമാറി. ന്യായമായും ചുമതല അനുസരിച്ചും അദ്ദേഹം കാര്യങ്ങൾ വിസ്തരിക്കേണ്ടതായിരുന്നു. പക്ഷേ നിയമനടപടികൾക്കെതിരായി ആ ന്യായാധിപതി വാദിഭാഗവും പ്രതിഭാഗവും പറയുന്നതു് കേൾക്കാതെതന്നെ ഉടനടി വിധി പ്രസ്താവിക്കും; ചിലരെ അദ്ദേഹം ലാളിച്ചു, മററുചിലരുടെ ചെവിക്കുപിടിച്ചു, ദ്രോഹിക്കപ്പെട്ട ചെറുകുഞ്ഞുങ്ങളെ പിടിച്ചു രണ്ടു കവിളത്തും ഉമ്മവെച്ചു. കുട്ടികൾ ശാന്തരായി.

ഇവാനിസ്റ്റ മുത്തശ്ശിയുടെ കൈകളിൽ ഉറങ്ങിക്കിടന്നിരുന്ന ഏററവും ഇളയവൻ ഉണന്നു ഉറക്കെ കരയാൻതുടങ്ങി.

"ഓമനേ, വാവ ഉറങ്ങു. വേഗം ഉറങ്ങു അല്ലെങ്കിൽ തു

ക്കികൾ പിടിച്ചുകൊണ്ടുപോകും.'' മുട്ടിന്മേൽവച്ചു പൈ തലിനെ ആട്ടിക്കൊണ്ടു മുത്തശ്ശി പറഞ്ഞു.

മാക്കോ മുഖം കനപ്പിച്ചു ''അമ്മേ, കുറെക്കാലമായി ഈവിധം തുക്കികളുടെ പേരു പറഞ്ഞു കുട്ടികളെ ഭയപ്പെടു ത്തുന്നു. ഈ പേടി അവരുടെ മനസ്സിൽ വേരൂന്നും.''

''കൊള്ളാം ഇതാണ് എനിക്കറിയാവുന്ന വഴി'' മുത്ത ശ്ശി മറുപടിപറഞ്ഞു. ''അവർ ഞങ്ങളെ തുക്കികളുടെ പേരു പറഞ്ഞു പേടിപ്പിച്ചിരുന്നു. പക്ഷേ ആരെയും ഭയപ്പെടുത്തു വാൻ പററിയതാണവർ. ദൈവത്തിൻെറ ശാപം അവരു ടെമേൽ പതിക്കട്ടെ. എനിക്ക് എഴുപതുവയസ്സായി. സാധാ രണ പഴമൊഴിപോലെ കണ്ണുതുറന്നുതന്നെ ഞാൻ എൻെറ ശ്മശാനത്തിലെത്തും. നല്ലകാലം ഇനിയും വന്ന് എത്തി യിട്ടില്ല.''

''അമ്മൂമ്മേ, ഞാനും വാസ്സിൽചേട്ടനും ജോർജ്ജിചേട്ടനും വലുതാവട്ടെ. ഞങ്ങൾ ഞങ്ങളുടെ വാളെടുത്ത് തുക്കികളെ മുഴുവൻ കൊല്ലും.'' ചെറിയ പീററർ പറഞ്ഞു.

''ഒരെണ്ണത്തിനെ ജീവനോടെ വിടോ അമ്മൂമ്മയുടെ കുട്ടി.''

വീട്ടിന്നകത്തുനിന്നു പുറത്തുവന്ന ഭാര്യയോടു മാക്കോ അന്വേഷിച്ചു. ''അസ്സനു എങ്ങിനെയിരിക്കുന്നു.''

''പനി വിട്ടു. അവൻ ഉറങ്ങുകയാണ്.'' അവർ മറു പടി പറഞ്ഞു.

എന്തിനാണവൻ അതു പോയിക്കണ്ടതു്. പരിഭ്രമ ത്തോടെ മുത്തശ്ശി പറഞ്ഞു. ഇതാ അവനു സുഖക്കേടുമായി.

മാക്കോ മുഖം വീർപ്പിച്ചതല്ലാതെ ഒന്നും മറുപടി പറ ഞ്ഞില്ല. വയലിൽനിന്നു പള്ളിപ്പറമ്പിലേക്കു കൊണ്ടുവന്ന 'ഗഞ്ചോ' (ചായപ്പണിക്കാരൻെറ മകൻ) വിൻെറ തലയില്ലാ ത്ത ഉടൽ സ്കൂളിലെ കിളിവാതിലിലൂടെ കണ്ട അന്നാണ്

അസ്സനു പനി തുടങ്ങിയതു്. മാക്കോ ധൃതിയിൽ വിഷയം മാററി തിരിഞ്ഞു കുട്ടികളോടു പറഞ്ഞു.

"കുറച്ചുനേരം മിണ്ടാതിരിക്കൂ. നിങ്ങളുടെ സഹോദരനു നമ്മോടു് എന്താണു് പറയുവാനുള്ളതെന്നും കേൾക്കാം. അതു കഴിഞ്ഞു നിങ്ങൾക്കു ഒരു പാട്ടുപാടാം. വാസ്സിൽ, ഇന്നു് എന്താണു് ടീച്ചർ പഠിപ്പിച്ചതു്."

"ചരിത്രത്തിൽനിന്നു് ഒരു പാഠം."

"കൊള്ളാം. ചരിത്രത്തെപ്പററി പറയൂ. എന്തായിരുന്നു അതു്."

"സ്പാനിഷ് സക്സെഷണൽയുദ്ധത്തെപ്പററി."

"സ്പെയിൻകാരെപ്പററിയോ. അതു വിട്ടുകളയൂ. അവർ നമ്മുടെ ആരുമല്ല. റഷ്യയെപ്പററി എന്തെങ്കിലും പറയൂ."

"ഞാനെന്തു പറയണം." വാസ്സിൽ ചോദിച്ചു.

"ശരി. ഉദാഹരണമായി ഭയങ്കരനായിരുന്ന ഐവാനേപററിയോ, മൊസ്ക്കോവിനു തീകൊടുത്ത ബോണോപാർട്ടിനേപററിയോ."

മാക്കോ വാചകം പൂർത്തിയാക്കിയില്ല. പറമ്പിന്റെ ഇരുളടഞ്ഞ മൂലയിൽ എന്തോ വന്നു വീണു; ചുമരിന്റെ മുകളിൽനിന്നു ഓട്ടുകൾ കലപിലശബ്ദത്തോടെ നിലംപതിച്ചു. കോഴികളും കുഞ്ഞുങ്ങളും ഭയങ്കരമായി ശബ്ദിച്ചു് ചിറകുകൾ പൊക്കിപ്പിടിച്ചു പറമ്പിൽ അവിടവിടെ പറന്നുനടന്നു. പാത്രം കഴുകിയതു കൊണ്ടുവന്നിരുന്ന വേലക്കാരി ഞെട്ടി വിറച്ചു് 'കള്ളന്മാർ കള്ളന്മാർ' എന്നലറി.

പറമ്പിലാകെ ഭയങ്കരബഹളമായി. സ്ത്രീജനങ്ങളെല്ലാം വീട്ടിൽ അഭയംതേടി. കുട്ടികളെ കാണാനോ അവരുടെ ശബ്ദം കേൾക്കാനോ കഴിഞ്ഞില്ല. ധീരനായ മാക്കോ ഇരുട്ടിൽ ആ ശബ്ദം കേട്ട ദിക്കിലേക്കു കുറച്ചുനേരം ശ്രദ്ധയോടെ നോക്കിനിന്നശേഷം വാതിലിലൂടെ അപ്രത്യക്ഷനാ

യി. ഒരു നിമിഷത്തിനുള്ളിൽ കുതിരലായത്തിന്റെ അടുത്തുള്ള വാതിൽ തുറന്നു് അദ്ദേഹം പുറത്തുവന്നു. ആ കൈകളിൽ അപ്പോൾ രണ്ടു തോക്കുകൾ ഉണ്ടായിരുന്നു.

ബുദ്ധിശൂന്യമെന്നപോലെ തന്നെ ഉറച്ചതും ആയ ഈ നടപടി ധ്രുതഗതിയിൽ നടന്നു. മാക്കോവിന്റെ ഭാര്യയ്ക്കു് അദ്ദേഹത്തെ തടുത്തുനിർത്താൻ കഴിയുന്നതിനുമുമ്പു് എല്ലാം സംഭവിച്ചു. അദ്ദേഹം പുറത്തേക്കു പാഞ്ഞപ്പോൾ അവരുടെ നേരിയ ശബ്ദം പുറത്തുവന്നു. പക്ഷേ ജലധാരക്കരികെ പററിനിന്നിരുന്ന ഒരു നായയുടെ കുരയുടെ കോലാഹലത്തിൽ അതമർന്നുപോയി.

കോഴിക്കൂടിനും കുതിരലായത്തിനും ഇടക്കുള്ള നിഴലിൽ ഒരു അപരിചിതൻ നിന്നിരുന്നു എന്നതു തീർച്ചയാണു്. പക്ഷേ കട്ടിപിടിച്ച ഇരുട്ടിൽ ഒന്നും വ്യക്തമായിരുന്നില്ല. വിളക്കിന്റെ പ്രകാശത്തിൽനിന്നു രാത്രിയുടെ ഇരുട്ടിലേക്കു് എത്തിയ മാക്കോവിനു് ആ അന്ധകാരം കൂടുതൽ കട്ടികൂടിയതായിത്തോന്നി.

അടിവെച്ചടിവെച്ചു് അദ്ദേഹം കുതിരലായത്തിലെത്തി; കുതിരയെ ശാന്തമാക്കാൻ അതിനെ തലോടിയശേഷം ചെറിയ ജന്നൽവാതിലിന്റെ അഴിയിലൂടെ പുറത്തേക്കു നോക്കി. കണ്ണു് ഇരുട്ടുമായി പരിചയമായപ്പോൾ, അതോ ഭാവനയിലോ മനുഷ്യനെപ്പോലെ തോന്നുന്ന ഒരു നിശ്ചല സ്വരൂപം ജന്നൽവാതിലിന്റെ നേക്കു നിൽക്കുന്നതു് അദ്ദേഹം കണ്ടു.

നിലത്തിരുന്നു ലക്ഷ്യംനോക്കി തോക്കു ചൂണ്ടി ഉച്ചത്തിൽ അദ്ദേഹം ഗർജ്ജിച്ചു. "കൈ ഉയർത്തൂ."

കാഞ്ചിയിൽ കൈ വച്ചു ഒരു നിമിഷം അദ്ദേഹം കാത്തു.

"സഹോദരാ, മാക്കോ," ഒരു ശബ്ദം പിറുപിറുത്തു.

"ആരാത്?" ബൾഗേറിയൻഭാഷയിൽ അദ്ദേഹം വിളിച്ചുചോദിച്ചു.

"മാക്കോ, സഹോദരാ. ഭയപ്പെടരുത്, ഞാൻ നിങ്ങളുടെ സ്വന്തത്തിൽപ്പെട്ട ഒരാളാണ്." അപരിചിതൻ കിളിവാതലിൻെറ നേൎക്കടുത്തുവന്നു. മാക്കോ വ്യക്തമായി അയാളുടെ നിഴൽ കണ്ടു.

തോക്ക് താഴ്ത്തി സംശയത്തോടെ കൎക്കശസ്വരത്തിൽ മാക്കോ ചോദിച്ചു "നിങ്ങൾ ആരാണ്."

"വിധനിലെ ഡൈഡോക്രാലിച്ചിൻെറ മകൻ ഐവാൻ."

"ഞാൻ നിങ്ങളെ ഇവിടെ കണ്ടിട്ടില്ലല്ലോ, എന്തു ചെയ്യുകയാണ് ഇവിടെ."

"ഞാനെല്ലാം പറയാം." സ്വരം താഴ്ത്തി സന്ദൎശകൻ മറുപടി പറഞ്ഞു.

"എനിക്കു നിങ്ങളെ കാണാൻ സാധിക്കുന്നില്ല; നിങ്ങൾ എവിടെനിന്നു വരുന്നു."

"ഞാൻ പറയാം ബായ്മാക്കോ, ഞാൻ വളരെ ദൂരത്തുനിന്നാണ് വരുന്നത്.

"എവിടെ എത്ര ദൂരത്തുനിന്നു്."

"വളരെ വിദൂരത്തിൽനിന്നു് സഹോദര." സന്ദൎശകൻ വീണ്ടും സ്വരം താഴ്ത്തി പറഞ്ഞു.

"എവിടെനിന്നു്."

"ഡയർബക്കീറിൽനിന്നു്."

ആ വാക്കു് ഒരു മിന്നൽപോലെ അദ്ദേഹത്തിൽ സ്മരണകൾ വളൎത്തി. ഡയർബക്കീറിലേക്കു നാടുകടത്തപ്പെട്ട ഒരു മകൻ ഡൈഡോമാനോളിനു് ഉണ്ടെന്നു് അദ്ദേഹത്തിനു് ഓൎമ്മവന്നു. മാക്കോവായി കച്ചവടം ഏൎപ്പാടുണ്ടായിരു

ന്ന ഒരു പഴയ സ്നേഹിതനാണ് മാനോൾ. അദ്ദേഹം വളരെ നന്മകൾ മാക്കോവിനുവേണ്ടി ചെയ്തിട്ടുണ്ട്.

ലായത്തിൽനിന്നു പുറത്തുകടന്ന് ഇരുട്ടിൽ നില്ക്കുന്ന അതിഥിയെ കൈപിടിച്ചു ലായത്തിലൂടെ വക്കോൽപ്പുരയിലേക്കു നയിച്ചു.

"ഐവാൻച്ചോ ഇതു നീയാണോ, ഒരു കുട്ടിയായിരുന്ന നിന്നെ ഞാൻ ഓക്കുന്നുണ്ട്. ഇന്നു രാത്രി ഇവിടെ താമസിക്കൂ നാളെ എന്താണ് വേണ്ടതെന്ന് ആലോചിക്കാം." മാക്കോ പതിയെ പറഞ്ഞു.

"നന്ദി സഹോദര, എനിക്കു താങ്കളേയല്ലാതെ ഇവിടെ ആരേയും അറിയില്ല." ക്രാലിച്ച് പിറുപിറുത്തു.

"എന്നാൽ ശരി, നിൻെറ അച്ഛനു എന്നിലും വലുതായ ഒരു സ്നേഹിതനുണ്ടായിരുന്നില്ല. ഇവിടെ നീ നിൻെറ സ്വന്തം വീട്ടിലേപോലെയാണ്. ആകട്ടെ, ആരെങ്കിലും നിന്നെ കണ്ടുവോ."

"ഇല്ല. ഞാൻ അകത്തേക്കു വരുമ്പോൾ തെരുവിൽ ആരെങ്കിലും ഉണ്ടായിരുന്നതായി എനിക്കു തോന്നുന്നില്ല."

"നീ അകത്തേക്കു വററതെപ്പോഴാ? ഇങ്ങനെ മതിൽ കേറിമറിഞ്ഞിട്ടാണോ മകനേ, അകത്തേക്കു കടക്കുക? അതു കൊണ്ടു കുഴപ്പമൊന്നുമുണ്ടായിട്ടല്ല. ഡൈഡോമാനോളിൻെറ മകൻ എപ്പോഴും ഇവിടെ സ്വാഗതാർഹനായ അതിഥിയാണ്, പ്രത്യേകിച്ചും ഇത്ര ദൂരേനിന്നു വരുമ്പോൾ. നിനക്കു വിശക്കുന്നുണ്ടോ ഐവാൻച്ചോ."

"നന്ദി സഹോദരാ, തീരെ ഇല്ല."

"അതു പററില്ല; എന്തെങ്കിലും കഴിക്കണം. ഞാൻ പോയി വീട്ടുകാരെ ആശ്വസിപ്പിക്കട്ടെ. തിരികെ വന്നു നമുക്കു സംസാരിച്ചു കാര്യങ്ങൾ ഉറപ്പിക്കാം. ദൈവം നിന്നെ രക്ഷിക്കട്ടെ. ഞാനെന്താണ് ചെയ്യാൻ പുറപ്പെട്ടതു്." മാ

ക്കോ തൻെറ തോക്ക് അഴിച്ചുകൊണ്ടു പറഞ്ഞു.

"മാപ്പുതരു ചേട്ടാ, ഞാൻ വല്ലാത്ത വിഡ്ഢിത്തം കാണിച്ചു."

"ഞാൻ ഇതാ വന്നു. അതുവരെ കാത്തിരിക്കു." ലായത്തിൻെറ വാതിൽ ബന്ധിച്ച് അദ്ദേഹം പുറത്തേക്കുപോയി.

ഭാര്യയും മാതാവും ഭയംകൊണ്ട് ഏതാണ്ട് മോഹാലസ്യത്തിൻെറ വക്കിൽ എത്തിയതായി അദ്ദേഹം കണ്ടു. അദ്ദേഹത്തെ സുരക്ഷിതനായി കണ്ടപ്പോൾ, ഇനിയും പുറത്തേക്കു പോയെങ്കിലോ എന്നു ശങ്കിച്ച് കൈകളിൽ ബലമായി പിടിച്ചു. ശാന്തത നടിച്ചുകൊണ്ട് അദ്ദേഹം അവരെ കളിയാക്കി. പറമ്പിൽ യാതൊന്നും കണ്ടില്ല എന്നും, വല്ല പൂച്ചയോ നായയോ മതിലിന്മേൽനിന്ന് ഓട്ടു തട്ടിയിട്ടതു കേട്ടു വിഡ്ഢി പേന നിലവിളിച്ചതാണെന്നും അദ്ദേഹം അവരെ വിശ്വസിപ്പിച്ചു. ഭിത്തിയിൽ തറച്ചിരിക്കുന്ന ഉറകളിലേക്ക് തോക്കുകൾ തിരികെ വച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "വെറുതെ അയൽക്കാരെയെല്ലാം ഉണർത്തുക മാത്രമാണ് നാം ചെയ്തതു്."

കുടുംബം ശാന്തതയവലംബിച്ചു.

ഇവാനിസ്റ്റ വേലക്കാരിയെ വിളിച്ചു പറഞ്ഞു:

"നീ ഞങ്ങളെ വെറുതെ ഭയപ്പെടുത്തിയതിനു നീ കുരുടിയാകട്ടെ. കുട്ടികളെ വിളിച്ചുകൊണ്ടുപോയി ഉഴിഞ്ഞുകളയു." (പേടിക്കുള്ള നാടൻചികിത്സാസമ്പ്രദായത്തിലെ പററിയ മരുന്നാണതു്.)

തത്സമയം ഇടിവെട്ടുന്നപോലെ പുറത്തെ വാതിലിൽ മുട്ടുകൾ കേട്ടു. മാർക്കോ തൊടിയിലിറങ്ങി വിളിച്ചുചോദിച്ചു.

"ആരാണ് അവിടെ."

"വാതിൽ തുറക്കു ചോർബാഡ്ജി." ഉത്തരം തുർക്കിഭാഷയിലായിരുന്നു.

ഉൽകണ്ഠയോടെ മാർക്കോ തന്നോടുതന്നെ പറഞ്ഞു: 'ഓൺ ബാസി നമുക്കയാളെ വേറെ എവിടെയെങ്കിലും ഒളിപ്പിക്കണം.' മുട്ടലിൽ പിന്നീട്ട യാതൊരു ശ്രദ്ധയും പതിപ്പിക്കാതെ അദ്ദേഹം ലായത്തിലേക്ക് ഓടി.

"ഐവാൻച്ചോ." അദ്ദേഹം സൗമ്യമായി വിളിച്ചു. ഉത്തരമില്ല.

അയാളുറങ്ങിയെന്നുതോന്നുന്നു "ഐവാൻച്ചോ." കുറച്ചുകൂടി ഉച്ചത്തിൽ മാർക്കോ വിളിച്ചു.

പിന്നേയും ആരും മറുപടി പറഞ്ഞില്ല,

"സാധുകുട്ടി അയാൾ ഓടിപ്പോയിരിക്കും." ലായത്തിന്റെ വാതിൽ മലക്കെ തുറന്നുകിടക്കുന്നതു് അപ്പോൾ മാത്രം സ്വന്തം ദൃഷ്ടിയിൽപ്പെട്ട മാർക്കോ പറഞ്ഞു. ഉൽകണ്ഠയോടെ അദ്ദേഹം കൂട്ടിച്ചേർത്തു "ആ സാധുകുട്ടിക്ക് ഇപ്പോൾ എന്തു സംഭവിക്കുമോ ആവോ."

വിളികേട്ടെങ്കിലോ എന്നു വിചാരിച്ച് ഒന്നോരണ്ടോ പ്രാവശ്യംകൂടി അദ്ദേഹം വിളിച്ചു. പക്ഷേ മറുപടി ഉണ്ടായില്ല. മാർക്കോ പടിവാതിൽക്കലേക്കുതിരിഞ്ഞു. അതിനെ തകർത്തുകളയാനെന്നപോലെ വാതലിൽ മുട്ടുകൾ ആഞ്ഞാഞ്ഞു പതിക്കുന്നുണ്ടായിരുന്നു.

## അദ്ധ്യായം 2

# കൊട്ടക്കാററ്

പുറത്തുനിന്നുള്ള ആദ്യത്തെ തട്ട കേട്ട്, എന്താണതു് എന്നു് ഓക്കുകയോ അറിയുകയോ ചെയ്യാതെ ഐവാൻ ക്രാലിച്ചു് മതിൽചാടി നിരത്തിൽ എത്തിക്കഴിഞ്ഞു. ചില നിമിഷനേരത്തേക്കു് അയാൾ ആകെ തരിച്ചുനിന്നു, പിന്നീടു ശ്രദ്ധിച്ചു ചുററും നോക്കി; കട്ടിപിടിച്ച ഇരുട്ടല്ലാതെ യാതൊന്നും ദൃശ്യമായില്ല. കറുത്ത മേഘപാളികൾ ആകാശമാകെ മൂടിയിരുന്നു, വിവിക്തമായ വീഥികളിലൂടെ സായാഹ്നസമീരണൻ മരവിപ്പിക്കുന്ന ഒരു തണുപ്പൻകാററായിമാറി ചീറിയടിച്ചുകൊണ്ടിരുന്നു. ആദ്യം കണ്ട തെരുവിലൂടെ അയാൾ ധൃതിപിടിച്ചുനടന്നു, മതിലുകളിന്മേൽ പിടിച്ചു കൈത്തോട്ടകളിൽ തട്ടിമുട്ടി ആ യാത്ര തുടന്നു. ജന്നലുകളും വാതിലുകളും പടികളും എല്ലാം അടക്കപ്പെട്ടിരുന്നു; തികഞ്ഞ നിശ്ശബ്ദത. വെളിച്ചത്തിൻെറ നേരിയ രശ്മിയോ ജീവൻെറ ഒരു സ്ഫുലിംഗമോ അവിടെയെങ്ങുമുണ്ടായിരുന്നില്ല. പാതിരക്കു മുമ്പുള്ള സാധാരണ ഉൾനാടൻഗ്രാമങ്ങളേപോലെ ഇതും നിശ്ചലമായിരുന്നു. നഗരത്തിൻെറ അതിത്തിയിലെത്താമെന്ന ആശയോടെ ഒരുപാട്ടനേരം അയാളവിടെ അലഞ്ഞുതിരിഞ്ഞുനടന്നു. പെട്ടെന്നു് അയാൾ ഞെട്ടി തരിച്ചു വഴിയിലുള്ള ഒരു വീടിൻെറ വീതിയേറിയ ഓരംപററി അനങ്ങാതെനിന്നു. ഒരുകൂട്ടം കറുത്തരൂപങ്ങൾ അയാളുടെ കൺകളിൽ പെട്ടു. വളരെ സൂക്ഷിച്ചു താൻ നിന്നിരുന്ന ഗേററിലേക്കു് അയാൾ ഒന്നു ചാരി. ഒരു മുരളിച്ചയും, അതിനേ

തുടന്നുള്ള ഭീകരമായ കുരയും അയാളെ ചാടിച്ചു, പടിവാതലിൻെറ അടിയിൽ ഉറങ്ങുകയായിരുന്ന നായയെ അയാൾ ഉണത്തിക്കഴിഞ്ഞു. അതിൻെറ ചലനവും കുരയും അയാളെ ചതിച്ചു. രാത്രികാവൽക്കാർ അനങ്ങി, ആയുധങ്ങൾ കിലുങ്ങി, 'നിൽക്കവിടെ,' തുക്കിഭാഷയിലുള്ള ആ ആജ്ഞ മുഴങ്ങി. ഒഴിച്ചുകൂടാൻവയ്യാത്ത അപകടഘട്ടങ്ങളിൽ ഒരുവൻെറ സാധാരണ വിവേകംപോലും അവനെ ഉപേക്ഷിക്കുന്നു. സ്വന്തം ജീവനെ രക്ഷിക്കുവാനുള്ള ഒരു അന്ധമായ വാസന മാത്രമാണു് അവൻെറ മാനസികവ്യാപാരങ്ങളെ നയിക്കുക. ക്രാലിച്ചിനു തിരിഞ്ഞുനിന്നാൽ മതിയായിരുന്നു; എന്നാൽ ആ അന്ധകാരം അയാൾക്കും കാവൽക്കാക്കും മദ്ധ്യേ പിളക്കാൻ സാധിക്കാത്ത യവനിക വീഴ്ത്തുമായിരുന്നു. അയാൾ മുന്നോട്ടു പാഞ്ഞു. ഒരു കൊടുങ്കാററുപോലെ കാവൽക്കാരുടെ നിര ഭേദിച്ചു നേരെ മുന്നിലേക്കോടി. കാവൽക്കാർ അയാളുടെ പിന്നാലെ ഓടി. നിശയുടെ നിശ്ശബ്ദതയിൽ അവരുടെ അട്ടഹാസങ്ങളും കാലടിശബ്ദവും ആ നിരത്തിൽ അലയടിച്ചു. കണ്ണുഭേദിയായ ആ ശബ്ദകോലാഹലങ്ങൾക്കിടയിൽ ബൾഗേരിയൻപോലീസുകാരൻ സ്വഭാഷയിൽ വിളിച്ചുപറഞ്ഞു "ഹേ മനുഷ്യാ നിന്നോളൂ, അല്ലെങ്കിൽ ഞങ്ങൾ വെടിവെയ്ക്കും." ക്രാലിച്ച് പിന്തിരിഞ്ഞുനോക്കാതെ ഓടി. പിന്നിൽ തോക്കുകൾ തെരുതെരെ തീയുണ്ടകൾവഷിച്ചു. പക്ഷേ എല്ലാംഎല്ലാം ഇരുട്ടിൽ ലക്ഷ്യംതെററി. ഇരുട്ട് അയാളെ രക്ഷപ്പെടുത്തി. ഉദ്ദേശിച്ചതത്ര അയാൾ മുന്നേറുന്നുണ്ടായിരുന്നില്ല, കാരണം ആരോ തൻെറ കയ്യിൽ കയറി പിടിക്കുന്നതായി അയാൾക്കു തോന്നി. തൻെറ കോട്ട് ഊരി അനുയായിയുടെ കയ്യിൽ പടിപ്പിച്ച് അയാൾ കുതറിഓടി. വീണ്ടും പിന്നിൽ രണ്ടു വെടികൂടി പൊട്ടി. എവിടേക്കാണു് എന്നറിയാതെ ക്രാലിച്ചു് വീണ്ടും മുന്നോട്ടു് ഓടി, അയാൾക്കു ശ്വാസം കിട്ടാതായി. ക്ഷീണം

കൊണ്ടു കാലുകൾ തെന്നിക്കൊണ്ടിരുന്നു. ഓരോ അടി വെയ്ക്കുമ്പോഴും അയാൾക്കു തോന്നി, താനിവിടെ തകൎന്നുവീണു പോകുമെന്നു്. അപ്രതീക്ഷിതമായി ഒരിടിമിന്നൽ ആ ഇരുളിനെ തുളച്ചുകീറി. ക്രാലിച്ച് ഗ്രാമപ്രദേശത്തിൽ എത്തിയിരുന്നു. ആരും അയാളെ പിന്തുടൎന്നിരുന്നില്ല. അവിടെ കണ്ട ഒരു വാൽനട്ട്മരത്തിനടിയിൽ ശ്വസിക്കാൻവേണ്ടി വിവശനായി അയാൾ കുഴഞ്ഞുവീണു. പുതിയ ഒരു മലയമാരുതൻ ആഞ്ഞുവീശുന്നുണ്ടായിരുന്നു. ഇലകളുടെ മൎമ്മരശബ്ദങ്ങൾ, വിദൂരത്തിൽനിന്നുള്ള ഇടിമുഴക്കങ്ങൾ, അലറുന്ന കാററു് ഇതെല്ലാം ഒത്തുചേൎന്നു. ഇടിനാദം പേടിപ്പിക്കുംപോലെ അടുത്തടുത്തു മുഴങ്ങി. പെട്ടെന്നു് അതു് ആ അഭയാൎത്ഥിയുടെ തലയ്ക്കുമീതെ ഒന്നു വെട്ടിത്തിളങ്ങി അനന്തതയിൽ ലയിച്ചു.

പുതിയ കുളിർകാററും വിശ്രമവും ക്രാലിച്ചിനു ശക്തി തിരികെ കൊടുത്തു. മഴ പെയ്യുവാൻപോകയാണെന്നു മനസ്സിലാക്കിയ അയാൾ ഒരു രക്ഷാസങ്കേതംതേടി വീണ്ടും യാത്ര തുടൎന്നു. മുന്നിലുള്ള മരങ്ങൾ ഉലഞ്ഞാടി, പൊക്കംകൂടിയ മരങ്ങൾ കാററിനുമുമ്പിൽ തലകുനിച്ചു, കുററിച്ചെടികളും പുല്ലുകളും ചൂളംവിളിച്ചു, പ്രകൃതിതന്നെ ഉഷാറായിനിന്നു് അലറുകയാണോ എന്നു തോന്നും. ഭൂമിയിൽ വെടിയുണ്ടകൾകണക്കെ വലിയ മഴത്തുള്ളികൾ വന്നുവീണു. മലയോരങ്ങളിൽ വീണ്ടും മിന്നൽ തെളിഞ്ഞു. അതിനേത്തുടൎന്നു് ആകാശം പൊട്ടിത്തെറിക്കുമാറു് ഇടിമുഴങ്ങി. മഴ ഭയങ്കരമായി കോരിച്ചൊരിയാൻതുടങ്ങിയതോടെ കാററു് ചീറിയടിച്ചു. ഇടിമിന്നൽ മേഘങ്ങളേയും ഇരുളിനേയും തുളച്ചുകൊണ്ടു തിളങ്ങി, അതിൻെറനീലവെളിച്ചം മരങ്ങൾക്കും മലയ്ക്കും ഒരു വിചിത്രരൂപം നൽകി. കണ്ണഞ്ചിപ്പിക്കുന്ന പ്രകാശധാരയും അതിനെത്തുടൎന്നുള്ള ഇടരുൾ ഇതെല്ലാം അപരിചിതവും, ഭയപ്പെടുത്തുന്നതുമായ ഒരു പ്രതീതി ജനിപ്പിച്ചു.

പഞ്ചഭൂതങ്ങളുടെ ഈ സമരത്തിന്ന്, ചക്രവാളങ്ങളുടെ ഈ ഉരസലിന്നു പൈശാചികമായ ഒരു സൗന്ദര്യമുണ്ടായിരുന്നു. പാതാളത്തിൽപോലും എത്തുന്ന ഈ ദീപക്കാഴ്ചയിൽ സീമയില്ലാത്ത മാത്സരശക്തികളുടെ ഈ യോജിക്കലിൽ അഭൗമമായ ഒരു രാക്ഷസീയചൈതന്യമുണ്ടായിരുന്നു. കവിതയുടെ ഉന്നതമേഖലയിലേക്കുയരുകയാണ് ഒരു കൊടുങ്കാററുകൊണ്ടു പ്രകൃതീദേവി സാധിക്കുന്നതു്.

ഉടലെല്ലാം നനഞ്ഞു്, ഇടിമിന്നൽപ്രസരത്താൽ കാഴ്ച നശിച്ചു്, ഇടിനാദത്താൽ ചെകിടടഞ്ഞു ക്രാലിച്ചു് കുററിക്കാടുകളിലും മരങ്ങളിലും തോട്ടങ്ങളിലും തട്ടിത്തടഞ്ഞു നടന്നു. ഒരു ദിക്കിലും ഒരു രക്ഷാകേന്ദ്രം കിട്ടിയില്ല. വളരെ ഉയരത്തിൽനിന്നുള്ള വെള്ളച്ചാട്ടത്തിൻെറ നിർഘോഷം മററുള്ള ശബ്ദപ്രപഞ്ചത്തെ അതിജീവിച്ചുകൊണ്ടു് അയാളുടെ കാതിലെത്തി. അതൊരു മിൽപ്രദേശമായിരുന്നു. ഒരു മിന്നലിൻെറ സഹായത്തോടെ, 'വില്ലോ'മരങ്ങളെ മുട്ടിയുരുമ്മിക്കൊണ്ടു നില്ക്കുന്ന മില്ലിൻെറ മേൽപ്പുര അയാൾ കണ്ടുപിടിച്ചു. ക്രാലിച്ചു് ഓടി അതിൻെറ ഓരത്തിനടിയിൽ ചെന്നുനിന്നു. വാതിൽ ഒന്നു പതുക്കെ തള്ളിയപ്പോൾ അതു തുറന്നു. അയാൾ അകത്തുകടന്നു. മില്ലു് ഇരുളടഞ്ഞതും നിശ്ശബ്ദവുമായിരുന്നു. പുറത്തു കൊടുങ്കാററു് ശാന്തമാവുകയാണു്, മഴയും കൊടുങ്കാററും ഒരുമിച്ചു ശമിച്ചു. ചിന്നിച്ചിതറിയ മേഘപാളികളുടെ വക്കിൽ ചന്ദ്രൻ ഉദിച്ചു, ആകാശം തെളിഞ്ഞു. അന്തരീക്ഷത്തിൻെറ പൊടുന്നനേയുള്ള ഈ വ്യതിയാനങ്ങൾ മേമാസത്തിൻെറ മാത്രം ഒരു പ്രത്യേകതയാണു്.

പുറത്തു ആരുടേയോ കാലൊച്ചകേട്ട ക്രാലിച്ചു് ധാന്യം സൂക്ഷിക്കുന്ന പെട്ടിയുടേയും ചുമരിൻേറയും ഇടയ്ക്കുള്ള കുറച്ചു സ്ഥലത്തു് ഒതുങ്ങി ഒളിച്ചുനിന്നു.

"നോക്കു, ആ കാററു് ഈ വാതിൽ തുറന്നിട്ടിരിക്കുന്നു."

ആ ഇരുട്ടിൽ ഒരു പരുക്കൻസ്വരമുയൎന്നു. ഒരു നിമിഷം കഴിഞ്ഞു് ഒരു വിളക്കു കത്തിക്കപ്പെട്ടു.

തൻെറ ഒളിവുസ്ഥലത്തുനിന്നു് നോക്കിയപ്പോൾ ക്രാലിച്ചു കണ്ടതു് ഉയൎന്നു, ചടച്ച, കഷ്ടകനായ ആ മില്ലുടമയെ ആയിരുന്നു. അയാളുടെ അടുത്തുതന്നെ ചുകന്ന ചെറിയ ഉടുപ്പുധരിച്ച നഗ്നപാദയായ ഒരു ബാലിക നിന്നിരുന്നു——ഒരു പക്ഷേ അയാളുടെ മകളായിരിക്കാം. അവൾ വാതിലടച്ചു പൂട്ടുകയായിരുന്നു. ഏറിയാൽ ഒരു പതിമൂന്നോ പതിന്നാലോ വയസ്സു പ്രായമാവും ആ കുട്ടിക്കു്. എങ്കിലും കുട്ടിക്കളി വിട്ടിരുന്നില്ല. ഇടതൂൎന്ന പുരികക്കൊടികളോടുകൂടിയ കറുത്തു വിടൎന്ന കണ്ണുകളിൽ, സൗഹൃദമനോഭാവം നിഴലിച്ചിരുന്നു. അശ്രദ്ധമായ വസ്ത്രധാരണത്തിനിടയിലൂടെ തെളിഞ്ഞുകണ്ട അംഗസൗഷ്ഠവം ഭാവിയിൽ അവളൊരു സുന്ദരിയാകുമെന്നതിൻെറ സൂചനയായിരുന്നു. അവക്കൊട്ടും നനവുപററിയിരുന്നില്ല. അവർ അടുത്ത മില്ലിൽനിന്നു വന്നവരായിരിക്കണം.

മില്ലർ തുടൎന്നു "നമ്മൾ ചക്രം നിറുത്തിയതു നന്നായി. അല്ലെങ്കിൽ ഈ കാററു് അതിനെ ഒടിച്ചുകളയുമായിരുന്നു. വയസ്സൻ സ്റ്റാൻബോവിൻെറ വൎത്തമാനത്തിന്നൊരു അന്ത്യവുമില്ല. ആരും കയറിവന്നു് ഒന്നും അപഹരിക്കാഞ്ഞതു് ഭാഗ്യം. മരിക്കാ, മകളുറങ്ങിക്കോ. എന്തു വിചാരിച്ചാണു് നിൻെറ അമ്മ നിന്നെ ഇങ്ങോട്ടു് അയച്ചതു്. എൻെറ കഷ്ടപ്പാടു് അധികമാക്കാൻതന്നെ." ഒരു ഫണലിൻെറ വിട്ടുപോന്നിരുന്ന ഒരു ബോർഡു് ആണിയടിച്ചു് ഉറപ്പിക്കുന്നതിനിടയിൽ അയാൾ ഒരു മൂളിപ്പാട്ടു പാടുന്നുണ്ടായിരുന്നു.

മരിക്ക അധികം താമസിയാതെ മില്ലിൻെറ ഒരററത്തുപോയി, തനിക്കും പിതാവിനും ഓരോ പരവതാനി വിരിച്ചു, പ്രാൎത്ഥന വളരെയെല്ലാം കഴിച്ചശേഷം, ചെമ്മരിയാടിൻെറ

രോമംകൊണ്ടുണ്ടാക്കിയ വിരിപ്പിൽ പോയി കിടന്നു. ആവലാതിയില്ലാത്ത ഒരാത്മാവിന്നു സാധാരണയായുള്ളപോലെ പെട്ടെന്നവൾ നിദ്രപ്രാപിച്ചു.

തികഞ്ഞ ജിജ്ഞാസയോടെ ക്രാലിച്ച് ഈ ലളിതമായ രംഗം നോക്കി കാണുന്നുണ്ടായിരുന്നു. മില്ലരുടെ പരുക്കനെങ്കിലും സൽസ്വഭാവം ദ്യോതിപ്പിക്കുന്ന മുഖഭാവം അയാളിൽ വിശ്വാസം വളർത്തി. സത്യസന്ധമായ ആ മുഖത്തിന്റെ ഉടമക്കു ചതി മുററിയ ഒരു ഹൃദയം ഒളിച്ചുവെയ്ക്കുവാൻ സാദ്ധ്യമല്ല. പുറത്തുവന്നു സഹായവും ഉപദേശവും തേടാൻതന്നെ അയാൾ തീർച്ചയാക്കി. പക്ഷേ പൊടുന്നനെ മില്ലർ മൂളിപ്പാട്ടു നിറുത്തി. എഴുന്നേററുനിന്നു് പുറത്തുനിന്നു വന്ന എന്തോ ശബ്ദം ശ്രദ്ധിച്ചു. പുറത്തെ വാതലിൽ വലിയ മുട്ടുകൾ കേട്ടുതുടങ്ങി.

"മില്ലർ, വാതിൽ തുറക്കൂ" പുറത്തുനിന്നുവന്ന ശബ്ദം തുർക്കിഭാഷയിലായിരുന്നു.

അയാൾ വാതിൽക്കലേക്കുപോയി, വാതിൽപ്പഴുതിലൂടെ നോക്കി. തിരിഞ്ഞപ്പോൾ ആ മുഖത്തു് ഒരു ചാരനിറം പരന്നിരുന്നു.

വാതിൽക്കൽ ചവിട്ടുകേട്ടു, ഒരു പുതിയ ആക്രോശവും; തുടന്നു് ഒരു നായയുടെ കുരയും മുഴങ്ങി.

ആ കുര നായാട്ടുനായയുടേതെന്നു തിരിച്ചറിഞ്ഞ മില്ലർ പറഞ്ഞു: "നായാട്ടുകാർ! ഈ ചെകുത്താന്മാക്കു് ഇവിടെ എന്താണു വേണ്ടതു്. ഇതു് എംകീസിസ് ഫയൽമാനാണു്."

രാവും പകലും ദ്രോഹം ചെയ്യുന്നവരിൽ അഗ്രഗണ്യനായിരുന്നു എംകീസിസ് ഫയൽമാൻ. ഗ്രാമം മുഴവൻ അവന്റെ പേരു കേട്ടാൽ ഞെട്ടിവിറക്കും. രണ്ടാഴ്ചമുമ്പാണു് 'ഐവനോവു്'ഗ്രാമത്തിലെ 'ഗാഞ്ചോഡാലിയ'യുടെ കുടുംബം മുഴവൻ അവൻ അരിഞ്ഞുകളഞ്ഞതു്. ഒരു ദിവസം മുന്നു പട്ടണത്തിലേക്കു് ഒരു വണ്ടിയിൽ കയററിക്കൊണ്ടുവ

ന്നിരുന്ന ഒരു കുട്ടിയുടെ തല വെട്ടിയതു് ഇവനാണെന്നു വിശ്വാസയോഗ്യമായ കിംവദന്തി പരന്നിരുന്നു.

മുട്ടുകൾ ഏററു് ആ വാതിൽ വിറച്ചുകൊണ്ടിരുന്നു. കൈകളിൽ ശിരസ്സുമേന്തി എന്തു ചെയ്യണമെന്നു് അയാൾ ആലോചിച്ചുനിന്നു. നെററിയിൽ വലിയവലിയ വിയർപ്പുതുള്ളികൾ പൊടിഞ്ഞു. പൊടിപിടിച്ച ഷെൽഫിൻെറ അടിയിൽനിന്നു് ഒരു മഴു വലിച്ചെടുത്തു് അയാൾ ഞെരങ്ങിക്കൊണ്ടിരുന്ന വാതിലിന്നരികെ തയാറായിനിന്നു. പക്ഷേ മകളെ ഒന്നു നോക്കിയപ്പോൾ പെട്ടന്നെടുത്ത ആ തീരുമാനം ശിഥിലമായി. നിരാശ്രയതയും വേദനയും ആവലാതിയും ആ മുഖത്തു് തെളിഞ്ഞു. കുപിതമായ മനസ്സാക്ഷിയെ പിതൃവാത്സല്യം കീഴടക്കി. "കുനിഞ്ഞ തലയിൽ വാൾ പതിക്കില്ല" എന്ന ബൾഗേറിയൻപഴമൊഴി അയാൾ ഓർത്തു. എതിരിടുന്നതിനുപകരം നിരാലംബക്കുവേണ്ടി കരുണ യാചിക്കുവാൻതന്നെ അയാൾ തീർച്ചയാക്കി. ക്രാലിച്ചു് ഒളിച്ചുനിന്നിരുന്നഭാഗത്തേക്കു് മഴു നീക്കിവച്ചു, മരിക്കയെ നല്ലപോലെ മൂടിപ്പുതപ്പിച്ചു് അയാൾ വാതിൽ തുറന്നു.

ഉമ്മറത്തു് ആയുധധാരികളായ രണ്ടുതുർക്കികൾ നിന്നിരുന്നു. അവർ ചുമലിൽ ഓരോ തോക്കു ധരിച്ചിരുന്നു. അവരിലൊരുത്തനു ചങ്ങലയിട്ട ഒരു നായ ഉണ്ടായിരുന്നു. അതിലൊരുവൻ, രക്തദാഹിയായ എംകീസിസ് ഫയൽമാൻ, അകത്തേക്കു സൂക്ഷിച്ചുനോക്കിക്കൊണ്ടു കടന്നു. അയാളുടെ ചുമലുകൾ ഉരുണ്ടതും, ശരീരം വിളർത്തതും പൊക്കം കൂടിയതുമായിരുന്നു; താടി വളർത്തിയിരുന്നില്ല. പേരും പ്രവൃത്തികളുംപോലെ ഭയങ്കരമായിരുന്നില്ല മുഖഭാവം. അയാളുടെ വിദ്വേഷവിഷം വഹിക്കുന്ന നിറമില്ലാത്ത ആ ചെറിയ ചാരക്കണ്ണുകൾ കുരങ്ങൻേറതുപോലെ ചലിച്ചുകൊണ്ടിരുന്നു. മുടന്തനായ അയാളുടെ സ്നേഹിതൻ തടിയനും മൃഗത്തിൻെറ മുഖസാദൃശ്യമുള്ളവനും ആയിരുന്നു. ഒരു

വന്യമൃഗത്തിന്റെ വാസനയും ക്രൂരതയും ആ മുഖത്തു നിഴലി ച്ചിരുന്നു. നായയോടൊപ്പം അകത്തുകടന്ന ഉടനെ അയാൾ വാതിലടച്ചു.

രണ്ടുപേരും നനഞ്ഞുകുതിന്ന ഉടുപ്പുകൾ മാററുന്നതിന്നി ടയിൽ എംകീസിസ് ദ്വേഷ്യത്തോടെ മില്ലറെ നോക്കി അലറി.

"നീ എന്തുകൊണ്ടു നേരത്തെ വാതിൽ തുറന്നില്ല."

നിലംവരെ താഴ്ന്നു കുമ്പിട്ടുകൊണ്ടു മില്ലർ എന്തോ പരിഭ്രാന്തിയോടെ സമാധാനമായി വിക്കി. പക്ഷേ അ തോടെ മരിക്ക ഉറങ്ങിക്കിടക്കുന്ന ദിക്കിലേക്കു് ആ പിതാ വ് വ്യഥയോടെ നോക്കി.

എംകീസിസ് ചുററും നോക്കിക്കൊണ്ടു ചോദിച്ചു "നീ തനിയേയാണോ ഇവിടെ."

"തന്നെയാണ്." മില്ലർ പെട്ടെന്ന് ഉത്തരം പറഞ്ഞു. പക്ഷേ നുണ തീരെ നിഷ്ഫലമാണെന്നു മനസ്സിലാക്കിക്കൊ ണ്ടയാൾ തിരുത്തി "എന്റെ കുട്ടി അവിടെ കിടന്നുറങ്ങു ന്നുണ്ട്."

പെട്ടെന്നു മരിക്ക ഉറക്കത്തിൽ തന്റെ പുതപ്പു മാ ററി അവക്കഭിമുഖമായി തിരിഞ്ഞുകിടന്നു. വിളക്കിന്റെ നേരിയ പ്രകാശം അവളുടെ വെളുത്ത കഴുത്തിൽ തട്ടി. തുക്കികളുടെ ആർത്തിനിറഞ്ഞ കണ്ണുകൾ ആ ബാലികയിൽ പതിഞ്ഞു. എംകീസിസ് സൗമനസ്യം നടിച്ചുകൊണ്ടു പറഞ്ഞു.

"ചോർബാഡ്ജി, ഒരു ഉശിരൊക്കെ കാണിക്കു. ഇതാ അവിടെപ്പോയി ഞങ്ങൾക്കു് ഒരു കുപ്പി 'റാഖിയ' വാങ്ങി ക്കൊണ്ടുവരു."

"ഫയൽമാൻ ആഗ, നേരം പാതിരകഴിഞ്ഞു. നഗര ത്തിലെ എല്ലാ മദ്യഷാപ്പുകളും ഇപ്പോൾ പൂട്ടിയിട്ടുണ്ടാവും."

മരിക്കയെ ഇക്കൂട്ടരുടെ അടുക്കൽ തനിയെ വിട്ടിട്ടുപോകാനു ള്ള വിചാരത്താൽ വിറപൂണ്ടു് അയാൾ വിനയപൂവ്വം അ റിയിച്ചു.

മുടന്തൻ ആക്രോശിച്ചു.

"പോകെടോ, ഞങ്ങളുടെ ബഹുമതിക്കുവേണ്ടി എവി ടെയെങ്കിലും ഒരു പീടിക തുറന്നുവെച്ചിട്ടുണ്ടാകും. ഞങ്ങ ളെ നീ ഇവിടെവെച്ചു സൽക്കരിക്കണം, അങ്ങിനെയാണു് സ്നേഹിതന്മാരെ സമ്പാദിക്കുക.

തൻെറ വിജയത്തെ സുനിശ്ചിതമാക്കിക്കൊണ്ടു മുട ന്തൻ ഒരു പുച്ഛത്തോടെയാണീവാക്കുകൾ പറഞ്ഞതു്. ത ൻെറ നീചനീചമായ ഉദ്ദേശം ആ നിർഭാഗ്യവാനായ പിതാ വിൽനിന്നു് ഒളിക്കുവാൻ അവൻ ഒട്ടും ആഗ്രഹിച്ചതുമില്ല.

ഒട്ടും ശ്രദ്ധിക്കാതെ മാദകമായി നിവൎന്നുകിടക്കുന്ന ആ പെൺകുട്ടിയുടെ മേനിയിൽത്തന്നെ തറച്ചിരിക്കയായിരുന്നു എംകീസിസിൻെറ കണ്ണുകൾ. മില്ലർ വീണ്ടും അവിടെ ത്തന്നെ നില്ക്കയാണെന്നു മനസ്സിലാക്കിയപ്പോൾ അയാൾ ഒ ന്നു ചിറി; പക്ഷേ പുറമെ അയാൾ ഭവ്യതനടിച്ചു.

"ചോർബാഡ്ജി, നിങ്ങളൊരു ഭാഗ്യവാനാണു്. അ തിഥികളെ സ്വീകരിക്കുവാൻ നിങ്ങൾക്കു സുന്ദരിയായ ഒരു മകളുണ്ടല്ലൊ. വരു, റാഖിയ വാങ്ങിക്കൊണ്ടുവരു. ഞങ്ങൾ ഈ മിൽ നോക്കിക്കോളാം." പിന്നീടു് ഭയപ്പെടുത്തുവാനെ ന്നപോലെ അയാൾ തുടൎന്നു "നിങ്ങൾക്കറിയില്ലെ എംകീ സിസ് ഫയൽമാൻ ആരാണു് എന്നു്."

ഈ ചതിക്കു പിന്നിൽ ഒളിച്ചിരിക്കുന്ന അതിനീചമാ യ ഉദ്ദേശം അയാൾക്കു തികച്ചും മനസ്സിലായി. അയാളുടെ സത്യസന്ധമായ ശുദ്ധഹൃദയത്തിൽ വിദ്വേഷം ആളിക്ക ത്തി. പക്ഷേ അയാൾ കെണിയിൽപ്പെട്ടുകഴിഞ്ഞു. ആയു ധധാരികളായ രണ്ടു തെമ്മാടികളുടെ മുമ്പിൽ അയാൾ ഏക

നാണ്. അവരോട്ട് എതിൎത്തുനില്ക്കുക എന്നതു വെറും ഭ്രാന്തു മാത്രമാണ്. അതുകൊണ്ടു യാതൊരു കാൎയ്യവും സാധിക്കാൻ പോകുന്നില്ല. മരണം, അതിനെക്കുറിച്ചയാൾക്ക് ഒരു വില യുമില്ല, പക്ഷേ അതുകൊണ്ട് അയാൾക്കു മകളെ രക്ഷിക്കാൻ കഴിയില്ല. ശത്രുക്കളുടെ ഹൃദയം അലിയിക്കുവാൻ അയാൾ യാചനാസ്വരത്തിൽ പറഞ്ഞു.

"യജമാനനെ, ഈ രോഗിയായ എന്നോടു ദയകാണി ക്കുക. ഞാൻ വയസ്സനായി. പകലത്തെ ജോലികൊണ്ട് ആ കെ തളൎന്നിരിക്കയാണ്. ദയവുചെയ്ത് എന്നെ ഉറങ്ങാനനു വദിക്കു, എന്നെ അപമാനിക്കല്ലെ."

പക്ഷേ കല്ലലിയിക്കുന്ന ഈ യാചന ചെന്നു പററിയ തു് അടഞ്ഞ ചെകിട്ടിലായിരുന്നു. മുടന്തൻ മുരണ്ടു.

"വരു, വരു മാന്യൻ. ഞങ്ങൾക്കു ദാഹിക്കുന്നു. നി ങ്ങൾ ഈ മില്ലിൽ ജീവിക്കുന്നതുകൊണ്ടാണെന്നുതോന്നുന്നു വല്ലാത്ത വൎത്തമാനക്കാരനാണ്. അല്ലേ; ആകട്ടെ പോയി ബ്രാണ്ടികൊണ്ടുവരു." അയാൾ മില്ലറെ വാതിൽക്കലേക്കു തള്ളി.

"ഞാനീ അസമയത്തു് ഈ മില്ലുവിടാൻപോകുന്നില്ല, ഞാനിവിടെ നില്ക്കട്ടെ." മില്ലർ പറഞ്ഞു. സൗമനസ്യത്തി ൻെറ യവനിക തുക്കികൾ എടുത്തുമാററി. രാക്ഷസീയമായ നോട്ടങ്ങൾ ആ വൃദ്ധനിൽ ചെന്നു തറച്ചു.

"ഹായ് തെണ്ടി, കള്ളൻ പല്ലുകാണിക്കുന്നുവോ, നീ ഇതു കണ്ടോ." എംകിസിസ് ഫയൽമൻ തൻെറ 'യാറാ ഗാൻ' എടുത്തുകാണിച്ചു. അയാളുടെ കണ്ണുകൾ രക്തവ ൎണ്ണംപൂണ്ടു.

"എന്നെ വേണമെങ്കിൽ കൊന്നോളു. പക്ഷേ ഞാൻ എൻെറ മകളെ തനിയെ വിട്ടു പോകില്ല." മില്ലർ വിനയ പൂൎവ്വം ഉറപ്പിച്ചുപറഞ്ഞു.

"ടോപാൽഹസ്സൻ, ഈ നായയെ പുറത്തുതള്ളു. അല്ലെങ്കിൽ ഞാൻ എൻെറ കത്തി ചീത്തയാക്കും,"

മുടന്തൻ മില്ലറുടെ നേർക്ക് ചാടി അയാളെ ആ വാതിലിനു മുമ്പിൽ ഉരുട്ടിയിട്ടു. പിന്നെ അയാളെ ചവുട്ടി പുറത്താക്കാനുള്ള ശ്രമമായി. മില്ലർ എണീറ്റുനിന്നു കരഞ്ഞുകൊണ്ടു് അകത്തേക്കു് ഓടി.

"ദയ, ദയ."

ഈ ശബ്ദം കേട്ടു് ഉണർന്ന മരിക പരിഭ്രാന്തയായി എഴുന്നേററു. ഉറയൂരിയ കത്തിയുമായി നില്ക്കുന്ന എംകീസിസിനെ കണ്ടപ്പോൾ അവൾ ഉറക്കെ നിലവിളിച്ചുകൊണ്ടു പിതാവിൻെറ സമീപത്തേക്കു് ഓടി.

"കരുണ, ദയവുകാണിക്കു യജമാനനെ." മകളുടെ തല തൻെറ നെഞ്ചോടുചേർത്തു് അമർത്തിപ്പിടിച്ചു് ആ നിർഭാഗ്യവാനായ പിതാവു കരഞ്ഞപേക്ഷിച്ചു.

എംകീസിസിൻെറ ഒരു ആംഗ്യം കണ്ടമാത്രയിൽ ബലവാനായ ടോപാൽഹസ്സൻ ഒരു നരിയെപ്പോലെ മില്ലറുടെ പിന്നിലേക്കു ചാടി അയാളുടെ കൈകൾ പിടിച്ചു തിരിച്ചു.

"അതു ശരി, ടോപാൽ ഹസ്സൻ, ആ മുതുക്കനായ മില്ലെലിയെ നമുക്കു കെട്ടിയിടാം; അവിടെനിന്നു്, അയാളീ കാഴ്ച കാണട്ടെ. അതാണു് അയാൾക്കു് ആവശ്യമെന്നുതോന്നുന്നു. അതാണു് ആ കഴുത അർഹിക്കുന്നതും. നമ്മൾ ഈ മില്ലിനു തീ വെക്കുമ്പോൾ അയാൾ അവിടെ ബന്ധിക്കപ്പെട്ടുനിൽക്കട്ടെ. അപ്പോൾ നമുക്കും ഒരു തമാശക്കു വഴിയായി." അയാളുടെ നിലവിളിയെ ശ്രദ്ധിക്കാതെ ആ രണ്ടു തെമ്മാടികളുംകൂടി അയാളെ അവിടെയുള്ള ഒരു തൂണിനോടു ചേർത്തുനിർത്തി ബന്ധിക്കുവാൻതുടങ്ങി.

താൻ എന്താണു് കാണാൻപോകുന്നതു് എന്ന ഭയം കൊണ്ടു് അയാൾ ഒരു ഭ്രാന്തനെപ്പോലെയായി. ഈ വിജന

മായ മരുഭൂമിയിൽ ആരും സഹായത്തിന്നെത്തുകയില്ല എന്ന നല്ല നിശ്ചയമുണ്ടായിട്ടും അയാൾ ഒരു വന്യമൃഗത്തെപ്പോലെ സഹായമപേക്ഷിച്ചു മുരളാൻതുടങ്ങി. മരിക്ക വാതിൽ തുറന്നു കണ്ണുനീരിൻെറ ഇടയിലൂടെ വിളിക്കാൻതുടങ്ങി. പക്ഷേ അതിൻെറ പ്രതിധ്വനി മാത്രമായിരുന്നു മറുപടി.

"ഹേ മില്ലറുടെ പുത്രി, അവിടെ നിൽക്കു, ഞങ്ങൾക്കു നിന്നെ ആവശ്യമുണ്ടു്." ഓടിപ്പോകാതിരിക്കാൻ അവളെ അകത്തേക്കു വലിച്ചുകൊണ്ടു എംകീസിസ് ഫയൽമാൻ പറഞ്ഞു. പിന്നീടു് അയാൾ ടോപാൽ ഹസ്സൻെറ നേക്കു തിരിഞ്ഞു.

മില്ലർ നിരാശയോടെ അപ്പോഴും അലറുകയായിരുന്നു, "മനുഷ്യരേ, എന്നെ സഹായിക്കു, ആരും ഇല്ലേ ഒരു സഹായത്തിനു്. മരിക്ക, ഇവിടെ വരു കുട്ടി." അയാൾ പരിഭ്രാന്തനായി നിലവിളിച്ചു, ബോധമററപോലെ അബലയായ ആ പെൺകുട്ടിയോടു് രക്ഷയാവശ്യപ്പെട്ടുകൊണ്ടു്.

ആ സമയംവരെ മുന്നിൽ നടക്കുന്ന രംഗം വീക്ഷിച്ചുകൊണ്ടു ക്രാലിച്ചു് നിശ്ചലനായിനില്ക്കുയായിരുന്നു. അസാധാരണമായവിധത്തിൽ അയാളുടെ പാദങ്ങൾ വിറച്ചു, ദേഹമാസകലം കുളിർപാഞ്ഞു, രോമാഞ്ചംകൊണ്ടു.

മാക്രോവിൻെറ വീട്ടിൽനിന്നു് ഈ സ്ഥലത്തെത്തുന്നതുവരെ അയാൾ അനുഭവിച്ചതെല്ലാം അത്യന്തം ഭയങ്കരവും അപ്രതീക്ഷിതവുമാകയാൽ അതെല്ലാം ഒരു ദുഃസ്വപ്നംപോലെ അയാൾക്കു തോന്നി. ആദ്യം ചീറിപ്പായുന്ന വെടിയുണ്ട, പിന്നീടുണ്ടായ ഇടിവെട്ടു് ഇതെല്ലാം അയാളുടെ ചെവിട്ടിൽ മുഴങ്ങുന്നുണ്ടായിരുന്നു. ആദ്യം അയാൾ വിചാരിച്ചതു തുക്കികൾ തന്നെ അന്വേഷിച്ചുവന്നതാണെന്നും തൻെറ വിധി നിർണ്ണയിക്കപ്പെട്ടുകഴിഞ്ഞു എന്നും ആണു്. അയാളുടെ നിരാശ്രയാവസ്ഥ അവശേഷിച്ച ശക്തിയെപ്പോലും നശിപ്പിച്ചിരുന്നു. ആകെ ബാക്കിയുണ്ടായിരുന്നതു മില്ലറെ

ഉത്തരവാദിത്വത്തിൽനിന്നു മോചിപ്പിക്കുവാൻ തന്നെത്തന്നെ തുക്കികൾക്കു അടിയറവെയ്ക്കുവാനുള്ള മനസ്സാന്നിദ്ധ്യം മാത്രമായിരുന്നു. അതിലും ഭയങ്കരമായ ഒരു സംഭവത്തിനാണു് താൻ സാക്ഷിനിൽക്കേണ്ടിവരുക എന്നു കണ്ടപ്പോൾ; അവലംബഹീനനായ മില്ലർ തൻെറ മകളെ സഹായത്തിനു വിളിക്കുന്നതുകേട്ടപ്പോൾ, ഒരുവക ഭ്രാന്തും നിരാശയും അയാളുടെ യുവരക്തം തിളപ്പിച്ചു. ഇതുവരെ അയാൾ രക്തം കണ്ടിരുന്നില്ല, ഇപ്പോൾ അയാളുടെ ദൃഷ്ടിയിൽ ഈ തുക്കികൾ ഈച്ചകൾപോലെയാണു്. തളച്ചയും ക്ഷീണവും ശങ്കയുമെല്ലാം അയാളെ വിട്ടകന്നു. യാന്ത്രികമായി അയാളുടെ കൈകൾ മുന്നോട്ടുനീങ്ങി, ആ മഴു കൈക്കലാക്കി, യാന്ത്രികമായിത്തന്നെ, അയാൾ തൻെറ ഒളിവുസ്ഥലംവിട്ടു, തന്നെ കാണാതിരിക്കാൻ കുനിഞ്ഞുകുനിഞ്ഞു അയാൾ ആ ധാന്യചാക്കുകളുടെ ഇടയിലൂടെ നടന്നു, പിന്നെ ഒരു പിശാചിനെപ്പോലെ വിളറിവെളുത്തു് അയാൾ തനിക്കു പുറംതിരിഞ്ഞുനിന്നിരുന്ന എംകീസിസിൻെറമേൽ ചാടിവീണു. ആ മഴുകൊണ്ടു് അയാളുടെ തലയ്ക്കു വെട്ടി, ഇതെല്ലാം ഒരു സ്വപ്നമെന്നോണമാണു് അയാൾ പ്രവർത്തിച്ചതു്.

തുക്കി യാതൊരു ശബ്ദവും പുറപ്പെടുവിക്കാതെ നിലത്തുവീണു.

അപ്രതീക്ഷിതമായി ഈ അപകടകാരിയായ ശത്രുവിനെ കണ്ടു ടോപ്പാൽ ഹസ്സൻ, മില്ലറെ ബന്ധിച്ചുകൊണ്ടിരുന്ന കയർ താഴേയിട്ടു, തോക്കെടുത്തു ക്രാലിച്ചിനെ ലക്ഷ്യമാക്കി നിറയൊഴിച്ചു. മുറി മുഴവൻ പുകയായി. വിളക്കു് ആ ബഹളത്തിൽ അണഞ്ഞു. അവർ കട്ടിക്കൂടിയ ഇരുട്ടിൽ അകപ്പെട്ടു. ആ അന്ധകാരത്തിൽ നഖവും പല്ലും കയ്യും കാലും ഉപയോഗിച്ചു സമരം നടന്നുകൊണ്ടിരുന്നു; പോരാളികൾ ആദ്യം രണ്ടുപേരും പിന്നീടു് മൂന്നാളും ആ ഇരുട്ടിൽ കെട്ടിമറിഞ്ഞു. വീണ്ടും നിലവിളിച്ചും രാക്ഷസീ

യമായി അലറിയും ആ രംഗം നീണ്ടു. ഈ ശബ്ദകോലാഹലത്തിനൊപ്പിച്ചു നായയുടെ കുരയും. ഒരു കാളയെപ്പോലെ കൂററനും ശക്തനുമായിരുന്ന ടോപാൽ ഹസ്സൻ, തൻെറ രണ്ടു ശത്രുക്കളെ കഴിവു മുഴവൻ ഉപയോഗിച്ചു് എതിരിട്ടു. പക്ഷേ മററവക്ക വിജയിക്കേണ്ടതു് അത്യാവശ്യമാണു്, അല്ലെങ്കിൽ അവർ നശിച്ചു.

വിളക്കു വീണ്ടും കൊളുത്തപ്പെട്ടപ്പോൾ ടോപാൽ ഹസ്സൻ മരണപരാക്രമത്തിൽ കിടന്നു പുളയുകയാണു്. ലഹളയിൽ എതിരാളിയുടെ കത്തി കൈവശപ്പെട്ടത്തി അയാളുടെ കഴുത്തിൽ കുത്തിയിറക്കുവാൻ ക്രാലിച്ചിനു സാധിച്ചു. രണ്ടു ജഡങ്ങളും രക്തപ്പുഴയിൽ കിടന്നു.

മില്ലർ എഴുന്നേററു. നിനച്ചിരിക്കാതെ തൻെറ സഹായത്തിനെത്തിയ ആ യുവാവിനെ അത്ഭുതത്തോടെ നോക്കി നിന്നു. ജഡത്തെപ്പോലെ വിളറിവെളുത്ത മുഖവും കുഴിയിൽപ്പോയതെങ്കിലും ഇരുണ്ട ഉജ്ജ്വലമായ കണ്ണുകളും ഉള്ള ഉന്നതകായനായ ഒരു യുവാവാണു് തൻെറ മുമ്പിൽ നില്ക്കുന്നതു്. അയാളുടെ നീണ്ട ജടകെട്ടിയ മുടിയിൽ മുഴവൻ പൊടിയായിരുന്നു. ധാരാളം പൊടി പുരണ്ട നനഞ്ഞു കീറിത്തുടങ്ങിയ വസ്ത്രമാണയാൾ ധരിച്ചിരുന്നതു്, ബട്ടണിടാത്ത മേലങ്കിക്കുകീഴിൽ ഷട്ടില്ല എന്നു മില്ലർ കണ്ടുപിടിച്ചു. അവൻെറ ഷൂസ്സു് കീറിപ്പൊളിഞ്ഞതും, ട്രൌസർ ഉലഞ്ഞുഴഞ്ഞതുമായിരുന്നു. മില്ലൎക്കു തോന്നി, അയാൾ ജയിൽ ചാടിപ്പോന്നവനായിരിക്കും; അല്ലെങ്കിൽ ജയിലിൽ പോകേണ്ടവനാണു് എന്നു്. ദയയോടേ അയാളെ നോക്കി വികാരാവേശനായി മില്ലർ പറഞ്ഞു.

"സർ, നിങ്ങൾ ആരാണു് എന്നു് എനിക്കറിയില്ല. പക്ഷെ ഈ ജന്മത്തിൽ എനിക്കു നിങ്ങൾക്കു മതിയായ പ്രത്യുപകാരം ചെയ്യാൻ സാധിക്കില്ല. നിങ്ങൾ എന്നെ മരണത്തിൽനിന്നു രക്ഷിച്ചു, അല്ല അതിലും കൂടുതലായി എൻെറ

മകളെ അപമാനത്തിൽനിന്നും രക്ഷിച്ചു; എൻെറ വയസ്സു കാലത്തു്......മകനേ, ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. അദ്ദേഹംതന്നെ നിനക്കു പ്രതിഫലംതരട്ടെ." (എംകീസിസിനെ ചൂണ്ടിക്കാണിച്ചു്) "ഇതാരാണു് എന്നറിയുമോ? ജനങ്ങളെല്ലാം നിന്നോടു നന്ദിയുള്ളവരായിരിക്കും. ഇവൻെറ നാമധേയം കേട്ടാൽ ഗർഭത്തിൽ കിടക്കുന്ന കുഞ്ഞുങ്ങൾപോലും കരയും. ആ ഒരു മൃഗം ലോകത്തിൽനിന്നുംഒഴിവായി. മകനെ നിനക്കു വളരെവളരെ നന്ദി." ആത്മാത്ഥത മുററിനില്ക്കുന്ന ഈ വാക്കുകൾ ക്രാലിച്ചു് നിറഞ്ഞ നേത്രങ്ങളോടെ നിന്നു കേട്ടു. ഒടുവിൽ കിതച്ചുകൊണ്ടു് അയാൾ പ്രതിവചിച്ചു.

"മുത്തച്ഛാ, ഞാൻ അധികമൊന്നും ചെയ്തിട്ടില്ല, നമ്മൾ രണ്ടുപേരെ കൊന്നു. പക്ഷേ ആയിരമായിരം ഈദൃശമൃഗങ്ങൾ ഇനിയും ജീവിച്ചിരിപ്പുണ്ടു്. അവക്കെതിരായി ആയുധമുയത്താതെ ബൽഗേറിയൻജനത സ്വാതന്ത്ര്യം പ്രാപിക്കാൻപോകുന്നില്ല. പക്ഷേ മുത്തച്ഛാ നമുക്കു് ഇവരെ എവിടെയാണു് കുഴിച്ചിടേണ്ടതു്, യാതൊരു അടയാളവും ഇവിടെ ഉണ്ടാവരുതു്."

"ഞാനീ നിരീശ്വരവാദികൾക്കുള്ള കുഴി തയാറാക്കിയിട്ടുണ്ടു്. ഇവരെ വലിച്ചു പുറത്തു കൊണ്ടുപോകാൻ സഹായിച്ചാൽമതി." വൃദ്ധൻ പറഞ്ഞു.

രക്തപങ്കിലമായ ആ രാത്രിയിൽ എന്നെന്നേക്കുമായി കൂട്ടിയോജിപ്പിച്ച ആ രണ്ടു മനുഷ്യരുംകൂടി, മില്ലിൻെറ പിന്നിലുള്ള കുററിക്കാടിൻെറ സമീപമുള്ള ഒരു പഴയ കുഴിയിലേക്കു് ആ ജഡങ്ങൾ വലിച്ചുകൊണ്ടുപോയി, അതിൻെറ അകത്തേക്കു അവയെ വലിച്ചിട്ടു്, യാതൊരു ലക്ഷണവും ശേഷിക്കാത്തതരത്തിൽ മണ്ണിട്ടുമൂടി. മമ്മെട്ടിയും പികാസുമായി തിരികെ മില്ലിൽ എത്തിയപ്പോൾ എന്തോ വെളുത്ത ഒന്നു് അവരുടെ നേക്കു് കുതിച്ചുവന്നു.

“ഹാ നായ! ക്രാലിച്ച്, ഇതു് ഇവിടെ ചുററിനടന്നു നമ്മുടെ വസ്തുത വെളിവാക്കും.’’

അയാൾ അതിനെ കാത്തു് പതിയിരുന്നു് അതിൻെറ തലയെ ലാക്കാക്കി ഒരു അടികൊടുത്തു. നായ ദയനീയമായി ഓളിയിട്ടുകൊണ്ടു നദിക്കരയിലേക്കു് ഓടി. അതിനെ ക്രാലിച്ച് നദിയിലേക്കു തള്ളിയിട്ടു് ആയുധങ്ങളും വെള്ളത്തിലേക്കു് വലിച്ചെറിഞ്ഞു.

“നമുക്കു മററ നാസ്സുകളോടൊപ്പംതന്നെ ഇതിനേയും കുഴിച്ചിടാമായിരുന്നു.’’ മില്ലർ പറഞ്ഞു.

അവർ വസ്തുങ്ങളിൽനിന്നു രക്തം കഴുകിക്കളഞ്ഞു് അവിടെയെല്ലാം മണ്ണുവാരിവിതറി.

ക്രാലിച്ചിൻെറ കൈകളിലേക്കു നോക്കി മില്ലർ പറഞ്ഞു “അല്ല ഇതാ, ചോരയൊലിക്കുന്നുവല്ലോ.’’

“ഓ സാരമില്ല, ഞാൻ ആ ജന്തുവിൻെറ കഴുത്തിൽ പിടിച്ചപ്പോൾ അതെന്നെ കടിച്ചതാണു്.’’

“ശരി, ഞാനതു കഴുകി കെട്ടട്ടെ’’ എന്നു പറഞ്ഞു മില്ലർ ഒരു കഷ്ണം തുണികൊണ്ടു മുറിവു വൃത്തിയായി കെട്ടി. വീണ്ടും അയാളുടെ മുഖത്തേക്കു നോക്കി കിഴവൻ ചോദിച്ചു: “മകനേ എനിക്കു മാപ്പുതരു. നീ എവിടെനിന്നു വരുന്നു.’’ ആശ്ചര്യംനിറഞ്ഞ നേത്രങ്ങൾകൊണ്ടു് ആ അപരിചിതനെ അയാൾ വീണ്ടുംവീണ്ടും നോക്കി.

“മുത്തശ്ശാ, ഞാനെല്ലാത്തിനും സമാധാനംപറഞ്ഞുതരാം. ഇപ്പോൾ ഇത്രമാത്രം, ഞാൻ ഒരു ബൾഗേരിയക്കാരനാണു്. എന്നെ സംശയിക്കരുതു്.’’

“ദൈവം നമ്മളെ കാക്കട്ടെ, അതു ഞാൻ കണ്ടതല്ലെ, നിങ്ങൾ ജനങ്ങളുടെ ആളാണു്. അങ്ങിനേയുള്ള സഹോദരന്മാക്കുവേണ്ടി ഞാൻ എൻെറ ആത്മാവുപോലും തരാൻ സന്നദ്ധനാണു്.’’

"എനിക്കു മാററാൻ ഒരു വസ്ത്രവും, ഉറങ്ങാൻ കുറച്ചു സ്ഥലവും എവിടെനിന്നാണ് ലഭിക്കുക."

"വരു, നമുക്കു ആശ്രമത്തിലേക്കു—ഡീക്കൻ വിക്കൻ്റി യുടെ സമീപത്തേക്കു—പോകാം, അയാൾ എൻെറ ഒരു ബന്ധുവാണ്. നിങ്ങളെപ്പോലുള്ളവക്കു വളരെ അധികം ഉപകാരങ്ങൾ ചെയ്യുന്നവനുമാണ്. അയാളും ഒരു നല്ല ബൾഗേരിയക്കാരനാണ്. വരു സർ, ഇന്നത്തെ രാത്രി നമുക്ക് അവിടെ കഴിക്കാം. ഭാഗ്യം, ആരും നമ്മെ കണ്ടിട്ടില്ല."

പക്ഷേ സ്റ്റേയൻ അമ്മാവൻ പറഞ്ഞതു മുഴുവൻ സത്യമായിരുന്നില്ല. കുറച്ചകലെ വാൾനട്ട്മരത്തിൻെറ തടിയും ചാരി നിന്നിരുന്ന ഒരു ചെറിയ രൂപത്തിൻെറ നിറുകയിൽ ചന്ദ്രിക പ്രകാശിച്ചിരുന്നു. തുക്കികളുടെ ശവസംസ്കാരകർമ്മത്തിനു് ഒരു നിശ്ചലസാക്ഷിയായിരുന്നു അയാൾ. പക്ഷേ നമ്മുടെ ആൾക്കാർ ഒന്നും കണ്ടില്ല.

കുറച്ചുകഴിഞ്ഞപ്പോൾ മില്ലറും ക്രാലിച്ചും മരിക്കയും—അവൾ ഈ ബഹളത്തിനിടയിൽ ഓടിപ്പോയി ഇരുട്ടിൽ ഒരു മരത്തിൻെറ ചുവട്ടിൽ വിറച്ചുകൊണ്ടുനില്ക്കുയായിരുന്നു—കൂടി ആശ്രമം ലക്ഷ്യമാക്കി നടന്നു. പോപ്ലളാർമരത്തിൻേറയും വാൾനട്ട്മരത്തിൻേറയും ഇരുണ്ട നിഴലുകൾക്കിടയിലൂടെ ആശ്രമത്തിൻെറ വെളുത്ത ചുമരു കാണാമായിരുന്നു. ആ അപരിചിതരൂപവും സന്യാസാശ്രമത്തിലേക്കു നടന്നുപോയി.

## അദ്ധ്യായം 3

# സംന്യാസാശ്രമം

അനവധി കരിങ്കല്ലുകൾ ചിതറിക്കിടന്നതും, പഴക്കത്താൽ ദ്രവിച്ച വാൽനട്ടമരങ്ങളുടെ കൊമ്പുകൾ പന്തലിച്ചു നിന്നിരുന്നതുമായ ഒരു മൈതാനം അവർ കടന്നു. അപ്പോൾ സന്യാസാശ്രമത്തിന്റെ ഉന്നതമായ മതിൽക്കെട്ടുകൾ നേരെ മുമ്പിൽ അവർ കണ്ടു. മങ്ങിയ നിലാവുവെളിച്ചത്തിൽ അതു് അപൂർവ്വരീതിയിലുള്ള പ്രാസാദശൃംഗങ്ങളുള്ള ഒരു പഴയ ഗോതേക്കൊട്ടാരംപോലെ ഇരുന്നു.

കുറെ കൊല്ലങ്ങൾക്കുമുമ്പു് ഒരു ഭീമമായ പൈൻമരം ആ മതിൽക്കെട്ടിന്റെ അഭിമാനമായി അവിടെ പരിലസിച്ചിരുന്നു. അതു് ആശ്രമത്തിനു് ഒരു മറയായിരുന്നു. അതിന്റെ വൃത്തികെട്ട ശിഖരാഗ്രങ്ങളിൽ അനവധി പക്ഷികൾ കൂട്ടുകൂട്ടി സദാസമയവും കളനാദം പൊഴിച്ചുകൊണ്ടു വിഹരിച്ചിരുന്നു. ഒരു കൊടുങ്കാററു് അതിനെ അടിച്ചുവീഴ്ത്തി. ആബററു് അവിടെ ഒരു പുതിയ പള്ളിയും നിർമ്മിച്ചു. പുരാതനകാലത്തിന്റെ സ്മാരകങ്ങളായ പഴയ എടുപ്പുകളിൽനിന്നു വ്യത്യസ്തമായി നവീനരീതിയിൽ പണികഴിപ്പിച്ചിരുന്ന ആ കപ്പേള നിലകൊണ്ടു. വിധിയുടെ താഡനത്താൽ പഴയ പള്ളിയും പൈൻമരവും വീണതോടെ സംന്യാസാശ്രമം ഇരുളിലാണ്ടതുപോലെയായി. മേഘമാലയെ മുട്ടിയുരുമ്മിനിന്നിരുന്ന ആ വലിയ വൃക്ഷം ഇനിയൊരിക്കലും മനുഷ്യനെ ആഹ്ലാദിപ്പിക്കയില്ല. സന്യാസികൾ, മാലാഖമാർ.

പുണ്യവാളന്മാർ രക്തസാക്ഷികൾ എന്നിവരുടെ വർണ്ണാഞ്ചിതങ്ങളായ ചിത്രങ്ങളിലെ കണ്ണുകൾ കൊള്ളക്കാരും തെമ്മാടികളും അടർത്തിക്കൊണ്ടുപോയിരുന്നുവെങ്കിലും, അവയുടെ ദർശനം ഏതൊരുവൻെറ ആത്മാവിനേയും ഭക്തിമണ്ഡലത്തിലേയ്ക്കുയർത്തിയിരുന്നു. പക്ഷേ ഇന്നവയും നാമാവശേഷങ്ങളായി.

നമ്മുടെ മൂന്നു സുഹൃത്തുക്കളും സന്യാസാശ്രമം ഒന്നു വലംവെച്ചു പിന്നിലെ മതിലിൻെറ അടുത്തുചെന്നുനിന്നു. അതു കേറികടക്കുവാൻ എളുപ്പമുള്ളതും ഡീക്കൻ വിക്കൻെറിയുടെ മുറിയുടെ ഏററവും അടുത്തതുമായിരുന്നു. ഈ ഭാഗത്തായാൽ നായ്ക്കൾ ഉണരുകയോ വേലക്കാർ തങ്ങളുടെ ശബ്ദം കേൾക്കുകയോ ചെയ്യില്ല.

മലയിൽനിന്നുള്ള വെള്ളച്ചാട്ടം ചുററുപാടിലും അതിൻെറ പ്രതിധ്വനി ചേർത്തുകൊണ്ടു ഇടിവെട്ടുപോലെ നിലം പതിക്കുന്നുണ്ടായിരുന്നു.

ആരെങ്കിലും ഒരാൾ മതിൽചാടിക്കയറി അകത്തുപ്രവേശിച്ച് മററുള്ളവർക്കു ഗേറവണി കൊണ്ടുപോയിക്കൊടുക്കേണ്ടിയിരുന്നു. സ്വാഭാവികമായി ക്രാലിച്ചാണ് അതു ചെയ്തതു്. അയാളുടെ അന്നത്തെ രാത്രി തുടങ്ങിയതും ഒരു മതിൽച്ചാട്ടത്തോടെ ആയിരുന്നുവല്ലോ. പെട്ടെന്ന് മൂന്നുപേരും മതിലിൻെറ മുകളിലെത്തി. ജനാലയിൽക്കൂടി സമരപ്രിയനായ ആബററു് അവരെ കണ്ടുപിടിച്ചെങ്കിൽ വെടിവച്ചുവീഴ്ത്തുമായിരുന്നു. പ്രധാന മുററത്തേയ്ക്കു പ്രവേശിക്കാവുന്ന ഒരു ചെറിയ പറമ്പിൽ അവർ എത്തി.

പ്രവേശിക്കുവാനുള്ള വാതിൽ അകത്തുനിന്നു ബന്ധിക്കപ്പെട്ടിരുന്നു. ഇതേ മുററത്തേയ്ക്കു ദർശനമായി താഴത്തെ നിലയിലായിരുന്നു ഡിക്കൻെറ അറ. അകത്തുനിന്നു് വെളിച്ചം കണ്ട ഒരു ജനലിൻെറ അടുത്തേയ്ക്കു് അവർ ചെന്നു.

"വിക്കണ്ടി ഇപ്പോഴും വായിക്കയാണ്." എത്തിച്ചു നിന്നു് അകത്തേയ്ക്കു എത്തിനോക്കിയ മില്ലർ പറഞ്ഞു. അയാൾ ജനവാതിൽക്കൽ തട്ടി. അതു തുറന്നു ആരോ ചോദിച്ചു.

"ആരാത്, സ്റ്റോയൽ അമ്മാമാ, അവിടെ എന്തു ചെയ്യുന്നു."

"എനിക്കാവാതിലിന്റെ താക്കോൽ തരു. ഞാൻ എല്ലാം പറയാം നിങ്ങൾ ഒററക്കാണോ."

"അതെ ബാക്കിയെല്ലാവരും ഉറക്കമായി, ഇതാ താക്കോൽ."

മില്ലർ നിഴലിലൂടെ അപ്രത്യക്ഷനായി. അല്പം കഴിഞ്ഞു മടങ്ങിവന്നു് ക്രാലിച്ചിനേയും മകളേയും മുററത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി, കതകു് ഭദ്രമായി അടച്ചു കുററിയിട്ടു,

അവരെത്തിച്ചേന്ന വലിയ മുററം അപ്പോൾ തീരെ പ്രശാന്തമായിരുന്നു. ആ നിശ്ശബ്ദതയിൽ ഒരു ജലധാരായന്ത്രം സ്വപ്നത്തിലെന്നോണം ഒരേ തരത്തിലുള്ള സ്വരം ഉയർത്തിക്കൊണ്ടിരുന്നു. അതു കേട്ടാൽതോന്നും പരേതാത്മാക്കൾക്കവേണ്ടിയുള്ള മന്ത്രോച്ചാരണമാണെന്നു്. മുററത്തിന്റെ എല്ലാ ഭാഗത്തും ജീവനില്ലാത്ത നിശ്ശബ്ദമായ ഗാലറികൾ പട്ടത്തുയർത്തിയിരുന്നു. കറുത്ത സൈപ്രസ്സ്മരങ്ങളുടെ ശിഖരങ്ങൾ വലിയ പിശാചുക്കളെപ്പോലെ തല കുനിച്ചുനിന്നിരുന്നു. ഡിക്കന്റെ മുറി തുറന്നു പാതിരാതിഥികൾ അകത്തു പ്രവേശിച്ചു. ജീവനുള്ള മുഖവും ബുദ്ധിശക്തി സ്ഫുരിക്കുന്ന കറുത്ത കണ്ണുകളുമുള്ള ഒരു യുവാവായിരുന്നു ഡീക്കൻ. അമ്മാമന്റെ വിശദമായ വർണ്ണനയിൽനിന്നു ക്രാലിച്ചിനെ നല്ലപോലെ മനസ്സിലാക്കിയ അദ്ദേഹം അയാളെ ഹൃദയംഗമമായി സ്വാഗതം ചെയ്തു. രണ്ടക്രമികളെ കോഴിക്കുഞ്ഞുങ്ങളെപ്പോലെ പൊടിച്ചുകളഞ്ഞു് അമ്മാമനേയും മകളേയും ര

ക്ഷപ്പെട്ടെത്തിയ അവനെ അദ്ദേഹം മതിപ്പോടെ നോക്കി. ധീരനും മാന്യനുമായ ഒരു യുവാവിനെയാണ് ഡീക്കൻെറ സത്യസന്ധമായ ഹൃദയം തൻെറ പുതിയ അതിഥിയിൽ കണ്ടതു്. മില്ലിൽ നടന്ന സംഭവങ്ങളുടെയെല്ലാം ദ്രുതഗതിയിലുള്ള ഒരു വിവരണം വികാരംകൊണ്ടു വിറയാന്ന സ്വരത്തിൽ സ്റ്റോയൻ നൽകി. ഹൃദയപൂർവ്വം ആ കിഴവൻ തൻെറ രക്ഷകനെ അനുഗ്രഹിച്ചു. ക്രാലിച്ചിൻെറ തളർച്ചയും ക്ഷീണവും മുഖഭാവവും കണ്ടു് ഡീക്കൻ അയാൾക്കു രാത്രി വിശ്രമിക്കുവാനുള്ള സൗകര്യങ്ങൾ നൽകാൻ തയാറായി. അവർ രാത്രികഴിക്കാനുള്ള മുറിയിലേക്കു യാത്രയായി. ഒരു കെട്ടു വസ്ത്രവും കുറച്ചു ഭക്ഷണവും കയ്യിൽ ഒതുക്കി ഡീക്കൻ നിശ്ശബ്ദമായ മുററവംവഴി മുന്നോട്ടു നടന്നു. എതിരേ കാണുന്ന മൂന്നുനിലയുള്ള ഒരു ഗാലറിയുടെ ചുവട്ടിലെത്തി, അതിൻെറ മുകളിലേക്കു കയറി. ഇടനാഴികളിൽക്കൂടി കടന്നു ഗോവണിവഴി അവർ അതിൻെറ മുകളിലെത്തി. വളരെ ശ്രദ്ധിച്ചാണു് നടന്നിരുന്നതു് എങ്കിലും വളരെ പുരാതനമായ ആ മരമെട്ടപ്പു് അവരുടെ ഓരോ പാതപതനത്തിലും വിറച്ചുകൊണ്ടിരുന്നു. ഒരു ചെറിയ മുറിയിൽ പ്രവേശിച്ചു. ഡീക്കൺ അവിടെ ഒരു മെഴുകുതിരി കൊളുത്തി. ആ മുറി ഉപകരണങ്ങൾ യാതൊന്നുമില്ലാതെ കേവലം അലങ്കാരമില്ലാതെ കിടന്നിരുന്നു. ഒരു വൈക്കോൽക്കിടക്കയും അതിന്നൊരു വിരിപ്പും ഒരു മൺകൂജയുമായിരുന്നു അതിലുണ്ടായിരുന്ന സാമാനങ്ങൾ. ആ രക്ഷാസ്ഥാനം ഒരു ജയിൽമുറിപോലെയിരുന്നു പക്ഷേ ആ സമയത്തു് അതിലും ഭേദമായ ഒന്നു് ക്രാലിച്ചു് ആശിച്ചിരുന്നില്ല. കുറച്ചുനേരം മില്ലിലെ സംഭവവികാസങ്ങളെക്കുറിച്ചു് സംസാരിച്ചശേഷം 'ശുഭരാത്രി' ആശംസിച്ചു ഡീക്കൻ യാത്രയാകാൻ തയാറായി.

"നിങ്ങൾ വളരെ ക്ഷീണിച്ചിരിക്കുന്നു. കുറച്ചു വിശ്രമം ആവശ്യമാണു്. അതുകൊണ്ടു ഞാൻ ചോദ്യംചോദിച്ചു

കഷ്ടപ്പെടുത്തുന്നില്ല. അതിൻെറ ആവശ്യവുമില്ല. ഇന്നു് നിങ്ങൾ കാണിച്ച ധൈര്യംതന്നെ എല്ലാം എനിക്കു വിശദീകരിച്ചുതരുന്നു. നാളെ നമുക്കു് കാണാം. ഇപ്പോൾ എനിക്കു പറയാനുള്ളതു് ഒന്നിനെക്കുറിച്ചും വിഷമിക്കരുതു് എന്നുമാത്രമാണു്. ഡീക്കൻവിക്കൻെറി നിങ്ങൾക്കു സർവ്വഥാ വിധേയനാണു്. ഗുഡ്നൈററു്."

അദ്ദേഹം കൈനീട്ടി.

ക്രാലിച്ചു് അതു പിടിച്ച്, വിടാതെ പറഞ്ഞു:

"ഇല്ല, നിങ്ങൾ വിശ്വസിച്ചു് എനിക്കഭയം നൽകി. പക്ഷേ ഇതുകാരണം നിങ്ങൾ നിങ്ങളെ അപകടത്തിലാക്കുകയാണു്. ഞാൻ ആരാണു് എന്നെങ്കിലും നിങ്ങൾ അറിഞ്ഞിരിക്കണം. എൻെറ പേരു് ഐവൻക്രാലിച്ചെന്നാണു്."

"നാടുകടത്തപ്പെട്ട ഐവൻ ക്രാലിച്ചോ? എന്നാണു് നിങ്ങളെ വിട്ടതു്?" ഡീക്കൻ അത്ഭുതത്തോടെ ചോദിച്ചു.

അവർ വിട്ടില്ല. ഞാൻ ഡിയർബിക്കറിൽനിന്നു രക്ഷപ്പെട്ടു. ഞാൻ ചാടിപ്പോന്നവനാണു്.

ഹൃദയംഗമമായി കൈകുലുക്കിക്കൊണ്ടു വിക്കൻെറി സ്വാഗതമാശംസിച്ചു.

നിങ്ങൾക്കു സ്വാഗതം സഹോദരാ: നിങ്ങൾ എനിക്കു കൂടുതൽ ബഹുമാന്യനാണു്. ബൾഗേറിയക്കു് അവളുടെ സൽസന്താനങ്ങളെ അത്യാവശ്യമാണു്. ഇനിയും പ്രവത്തിക്കാനുണ്ടു്, വളരെ അധികം പ്രവത്തിക്കാനുണ്ടു്. തുക്കികളുടെ ദുഷ്ടഭരണം ദുർവഹമായിരിക്കുന്നു. പൊതുജനരോഷം അതിൻെറ കൊടുമുടിയിലെത്തും, നാം തയാറെടുക്കണം. ഇവിടെ ഞങ്ങളോടൊന്നിച്ചു താമസിക്കൂ. ക്രാലിച്ചു്, ഒരൊററ ആൾ അറിയില്ല നിങ്ങൾ ഇവിടെയുണ്ടെന്നു്, ഞങ്ങളോടൊന്നിച്ചു പ്രവത്തിക്കാം." ആവേശഭരിതനായ യുവപാതിരി ഉത്സാഹത്തള്ളിച്ചയോടെ പറഞ്ഞു.

"ഫാദർ, ഞാൻ ഉദ്ദേശിക്കുന്നതും അതാണ്."

"ശരി, നാളെ ഇതിനെപ്പററി ദീർഘമായി സംസാരിക്കാം. നിങ്ങൾ തികച്ചും സുരക്ഷിതനാണ്. ലെവിസ്റ്റിയെപ്പോലും ഞാനിവിടെയാണ് ഒളിപ്പിച്ചിരുന്നത്. ഒരൊററ മനുഷ്യൻ ഇവിടെ വരില്ല. ഇവിടെ മനുഷ്യനെക്കാളും ചെകുത്താനെയാണ് ഭയം. ഗുഡ്നൈററ്." ഡീക്കൻ തമാശയോടെ സംഭാഷണമവസാനിപ്പിച്ചു.

"ഗുഡ്നൈററ് ഡീക്കൻ." വാതിൽ അടച്ചുകൊണ്ടു ക്രാലിച്ച് പറഞ്ഞു.

ധൃതിയിൽ അയാൾ വസ്ത്രംമാററി ഭക്ഷണംകഴിച്ചു. മെഴുകുതിരി ഊതി അയാൾ കിടന്നു. കുറേനേരം ഉരുണ്ടും പിരണ്ടും കിടന്നതിനുശേഷമാണ് അയാളുടെ കണ്ണുകൾ അടഞ്ഞത്. അന്നത്തെ ഭയങ്കരസംഭവങ്ങളെല്ലാം അറപ്പിക്കുന്ന ക്രൂരതയോടെ കൂടുതൽ തെളിച്ചത്തിൽ അയാളുടെ മനസ്സിലൂടെ കടന്നുപോയി. ഈ ദുസ്സഹാവസ്ഥ കുറേനേരം നിന്നു; ഒടുവിൽ പ്രകൃതിജയിച്ചു. കായികമായും മാനസികമായും അത്യന്തംക്ഷീണിതനായ അയാൾ, തനിക്ക് അത്യാവശ്യമായിരുന്ന നിദ്രക്കു വശഗനായി. പക്ഷേ പെട്ടെന്നയാൾ ഞെട്ടിയുണർന്നു. കണ്ണുകൾ തുറന്നു. വരാന്തയിൽക്കൂടി സാവധാനത്തിൽ ഉറപ്പിച്ചുറപ്പിച്ചു ആരോ നടക്കുന്ന ശബ്ദം അയാൾ കേട്ടു. അതിനെത്തുടർന്നു ഗാനത്തിൻെറ, അല്ല, കുറച്ചുകൂടി വാസ്തവം പറയുകയാണെങ്കിൽ ഓരിയിടലിൻെറ ശബ്ദവും. പാദപതനംഅടുത്തടുത്തുവരുന്നതോടെ ഗാനത്തിൻെറ ശബ്ദവും അധികരിച്ചു. ഒരിക്കൽ അതു ഒരു ശ്മശാനവിലാപം പോലെ തോന്നി. പിന്നീട്ട് അതു് ദുഃഖപൂർണ്ണമായ ഒരു നിലവിളിയായി. വേറെ എവിടെനിന്നോ ഉത്ഭവിക്കുന്ന ഈ ശബ്ദം പരിസരപ്രദേശത്തിൻെറ നിശ്ശബ്ദതമൂലം സമീപസ്ഥമാണെന്നു വൃഥാ തോന്നുന്നതായിരിക്കാം എന്നു് ക്രാലിച്ചു

ആശ്വസിച്ചു. പക്ഷേ അതല്ല; കാലടിശബ്ദം കേൾക്കുന്നതു് അടുത്ത വരാന്തയിൽനിന്നാണു്. അതാ ഒരു കറുത്ത രൂപം കിളിവാതിലഴികളിലൂടെ അകത്തേയ്ക്കു് എത്തിനോക്കുന്നു. പ്രേതരൂപത്തെത്തന്നെ ഭയചകിതനായ ക്രാലിച്ചു് സൂക്ഷിച്ചുനോക്കി. അതു് അയാളെ മാടിവിളിക്കുന്നതുപോലെ കൈകൊണ്ടു് അഭാസപൂർണ്ണമായ ആംഗ്യങ്ങൾ കാണിക്കുന്നുണ്ടായിരുന്നു. രാത്രിയുടെ നേരിയ വെളിച്ചത്തിൽഅതു വ്യക്തമായി കാണാൻ സാധിക്കും. ക്രാലിച്ചിന്റെ നയനങ്ങൾ ജനൽ വിട്ടുപോന്നില്ല. വധിക്കപ്പെട്ട എംകീസിസ് ഫയൽമാന്റെ പ്രേതമായിരിക്കുമോ അതു്, താൻ സ്വപ്നം കാണുന്നുണ്ടോ, കണ്ണുകൾ തിരുമ്മി അയാൾ ഒന്നുകൂടി സൂക്ഷിച്ചുനോക്കി. ആ നിഴൽ അപ്പോഴും അകത്തേയ്ക്കു നോക്കിക്കൊണ്ടവിടെ നിന്നിരുന്നു.

ക്രാലിച്ചു് ഒരിക്കലും ഒരു അന്ധവിശ്വാസിയായിരുന്നില്ല, പക്ഷേ വിജനമായ ആ പഴയ കെട്ടിടവും അതിന്റെ നിശ്ശബ്ദതയും അവിടെ മുററിനിന്നിരുന്ന ശ്മശാനമൂകതയുംകൂടി ക്രാലിച്ചിനെ വിറപ്പിച്ചുകളഞ്ഞു. പിശാചിനെപ്പററിയുള്ള ഡീക്കന്റെ വിനോദസംഭാഷണം അപ്പോഴാണു് അയാൾ ഓർത്തതു്. അപ്പോൾ ആ സ്ഥലം ഇരട്ടി ബീഭത്സമായിത്തോന്നി. പെട്ടെന്നു് അയാൾക്കുതന്നെ ഒരു അവജ്ഞ തോന്നി. കൈ നീട്ടി തോക്കു്തപ്പിയെടുത്തു് വാതിൽ തുറന്നു് നഗ്നപാദനായിത്തന്നെ അയാൾ വരാന്തയിലെത്തി. പൊക്കംകൂടിയ ആ മായാരൂപം തന്റെ സ്വന്തമായ പാട്ടുംപാടി വരാന്തയിൽ ഉലാത്തുകയാണു്. ഭയമില്ലാതെ ക്രാലിച്ചു് അതിനെ സമീപിച്ചു. സാധാരണ കഥകളിൽ കാണുന്നതുപോലെ ഈ പ്രേതം അപ്രത്യക്ഷനാകാതെ ഭയാക്രാന്തനായി അലറുകയാണു്ചെയ്തതു്. കാരണം ഡീക്കൻ കൊടുത്ത വെളുത്ത നിശാവസ്ത്രംധരിച്ച ക്രാലിച്ചു് ഒരു പ്രേതത്തേക്കാൾ ഭയാനകനായിരുന്നു. 'നീയാർ'

പുതിയ പിശാച്ച് പഴയ തൻെറ കോട്ടിൻെറ കയ്യിന്മേൽ കടന്നുപിടിച്ചുകൊണ്ടു ചോദിച്ചു.

രണ്ടാമൻ ഭയചകിതനായി മിണ്ടാൻപോലും വയ്യാത്ത ഒരു അവസ്ഥയിലായിരുന്നു. വിഡ്ഡിയെപ്പോലെ വായ മുഴുവൻ തുറന്നു കുരിശുവരച്ച് അയാൾ വെറുതെ തലയാട്ടി. ഒരു മണ്ടനായിരിക്കും അയാളെന്നു തോന്നിയ ക്രാലിച്ച് അനെ വെറുതെ വിട്ടു.

വളരെ കൊല്ലങ്ങളായി ആ ആശ്രമത്തിൽ സ്ഥിരതാമസമായിരുന്ന നിരുപദ്രവിയും വിഡ്ഡിയുമായ മൂഞ്ചോവിൻെറ നിശാപര്യടനങ്ങളെപ്പററി ക്രാലിച്ചിനു മുന്നറിവു കൊടുക്കാൻ ഡീക്കൻ വിക്കണ്ടി മറന്നുപോയിരുന്നു,

തൂക്കികളുടെ ശവസംസ്കാരം നോക്കിനിന്നിരുന്ന അപരിചിതനും ഇയാളായിരുന്നു.

## അദ്ധ്യായം 4

# വീണ്ടും മാർക്കോവിൻെറകൂടെ

അന്നു രാത്രി ക്രാലിച്ചിൻെറ പലായനത്തിനുശേഷം മാക്കോ വാതിൽ തുറന്നപ്പോൾ കണ്ടതു് ഓൺബാസിയേയും അയാളുടെ പോലീസുകാരേയും ആയിരുന്നു. അവർ വളരെ ശ്രദ്ധിച്ചു ചുററും നോക്കി അകത്തേക്കു പ്രവേശിച്ചു.

"മാക്കോ ചോർബാഡ്ജി, എന്താണ് ഇവിടെ ബഹളം." ഓൺബാസി ചോദിച്ചു.

അവിടെ യാതൊരു ബഹളവുമുണ്ടായില്ല എന്നും ഭയപ്പെട്ട വേലക്കാരി അങ്ങിനെയെന്തോതെററിദ്ധരിച്ചതാണെന്നും മാക്കോ ശാന്തനായി അറിയിച്ചു. ഈ ലളിതമായ മറുപടി സ്വീകരിക്കുവാൻ ഓൺബാസിക്കു സന്തോഷമേ ഉണ്ടായിരുന്നുള്ളു, കാരണം അസുഖകരമായ സംഭവവികാസങ്ങളിൽ ഇടപെടാതെ കഴിഞ്ഞതാണു്. അവർ നന്ദിപൂർവ്വം സ്ഥലംവിട്ടു.

മാക്കോ വാതിലടച്ചപ്പോഴേയ്ക്കും ഒരു അയൽക്കാരൻ അവിടെ പ്രത്യക്ഷനായി.

"അഭിവാദനം, മാക്കോ സഹോദര."

"ഹാ! ഐവാൻചോ, അകത്തുവരു. നമുക്കല്പം കാപ്പി കഴിക്കാം."

അടുത്ത തെരുവിലൂടെ വേഗത്തിൽ വരുകയായിരുന്ന ഉന്നതഗാത്രനായ ഒരു യുവാവു വിളിച്ചുചോദിച്ചു: "മാക്കോ സഹോദരാ, അസ്സൻചോവിനു് എങ്ങിനെയുണ്ടു്."

"വരു ഡോക്ടർ, അകത്തേക്കു വരു."

തിളങ്ങുന്ന പിച്ചളക്കൂട്ടിൽ വച്ചിരുന്ന രണ്ടു മെഴുകുതിരികൾ പ്രഭാപ്രസരം ചൊരിഞ്ഞിരുന്ന ഒരു മുറിയിലേക്കാണു് മാർക്കോ അവരെ നയിച്ചതു്.

അതിഥികൾക്കായി ഉദ്ദേശിക്കപ്പെട്ടിരുന്ന ആ മുറി ചെറിയതും പ്രശാന്തവും ആനന്ദദായകവുമായിരുന്നു. പരവതാനിവിരിച്ചു് പഴയരീതിയിൽ സജ്ജീകരിച്ചിരുന്നതായിരുന്നു ആ മുറി. ആ സമ്പ്രദായം ചില പ്രവിശ്യകളിലെ പട്ടണങ്ങളിൽ അന്നും സ്വാധീനം ചെലുത്തിയിരുന്നു. മുറി മുഴുവൻ വിരിച്ചിരുന്നതു വർണ്ണശബളമായ പരവതാനിയായിരുന്നു. ജന്നൽപ്പടിയിൽ നല്ല ചുകന്നകംബളവും. അതെല്ലാം ആ വീട്ടിലുണ്ടാക്കിയതാണു്. മഞ്ഞുകാലത്തു മുറി ചൂടാക്കാനുപയോഗിക്കുന്ന ഒരു ഇരുമ്പുസ്റ്റോവ് അവിടെ സ്ഥലംപിടിച്ചിട്ടുണ്ടു്. വേനൽക്കാലത്തും അതവിടെനിന്നു മാറ്റാറില്ലാത്തതിനാൽ അതും അവിടെ ഒരു അലങ്കാരവസ്തുപോലെയായി. വിളക്കു കത്തിയിരുന്ന പ്രതിമാക്കൂട്ടിന്റെ മുകളിൽ ഏതാനും ചില വിഗ്രഹങ്ങൾ സ്ഥാപിച്ചിരുന്നു. അതിന്റെ പിന്നിലായി തീർത്ഥയാത്രക്കാർ സമ്മാനിച്ചതായ ആതോസ്മലയുടെ ചില ചിത്രങ്ങളുമാണു്. വിഗ്രഹങ്ങളെല്ലാം ചായംതേച്ചതും വളരെ പഴയതുമാണു്. അതുകൊണ്ടു് ഇവാനിസ്റ്റാ മുത്തശ്ശിയുടെ ദൃഷ്ടിയിൽ, അവയ്ക്കു വലിയ വിലയുണ്ടു്; ചില പുരാതനവസ്തുസൂക്ഷിപ്പുകാർ പഴയ ആയുധങ്ങൾക്കു വില കല്പിക്കുന്നതുപോലെ. അക്കൂട്ടത്തിൽപ്പെട്ട വളരെ വളരെ പഴയ ഒന്നു് അവരുടെ പ്രത്യേകാദരവും ബഹുമതിയും കരസ്ഥമാക്കിയിരുന്നു. ഈ അതിശയനീയമായ ചിത്രം അവരുടെ മുത്തച്ഛനായ ഹാജിആർസതി കാലുകൊണ്ടു വരച്ചതാണു് എന്നവർ അഭിമാനത്തോടെ എല്ലാവരോടും പറയുമായിരുന്നു. ആ സംഗതി വളരെ വിശ്വസനീയമായി തോന്നിയതിനാൽ

അതാരും നിഷേധിക്കാൻ മിനക്കെടാറില്ല. വിശുദ്ധ ഞായ റാഴ്ച അനുഗ്രഹിക്കപ്പെട്ടതായ 'വില്ലോവി'ൻേറയും 'ബാസി ലി'ൻേറയും രണ്ടു കുലകൾ വിഗ്രഹസ്റ്റാൻറിൽ സ്ഥാപിക്ക പ്പെട്ടിരുന്നു; അവയുടെ സാന്നിദ്ധ്യം ഗൃഹത്തിൽ ആരോഗ്യ വും സൗഭാഗ്യവും ഉണ്ടാക്കുമത്രെ. ചുമരിൻെറ ചുററുമുള്ള ഷെൽഫുകളിൽ നിരത്തിവെച്ചിരിക്കുന്ന സ്ഫടികപ്പാത്രങ്ങൾ സ്വാഭിമാനമുള്ള എല്ലാ വീട്ടുകാൎക്കും അത്യാവശ്യമായ ഒരു അലങ്കാരവസ്തുവായിരുന്നു. മൂലകളിലെ ത്രികോണാകൃതിയി ലുള്ള സ്റ്റാൻറിൽ നിറയെ കുസുമചഷകങ്ങളായിരുന്നു. വള രേക്കാലംമുമ്പുതന്നെ 'ചിബക്കി'ൻെറ ഫാഷൻ പോയിരു ന്നതിനാൽ ആംബർകൊണ്ടു പണിതിട്ടുള്ള അവയുടെ കുഴ ലുകളും വെള്ളികെട്ടിയ ചെപ്പും അലങ്കരണവസ്തുക്കളായി അവിടെ പ്രകടിപ്പിച്ചിരുന്നു. പഴയതിനോടുള്ള ബഹുമാന സൂചകമായി മാക്കോ ഒരൊററ ചിബക്മാത്രമേ തനിക്കാ യി സൂക്ഷിച്ചിട്ടുള്ളു. കിളിവാതിലിൻെറ എതിരേകാണുന്ന ചുമരാണു് ചിത്രകലാപ്രദൎശനത്തിനു സുപ്രധാനമായ പങ്കു വഹിച്ചിരുന്നതു്. മാക്കോഭവനത്തിൻെറ "ആശ്രമ"മായി രുന്നു അതു്. 'വള്ളാച്ചിയ'യിൽനിന്നു കൊണ്ടുവന്നിരുന്ന ആറു ചിത്രങ്ങൾ സ്വൎണ്ണനിറമുള്ള ഫ്രെയിമിട്ടു് തൂക്കിയിരു ന്നു. എല്ലപ്പും തൃപ്തിപ്പെടുത്താവുന്ന അക്കാലത്തെ കലാഭിരു ചിയെ വെളിപ്പെടുത്തുന്നതായിരുന്നു ആ അനന്യമായ ശേ ഖരണം. അതിൽ ചിലവ ജൎമ്മൻകാരുടെ ഗാൎഹികജീവിത ത്തെപ്പററി പ്രതിപാദിക്കുന്നവയാണു്. മററു ചിലവയിലെ പ്രതിപാദ്യവിഷയം ക്രിമിയൻ യുദ്ധസംഭവങ്ങളായ 'ആൽ മായുദ്ധം,' യുപ്പട്ടോറിയ സമരം, 1852 സിലിസ്ട്ര നിരോധ നം എന്നവയായിരുന്നു. കൂട്ടത്തിൽ അശ്വാരൂഢനായ സുൽ ത്താൻ അബ്ദുൾമജീദിൻെറ പടവും ഉണ്ടായിരുന്നു. അവ സാനത്തേതു് റുമേനിയൻഭാഷയിലുള്ള സിലിസ്ട്രയുദ്ധ ത്തെ സംബന്ധിച്ച ഒരു ലിഖിതം ആരോ ബൾഗേറിയൻ ഭാ ഷയിൽ അക്ഷരച്യുതിയോടെ തൎജ്ജിമ ചെയ്തിട്ടുള്ളതായി

രുന്നു. ഒടുവിലത്തെ പടത്തിലെ ചിത്രീകരണം റഷ്യൻ സമരവീരന്മാരുടെ മുട്ടിനുമേലോട്ടുള്ള രൂപങ്ങളായിരുന്നു. ഫാദർ സ്ട്വാർവി ജനങ്ങളെവിശ്വസിപ്പിച്ചിരുന്നതു് അവരുടെ കാലുകൾ ഇംഗ്ലീഷുകാരുടെ വെടിയുണ്ടയേററു് അററുപോയി എന്നായിരുന്നു. ഇവാനിസ്സാ മുത്തശ്ശി അവരെ വിളിച്ചിരുന്നതു് 'രക്തസാക്ഷികൾ' എന്നാണു്. കുട്ടികളോടു് അവർ ദേഷ്യപ്പെട്ടമായിരുന്നു: "ആരാണു് പിന്നേയും രക്തസാക്ഷികളെ തൊട്ടുകളിക്കുന്നതു്" എന്നു്. രക്തസാക്ഷികളുടെ പടങ്ങളുടെ മീതെയായി പെൻഡുലമുള്ള ഒരു പഴയ ക്ലോക്കു് തൂക്കിയിരുന്നു. പെൻഡുലത്തിന്റെ കനവും ചെയിനും താഴെ ജനാലിന്റെ മെത്തയിൽമുട്ടിക്കിടന്നിരുന്നു. ഈ പഴയ ഘടികാരം അതിനു ചെയ്യാവുന്ന ജോലി എന്നേ അവസാനിപ്പിച്ചിരുന്നു. അതിന്റെ ചട്ടക്കൂടെല്ലാം വിട്ടുതുടങ്ങി. സ്പ്രിങ്ങിന്റെ ബലം തീരെ പോയി. അതിന്റെ പുറത്തുള്ള ഇനാമലെല്ലാം വിണ്ടുകീറിയിരുന്നു. അതിന്റെ സൂചികളാകട്ടെ വളഞ്ഞു് ഒടിഞ്ഞു് അഴഞ്ഞുകിടന്നിരുന്നു. അതൊരു ജീവനുള്ള അവശിഷ്ടംമാത്രമായിരുന്നു. അതിന്റെ ജീവൻ നീട്ടിക്കൊടുക്കാൻ വളരെയധികം ശുഷ്കാന്തിയും സാമർത്ഥ്യവും മാക്കോ കാണിച്ചിരുന്നു. അദ്ദേഹംതന്നെയാണു് അതു നന്നാക്കാറു്. അതു് അഴിച്ചെടുത്തു്, അതിനുതാക്കോൽ കൊടുത്തു്, തൂവൽകൊണ്ടു് അതിന്റെ ഭാഗങ്ങളിലെല്ലാം എണ്ണ പുരട്ടി, കടലാസു കയററി അഴഞ്ഞഭാഗങ്ങളെല്ലാം ഉറപ്പിച്ചു്, അതു് നന്നാക്കി നടത്തുവാൻ അദ്ദേഹം പണിയെടുക്കും. അതൊരു സ്വല്പനേരം നടന്നു വീണ്ടും നിശ്ചലമാകും. വിനോദസ്വരത്തിൽ അദ്ദേഹമതിനെ വിളിക്കുന്നതു് "എന്റെ പഴയ ക്ഷയരോഗി" എന്നാണു്. പക്ഷേ ആ കുടുംബാംഗങ്ങൾ ഈ രോഗിയുമായി ചിരപരിചിതരാകയാൽ അതിന്റെ ശ്വാസം അഥവാ പെൻഡുലം നിലച്ചാൽ അവിടെ ആകെ മ്ലാനത പരക്കും. താക്കോൽ കൊടു

ക്കവാൻ മാക്കോ ചങ്ങലവലിക്കുമ്പോൾ ഉണ്ടാകുന്ന അലച്ച്യും കലപില ശബ്ദവും കേട്ട പലപ്പോഴും പൂച്ച ഓടിപ്പോകാറുണ്ട്. ഈ വിചിത്ര സാധനം ഒരു കാഴ്ചബംഗ്ലാവിൻെറ പ്രതീതി ഉളവാക്കിയിരുന്നു. ആ ചിത്രശാലയുടെ അലങ്കാരം അവിടെ തൂക്കിയിരുന്ന രണ്ടു ഗാർഹിക ചിത്രങ്ങളോടുകൂടി പൂത്തിയായി.

ഒത്ത ഉയരവും വണ്ണവുമുള്ള ഒരു ഇരുപത്തെട്ടുകാരൻ യുവാവാണ് ഡോക്ടർ സൊക്കലോവ്. മിന്നുന്ന തലമുടിയും ആത്മാത്മത തുളുമ്പുന്ന മുഖവും നീലക്കണ്ണുകളും അയാളുടെ പ്രത്യേകതയായിരുന്നു. സ്വാഭാവികമായി ഒരു എടുത്തുചാട്ടക്കാരനും, അല്പരസക്കാരനുമാണ് അദ്ദേഹം. "മോൺടഗ്രൻ" അതിർത്തിപ്രദേശത്തെ ഒരു തുർക്കിക്യാമ്പിൽ സഹായവൈദ്യനായി ജോലിചെയ്തതിനാൽ തുർക്കിഭാഷയും അവരുടെ ആചാരമര്യാദകളും അദ്ദേഹം പഠിച്ചു. ഓൺബാസിയോടൊപ്പം റാഖിയ കഴിച്ചിരുന്നു. അങ്ങനെ അയാളുടെ സായാഹ്നത്തിലെ കൂട്ടുകാരനായി. രാത്രികാലങ്ങളിൽ അയാളുടെ അടുപ്പിൻെറ ചിമ്മിനിയ്ക്കുനേരെ വെടിവെച്ച് അയാളെ ഭയപ്പെടുത്താറുണ്ടായിരുന്നു. പോരാത്തതിന് ഒരു കരടിയേയും വളർത്തുന്നുണ്ടായിരുന്നു. ഉജ്ജ്വലമായ ദേശാഭിമാനം, അകംതുറന്ന ഉന്മേഷദായകമായ പെരുമാററം എന്നിവകൊണ്ട് അദ്ദേഹം യുവജനങ്ങളുടെ ഇടയിൽ ഒരു പ്രമുഖനായിരുന്നു. ചോർബാഡ്ജിമാർ "യാനീന" സമ്പ്രദായത്തിൽ ശിക്ഷണം സിദ്ധിച്ച ഈ വൈദ്യനെ വിശ്വസിച്ചിരുന്നു. ഉല്ലാസസമ്മേളനങ്ങളിലെല്ലാം ആദ്യവസാനം ഇദ്ദേഹം ഉണ്ടായിരിക്കും. വല്ല കമ്മററികളോ ഗൂഢാലോചനകളോ ഉണ്ടായാൽ അതിലെ പ്രധാനിയും അദ്ദേഹമായിരിക്കും. ഇതു രണ്ടുമാണ് അദ്ദേഹത്തിൻെറ പ്രധാന തൊഴിൽ. ഒരു മെഡിക്കൽ സ്ഥാപനത്തിൽനിന്നു ബിരുദം എടുത്തിട്ടില്ലെങ്കിലും സാധാരണ ഗ്രീക്ക്‌വൈദ്യനിൽനിന്ന് തിരിച്ചറിയുവാൻ ചെറുപ്പക്കാർ ഇദ്ദേഹത്തെ ഡോക്ടർ

എന്നു വിളിച്ചുപോന്നു. ഡോക്ടരാകട്ടെ ഈ അപവാദത്തി ന്നെതിരായി പ്രതിഷേധമുയർത്താൻ മിനക്കെട്ടതുമില്ല. രോഗികളുടെ ചികിത്സ തൻെറ രണ്ടു വിശ്വസ്തസഹായികൾക്കദ്ദേഹം വിട്ടുകൊടുത്തു. അവരിൽ ഒന്നാമത്തേതു് ആരോഗ്യദായകമായ ആ മലംപ്രദേശത്തെ കാലാവസ്ഥയും രണ്ടാമത്തേതു് പ്രകൃതിയും ആയിരുന്നു. തൻെറ വൈദ്യഗ്രന്ഥത്തെ അധികമൊന്നും അദ്ദേഹം ആശ്രയിക്കാറില്ല; അതിലെ ലാററിൻഭാഷ അദ്ദേഹത്തിനു മനസ്സിലായതുമില്ല. ഒരൊററ ഷെൽഫിൽ ഒതുക്കിവെക്കാവുന്നവയായിരുന്നു ആ ഡോക്ടരുടെ മരുന്നുകളും ഉപകരണങ്ങളും. ഇത്രയുംകൊണ്ടു് തൻെറ എതിരാളികളെ തോല്പിക്കുവാൻ അദ്ദേഹത്തിനു നിഷ്പ്രയാസം സാധിച്ചു.

സോക്കലോവ് മാക്കോവിൻെറ കുടുംബവൈദ്യനായകയാൽ അസ്സൻകോവിനെ കാണുവാൻ വന്നതാണു്.

മറേറ സന്ദർശകൻ ഐവാൻകോ യോട്ടയാണു്. നല്ല ഒരു അയൽക്കാരനെപ്പോലെ അയാൾ ഒന്നു സംസാരിക്കാനും മാക്കോവിനെ സമാധാനിപ്പിക്കുവാനും എത്തിയതാണു്. കുറേ നിമിഷനേരത്തേയ്ക്കു സംഭാഷണം അന്നത്തെ സായാഹ്നസംഭവത്തെക്കുറിച്ചായിരുന്നു. ഐവാൻകോ സ്വതഃസിദ്ധമായ വാചാലതയോടെ അയാളുടെ പ്രതികരണവും ഉൽക്കണ്ഠയും വിവരിച്ചു.

"അങ്ങിനെ ഞാൻ പറയുകയാണു്" യോട്ട തുടന്നു: "നമ്മുടെ ലാല്ലി മേശമേലുള്ള അവശിഷ്ടങ്ങൾ മാററി വൃത്തിയാക്കിക്കൊണ്ടിരിക്കുമ്പോഴാണു് നിങ്ങളുടെ വളപ്പിലെ ബഹളംകേട്ടതു്. നായ ഭംഗിയായി കുരയ്ക്കുന്നുണ്ടായിരുന്നു. എനിക്കു ഭയമായി. അല്ല, ഞാൻ പറയുന്നതു് ഞാൻ പേടിച്ചുവെന്നല്ല. പക്ഷേ ഞാൻ ലാല്ലിയോടു പറഞ്ഞു. എൻെറ ലാല്ലേ എന്താണു് മാക്കോസഹോദരൻെറ വീട്ടിൽ സംഭവിക്കുന്നതു്. ഒന്നു്മുകളിൽപോയി നോക്കിവരു എന്നു്. പിന്നെ

എനിക്കുതന്നെ തോന്നിപ്പോയി ഇതു സ്ത്രീകളുടെ ജോലിയല്ല—അതുകൊണ്ടു സാഹസപൂർവ്വം ഞാൻതന്നെ വരാന്തയിൽ കയറി നോക്കി. നിങ്ങളുടെ പറമ്പുമുഴവൻ ഇരുട്ടായിരുന്നു. എന്താണ് അവിടെ നടക്കുന്നത് എന്നു ഞാൻ സ്വയം ആലോചിച്ചു. എല്ലാ അയൽക്കാരും ഉണന്നുകഴിഞ്ഞു. ലാല്ലുയാകട്ടെ എൻെറ കോട്ടിന്മേൽ പിടിച്ചുകൊണ്ടു പിന്നിൽവന്നു നിലയായി. എന്താണ് ചെയ്യാൻ പോകുന്നതു്; മാക്കോസഹോദരൻെറ പറമ്പിലേക്ക് ചാടാൻപോകയാണോ? ഓ, അവിടെ യാതൊന്നുമില്ല. മാക്കോവിൻെറ വളപ്പിലേയ്ക്കുള്ള വാതിൽ പൂട്ടിയേക്കു."

"അതിൻെറയൊന്നും ആവശ്യമുണ്ടായിരുന്നില്ല, എല്ലാം വെറുതെയായിരുന്നു" മാക്കോ പറഞ്ഞു.

"പിന്നെ" ഐവൻചോ തുടന്നു: "ഞാൻ വിചാരിച്ചു: നമുക്ക് കോനാക്കിനെ അറിയിക്കണം—ബായ് മാക്കോ നമ്മുടെ അയൽക്കാരനാണ്. അദ്ദേഹത്തെ ഈ ദുർഘടസന്ധിയിൽ നിസ്സഹായനായി വിട്ടുകൂടാ. ഞാനപ്പോൾത്തന്നെ ഗോവണിയിറങ്ങി. ലാല്ലു എൻെറ പിന്നിൽനിന്നും എന്തെല്ലാമോ ഉച്ചത്തിൽ പറയുന്നുണ്ടായിരുന്നു. "നാക്കടക്കു" ഞാൻ അധികാരത്തോടെ കല്പിച്ചു. ഞാൻ പടിവാതിൽക്കൽ പോയി പുറത്തേയ്ക്കു നോക്കി. അവിടെ സവ്വത്ര ശാന്തമായിരുന്നു."

"അസ്സൻകോ ഉറങ്ങുകയാണോ മാക്കോ," ഐവൻകോവിൻെറ വാഗ്‌വിലാസം ഒന്നു നിത്തുവാൻവേണ്ടി ഡോക്ടർ ചോദിച്ചു. പക്ഷേ ഐവൻ ധൃതിപിടിച്ചു തൻെറ കഥ തുടന്നു:

"നിരത്തു മുഴവൻ തീരെ നിശ്ശബ്ദമാണെന്നു കണ്ടപ്പോൾ ഞാൻ സ്വഗതമായി പറഞ്ഞു, 'ഇതാണ് പേടിക്കേണ്ടതു്.' അങ്ങിനെ ഞാൻ പറമ്പിൻെറ പിന്നിലേയ്ക്കു ചെന്നു. പിന്നിലെ വതിൽ തുറന്നു. ഇരുണ്ട ഇടവഴിയിലൂടെ

നെട്കോ ചേട്ടൻെറ വേലി കവച്ചുചാടി മുഹമ്മദിൻെറ സ്ഥലത്തെത്തി. ഗെഞ്ചോഅമ്മോമൻെറ ചാണകക്കുഴി കടന്നു് നേരെ കോനാക്കിൻെറ അട്ടക്കലെത്തി. ഞാൻ അകത്തു കടന്നു് ചുററും നോക്കി. അപ്പോൾതന്നെ വളരെ സാഹസത്തോടെ ഓൺബാസിയോടു പറഞ്ഞു, "ഇതാ മാക്കോവിൻെറ വീട്ടിൽ കള്ളൻ കടന്നിട്ടുണ്ടു്. കോഴികളെല്ലാം അവിടവിടെ പറന്നു നടക്കയാണു്."

"ഞാൻ മുമ്പു പറഞ്ഞപോലെ ഇവിടെ ഒരുത്തനും കടന്നില്ല. നിങ്ങൾ വെറുതെ ബുദ്ധിമുട്ടി." മാക്കോ പറഞ്ഞു.

പുറത്തു് കൊടുങ്കാററു് വളരെ ശക്തിയായി വീശി.

"ബായ്മാക്കോ; ഞാൻ ഒരു കാര്യം ചോദിക്കാൻ മറന്നു" ഡോക്ടർ പെട്ടെന്നു പറഞ്ഞു. "ഇന്നു് വൈകിട്ടു് ഒരു യുവാവു് താങ്കളെ കാണാൻ വന്നിരുന്നുവോ?"

"ഏതു് യുവാവു്?"

"ഒരപരിചിതനായ ചെറുപ്പക്കാരൻ. തീരെ മോശമായാണു് അവൻ വസ്ത്രധാരണം ചെയ്തിരുന്നതു്. ഞാൻ മനസ്സിലാക്കിയിടത്തോളം അയാൾ ഒരു ബുദ്ധിമാനാണു്. അയാൾ താങ്കളുടെ വീട്ടു് അന്വേഷിച്ചു."

"നിങ്ങൾ എവിടെയാണു് അയാളെ കണ്ടതു്. ഇവിടെ ആരും വന്നില്ല." പ്രത്യക്ഷമായ പരിഭ്രമത്തോടെ മാക്കോ അന്വേഷിച്ചു. പക്ഷേ അദ്ദേഹത്തിൻെറ അതിഥി അതു് ശ്രദ്ധിച്ചില്ല.

ഡോക്ടർ ശാന്തനായി തുടന്നു: "ഹാജിപാവലിൻെറ പനിനീർത്തോട്ടത്തിൻെറ സമീപംവച്ചു സന്ധ്യക്കു ഒരു ചെറുപ്പക്കാരൻ എൻറകൂടെ കൂടി. അയാൾ വിനയത്തോടെ എന്നോടു ചോദിച്ചു: "സർ, ബായ്മാക്കോ ഇവിടെനിന്നു വളരെയകലെയാണോ താമസിക്കുന്നതു്. ദയവുചെയ്തു് ഒന്നു പറഞ്ഞുതരാമോ, എനിക്കദ്ദേഹത്തെ ഒന്നു കാണ

ണം, ഞാൻ ആദ്യമായി ഇങ്ങോട്ട വരികയാണ."'' ഞാൻ ഈ വഴി വരുകയായിരുന്നു. അതുകൊണ്ട് എൻെറകൂടെ പോന്നോളാൻ ഞാൻ അയാളെ ക്ഷണിച്ചു. വഴിക്കവെച്ച ഞാൻ അയാളെ നല്ലപോലെ നോക്കിക്കണ്ടു. സാധു, സാമാന്യം നഗ്നനായിരുന്നു. എനിക്ക കാണാൻ കഴിഞ്ഞിടത്തോളം അയാളുടെ കോട്ട് പഴകി അവിടവിടെ പിഞ്ഞിയിരുന്നു. അയാൾ ആകെ ചടച്ചും വിളർത്തുമിരുന്നു; സ്വന്തം കാലിന്മേൽ നില്ക്കാൻകൂടി കഴിയാത്തപോലെയായിരുന്നു. തണുപ്പും വർദ്ധിച്ചുതുടങ്ങി. അയാൾ എവിടെനിന്നു് വരുന്നുവെന്നോ ഈ നിലയിലായതു എന്തുകൊണ്ടെന്നോ ചോദിക്കുവാൻ എനിക്ക ധൈര്യമുണ്ടായില്ല. പക്ഷേ, എനിക്ക വല്ലാത്ത സങ്കടവും അലോഗ്യവും തോന്നി. ഞാൻ എൻെറ കോട്ടിൽനോക്കി, അതു് വളരെ പഴയതായിരുന്നു."സർ, ഞാനീ കോട്ട നിങ്ങൾക്ക തരികയാണെങ്കിൽ അതു് സ്വീകരിക്കുന്നതിന്ന വിരോധമുണ്ടോ? നിങ്ങൾ ഈ നിലയിൽ നടക്കുകയാണെങ്കിൽ നിങ്ങൾക്ക ജലദോഷം പിടിക്കും." അയാൾ നന്ദിപറഞ്ഞു് അതു സ്വീകരിച്ചു. അങ്ങിനെ ഞങ്ങൾ താങ്കളുടെ പടിക്കലെത്തി. ഞാൻ അയാളെ വിട്ടുപോയി. അയാൾ ആരായിരുന്നുവെന്നു് നിങ്ങളോട്ട ചോദിക്കണമെന്നു് വിചാരിക്കയായിരുന്നു."

"ഞാൻ പറഞ്ഞില്ലേ ആരും ഇവിടെ വന്നില്ല."

"അതു വളരെ അസംഭവ്യമായിരിക്കുന്നുവല്ലോ."

"അയാളായിരിക്കുമോ നിങ്ങളുടെ മതിൽ കയറിവന്ന കള്ളൻ. അപ്പോൾ ലഹള അസ്ഥാനത്തല്ല" ഐവാൻചോ പറഞ്ഞു.

"അയാൾ കൊള്ളക്കാരനൊന്നുമല്ല: ഒരൊററനോട്ടത്തിന് അതറിയാം." ഡോക്ടർ വിശദീകരിച്ചു.

സംഭാഷണം ഒരു അസുഖാവസ്ഥയിലെത്തി. വിഷയം മാററാൻ മാക്കോ ഡോക്ടരോട്ട ചോദിച്ചു:

ഡോക്ടർ പത്രംകണ്ടോ ഹെർസിഗോവിനയിലെ ല ഹള എങ്ങിനെയിരിക്കുന്നു.

ബായ്മാക്കോ, "അതവസാനിക്കാറായി. അവർ ധീര ന്മാരാണ്; അവർ പല അത്ഭുതകൃത്യങ്ങളും ചെയ്തു. എന്നി രുന്നാലും ഒററയ്ക്ക് എന്തുചെയ്യാൻ കഴിയും."

"വളരെക്കുറച്ച് ആളുകൾമാത്രം എത്രകാലം എതിർത്തു നില്ക്കും. നമുക്കാണെങ്കിൽ ഇത്രയുംകൂടി ചെയ്യാൻ കഴിയു മായിരുന്നില്ല."

"നമ്മൾ വല്ലപ്പോഴും ശ്രമിച്ചിട്ടുണ്ടോ? ഹെർസിഗോവി നിയക്കാരേക്കാൾ അഞ്ചിരട്ടിയുണ്ട് നമ്മൾ. നമുക്കു് നമ്മുടെ സ്വന്തം ശക്തി അറിയില്ല."

"അങ്ങിനെ പറയരുതു ഡോക്ടർ" മാക്കോ പറഞ്ഞു. "ഹെർസിഗോവിനയക്കാർ നമ്മിൽനിന്നു വളരെ വ്യത്യസ്തരാ ണ്. നാം നരകത്തിൻെറ നടുക്കാണ്. അവരെപ്പോലെ നാം ഇളകിയാൽ ചെമ്മിരിയാടുകളെപ്പോലെ അവർ നമ്മെ കശാപ്പുചെയ്യും. സഹായമഭ്യർത്ഥിക്കാൻ നമുക്കു് ഒരു ഇട വുമില്ല."

"ഞാൻ ചോദിക്കുന്നു, നാം എപ്പോഴെങ്കിലും ശ്രമിച്ചി ട്ടുണ്ടോ?" ഡോക്ടർ ആവേശത്തോടെ ആവർത്തിച്ചു.

"നാം ഒന്നും ചെയ്തില്ലെങ്കിലും അവർ നമ്മെ കശാപ്പു ചെയ്യും, കൂട്ടക്കൊല ചെയ്യും. എത്രത്തോളം നാം മാടുകളെ പ്പോലെയാകുന്നുവോ അത്രത്തോളം ഭയങ്കരമായി അവർ നമ്മെ മർദ്ദിക്കുന്നു. ആ ഗോഞ്ചോവിൻെറ കൊച്ചുകുട്ടി എന്തു ചെയ്തിട്ടാണ് അവൻെറ തലയില്ലാത്ത ഉടൽ ഇവിടെ കൊ ണ്ടുനടന്നതു്. ഈ ദുർഭരണത്തിന്നെതിരായി നാം പ്രക്ഷോഭം കൂട്ടിയാൽ ആ നിമിഷം കയറുംകാട്ടി അവർ നമ്മെ ഭയപ്പെ ടുത്തും. ആ സമയത്തു് എംകീസിസ്ഫയൽമാനെപ്പോലെ യുള്ളവക്കു് ശിക്ഷയെ പേടിക്കാതെ ഹാലിളകി എന്തും

ചെയ്യാം. എന്തു ന്യായമാണിതു്. എത്ര ദുർബലഹൃദയനും ഈ ദൂഷണം സഹിക്കാൻ സാദ്ധ്യമല്ല. നമ്മുടെ ആൾക്കാർ പറയും അരിപ്പട്ടക്കുടി ഹൃദയമുണ്ടെന്നു്."

ഇവാനിസ്റ്റാ മുത്തശ്ശി കടന്നുവന്നു.

"നീ അറിഞ്ഞോ?" അവർ പറഞ്ഞു: "ആ മഴക്കു കുറച്ചുമുമ്പു് പെന വെടിയുടെ ശബ്ദം കേട്ടുവത്രെ. കന്യകാമേരി ഏതോ ക്രിസ്ത്യാനിയെ ഇപ്പോൾ ശ്മശാനത്തിലേക്കു് എത്തിച്ചിട്ടുണ്ടാവും.

മാക്കോ ഞെട്ടി. അദ്ദേഹത്തിന്റെ മുഖഭാവം മാറി. ക്രാലിച്ചിനു് എന്തോ ആപത്തുപററിയെന്നു് ഒരു അന്തർശക്തി അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹത്തിനു താങ്ങാനാവാത്ത സങ്കടംതോന്നി.

"എന്താ ബായി മാക്കോ എന്തുപററി" മുഖത്തെ വ്യാകുലതകണ്ടു ഡോക്ടർ ചോദിച്ചു.

മഴ നിന്നു. അതിഥികൾ യാത്രയാകാൻ തയാറായി. ആ വാർത്ത അവരേയും വിഷമിപ്പിച്ചിരുന്നു.

"അതു വല്ല ജനവാതിലും ആഞ്ഞടിച്ച ശബ്ദമാകാം വേലക്കാരി പിന്നേയും തെററിദ്ധരിച്ചതാണു്. ഭയപ്പെടാതെ സാഹസം വേണ്ട." യോട്ട എട്ടുത്തു പറഞ്ഞു.

"മുത്തശ്ശി, വാതിൽ തുറന്നിരിക്കയാണോ?"

മാക്കോ ഡോക്ടറെ പടിക്കൽ കൊണ്ടുവിടാൻ പോയപ്പോൾ ഭാര്യ തുറന്നുകൊട്ടത്ത ഇടപ്പടി ചാടി ഐവാൻചോ ഓടിപ്പോയി.

## അദ്ധ്യായം 5

# ആ രാത്രി തുടരുകയാണ്

ഡോക്ടർ സ്വന്തം പടിവാതിലിൽ മുട്ടി.

ഒരു കിഴവി വാതിൽ തുറന്നുകൊടുത്തു. അകത്തുകയറിയ ഉടനെ അദ്ദേഹം ആരാഞ്ഞു;

"ക്ലിയോപാട്ര എന്തുചെയ്യുന്നു?"

"അവൾ നിങ്ങളെ അന്വേഷിക്കയാണ്." വൃദ്ധ ഒരു പുഞ്ചിരിയോടെ പറഞ്ഞു.

ആ നീണ്ട മുററം കടന്ന് ഡോക്ടർ സ്വന്തം മുറിയിലേക്കു പോയി. അധികം ഉപകരണങ്ങളില്ലാത്തതും വിശാലവുമായ അതിൻെറ ചുമരിനു ചുററും അലമാരികൾ ഉണ്ടായിരുന്നു. വലുതായ ഒരു അഗ്നികുണ്ഡമുള്ള ആ മുറി അതിഥിമുറിയായും, കിടപ്പുമുറിയായും, വൈദ്യശാലയായും ഉപയോഗിക്കപ്പെട്ടിരുന്നു. ഒരു ചെറിയ മേശമേൽ ഒരു അരകല്ലും, ഒരു ചെറിയ ഷെൽഫിൽ കുറച്ചു മരുന്നുകുപ്പികളും അവിടെ സജ്ജീകരിച്ചിരുന്നു. കുറെ വൈദ്യപുസ്തകങ്ങൾ ചുററും ചിതറിക്കിടന്നിരുന്നു; കൂട്ടത്തിൽ ഒരു കൈത്തോക്കും ഉണ്ടായിരുന്നു. കിടക്കയ്ക്കു മുകളിലായി ഉറയിട്ട ഒരു ഇരട്ടക്കുഴൽതോക്ക തൂക്കിയിരുന്നു. മോണ്ടിഗ്രിൻ രാജകുമാരനായ നിക്കോളാസിൻെറ ഒരു ചിത്രംമാത്രമായിരുന്നു ആ മുറിയിലെ അലങ്കാരം; അതിൻെറ താഴെ ഒരു നടിയുടെ ചിത്രവും വെച്ചിരുന്നു. ശാന്തവും വൃത്തിശൂന്യവും അടുക്കില്ലാത്തതുമായ ആ മുറി പ്രഥമദൃഷ്ടിയിൽത്തന്നെ ഉദാസീനനായ ഒരു അവിവാഹിതൻേറതാണെന്നു ആർക്കും മനസ്സിലാകും. ചായ്പിൻെറ

വാതിൽ തുറന്നുകിടന്നിരുന്നു. മൂന്നുകൊല്ലംമുമ്പ്, പരേതനായ സഖാവ് ലാവസ്സി കുറേ അധികം രാത്രികൾ അവിടെ ഒളിച്ചുകഴിച്ചുകൂട്ടിയിട്ടുണ്ട്.

ഡോക്ടർ അശ്രദ്ധനായി തൻെറ തൊപ്പിയും കോട്ടും അഴിച്ചെറിഞ്ഞു് അടുത്ത മുറിയിൽപ്പോയി കൈകൊട്ടി വിളിച്ചു:

"ക്ലിയോപാട്ര, ക്ലിയോപാട്ര"

ആരും ഉത്തരം പറഞ്ഞില്ല.

പക്ഷേ, ചായ്പിൽനിന്നൊരു ശബ്ദം കേട്ടു. മുറിയുടെ നടുക്ക് കസേരയിൽ ചെന്നിരുന്നു് ഡോക്ടർ വിളിച്ചു പറഞ്ഞു:

"ക്ലിയോപാട്ര. ഇവിടെ വരൂ."

ഒരു കരടി, അതോ ഒരു സിംഹക്കുട്ടിയോ—വലിയ കാലടികൾ നിലത്തിഴച്ചുകൊണ്ടും എന്തോ ആഹ്ലാദസ്വരം പുറപ്പെടുവിച്ചും അടുത്തുവന്നു. എണീററുനിന്നു അതു തൻെറ മുൻകാലുകൾ ഡോക്ടരുടെ മുട്ടിന്മേൽവെച്ചു, വെളുത്തുകൂർത്ത പല്ലുകളുള്ള തൻെറ വായ തുറന്നു. ഒരു നായക്കുട്ടിയേപ്പോലെ അതു കളിക്കാൻ തുടങ്ങി. അതിൻെറ തലയ്ക്കുമുകളിലുള്ള മിനുത്ത രോമം തലോടി. ഡോക്ടർ തൻെറ കൈ അതിനു നക്കാൻ കൊടുത്തു. കൈ മുഴുവൻ നക്കി അതങ്ങിനെതന്നെ തൻെറ വായിലാക്കി.

ഡ്രഡ്നഗോറായിലെ ഒരു മലയിൽനിന്നു് ഒരു കർഷകൻ, ചെറുപ്പത്തിലെ പിടിച്ച ഈ വന്യമൃഗത്തെ, തൻെറ മകൻെറ അപായകരമായ രോഗം ഭേദമാക്കിയതിനു നന്ദിയായി ഡോക്ടർക്ക് സമ്മാനിച്ചതാണു്. ഡോക്ടർക്ക് അതിനെ വളരെ ഇഷ്ടമായി. അദ്ദേഹം തൻെറ അധികസമയവും അതിനെ പരിശീലിപ്പിക്കുവാൻ വിനിയോഗിച്ചിരുന്നു. അദ്ദേഹത്തിൻെറ സ്നേഹപൂർണ്ണമായ ശുശ്രൂഷയിൽ അതു സുഖമാ

യി വളൎന്നു. കായികാഭ്യാസങ്ങൾ എല്ലാം അതു പഠിച്ചു. ദിനംപ്രതി അതിനു തന്റെ യജമാനനോടു ഭക്തി വൎദ്ധിച്ചുവന്നു.

ക്ലിയോപാട്രക്കു ഡാൻസുചെയ്യാനും ഡോക്ടരുടെ തൊപ്പി എടുത്തുകൊടുക്കുവാനും അദ്ദേഹത്തെ കാത്തുനില്ക്കാനും, ഒരു നായയെപ്പോലെതന്നെ ആ മുറി കാത്തുസൂക്ഷിക്കാനും അറിയാം. പക്ഷേ, അതു നല്ല ഒരു ഉപകാരിയാണോ എന്നു സംശയമാണു്. കാരണം അവിടത്തെ അവളുടെ സാന്നിദ്ധ്യം രോഗികളെ വിരട്ടിയോടിച്ചിരുന്നു. ഡോക്ടർ അതൊട്ടുംതന്നെ ഗൗനിച്ചിരുന്നുമില്ല.

സാധാരണ ക്ലിയോപാട്ര. തന്റെ നൃത്തം അതിന്റെ ഉച്ചകോടിയിലെത്തുമ്പോൾ ഭയങ്കരമായി അലറും. അപ്പോൾ അയൽക്കാൎക്കെല്ലാം മനസ്സിലികും ക്ലിയോപാട്ര നൃത്തം ചെയ്യുകയാണെന്നു്. ചിലപ്പോൾ ശുദ്ധഹൃദയനായ ഡോക്ടരും അവളോടൊപ്പം നൃത്തം ചെയ്യും.

അന്നു സായാഹ്നത്തിൽ ഡോക്ടർക്കു സുന്ദരിയായ ക്ലിയോപാട്രയോടു കൂടുതൽ മമത തോന്നി. ഒരു കഷ്ണം മാംസമെടുത്തുപിടിച്ചു് അതു് തന്റെ കയ്യിൽനിന്നെടുക്കുവാൻ അവളെ അനുവദിച്ചു.

"തിന്നു്, ഓമനേ, തിന്നു്. വിശക്കുന്ന കരടികൾക്കു നൃത്തം ചെയ്യാൻ ആവില്ല എന്നാണു് പഴമൊഴി. ഇന്നുരാത്രി എനിക്കുവേണ്ടി നീ ഒരു രാജകുമാരിയെപ്പോലെ നടനം ചെയ്യണം."

കരടിക്കു സംഗതി മനസ്സിലായതുപോലെ അവൾ അലറി. അതിന്റെ അൎത്ഥം ഞാൻ 'തയ്യാറാണു്' എന്നായിരുന്നു. ഒരു ചെമ്പുപാത്രമെടുത്തു് ഡോക്ടർ ഉന്മേഷത്തോടെ കൊട്ടിക്കൊണ്ടു് പാടിത്തുടങ്ങി.

തന്റെ പിൻകാലിൽ ഉയൎന്നുനിന്നവൾ അലറിക്കൊ

ണ്ടു നൃത്തംചെയ്യാനുംതുടങ്ങി. പെട്ടെന്നു് കിളിവാതിലിലേക്കു് ഓടിച്ചെന്നു് അവൾ അലറി. പരിഭ്രമിച്ച ഡോക്ടർക്കു മനസ്സിലായി, വെളിയിൽ ആരോ ഉണ്ടെന്നു്.

അദ്ദേഹം കൈത്തോക്കു് കടന്നെടുത്തു.

ക്ലിയോപാട്രയെ ശാന്തമാക്കാൻ അവളെ ഉഴിഞ്ഞുകൊണ്ടു് ഡോക്ടർ വിളിച്ചുചോദിച്ചു:

"ആരാ അവിടെ?"

"ഡോക്ടർ ദയവുചെയ്തു കോനാക്കിൻെറ അട്ടക്കലേക്കു വരണം."

"ഓ, ഷെരിഫ് ആഗയാണോ. നിങ്ങൾക്കു് രാത്രി ഈ അസമയത്തു് എന്തു നാശത്തിനാണു് എന്നെ ആവശ്യം. വല്ലവർക്കും സുഖക്കേടാണോ?"

"ആദ്യം ആ കരടിയെ അടച്ചുപൂട്ടു."

ഡോക്ടർ കരടിയോടു് ആഗ്യം കാണിച്ചപ്പോൾ ഇഷ്ടമില്ലാത്തമട്ടിൽ മുരണ്ടുകൊണ്ടു് അവൾ കിടപ്പറയിലേക്കു പോയി. ഡോക്ടർ ആ വാതിൽ അടച്ചു.

"കോനാക്കിൻെറ കല്പനയുണ്ടു് നിങ്ങളെ വിളിച്ചുകൊണ്ടുചെല്ലുവാൻ. നിങ്ങളെ അറസ്ററുചെയ്തിരിക്കുന്നു." ഓൺബാസി കർക്കശമായി പറഞ്ഞു.

"എന്തുകൊണ്ടു്, എന്നെ ആരാണു് അറസ്റ്റു ചെയ്തതു്?"

"വിവരമെല്ലാം അവിടെ ചെന്നിട്ടു കേൾക്കാം. ദയവായി നടക്കു."

പരിഭ്രാന്തനായ ഡോക്ടരെ പിടിച്ചുകൊണ്ടവർ പോയി. ഡോക്ടർക്കു് ഉള്ളിൽ തോന്നി താൻ എന്തോ തകരാറിലേക്കാണു പോകുന്നതെന്നു്.

ഡോക്ടർ ഗേററു് കടന്നപ്പോൾ ക്ലിയോപാട്രയുടെ ഹൃദയംതകർന്ന മുറവിളികൾ മുഴങ്ങികേൾക്കുന്നുണ്ടായിരുന്നു.

കോനാക്ക് റെഡിയായിരുന്നു. അയാൾ അദ്ദേഹത്തെ 'ബെ'യുടെ അടുക്കലേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

അയാൾ മുറിയുടെ മൂലയിൽ തൻെറ പതിവുസ്ഥലത്ത് ഇരുന്നിരുന്നു. കിരിയാക് സ്റ്റെഫ്കോവ് അയാളുടെ അടുത്ത് ഏതോ കടലാസ്സു വായിച്ചുകൊണ്ടിരിക്കുന്നു. കൗൺസിലർ നെക്കോപിരൻകോ സ്റ്റെഫ്കോവിൻെറ ചുമലിലൂടെ അതിലേയ്ക്കുതന്നെ ഉററുനോക്കിക്കൊണ്ടിരിക്കയാണ്. ബെ—അറുപതു വയസ്സായ ഒരു വൃദ്ധൻ—മുഖംവീർപ്പിച്ചുകൊണ്ടു ഡോക്ടരെ എതിരേററു. എന്നാലും അദ്ദേഹത്തെ ഇരിക്കാൻ ക്ഷണിച്ചു. തുർക്കികൾ സംശയിക്കപ്പെട്ടവരോടെല്ലാം അനുവർത്തിക്കാറുള്ള ഒരു നയമാണ് ഇതു്—അവരെക്കൊണ്ടെല്ലാം സമ്മതിപ്പിക്കുവാൻ.

പോരാത്തതിനു സൊക്കലോവ് ബെയുടെ കുടുംബവൈദ്യനും ഒരു ഇഷ്ടനുമായിരുന്നു.

ഡോക്ടർ തൻെറ ചുററും വളരെ ശ്രദ്ധയോടെ നോക്കി. താൻ തലേദിവസം ക്രാലിച്ചിനു കൊടുത്ത കോട്ടു ജനൽപടിയിൽ കിടക്കുന്നതു കണ്ടപ്പോൾ അദ്ദേഹം അത്ഭുതപ്പെട്ടു. അദ്ദേഹത്തിൻെറ സംശയങ്ങളിലേയ്ക്ക് ഈ കണ്ടുപിടുത്തം അല്പം വെളിച്ചംവീശി.

"ഈ കോട്ട് നിങ്ങളുടേതാണോ ഡോക്ടർ?" ബെ ചോദിച്ചു.

തെളിഞ്ഞ യാഥാർത്ഥ്യം മറച്ചുവെയ്ക്കുന്നതുകൊണ്ട് ഒരു ഗുണവുമില്ലെന്നു മനസ്സിലാക്കിയ ഡോക്ടർ അതു തൻേറതാണെന്നു സമ്മതിച്ചു.

"അതു പിന്നെ എങ്ങിനെ നിങ്ങളുടെ കൈവശമല്ലാതായി?"

"ഞാനതു ഇന്നലെ ഒരു സാധുവിനു കൊടുത്തു."

"എവിടെവെച്ച്."

"ഹാജിഷാധൊ തെരുവിൽവെച്ച്."

"എപ്പോഴാണ് അതുണ്ടായത്?"

"ഏകദേശം രണ്ടുമണിയായിട്ടുണ്ടാകും." (ടർക്കിഷ് സമയം അപ്പോൾ സന്ധ്യ കഴിഞ്ഞിരിക്കും.)

"നിങ്ങൾ അയാളെ അറിയുമോ?"

"ഇല്ല. പക്ഷേ എനിക്കയാളെക്കണ്ടിട്ടു സങ്കടംതോന്നി. വസ്ത്രങ്ങൾ കീറിപ്പറിഞ്ഞു് അയാൾ ഏതാണ്ടു നഗ്നനായിരുന്നു."

"ഈ തെണ്ടി എങ്ങിനെ നുണ പറയുന്നു!" നെക്കോ പുച്ഛത്തോടെ വിളിച്ചുപറഞ്ഞു.

"കൊള്ളാം നെക്കോ, മുങ്ങിമരിക്കാൻപോകുന്നവൻ വൈക്കോൽ തുരുമ്പിന്മേൽക്കൂടി കടന്നു പിടികൂടാറില്ലേ." അയാളുടെ അടുത്തിരുന്നവൻ മറുപടി പറഞ്ഞു.

വേറെ ഒരു കള്ളം കണ്ടുപിടിച്ചമാതിരി ബെ പുച്ഛത്തിൽ ചിരിച്ചു. ബേ ക്കു തീർച്ചയായിരുന്നു കാവൽക്കാർ പറഞ്ഞതുപോലെ ഡോക്ടരുടെ ദേഹത്തിൽനിന്നുതന്നെയാണ് ആ കോട്ട് വലിച്ചെടുത്തതെന്നു്.

"കിരിയാക്ക് എഫൻഡി ആ കടലാസ്സുകൾ ഇങ്ങോട്ടെടുക്കു. നിങ്ങൾക്കിതിനെപ്പററി വല്ലതും അറിയാമോ?"

ഡോക്ടർ കണ്ടത് 'സ്വാതന്ത്ര്യ'പത്രത്തിൻെറ ഒരു പ്രതിയും അച്ചടിച്ച ഒരു വിപ്ലവപ്രകടനപത്രികയുമാണ്. ഇക്കാര്യത്തിൽ തനിക്കു യാതൊരു അറിവുമില്ല എന്നറിയിച്ചു.

"പിന്നെ ഇതു് ആരാണ് നിങ്ങളുടെ പോക്കററിൽ ഇട്ടതു്?"

"ഞാൻ പറഞ്ഞില്ലേ; ഈ കോട്ട് ഒരാൾക്കു കൊടുത്തുവെന്നു്. ഈ സാധനങ്ങൾ അയാളുടേതായിരിക്കും."

ബെ പിന്നേയും പല്ലിളിച്ചു. സംഭവഗതികൾ തനിക്കു

പ്രതികൂലമായി വരികയാണെന്നു ഡോക്ടർ മനസ്സിലാക്കി. ഒന്നുമില്ല; എങ്കിലും തനിക്കൊരു വിപ്ലവകാരിയുമായി ഇട പാട്ടുണ്ടെന്നു വരുത്തിക്കൂട്ടുവാൻ ശ്രമിക്കയാണ് അവർ എ ന്നദ്ദേഹത്തിന്നുതോന്നി.

അപ്പോൾ ഇന്നലത്തെ അപരിചിതൻ ആത്തരക്കാര നായിരുന്നു എന്നറിഞ്ഞിരുന്നുവെങ്കിൽ, തനിക്കുതന്നെയും അയാളെയും ഈ അത്യാപത്തിൽനിന്നും രക്ഷിക്കാമായി രുന്നു,

"ശരി. മുറിവേററ ഉസ്താനെ വിളിച്ചുകൊണ്ടുവരു." ബെ ആജ്ഞാപിച്ചു.

ഒരു തുക്കി പോലീസുകാരൻ പ്രവേശിച്ചു. അയാളുടെ കൈ മുട്ടിനുമീതെ ബാൻഡേജ് വെച്ചുകെട്ടിയിരുന്നു. ക്രാ ലിച്ചിൻെറ കോട്ടൂരിയതും, തൻെറ സ്നേഹിതൻെറ ലക്ഷ്യം പിഴച്ച വെടിയുണ്ടക്കു യാദൃച്ഛികമായി വിധേയനായതും ഇ യാളായിരുന്നു. പക്ഷേ അയാൾക്കു വളരെ തീച്ച്യയായിരു ന്നു—അഥവാ അങ്ങിനെവിചാരിച്ചു—തങ്ങൾ ഓടിച്ചിരു ന്ന സഖാവാണ് തന്നെമുറിവേൽപ്പിച്ചതു് എന്നു്.

ഉസ്താൻ ഡോക്ടരുടെ അടുത്തേക്കു നീങ്ങി.

"അതെ. ഇയാൾതന്നെയാണു് യജമാനനെ."

"നിങ്ങൾ ഇദ്ദേഹത്തിൻെറ ദേഹത്തിൽ നിന്നാണോ കോട്ട് ഊരിയതു്? തീച്ച്യയായും ഇയാളെ തിരിച്ചറിയാൻ കഴിയുമോ?"

"പെററു്കാൻതെരുവിൽവെച്ചു് എന്നെ മുറിവേല്പി ച്ചതു് ഇദ്ദേഹംതന്നെയാണു്."

ഡോക്ടർ അത്ഭുതത്തോടെ അയാളെ മിഴിച്ചുനോക്കി. ഇത്ര ഭയങ്കരമായ അപവാദംകേട്ടപ്പോൾ അദ്ദേഹത്തിനു് ശു ണ്ഠികയറി.

"പോലീസുകാരൻ സംഭവം തെററിദ്ധരിച്ചു നുണ പ

റയുകയാണു്."

"നിങ്ങൾക്കു പോകാം ഉസ്താൻ." തിരിഞ്ഞു ഡോക്ടരോടു് കർക്കശമായി ബെ ചോദിച്ചു: "ഹേ മാന്യാ, നിങ്ങൾ ഇതെല്ലാം നിഷേധിക്കുന്നുവോ?"

"ഇതൊരു നുണയും അപവാദവുമാണു്. ഞാൻ തോക്കുകൊണ്ടു നടക്കാറില്ല. ഇന്നലെരാത്രി പെററ്കാൻ തെരുവിൽപോയിട്ടുമില്ല."

ഓൺബാസി ഡോക്ടരുടെ മേശയിൻനിന്നു് എടുത്തിരുന്ന തോക്കു് മെഴുകുതിരിയുടെ സമീപംകൊണ്ടുപോയി പരിശോധിച്ചു, അർത്ഥവത്തായി പറഞ്ഞു: "ഇതിൽ നാലുണ്ടകളുണ്ടു്. അഞ്ചാമത്തെ ഉറ ഒഴിഞ്ഞുകിടക്കുന്നു."

ബേ നിമിത്തസൂചകമായി തല കുലുക്കി.

"നിങ്ങൾക്കിത്തവണയും തെററുപററി. ഞാൻ ഇന്നലെ തോക്കു കൊണ്ടുപോയിരുന്നില്ല."

"മാന്യൻ, ഇന്നലെ മൂന്നുമണിക്കു ഇതെല്ലാം നടക്കുമ്പോൾ നിങ്ങൾ എവിടെയായിരുന്നു."

അപ്രതീക്ഷിതമായ ഈ ചോദ്യം അദ്ദേഹത്തെ അമ്പരപ്പിച്ചു. പരിഭ്രാന്തികൊണ്ടു രക്തവർണ്ണനായെങ്കിലും സംയമനത്തോടെ പറഞ്ഞു.

"ഏകദേശം മൂന്നുമണിസമയത്തു് ഞാൻ മാക്കോഫെഎവനോവിൻെറ വസതിയിലായിരുന്നു. അദ്ദേഹത്തിൻെറ മകനു സുഖമില്ലാതിരിയ്ക്കുയാണു്.

"നിങ്ങൾ മാക്കോവിൻെറ വീട്ടിലെത്തിയപ്പോൾ നാലുമണിയായിക്കാണും. ഞങ്ങൾ അവിടെനിന്നു മടങ്ങുകയായിരുന്നു." വഴിക്കുവെച്ചു ഡോക്ടരെ കണ്ടിരുന്ന ഓൺബാസി പ്രതിഷേധിച്ചു.

ഡോക്ടർ നിശ്ശബ്ദനായി. പരിതഃസ്ഥിതികൾ അദ്ദേഹ

ത്തിന്ന പ്രതികൂലമായി നീങ്ങുകയാണു്. താൻ ആപത്തിൽ പതിക്കുവാൻ പോകയാണെന്നു അദ്ദേഹം കണ്ടു.

"ശരി; ഇതു പറയൂ, ഹാജിഷോഡോവിൻെറ നിരത്തിൽവെച്ച് കോട്ട് സമ്മാനിച്ചതിൻെറശേഷം ചോർബാഡ്ജി മാക്കോവിൻെറ ഭവനത്തിൽ എത്തുന്നതിനുമുമ്പുവരേയുള്ള സമയം നിങ്ങൾ എവിടെയായിരുന്നു." ബേനയത്തിൽ തൻെറ ചോദ്യം മാററി.

വെളിവായ ഈ ചോദ്യത്തിനു വെളിവായ ഒരു മറുപടിതന്നെ പറയണം. പക്ഷേ, ഡോക്ടർ സൊക്കലൊവ് അതു ചെയ്തില്ല. ഉള്ളിൽ നടക്കുന്ന ഭയങ്കര കുഴപ്പവും ധാർമ്മികമായ യാതനയുടെ ലാഞ്ഛനയും ആ മുഖത്തു പ്രതിഫലിച്ചു.

ഈ പരിഭ്രമവും നിശ്ശബ്ദതയും കുററസമ്മതത്തേക്കാൾ വാചാലമായിരുന്നു. ബെ കുററവാളിയെ മുമ്പിൽ കണ്ടു. പക്ഷേ അവസാനമായി ഒന്നുകൂടി ചോദിച്ചു:

"ആ സമയത്തു നിങ്ങൾ എവിടെയായിരുന്നു."

ഡോക്ടർ ശാന്തനായി ഉറപ്പിച്ചു പറഞ്ഞു: "എനിക്കതു പറയാൻ നിവൃത്തിയില്ല."

ഈ ഉത്തരം എല്ലാവരേയും അത്ഭുതപ്പെടുത്തി. സ്റ്റെഫ്കോവിനെ നോക്കി കൗൺസിലർ നെക്കോ പരിഹാസപൂർവ്വം കണ്ണിറുക്കി, "സാധു, അയാൾ കെണിയിൽപ്പെട്ടു." എന്നു പറയുന്നതുപോലെ.

"പറയൂ, മാന്യൻ, നിങ്ങൾ എവിടെയായിരുന്നു."

"എനിക്കതു പറയാൻ പാററില്ല. ഒരു ഡോക്ടറെന്ന നിലക്കും, ഒരു മനുഷ്യനെന്ന നിലക്കുമുള്ള എൻെറ ആത്മാഭിമാനം ആ രഹസ്യം പുറത്താക്കാൻ എന്നെ അനുവദിക്കുന്നില്ല. പക്ഷേ, ഞാൻ പൊററ്കാൻ തെരുവിൽ പോയില്ല."

ആ നിശ്ശബ്ദതയുടെ ഭയങ്കര പ്രത്യാഘാതത്തെ ചൂണ്ടി

ക്കാണിച്ചുകൊണ്ടു് ബെ ഒരിക്കൽക്കൂടി ചോദ്യം ആവ ർത്തിച്ചു. പക്ഷേ, തനിക്കു പറയാനുള്ളതെല്ലാം പറഞ്ഞുകഴി ഞ്ഞു എന്ന മട്ടിൽ ഡോക്ടർ പ്രശാന്തനായിനിന്നു.

"നിങ്ങൾക്കു് എന്തെങ്കിലും പറയാനുണ്ടോ?"

"ഞാനെല്ലാം പറഞ്ഞുകഴിഞ്ഞു."

"ശരി; മാന്യൻ ഇന്നുരാത്രി നിങ്ങൾ ഞങ്ങളുടെ അതി ഥിയായിരിക്കും. ഇദ്ദേഹത്തെ തുറുങ്കിൽ അടക്കൂ."

തനിക്കു തെളിയിക്കാൻസാധിക്കാത്ത കുററാരോപണ ങ്ങളുടെ നീണ്ട പട്ടികയിൽ പരിഭ്രാന്തനായി പുറത്തുകടന്നു. മൂന്നുമണിക്കു് എവിടെയായിരുന്നു എന്നു വ്യക്തമാക്കാൻ അദ്ദേഹത്തിനു നിവൃത്തിയില്ലായിരുന്നു.

## അദ്ധ്യായം 6

# ആ എഴുത്ത്

മാക്കോവിനു അതൊരു ചീത്ത രാത്രിയായിരുന്നു. തലേ രാത്രിയിലെ സംഭവവികാസങ്ങൾ അദ്ദേഹത്തിൻെറ മനശ്ശാന്തിയെ തീരെ താറുമാറാക്കി. പതിവിലും വളരെ നേരത്തേ കാപ്പികുടിക്കുവാൻ അദ്ദേഹം ഗാങ്കോവിൻെറ കഫെയിലെത്തി. ഉടമസ്ഥൻ കട തുറന്നു തീ പിടിപ്പിക്കുന്നതേയുള്ളൂ. ആദ്യത്തെ പതിവുകാരൻ മാക്കോവായിരുന്നു.

എല്ലാ കാപ്പിക്കടെയുടമസ്ഥന്മാരും വായാടികളാണ്. മാക്കോവിനു കാപ്പി കൊടുക്കുന്നതിന്നിടയിൽ തൻെറ സാധാരണ ഫലിതങ്ങളെല്ലാം കെട്ടഴിച്ചശേഷം ഗാങ്കോ ധൃതിയിൽ ഡോക്ടർക്ക് പൊററ്കൽതെരുവിൽവെച്ചു പററിയ സംഭവങ്ങളെ, അതിൻെറ ഭയാനകമായ പ്രത്യാഘാതങ്ങളെപ്പററി അർത്ഥമില്ലാത്ത അനവധി കെട്ടുകഥകൾ കൂട്ടിക്കലർത്തി പറയുവാൻ തുടങ്ങി. വളരെ ആവേശത്തോടെയാണ് ഗാങ്കോ കഥ പറയുന്നതു്.

ഒരാളുടെ നിർഭാഗ്യത്തെപ്പററി കേൾക്കുമ്പോൾ സാധാരണ മനുഷ്യരുടെ മനസ്സിൽ മൂന്നുതരം വികാരങ്ങളാണുണ്ടാവുക, ആദ്യം അത്ഭുതം, പിന്നീട് തങ്ങൾക്കല്ലല്ലോ അതു പിണഞ്ഞതു് എന്ന തൃപ്തി. മൂന്നാമതായി നിഗൂഢമായ നീചമായ ഒരു ആനന്ദം. മനുഷ്യമനസ്സിൻെറ ആന്തരാളത്തിൽ ആണ്ടുകിടക്കുന്ന കട്ടത്ത വാസനയാണിതു്. ഡോക്ടർക്ക് അമംഗളം ആശംസിക്കാൻ ഗാങ്കോവിനു ഒരു പ്രത്യേക കാരണം കൂടിയുണ്ടു്. തൻെറ ഒരു സന്ദർശനത്തിനുള്ള പ്രതിഫ

ലമായി പന്ത്രണ്ടു കോഫിയുടെ വില ഡോക്ടർ തട്ടിക്കിഴിച്ചു. ഇതിനുമുമ്പു കേട്ടിട്ടില്ലാത്ത ഈ പെരുമാററത്തിനു മാപ്പു കൊടുക്കുവാൻ ഗാങ്കോ ഒരുക്കമായിരുന്നില്ല.

ഈ അത്ഭുതമായ സംഗതിയെ വിസ്മരിക്കുവാൻ മാർക്കോവിനു സാധിച്ചില്ല. തലേ രാത്രിയാൽ ഡോക്ടരുമായുള്ള സംഭാഷണവേളയിൽ, ഇങ്ങനെയുള്ള ഒരസാധാരണസംഗതി നടന്നതായി അദ്ദേഹത്തിൻെറ മുഖഭാവത്തിൽനിന്നോ സംസാരത്തിൽനിന്നോ മനസ്സിലാകുമായിരുന്നില്ല. അതിലും വിശേഷിച്ചു ഇങ്ങിനെ ഒരു കാൎയ്യമുണ്ടെങ്കിൽ തീൎച്ചയായും അതു ഡോക്ടർ തന്നിൽനിന്നു മറിച്ചുപിടിക്കയില്ലായിരുന്നു.

കഫേയിൽ ഓൺബാസി പ്രവേശിച്ചു. കുറച്ചുകൂടി കാൎയ്യവിവരം കിട്ടുവാൻ മാർക്കോ ആ സന്ദൎഭം ഉപയോഗിച്ചു. ഡോക്ടരെ സംബന്ധിച്ചിടത്തോളം പോലീസിനു ഭയങ്കരമായ തെററു പററിയിരിക്കുമെന്നു അദ്ദേഹം അനുമാനിച്ചു. ക്രാലിച്ച് അവരുടെ വിരലിന്നിടയിൽക്കൂടി രക്ഷപ്പെട്ടു എന്നും അദ്ദേഹം തീൎച്ചയാക്കി. ആന്തരമായ ഒരു ആഹ്ലാദം അദ്ദേഹത്തിൻെറ മുഖത്തെ പ്രകാശമാനമാക്കി.

ഓൺബാസിയുടെനേരെ തിരിഞ്ഞു് അദ്ദേഹം പറഞ്ഞു: "ഡോക്ടർ നിരപരാധിയാണെന്നുള്ളതിനു ഞാൻ എൻെറ തല പണയം വെയ്ക്കാം."

"ദൈവം സഹായിക്കട്ടെ. പക്ഷേ, ഇതിൽനിന്നു് എങ്ങിനെയാണു് രക്ഷപ്രാപിക്കുക എന്നറിയാൻവയ്യ."

"അതയാൾ നോക്കിക്കൊള്ളും. പക്ഷേ, ആദ്യം അവരെന്തെങ്കിലും ചെയ്യണം. ശരി. എപ്പോഴാണു് ബെ കോനാക്കിൻെറ അടുക്കലേയ്ക്കു വരുന്നതു്."

"ഒരു മണിക്കൂറിനകത്തു്. അദ്ദേഹം നേരത്തെ വരുന്ന ആളാണു്."

"നിങ്ങൾ ഡോക്ടരെ പുറത്തുവിടണം. ഞാൻ ജാമ്യം

തരാം. എൻെറ വീട്ടും കുട്ടികളും എല്ലാം അദ്ദേഹം നിരപ രാധിയാണ്."

ഓൺബാസി അത്ഭുതത്തോടെ മാക്കോവിനെ നോക്കി.

"ജാമ്യത്തിൻെറ ആവശ്യമൊന്നുമില്ല. അവർ അദ്ദേ ഹത്തെ കൊണ്ടുപോയിക്കഴിഞ്ഞു."

"എവിടെ, എവിടേക്ക്?" മാക്കോ ചോദിച്ചു.

"അന്നു രാത്രിതന്നെ കേയിലേക്ക് പോലീസുകാരോ ടൊപ്പം കാൽനടയായിത്തന്നെ ഞങ്ങൾ അദ്ദേഹത്തെ അ യച്ചു."

മാക്കോവിൽ വിദ്വേഷം ആളിക്കത്തി. അദ്ദേഹത്തിനു് അതു മറയ്ക്കാൻപോലും സാധിച്ചില്ല.

അദ്ദേഹത്തെ ബഹുമാനിച്ചിരുന്ന ഓൺബാസി സ്നേ ഹിതനോടെന്നവണ്ണം പക്ഷേ അർത്ഥംവെച്ചുകൊണ്ടു പ റഞ്ഞു:

"മാക്കോ ചോർബാഡ്ജി ഈ നാറുന്ന കാര്യങ്ങളിൽ ഇടപെടാതിരിക്കുകയാണു നല്ലതു്. ഇക്കാലത്തു് ഒരാളുടെ യഥാർത്ഥസ്വഭാവം വേറെ ഒരുവനു മനസ്സിലാക്കാൻ പ്രയാ സമാണ്." ഓൺബാസി കാപ്പികുടിച്ചുകൊണ്ടു തുടന്നു: "അ രമണിക്കൂറിനകത്തു് ഡോക്ടരുടെ വിപ്ലവകരങ്ങളായ കട ലാസുകൾ അടങ്ങുന്ന ബേയുടെ എഴുത്തുമായി ഞാൻതന്നെ പുറപ്പെട്ടുകയായി. അതെല്ലാം വളരെ പ്രധാനമായതാണ്. അയാളെ അകപ്പെടുത്തുവാൻ അതുമതി. പക്ഷേ, ഇസ്മാൻെറ മുറിവിനു കാരണക്കാരൻ ഡോക്ടറല്ല. മുറിവിൻെറ സ്വഭാ വംകൊണ്ടു് അതു ഞങ്ങളുടെ സ്വന്തം ആൾക്കാരിൽ ആ രോ വരുത്തിയതാണെന്നു കാണാം. പക്ഷേ, അതെല്ലാം തീ ച്ചയാക്കേണ്ടതു് വലിയ ആളുകളാണ്. മാക്കോ ഈ എഴ ത്തു പൊതിയാൻ ആവശ്യമില്ലാത്ത കുറച്ചു കടലാസ്സു തരു; എനിക്കതു ചുളുക്കണമെന്നില്ല."

അയാൾ പോക്കററിൽനിന്നു ചുവന്ന അരക്കുവച്ച ഒരു തടിയൻലക്കോട്ടെടുത്തു് കഫെ ഉടമസ്ഥൻ കൊടുത്ത കടലാസ്സുകൊണ്ടു പൊതിഞ്ഞു. സിഗററു് ഒന്നുകൂടി വലിച്ചു മാക്കോവിനു ഹസ്തദാനംചെയ്തു ഓൺബ്വാസി പുറപ്പെട്ടു.

അഗാധമായ ചിന്തയിൽപ്പെട്ടു് മാക്കോ ഇരുന്നിടത്തു തന്നെ ഇരുന്നുപോയി. അദ്ദേഹത്തിനു പരാങ്മുഖനായിനിന്നു കടയുടമസ്ഥൻ (അയാളൊരു ക്ഷുരകൻകൂടിയാണു്.) പെററ്കോബുസോൻയാക്കിൻെറ തല കഴുകുകയായിരുന്നു. മാക്കോ എഴുന്നേററു പുറത്തേയ്ക്കുപോയി.

"ഗുഡ്ബൈ ബായ് മാക്കോ, എന്താണു് ഇത്രവേഗം പോകുന്നതു്?" തൻെറ കക്ഷിയുടെ സോപ്പുപത തലയിൽ ശക്തിയിൽ തിരുമ്മിക്കൊണ്ടു് ക്ഷുരകൻ കുശലം ചോദിച്ചു. "എന്താണു് ഡോക്ടരുടെ വിഷമങ്ങൾ വല്ലാതെ അലട്ടുന്നുണ്ടോ? എല്ലാവക്കും അവനവൻെറ ചെയ്തികളുടെ ഫലം കിട്ടണം. അല്ലെങ്കിൽ എന്തുകൊണ്ടവക്കു പെററ്കോ ബോസോൻയാക്കിനെ പിടിച്ചുകൊണ്ടുപോയ്ക്കൂടാ, എന്തുപറയുന്നു ബോസോൻയാക്?"

പതയുടെ ഇടയിൽക്കൂടി ആ തല എന്തോ മുരണ്ടു. പക്ഷേ എന്താണതു് എന്നാക്കും മനസ്സിലായില്ല, ക്ഷുരകൻ അയാളുടെ തല കഴുകി. വൃത്തിയുടെ കാര്യത്തിൽ വളരെ സംശയിക്കേണ്ട ഒരു തുണിക്കഷ്ണംകൊണ്ടു് തലയും മുഖവും തുടച്ചു കൊടുത്തു. ഒരു പൊട്ടിയ കണ്ണാടി കൈയിൽക്കൊടുത്തു അയാൾക്കു് ആരോഗ്യം ആശംസിച്ചു.

ക്ഷുരകവൃത്തിയുടെ അവശിഷ്ടങ്ങൾ തെരുവിൽ കൊട്ടാനായി പോകുന്നവഴിക്കു മാക്കോവിനെ ഉമ്മറപ്പടിയിൽവച്ചു കണ്ടു.

"ഞാനെൻെറ പുകയിലപ്പെട്ടി എടുക്കാൻ മറന്നു." അദ്ദേഹം ഇരുന്നിരുന്ന ബഞ്ചിൽ അതു വെച്ചിരുന്ന സ്ഥല

ത്തേയ്ക്കു ധ്രുതഗതിയിൽ നടന്നു. ബുഡോസാന്യക് ഉടഞ്ഞ കണ്ണാടിയിൽ ഒരു നാണയംവെച്ചു പുറത്തേയ്ക്കുപോയി. ഗാങ്കോ മടങ്ങിവന്നു.

"ഗാങ്കോ, നിങ്ങൾ എൻെറ ബില്ലു തരികയാണെങ്കിൽ ഞാൻ പണം തരാം. ഞാൻ മാസാവസാനത്തിലാണു തരാറുപതിവു്." മാർക്കോ പറഞ്ഞു.

നിരവധി ചോക്കുരേഖകൾ തെളിഞ്ഞുകാണുന്ന തട്ടിന്മേലേയ്ക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു് ഗാങ്കോ പറഞ്ഞു: "അതാ നിങ്ങളുടെ കണക്കുബുക്കു് എണ്ണിനോക്കി എൻെറ പണം തന്നേക്കൂ."

"അവിടെ എൻെറ പേരുതന്നെ കാണാനില്ലല്ലോ." എന്നായി മാർക്കോ.

"ഞാൻ കാര്യങ്ങൾ ചെയ്യുന്നതു് അങ്ങിനെയാണു്."

"ഈ മാതിരി കണക്കുകൾ വെച്ചാൽ നിങ്ങൾക്കിതു വേഗംപൂട്ടിപോരാം" എന്നു തമാശപറഞ്ഞു് മാർക്കോ തൻെറ പേഴ്സ് എടുത്തു. അടുത്ത ഷെൽഫിലേക്കുനോക്കി അദ്ദേഹം പറഞ്ഞു: "നോക്കൂ ആയാൾ ആ കവർ എടുക്കാൻ മറന്നുപോയി."

ഓ, ഓൺബാസിയുടെ എഴുത്തോ, മാർക്കോവിൻെറ അഭിപ്രായം അറിയാനെന്നപോലെ ഗാങ്കോ അർത്ഥഗർഭമായി നോക്കി.

"അതങ്ങോട്ടു കൊടുത്തയക്കൂ; കഴിയുന്നതും വേഗത്തിൽ അയാൾക്കു് എത്തിച്ചുകൊടുക്കൂ." മുഖം വിപ്പിച്ചുകൊണ്ടു മാർക്കോ പറഞ്ഞു: "ഇതാ 28 ഗ്രോട്ട്സും ഒരു പെയ്സ്റ്ററും. എന്താ കണക്കുശരിയല്ലേ?"

അത്ഭുതത്തോടെ മാർക്കോവിനെ നോക്കി ഗാങ്കോ പിറുപിറുത്തു. "എന്തു വിചിത്രമനുഷ്യനാണു് ഇദ്ദേഹം. ആ കരടിന്റെത്തക്കാരനുവേണ്ടി വീട്ടുപോലും ജാമ്യം കൊടുക്കാൻ തയ്യാറാണത്രെ. പക്ഷേ എന്തുകൊണ്ടു് ഈ കടലാസ്സെടുത്തു തീയിലിട്ടുകൂടാ, കണ്ണടച്ചുതുറക്കുന്നതിനുമുമ്പു ചെയ്തു തീർക്കാനുള്ളതേയുള്ളൂ."

ഗാങ്കോയുടെ പതിവുകാർ ധാരാളമായി എത്തിത്തുടങ്ങി.

## അദ്ധ്യായം 7

# വീരത്വം

മോണാസ്ട്രിയുടെ മുററത്തു തണൽവിരിച്ചുകൊണ്ടുനില്ക്കുന്ന മുന്തിരിവള്ളികളുടെ ഇടയിലൂടെ, ആകാശത്തു് ഉച്ചസ്ഥനായിനില്ക്കുന്ന സൂര്യൻ തൻെറ കിരണങ്ങൾ പതിപ്പിച്ചുകൊണ്ടു നിന്നു. എല്ലാത്തിനും ഒരു പിശാചിൻെറ രൂപം നല്കുന്ന രാത്രിയിൽ ആ മുററം നിരുന്മേഷവും വൃത്തിഹീനവുമായിരുന്നതിനുപകരമെന്നോണം പകൽസമയത്തു പ്രശാന്തവും ഉന്മേഷദായകവും പ്രകാശപൂർണ്ണവുമായിരുന്നു. പക്ഷികൾ കളകളാരവത്താൽ അവിടം മുഖരിതമാക്കി. ധാരായന്ത്രം ഉത്സാഹത്തോടെ വെള്ളം പൊഴിച്ചുകൊണ്ടിരുന്നു. ഉന്നതങ്ങളായ പോപ്ലാർ സൈപ്രസ്സ് എന്നീ മരങ്ങൾ മലയമാരുതനിൽ മന്ദംമന്ദം തലയാട്ടിനിന്നു. അവിടെ എല്ലാം ഉജ്ജ്വലമായ ഒരുത്സവത്തിൻെറ പ്രതീതി ജനിപ്പിച്ചു. മൂകതയാന്ന ഗാലറികൾപോലും, തങ്ങളുടെ കൂടിനുമീതെകൂടെ ചുററിനടക്കുന്ന കുരുവികളുടെ മോഹനസ്വനമേററു സന്തോഷിക്കുന്നതുപോലെ തോന്നി.

അരയോളം വളന്നുനില്ക്കുന്ന താടിയോടുകൂടിയ ഒരുന്നതഗാത്രൻ, നീണ്ടു ചുവന്ന കോട്ടു ധരിച്ചു് മുററത്തിൻെറ നടുവിലുള്ള മുന്തിരിവള്ളിയുടെ ചുവട്ടിലേയ്ക്കു നടന്നടുക്കുന്നുണ്ടായിരുന്നു. എൺപത്തിയഞ്ചുവയസ്സായ അദ്ദേഹം—ഫാദർ എറോട്ടി—കഴിഞ്ഞുപോയ നൂററാണ്ടിൻെറ പ്രതീകമായിരുന്നു. കേവലം ഒരു അവശിഷ്ടം, പക്ഷേ ബഹുമാനിക്കേണ്ടതായ ഒരു ഗംഭീരാവശിഷ്ടം. തൻെറ നീണ്ട ജീവിതത്തി

ൻെറ അവസാനഘട്ടം അവിടെ പ്രശാന്തമായി നയിക്കുകയായിരുന്നു അദ്ദേഹം. എല്ലാ പ്രഭാതത്തിലും പുതിയ കാറേററു് അദ്ദേഹം അവിടെ ഉലാത്താറുണ്ട്, പ്രത്യേകിച്ചും താൻ ലക്ഷ്യംവച്ചു യാത്രയായി തുടങ്ങിയ ആകാശത്തോട്ടും സൂര്യനോട്ടും മററും അദ്ദേഹത്തിനു ബാലിശമായ ഒരു കൗതുകം വളൎന്നിരുന്നു.

ഈ പുരാതനതത്വത്തിനു വിപരീതമായി അടുത്തുതന്നെ മുന്തിരിവള്ളിയോട്ടതൊട്ടു കയ്യിൽ ഒരു പുസ്തകവുമായി ഡീക്കൻ വിക്കൻെറി നിന്നിരുന്നു. അദ്ദേഹം തിയോളജിയിൽ ഒരു പരീക്ഷക്കിരിക്കാൻ തയാറാവുകയാണ്.

യുവാവായ ആ പാതിരിയുടെ മുഖത്തു് താരുണ്യവും ആശയും പ്രതിഫലിച്ചിരുന്നു. സ്വപ്നംകാണുന്ന ആ കണ്ണുകളിൽ സ്ഫുരിച്ചിരുന്നതു് ജീവസ്സും ശക്തിയുമാണ്. ആ യുവാവിലായിരുന്നു ഭാവി. ആ വൃദ്ധൻ നിത്യതയെ എന്നപോലെ യുവാവു് അതേ ആത്മവിശ്വാസത്തോട്ടുകൂടി ഭാവിയെ നോക്കിയിരുന്നു.

ഈ വക ആദ്ധ്യാത്മിക ധ്യാനമണ്ഡലത്തിലേക്കു് ആത്മാവിനെ ഉയൎത്താൻ ഒരു ആശ്രമത്തിൻെറ മതിലുകൾക്കേ സാദ്ധ്യമാകൂ.

അത്യന്തം ശ്രദ്ധാലുവായി ആശ്രമത്തിൻെറ കല്ലടയിൽ തടിയൻ ഫാദർ ഗിഡോൺ ഇരുന്നിരുന്നു. വിശറിപോലുള്ള വാലുംപൊക്കിപ്പിടിച്ചു് അവിടവിടെ പരതി നടന്നിരുന്ന ടക്കിക്കോഴികളിലായിരുന്നു അദ്ദേഹത്തിൻെറ ശ്രദ്ധമുഴുവനും. ഗോസ്പലിൽ കാണുന്ന അന്തസ്സുള്ള ഫാരസികളോട്ടു് അദ്ദേഹം അവയെ ഉപമിച്ചു. അവയുടെ കൎക്കശസ്വരം അദ്ദേഹത്തെ അനുസ്മരിപ്പിച്ചതു് പക്ഷികളുടെ ഭാഷയറിഞ്ഞിരുന്ന മഹാനായ സോളമനെയാണ്. ഈ വക പരിശുദ്ധ ചിന്തകളിൽ നിലീനനായി അദ്ദേഹം ഉച്ചഭക്ഷണത്തിനുള്ള അനുഗൃഹീതമായ ക്ഷണം കാത്തിരിക്കയാണ്.

അടുക്കളയിൽനിന്നുവരുന്ന സന്തോഷദായകമായ വാസന യിൽനിന്നുതന്നെ ലഞ്ചിൻെറ ഗുണത്തെപ്പററി അദ്ദേഹം അനുമാനിച്ചിരുന്നു.

ഉമ്മറപ്പടിയിൽ മുഞ്ചോവിൻെറ കൂട്ടുകാരനും വിഡ്ഢിയും കോങ്കണ്ണനുമായ ആശ്രമവിദൂഷകൻ വെയിൽ കാഞ്ഞുകൊ ണ്ടിരുന്നിരുന്നു. അച്ചൻേറതുപോലുള്ള വേദാന്തചിന്തയോ ടുകൂടി അയാളും ടക്കികളുടെ കുടുംബജീവിതം ശ്രദ്ധയോടെ നോക്കിയിരുന്നു. ടക്കികളെ നോക്കുകയായിരുന്നു എന്നു പ റയുന്നതത്ര ശരിയല്ല: എന്തെന്നാൽ അയാളുടെ ദൃഷ്ടിയിൽ ടക്കികളുടെ തലമുറ മാത്രമല്ല ചക്രവാളംപോലും അകപ്പെ ട്ടിരുന്നു. അയാളുടെ ഒരു കണ്ണു് കിഴക്കോട്ടാണെങ്കിൽ മറേറ ത്തു തിരിഞ്ഞിരുന്നതു് പടിഞ്ഞാട്ടാണു്.

അയാളുടെ തൊട്ടടുത്തു് കൈകൾ കൂട്ടിത്തിരുമ്മിക്കൊ ണ്ടും മുകളിലുള്ള ഗാലറികളിലേക്കു ഭയചകിതമായി നോ ക്കികൊണ്ടും മുമ്പോ നിന്നിരുന്നു. കാരണം അയാൾക്കുമാ ത്രമേ അറിയാമായിരുന്നുള്ളു. അപ്പോൾ അവിടെ അസന്നി ഹിതനായിരുന്ന ആബററും ചില വേലക്കാരുമായാൽ ആ ശ്രമവാസികളുടെ സംഖ്യ മുഴുവനുമായി.

പെട്ടെന്നു് തീരെ അപ്രതീക്ഷിതമായി ആബററു് കു തിരപ്പുറത്തു് പാഞ്ഞെത്തി അവിടെ ഇറങ്ങി. തൻെറ ജീനി കോങ്കണ്ണനെ ഏല്പിച്ചു് വിഷാദസ്വരത്തിൽ വിക്കൻെറിയോ ടു പറഞ്ഞു: "ഞാൻ നഗരത്തിൽനിന്നു ചീത്ത വാൎത്തയും കൊണ്ടാണു് വരുന്നതു്."

പിന്നീടു് സൊക്കൊലോവിൻെറ നിർഭാഗ്യകരമായ കഥ വിസ്തരിച്ചതിനുശേഷം ഒരു ദീർഘനിശ്വാസത്തോടെ 'പാവം സൊക്കലോവ്" എന്നു പറഞ്ഞു.

ഫാദർ നാഥാനിയേൽ, കറുത്ത ശരീരവും ശക്തിയും പൗരുഷം ദ്യോതിക്കുന്ന മുഖവും ചൊറുചൊറുക്കുമുള്ള ആളാ യിരുന്നു. പുരോഹിതൻെറ വസ്ത്രമല്ലാതെ അദ്ദേഹത്തി

ന്നു പൗരോഹിത്യത്തിൻെറ മററു ലക്ഷണങ്ങൾ യാതൊന്നുമില്ല. മുറിയുടെ നാലു ചുമരിലും ധാരാളം തോക്കുകൾ അദ്ദേഹം തൂക്കിയിട്ടുണ്ടു്. ലക്ഷ്യംപിഴക്കാത്ത അസ്സൽ ഒരു വെടിക്കാരനാണദ്ദേഹം. നല്ല ഒരു പടയാളിയേപ്പോലെ മുറിവുകൾ മാററാനും മുറിവുണ്ടാക്കാനും അദ്ദേഹത്തിനു വശമായിരുന്നു. മലയിടുക്കുകളിൽ അലഞ്ഞുനടക്കുന്ന ഒരു സേനാപതിയാകേണ്ടതിനുപകരം, വെറും ഒരു യാദൃച്ഛികസംഭവമാണു് അദ്ദേഹത്തെ ഒരു പാതിരിയാക്കിയതു്.

ചുററും നോക്കിക്കൊണ്ടു് ആബററു് ചോദിച്ചു: "എവിടെയാണു് ഫാദർ ഗിഡിയോൺ?"

ചിലമ്പിച്ച സ്വരത്തിൽ അട്ടക്കളയിൽനിന്നിറങ്ങി വന്ന ഗിഡിയോൺ പറഞ്ഞു: "ഇതാ ഞാൻഇവിടെയുണ്ടു്." ഭക്ഷണം ആകാറായോ എന്നു നോക്കാൻ പോയതാണു്.

"ഹാ ഇനിയും അട്ടക്കളയിൽ നുഴഞ്ഞുകയറുകയാണോ, ഫാദർ; അടക്കാനാവാത്ത തീററക്കൊതി ഒരു മഹാ പാപമാണു്."

കഴുതയെ കോപ്പണിയിച്ചു് വോയിന്യാഗോവുഗ്രാമത്തിലെ ആശ്രമപ്രാന്തങ്ങളിൽ പുല്ലരിയാൻ നിത്തിയിരിക്കുന്നവരെ പോയി നോക്കിവരുവാൻ ആബററു് ഗിഡിയനോടു കല്പിച്ചു.

ഒരു ഉരുണ്ട വഴവഴപ്പനാണു് ഫാദർ ഒരു നേരിയ അദ്ധ്വാനംമതി അദ്ദേഹത്തെ വിവശനാക്കാൻ.

വയററിൽ കൈവെച്ചുകൊണ്ടു് ദയനീയമായി ശ്വാസംമുട്ടുന്ന വിധത്തിൽ അദ്ദേഹം അപേക്ഷിച്ചു. (പാപംനിറഞ്ഞ ബാഹ്യലോകത്തിലേയ്ക്കുപോകാൻ അദ്ദേഹത്തിനു ആഗ്രഹമില്ലായിരുന്നു.)

"ഫാദർ അങ്ങയുടെ വിനീതനായ സഹോദരനിൽനിന്നു് ആ കടുത്ത പാനപാത്രം പിൻവലിക്കണേ."

"എന്തു് കട്ടത്ത പാനപാത്രമോ; ഞാൻ നിങ്ങളോട്ട നടന്നുപോകാനോമററോ പറഞ്ഞില്ലല്ലോ, നിങ്ങളുടെ കഴുതയുടെ പുറത്തു കയറി പോയ്ക്കൂടെ? ആകപ്പാടെ പോകുമ്പോൾ നിങ്ങൾക്കുണ്ടാകുന്ന ജോലി ഒരു കൈകൊണ്ടു കഴുതയുടെ ജീനി പിടിക്കയും മററതുകൊണ്ടു് ജനങ്ങൾക്കു് ആശിസ്സുനല്കലും മാത്രമായിരിക്കുകമല്ലോ."

ആബററു് അദ്ദേഹത്തിൻെറ മുഖത്തുനോക്കി ചിരിച്ചു.

ഗിഡിയോൺ തുടന്നു: "ഫാദർ നാഥാനിയേൽ, ഇതൊരു ജോലിയേയല്ല. നമ്മൾ ഈ വിശുദ്ധസ്ഥലത്തു് എത്തിയിരിക്കുന്നതുതന്നെ ജോലിചെയ്യാനും അദ്ധ്വാനജീവിതത്തിനുമല്ലേ. പക്ഷേ കാലാവസ്ഥ ബഹുമോശം."

"എന്തു്, കാലാവസ്ഥക്കെന്താണു തകരാറു്. പോരാത്തതിനു ഒന്നു പുറത്തുപോയി ചുററിയാൽ നിങ്ങളുടെ ആരോഗ്യവും നന്നാകും."

കാലം ഫാദർ, ഞാൻ ഈക്കാലം എന്നു പറയേണ്ടിയിരുന്നു. ഫാദർ ഗിഡിയോൺ ആവേശത്തോടെ തുടന്നു: "നോക്കു അവരാ ഡോക്ടറെ പിടിച്ചു. ക്രിസ്ത്യാനിയുടെ അവസാനമാണു് അവരുടെ കയ്യിൽപെട്ടാൽ. 'ഹാഗറി'ൻെറ സന്തതികൾ കരുണയററവരാണു്. ദൈവം നമ്മെ രക്ഷിക്കട്ടെ. ജനങ്ങളെ പറഞ്ഞിളക്കിയെന്ന കുററം എന്നിൽ ആരോപിക്കപ്പെട്ടാൽ അതു സംന്യാസാശ്രമത്തിലേക്കു ഭയങ്കര പ്രത്യാഘാതങ്ങൾ വരുത്തിവെയ്ക്കും. അപകടം നിസ്സാരമല്ല."

ആബററു് പൊട്ടിച്ചിരിച്ചു. നിയന്ത്രിക്കാൻസാധിക്കാത്ത നിലയിൽ അരയ്ക്കു കൈകൊട്ടത്തുനിന്നു് അദ്ദേഹം ഡിഗോണിൻെറ കൊഴുത്തുരുണ്ട ദേഹം നോക്കി ഹാ, ഹ, ഹാ, എന്നു് ഉറക്കെ ചിരിച്ചു. "എന്തു് നിങ്ങളെ തുക്കികൾ സംശയിക്കുമെന്നോ, ഫാദർ ഗിഡിയോണെ ഒരു ജനസേവകനെന്നു ധരിക്കുമെന്നോ. ഒരു കുഴമടിയനെ ജോലിക്കു നിയ

മിക്കു, അയാൾ നിങ്ങളെ ബുദ്ധി പഠിപ്പിക്കുമെന്നു പറയാറില്ലേ പഴമക്കാർ. ഹാവൂ ചിരിക്കാൻ ഒട്ടും തോന്നാത്ത ഈ അവസരത്തിൽ എന്നെ ചിരിപ്പിച്ചതിൻെറ പാപം നിങ്ങൾക്കിരിക്കട്ടെ. ഫാദർ വിക്കൻെറി, ഫാദർ വിക്കൻെറി, വേഗം വന്നു് എന്താണീ ഫാദർ ഗിഡിയോൺ പറയുന്നതെന്നു് കേൾക്കു. മൂഞ്ചോ വിക്കൻെറിയെ പോയി വിളിക്കൂ. അല്ലെങ്കിൽ ഞാൻ ചിരിച്ചു ശ്വാസംമുട്ടി മരിക്കും." ആബററിൻെറ ചിരി ചുററുമുള്ള ഗാലറികളിലെല്ലാം മാറെറാലിക്കൊണ്ടു.

ആബററിൻെറ കല്പനകേട്ടപ്പോൾ മൂഞ്ചോ കഴുത്തുതിരിച്ചു, കൂടുതൽ ഭയപ്പെട്ടിട്ടെന്നപോലെ. അയാളുടെ കണ്ണുകളിൽ ഭീതി നിഴലിച്ചു. വിറച്ചുകൊണ്ടു ഡീക്കൻ വിക്കൻെറി കയറിപ്പോയ ഗാലറിയിലേയ്ക്കു കൈചൂണ്ടിക്കൊണ്ടയാൾ 'റുസ്സിയാൻ' എന്നു വിക്കി. നിർബ്ബന്ധമായി ആ ഭാഗത്തേക്കു പോകാൻ പറഞ്ഞെങ്കിലോ എന്നു വിചാരിച്ചയാൾ മറുഭാഗത്തേയ്ക്കു നടന്നുപോയി.

"റുസ്സിയാൻ! എന്താണീ റുസ്സിയാൻ."

"കള്ളൻ എന്താണ തിരുമേനി" ഗിഡിയോൻ പറഞ്ഞു.

"എന്നുമുതൽക്കാണീ മൂഞ്ചോ ഇങ്ങിനെ ഭീരുവായതു്. ഈ മലയോരങ്ങളിലെല്ലാം അവൻ ഒരു മൂങ്ങയെപ്പോലെ ചുററിത്തിരിയുന്നവനായിരുന്നല്ലോ."

"സത്യമാണു് ഫാദർ, ആ ഗാലറിയിൽ ഏതോ ഒരു അശുദ്ധാത്മാവിൻെറ പ്രേതം കറങ്ങുന്നുണ്ടു്. ഇന്നലെ രാത്രി മൂഞ്ചോ എൻെറ മുറിയിൽ വന്നിരുന്നു. ചില്ലു ജനവാതിലുള്ള മുറിയിൽനിന്നു വെളുത്ത ഉടുപ്പു ധരിച്ച ഒരു പിശാചു് പുറത്തേയ്ക്കു വരുന്നതു് അയാൾ കണ്ടു. പിന്നെ എന്തെല്ലാമോ അയാൾ പറഞ്ഞു. അതെന്താണെന്നു ദൈവത്തിന്നറിയാം. ഏതായാലും മുകളിലെ ഗാലറിയിൽ പരിശുദ്ധമാ

യ ജലം കുറച്ചു തളിക്കണം.''

മൂഞ്ചോ ദൂരെപോയി നിന്നു വീണ്ടും വീണ്ടും ആ ഉയ ന്ന ഗാലറികളിലേയ്ക്കു ഭയാക്രാന്തനായി നോക്കിക്കൊണ്ടി രുന്നു.

''എന്തായിരിക്കും അയാൾ കണ്ടതു്. വരു ഗിഡിയോൺ നമുക്ക് ഒന്നു ചുററിനടക്കാം.'' പെട്ടെന്നു് ആബററിനു തോ ന്നിയതു് വല്ല കൊള്ളക്കാരും അവിടെ കടന്നുപാററിയിട്ടു ണ്ടാവുമെന്നാണു്.

''ദൈവം നമ്മെ കാക്കട്ടെ.'' ഫാദർ ഗിഡിയോൺ കു രിശുവരച്ചുകൊണ്ടു പറഞ്ഞു.

ആബററു് തനിയെതന്നെ ഗാലറിയിലേയ്ക്കു നടന്നു.

വിക്കൻറിയെ വിളിച്ചപ്പോഴേക്കും അദ്ദേഹം ക്രാലി ച്ചിൻെറ സമീപത്തു പോയിരുന്നു.

വിക്കൻറിയുടെ മുഖത്തെ പരിഭ്രമംകണ്ടു രണ്ടാമൻ ചോദിച്ചു: ''ഫാദർ എന്താണു വിശേഷം.''

പെട്ടെന്നു ഡീക്കൻ മറുപടി പറഞ്ഞു; ''അപകടമൊ ന്നുമില്ല. പക്ഷേ ആബററു് നഗരത്തിൽനിന്നു വളരെ ചീ ത്ത വാർത്തയുമായാണു് എത്തിയിരിക്കുന്നതു്. സൊക്കലോ വിനെ അറസ്ററുചെയ്തു. ഇന്നലെ രാത്രിതന്നെ കെ-- ലേ ക്കു് കൊണ്ടുപോയിരിക്കുന്നുവത്രെ!''

''ആരാണീ സൊക്കലോവ്?''

''നഗരത്തിലെ ഒരു ഡോക്ടർ; ഒരു നല്ല ആൺകുട്ടി. അ വർ അദ്ദേഹത്തിൻെറ കോട്ടിൻെറ പോക്കററിൽ വിപ്ലവക രമായ കടലാസ്സുകൾ കണ്ടുവത്രെ. ആർക്കു പറയാൻ സാധിക്കും. പക്ഷേ അദ്ദേഹം കുട്ടത്ത ഒരു രാജ്യദ്രോഹിയാണു്.'' ഡീ ക്കൺ ഉൽകണ്ഠയോടെ പറഞ്ഞു. ഒരു മിനുട്ടു് കഴിഞ്ഞ പ്പോൾ അദ്ദേഹം തുടന്നു: ''ഇന്നലെ രാത്രി അദ്ദേഹത്തെ കാ വൽക്കാർ ഓടിച്ചപ്പോൾ അദ്ദേഹം വെടിവെച്ചു് ഒരു പോ

ലീസുകാരനെ മുറിവേൽപ്പിച്ചു. അയാൾ അദ്ദേഹത്തിൻെറ ഓവർകോട്ട വലിച്ചെടുത്തു. സാധു ഡോക്ടർ! നശിച്ചതുതന്നെ. ദൈവത്തിന്ന നന്ദി, നിങ്ങൾ രക്ഷപ്പെട്ടല്ലോ. നിങ്ങളെപ്പററി നഗരത്തിൽ യാതൊരു സംസാരവുമില്ല.'' ഡീക്കൺ സംസാരംനിൎത്തി നോക്കിയപ്പോൾ കണ്ടതു് തല രണ്ടു കൈകൊണ്ടും താങ്ങിപ്പിടിച്ചു ഭ്രാന്തനേപ്പോലെ നിലവിളിച്ചുകൊണ്ടു് അങ്ങോട്ടുമിങ്ങോട്ടും ഓടുന്ന ക്രാലിച്ചിനെയാണു്. ഈ സീമയററ നിരാശകണ്ടു പരിഭ്രാന്തനായി ഡീക്കൺ നിന്നനിലയിൽ നിന്നു.

''നിങ്ങൾ എന്താണീചെയ്യുന്നതു്? ദൈവമനുഗ്രഹിച്ചു കുഴപ്പമൊന്നുമില്ലല്ലോ.'' വിക്കൻെറി പറഞ്ഞു.

ക്രാലിച്ച് അദ്ദേഹത്തിൻെറ മുമ്പിൽചെന്നുനിന്നു. വേദനകൊണ്ടു് ആ മുഖം വികൃതമായിരുന്നു. ഭയങ്കരമായ ഒരസാധാരണശബ്ദത്തിൽ അദ്ദേഹം പറഞ്ഞു.

''കുഴപ്പമൊന്നുമില്ല, കുഴപ്പമൊന്നുമില്ല അല്ലേ—അതു വളരെ എളുപ്പത്തിൽ പറയാം.'' അയാൾ സ്വന്തം തലയ്ക്കുതല്ലി. ''വിക്കൻെറി നിങ്ങൾ എന്തിനാണിങ്ങനെ എന്നെ തുറിച്ചുനോക്കുന്നതു്. നിങ്ങൾക്കു മനസ്സിലായില്ലേ? ഈശ്വരാ, ഞാനാണു് ആ ഓവർകോട്ട ധരിച്ചിരുന്നതു് എന്നു നിങ്ങളോടു പറയാൻ മറന്നുപോയി. ഇന്നലെരാത്രി നഗരത്തിന്നടുത്തുവെച്ചു് ദയാമയനായ ഒരു ചെറുപ്പക്കാരൻ, ഈ സൊക്കലോവ് ആയിരിക്കും, എനിക്കു ബായ്മാക്കോവിൻെറ വീടു് കാണിച്ചുതന്നു. എൻെറ വസ്ത്രങ്ങൾ കീറിപ്പറിഞ്ഞിരിക്കുകയായിരുന്നതിനാൽ അദ്ദേഹം കോട്ടരി എനിക്കു തന്നു; അതു പോലിസുകാരൻെറ കയ്യിൽപെട്ടു. ട്രോയിനിൽ ഞാൻ രാത്രി ഒരു കുടിലിൽ കഴിച്ചുകൂട്ടി. അവിടെവെച്ചു് എന്നെ ഏല്പിച്ച 'സ്വതന്ത്ര'യുടെ ഒരു പ്രതിയും വിപ്ലവകരമായ ഒരു കടലാസും ഈ കോട്ടിൻെറ പോക്കററിലേക്കു ഞാൻ മാററുകയുണ്ടായി. ഇതൊന്നും പോരാത്തതിന്നു പോലീസുകാ

രന്റെ വെടിവെച്ചു എന്ന ഒരു ആരോപണവും അദ്ദേഹത്തിന്റെമേൽ വെച്ചു കെട്ടിയിരിക്കുന്നു. പരമാർത്ഥത്തിൽ ഞാൻ തോക്ക തൊട്ടിട്ടുപോലുമില്ല. ചെകുത്താന്മാർ! ഇപ്പോൾ നിങ്ങൾ കണ്ടുവോ, ഈ മനുഷ്യൻ ഞാൻ കാരണമാണു് അപകടത്തിൽപെട്ടതു്. എന്നെ സഹായിക്കുന്നവർക്കുകൂടി ദൌർഭാഗ്യം വരുത്തിവെക്കത്തക്ക വിധത്തിൽ വിധി എന്നെ ശപിച്ചുവിട്ടിരിക്കയാണു്.

"ഭയങ്കര നിർഭാഗ്യം." വിക്കൻറി ദീർഘനിശ്വാസത്തോടെ പറഞ്ഞു. "അതിലൊക്കെ കഷ്ടം സംഗതികളുടെ സ്ഥിതിയാലോചിക്കുമ്പോൾ അദ്ദേഹത്തെ ഒരുവിധത്തിലും സഹായിക്കാൻ സാധിക്കുകയില്ലല്ലോ എന്നതാണു്" ക്രാലിച്ചു് ജ്വലിക്കുന്ന മുഖത്തോടെ വിക്കൻറിയുടെനേരെ തിരിഞ്ഞു.

"എന്തുകൊണ്ടാണതസാദ്ധ്യം, എന്തു് ഇത്ര നല്ല മനുഷ്യനെ, നിങ്ങൾ പറയുന്നപോലെ ഒരു ഉത്തമദേശസ്നേഹിയെ, ഞാൻ കാരണം നശിക്കാൻ അനുവദിക്കുകയോ അതു് അക്രമമാണു്."

ഡീക്കൻ അത്ഭുതത്തോടെ ക്രാലിച്ചിനെ തുറിച്ചുനോക്കി.

"ഇല്ല, ഞാനദ്ദേഹത്തെ ഈ അപകടത്തിൽനിന്നു രക്ഷിക്കും. എന്റെ ജീവൻപോയാലും ശരി."

"എന്തുവേണമെന്നു പറഞ്ഞോളു. ഞാൻ എല്ലാത്തിനും തയ്യാറാണു്." വിക്കൻറി പറഞ്ഞു.

"ഞാനദ്ദേഹത്തെ തന്നത്താനെ രക്ഷിക്കും."

"അതെ, ഞാൻ അദ്ദേഹത്തെ രക്ഷിക്കും."

"നിങ്ങളോ"

"അതെ ഞാൻ അദ്ദേഹത്തെ രക്ഷിക്കും. ഞാനാണു് അദ്ദേഹത്തെ രക്ഷിക്കേണ്ടതു്, ഞാനതു ചെയ്യുകതന്നെ വേണം." ആവേശത്തോടെ ക്രാലിച്ചു് അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നതിനിടയിൽ പറഞ്ഞു. ആ മുഖം നിശ്ചയദാർഢ്യം

കൊണ്ടും ധീരതകൊണ്ടും തിളങ്ങുന്നുണ്ടായിരുന്നു.

"നമുക്കു് ജയിൽ കയ്യേറാം."

വിക്കൻറി ഭയത്തോടും വിസ്മയത്തോടുംകൂടി അയാളെ തറച്ചുനോക്കി. ക്രാലിച്ചിനു ഭ്രാന്തായോ!

അയാൾ ചോദിച്ചു: "മിസ്റ്റർ ക്രാലിച്ച്, നിങ്ങൾ എങ്ങിനെയാണു് ഡോക്ടരെ രക്ഷിക്കാൻ പോകുന്നതു്?"

"നിങ്ങൾക്കതു വിചാരിക്കാൻ വയ്യെ."

"എങ്ങിനെ?"

"ഞാൻ കീഴടങ്ങും."

"എന്തു് നിങ്ങൾ കീഴടങ്ങുമെന്നോ, തന്നെത്തന്നെയോ"

"എന്തു് വേറെ ആരോടെങ്കിലും അതു് ചെയ്യണമെന്നു പറയുകയോ? നോക്കു വിക്കൻറി ഞാനൊരു മര്യാദക്കാരനാണു്. മററൊരുവനെ അപകടപ്പെടുത്തിയിട്ടു എനിക്കു ജീവിക്കേണ്ട. 600മണിക്കൂറു് ഞാൻ കഷ്ടപ്പെട്ടു് യാത്രചെയ്തതു് ഇത്ര നീചമായ ഒരു കാര്യം ചെയ്യാനല്ല. എനിക്കെൻെറ ജീവിതം മഹനീയമായി ത്യാഗംചെയ്യാൻ പററിയില്ലെങ്കിലും ആത്മാഭിമാനത്തോടെ എനിക്കതു ത്യജിക്കാൻ സാധിക്കും. മനസ്സിലായോ, ഇന്നുതന്നെ തുക്കിയധികാരികളുടെ മുമ്പിൽചെന്നു് അവരോടു പറയും: 'ഇദ്ദേഹം നിരപരാധിയാണു്. എനിക്കു് അദ്ദേഹവുമായി യാതൊരു ഇടപാടുമില്ല. കോട്ടു് ഊരിയെടുത്തതു് എൻെറ ദേഹത്തിൽനിന്നാണു്. ആ കടലാസ്സുകൾ എൻേറതാണു്, അപകടകാരിയായ മനുഷ്യൻ ഞാനാണു്, നിങ്ങൾക്കു് എന്നെ ഇഷ്ടമുള്ളതുചെയ്യാം.' ഇത്രയും ചെയ്തില്ലെങ്കിൽ ഡോക്ടർ സൊക്കലോവ് നശിച്ചതുതന്നെ. വേറെ ഒരു വഴിയുമില്ല. അദ്ദേഹത്തിൻെറ നിരപരാധിത്വം സ്ഥാപിക്കാൻ പാടില്ല. വേറെ എന്തെങ്കിലും വഴിയുണ്ടോ?'

ഡീക്കൻ നിശ്ശബ്ദനായിരുന്നു. അദ്ദേഹത്തിൻെറ സത്യസന്ധമായ ഹൃദയം പ്രതിവചിക്കുന്നുണ്ടായിരുന്നു, ക്രാലി

ച്ച് പറയുന്നതെല്ലാം ശരിയാണെന്നു്. ന്യായവും മനുഷ്യത്വവും ഈ ത്യാഗത്തിനു അദ്ദേഹത്തെ നിർബ്ബന്ധിക്കുന്നുണ്ടു്. തന്റെ കർത്തവ്യത്തെ ഓർമ്മപ്പെടുത്തുവാൻ വേറെ ആരുടേയും സഹായവും അദ്ദേഹത്തിന്നാവശ്യമില്ല. തന്റെ മുമ്പിലുള്ള മനുഷ്യൻ എന്തൊരു മഹാനാണു്. കൂടുതൽ കൂടുതൽ താൻ അയാളിലേയ്ക്കു ആകർഷിക്കപ്പെട്ടുകയാണു്. അയാളുടെ മുഖം, മഹത്തായ ത്യാഗസന്നദ്ധതക്കുമാത്രം പ്രകാശിപ്പിക്കുവാൻ കഴിയുന്നതുപോലെ ഉജ്ജ്വലമായിരുന്നു. ക്രാലിച്ചിന്റെ ചൊടിയോടുകൂടിയ ഉള്ളിൽതട്ടിയ വളച്ചൊടിക്കാത്ത സംഭാഷണം ഡീക്കന്റെ ഹൃദയത്തിൽ മധുരമായ പ്രതിദ്ധ്വനിയുണ്ടാക്കി. ഈ നിലയിൽ സംസാരിക്കാനും പ്രവൎത്തിക്കാനും താൻ ക്രാലിച്ചിന്റെ സ്ഥാനിയായിരുന്നെങ്കിൽ എന്നയാൾ ആശിച്ചു. വികാരവിക്ഷോഭംകൊണ്ടു് ആ നേത്രങ്ങൾ ബാഷ്പകലുഷിതങ്ങളായി. എനിക്കു കെ—യിലേക്കുള്ള വഴി കാണിച്ചുതരു. പെട്ടെന്നു് ആബററിന്റെ വൃത്തികെട്ട വലിയ തല ജനവാതിൽക്കൽ പ്രത്യക്ഷമായി. ചൂടുപിടിച്ച വാദപ്രതിവാദത്തിൽ ഏൎപ്പെട്ടിരുന്നതിനാൽ അദ്ദേഹത്തിന്റെ ഗാലറിയിലുള്ള പാദപതനം ആരും കേട്ടില്ല. ക്രാലിച്ച് ഞെട്ടി. സംശയാത്മകമായി ഡീക്കനെ നോക്കി.

ഡീക്കൻ ഓടി ആബററിനെ കൽത്തുൺവേലിക്കരികിലേയ്ക്കു വിളിച്ചുകൊണ്ടുപോയി. ഇടക്കിടെ ക്രാലിച്ചിന്റെ അറ ചൂണ്ടിക്കാണിച്ചു ആംഗ്യത്തോടും ആവേശത്തോടുംകൂടി ദീർഘനേരം സംസാരിച്ചു. വാതിൽ തുറന്നു ഡീക്കനും നാഥാനിയേലും കൂടിയാണു് അകത്തു പ്രവേശിച്ചതു്. ക്രാലിച്ച് അവരെ ആദരിച്ചു, ആബററിന്റെ ഹസ്തം ചുംബിക്കുവാനാഞ്ഞു.

നിറഞ്ഞ കണ്ണുകളോടു് ആബററു് പറഞ്ഞു: "കുട്ടി, നിന്റെ കൈ ചുംബിക്കുവാനുള്ള അർഹത എനിക്കില്ല." രണ്ടു കൈയും ക്രാലിച്ചിന്റെ കഴുത്തിൽകൂടി ഇട്ടു് ഒരച്ഛൻ വളരെനാളായി പിരിഞ്ഞിരിക്കുന്ന മകനെ എന്നപോലെ അദ്ദേഹം ക്രാലിച്ചിന്റെ ചുണ്ടിൽ ഗാഢമായി ചുംബിച്ചു.

## അദ്ധ്യായം 8

# ചോർബാഡ്ജിയോർഡൻെറ വീട്ടിൽ

അടുത്തു കഴിഞ്ഞ ഒരു വിവാഹത്തോടനുബന്ധിച്ചുള്ള പാർട്ടിയാണ് അന്നു ചോർബാഡ്ജിയോർഡൻെറ വീട്ടിൽ. രാഷ്ട്രീയപ്പാർട്ടിയംഗങ്ങളേയും കുടുംബക്കാരേയും മററു ബന്ധുക്കളേയും അതിനു ക്ഷണിച്ചിട്ടുണ്ട്.

മുൻകോപിയും ദുർമ്മുഖനും രോഗിയുമായ യോർഡാൻഡിയാമിനോവ് ഒരു വയസ്സനായിരുന്നു. ബൾഗേറിയൻ ചോർബാഡ്ജിമാരുടെ പേരു ഭയങ്കരമാക്കിയതിൽ ഒരാളാണ് ഇദ്ദേഹം. അദ്ദേഹത്തിൻെറ കുടുംബം വദ്ധിച്ചു. സമ്പത്ത് അപരിമിതമായി. അദ്ദേഹത്തിൻെറ വാക്കുകളെ എല്ലാവരും ബഹുമാനിച്ചു; പക്ഷേ ആരും അദ്ദേഹത്തെ സ്നേഹിച്ചിരുന്നില്ല. കഴിവില്ലായ്മകൊണ്ട് ഇപ്പോൾ ഉപദ്രവമൊന്നും ചെയ്യുന്നില്ലെങ്കിലും, തുക്കികളോട് അയാൾക്കുള്ള അടുപ്പം സാധുക്കളെ ചൂഷണംചെയ്യൽ അന്യായമായ പെരുമാററം എന്നിവകൊണ്ട് സകലരും അദ്ദേഹത്തെ വെറുത്തിരുന്നു, അയാൾ തികച്ചും ഭൂതകാലത്തിൻേറതായിരുന്നു.

യോർഡാൻ ദുർമ്മുഖനായിരുന്നുവെങ്കിലും വിരുന്നു് സന്തോഷപൂർണ്ണമായിരുന്നു. ജിങ്കഅമ്മായി, യോർഡൻെറ വിവാഹിതപുത്രി, വായാടിയും നല്ലപോലെ ഇണങ്ങുന്ന പ്രകൃതക്കാരിയും അല്പമൊരു ഭ്രാന്തിയുമായിരുന്നു. സൗന്ദര്യം തീരെ പോയിട്ടില്ലാത്ത അവൾ വിനോദഭാഷണങ്ങൾകൊണ്ടു് അവളുടെ വിരുന്നുകാരെ രസിപ്പിച്ചിരുന്നു. ആവശ്യമാണെങ്കിൽ ക്ഷീണമനസ്കനായ തൻെറ ഭത്താവിനെ തല്ലാൻ

പോലും അവൾ മടിച്ചിരുന്നില്ല. അവളുടെ തളച്ച്യറിയാത്ത നാക്കു് ഇടവും വലവും നർമ്മഭാഷണങ്ങൾ ചൊരിഞ്ഞു. മൂത്ത കന്യാസ്ത്രീകളാണു് ഏററവും കൂടുതൽ ചിരിച്ചതു്. അവരിൽ ഒരുത്തിയായ യോർഡാൻെറ സഹോദരി, ഗോസ്പോഷഹാജിറവോഹമ്മ, മുടന്തിയും വെറുക്കപ്പെടേണ്ട ഒരു അപവാദ വ്യവസായക്കാരിയുമാണു്. ജിങ്കാമ്മായിയുടെ കൂടെ ചേൎന്നു് അവളും കൂട്ടത്തിലില്ലാത്തവരെപ്പററി വൃത്തികെട്ട അഭിപ്രായങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. ആതിഥേയൻെറ സ്യാലനായ ഹാജിസ്റ്റിയോൺ എപ്പോഴും വായനിറച്ചിട്ടു ചിരിച്ചുകൊണ്ടിരുന്നു. ജാമാതാവിൻെറ പിതാവായ ഹാജിവാപ്ലി ഹൃദയപൂൎവ്വം ചിരിക്കുന്നതിന്നിടയിൽ അടുത്തിരുന്ന മിഖലാക്കി ആലഫ്രാൻകയുടെ മുള്ളു് മനസ്സറിയാതെ എടുത്തുപയോഗിച്ചുകൊണ്ടിരുന്നു. ഈ ഉദാസീനതയിൽ ദേഷ്യംപൂണ്ട ആലഫ്രാൻക മുഖം വീൎപ്പിച്ചു ചുററും നോക്കിക്കൊണ്ടിരുന്നു.

ആലഫ്രാൻക എന്ന പരിഹാസപ്പേരു് മിഖലാവി തികച്ചും അർഹിച്ചിരുന്നു. മുപ്പതുകൊല്ലംമുമ്പു് ആദ്യമായി നഗരത്തിൽ ട്രൗസർഇട്ടു നടന്നതും അല്പം ഫ്രഞ്ചുഭാഷ പഠിച്ചതും അയാളാണു്. പക്ഷെ അയാൾക്കു് എല്ലാംകൂടി ഉള്ളതും അതുതന്നെയാണു്. ക്രിമിയൻ യുദ്ധകാലത്തു നിലവിലുണ്ടായിരുന്ന അതേ സമ്പ്രദായത്തിൽ തന്നെയാണു് ഇപ്പോഴും അയാളുടെ കോട്ടു് വെട്ടിത്തുന്നുന്നതു്. ശുഷ്കിച്ച അയാളുടെ ഫ്രഞ്ചുവിജ്ഞാനം ഒട്ടുപോലും അധികമായിട്ടുമില്ല.

പക്ഷേ, വിദ്വാനെന്ന അയാളുടെ കീൎത്തി ഇപ്പോഴും നിലനിന്നിരുന്നു. അതോടൊപ്പം മുഖസ്തുതിസൂചകമായ അയാളുടെ പരിഹാസപ്പേരും. ഇതു മനസ്സിലാക്കിയ അയാൾ അത്യധികം ഗൎവ്വ് ഭാവിച്ചു ഗൗരവപൂൎണ്ണമായേ പെരുമാറൂ. കഠിനങ്ങളായ വാക്കുകളേ സംസാരിക്കൂ. മിഖലോവി എന്ന പേരിൽ ഒരു പോലീസുകാരൻ ഉണ്ടായിരുന്നതുകൊണ്ടു് അ

യാളാണെന്നു തെററിദ്ധരിക്കാതിരിക്കാൻവേണ്ടി ബായ്മിലാവി എന്നു തന്നെ വിളിക്കുവാൻ അയാൾ ആരേയും അനുവദിച്ചിരുന്നില്ല. അയാളുടെ പരിഹാസപ്പേരിൽ അയാൾ അത്യധികം അഭിമാനംകൊണ്ടു. തൻെറ അയൽക്കാരനായ ഐവാൻകോയോട്ടയോട്ട് അയാളൊരു വൈരാഗ്യം വെച്ചു പുലത്തിയിരുന്നു, കാരണം ഏതോ ഒരു മീററിങ്ങു സ്ഥലത്തുവെച്ച് അയാൾ തന്നെ ഒരിക്കൽ ആലഫ്രാൻക എന്നതിനുപകരം മാലഫ്രാൻക എന്നു് വിളിച്ചു. അതു രണ്ടും ഒന്നുതന്നെയാണ് എന്നാണ് ആ സാധു ധരിച്ചുവെച്ചിരുന്നതു്.

ആലഫ്രാൻകയുടെ അടുത്തിരുന്നതു് ഡാമൻകോ ഗ്രിഗററാണ്. ചടച്ചു കറുത്ത ദേഹവും, വിളത്ത നോട്ടവും നീണ്ട മുഖവും പരിഹാസദ്യോതകമായ ചുണ്ടുകളും ഗൗരവകരമായ പ്രകൃതിയുമുള്ള ഒരു 50 കാരനാണ് ഇയാൾ. ലളിതമായി കഥ പറയാനറിയാവുന്ന ഇയാൾ നിരവധി കഥകളുടെ ഒരു ഭണ്ഡാരമാണ്. ഹാലിമിൻെറ നിധിയെക്കാൾ വലുതാണ് അദ്ദേഹത്തിൻെറ ആ ഭാവനാസമ്പത്തു്. ഒരു തുള്ളി വെള്ളത്തിൽ നിന്നൊരു സമുദ്രവും, ഒരു ഉറുമ്പുകൂനയിൽനിന്നൊരു മലയും അയാൾ സൃഷ്ടിക്കും; ഉറുമ്പുകൂനയില്ലെങ്കിൽ തന്നെ അയാൾക്കൊരു ബുദ്ധിമുട്ടുമില്ല. മററുള്ളവരെ വിശ്വസിപ്പിക്കുവാൻ എളുതായ മാൎഗ്ഗം, താൻതന്നെ അതാദ്യം വിശ്വസിക്കുക എന്നതാണ് അയാളുടെ പ്രധാനമായൊരു കാൎയ്യം. ഈ പറഞ്ഞതൊഴിച്ചാൽ ഡാമൻകോ നല്ലൊരു കച്ചവടക്കാരനും, ഉത്തമനായ ഒരു ദേശാഭിമാനിയും ആലോചനാശീലനുമായിരുന്നു.

ജിങ്കഅമ്മായിയുടെ ഭൎത്താവു് നിശ്ശബ്ദമായി മുന്നിലേയ്ക്കു മാത്രം നോക്കിയിരുന്നു തിന്നുകയായിരുന്നു. എന്തെന്നാൽ അയാളെന്തെങ്കിലും പറയാനാഗ്രഹിക്കുകയോ ഉള്ളു തുറന്നു ചിരിക്കാൻ ഭാവിക്കുകയോ ചെയ്താൽ അദ്ദേഹത്തിൻെറ

ഭാര്യ വളരെ കശ്നമായി അദ്ദേഹത്തെ നോക്കും. അയാൾ ഭാര്യയുടെ മുമ്പിൽ ചെല്ലുവാൻപോലും ഭയപ്പെട്ടിരുന്നു. സ്വതേ പൗരുഷഹീനനും ദുർബ്ബലനുമായ അയാൾ സാമന്യേന അവഗണിക്കപ്പെട്ടപോലെയാണ്. ജിങ്കഅമ്മായിയെ ജിങ്കോജൻകോവ എന്ന ഭർത്താവിന്റെ പേരിനോടു ബന്ധിച്ചു വിളിക്കുന്നതിനുപകരം അയാളെ എല്ലാവരും ജിങ്കയുടെ ജെൻകോ എന്നാണ് വിളിച്ചിരുന്നത്.

അയാളുടെ അടുത്തായി ഇരുന്നിരുന്ന കൗൺസിലർ നെക്കോപിരൻകോവ് ഇടക്കിടെ കിരിയാക്ക്സ്റ്റെഫ്കോവിന്റെ ചെവിയിൽ എന്തൊക്കെയോ പിറുപിറുത്തിരുന്നു. അഴകുരാവണനെപ്പോലെ വേഷം കെട്ടിയിരുന്ന സ്റ്റെഫ് കോവ് അതൊന്നും ശ്രദ്ധിക്കാതെതന്നെ ഇടക്കു തലയാട്ടി. മന്ദസ്മിതത്തോടെ യോർഡന്റെ മകളായ ലാല്ലയെ വിളിച്ചുകൊണ്ടിരുന്നു. പക്ഷെ സ്റ്റെഫ്കോവിന്റെ ഉദാസീനത അയാൾക്കു ഒരു ശിക്ഷ ആയിത്തീൎന്നു. പെട്ടെന്നു് സ്റ്റെഫ് കോവിന്റെ ഗ്ലാസ്സുമായി തന്റെ ഗ്ലാസ്സു മുട്ടിമുട്ടിക്കുവാൻ ഉദ്ദേശിച്ചിരുന്ന നെക്കോ അതു ചെയ്യുന്നതിനിടക്കു കട്ടം ചുവപ്പായ വീഞ്ഞു മുഴുവൻ സ്റ്റെഫ്കോവിന്റെ ധവളധവളമായ ടൗസറിൽ വീഴ്ത്തി.

ഇതിനുമുമ്പ് നാം ബെയുടെ അടുക്കൽ കണ്ടെത്തും ഈ ചരിത്രത്തിൽ ഇനിയും പ്രധാനമായ പങ്കു വഹിക്കേണ്ടവനുമായ ഈ യുവാവ് സ്വഭാവംകൊണ്ടും വളർത്തൽകൊണ്ടും ഒരു യഥാൎത്ഥ ചോർബാഡ്ജി തന്നെയാണ്. യോർഡ ഡയമാൻഡിവിന്റെ സ്ഥിതിയിൽപ്പെട്ട ഒരാളുടെ മകനും ചെറുപ്പക്കാരനുമാണെങ്കിലും പഴക്കമേറിയ ആദർശങ്ങൾ ഉള്ള അയാളിൽ സ്വാതന്ത്ര്യാവേശത്തിന്റെ പുതിയ സ്വാധീനത തീരെ ഏശിയില്ല. ഇതുകൊണ്ടായിരിക്കണം തുൎക്കികൾ അയാളെ ഇഷ്ടപ്പെട്ടിരുന്നതു്. ഇക്കാരണംകൊണ്ടുതന്നെ അയാളെ ഒരു തുൎക്കിപാരനായി കരുതിയിരുന്നു. മററു

യുവാക്കൾ അയാളെ കയ്യെത്താത്ത സ്ഥലത്തേ നില്ലവാൻ അനുവദിച്ചുള്ളൂ. ഗർവ്വ് കലന്ന അയാളുടെ സ്വഭാവവും, അസൂയയും വെറുപ്പും നിറഞ്ഞ ആത്മാവും, ചീത്ത ഹൃദയവും അയാളെ അഗണ്യനാക്കിത്തീൎത്തു. ഇതൊക്കെയുണ്ടായിട്ടും— അഥവാ ഇതൊക്കെ ഉണ്ടായതുകൊണ്ടാവാം, യോർഡനു് ഇയാളോടു് ഒരു പ്രത്യേക മമതയുണ്ടായിരുന്നു. ആ അഭിപ്രായം ഒളിക്കാൻ ആ വൃദ്ധൻ ശ്രമിച്ചിട്ടുമില്ല. അതുകൊണ്ടു് തെററായിട്ടോ ശരിയായിട്ടോ ജനങ്ങൾ അയാളെ യോർഡൻെറ ഭാവിജാമാതാവായി കല്പിച്ചിരുന്നു.

മേശ വൃത്തിയാക്കി കാപ്പി ഒഴിച്ചുകൊടുത്തതു് ചുവന്ന കവിൾത്തടങ്ങളോടുകൂടി, കറുത്ത ഉടുപ്പണിഞ്ഞ ഉയരംകൂടിയ ഒരു പെൺകുട്ടിയായിരുന്നു. അവളെ ആരും ശ്രദ്ധിച്ചുമില്ല. മേശമേൽവെച്ചു തുടങ്ങിയ സംഭാഷണം ജിങ്കഅമ്മായിയുടെ തോല്ക്കാത്ത വാഗ്‌വിലാസത്തിൻെറ ശക്തിയാൽ വീണ്ടും തുടൎന്നുതന്നെ പോന്നു. അധികം താമസിയാതെ അവരുടെ സംഭാഷണത്തിനു അന്നത്തെ പ്രധാനവാൎത്തയായ സൊക്കൊലോവിൻെറ അപകടം, ഒരു വിഷയമായി. പെട്ടെന്നു എല്ലാവരുടേയും ശ്രദ്ധ ആ വിഷയത്തിലേക്കു കേന്ദ്രീകരിച്ചു. ഭക്ഷണാനന്തരവിശ്രമത്തിന്നു് അതൊരു ആവേശവും ചൂടും നൽകി.

"ഇപ്പോൾ ഡോക്ടരുടെ ഭാൎയ്യ എന്തു ചെയ്യുകയായിരിക്കും!" ഗോസ്‌പോഷസെറാഫിമ പരിഹസിച്ചു.

"ഏതു് ഭാൎയ്യ?" അമ്മായി ചോദിച്ചു.

"എന്തു് അമ്മായി ക്ലിയോപാട്ര തന്നെ."

"ശരി, നമുക്കു് അവളെക്കണ്ടു് വിവരമെല്ലാം പറഞ്ഞു് ഡോക്ടൎക്കു് ഒരു കത്തയപ്പിക്കണം. സാധു ഇപ്പോൾ ഭാൎയ്യയുടെ എഴുത്തിനുവേണ്ടി ആൎത്തിപിടിച്ചിരിക്കയായിരിക്കും." ജിങ്ക അമ്മായി പറഞ്ഞു.

“മിഖലാഖി” വൃദ്ധസ്ത്രീ ചോദിച്ചു: “എന്തുതരം വാക്കാണീ ക്ലിയോപാട്ര എന്നത്? ‘കൗണ്ട’ അമ്മൂമ്മക്കതു ഉച്ചരിക്കാൻ സാധിക്കാത്തതുമകൊണ്ടു് ‘കാലിപ്ര’ എന്നാണു് പറയുന്നതു്.”

മിഖലാഖി മുഖം വീർപ്പിച്ചു. പിന്നെ കുറച്ചുനേരം ആലോചനാനിമഗ്നനായി, അതിന്നുശേഷം ഗർവ്വോടെ പറഞ്ഞു: “അതു് ഹെല്ലനിക്ക്, അതായതു് ഗ്രീക്‌വാക്കാണു്. കരയാൻ വേണ്ടി, കരയുന്ന’ എന്നാണു് അതിൻെറ അത്ഥം.”

“ഡോക്കുക്കുവേണ്ടി കരയുക എന്നു ലളിതമായി പറയൂ’ എന്നു് പറഞ്ഞു ഹാജി സ്റ്റീയോൺ യാതൊരു ആവശ്യവുമില്ലാതെ തൻെറ കോട്ടിൻെറ പോക്കറ്റുകൾ തിരയാൻതുടങ്ങി.

“അതവളുടെ പേരിന്നുപററി?” ഗോഡ്പോഷഹാജിറവോഹമ്മ പറഞ്ഞു. ഇനിയും ഡോക്കുക്കുവേണ്ടി കൂടുതൽ സങ്കടത്തോടെ കരയുന്ന വേറെ ഒരാളുണ്ടു്.”

കുനിഞ്ഞു ഹാജിസ്റ്റീയോണിൻെറ ഭാൎയ്യയുടേയും വേറൊരു സ്ത്രീയുടെയും ചെകിട്ടിൽ അവരെന്തോ പിറുപിറുത്തു. അവർ മൂന്നുപേരും പൂച്ചുരസത്തിൽ ചിരിച്ചു. ക്രമേണ ആ ചിരി അതിഥികളുടെ മുഖങ്ങളിലെല്ലാം പടന്നു.

“അങ്ങിനെ പറയല്ലേ ജിന, ബെയുടെ പതിയോ?” മൈക്കോവിൻെറ ഭാൎയ്യ അത്ഭുതത്തോടെ ചോദിച്ചു.

“പേടിക്കാതെ. എണ്ണിവിട്ടിട്ടുള്ള ആട്ടുകളേയും ചിലപ്പോൾ ചെന്നായ ഭക്ഷിക്കും.”

കൂടുതൽ ചിരി മുഴങ്ങി.

“കിരിയാക്ക്, അയാളുടെ അട്ടത്തുണ്ടായിരുന്ന കടലാസുകൾ എന്തൊക്കെയാണു്” തൻെറ അതിഥികൾ എന്തിനാണിത്രവളരെ ചിരിക്കുന്നതു് എന്നു മനസ്സിലാകാതിരുന്ന യോർഡൻ വിളിച്ചുചോദിച്ചു.

"ആദ്യംതൊട്ട് അവസാനംവരെ വിപ്ലവകരമായെഴുതിയ കടലാസ്സുകൾതന്നെ. അദ്ധരാത്രിതന്നെ അതു തർജ്ജമ ചെയ്യുകിട്ടുവാൻ ബെ എന്നെ വിളിച്ചു. എല്ലാം ഒരുതരം വഴപ്പൻ വിഡ്ഢിത്തം. യോർഡാൻ, അതൊക്കെ ബോധമില്ലാത്തവർക്കുമാത്രമേ ആലോചിക്കുവാൻ സാധിക്കു. ബുക്കാറസ്റ്റ് കമ്മററിയുടെ പ്രഖ്യാപനത്തിൽ പറയുന്നതു് എല്ലാം ചുട്ടു പൊട്ടിക്കാനാണു്; അങ്ങനെയെങ്കിലും സ്വാതന്ത്ര്യം നേടണം. ഈ നരകപിശാചുക്കൾ ഇടത്തും വലത്തും ചുട്ടുപൊട്ടിക്കയാണു്. പക്ഷേ, എന്താണവർ നശിപ്പിക്കുന്നതു്? വല്ലവരേറയും വസ്തുക്കൾ. നശിക്കുവാൻ അവർക്കൊന്നുമില്ല ഇവിടെ, തീ കൊളുത്തുക അത്രെ. എത്രവേഗം കഴിഞ്ഞു വമ്പു പറയുന്ന കോമാളികൾ." യോർഡാൻ കുപിതനായി പറഞ്ഞു.

"എല്ലാം കള്ളവക." ഹാജിസ്സിമിയോൺ പറഞ്ഞു

ഡാമനിക്കോ ഗ്രിഗർ ഒരു നീണ്ടകഥ തുടങ്ങാൻ ഒരു കാരണംമാത്രം കാത്തിരിക്കയായിരുന്നു. ഹാജിസ്സിമിയോണിന്റെ അവസാനത്തെ വാക്കുകളിൽ കയറിപ്പിടിച്ചു് അയാൾ തുടന്നു: "ഹാജ്, എന്താണു് പറഞ്ഞതു കള്ളന്മാർ എന്നോ, ഞാൻ ഓർമ്മിക്കുന്നതു് കള്ളന്മാരെപ്പററിത്തന്നെ. പണ്ടൊരിക്കൽ—അതെ 1863 മേയ്മാസം 22-ാംതീയതി വെളുപ്പിനു് 3മണിക്കു് എനിക്കു 'ഷ്ലിപ്'വരെ ഒന്നു പോകേണ്ടതായി വന്നു. അന്നു് ശനിയാഴ്ചയായിരുന്നു. മേഘാവൃതമായിരുന്നു അന്തരീക്ഷം."അങ്ങനെ ഗ്രിഗർ അവസാനിക്കാത്ത കഥ തുടന്നു. അതിലെ പങ്കാളികൾ കള്ളന്മാർ, ഷ്ലിപ്പു സത്രത്തിലെ വിചാരിപ്പുകാരൻ, ഒരു ഗ്രീക്ക് ക്യാപ്ററൻ, രണ്ടു പാഷാന്മാർ, വല്ലാച്ചിയയിലെ രാജകുമാരനായ കൗസയുടെ ഒരു സഹോദരി ഇന്നിവരായിരുന്നു.

തികഞ്ഞ വിശ്വാസത്തോടെ അല്ലെങ്കിലും കാപ്പി നുണഞ്ഞിറക്കിക്കൊണ്ടു എല്ലാവരും കഥ ശ്രദ്ധിച്ചുകേട്ടു

"ഈശ്വരാ, അവർ കോൺവെൻററിലും വന്നു തീവ്രസ്സമോ"? ഗോസ്പോഷ സിറാഫിമ ചോദിച്ചു.

"സ്വർഗ്ഗത്തിലെ തീ തന്നെ അവരെ ഒടുക്കട്ടെ" . റവോഹമ്മ ഇടയിൽക്കയറി പറഞ്ഞു.

"ഒന്നു് വിചാരിച്ചുനോക്കു." സ്റ്റെഫ്കോവ് തുടന്നു: "എത്ര ഭയങ്കരമാണീ ദുഷിച്ചപരസ്യം. ചെറുപ്പക്കാരുടെ സാധാരണമായ വികാരങ്ങളെ നശിപ്പിച്ചു് അവരെ മടിയന്മാരാക്കി തൂക്കുമരത്തിലേയ്ക്കു നയിക്കുന്നു. ആ സൊക്കൊലോവിനെതന്നെ ഓർക്കൂ. എന്തൊരു കഷ്ടം."

"വലിയ സങ്കടംതന്നെ'" ഹാജിസ്മിയോൺ സമ്മതിച്ചു.

മിഖലാഖി ആലഫ്രാൻക പറഞ്ഞു: "ഇന്നലെയാണു് ഡോക്ടരോടുള്ള സംഭാഷണത്തിനിടയിൽ അയാൾ ആരാധിക്കുന്ന ഈശ്വരനെക്കുറിച്ചു ഞാനറിഞ്ഞതു്. ഇവിടെ ഒരു ലൈബോബ്രാടിച്ചു് ഇല്ലാത്തതിനാൽ അയാൾ പരാതിപ്പെട്ടുകയായിരുന്നു."

"നിങ്ങൾ അതിനു എന്തു പറഞ്ഞു?"

"അങ്ങിനെ ഒന്നില്ലെങ്കിലും ഇവിടെ ഒരു കഴുമരമുണ്ടെന്നു ഞാൻ അയാളോടു പറഞ്ഞു."

"അന്തസ്സായി, അപ്പറഞ്ഞതു്."

ജിജ്ഞാസുവായ ഒരു വൃദ്ധ ചോദിച്ചു: "എന്താണീ ലൈബൊബ്രാടിച്ച്?"

ജിങ്കയുടെ ജെൻകോ സാധാരണയായി "പ്രാവോ" പത്രം വായിക്കാറുണ്ടായിരുന്നതിനാൽ രാഷ്ട്രീയത്തെപ്പററി കുറെയൊക്കെ അയാൾക്കു് അറിയാമായിരുന്നു. അയാൾ എന്തോ പറയാൻ വായ തുറന്നു. ജിങ്കോ ഭയങ്കരമായ ഒരു നോട്ടം കൊണ്ടു് അയാളുടെ വായ പൊത്തി, താൻതന്നെ വിശദീകരിക്കാൻ തുടങ്ങി,

“ഹെർസിഗോവിനയാക്കാരുടെ കൊള്ളത്തലവനാണ് ലെബോബ്രോടിച്ച്, ഡോനഅമ്മുമ്മേ. അങ്ങനെ ഒരാൾ നമുക്കിപ്പോൾ ഉണ്ടെങ്കിൽ ഞാൻ അയാളുടെ കൊടി പിടിച്ചേനെ. എന്നിട്ടു ഈ മൊട്ടക്കുസുകളെ (പച്ച ടർബൻ ധരിച്ചു നടക്കുന്ന തുർക്കികൾക്കുള്ള ഒരു പരിഹാസപ്പേരായിരുന്നു അതു്) അരിയാൻ ഇറങ്ങണം. യോർഡൻ ക്രുദ്ധനായി അവരെ നോക്കി.

“ജിന, ഈ വാക്കുകൾ നേരംപോക്കായിപ്പോലും പറയരുതു്. ഹാജി, നിങ്ങൾ പറയുന്നതു വെറും വിഡ്ഢിത്തമാണു്.” ആലഫ്രാൻകയുടെ അടുത്തേക്കു് തിരിഞ്ഞു് അയാൾ ചോദിച്ചു: “അപ്പോൾ ഇക്കണക്കിനു നമ്മുടെ ഡോക്ടർക്ക് എന്തു സംഭവിക്കും.”

“നിയമപ്രകാരം മരണമാണു്.” അല്ലെങ്കിൽ ഡയർബെക്കറിൽ ജീവപര്യന്തം. രാജാവിനെ എതിർക്കുന്നതിന്റെ ശിക്ഷയാണിതു്.’ സ്റ്റെഫ്കോവ് പറഞ്ഞു.

“അതവൻ അർഹിക്കുന്നതുതന്നെ.” ഹാജറവോഹമ്മ ചിലച്ചു: “അല്ല, അയാൾക്കു കത്തിച്ചുകളയാൻമാത്രം കോൺവെൻറു് എന്തു ചെയ്തു?”

“അയാൾ അല്ലെങ്കിലും കുഴപ്പമന്വേഷിച്ചു നടക്കുകയാണു്.” കൗൺസിലർ പറഞ്ഞു: “ഇന്നലെ രാത്രിയിലെ വെടിവെപ്പിനു ഇതായിട്ടു ബന്ധമുണ്ടു്.”

“വെടിവെച്ചോ, എന്നാണോ നിങ്ങൾ പറയുന്നതു് നെക്കോ. ഞാൻ ഓർക്കുകയാണു്, ഈശ്വരൻതന്നെ നമ്മെ രക്ഷിക്കട്ടെ. ക്രിമിയൻ യുദ്ധകാലമാണു്. ഞാനും ഐവൻ ബോഷ്ണകോവും കൂടി ബോസ്നിയയിലേക്കു പോകുകയാണു്, സംഭവങ്ങൾ ഇന്നലെ കഴിഞ്ഞപോലെതന്നെ ഞാൻ ഓർക്കുന്നു. സെൻറു് നിക്കോളസിന്റെ പെരുന്നാളിനു ഒന്നോ രണ്ടോ ദിവസംമുമ്പാണതു്. ‘പീററി’ന്റെ അടുത്തെത്തിയ

ള്ളോഴേയ്ക്കും രാത്രിയായി. ഒരു കൊടുങ്കാററടിക്കാൻതുടങ്ങി. ഹൌ എന്തൊരു കൊടുങ്കാററു്!'' അങ്ങിനെ ഗ്രീഗർ—എങ്ങിനെയാണു് അവരുടെ തലക്കുമുകളിലായി ഇടിവെട്ടിയതും, അതിനെത്തുടൎന്നു് ഒരു വാൽനട്ടമരം കത്തിയതും, 50 ചെമ്മരിയാട്ടുകളെ അതു കൊന്നതും, അയാളുടെ കുതിരയുടെ വാൽ കത്തിയതും, അതിനെ അയാൾക്കു വലിയ നഷ്ടത്തിൽ വിള്ക്കേണ്ടിവന്നതും അയാൾ വൎണ്ണിക്കാൻ തുടങ്ങി.

വളരെ വാഗ്വിലാസത്തോടും അതിചാതുൎയ്യത്തോടും കൂടി നടത്തിയ ഈ പ്രഭാഷണം കേൾക്കുന്നവർ അവസാനംവരെ അതീവശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നു. സ്റ്റെഫ് കോവും, നെക്കോവും പരസ്പരം നോക്കി ചിരിച്ചു. മിഖലാഖി കഴുത്തു മുന്നോട്ടു് തള്ളിക്കൊണ്ടിരുന്നു. ശൈത്യകാലത്തുണ്ടാകുന്ന ഇടിയുടെ മാരകശക്തിയെ പററിയുള്ള ഗ്രിഗറിന്റെ ഈ വൎണ്ണന ഹാജിസ്മിയോൺ അത്ഭുതത്തോടെ വായപൊളിച്ചിരുന്നു കേട്ടു.

ഗ്രിഗോർ ഈ കഥ പറയുമ്പോൾതന്നെ ജിങ്കഅമ്മായി ലാല്ലുയെ അന്വേഷിക്കുന്നുണ്ടായിരുന്നു.

"റാഡ, ലാല്ലുയെവിടെ? വേഗം പോയി വിളിച്ചുകൊണ്ടുവാ.'' കറുത്ത വസ്ത്രംധരിച്ച ആ പെൺകുട്ടിയോടു് റവോഹമ്മ ഗൗരവത്തോടെ കല്പിച്ചു.

അതീവ ക്രൂരതയോടെ പുറത്തുവന്ന സ്റ്റെഫ്കോവിന്റെ വാക്കുകൾ കേട്ടതോടെ ആ സാധു പെൺകുട്ടി ആരും അറിയാതെ അവിടെനിന്നു വേറെ ഒരു മുറിയിലേയ്ക്കു പോയിരുന്നു. അവിടെയെത്തി ജനാലപ്പടിയിൽ കയറി ഇരുന്നു് അവൾ തേങ്ങിത്തേങ്ങി കരയാൻ തുടങ്ങി. ഒരു ദിക്കിൽ കെട്ടിക്കിടന്നിരുന്നതാണോ എന്നു തോന്നുമാറു് മലവെള്ളംപോലെ ആ കണ്ണുകളിൽനിന്നും കണ്ണുനീർ ഒഴുകി. കരഞ്ഞുകരഞ്ഞു് ഒടുവിൽ അവൾക്കു് ശ്വാസം കിട്ടാതെയാ

യി. സങ്കടവും അത്യൽകടമായ കരുണയും ആ ഓമനമുഖത്തു് പ്രതിഫലിച്ചു. ദയാശൂന്യരായി ഡോക്ടരുടെ നിർഭാഗ്യത്തെപ്പററി പരിഹസിച്ചവരോടെല്ലാം അവൾക്കു് സഹിക്കവയ്യാത്ത ദേഷ്യം തോന്നി. അതോടൊപ്പംതന്നെ അവളുടെ വേദനയും വദ്ധിച്ചു. "പ്രിയപ്പെട്ട ഈശ്വരാ എന്തു ദയയില്ലാത്തവരാണു് ഇക്കൂട്ടർ!"

എത്ര അകംതകക്കുന്ന ദുഃഖത്തിനും കണ്ണുനീർ കുറെയെല്ലാം ശമനമുണ്ടാക്കും. ഡോക്ടരുടെ വിധി തീരുമാനിക്കപ്പെട്ടിട്ടില്ല, ഇനിയും ആശക്കു വഴിയുണ്ടു്.

ലാല്ല എഴുന്നേററു. സുമസദൃശമായ ആ മുഖത്തുനിന്നു അവൾ കണ്ണുനീരെല്ലാം തുടച്ചുമാററി. കരച്ചിലിൻെറ ലക്ഷണങ്ങൾ ആ മുഖത്തുനിന്നു മാറാനായി അവൾ അവിടെത്തന്നെ ഇരുന്നു. അവൾ വെറുതെ താഴോട്ടുനോക്കി. ഉദാസീനമായി യാതൊരു വ്യഥയുമില്ലാതെ അതിലൂടെ ഒഴുകിക്കൊണ്ടിരുന്ന ജനതതിയെ അവൾ കണ്ടതേയില്ല. ഈ കരുണയററ ലോകം അവൾക്കുള്ളതല്ല. അവളുടെ ഹൃദയം ഒരൊററ വ്യക്തിയാൽ നിറയപ്പെട്ടതായിരുന്നു.

പെട്ടെന്നു് ഒരു കുതിരയുടെ കുളമ്പടി ശബ്ദം അവളുടെ ശ്രദ്ധയെ ആകഷിച്ചു. അവൾ താഴോട്ടുനോക്കി അത്ഭുതസ്തബ്ധയായി നിന്നു. അതാ ഡോക്ടർ സൊക്കലോവ് ആഹ്ലാദഭരിതനായി തൻെറ വെള്ളക്കുതിരയുടെ പുറത്തു കയറി വരുന്നു. വിനീതനായി അവളെ വണങ്ങി അയാൾ കടന്നുപോയി. സന്തോഷംകൊണ്ടു മതിമറന്ന അവൾ പ്രതിവന്ദനം ചെയ്യാൻപോലും മറന്നുപോയി. എന്തോ നിയന്ത്രണാതീതമായ ഒരു ശക്തി തള്ളിവിട്ടതുപോലെ അതിഥികളുടെ മുമ്പിലെത്തി വികാരവായ്പോടെ അവൾ വിളിച്ചുപറഞ്ഞു:

"ഡോക്ടർ സൊക്കലോവ് മടങ്ങിയെത്തി!"

അനിഷ്ടകരമായ ഒരത്ഭുതം എല്ലാവരുടേയും മുഖത്തു പ്ര

കടമായി. സ്റ്റെഫ്കോവ് വിളറി. പക്ഷേ ഉദാസീനത നടിച്ചുകൊണ്ടു പറഞ്ഞു: "അയാളെ പുതിയതായി വിസ്തരിക്കുവാൻ കൊണ്ടുവന്നതായിരിക്കണം. അല്ലാതെ അത്ര എളുപ്പത്തിൽ ഡയാർബക്കറിൽനിന്നോ കയറിൽനിന്നോ രക്ഷപ്പെടുവാൻ അയാൾക്കു പററില്ല."

അതേസമയത്തുതന്നെ പുച്ഛം ദ്യോതിപ്പിക്കുന്ന റാഡയുടെ നോട്ടം അയാളുടേതുമായി കൂട്ടിമുട്ടി; പെട്ടെന്നുണ്ടായ വിദ്വേഷജ്വാല അയാളുടെ മുഖത്തെ രക്തവർണ്ണമാക്കി.

"കിരിയാക്, അങ്ങനെ പറയരുത്. സാധു അയാൾ രക്ഷപെടട്ടെ എന്നുതന്നെ ഞാൻ ആശിക്കുന്നു. എനിക്കു സഹതാപം അയാളുടെ താരുണ്യത്തോടാണ്." ജിങ്കാഅമ്മായി ആവേശത്തോടെ പറഞ്ഞു. ആദ്യം ഡോക്ടർ പറഞ്ഞതായ പരിഹാസവാക്കുകൾ പുറത്തുവന്നതു് അവളുടെ നാക്കിൽ നിന്നാണ്. ഹൃദയത്തിൽ തട്ടിയിട്ടല്ല. മാനവമനസ്സിന്റെ പ്രകാശപൂർണ്ണമായ രശ്മി അതവിടെ ഉള്ളേടത്തോളം യാതനയുടെ താഡനമേൽക്കുമ്പോൾ പുറത്തു് വരാതിരിക്കില്ല.

ഹാജിസ്മിയോണിന്റെ ബഹുമതിക്കതു പറയാതെ തരമില്ല. അദ്ദേഹം ആത്മാർത്ഥമായി സന്തോഷിച്ചു. യോർഡാന്റെ ഭ്രാന്തിയായ പുത്രി ജിങ്കയെപ്പോലെ അയാളുടെ മുമ്പിൽവെച്ചു അതു പുറത്തുവിടുവാൻ സ്മിയോണിനു ധൈര്യമുണ്ടായില്ല.

## അദ്ധ്യായം 9

# വിശദീകരണങ്ങൾ

വീട്ടിലെത്തിയ ഉടനെതന്നെ ഡോക്ടർ പുറത്തേക്കു പുറപ്പെട്ടു. ഗാങ്കോവിൻെറ കഫെയുടെ മുമ്പിലൂടെ കടന്നുപോകുമ്പോൾ പലരും അയാളെ സ്വാഗതം സ്വാഗതം എന്നു പറഞ്ഞു അഭിനന്ദിച്ചു. കൂട്ടത്തിൽ ഏററവും ഹൃദയംഗമമായി കഫെ ഉടമസ്ഥനും. അയാൾ നേരെ പോയതു് മാർക്കോവിൻെറ വസതിയിലേക്കാണു്. അകത്തേക്കു കടക്കുമ്പോൾ യോർഡൻെറ വീട്ടിൽനിന്നു മടങ്ങുന്ന സ്റ്റെഫ്കോവിനെ ഡോക്ടർ കണ്ടു.

"സർ, ദ്വിഭാഷി, എൻെറ അഭിനന്ദനങ്ങൾ." പുച്ഛരസത്തിലുള്ള ഒരു ചിരിയോടെ ഡോക്ടർ വിളിച്ചുപറഞ്ഞു.

ഭക്ഷണംകഴിഞ്ഞു് മാർക്കോ ബോക്സ്മരങ്ങളുടെ ഇടയിൽ ഇട്ടിട്ടുള്ള ഒരു ബഞ്ചിൽ കാപ്പിയും കുടിച്ചുകൊണ്ടു് ഇരിക്കയായിരുന്നു.

ആത്മാർത്ഥതയോടെ അദ്ദേഹം ഡോക്ടറെ സ്വീകരിച്ചു. സ്നേഹിതൻെറ മറുപടിക്കു് ആഹ്ലാദത്തോടെ മറുപടിപറഞ്ഞശേഷം ഡോക്ടർ തുടന്നു: "ഞാൻ താങ്കളെ ചിരിപ്പിക്കുവാൻ പോകയാണു്, മാർക്കോ."

"എന്തായിരുന്നു അതെല്ലാം."

"എനിക്കുതന്നെ എല്ലാം മനസ്സിലാകുന്നില്ല. യക്ഷിക്കഥപോലിരിക്കുന്നു. എനിക്കതൊക്കെ വിശ്വസിക്കാനും വയ്യ. ഈ വീട്ടിൽനിന്നു അവിടെയെത്തിയയുടനെതന്നെ

എന്നെ അവിടെനിന്നു കോനാക്കിൻെറ വീട്ടിലേക്കു വിളിച്ചുകൊണ്ടുപോയി. എന്നെ എന്തെല്ലാമാണു് ചോദ്യംചെയ്തതെന്നും, എന്തെല്ലാം കററങ്ങളാണു് ആരോപിച്ചതെന്നും താങ്കൾക്കു് അറിയാമല്ലോ. ആരു വിചാരിച്ചു എൻെറ പഴയ വൃത്തികെട്ട കോട്ടു് ഇത്രമാത്രം പൊടിപടലം ഉയർത്തുമെന്നു്? അങ്ങനെ എന്നെ അവർ ജയിലിലാക്കി. രണ്ടു മണിക്കൂർ കഴിഞ്ഞപ്പോഴേക്കും രണ്ടു തുക്കിപോലീസ്സുകാർ വന്നു പറഞ്ഞു: "ഡോക്ടർ തയാറായിക്കൊള്ളു." "എന്തിനു്?" ഞാൻ ചോദിച്ചു. "ബെ കല്പിച്ചിരിക്കുന്നു നിങ്ങളെ കെ—യിലേക്കു കൊണ്ടുപോകാൻ." "ശരി വളരെ നല്ലതു്." അങ്ങിനെ ജയിൽവിട്ടു ഞങ്ങൾ യാത്രയായി. ഒരുത്തൻ തോക്കുമായി എൻെറ മുമ്പിലും വേറൊരുത്തൻ തോക്കുമേന്തി എൻെറ പിന്നിലും നടന്നു. നേരം പ്രഭാതമായപ്പോഴേക്കും ഞങ്ങൾ കെയിൽ എത്തി. വളരെ നേരത്തെയായിരുന്നതിനാലും കോടതി പ്രവർത്തനം തുടങ്ങിയിട്ടില്ലാതിരുന്നതിനാലും അവർ എന്നെ വീണ്ടും അടച്ചിട്ടു. ഞാൻ ആ തടവുമുറിയിൽ കിടന്നു നാലുമണിക്കൂർ ഒരുവിധത്തിൽ തള്ളിനീക്കി; ആ മണിക്കൂറുകൾ അനവധി കൊല്ലങ്ങളായി എനിക്കു തോന്നി. ഒടുവിൽ അവർ എന്നെ ന്യായാധിപതിയുടെ മുമ്പിൽ ഹാജരാക്കി. അവിടെ കൗൺസിലർമാരും മാന്യന്മാരും കൂടി മിനിററ്സ്പോലെ എന്തോ ഒന്നു് എന്നെ വായിച്ചു കേൾപ്പിച്ചു. എനിക്കൊന്നും മനസ്സിലായില്ല. എൻെറ നിർഭാഗ്യംപിടിച്ച കോട്ടിനെക്കുറിച്ചു് ഒരുപാടുചോദ്യങ്ങളും വിസ്തിത്തങ്ങളും വീണ്ടും ഉയന്നു. അതു് ആ പച്ച മേശമേൽ, ദയനീയമായി എന്നെ നോക്കിക്കൊണ്ടു കിടന്നിരുന്നു. കാഡി നമ്മുടെ കോട്ടിൽനിന്നൊരു കടലാസുകഷ്ണമെടുത്തു ചോദിച്ചു: "ഇതു നിങ്ങളുടേതാണോ?"

"എനിക്കറിയില്ല." ഞാൻ പറഞ്ഞു.

"പിന്നെ ഇതു് എങ്ങിനെ നിങ്ങളുടെ പോക്കററിൽ

എത്തി?"

"എൻെറ കൈകൊണ്ടു ഞാനവയെ അവിടെ വെച്ചിട്ടില്ല."

അയാൾ എഴുത്തു വായിച്ചുതുടങ്ങി.

ബോയ്ടിങ്കോ ബാൽടഗ്ലോ വത്തമാനപ്പത്രമെടുത്തു നിവത്തി.

"എഫൻഡി" അയാൾ വളരെ സാവധാനത്തിൽ പറഞ്ഞു: "ഇതിൽ നിയമത്തിന്നെതിരായി ഒന്നുംതന്നെയില്ല. ഇതു് കോൺസ്റ്റാൻടിനോപ്പോളിൽ അടിച്ചതാണു്." അയാൾ എൻെറ മുഖത്തേക്കു് ഒരു ചിരിയോടെ നോക്കി. ഞാൻ സംഗതികളെപ്പററി യാതൊരു വിവരവും അറിയാതെ, വെറും ഒരു തടിപോലെ അവിടെ നിന്നു.

കാഡി ചോദിച്ചു: "ഇതു വള്ളാച്ചയിൽനിന്നുള്ള വിപ്ലവപത്രമല്ലേ?"

"അല്ല, എഫെൻഡി. ഇതു് രാഷ്ട്രീയത്തെപ്പററി യാതൊന്നും പറയുന്നില്ല." ബാൽടഗ്ലോ തുടൻു: "ഇതിൽ പ്രതിപാദിക്കുന്നതു് വിശ്വാസത്തെപ്പററിയാണു്. ഇതു് ഒരു പ്രൊട്ടസ്റ്റൻറു് വത്തമാനപ്പത്രമാണു്."

ഞാനതു് എടുത്തുനോക്കി. എനിക്കെൻെറ കണ്ണുകളെ വിശ്വസിക്കാൻ സാധിച്ചില്ല. അതു് സോററിനിസ്റ്റയുടെ ഒരു പ്രതിയായിരുന്നു. ബാൽടഗ്ലോ പ്രഖ്യാപനം എടുത്തു നിവത്തി വായിക്കാൻ തുടങ്ങി. എന്നെ നോക്കി വീണ്ടും ചിരിച്ചു.

"ഇതിലും കുററകരമായി യാതൊന്നും ഇല്ല. ഇതു് ഒരു പരസ്യംമാത്രമാണു്!" അയാളതു് ഉറക്കെ വായിച്ചു, ഡോക്ടർ ഐവാൻ ബോഗരോവിൻെറ ചികത്സയുടെ പ്രായോഗികവശത്തെക്കുറിച്ചൊരു ചെറുപുസ്തകം. കാഡി വിസ്മയപ്പെട്ടു ചുററും നോക്കി. എല്ലാവരും ഉറക്കെ ചിരിക്കാൻ തു

ടങ്ങി. കൂട്ടത്തിൽ കാഡിയും, തുടന്ന് ഞാനും അതിൽ പങ്കു കൊണ്ടു. എനിക്കു ചിരിക്കാതിരിക്കാൻ സാധിച്ചില്ല. ആരാണ് ചിരിക്കാത്തതു? പക്ഷേ പ്രധാനസംഗതി, ഇത്ര യാന്ത്രികമായ വിധത്തിൽ ആ കടലാസുകൾ എങ്ങിനെ മാറി എന്നതായിരുന്നു. ഏതായാലും അവിടെ കൂടിയിയിരുന്ന മാന്യന്മാരുമായുണ്ടായ അല്പനേരത്തെ ചർച്ചക്കുശേഷം കാഡി പറഞ്ഞു:

"ഡോക്ടർ. ഇവിടെ ഒരു തെററുപററിയിരിക്കുന്നു. ദയവായി ബുദ്ധിമുട്ടിച്ചതിന്നു മാപ്പുതരു."

ബുദ്ധിമിട്ടിനെപ്പററി അദ്ദേഹം പറഞ്ഞതു്, ഒരു ജയിലിൽനിന്നു വേറെ ഒന്നിലേക്കും, ഒരു കോനാക്കിൻെറ അട്ടക്കൽനിന്നു വേറൊരുത്തൻെറ അട്ടക്കലേക്കും, എന്നെ വലിച്ചിഴച്ചുകൊണ്ടുപോയതിനെ ഉദ്ദേശിച്ചായിരുന്നു.

"ആകട്ടെ, ആരെയെങ്കിലും ജാമ്യത്തിന്നു കണ്ടുപിടിച്ചു സുഖമായി, സുരക്ഷിതമായി വീട്ടിലേയ്ക്കു മടങ്ങിക്കോളു" ഞാനവിടെ തരിച്ചുനിന്നുപോയി.

"പോലീസുകാരനെ മുറിവേല്പിച്ചതിനെപ്പററി ഒന്നും പറയാതിരുന്നതു് എന്താണ്?"

"ആവോ, അവർ അതിനെപ്പററി എന്നോടൊന്നും ചോദിച്ചില്ല. എനിക്കു മനസ്സിലായിടത്തോളം, വല്ലവരും പറഞ്ഞുകൊട്ടത്തിട്ടോ, തന്നെത്തന്നെ തോന്നിയിട്ടോ, എനിക്കറിയാൻവയ്യ, നമ്മുടെ ബെ അതിനെപ്പററി സൂക്ഷ്മമായി അന്വേഷിച്ചിരുന്നു. അയാളുടെ എഴുത്തിൽ, പോലീസുകാരനെ മുറിവേല്പിച്ചതു് ഞാനാണ് എന്നയാൾ വിശ്വസിക്കുന്നില്ല എന്നെഴുതിയിരുന്നു. ഒരുപക്ഷേ മുറിവേററവൻതന്നെ പറഞ്ഞിരിക്കണം താൻ നുണ പറയുകയായിരുന്നു എന്നു്."

മാക്കോവിൻെറ മുഖം സന്തോഷംകൊണ്ടു പ്രഫുല്ലമാ

യി. അദ്ദേഹം വിചാരിച്ചിരുന്നതു് ഡെഡോമനോലിൻെറ മകൻ വെടിവെച്ചിരിക്കും എന്നാണു്. അതിൻെറ പ്രത്യാഘാതങ്ങളെപ്പററി അദ്ദേഹം വ്യസനിച്ചുകൊണ്ടിരിക്കുകയായിരുന്നു.

"അപ്പോൾ നിങ്ങൾ സ്വതന്ത്രനായി. ദൈവത്തിനു നന്ദി."

"താങ്കൾ കാണുന്നില്ലേ, പക്ഷേ ഒരു നിമിഷംനില്ക്കു. ഇതിലും വിസ്മയകരമായി ഒരു കാര്യംകൂടിയുണ്ടു്." ഡോക്ടർ ചുററും നോക്കി. കുടുംബാംഗങ്ങൾ ആരുമില്ലെന്നുതീച്ചയാക്കിയശേഷം പറഞ്ഞു: "ബായ് നിക്കാൻകോവാണു് എനിക്കുവേണ്ടി ജാമ്യം നിന്നതും തിരിച്ചുപോരാൻ സ്വന്തം കുതിരയെ തന്നതും. ഞാൻ കെ—യിൽനിന്നുപോന്നു് ജൂതന്മാരുടെ ശ്മശാനത്തിൻെറ അടുത്തു വന്നപ്പോൾ രണ്ടുപേർ മലയിൽനിന്നു വരുന്നുണ്ടായിരുന്നു. ഒരാൾ നമ്മുടെ ഡീക്കൻ വിക്കൻെറിയായിരുന്നു. അദ്ദേഹം എന്നോടു നില്ക്കാൻ വിളിച്ചുപറഞ്ഞു. "ഡോക്ടർ സൊക്കലോവ് നിങ്ങൾ എവിടെ പോകുന്നു." എന്നെ സ്വതന്ത്രനായിക്കണ്ടതിൽ അത്ഭുതപ്പെട്ടു് അദ്ദേഹം എന്നോടു ചോദിച്ചു. "ഞാൻ വീട്ടിലേക്കു പോകുന്നു. അതിൽ കാര്യമായൊന്നും ഉണ്ടായില്ല." അയാളുടെ കണ്ണുകൾ തലയിൽനിന്നു തള്ളി പുറത്തേക്കു വരുമോ എന്നു തോന്നി. ഞാൻ എല്ലാ വിവരവും അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം ഇരുകൈയും എൻെറ തോളത്തിട്ടു് എന്നെ ഗാഢഗാഢം ആലിംഗനംചെയ്തു. "ഇതെന്താണു് ഡീക്കൻ വിക്കൻെറി?"

"ഞാൻ ഈ മാന്യനുമായി നിങ്ങളെ പരിചയപ്പെടുത്തട്ടെ. ഇദ്ദേഹം ബോയക്കോഓഗ്യനോവ് ആണു്." അദ്ദേഹം തൻെറ കൂട്ടുകാരനെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു. അപ്പോൾമാത്രമാണു് ഞാൻ രണ്ടാമനെ നോക്കിയതു്. ശരി. ഞാൻ അയാളെ തിരിച്ചറിഞ്ഞു. തലേന്നുരാത്രി ഞാൻ എ

ൻെറ കോട്ടു് ഊരി കൊടുത്ത അതെ ആളായിരുന്നു അയാൾ.

"എന്തു് ഡൈഡോമനോലിൻെറ മകനൊ" താനറിയാതെ മാക്കോ വിളിച്ചുപറഞ്ഞു.

"എന്തു് താങ്കൾ അയാളെ അറിയുമോ?" വിസ്മയത്തോടെ ഡോക്ടർ ചോദിച്ചു.

മാക്കോ സ്വയം വികാരങ്ങളെ നിയന്ത്രിച്ചു.

"പറയൂ. നമുക്കു് പിന്നീട്ടു് എല്ലാം അറിയാം." മാക്കോ വികാരപൂർവ്വം പറഞ്ഞു.

ഞങ്ങൾ ഹസ്തദാനം ചെയ്തു. കോട്ടുകൊടുത്തതിനു് നന്ദി പറഞ്ഞുകൊണ്ടു് നിരാശനിറഞ്ഞ സ്വരത്തിൽ എന്നോടു മാപ്പപേക്ഷിച്ചു. ഞാൻ പറഞ്ഞു: "സാരമില്ല ഓഗ്യനോവ്, ആക്കെങ്കിലും ഒരു നന്മചെയ്യാൻ സാധിച്ചതുകൊണ്ടു് ഞാൻ അതിനെപ്പററി വ്യസനിക്കുന്നില്ല. ആകട്ടെ നിങ്ങൾ എവിടെ പോകുന്നു." "മിസ്റ്റർ ഓഗ്യനോവ് നിങ്ങളെ അന്വേഷിച്ചു ഇവിടേയ്ക്കു വരികയായിരുന്നു." ഡീക്കൻവിക്കൻെറി പറഞ്ഞു.

"എന്നെയോ?"

"അതെ അയാൾക്കു നിങ്ങളെ രക്ഷിക്കണമെന്നുണ്ടായിരുന്നു."

"എന്നെ രക്ഷിക്കുകയോ?"

"എല്ലാ കുററവും ഏററു പറഞ്ഞു അധികാരികൾക്കു കീഴടങ്ങി നിങ്ങളെ രക്ഷിക്കുവാൻ."

"അതിനാണോ നിങ്ങൾ ഇവിടെ വന്നതു്." ഭയചകിതനായി ഞാൻ ചോദിച്ചു: "ഇതിന്നാണോ നിങ്ങൾ ഇവിടെവരെ വന്നതു്, മിസ്റ്റർ ഓഗ്യനോവ്?"

അയാൾ നിസ്സാരമായി മറുപടി പറഞ്ഞു: "എൻെറ കടമമാത്രം."

"ആ റോഡിൻെറ ഒത്ത നടുവിൽവെച്ചു ഞാൻ അയാളെ എൻെറ സ്വന്തം സഹോദരനെ എന്നപോലെ കെട്ടിപ്പിടിച്ചു. എൻെറ കണ്ണിൽ വെള്ളംനിറഞ്ഞുപോയി. മാക്കോ, എന്തൊരു ഗംഭീരമായ ഹൃദയം!, എന്തൊരു ധീരോദാത്തത. ഇതുപോലുള്ള വളരെപ്പേരെ ഇനിയും ബൾഗേറിയക്ക് ആവശ്യമുണ്ട്."

മാക്കോ ഒന്നും മറുപടി പറഞ്ഞില്ല. കണ്ണീരിൻെറ രണ്ടു വലിയ ചാലുകൾ ആ കവിളുകളിലൂടെ താഴോട്ട് ഒഴുകുന്നുണ്ടായിരുന്നു. അദ്ദേഹത്തിനു തൻെറ സ്നേഹിതപുത്രനെക്കുറിച്ച് വളരെയധികം അഭിമാനം തോന്നി.

കുറച്ചുനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം ഡോക്ടർ തുടന്നു:

"ഞങ്ങൾ പിരിഞ്ഞു. അവർ ആ ഗ്രാമംകടന്നു പോയി. ഞാൻ നേരെ ഇങ്ങോട്ടും വന്നു. പക്ഷേ, ഇപ്പോഴും ആ കൂടിക്കാഴ്ച എൻെറ മനസ്സിൽനിന്നു വിട്ടുപോയിട്ടില്ല; അതിലും അധികമായി ആ കടലാസ്സുമാററത്തെപ്പററിയും. ഞാൻ പറയുന്നു, ഇവിടെവെച്ചു 'സ്വതന്ത്ര'യുടെ പ്രതിയും വിപ്ലവപ്രഖ്യാപനവും ഞാൻ എൻെറ കണ്ണുകൊണ്ടു കണ്ടതാണ്. എങ്ങിനെയാണവ മാറിയതു്? ആരു അവയെ മാററി? അതു് ബൊയുടെ തെററായിരിക്കുമോ? ഞാൻ എൻെറ തലച്ചോറിനെ മഥിക്കയാണു്. പക്ഷേ ശരിയായ ഒരു മറുപടിയും ലഭിക്കുന്നില്ല. ബോയ്മാക്കോ, എന്നോടു പറയൂ താങ്കൾക്ക് എന്തു തോന്നുന്നു?"

കൈകൾ കെട്ടി ഡോക്ടർ ഒരു മറുപടിക്കുവേണ്ടി കാത്തുനിന്നു.

മാക്കോ പൈപ്പ് ആഞ്ഞുവലിച്ചു. ചുണ്ടിനുചുററും തത്തിക്കളിക്കുന്ന അസ്പഷ്ടമായ ഒരു പുഞ്ചിരിയോടെ പറയാൻ തുടങ്ങി:

"നിങ്ങൾക്കു മനസ്സിലാകുന്നില്ലേ, ഏതെങ്കിലും ഒരു സ്

ഏത്തു് അതു ചെയ്തിരിക്കും. ബെയുടെ ചുററും പ്രോട്ടസ്റ്റൻറു് വത്തമാനപ്പത്രവും ബോഗറോവിൻെറ പുസ്തകവും ചിതറി ക്കിടക്കുകയാണെന്നാണോ നിങ്ങളുടെ ധാരണ?"

"പക്ഷേ, എന്നെ ഈ അപകടത്തിൽനിന്നും, ഓഗ്യനോ വിനെ സുനിശ്ചിതമായ നാശത്തിൽനിന്നുംരക്ഷിച്ച അജ്ഞാ തനായ ആ സ്നേഹിതൻ ആരായിരിക്കും. എനിക്കദ്ദേഹത്തോ ടു നന്ദി പറയണം. എനിക്കാ കൈകളും, അദ്ദേഹത്തിൻെറ വസ്ത്രത്തിൻെറ അററവും ചുംബിക്കണം.'

ഡോക്ടരുടെ സമീപത്തേക്കാഞ്ഞു് മാക്കോ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു:

"ശ്രദ്ധിക്കു, ഡോക്ടർ—ഞാൻ പറയുവാൻ പോകുന്നതു് എന്തുതന്നെയായാലും, ഡോക്ടർ, നിങ്ങൾ അതു നിങ്ങളുടെ അന്ത്യംവരെ രഹസ്യമായി സൂക്ഷിക്കണം."

"ഞാൻ അഭിമാനത്തോടുകൂടി സത്യം ചെയ്യുന്നു."

"ആ കടലാസ്സുകൾ മാററിയതു് ഞാനാണു്."

ഇരുന്നിടത്തുനിന്നു ചാടിക്കൊണ്ടു് ഡോക്ടർ പറഞ്ഞു: "എന്തു് താങ്കളോ! ബായ്മാക്കോ."

"ഉം. ശാന്തമായി ഇരിക്കു. എന്നിട്ടു് എങ്ങിനെയാണതു സംഭവിച്ചതെന്നു കേൾക്കു. ഇന്നു നേരം പ്രഭാതമായപ്പോൾ ഞാൻ ഗാങ്കോവിൻെറ കഫെയിൽ പോയി. നിങ്ങളെ അറ സ്റ്റു്ചെയ്ത വാത്ത ആദ്യമായറിഞ്ഞതു് അവിടെനിന്നാണു്. എനിക്കു് അത്ഭുതവും പരിഭ്രമവുമായി. അപ്പോൾ അവിടെ കടന്നുവന്ന ഓൺബാസി, നിങ്ങളെ ഇന്നലെത്തന്നെ കെ— യിലേക്കു കൊണ്ടുപോയെന്നും, അപകടകരമായ കടലാസ്സു കൾ അടങ്ങുന്ന ബെയുടെ എഴുത്തുമായി അയാൾ അങ്ങോട്ടു തിരിച്ചിരിക്കയാണെന്നും എന്നോടു പറഞ്ഞു. എനിക്കു് എ ന്താണു് ചെയ്യേണ്ടതെന്നു് അറിയാൻ വയ്യാതെയായി.ഓൺ ബാസി കുറച്ചുനേരം അവിടെനിന്നശേഷം പുറത്തേക്കുപോ

യി. അപ്പോഴാണ് ഞാൻ കണ്ടതു് അയാളാകടലാസ്സെട്ടു ക്കാൻ മറന്നുപോയി എന്നു്. ഗാങ്കോ ആരുടേയോ തല കഴു കുന്നതിൽ മുഴുകിയിരിക്കയായിരുന്നു. ഞാൻ ആദ്യം വിചാ രിച്ചതു് അതൊളിച്ചുവെച്ചു് പിന്നെ ചിന്തിക്കളയാമെന്നാ ണു്. പക്ഷേ അതുകൊണ്ടു് നിങ്ങൾക്കു ഗുണമൊന്നും ഉണ്ടാ കാൻ പോകുന്നില്ല. അവർ പിന്നേയും നിങ്ങളേയും വലി ച്ചിഴച്ചുകൊണ്ടു നടക്കും; സംശയം അവശേഷിക്കയും ചെ യ്യും. എനിക്കധികം ആലോചിക്കാൻ സമയമുണ്ടായിരുന്നി ല്ല. എൻെറ ജീവിതത്തിൽ ഇതിന്നുമുമ്പു് ഒരിക്കലും വിചാ രിക്കാത്ത എന്തൊക്കെയോ എൻെറ മനസ്സിൽ പൊന്തിവ ന്നു. എന്നെ നോക്കു, ഡോക്ടർ, ഒരു കച്ചവടക്കാരനായി എ ൻെറ തല നരച്ചുതുടങ്ങി. ഇതേവരെ ഞാൻ വേറെ ഒരുത്ത ൻെറ എഴുത്തു തുറന്നിട്ടില്ല. അതു വളരെ നീചമാണ് എ ന്നാണ് എൻെറ ഇപ്പോഴുമുള്ള ധാരണ. ദൈവം മാപ്പു തര ട്ടെ. ഇന്നു് എൻെറ ജീവിതത്തിൽ ആദ്യമായി ഞാനതുചെ യ്തു. ഞാൻ വീട്ടിലേയ്ക്കു് ഓടി. മുറിയിൽപോയി വാതിൽ പൂട്ടി ശ്രദ്ധയോടെ ഉറയുടെ അരക്കു പൊട്ടിച്ചു് കുറെ വൎത്ത മാനക്കടലാസ്സും പിന്നെ എൻെറ കയ്യിൽ തടഞ്ഞതുമെല്ലാം അതിൽ കുത്തിനിറച്ചു. തുക്കികൾ കേവലം കഴുതകളാണു്, അല്ലേ. കഫേ ഉടമസ്ഥൻ കാണാതെതന്നെ ഞാൻ ആ ല ക്കോട്ടു് അതിൻെറ സ്ഥാനത്തുതന്നെ വെച്ചു. ദൈവത്തിനു നന്ദി. എല്ലാം മംഗളമായി അവസാനിച്ചല്ലോ. ഇപ്പോൾ എ ൻെറ മനസ്സാക്ഷി എന്നെ അധികം അലട്ടുന്നില്ല.''

തന്നെത്തന്നെ മറന്നു ഡോക്ടർ അതു ശ്രദ്ധിച്ചുകൊണ്ടി രുന്നു. ഒടുവിൽ വികാരമഗ്നനായി പറഞ്ഞു:

''ബായ്മാക്കോ, ഞാൻ ആജീവനാന്തം താങ്കൾക്കു കട പ്പെട്ടിരിക്കുന്നു. ഇതു്, നീചമായ കൃത്യമായി നിങ്ങൾ കരുതു ന്നു. ഈശ്വരാ ഇതു മാന്യവും, മഹത്തുവുമായ പ്രവൃത്തിയാ ണല്ലോ. സ്വന്തം ത്യാഗംകൊണ്ടു നിങ്ങൾ രണ്ടുപേരുടെ ജീ

വൻ രക്ഷിച്ചിരിക്കുന്നു. മകനുവേണ്ടി ഒരച്ഛൻപോലും ഇത്രയും ചെയ്യുകയില്ല." വികാരംകൊണ്ടു ഡോക്ടർക്കു കൂടുതൽ ഒന്നും പറയുവാൻ സാധിച്ചില്ല.

മാക്കോ തുടന്നു: "കഴിഞ്ഞ രാത്രി ഡൈഡോമനോലിന്റെ മകൻ എന്നെ വന്നുകണ്ടു. പക്ഷേ അയാൾ മതിൽചാടിവന്നു വളരെ ബഹളം ഉണ്ടാക്കിയതിനാൽ പോലീസുകാർ വന്നു."

"ബായ് ഓഗ്യനോവ്."

"ഓ, അങ്ങിനെയാണോ നിങ്ങൾ അയാളെ വിളിക്കുന്നതു്, അതെ, അയാൾതന്നെ. അയാളുടെ അച്ഛൻ എന്റെ വലിയ സ്നേഹിതനായിരുന്നു. വേറെ യാതൊരാളേയും പരിചയമില്ലാത്തതുകൊണ്ടു് ആ സാധു എന്റെ വീട്ടിൽ ഒളിച്ചിരിക്കാൻ വന്നതാണു്. നിങ്ങളാണു് അയാളെ ഇവിടെ എത്തിച്ചതു്. പക്ഷേ, ഐവാനോച്ചിന്റെ മുമ്പിൽവെച്ചു എനിക്കതു പറയാൻ പററില്ല. ഒരു മണിക്കൂറിനകത്തു് അയാൾ വീണ്ടും ഓടിപ്പോയി."

"അയാൾ എവിടെനിന്നാണു് വന്നിരുന്നതു്?" അയാളാൽ ആകൃഷ്ടനായ ഡോക്ടർ ചോദിച്ചു.

"അയാൾ നിങ്ങളോടു പറഞ്ഞില്ലേ? ഡയാർബിക്കീറിൽനിന്നയാൾ ഒളിച്ചോടിയതാണു് എന്നു്."

"ഡയാർ ബിക്കീറിൽ നിന്നോ?"

"അതെ; പതുക്കെ പറയൂ. നിങ്ങൾ എങ്ങോട്ടു പോകുന്നു."

"ഞാൻ സംന്യാസാശ്രമത്തിലേക്കു്, ഡീക്കൺ അയാളെ ഒളിച്ചു താമസിപ്പിച്ചിരിക്കുന്നേടത്തേക്കു പോകുന്നു. എനിക്കയാളോടു സംസാരിക്കണം; അങ്ങു് ഒരു കാര്യത്തിന്നു് എന്നെ അനുവദിക്കുമോ, താങ്കൾ ഈ പറഞ്ഞതു് അയാളോടു്—അയാളോടുമാത്രം പറയുവാൻ സമ്മതിക്കൂ. ആക്കാണു്

താൻ തൻെറ ജീവന്നുവേണ്ടി കടപ്പെട്ടിരിക്കുന്നതു് എന്ന യാൾ അറിയട്ടെ. എന്നെ അവർ വിട്ടില്ല എങ്കിൽ അയാൾ കീഴടങ്ങുവാൻ ഭാവിച്ചിരിക്കയായിരുന്നു."

"ഇല്ല. നിങ്ങൾ ഇതിനെപ്പററി നിശ്ശബ്ദനായിരിക്കാനും ഇതു മറക്കാൻ ശ്രമിക്കാനും ഞാൻ അഭ്യത്ഥിക്കുന്നു. ഞാൻ എൻെറ ഭാരം കുറക്കാൻ ഒരു കുററസമ്മതമെന്ന നിലയിൽ നിങ്ങളോടു പറഞ്ഞതാണു്. എൻെറ അഭിവാദനങ്ങൾ ഡൈഡോമനോലിൻെറ പുത്രനെ അറിയിച്ചു് എന്നെ വന്നു കാണുവാൻ പറയൂ, പക്ഷേ പടികടന്നുവരണമെന്നു പറയണം."

ഡോക്ടർ പുറത്തേയ്ക്കു പോയി.

## അദ്ധ്യായം 10

# കോൺവെൻറ്

മലയടിവാരത്തിൽ ഏതാണ്ട നിശ്ശബ്ദവും വിജനവുമായി കാണുന്ന മോണാസ്റ്ററിയിൽനിന്നു തീരെ വിഭിന്നമായ ഒന്നാണു് ബൈലാ ചെക്ക്വെയിലെ കോൺവെൻറു്. പാപപൂൎണ്ണമായ ബാഹ്യലോകത്തിൽനിന്നു വളരെ അകററിനിൎത്തിയിരുന്ന ആ മഠത്തിൻെറ മുററവും ഗാലറികളും അനവരതം അതിലെ കടന്നുപോകുന്ന വൃദ്ധകളും ചെറുപ്പക്കാരുമായ 60–70 കന്യാസ്ത്രീകളുടെ കലപില ശബ്ദത്താൽ മുഖരിതങ്ങളായിരുന്നു. ഈ ഗതാഗതത്തിനു പകലെന്നോ രാത്രിയെന്നോ യാതൊരു വ്യത്യാസവുമില്ലായിരുന്നു.

അപവാദങ്ങളുടേയും ചുട്ടപിടിച്ച സൊള്ളലുകളുടേയും കലവറയാണീ കോൺവെൻറു് എന്ന പരമാൎത്ഥം നഗരത്തിൽ പ്രഖ്യാതമാണു്. നഗരത്തിലെ വീട്ടുകളിൽ നടക്കുന്ന വഴക്കുകളുടേയും അപവാദങ്ങളുടേയും കളിത്തൊട്ടിലാണു് ഇവിടം. അവരുടെ ശാന്തതയിൽ കാറാരി തിരുകുന്നതും ഇവരുടെ വ്യവസായമാണു്. വിവാഹനിശ്ചയങ്ങൾ പ്രവചിക്കപ്പെട്ടുകയും രൂപം കൊള്ളുകയും ചെയ്യുന്നതും, ദാമ്പത്യബന്ധങ്ങൾ തകരുന്നതും, ഇതിന്നകത്താണു്. ചെറിയ ചെറിയ നിഷ്കളങ്കമായ കഥകൾ ഇവിടെനിന്നു വീൎപ്പിച്ചുവിട്ടുന്നതു് രാക്ഷസാകാരംപൂണ്ടു നഗരമാകെ കറങ്ങിത്തിരിഞ്ഞു ജീവനോടെതന്നെ ഇവിടെ മടങ്ങിയെത്തും. അല്ലെങ്കിൽ ചെറിയ തുരുമ്പായി ഇവിടെ പ്രവേശിക്കുന്ന കഥകൾ ഇവിടെനിന്നുതന്നെ പെരുകിപ്പെരുകി പുറത്തേയ്ക്കു കടക്കും. മിക്കാദി

വസങ്ങളിൽ, പ്രത്യേകിച്ച് ഒഴിവുദിവസങ്ങളിൽ ഈ വത്തമാനസങ്കേതത്തിൽ പലരും തടിച്ചുകൂടാറുണ്ട്. ഈ പരിശുദ്ധസ്ത്രീകൾ അവക്ക ജാം മുതലായ ഭക്ഷണസാമഗ്രികൾ നൽകി സ്വീകരിക്കും.

സഹോദരനായ യോർഡൻെറ വസതിയിൽവെച്ചു നാം പരിചയപ്പെട്ട ഗോസ്പോഷഹാജി റവോഹമ്മ നഗരത്തിലെ രഹസ്യങ്ങളെല്ലാം മണത്തറിയുന്ന വിഷയത്തിൽ പ്രത്യേകം പുകൾപെററവളാണ്, അപവാദക്കച്ചവടത്തിലെ ഏററവും വലിയ സമത്ഥയും അവരാണ്. ആദ്യം ഒരു മഠാദ്ധ്യക്ഷയായിരുന്ന അവരെ ജനകീയ വിപ്ലവത്തിൽ പുറംതള്ളപ്പെട്ടവെങ്കിലും ഇന്നും സ്വന്തം ആത്മീയനേതൃത്വം പുലത്തിപ്പോരുന്നുണ്ട്. മിക്ക കായ്യങ്ങളിലും നാട്ടുകാർ അവരുടെ അഭിപ്രായം ആരായും. സാധാരണ അപവാദങ്ങളുടെ തെറേറാ ശരിയോ കണക്കാക്കുന്നതു് അവരാണ്. ജനങ്ങൾക്കു മനസ്സിനുവേണ്ട പോഷകാഹാരങ്ങളായ വൃത്താന്തങ്ങൾ കൊടുക്കുന്നതു് അവരാണ്.

കോൺവെൻറിൻെറ ഏററവും വലിയ ശത്രുവായ ഡോക്ടർ സൊക്കലോവിൻെറ വിമോചനമാണ് ഇപ്പോൾ ഹാജിറവോഹമ്മയെ ഏററവും അധികം അലട്ടുന്ന പ്രശ്നം. ആരാണ് അയാളെ സഹായിച്ചതു് എന്നറിയാതെ അവർ അത്ഭുതപ്പെട്ടുകയാണ്. രഹസ്യമായി അവരിൽ വിദ്വേഷം ആളിക്കത്തുകയാണ്. നിത്യവും അയാളുടെ വിധിയെപ്പററി പുതിയ വത്തമാനങ്ങൾ കേൾക്കാനോ, അയാളെപ്പററി പുതിയ അപവാദങ്ങൾ നെയ്തെടുക്കുവാനോ ഇപ്പോൾ നിവ്വാഹമില്ല. എന്തൊരു കഷ്ടം! മൂന്നുനാലു രാത്രികളായി നിദ്ര അവളിൽനിന്നു് ഓടിയൊളിക്കയാൽ ഉറക്കമില്ലായ്മയുടെ പേരിൽ ഒരു രക്തസാക്ഷിയായിരിക്കയാണ്. അന്നു ഡോക്ടറെ അറസ്ററുചെയ്ത ആ ഓക്ത്തക്ക രാത്രിയിൽ 3 മണിക്കു് താൻ എവിടെയായിരുന്നു എന്നു് എന്തുകൊണ്ടു് ആ ഡോ

ക്ടർ പറയുന്നില്ല. ഇതിന്നൊരു ഉത്തരം കണ്ടുപിടിക്കാൻ അവർ അവരുടെ തലച്ചോറിനെ മഥിക്കയായിരുന്നു. ആരാണ് ആ കടലാസ്സുകൾ മാററിയതു്? അന്നു വൈകുന്നേരം പ്രാത്ഥന വായിച്ചുകൊണ്ടിരുന്നപ്പോൾ നവ്യമായ ഒരു ബോധോദയം അവക്കുണ്ടായി. ഫിസിക്സ് കണ്ടുപിടിച്ച ആക്കിമിഡിസിനെപ്പോലെ അവരും ആഹ്ലാദംകൊണ്ടു മതിമറന്നു കൈകൾ കൂട്ടിക്കൊട്ടി. അങ്ങിനെതന്നെ മുററം കടന്നവൾ, വേഷം അഴിച്ചുകളഞ്ഞു് ഉറങ്ങാൻ ഭാവിക്കുന്ന ഹാജിസിറോഫിമയെ ചെന്നുവിളിച്ചു് വിറക്കുന്ന സ്വരത്തിൽ പറഞ്ഞു: "സഹോദരി, അന്നു് ബേയോടു താൻ എവിടെയായിരുന്നു എന്നു ഡോക്ടർ പറയാത്ത ആ രാത്രിയിൽ അയാൾ എവിടെയായിരുന്നു എന്നറിയാമോ?"

സിറോഫിമ ചെവി കൂർപ്പിച്ചു.

"ഞാൻ പറയുന്നു അയാൾ ബെയുടെ ഭാര്യയുടെ കൂടെയായിരുന്നു."

"അതാവുമോ ഹാജി?"

"അതു തന്നെ സിറോഫിമ, അല്ലെങ്കിൽ എന്തുകൊണ്ടു് അയാൾക്കതു പറയാൻ വയ്യ. അയാൾ തീച്ചയായും ഭ്രാന്തനല്ല, പരിശുദ്ധ മറിയമെ ഇതു ഞാൻ നേരത്തെ ഓത്തില്ലല്ലോ." വിഗ്രഹത്തിൻെറ മുമ്പിൽച്ചെന്നു കുരിശുവരച്ചുകൊണ്ടു് റവോഹമ്മ പറഞ്ഞു.

"നിങ്ങൾക്കറിയാമോ ആരാണു് അയാളെ വിട്ടുവിച്ചതെന്നു്."

"അവരുതന്നെ—ബെയുടെ ഭാര്യതന്നെ."

"അങ്ങിനെ പറയരുതു് ഹാജി."

"പരിശുദ്ധ കന്യകയെ- ഞാൻ എന്തു് ഓത്തിരിക്കയായിരുന്നു."

അങ്ങിനെ തൻെറ ആത്മാവിൻെറ ഒരു ഭാരം താഴെ

ഇറക്കിവെച്ചു് അല്പം ആശ്വാസത്തോടെ ഹാജിറവോഹമ്മ ഉറങ്ങാൻ പോയി. പിറേറദിവസമായപ്പോഴും ഇതേ സംഭാഷണത്തിൽ മുഴുകിയിരിക്കയായിരുന്നു കോൺവെൻറിലെ അന്തേവാസികൾ മുഴുവൻ. ഡോക്ടരും ബെയുടെ പത്നിയുമായുള്ള ബന്ധത്തിൻെറ ചരിത്രം അങ്ങിനെ പേടിപ്പെടുത്തുന്ന വിധത്തിൽ വികസിച്ചു വളരുകയാണു്.

അതു കേട്ട എല്ലാവരും ചോദിച്ചു:

"ഇതാരാണു് കണ്ടുപിടിച്ചതു്?"

"എന്തു് ഗോസ്പോഷഹാജി റവോഹമ്മ."

സംശയിച്ചവരെയെല്ലാം ആ നാമധേയം നിരായുധരാക്കി. വിശദാംശങ്ങൾ അറിയുവാൻ എല്ലാവരും റവോഹമ്മയുടെ സമീപത്തേക്കു് ആർത്തിപിടിച്ചു് ഓടി. രണ്ടു മണിക്കുറിനകത്തു് ഈ അപവാദം നഗരമാകെ പടന്നു.

പക്ഷേ, എത്ര പ്രാധാന്യമുള്ള വാർത്തയാണെങ്കിലും രണ്ടുമൂന്നു ദിവസം കഴിയുമ്പോഴേക്കും അതിൻെറ നിലവാരം ഇടിയും. കോട്ടുവായിടുവാൻ തോന്നിത്തുടങ്ങിയ സമുദായത്തിനു് എന്തെങ്കിലും പുതിയ ഇര ആവശ്യമായിരുന്നു. ആരും അറിയാതെ നഗരത്തിലുണ്ടായ ക്രാലിച്ചിൻെറ ആഗമനം പുതിയ ഒരു വൃത്താന്തമുണ്ടാക്കി. കോൺവെൻറു് മുരളാൻ തുടങ്ങി. അയാൾ ആരാണു്? എവിടെ നിന്നു വരുന്നു? എന്തിനു വന്നു? എന്താണു് അയാളുടെ തൊഴിൽ—ഒരൊററ വ്യക്തിക്കും ശരിയായിട്ടൊന്നും അറിയാൻ വയ്യ. കൂടുതൽ ജിജ്ഞാസുക്കൾ നഗരത്തിലേക്കു വിവരമന്വേഷിച്ചു പോയി. പേരിൻെറ കാർയ്യത്തിലൊഴിച്ചു് ഒന്നിനൊന്നു വ്യത്യസ്തമായ സ്ഥിതിവിവരക്കണക്കുകളുമായാണു് ഒരോരുത്തരും മടങ്ങിയതു്.

ഗോസ്പോഷസോഫിമയുടെ അഭിപ്രായം അയാൾ ആരോഗ്യം നന്നാക്കാനായി അവിടെ എത്തിയിരിക്കുകയാണു് എന്നാണു്.

"അയാൾ ഒരു അത്തർ വ്യാപാരിയാണ്." റിപ്സിമിയ വെളിവാക്കി.

"അയാൾ ഒരു ടീച്ചറുടെ ഉദ്യോഗം കിട്ടുമോ എന്നറിയുവാൻ വന്നവനാണ്." നിംഫിഡോറ പ്രഖ്യാപിച്ചു.

സോളോമനയും, പരസ്കേവയും പറഞ്ഞതു് അതൊന്നുമല്ല. "അയാൾ തന്റെ കാമിനിയെ വേൾക്കുവാൻ വന്നതാണ്." അവക്കു് ആ പെൺകുട്ടിയെ അറിയാം.

പഴയ കോട്ട കാണാനും പള്ളിയിലേയ്ക്കു സംഭാവന നൽകാനുമായി വേഷംമാറിവന്ന ഒരു റഷ്യൻ രാജകുമാരനാണ് അയാൾ. എന്നു "അപ്രാക്സിയ" സത്യംചെയ്തു പറഞ്ഞു. പക്ഷേ ഗോസ്പോഷ അപ്രാക്സിയയെ ആരും അധികം വിശ്വസിച്ചില്ല. അവക്കു നഗരത്തിലെ വലിയ വീട്ടുകളുമായി പറയത്തക്ക ബന്ധമൊന്നുമില്ല. അവക്കു കിട്ടാവുന്ന അറിവു് 'പെട്കോമ്പ്യസോൺയാക്കിന്റെ' ഭാര്യയുടെ കയ്യിൽനിന്നോ 'ഹാച്ച്കോഡോംബീംഷി'ന്റെ ബന്ധുക്കാരിൽ നിന്നോ മാത്രമാണ്. പോരാത്തതിനു് ഈയിടെ അവരുടെ ചെവിയും പതുക്കെ ആയിരിക്കുന്നു.

ഈ ഊഹാപോഹങ്ങൾ എല്ലാം കേട്ടു് റവോഹമ്മ പുച്ഛരസത്തിൽ ചിരിക്കയായിരുന്നു. അവർക്കറിയാമായിരുന്നു കാര്യങ്ങളുടെ കിടപ്പു മുഴവൻ. പക്ഷേ ഈ സഹോദരികൾ കുറച്ചു വിഷമിക്കട്ടെ. വൈകുന്നേരമായപ്പോഴേ അവരുടെ അരുളപ്പാടു് ഉണ്ടായുള്ളൂ.

"ആ അപരിചിതൻ ഒരു തുക്കിച്ചാരനാണ്." ഈ വൃത്തികെട്ട നിഗമനത്തിലെത്താൻ റവോഹമ്മക്കുണ്ടായിരുന്ന പ്രധാന കാരണം, അല്ലെങ്കിൽ ഒരേഒരു കാരണം അദ്ദേഹം അവരുടെ അടുക്കൽ ആദരാഞ്ജലി അർപ്പിക്കാൻ എത്തിയില്ല എന്നതുമാത്രമാണ്. അതു് അവരുടെ അഭിമാനത്തിനു വല്ലാത്ത ക്ഷതമായിരുന്നു. അങ്ങിനെ ഓഗ്യനോവ് അവരു

ടെ ഏററവും വലിയ ശത്രുവായി.

അന്നൊരു ഞായറാഴ്ചയായിരുന്നു. മഠത്തിലെ കുർബ്ബാന കഴിയാറായി. നിരവധി സ്ത്രീകൾ അവിടെ തിങ്ങിക്കൂടിയിരുന്നു. അവർ മുററത്തും, പള്ളിജനാലയ്ക്കലും, ധാരാളം ശാഖോപശാഖകളുള്ള പിയർ മരത്തിൻെറ തണലിലും ചെന്നുകൂടി. മിക്കവരും ആ ഇടവകയിൽപ്പെട്ടവരായിരുന്നു. പുതിയ വധുക്കളും വിവാഹിതകളും പാവകളെപ്പോലെ വിവിധവർണ്ണങ്ങളിൽ ചമഞ്ഞിരുന്നു. സരസമായി വർത്തമാനം പറഞ്ഞുകൊണ്ടും അകത്തേക്കു പിന്നേയും കടന്നുവരുന്ന സ്ത്രീജനങ്ങളുടെ വേഷഭൂഷാദികളെനോക്കിക്കൊണ്ടും അവർ അവിടെ നിന്നു. മറുഭാഗത്തു കന്യാസ്ത്രീകളായിരുന്നു. അവരും സംഭാഷണത്തിൽ തങ്ങളുടെ ലൗകികസഖികളുടെ ഒട്ടും പിന്നിലല്ല. പിറുപിറുക്കുകയും പൊട്ടിച്ചിരിക്കുകയും ചെയ്തുകൊണ്ടിരിക്കുകയായിരുന്നു അവരും. ഒരുകൂട്ടം തേനീച്ചകളേപ്പോലെ ചിലപ്പോഴവർ വീഴാറായ സ്വർണ്ണവർണ്ണംപൂണ്ട ഒരു പീയർ പഴത്തിനുവേണ്ടി എല്ലാവരുംകൂടി ഓടിക്കൂടുകയും, അതു കരസ്ഥമാക്കാനുള്ള വെമ്പലിൽ അല്പം ഉന്തുംതള്ളും നടത്തി ശാന്തരായി, ചുവന്ന കവിൾത്തടങ്ങളോടെ സഭാതലത്തിലേക്ക് കയറിച്ചെന്ന് കുരിശുവരയ്ക്കുകയും, ചെയ്തിരുന്നു.

കർമ്മങ്ങൾ അവസാനിച്ചു.

പള്ളിവിട്ട് ഒരുകൂട്ടം ആളുകൾ, മുററത്തു ചിന്നിച്ചിതറി മുറികളിൽ മറഞ്ഞു.

ഹാജിറവോഹമ്മയുടെ ഭംഗിയായ ഉപകരണങ്ങൾ കൊണ്ടലങ്കരിച്ചിരുന്ന ചെറിയ മുറിയിൽ അവരുടെ സന്ദർശകരെ മുഴുവൻ കൊള്ളിക്കുവാൻ പററില്ല. കന്യാസ്ത്രീ അവരെ പുഞ്ചിരിയോടെ സ്വീകരിച്ചു യാത്രയാക്കി. റാഡ നിർമ്മലമായ കറുത്ത വസ്ത്രം ധരിച്ചു ഒരു ചുവന്ന ട്രെയിൽ വിരുന്നുകാർക്ക ജാമും കാപ്പിയും നൽകി. ഒരു മണിക്കൂർ കഴി

ഞാപ്പോഴേയ്ക്കും തിരക്കു് ഒഴിഞ്ഞു. ചില പ്രത്യേക അതിഥികളെ പ്രതീക്ഷിക്കുന്ന മട്ടിൽ റവോഹമ്മ ഇടക്കിടെ ജനലിലൂടെ പുറത്തേയ്ക്കു നോക്കിക്കൊണ്ടിരുന്നു. കുറേക്കൂടി പുതിയ വിരുന്നുകാർ എത്തി. അവരുടെ കൂട്ടത്തിൽ സ്റ്റെഫ്കോവ്, ആലഫ്രാൻക, കൗൺസിലർ പിരാൻകോവ്, ഫാദർ സ്റ്റ്റാർവി, ഒരു യുവാവായ ടീച്ചർ എന്നിവരുണ്ടായിരുന്നു. കന്യാസ്ത്രീയുടെ മുഖം പ്രകാശിച്ചു. അവർ ഇവരെയാണ് പ്രതീക്ഷിച്ചിരുന്നതു് എന്നു വ്യക്തമായി. പുതിയ അതിഥികൾക്കവർ ഹസ്തദാനം ചെയ്തു. അതിഥികൾ റാഡയേയും ഹസ്തദാനംകൊണ്ടു് അഭിവാദനം ചെയ്തു. സ്റ്റെഫ്കോവ് അവളുടെ കൈ അമർത്തിക്കൊണ്ടു് അവളുടെ നേർക്കു് കണ്ണു കാട്ടി. അപമാനംകൊണ്ടു് വിവശയായ ആ പെൺകുട്ടി ഒരു പിയോണിപുഷ്പംപോലെ ചുവന്നുപോയി.

"കിരിയാക്, ഞാൻ പിന്നേയും ചോദിക്കയാണു് ഈ ഡോക്ടരുടെ സംഗതി എങ്ങിനെയാണു് ഈ വിധത്തിലായതു്." സാധാരണഗതിയിലുള്ള അഭിവാദനപ്രതിവന്ദനങ്ങൾക്കുശേഷം കന്യാസ്ത്രീ ചോദിച്ചു: "നിനക്കറിയാമോ അതിനെപ്പററി ഒരുപാടു വിഡ്ഢിത്തങ്ങൾ പ്രചരിക്കുന്നുണ്ടു് എന്നു്."

സ്റ്റെഫ്കോവ് ചോദിച്ചു; "എന്താണവർ പറയുന്നതു്?"

"അവർ പറയുന്നതു് നീ മനഃപൂർവ്വം ഡോക്ടരെ അപമാനിക്കാൻവേണ്ടി ബെയുടെ മുമ്പിൽവെച്ചു് കടലാസ്സുകൾ വിപ്ലവകരങ്ങളാണു് എന്നു പറഞ്ഞുണ്ടാക്കി എന്നാണു്."

സ്റ്റെഫ്കോവ് കുപിതനായി.

"അങ്ങനെ പറയുന്നവൻ ഒരു കഴുതയും തെമ്മാടിയുമാണു്. സ്വാതന്ത്ര്യയുടെ 30-ാം ലക്കവും ഒരു ഹരജിയും ആ പോക്കററിൽനിന്നെടുത്തവയാണു്. ബായ് ഒനക്കോ അതിന്നു സാക്ഷിയാണു്."

നെക്കോ ഇതു ശരിയാണെന്നു സന്തോഷത്തോടെ സമ്മതിച്ചു.

"നെക്കോവിനോടു ചോദിക്കേണ്ട ആവശ്യമൊന്നുമില്ല. അയാൾക്കു് എന്തു് അറിയാം." ഫാദർ സ്ടാർവി പറഞ്ഞു: "നമുക്കറിയാൻവയ്യ ഡോക്ടർ ഏതു തരത്തിൽ പെട്ടവനാണു് എന്നു്. നടകന്നിടത്തൊക്കെ കയറുംകൊണ്ടുപോകുകയാണയാൾ. സെലാമ്മിസിഡിനോട്ടു് അടുത്ത നാളാണു് ഞാനതു പറഞ്ഞതു്. ഞാൻ അയാളെ കാണാൻവേണ്ടിയും അയാളുടെ പുതിയ റാഖിയ രുചിച്ചുനോക്കുവാൻവേണ്ടിയും അവിടെ പോയതാണു്. അയാൾക്കു് ശരിക്കു് അതിൻെറ കൂട്ടറിയാം. കൊള്ളാം ഹാജി, സുഖംതന്നെയല്ലേ. ആരോഗ്യം എങ്ങിനെയുണ്ടു്."

"താങ്കൾ എന്നെ കാണുന്നതുപോലെതന്നെ ഫാദർ, ഞാൻ ചെറുപ്പക്കാരുടെക്കൂടെയാകുമ്പോൾ ചെറുപ്പംതന്നെയാണു്." സ്റ്റെഫ്കോവിൻെറ അടുക്കലേക്കു വീണ്ടും തിരിഞ്ഞുകൊണ്ടു് കന്യാസ്ത്രീ പറഞ്ഞു: "അപ്പോൾ നിങ്ങൾക്കറിയില്ലേ ആ കടലാസ്സുകൾ അയാൾക്കുവേണ്ടി ആരാണു് മാററിയതു് എന്നു്, ഏ."

തൻെറ കണ്ടുപിടുത്തത്തെപ്പററി അയാളോടു പറയുവാൻ കന്യാസ്ത്രീയുടെ നാക്കു് തരിക്കുകയായിരുന്നു.

"പോലീസുകാർ അതു കണ്ടുപിടിക്കും."

"നിങ്ങളുടെ പോലീസുകാർക്കു് ഒരു പിച്ചളക്കാശിൻെറ വിലയില്ല, ഞാൻ പറഞ്ഞുതരാം വേണമെങ്കിൽ അതാരായിരുന്നു എന്നു്. പറയട്ടെ, അവൾ ചാഞ്ഞു് അയാളുടെ ചെവിയിൽ ഒരു പേരു മന്ത്രിച്ചു. പക്ഷേ ആ രഹസ്യം ഏററു പറഞ്ഞതു വളരെ ഉച്ചത്തിൽ ആയിരുന്നതിനാൽ അവിടെ കൂടിയിരുന്നവരെല്ലാംതന്നെ അതു കേട്ടു. നെക്കോ തൻെറ കൊന്ത മുകളിലേക്കെറിഞ്ഞു തട്ടിന്മേൽനോക്കി ചിരിച്ചു. ആ

ചെറുപ്പക്കാരൻ വാദ്ധ്യാർ ആരേയോ അത്ഥംവെച്ചു നോക്കി; ഫാദർ സ്ട്രാർവി പിറുപിറുത്തു: "ദൈവമേ ചീത്ത ആളുകളുടെ കൂട്ടുകെട്ടിൽനിന്നു ഞങ്ങളെ രക്ഷിക്കേണമെ." റാഡ പരിഭ്രമത്തോടെ ചായപ്പിൽ അഭയം പ്രാപിച്ചു.

ആരോ രണ്ടുപേരോടൊരുമിച്ചു മുററത്തുകൂടി പൊയ്ക്കൊണ്ടിരുന്ന സൊക്കലോവിനെനോക്കി സ്റ്റെഫ്കോവ് പറഞ്ഞു: "ഇതാ അയാളെ നോക്കു, അയാളെ നോക്കു."

കൂട്ടുകാരിൽ ഒരാൾ വിക്കൻററിയും അപരൻ കൈത്തറിയിൽനെയ്ത പുതിയതായ ഊതനിറത്തിലുള്ള ഫ്രഞ്ചുവസ്ത്രങ്ങൾ ധരിച്ച ക്രാലിച്ചുമായിരുന്നു. അവരെല്ലാവരുംതന്നെ ജനവാതിൽക്കൽ തിക്കിത്തിരക്കിക്കൂടി.

ആ സംഭവം തൻെറ രണ്ടാമത്തെ കണ്ടുപിടുത്തത്തെപ്പററി പ്രതിപാദിക്കുവാൻ കന്യാസ്ത്രീക്ക് ഒരവസരം കൊടുത്തു.

"അതാരാണെന്ന് നിങ്ങൾക്കറിയാമോ?"

"ആ അപരിചിതനോ. അയാൾ ബോയ്ക്കോ ഓഗ്യനേവ് ആണ്. എനിക്കുതോന്നുന്നതു് അയാളും കൊലക്കയർ ചുമന്നുകൊണ്ടുനടക്കുന്നവനാണെന്നാണ്." സ്റ്റെഫ്കോവ് മറുപടി പറഞ്ഞു.

ഹാജി റവോഹമ്മ തല കുലുക്കി.

"എന്താ അങ്ങിനെ തോന്നുന്നില്ലേ?"

"തീരെ ഇല്ല, നമുക്കു വേണമെങ്കിൽ പന്തയംവെയ്ക്കാം."

"അയാൾ ഒരു വിപ്ലവകാരിയാണ്."

"അല്ല, അയാളൊരു ചാരനാണ്." സ്റ്റെഫ്കോവ് പരിഭ്രമത്തോടെ കന്യാസ്ത്രീയെ നോക്കി.

"ചെകിടുകേൾക്കാത്ത രാജാവുപോലും അതിനെപ്പററി കേട്ടുകഴിഞ്ഞു, നീ മാത്രമേയുള്ളു അതറിയാത്തതായിട്ട്."

"എന്തൊരു ശാപം." ഫാദർ പിറുപിറുത്തു.

അവർ എവിടേക്കാണു് പോകുന്നതെന്നു കാണാൻ കന്യാസ്ത്രീ വെറുപ്പോടെ നോക്കിക്കൊണ്ടിരിക്കയായിരുന്നു.

"അവരാ ഗോസ്പോഷക്രിസ്റ്റീനയുടെ മുറിയിലേക്കാണുപോകുന്നതു്." റവോഹമ്മ പറഞ്ഞു.

ക്രിസ്റ്റീനക്കു വളരെ ചീത്തപ്പേരാണു് ഉണ്ടായിരുന്നതു്. ഒരു രാജ്യസ്നേഹിയായിരുന്നതിനാൽ വിപ്ലവകാരികളുമായി അവൾ ബന്ധം പുലർത്തിയിരുന്നു എന്നൊരു വാർത്ത നിലവിലുണ്ടു്. ലെവിസ്കി ഒരു ദിവസം രാത്രി അവരുടെ അറയിൽ ഒളിച്ചിരുന്നു എന്നും പറയപ്പെട്ടുന്നുണ്ടു്.

"അല്ലെങ്കിലും ഡീക്കൺമാക്കെല്ലാം അവളോടു് ഒരു പ്രത്യേക മമതയാണുള്ളതു്." വൃത്തികെട്ട ഒരു പുഞ്ചിരിയോടെ റവോഹമ്മ പറഞ്ഞു: "ആ ചെറുപ്പക്കാരൻ ഡീക്കനു തന്റെ സംന്യാസവസ്ത്രം വലിച്ചു ദൂരെയെറിഞ്ഞാൽ കൊള്ളാമെന്നുണ്ടു്. ആ സാധുവിന്റെ നിലപാടു് ശരിയാണുതാനും. ഇത്ര ചെറുപ്പത്തിലെ ആരാണു് അയാളെ ഇതിനു പ്രേരിപ്പിച്ചതു്."

"അയാൾ ചെയ്തതു ശരിയാണു്. ഒന്നിലാ, ചെറുപ്പത്തിൽ വിവാഹിതനാകുക. അല്ലെങ്കിൽ ചെറുപ്പമായിരിക്കുമ്പോൾത്തന്നെ സഭയിൽ കൂടുക." ഫാദർ സ്ടാർവിയാണതു പറഞ്ഞതു്.

"അയാൾ ആദ്യത്തേതു് അടുത്തു ചെയ്യുമെന്നു തോന്നുന്നു."

"ദൈവം രക്ഷിക്കട്ടെ."

"ഓർലിങ്കോവിന്റെ മകൾക്കുവേണ്ടി അയാൾ ദൂതന്മാരെ അയക്കുന്നുണ്ടു്. അവർ ഇയ്യാളുടെ മോതിരം സ്വീകരിച്ചു കഴിഞ്ഞാൽ ഈ സംന്യാസവസ്ത്രമെല്ലാം വലിച്ചെറിഞ്ഞുകളഞ്ഞു് വല്ലാച്ചയിൽപോയി കല്യാണം കഴിക്കും. പക്ഷേ എനിക്കു തോന്നുന്നില്ല അയാൾക്കു് ആ ഭാഗ്യം ഉണ്ടെന്നു്." ഇ

ത്രയും പറഞ്ഞു് അത്ഥവത്തായ ഒരു നോട്ടം കന്യാസ്ത്രീ ആ ചെറുപ്പക്കാരൻ വാദ്ധ്യാരുടെ നേക്ക് തൊട്ടത്തുവിട്ടു. ആ പെൺകുട്ടിയെ അയാൾക്കുവേണ്ടി ഉദ്ദേശിച്ചുവച്ചിട്ടുള്ളതാണ്. ആ യുവാവു് പരിഭ്രമംകൊണ്ടു് ആകെ ചുവന്നു.

തത്സമയം പിന്നേയും പുതിയ അതിഥികൾ എത്തിത്തുടങ്ങി.

„ഇതാ സഹോദരൻ വരുന്നുണ്ടു്.'' യോർഡൻഡയമിൻഡീവിനെ എതിരേൽക്കാൻ റവോംഹമ്മ ഓടിപ്പോയി.

അതിഥികൾ എഴുന്നേററു് അവരോടൊപ്പം പോകാൻ തയാറായി. സ്റ്റെഫ്കോവ് അല്പം പിന്നിട്ടുനിന്നു. പിരിയാൻ പോകുന്നപോലെ റാഡയുടെ കൈ പിടിച്ചു് അവളുടെ തുടുത്ത കവിളത്തു് ഒരു ചുംബനമപ്പിച്ചു. അവൾ അയാളുടെ ചെകിട്ടിൽ പെട്ടെന്നു് ഒരു അടിവെച്ചുകൊട്ടത്തു് ചാടി പിന്മാറി.

„നിനക്കു നാണമാവില്ലേ?'' വിറയാന്ന സ്വരത്തിൽ അതു വിളിച്ചുചോദിച്ചുകൊണ്ടു് കണ്ണുനീർ നിറഞ്ഞ നയനങ്ങളോടെ അവൾ ചായപ്പിലേക്കു പോയി.

സ്റ്റെഫ്കോവ് പുരുഷന്മാരോടു ഗവ്വ് നടിക്കുന്നപോലെതന്നെ സ്ത്രീകളോടു മൃഗീയമായാണ് പെരുമാറുക. അടികൊണ്ടു ചെരിഞ്ഞുപോയ തൊപ്പി നേരെവെച്ചു റാഡയുടെ നേരെ ശാപവചനങ്ങൾ ചൊരിഞ്ഞുകൊണ്ടു്, തല്ലുകൊണ്ട തലതിരിഞ്ഞപോലെ സ്റ്റെഫ്കോവ് പുറത്തേയ്ക്കു പോയി.

## അദ്ധ്യായം 11

# റാഡയുടെ വികാരങ്ങൾ

റാഡഗോസ്പോഷീന (ഗോസ്പോഷ ഹാജിറവോഹമ്മയുടേതാണ് അവൾ എന്നു കാണിക്കാനായിരുന്നു ആരണ്ടാമത്തെ പേരു്.) നല്ല വെളുപ്പുള്ള ചടച്ച ഒരു സുന്ദരിയായിരുന്നു. പ്രകാശിക്കുന്ന നിഷ്കളങ്കമായ കണ്ണുകളും, മാധുര്യമൂറുന്ന സുമസമമായ അംഗങ്ങളും ആ കറുത്ത തുവാലക്കടിയിൽ കൂടുതൽ പ്രശോഭിച്ചു.

ബാല്യത്തിലെ അനാഥയായിത്തീർന്ന അവളെ റവോഹമ്മ വളർത്തുമകളുടെ സ്ഥാനത്തേക്കു് എടുത്തതിനാൽ വളരെക്കാലമായി അവൾ ആ കോൺവെൻറിലാണു് കഴിഞ്ഞിരുന്നതു്. അവളുടെ വളർത്തമ്മ പിന്നീട് അവളെ ആശ്രമത്തിലെ, ഒരു സംന്യാസാശ്രമപ്രവേശാർത്ഥിയാക്കയാൽ അവൾക്കു നിർബ്ബന്ധിതമായ കറുത്ത ഉടുപ്പാണു് അവൾ ധരിച്ചിരുന്നതു്. ഇപ്പോൾ കൊല്ലത്തിൽ 1000 ഗ്രോട്ടസ് വേതനത്തിന്മേൽ അവൾ പ്രാഥമിക ക്ലാസ്സിലെ അദ്ധ്യാപികയായി കഴിയുകയാണു്.

എല്ലാ അനാഥകുട്ടികളുടേയും സ്ഥിതി ശോചനീയമാണു്; ബാല്യത്തിൽത്തന്നെ അച്ഛൻെറ സ്നേഹവും സംരക്ഷണവും കിട്ടാതെ, അമ്മയുടെ വാത്സല്യപ്രകടനങ്ങളിൽനിന്ന കന്നു്, അവർ വല്ലവരുടേയും ദയാവായ്പിനേയോ, ചിലപ്പോൾ ഹൃദയശൂന്യതയെയോ അവലംബിച്ചുവളരുകയാൽ, അവർ അപരിചിതരുടെ നേർക്കു്, ജീവൻ നൽകുന്ന മാധുര്യമേറിയ പുഞ്ചിരിയുടെ ചൂടേൽക്കാതെ കഴിച്ചുകൂട്ടുന്നു. വാസ

നയും പ്രസന്നതയുമറിയാതെ മേൽക്കൂടിനു താഴെ വളരുന്ന പൂക്കളാണവർ. ഏതെങ്കിലും ഉദാരമായ പ്രകാശത്തിൻെറ ഒരു രശ്മി അവരുടെമേൽ പതിച്ചാൽമതി ഒളിഞ്ഞുകിടക്കുന്ന ആ പരിമളം അന്തരീക്ഷത്തിലേയ്ക്കുയരാൻ.

ആ അപവാദ കുത്തകക്കാരിയുടെ ഹൃദയശൂന്യമായ കട്ടത്ത ശിക്ഷണത്തിൻകീഴിൽ, കോൺവെൻറിൻെറ ശ്വാസംമുട്ടിക്കുന്ന മരവിച്ച പരിത:സ്ഥിതിയിലാണു് റാധ വളന്നതു്. ആ അനാഥയോടു് ഒന്നു നല്ലവണ്ണം പെരുമാറണമെന്നവൾക്കു് ഒരിക്കലും തോന്നിയിട്ടില്ല. റാധയുടെനേക്കു് അവർ എടുത്തിരുന്ന സ്വേച്ഛാപ്രഭുത്വം അസഹനീയവും അതിനീചവുമായിരുന്നു. അതുകൊണ്ടുതന്നെ അവളിൽ ആത്മാഭിമാനവും മനസ്സാക്ഷിയും ഉണന്നു. സ്വതന്ത്രയായ ഒരു സ്കൂൾ മിസ്റ്റ്റസ്സു് ആയിരുന്നിട്ടും റഘോഹമ്മയുടെ സഹോദരൻെറ വീട്ടിൽ വിരുന്നുകാരിയായി നാം അവളെ കാണുന്നതു് അതുകൊണ്ടാണു്.

വഷാന്തപ്പരീക്ഷ അടുത്തിരിക്കുന്ന സമയമായതുകൊണ്ടു പാഠശാലാകാൎയ്യത്തിൽ റാധ പ്രത്യേകം വ്യാപൃതയായിരുന്നു. പരീക്ഷാദിവസം വന്നു. നേരം വെളിച്ചമായപ്പോൾതൊട്ടു്, ഏററവും നല്ല ഉടുപ്പുകൾ ഇടുവിപ്പിച്ചു തലചികിമിനുക്കി ചിത്രശലഭങ്ങളെപ്പോലെ അമ്മമാർ ഒരുക്കിഅയച്ച പെൺകുട്ടികൾ സ്കൂളിൽവന്നു നിറയാൻ തുടങ്ങി. മുമ്പിൽ തുറന്നുവെച്ച പുസ്തകവുമായി, അവസാനമായി തങ്ങളുടെ പാഠങ്ങൾ ഉരുവിട്ടുകൊണ്ടിരുന്ന അവർ മുരണ്ടുനടക്കുന്ന ഒരു കൂട്ടം തേനീച്ചകളുടെ പ്രതീതി ജനിപ്പിച്ചു.

പള്ളിയിലെ ചടങ്ങുകൾ കഴിഞ്ഞപ്പോൾ, അക്കൊല്ലം കുട്ടികൾ എന്തെല്ലാം ചെയ്തിട്ടുണ്ടെന്നറിയുവാൻ, കീഴ്വഴക്കംപോലെതന്നെ അന്നു നിരവധിയാളുകൾ അവിടെ തിങ്ങിക്കൂടാൻ തുടങ്ങി. വാതിൽ, ജനവാതിൽ, ടീച്ചർമാരുടെ ഡെസ്ക്കു് മുതലായവ ഭംഗിയേറിയ മാലകൾകൊണ്ടു് അലങ്ക

രിക്കപ്പെട്ടിരുന്നു. വെള്ളയും ചുവപ്പും ആയ കുസുമങ്ങളും ബോക്സ്മരത്തിൻേറയും പൈൻമരത്തിൻേറയും തളിർത്തൊത്തുകളും സമഞ്ജസമായി കൂടിക്കലന്ന മനോഹരമായ ഒരു പുഷ്പവലയത്തിൻെറ ഉള്ളിൽക്കൂടി സിറിലിൻേറയും മെത്തോഡിസ്സിൻേറയും പ്രതിമകൾ താഴോട്ടുനോക്കിയിരുന്നു. പെൺകുട്ടികൾ ആദ്യത്തെ ബഞ്ചുകളിൽ ഉപവിഷ്ടരായി. ബാക്കിയുള്ള സ്ഥലം മുഴുവൻ സഭാവാസികൾ കയ്യടക്കി. പ്രധാനപ്പെട്ട വ്യക്തികൾ മുമ്പിലോട്ടു തള്ളിനിന്നു. ചിലർ കസേരകളിൽ ഇരിപ്പുറപ്പിച്ചു. നമുക്കു പരിചിതരായ പലരും അക്കൂട്ടത്തിലുണ്ടായിരുന്നു. പ്രതീക്ഷിച്ചിരുന്ന വിശിഷ്ടാതിഥികൾക്കുവേണ്ടി കുറെ കസേരകൾ ഒഴിച്ചിടപ്പെട്ടിരുന്നു.

റാഡ ലജ്ജയോടെ കുട്ടികളെ അവരുടെ സ്ഥാനങ്ങളിൽ ഇരുത്തി അവക്കെന്തൊക്കെയോ പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു. അതിപ്രധാനമായ ആ അവസരത്തിന്നനുയോജ്യമായ വികാരാവേശത്താൽ തുടുത്ത അവളുടെ മോഹനവദനത്തെ പ്രകാശപൂർണ്ണമായ ആ നീണ്ടിടംപെട്ട നയനങ്ങൾ തേജോമയമാക്കിയപ്പോൾ, അവൾ ഒരു അനുപമസുന്ദരിയായി. കനംകുറഞ്ഞ മേഘമാലകളെപ്പോലെ അവളുടെ തുടുത്ത കവിളിലൂടെ വന്നുംപോയുമിരുന്ന നിറങ്ങൾ ആ ആത്മാവിൻെറ സ്പന്ദനത്തെ വിളിച്ചോതുകയായിരുന്നു. ജിജ്ഞാസനിറഞ്ഞ ഒരു നൂറു നയനങ്ങൾക്കു ശരവ്യയായിത്തീന്നിരിക്കയാണു് താനെന്നവൾക്കു മനസ്സിലായപ്പോഴുണ്ടായ വിഷമം കൊണ്ടു് അവളുടെ മനസ്സാന്നിദ്ധ്യം ഒഴുകിപ്പോയിത്തുടങ്ങി. പക്ഷേ ഹെഡ്മിസ്റ്റ്റസ്സ് പ്രസംഗം തുടങ്ങിയപ്പോൾ, മിക്കവരുടേയും ശ്രദ്ധ അങ്ങോട്ടു തിരിഞ്ഞു. അപ്പോൾ ആശ്വാസത്തോടെ അവൾ ചുററും നോക്കി. സന്തോഷത്തോടുകൂടി അവൾ കണ്ടുപിടിച്ചു, സ്റ്റെഫ്കോവ് അവിടെ ഇല്ല എന്നു്. അവളുടെ ധൈര്യം തിരിച്ചുവന്നു. അന്നു് കയ്യടിച്ചു ഹർഷാരവം മുഴക്കുന്ന രീതി പ്രാബല്യത്തിൽ വന്നിട്ടില്ലാത്തതുകൊ

ണ്ടു് തികഞ്ഞ നിശ്ശബ്ദതയിൽത്തന്നെ ആദ്യത്തെ പ്രസംഗം അവസാനിച്ചു. പരിപാടിയനുസരിച്ചു് ഒന്നാംക്ലാസ്സിലെ കുട്ടികളുടെ പരീക്ഷയാണിനി നടക്കേണ്ടതു്. ഹെഡ്മാസ്റ്റർ ക്ലിമെൻറിൻെറ പ്രശാന്തതയും സൽസ്വഭാവവും തിളങ്ങുന്ന മുഖവും ദയാപൂൎണ്ണമായ പെരുമാററവും കുട്ടികളിൽ മന സ്സൈഥൎയ്യം വളൎത്തി. റാഡ അവരുടെ ഉത്തരങ്ങൾ വളരെ ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നു. ഇടയ്ക്കെങ്ങാൻ അവരൊരു തെററു വരുത്തിയാൽ ആ നിമിഷത്തിൽ അതിൻെറ പ്രതി ഫലനം അവളുടെ മുഖത്തു ദൃശ്യമാകുമായിരുന്നു. ഈ വ്യ ക്തമായി കിലുങ്ങുന്ന ശബ്ദവും, ചുംബനങ്ങളെ ക്ഷണിച്ചുവ രുത്തുന്ന ചെറിയ ചുവന്ന ചുണ്ടുകളുമാണു് അവളുടെ വി ധി നിൎണ്ണയിക്കേണ്ടതു്. തൻെറ നോട്ടത്തിൻെറ ദിവ്യപ്രഭ റാഡ ശിഷ്യകളുടെ നേരെ ചൊരിഞ്ഞു. സ്വൎഗ്ഗീയമായ പു ഞ്ചിരി കൊണ്ടവൾ അവൎക്കു പ്രചോദനം നൽകി. പിടയ്ക്കു ന്ന ആ ചുണ്ടുകളിൽ അവളുടെ മുഴുവൻ ആത്മാവും തങ്ങിനി ന്നിരുന്നു.

വാതിൽക്കലെ ജനക്കൂട്ടം അന്നേരം ഒന്നനങ്ങി. നേരം തെററിയ രണ്ടു സന്ദൎശകരെ അകത്തേക്കു പ്രവേശിപ്പിച്ചു. അവർ ഗൗരവത്തോടെ ഒഴിഞ്ഞുകിടന്നിരുന്ന കസേരക ളിൽ ചെന്നിരുന്നു. റാഡ അവരെ കണ്ടു. അവരിൽ ഒരാ ളായ വൃദ്ധൻ ചോർബാഡ്ജി മൈക്കോ സ്കൂൾ ബോർഡി ലെ ഒരംഗമായിരുന്നു. അപരൻ കിരിയാക് സ്റ്റെഫ്കോവും. അറിയാതെതന്നെ ഒരു വിളൎപ്പ് അവളുടെ മുഖത്തു വ്യാപി ച്ചു. അവളെ ഭയപ്പെടുത്തുകയും അലോക്യപ്പെടുത്തുകയും ചെയ്യുന്നവനും അസന്തുഷ്ടി നൽകുന്നവനുമായ ഈ മനുഷ്യ നെ കാണാതിരിക്കാൻതന്നെ അവൾ ശ്രമിച്ചു.

ഒന്നു തിരിഞ്ഞുനോക്കുകപോലുംചെയ്യാതെ തൻെറ അ ടുത്തിരിക്കുന്ന സൊക്കലോവിനു ഹസ്തദാനം ചെയ്യാനൊ ന്നും മിനക്കെടാതെ സ്റ്റെഫ്കോവ് ചിലരുടെയെല്ലാം അ

ഭിവാദനങ്ങൾ തലകുനിച്ചു സ്വീകരിച്ച് കാലിന്മേൽകാലു കയററി ഇരിപ്പുറപ്പിച്ചു. അയാൾ ഉദാസീനനായി അവിടത്തെ നടപടികൾ ശ്രദ്ധിച്ചു ഇടക്കിടെ ലാല്കയോർഡിനോവ് ഇരുന്നിരുന്ന സ്ഥലത്തേക്കു ദൃഷ്ടികളയച്ചുകൊണ്ടിരുന്നു. അയാളുടെ വൃത്തികെട്ട ആത്മാവും, ക്രൂരതയും അയാളുടെ മുഖത്തു വ്യക്തമായി പ്രതിഫലിച്ചിരുന്നു. ഒന്നോ രണ്ടോ പ്രാവശ്യം അയാൾ റാഡയെ ദ്വേഷ്യത്തോടും പുച്ഛത്തോടുംകൂടി ആപാദചൂഡം വീക്ഷിക്കയുണ്ടായി. ഇടക്കിടെ താൻ കൊണ്ടുവന്നിരുന്ന ഒരു പൂവ് മൂക്കിലേക്കടുപ്പിച്ച്, ഉദാസീനതയും ഗർവ്വും ആകാരംപൂണ്ടപോലെ അയാൾ അവിടെ ഇരുന്നു. ഹെഡ്മാസ്റ്റർ ക്ലിമൻറ് ആലഫ്രാൻകയുടെനേക്ക് ഒരു ഫ്രഞ്ചുപുസ്തകവുമായി തിരിഞ്ഞു വലത്തോട്ടു തിരിഞ്ഞു തൻെറ അഭ്യർത്ഥന അയാൾ സ്റ്റെഫ്കോവിനോടും ആവർത്തിച്ചു. അയാൾ അതു സ്വീകരിച്ചു തൻെറ കസേര കുറേക്കൂടെ മുമ്പോട്ടു കയററിയിട്ടു.

ജനക്കൂട്ടത്തിൽനിന്ന് അവ്യക്തമായ ഒരു മർമ്മരമുയൎന്നു. എല്ലാ കണ്ണുകളും കിരിയാക്കിൻെറ മുഖത്തേക്കായി. അയാൾ പരീക്ഷിച്ചിരുന്ന പുസ്തകം ബൾഗേറിയൻ സാഹിത്യചരിത്രത്തിൻെറ ഒരു സംക്ഷേപമായിരുന്നു. മേശമേൽ പുസ്തകം വെച്ച് അയാൾ തലച്ചോറിനെ ഉണൎത്താനെന്നപോലെ നെററി തടവി, ഉറക്കെ ഒരു ചോദ്യം ചോദിച്ചു. ആ കൊച്ചുബാലിക നിശ്ശബ്ദയായി നിന്നു. തണുത്തു നീരസജനകമായ ആ നോട്ടം ആ പിഞ്ചുമനസ്സിൽ ഒരു മരവിപ്പിക്കുന്ന ആയുധംപോലെ ചെന്നുതറച്ചു. ചോദ്യംപോലും മനസ്സിലാകാത്തവിധത്തിൽ അവൾ ഭയപ്പെട്ടു. സഹായത്തിന്നപേക്ഷിക്കുന്നപോലെ ദയനീയമായി അവൾ റാഡയെ നോക്കി. സ്റ്റെഫ്കോവ് ചോദ്യം ആവൎത്തിച്ചു. കുട്ടി അപ്പോഴും മിണ്ടാതെ നിന്നു.

“ഇവളെ പറഞ്ഞയച്ചു വേറെ ഒരുവളെ വിളിക്കൂ,” അ

യാൾ വെറുപ്പോടെ പറഞ്ഞു.

വേറൊരു ബാലിക എത്തി. അവളോടും സ്റ്റെഫ്കോവ് ചോദ്യം ആവത്തിച്ചു. അവൾ ആ ചോദ്യം കേട്ടെങ്കിലും അതിൻെറ അത്ഥംമനസ്സിലാവാത്തതിനാൽ മിഴിച്ചുനിന്നു. ജനക്കൂട്ടം ഒട്ടും ആശാസ്യമല്ലാത്ത ഒരു അവസ്ഥയിൽ എത്തിച്ചേന്നു. ആണിതറച്ചുറപ്പിച്ചപോലെയാണ് ആ കുട്ടിയുടെ നിൽപ്പ്. ആ കൊച്ചു കണ്ണുകളിൽ നീർ തുളുമ്പിനിന്നു. എന്തോ മറുപടി പറയുവാൻ അവൾ ആഞ്ഞു. പക്ഷേ സങ്കടത്തോടെ എന്തൊക്കെയോ വിക്കി അവൾ നിശ്ശബ്ദയായി നിന്നു. മരവിച്ച ഒരു നോട്ടം റാഡയിൽ അപ്പിച്ചുകൊണ്ട് സ്റ്റെഫ്കോവ് തുടന്നു:

"കേവലം ഉദാസീനമായിരിക്കുന്ന പഠിപ്പിക്കൽ. ആട്ടെ, വേറെ ഒരു കുട്ടിയെക്കൂടി വിളിച്ചുനോക്കു."

ശബ്ദംപൊങ്ങാതെ റാഡ വേറെ ഒരു ശിഷ്യയുടെ പേരു പറഞ്ഞു.

അവൾ ഇടക്കിടെ എന്തൊക്കെയൊ മറുപടി പറഞ്ഞു. അവൾക്കും ചോദ്യം മനസ്സിലായില്ല. പക്ഷേ സ്റ്റെഫ്കോവിൻെറ മുഖത്ത് നീരസംപടരുന്നതുകണ്ടപ്പോൾ ആ ബാലിക പരിഭ്രാന്തയായി ചുററും പകച്ചുനോക്കി. സ്റ്റെഫ്കോവ് ഒരു ചോദ്യംകൂടി ചോദിച്ചു. പരിഭ്രമം കൊണ്ടവൾക്കു കണ്ണുകാണാതായായി; വിളത്ത ചുണ്ടുകൾ വിറച്ചു. അവൾ പെട്ടെന്നു പൊട്ടിക്കരഞ്ഞുകൊണ്ടു നേരെ തിരിഞ്ഞു് അവളുടെ മാതാവിൻെറ അടുക്കലേക്കോടി. എല്ലാവക്കും സങ്കടമായി. പരീക്ഷിക്കപ്പെട്ടിട്ടില്ലാത്ത കുട്ടികളുടെ അമ്മമാർ ഭയത്തോടും പരിഭ്രമത്തോടുംകൂടി ചുററും നോക്കി. തങ്ങളുടെ അരുമസന്താനത്തിൻെറ പേരു് ഇപ്പോൾ പുറത്തുപറയുമല്ലൊ എന്നോത്ത് എല്ലാ അമ്മമാരും നടുങ്ങി.

റാഡ സ്തംഭിച്ചുനിന്നു. ഒരൊററ തുള്ളി രക്തംപോലും

ആ മുഖത്തില്ല. വിളത്ത കവിളുകൾ വിറച്ചു. വലിയ വലിയ വിയപ്പിൻകണങ്ങൾ അവളുടെ നെററിയിൽ തങ്ങിനിന്നു. മുഖത്തൊരു പരിഭ്രാന്തിയല്ലാതെ യാതൊരു വികാരവും ദൃശ്യമായില്ല. കണ്ണുകൾപൊക്കിനോക്കുവാൻ അവൾക്കു ധൈര്യം വന്നില്ല. തൻെറ കാലിന്നടിയൽനിന്നു ഭൂമി വഴുതിമാറുകയാണോ. എന്തോ ഒന്ന് 'അവളെ ശ്വാസംമുട്ടിക്കുകയാണ്. ഒന്ന് ഉറക്കെ കരയണമെന്നവൾക്കു തോന്നി. അതെ, തന്നെത്തന്നെ പിടിച്ചുനിൎത്തുവാൻ അവൾക്കു ശക്തിയില്ലാതായി.

സന്ദൎശകൎക്ക് ഈ നിശ്ചലാവസ്ഥ അസഹനീയമായിത്തോന്നിയപ്പോൾ മൎമ്മരശബ്ദങ്ങളുയൎന്നു. 'എന്താണ് സംഗതി എന്നു ചോദിക്കുന്ന വിധത്തിൽ അവർ പരസ്പരം നോക്കി. ഈ അസഹ്യമായ ദുർഘടാവസ്ഥയിൽനിന്നൊരു മോചനം എല്ലാവരും അഭിലഷിച്ചു. ശബ്ദങ്ങൾ, പ്രതിഷേധങ്ങൾ, ഒന്നിനൊന്ന് ഉച്ചത്തിൽ മുഴങ്ങി. പെട്ടെന്നൊരു മരവിപ്പിക്കുന്ന നിശ്ശബ്ദത പടൎന്നു. എല്ലാവരും ഉൽക്കണ്ഠയോടെ മുമ്പിലേക്കു നോക്കി. ഇതുവരെ പകുതി മറഞ്ഞുനിന്നിരുന്ന ബൊയ്ക്കോ ഓഗ്യനോവ് സന്ദൎശകരുടെ ഇടയിൽനിന്നു മുമ്പിലേക്കു നീങ്ങി സ്റ്റെഫ്കോവിനോടു ഗംഭീരമായ ശബ്ദത്തിൽ പറഞ്ഞു:

"സർ, എനിക്കു നിങ്ങളെ പരിചയപ്പെടുവാനുള്ള ഭാഗ്യമുണ്ടായിട്ടില്ല. നിങ്ങൾ എനിക്കു മാപ്പു തരു. നിങ്ങളുടെ ചോദ്യങ്ങൾ അവ്യക്തങ്ങളും, മനസ്സിലാകാത്തതുമായിരുന്നു. 5–ാംക്ലാസ്സിലെ കുട്ടികൾക്കുപോലും ഇതു വളരെ വിഷമമായിരിക്കും. ഈ പരിചയമില്ലാത്ത കുട്ടികളോടു കുറച്ചുകൂടി ദയ കാണിക്കൂ."

റാഡയുടെനേരെ തിരിഞ്ഞ് അയാൾ പറഞ്ഞു: "മേഡം, നിങ്ങളുടെ അനുവാദംവേണം."

അയാൾ അവിടെനിന്നു് ഇതിനുമുമ്പു ചോദ്യംചെയ്യപ്പെട്ട പിഞ്ചുബാലികമാരിൽ ഒരുവളെ വിളിക്കാൻ പറഞ്ഞു.

പൊതുവെ ഒരാശ്വാസം പടൎന്നു. ഓഗ്യനോവിൻെറ പ്രവൃത്തി അവർ സ്വാഗതം ചെയ്തതു് സഹതാപത്തോടും സമ്മതത്തോടുംകൂടിയായിരുന്നു. ഒരൊററ നിമിഷത്തിനകം എല്ലാവരുടേയും സഹാനുഭൂതിയും ശ്രദ്ധയും അയാൾ കയ്യടക്കി. ഹാജിറവോഹമ്മ പരത്തിയിരുന്ന അപവാദം തകൎന്നു നിലംപതിച്ചു. യാതനകൾകൊണ്ടു് അല്പം ക്ഷീണിച്ചെങ്കിലും ഗംഭീരമായ ആ വദനവും, പൌരുഷവും ചൊറുചൊറുക്കും വിളിച്ചുപറയുന്ന കണ്ണുകളും എല്ലാവരുടേയും ഹൃദയങ്ങളെ ആകൎഷിച്ചു. എല്ലാവരുടേയും മുഖം തെളിഞ്ഞു. അവർ സ്വതന്ത്രമായി ദീർഘശ്വാസം വിട്ടു. പരിസരങ്ങളെ ഓഗ്യനോവ് ജയിച്ചുകഴിഞ്ഞുവെന്നു് എല്ലാവൎക്കും മനസ്സിലായി. എല്ലാവരും അതീവസന്തുഷ്ടരായി.

സ്റ്റെഫ്കോവ് ചോദിച്ച അതേ ചോദ്യങ്ങൾതന്നെ ഏററവും ലളിതമായി ഓഗ്യനോവ് ആ പെൺകുട്ടിയോടു ചോദിച്ചു. ഇത്തവണ ശരിക്കു് അവൾ ഉത്തരം പറഞ്ഞു. അമ്മമാർ ആശ്വാസസൂചകമായി നെടുവീൎപ്പിട്ടു: നന്ദികലൎന്ന വീക്ഷണങ്ങൾ ആ അപരിചിതനിൽ വൎഷിച്ചു. പുതിയതും അസാധാരണവുമായ അയാളുടെ പേരു് പല മുഖങ്ങളിലും തങ്ങി അവരുടെ ഹൃദയത്തിൻെറ ആഴത്തിൽ പതിഞ്ഞു.

തുടൎന്നു വിളിക്കപ്പെട്ട ബാലികയും അവളുടെ പ്രായത്തിന്നനുയോജ്യമായ തരത്തിൽ മറുപടി പറഞ്ഞു.

ആദ്യംതന്നെ ഭയപ്പെട്ടു് ഏതാണ്ടു് അബോധാവസ്ഥയിലെത്തിച്ചേൎന്ന പെൺകുട്ടികൾ എല്ലാവരും സ്നേഹത്തോടുകൂടി ഓഗ്യനോവിനെ നോക്കിനിന്നു. അവരുടെ ശക്തി ഉണൎന്നു. ഈ നല്ല മനുഷ്യനോടു് ആരാണു് ആദ്യമാദ്യം സം

സാരിക്കുക എന്നുള്ള ആവലാതിയായി അവക്ക്. അവർ അയാളെ സ്നേഹിക്കാൻ പഠിച്ചുകഴിഞ്ഞു.

അത്ഭുതത്തിൽനിന്നത്ഭുതത്തിലേയ്ക്കു നീങ്ങുകയാണരു് റാഡ. കണ്ണുനീരോടും ഇത്ര ദുർഘടമായ സന്ധിയിൽ തൻെറ സഹായത്തിനെത്തിച്ചേർന്ന വിശാലാശയനായ ആ മനുഷ്യനെ അത്ഭുതത്തോടും അകംനിറഞ്ഞ നന്ദിയോടുംകൂടി അവൾ വീക്ഷിച്ചു. സാഹോദര്യത്തിൻെറ ചൂടേൽക്കുന്നതു് അവൾ ആദ്യത്തെ പ്രാവശ്യമാണു്. അതു് തികച്ചും ഒരപരിചിതനിൽനിന്നു്. ഇദ്ദേഹം ഒരു ചാരനോ? ഇതാ അവളുടെ മുമ്പിൽ അയാളൊരു മാലാഖയെപ്പോലെ നിൽക്കുന്നു. ഒരു പുഴുവിനെപ്പോലെ അയാൾ സ്റ്റെഫ്കോവിനെ അരച്ചുകളഞ്ഞു. അവൾക്കു സന്തോഷമായി, അവളുടെ ശക്തി ഉണന്നു. അഭിമാനത്തോടും അന്തസ്സോടുംകൂടി അവൾ ചുററും നോക്കി. എല്ലാ ഭാഗത്തുനിന്നും അവളെ എതിരേററതു സഹതാപപൂർണ്ണമായ നോട്ടങ്ങളായിരുന്നു. അകമാകെ തിങ്ങിയ നന്ദി കണ്ണുനീരായി പുറത്തുവന്നു.

മൂന്നാമത്തെ പെൺകുട്ടിയോടു് ഓഗ്യനോവ് ഇങ്ങിനെ ചോദ്യം തുടന്നു:

"റെയ്ന, ഒന്നുപറയൂ, ഏതു ബൽഗേറിയൻ രാജാവിൻെറ കാലത്താണു് അവിടുത്തെ ജനങ്ങൾ ക്രിസ്തുമതം സ്വീകരിച്ചതും ജ്ഞാനസ്നാനം ചെയ്തതും?"

കണ്ണുനീർ മുഴുവൻ വററിയിട്ടില്ലാത്തതും തൻെറ നേക്കു തിരിഞ്ഞതും നിഷ്കളങ്കവുമായ ആ കണ്ണുകളിലേയ്ക്കു അയാൾ പ്രശാന്തതയോടെ സ്നേഹപൂർവ്വം ഉററുനോക്കി.

കുറച്ചുനേരം ആലോചിച്ചുനിന്നശേഷം കൊച്ചു ചുണ്ടുകൾ പിളത്തി വ്യക്തമായി, പ്രഭാതത്തിലെ വനംപാടിയുടെ സംഗീതംപോലെ കിലുങ്ങുന്ന സ്വരത്തിൽ അവൾ പറഞ്ഞു.

"ബൽഗേറിയൻ സാർബോറിസ് ആണു് ആദ്യമായി

അവരെ ജ്ഞാനസ്നാനം ചെയ്യിച്ചതു്."

"വളരെ നല്ലതു് മിട്ടുക്കികുട്ടി; റെയ്ന, ഇനി പറയൂ ആരാണു് ബൾഗേറിയൻ അക്ഷരമാല കണ്ടുപിടിച്ചതു്?"

കുട്ടിക്കു ചോദ്യം കുറച്ചു ബുദ്ധിമുട്ടുള്ളതായിത്തോന്നി. കുറച്ചുനേരം അവൾ മിഴിച്ചുനിന്നു് ആലോചിച്ചു. പിന്നീട്ടു് എന്തോ പറയാൻ തുടങ്ങിയതിനെ വിഴുങ്ങി അവൾ നിശ്ശബ്ദയായി നിന്നു.

"റെയ്ന, ആരാണു് നമ്മുടെ എ. ബി. സി. കണ്ടുപിടിച്ചതു്?"

ആ കൊച്ചോമനമുഖം പ്രകാശിച്ചു. മുട്ടവരെ തുറന്നിട്ടിരിക്കുന്ന ആ പിഞ്ചുകരം ഒന്നും മിണ്ടാതെ ഉയർത്തി, തന്നെ സ്നേഹപൂർവ്വം നോക്കിക്കൊണ്ടിരിക്കുന്ന മെത്തോഡിസ്സിൻേറയും സിറിലിൻേറയും പടം ചൂണ്ടിക്കാണിച്ചു.

"അതു ശരിയാണു്; അതു ശരിയാണു്. സിറിലും മെത്തോഡിസ്സുമാണു് നമ്മുടെ അക്ഷരമാല കണ്ടുപിടിച്ചതു്." മുമ്പിൽ ഇരുന്നിരുന്ന ചില കുട്ടികളുടെ കലപില ശബ്ദം ഉയന്നു.

"റെയ്ന, ദൈവം നിന്നെ രക്ഷിക്കട്ടെ. സിറിലും മെത്തോഡിസ്സും നിന്നെ ഒരു റാണിയാക്കാൻ സഹായിക്കട്ടെ." വികാരഭരിതനായി ഫാദർ സ്ട്രാർവി പറഞ്ഞു.

"വളരെ നന്നായി. റെയ്ന ഇനി ഇരിപ്പിടത്തിലേയ്ക്കു പൊയ്ക്കോളൂ." ഓഗ്യനോവ് സന്തോഷത്തോടെ പറഞ്ഞു.

ജയശ്രീലാളിതയായ റെയ്ന ആകെ ഉജ്ജ്വലയായി അവളുടെ അമ്മയുടെ അടുക്കലേക്കു പാഞ്ഞു. അവരാകട്ടെ അവളെ കെട്ടിപ്പിടിച്ചു. ആ കൊച്ചുമേനി ചുംബനങ്ങൾകൊണ്ടും കണ്ണുനീർകൊണ്ടും മൂടി.

ഓഗ്യനോവ്, ഹെഡ്മാസ്റ്റർ ക്ലിമൻറിൻെറ അടുക്കലേയ്ക്കു തിരിഞ്ഞു പുസ്തകം തിരിച്ചുകൊടുത്തു.

ചോർബാഡ്ജി മൈക്കോ ഓഗ്യനോവിനോടപേക്ഷിച്ചു: "ദയവായി ഞങ്ങളുടെ സുബ്ക്കയെക്കൂടെ ഒന്നു പരീക്ഷിച്ചുനോക്കണം."

നല്ല തലമുടിയുള്ള ജീവസ്സുററ ഒരു ബാലിക നാണത്തോടെ അയാളെ വീക്ഷിച്ചുകൊണ്ടയാളുടെ മുമ്പിൽ വന്നു നിന്നു.

"സുബ്ക്ക, ഏതു ബൾഗേറിയൻ രാജാവാണ് ഗ്രീക്കമർദ്ദനത്തിൽനിന്നു് രാജ്യത്തെ രക്ഷിച്ചതു്?"

"അവളെന്തോ തെററിദ്ധരിച്ചു മറുപടി പറയുവാൻ തുടങ്ങി.

"തുക്കിയുടെ നുകത്തിൽനിന്നു ബൾഗേറിയയെ രക്ഷിച്ചതു്......"

"സുബ്ക്ക നിൽത്തു, നിൽത്തു." ചോർബാഡ്ജിമൈക്കോ വിളിച്ചുപറഞ്ഞു: "ഗ്രീക്കകാരിൽനിന്നു് ഏതു് ബൾഗേറിയൻ രാജാവാണു് ജനങ്ങളെ മോചിപ്പിച്ചതു് എന്നു പറഞ്ഞാൽ മതി. ശരിയാണു് തുക്കികളുടെ കയ്യിൽനിന്നു രക്ഷിക്കുവാനും ഒരു രാജാവുണ്ടാവും."

"ദൈവത്തിൻെറ ഇഷ്ടപ്രകാരം നടക്കട്ടെ." സ്റ്റ്റാർവി പറഞ്ഞു.

ചോർബാഡ്ജിമൈക്കോവിൻെറ സൂത്രത്തിലുള്ള സൂചന എല്ലാ ദിക്കിലും സഹതാപദ്യോതകമായ ചിരി വളത്തി. പിറുപിറുപ്പും അടക്കിപ്പിടിച്ച ചിരിയും സഭയിൽ മുഴങ്ങി.

സുബ്ക്കയുടെ മണിനാദം തുടന്നു: "അസ്സൻസാറാണ് ബൾഗേറിയയെ ഗ്രീക്കകാരിൽനിന്നും രക്ഷപ്പെട്ടത്തിയതു്. റഷ്യയിലെ അലക്സാണ്ടർ ടക്കി നുകത്തിൽനിന്നും അവക്കു മോചനം നൽകും."

ആ കട്ടി അവളുടെ അച്ഛൻെറ വാക്കുകൾ അമ്പേ തെററിദ്ധരിച്ചിരിക്കുകയാണു്.

അവളുടെ ഉത്തരത്തെത്തുടന്നു് സഭയിൽ ഒരു നിശ്ശബ്ദത പരന്നു. പരിഭ്രമവും അശാന്തതയും എല്ലാ മുഖത്തും തെളിഞ്ഞു. യാന്ത്രികമായി നിരവധി നയനങ്ങൾ റാഡ നിന്നിരുന്ന സ്ഥലത്തേക്കു പാഞ്ഞു. ,അവളാകട്ടെ ആകെ ചുവന്നു പരിഭ്രാന്തയായി തലതാഴ്ത്തി നിന്നു. ആ മാറിടം നെടുവീർപ്പാൽ പൊങ്ങിയും താണുമിരുന്നു. അവളെ സമീപിച്ച നോട്ടങ്ങളിൽ ചിലവയിൽ വെറുപ്പും ചിലതിൽ ആശംസയും സ്ഫുരിച്ചിരുന്നു. പൊതുവായി ഒരു അശാന്തതയാണു് അവിടെ നിഴലിച്ചതു്. ഇതുവരെ പരാജിതഭാവത്തിൽ തലതാഴ്ത്തി നിന്നിരുന്ന സ്റ്റെഫ്കോവ് അല്പമൊരു വിജയഗർവ്വോടെ ശിരസ്സുയർത്തി. അയാൾക്കു ബെയോട്ടുള്ള അടുപ്പവും ഇക്കികളോടുള്ള മമതയും ഏതാണ്ടു് എല്ലാവക്കും അറിയാമായിരുന്നതുകൊണ്ടു് എന്തെങ്കിലും ഒരു സൂചനക്കുവേണ്ടി അവർ അയാളുടെ മുഖത്തേക്കു് ഉററുനോക്കി. ഒരു നിമിഷം മുമ്പെ ഓഗ്യനോവിനോടും റാഡയോടും തോന്നിയിരുന്ന സഹതാപം പൊട്ടന്നനെ ആറിത്തണുത്തു; വെറുപ്പിൻേറതായ ചില വികാരങ്ങൾ ഉയന്നു. സ്റ്റെഫ്കോവിൻെറ അനുയായികൾ ഈ വ്യതിയാനത്തെ സന്തോഷത്തോടെ സ്വാഗതം ചെയ്തപ്പോൾ ടീച്ചറുടെ കൂട്ടുകാർ നിശ്ശബ്ദതപാലിച്ചു. വൃദ്ധൻപാതിരി സ്റ്റ്റാർവി ആകെ അമ്പരന്നു. താൻ പറഞ്ഞുപോയ വാക്കുകൾ ഓർത്തു് അയാൾ പശ്ചാത്തപിച്ചു, പ്രായശ്ചിത്തമായി പ്രാർത്ഥന ഉരുവിട്ടു തുടങ്ങി. ചേരിതിരിവു സുവ്യക്തമായി കണ്ടതു് സ്ത്രീജനങ്ങളുടെ ഇടയിലാണു്. സ്റ്റെഫ്കോവിനെ അപമാനിച്ചതിൽ കുപിതയായ ഹാജിറവോഹമ്മതി പറക്കുന്ന നോട്ടങ്ങൾ റാഡയുടേയും ഓഗ്യനോവിൻേറയും നേക്കു തിരിച്ചുവിട്ടു. ഏററവും കൂടുതൽ ശക്തിയായി അപലപിച്ചതും അവരാണു്. അല്പം ദിവസങ്ങൾക്കുമുമ്പു മാത്രമാണു് താൻ അയാളെ ഒരു ചാരനായി മുദ്രയടിച്ചതെന്ന സംഗതി നീരെ മറന്നു് ആ കന്യാസ്ത്രീ അയാളെ ഇപ്പോൾ

വിപ്ലവകാരിയെന്നു പറയാൻ തുടങ്ങി. പക്ഷേ, അയാളെ പിൻതാങ്ങാനും ആളുകൾ ഉണ്ടായിരുന്നു. എല്ലാവരും കേൾക്കത്തക്ക വിധത്തിൽ ജിങ്കഅമ്മായി അട്ടഹസിക്കാൻ തുടങ്ങി.

"ഉം, എന്താണ് എല്ലാവരും ഇടിവെട്ടുകൊണ്ടപോലെ ഇരിക്കുന്നതു്. ആ സാധു പെൺകുട്ടി യേശുവിനെ കുരിശിൽ തറച്ചോ! ഞാൻ തീർച്ചയായും പറയും. അലക്സാണ്ടറാണ്, വേറെ ആരും അല്ല നമ്മളെ വിമോചിപ്പിക്കുവാൻ വരുന്നതു് എന്നു്."

"ഭ്രാന്തി, വായടക്കാൻ വയ്യെന്നിനക്കു്." എന്നു് അവളുടെ അമ്മ പിറുപിറുത്തു.

നിരാശയുടെ ചിത്രമെന്നപോലെ സുബ്ക്ക അവിടെ നിന്നിരുന്നു. ഈ വർത്തമാനങ്ങളെല്ലാം നിത്യവും അവളുവളുടെ പിതാവിൽനിന്നും അദ്ദേഹത്തിന്റെ അതിഥികളിൽനിന്നും കേൾക്കാറുള്ളതാണ്. എന്താണിതിലിത്രമാത്രം ലഹള കൂട്ടാൻ എന്നവൾക്കു മനസ്സിലാക്കാൻ സാധിച്ചില്ല.

സ്റ്റെഫ്കോവ് എണീററുനിന്നു മുൻനിരക്കാരോടായി പറഞ്ഞു.

"മാന്യരേ, ബഹുമാനപ്പെട്ട സുൽത്താനെതിരായുള്ള വിപ്ലവകരമായ ആദർശങ്ങളാണ് ഇവിടെ പ്രചരിച്ചിട്ടുള്ളതു്. എനിക്കിവിടെ ഇരിക്കാൻ വയ്യ."

നെക്കോപിരൻകോവും വേറെ മൂന്നുനാലുപേരും അയാളുടെകൂടെ ഇറങ്ങിപ്പോയി. അയാളെ പിൻതുടരാൻ വേറെ ആരും മിനക്കെട്ടില്ല.

കുറച്ചുനേരത്തെ അസ്വാസ്ഥ്യത്തിന്നുശേഷം ആളുകൾക്കു മനസ്സിലായി ഇതിലിത്രമാത്രം അനാവശ്യമായി വേവലാതികൊള്ളുവാൻ ഒരു വസ്തുവും ഇല്ല എന്നു്. നിഷ്കളങ്കയായ ഒരു പെൺകുട്ടി, അസ്ഥാനത്തു് എന്തോ പറഞ്ഞു. അതു്

യഥാത്ഥമായി; അതിനെന്താണ്. ശാന്തത പുനസ്ഥാപിക്കപ്പെട്ടു. അതോടെ ഓഗ്യനോവിനോട്ടള്ള പഴയ സഹതാപവും തിരിച്ചുവന്നു. നാലുഭാഗത്തുനിന്നും സൗഹൃദത്തിൻെറ നോട്ടങ്ങൾ അയാളെ തലോടി. അയാളാണ് അന്നത്തെ കഥാനായകൻ. നല്ലവരെല്ലാം, പ്രത്യേകിച്ച് അമ്മമാരും അയാളുടെ ഭാഗത്താണ്.

പരീക്ഷ തുടന്നു, പിന്നീട്ട് അനിഷ്ടസംഭവങ്ങളൊന്നും കൂടാതെ അവസാനിക്കുകയും ചെയ്തു. കുട്ടികൾ പാട്ടുപാടി. എല്ലാവരും തികഞ്ഞ സംതൃപ്തിയോടുകൂടി സ്ഥലം വിട്ടു. ഓഗ്യനോവ് യാത്ര പറയാൻവേണ്ടി റാഡയെ സമീപിച്ചപ്പോൾ വികാരാവേശത്തോടെ അവൾ പറഞ്ഞു.

"മിസ്റ്റർ ഓഗ്യനോവ്, എനിക്കും എൻെറ ശിഷ്യകൾക്കും വേണ്ടി ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു. ഈ ദയ ഞാൻ ഒരിക്കലും മറക്കുകയില്ല." ആവേശംകൊണ്ട് അവളുടെ നേത്രങ്ങൾ പ്രകാശിച്ചു.

"ഞാനും ഒരു ടീച്ചറായിരുന്നു ശ്രീമതി. അതുകൊണ്ട് എനിക്കു നിങ്ങളുടെ സ്ഥിതി മനസ്സിലാക്കാൻ കഴിഞ്ഞു. നിങ്ങളുടെ ശിഷ്യകളുടെ വിജയത്തിൽ എൻെറ അനുമോദനങ്ങൾ." ഹസ്തദാനംചെയ്തശേഷം ഓഗ്യനോവ് സ്ഥലംവിട്ടു.

അയാൾ പോയതിൽപ്പിന്നെ തന്നോടു യാത്രപറയാൻ എത്തിയ ഒരൊററ അതിഥിയെപ്പോലും റാഡ കാണുകയുണ്ടായില്ല.

## അദ്ധ്യായം 12

# ബോയ്ചോ ഓഗ്യനോവ്

പലവിധ സംഭാഷണങ്ങൾക്കും കാരണമേകിക്കൊണ്ട് ബോയ്ചോ ഓഗ്യനോവ് പൊതുവെ പ്രത്യക്ഷനായതു് തന്റെ പുതിയ സഖാക്കളായ ആബററു്, വിക്കൻറി, സൊക്കലോവ് എന്നിവരോട്ട് ആലോചിച്ച് ഉറപ്പിച്ചിട്ടായിരുന്നു. (കെ—യിലെ ശ്മശാനത്തിനു സമീപമുള്ള റോഡിൽ വെച്ച് ഡോക്ടർ സൊക്കലോവിനു പരിചയപ്പെടുത്തുവാനായി വിക്കൻറി ആകസ്മികമായുപയോഗിച്ച ഓഗ്യനോവ് എന്ന നാമധേയംതന്നെ ക്രാലിച്ച് സ്വീകരിച്ചു.) ആദ്യമെല്ലാം ആ സുഹൃത്തുക്കൾക്കു് ക്രാലിച്ച് പൊതുരംഗത്തിറങ്ങുന്നതു് ഇഷ്ടമല്ലായിരുന്നു. പക്ഷേ, അയാൾ വളരെ എളുപ്പത്തിൽ അവരുടെ ഭയം ദൂരീകരിച്ചു. വിദൂരമായ വിധനിൽ ഒരുപക്ഷേ മാക്കോഐവനോവൊഴിച്ച ബൈലചെക്കേവിലെ നിവാസികൾ ആരും പോയിട്ടുണ്ടാവില്ല; അതുകൊണ്ട് അയാളെ അറിയാനോ അയാളെ അറിഞ്ഞാൽത്തന്നെ തിരിച്ചുപിടിക്കാനോ ആക്കും എളുപ്പമല്ല എന്നയാൾ സ്ഥാപിച്ചു. എട്ടുകൊല്ലത്തെ തടങ്ങൽജീവിതവും അതിന്റെ യാതനകളും ഏഷ്യയിലെ കാലാവസ്ഥയും അയാളെ വയസ്സനാക്കിയിരിക്കുന്നു. എന്നുമാത്രമല്ല, ആളറിയാത്തവിധത്തിൽ വ്യത്യാസപ്പെട്ടുത്തിയിട്ടുമുണ്ട്.

ഏതൊരു ആദർശത്തിനുവേണ്ടി, താൻ ഇത്രമാത്രം യാതനകളനുഭവിച്ചുവോ, നാട്ടുകടത്തലും അതിനോടനുബന്ധിച്ച കഷ്ടപ്പാടുകളും സഹിച്ചുവോ, ആ ആദർശം ആറിത്തണ

ക്കാതെ അനുനിമിഷം അയാളിൽ വളരുകയാണുണ്ടായതു്. ബൾഗേറിയയോടുള്ള ഭ്രാന്തുപിടിച്ച അയാളുടെ സ്നേഹം അയാളെ എന്തും ചെയ്യാൻ മടിയില്ലാത്ത ധീരനും ആത്മത്യാഗസന്നദ്ധനും ദേശാഭിമാനിയുമാക്കിത്തീർത്തു. സംഭവങ്ങൾ കൃത്യനിരതനാവാൻ അയാളെ പ്രേരിപ്പിച്ചു. അതെ, ബൾഗേറിയയുടെ സ്വാതന്ത്ര്യപ്രാപ്തിക്കവേണ്ടി പണിയെടുക്കുവാനാണു് അയാൾ തിരിച്ചെത്തിയിരിക്കുന്നതു്. തടവിൽനിന്നു ചാടി രക്ഷപ്പെട്ടു് ഒരു കൃത്രിമനാമധേയവുമായി ജീവിക്കുന്ന, സാമുദായികമോ ഗാർഹികമോ ആയ യാതൊരു കെട്ടുപാടുകളുമില്ലാത്ത, അനുനിമിഷവും അപകടത്തെ ഭയപ്പെടേണ്ട, ഭാവിയോ, ജീവിതാശകളോ ഇല്ലാത്ത ഓഗ്യനോവിനെപ്പോലെ ഒരാളെ, ഉറച്ച ആദശ്ധീരതമാത്രമാണു് ബൾഗേറിയയിലേക്കു മടക്കിക്കൊണ്ടുവന്നതും ഒരു ഇരട്ടക്കൊലപാതകത്തിനുശേഷം അവിടെ കഴിച്ചുകൂട്ടുവാനുള്ള ധൈര്യം കൊടുത്തതും. എന്താണു് പ്രവത്തിക്കേണ്ടതു്? എങ്ങിനെയാണു് തന്നെക്കൊണ്ടു് ഏററവും കൂടുതൽ പ്രയോജനമുണ്ടാക്കേണ്ടതു്, പരിതഃസ്ഥിതികൾ ഏതു വിധമാണു്, അയാൾക്കെന്തു ചെയ്യാൻ സാധിക്കും, തൻെറ ഉദ്ദേശം ഫലിക്കുമോ ഇതിനൊന്നും അയാൾക്കു വ്യക്തമായ ഉത്തരം ലഭിച്ചില്ല. ഭയങ്കരമായ അപകടങ്ങളും വിഘാതങ്ങളും അയാൾക്കു് അനുഭവിക്കേണ്ടിവരും, അതു നിശ്ചയമാണു്. ആദ്യത്തെ മണിക്കൂറുതൊട്ടുതന്നെ അനുഭവത്തിലാവാൻ താമസമുണ്ടായിട്ടില്ല.

ഇതുപോലെയുള്ള ധീരോദാത്തന്മാക്കു് അപകടവും കുഴപ്പങ്ങളും അവരുടെ ധിഷണാശക്തിക്കു മാററുകൂട്ടുന്ന ഉരക്കല്ലാണു്. എതിപ്പു് അവക്കു് ശക്തി നൽകുന്നു; ശിക്ഷ അവരെ ആകഷിക്കുന്നു. അപകടങ്ങൾ ആവേശം വദ്ധിപ്പിക്കുന്നു. അവർ ആഗ്രഹിക്കുന്നതു് കുഴപ്പമാണു്. ഓരോ സന്ദഭവും അവരുടെ വിദേ്വഷം ആളിക്കത്തിച്ചു് അവരെ കമ്മനിരതരാ

ക്കുന്നു. തന്നെ ചവുട്ടിമെതിച്ച കാലിന്മേൽ കടന്നുപിടിച്ചു കടിക്കുവാൻ ഒരു പുഴപോലും തലയുയർത്തുന്നു. ആത്മരക്ഷയ്ക്കു വേണ്ടി ധീരത കാണിക്കുന്നവൻ അനുമോദനാർഹനാണ്. മനുഷ്യരാശിക്കുവേണ്ടി കഷ്ടപ്പെടുന്നവർ ദൈവികരും.

ആദ്യം ഹാജിറവോഹമ്മ പരത്തിയ അപവാദം, അയാളെ അറിയേണ്ട ചിലരെയെല്ലാം അയാളിൽ നിന്നകററി നിർത്തിയിരുന്നു. പരീക്ഷക്കാലത്ത് സ്റ്റെഫ്കോവിൻെറ നീചത്വം ഉണർത്തിയ അയാളുടെ ന്യായമായ വിദ്വേഷത്തോടെ അപവാദത്തിൻെറ കുമ്പടയാൻ തുടങ്ങി. എല്ലാ ഗൃഹങ്ങളുടെ വാതിലുകളോടൊപ്പം ജനങ്ങളുടെ ഹൃദയകവാടങ്ങളും അയാളുടെനേക്കു തുറക്കപ്പെട്ടു. ആ നഗരത്തിലാകെ അയാൾ അത്യന്തം സ്വാഗതാർഹനായ ഒരു അതിഥിയായി. അവിടെയുള്ള തൻെറ താമസത്തിന് ഒരു കാരണം നൽകുവാനായി അയാൾ മാക്കോ ഐവനോവിൻേറയും മൈക്കോബിസേഡിൻേറയും ക്ഷണനം സന്തോഷപൂർവ്വം സ്വീകരിച്ച് ഒരു സ്കൂൾമാസ്റ്ററുടെ ജോലി കൈക്കൊണ്ടു. ഹെഡ്മാസ്റ്ററായ ക്ലെമൻറ് ബെൽചേവ്, ഫ്രാൻകോവ്, അകമ്പടിക്കാരനായ പപ്പോവ്, തുർക്കിഭാഷയുംകൂടി പഠിപ്പിച്ചിരുന്ന സ്റ്റീഫൻമെർഡിവൻഡിജീവ് എന്നിവരായിരുന്നു അയാളുടെ സഹപ്രവത്തകർ. ആദ്യംപറഞ്ഞയാൾ സൽസ്വഭാവിയും, ശുദ്ധാത്മാവുമായ ഒരു റഷ്യക്കാരനായിരുന്നു. എപ്പോഴെങ്കിലും ഭരണാധികാരികൾ അയാളെ കാണാൻചെന്നാൽ അയാൾ ഫോമികപാവ്, ഡെർഷാവിൻ എന്നിവരുടെ പദ്യശകലങ്ങൾ ഉരുവിട്ടും. ബായ്മാക്കോവിന് അയാൾ റഷ്യയുടെ മഹത്വത്തെപ്പററിയും ബോണോപാർട്ടിനെപ്പററിയും പ്രകീർത്തിക്കുന്നതു കേൾക്കുവാൻ വലിയ ഇഷ്ടമായിരുന്നു. മൂന്നാമത്തെ ആൾ ലവസ്കിയുടെ സ്നേഹിതനായിരുന്ന, ഉഷാറുള്ള തലതിരിഞ്ഞ ഒരു യുവാവാണ്. വിപ്ലവം, കമ്മിററി, പടയണി മുതലായവയെപ്പററിയല്ലാതെ വേറൊന്നും അയാൾ

സ്വപ്നംകൂടി കണ്ടിരുന്നില്ല. അയാൾ പുതിയ സഖാവിനെ ഹൃദയപൂർവ്വമായി സ്വാഗതംചെയ്തു, അയാളുമായി വളരെ അടുത്ത ബന്ധം പുലർത്തി. വെറുക്കത്തക്ക ജീവിവെർഡിവൻ ഡിജീവ് മാത്രമായിരുന്നു. തുർക്കിഭാഷയോടുള്ള അയാളുടെ മമതയും അവരോടുള്ള കൂറും അയാളെ വെറുക്കത്തക്കവനാക്കി. ആദ്യത്തേതു് അയാളുടെ അലസമനോഭാവത്തേയും രണ്ടാമത്തേതു് അയാളുടെ അടിമത്തമനസ്ഥിതിയേയും ദ്യോതിപ്പിച്ചു. ഒരു ശരിയായ ബൾഗേറിയക്കാരൻ തുർക്കിഭാഷയോട്ട് അമിതമായ പ്രേമം കാണിച്ചാൽ അതു തുർക്കികളോടുള്ള ബന്ധത്തേയും വേഴ്ചയേയും കുറിച്ചിരുന്നു. സ്വഭാവങ്ങളുടെ ഈ സാമ്യം സ്വാഭാവികമായും അയാളെ സ്റ്റെഫ്കോവിനോടടുപ്പിച്ചു.

അയാളുടെ കടമകൾ അനുസരിച്ചു് ഓഗ്ന്യനോവിനു പെൺകുട്ടികളേയും പഠിപ്പിക്കേണ്ടതുണ്ടായിരുന്നു. അതിനാൽ അയാൾ നിത്യവും റാഡയെ കണ്ടുപോന്നു. അനുദിനം അവളിൽ ഉന്മേഷദായകങ്ങളായ സ്വഭാവവിശേഷങ്ങൾ അയാൾ കണ്ടുപിടിച്ചു. ഒരു ദിവസം രാവിലെ അയാൾക്കു തീർച്ചയായി താൻ റാഡയിൽ അനുരക്തനായിത്തീർന്നിരിക്കുന്നു എന്നു്. അവളും രഹസ്യമായി അയാളെ പ്രേമിച്ചിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ആദ്യദിവസം തന്നെ, തന്നെ ഉദാരപൂർവ്വം അപമാനത്തിൽനിന്നു രക്ഷിച്ച ആ ധീരനോട്ട് അവൾക്കു് അളവററ കൃതജ്ഞത തോന്നിയിരുന്നു. ആദ്യം നന്ദിയായിരുന്നതു പിന്നീടു പ്രണയമായി മാറി. സഹതാപത്തിന്നും ലാളനക്കംവേണ്ടി ദാഹിച്ചുകൊണ്ടിരുന്ന ആ സാധുഹൃദയം, ആത്മാർത്ഥമായി കലവറകൂടാതെ സീമയററു ഓഗ്ന്യനോവിനെ സ്നേഹിച്ചു. തൻെറ സ്വപ്നങ്ങളുടേയും ആശയുടേയും സാക്ഷാത്ക്കാരമായി അവൾ അയാളെ കണ്ടു. ഈ ജീവൻ നൽകുന്ന വികാരത്തിൻെറ മാന്ത്രികശക്തിയിൽപെട്ടു് അവൾ മേയ്മാസത്തിലെ വികസിക്കുന്ന പനി

നീർപുഷ്പംപോലെ അനുദിനം സുന്ദരിയായിക്കൊണ്ടിരുന്നു.

സത്യസന്ധമായ ആ രണ്ടു ഹൃദയങ്ങൾക്കും പരസ്പരം മനസ്സിലാകുവാൻ അധികം സമയമോ അനിശ്ചിതാവസ്ഥയോ വേണ്ടിവന്നില്ല. ഓരോ ദിവസവും ഓഗ്യനോവ് അവളിൽനിന്നു പിരിയുന്നതു കൂടുതൽ സന്തോഷവാനും പ്രസന്നനും ആയിട്ടാണു്. മറെറ വലിയ സ്നേഹത്തിന്നരികിലായി ഈ പ്രണയവും വികസിച്ചു് അയാളുടെ ഹൃദയത്തിൽ പരിമളം ചൊരിയാൻ തുടങ്ങി. ഒന്നു കൊടുങ്കാററിനെ പ്രതീക്ഷിച്ചുനില്ക്കുന്ന ഭീമാകാരനായ ഒരു പൈൻമരമാണെങ്കിൽ മററതു സൂര്യപ്രകാശവും മഞ്ഞുതുള്ളിയും കാത്തുനില്ക്കുന്ന അരുമമായ ഒരു സുന്ദരസൂനമാണു്. ഒരേ മണ്ണിൽനിന്നു് ഉടലെടുത്തതാണീ രണ്ടു വികാരങ്ങളെങ്കിലും വ്യത്യസ്തമായ രണ്ടു തേജഃപ്രസരത്തിൽനിന്നാണു് അവ പ്രകാശമുൾക്കൊണ്ടിരുന്നതു്.

എങ്കിലും ചിലപ്പോഴെല്ലാം സന്തപ്തചിന്തകൾ ഈയക്കട്ടിപോലെ അയാളുടെ ഹൃദയത്തിന്റെ ഘനം വർദ്ധിപ്പിക്കാറുണ്ടു്. അപരിചിതമായ വിധിയുമായി താൻ കൂട്ടിയിണക്കുന്ന ഈ പരിശുദ്ധ ജീവിതത്തിന്റെ ഭാവി എന്തായിരിക്കും? താൻ എവിടേക്കാണു് അവളെ നയിക്കുന്നതു്? എന്താണു് തന്റെ ഭാവി? ഒരു പടയാളിയായ താൻ, അനുനിമിഷവും അപകടങ്ങളാലും കുഴപ്പങ്ങളാലും മാത്രം പരിസേവിതനായ താൻ—സ്നേഹത്തിന്റെ ചുടുരശ്മിയേററു വികസിക്കുവാൻ തുടങ്ങിയിട്ടുള്ള ഈ സ്നേഹനിധിയായ ബാലികയെ എന്തു ദുരന്തപൂർണ്ണമായ വഴിയിലൂടെയാണു് കൊണ്ടുപോകുന്നതു്. അവളാഗ്രഹിക്കുന്നതു്, അവൾ ആശിക്കുന്നതു് തന്റെ സ്വന്തം സൃഷ്ടിയായ ഈ നവ്യാന്തരീക്ഷത്തിൽ സുന്ദരവും പ്രശാന്തവുമായ ഒരു ഭവ്യജീവിതമാണു്. ഓഗ്യനോവിനുമാത്രം വിധി തയ്യാറാക്കിവെച്ചിരിക്കുന്ന ഭയങ്കര വൈപരീത്യങ്ങളുടെ വഴിത്താരയിലേക്കു് എന്തിനാണിവ

ളെക്കൂടി നിർബ്ബന്ധിതമായി കൊണ്ടുപോകുന്നതു്.

അയാൾക്കെല്ലാം അവളോടു തുറന്നുപറയണം. അങ്ങിനെ അന്ധകാരത്തിൻേറതായ ഒരു മറ അവളുടെ കണ്ണിൻെറ മുമ്പിൽനിന്നു വലിച്ചുനീക്കണം. തൻെറ ഭാവിയുമായി ബന്ധിക്കപ്പെടുവാൻ പോകുന്ന ഇയാൾ ഏതുതരക്കാരനാണു് എന്നവൾ അറിയണം. ആ ശുദ്ധാത്മാവിൻെറ ഹൃദയത്തിൽ ഈദൃശചിന്തകൾ അസ്വാസ്ഥ്യമുണ്ടാക്കി. മാന്യമായ ഒരു കുററസമ്മതം നടത്തി എല്ലാം തുറന്നുപറയാൻതന്നെ അയാൾ തീർച്ചയാക്കിക്കൊണ്ടു് ഒരു ദിവസം റാധയോടു സംസാരിക്കാനായി പുറപ്പെട്ടു.

അവൾ കോൺവെൻറിൽനിന്നു സ്കൂളിലുള്ള ഒരു മുറിയിലേയ്ക്കു താമസം മാററിയിരുന്നു. വിനീതമായ ഉപകരണങ്ങൾമാത്രമുള്ള ആ മുറിയുടെ ഏററവും വലിയ അലങ്കാരം അതിൻെറ സുന്ദരിയായ ഉടമസ്ഥ മാത്രമായിരുന്നു.

ഓഗ്യന്യോവ് മുറി തുറന്നു് അകത്തു കടന്നു. കണ്ണുനീരിനിടയിലൂടെ ഒരു പുഞ്ചിരിതൂകി അവളയാളെ സ്വീകരിച്ചു.

"റാധ, നീ കരയുകയായിരുന്നോ? എന്തിനാണു് ഓമനേ ഈ കണ്ണുനീർ." അവളുടെ തല തന്നോടടുപ്പിച്ചു് അയാൾ ആ ചുവന്ന കവിൾത്തടം തലോടി.

അവൾ കണ്ണുനീർ തുടച്ചുകൊണ്ടു് അകന്നുനിന്നു. അത്ഭുതത്തോടെ ഓഗ്യനോവ് ചോദിച്ചു: "എന്താണിതു്."

തേങ്ങലിന്നിടയിൽ റാധ പറഞ്ഞു: "ഹാജിറവോഹമ്മ ഇപ്പോൾത്തന്നെ ഇവിടെ വന്നിരുന്നു."

"എന്നിട്ടു് അവൾ നിന്നെ ഉപദ്രവിച്ചോ. വീണ്ടും അവളുടെ ഏകാധിപത്യം നിൻെറമേൽ വെച്ചുകെട്ടുവാൻ ശ്രമിക്കയാണോ? ഇതാ എൻെറ കവിതകൾ, നോക്കു; ആരോ അതു് ചവിട്ടിയരച്ചപോലെയുണ്ടല്ലോ, റാധ, ഒന്നു് എല്ലാം

വിശദമായിപ്പറയൂ.''

''അതുതന്നെ, ബോയ്ക്കോഹാജിമോഹമ്മയാണതു് ചവുട്ടിമെതിച്ചതു്. അവർ അതു് ആ മേശപ്പുറത്തു് ഇരിക്കുന്നതു കണ്ടു. വിപ്ലവകരമായ സാധനങ്ങൾ, അവർ അലറി. പിന്നെ താങ്കളെപ്പററി ഒരുപാട്ടു വൃത്തികെട്ട സംഗതികൾ പറഞ്ഞു. ഞാൻ എങ്ങിനെ കരയാതിരിക്കും.''

ഓഗ്യനോവ് ഗൗരവം പൂണ്ടു.

''എന്തു വൃത്തികെട്ട സംഗതികളാണു് അവക്ക് എന്നെപ്പററി പറയാനുള്ളതു്?''

''അവരെന്താണു് പറയാത്തതു്. താങ്കൾ ഒരു കള്ളനും കൊള്ളക്കാരനും രക്തക്കൊതിയനും തെമ്മാടിയുമാണെന്നു് അവർ പറഞ്ഞു. ഈശ്വരാ അവക്കു് എങ്ങിനെ ഇപ്രകാരമുള്ള ഒരു ഹൃദയമുണ്ടായി!''

കുറച്ചുനേരം ചിന്താധീനനായി റാഡയെ നോക്കിയിരുന്ന ശേഷം ഓഗ്യനോവ് തുടന്നു:

''ശ്രദ്ധിച്ചുകേൾക്കു റാഡ, നാം തമ്മിൽ പരിചയമായി എന്നല്ലാതെ നമുക്കു് പരസ്പരം നല്ലപോലെ, അല്ല നിനക്കു് എന്നെപ്പററി ശരിയായി ഒന്നുംതന്നെ അറിവില്ല. അതെൻെറ കുററമാണു്. റാഡ ഞാൻ അവർ പറഞ്ഞപോലെ ഒക്കെ ആണെന്നുവരുകിലും നീ എന്നെ സ്നേഹിക്കുമോ?'

''ഇല്ല ബോയേച്ചോ, എനിക്കു താങ്കളെ നല്ലപോലെ അറിയാം. താങ്കൾ ഏററവും മാന്യനാണു്. അതാണു് ഞാൻ അങ്ങയെ സ്നേഹിക്കുന്നതു്.'' ഒരു കൊച്ചുകുട്ടിയെപ്പോലെ അയാളുടെ കഴുത്തിൽ കെട്ടിപ്പിടിച്ചു് അവൾ സ്നേഹംനിറഞ്ഞ മനോഹരമായ കണ്ണുകൾകൊണ്ടു് അയാളെ ഉററുനോക്കി.

ഓഗ്യനോവ് സ്നേഹപൂർവ്വം അവളെ ചുംബിച്ചു. തുടന്നു പറയാൻ തുടങ്ങി.

''റാഡ എൻെറ സ്വന്തംകുട്ടി, നീ ആശിക്കുന്നതുപോ

ലെയുള്ള ഒരു മാന്യനാകണം ഞാനെങ്കിൽ, എന്നെപ്പററി നീ അറിയാത്തതെല്ലാം ഞാൻ തുറന്നുപറയണം. എൻെറ സ്നേഹത്തിനു നിന്നെ ഉപദ്രവിക്കുവാനുള്ള ശക്തിയില്ല. പക്ഷേ, എൻെറ മനസ്സാക്ഷി വേറെ ഒരു വിധമാണു് കല്പിക്കുന്നതു്. നിൻെറ ഭാവിയുമായി ബന്ധിക്കുവാൻപോകുന്ന ഞാൻ എപ്രകാരമുള്ളവനാണു് എന്നു് നീ അറിയണം. മൗനിയായിരിക്കാൻ ഇനി എനിക്കവകാശമില്ല.''

''എല്ലാം തുറന്നു പറയൂ. അതു് എനിക്കു് എന്നും ഒരുപോലെതന്നെയാണു്.'' കുറച്ചു് അസ്വസ്ഥയായി റാഡ പറഞ്ഞു.

ഓഗ്യനോവ് അവളെ ഒരിടത്തു് ഇരുത്തി അരുകിലായി ഇരിപ്പുറപ്പിച്ചു.

''റാഡ, ഹാജിറവോഹമ്മ പറഞ്ഞില്ലെ ഞാനൊരു വിപ്ലവകാരിയാണു് എന്നു്. അവക്കു് ഒന്നും അറിയില്ല. എല്ലാ നല്ല ആൾക്കാരേയും അവർ വിളിക്കുന്നതു് വിപ്ലവകാരികൾ എന്നാണു്.''

''അതുതന്നെ ബോയ്ക്കോ, അവർ വളരെ ചീത്ത സ്ത്രീയാണു്.'' റാഡ ധൃതിയിൽ പറഞ്ഞു.

''പക്ഷേ റാഡ, ഞാൻ യഥാർത്ഥത്തിൽ ഒരു വിപ്ലവകാരിയാണു്.''

റാഡ അത്ഭുതത്തോടെ അയാളെ നോക്കി.

''അതെ റാഡ, വാക്കിൽമാത്രമല്ല, തികച്ചും ഞാൻ ഒരു വിപ്ലവകാരിയാണു്. ഒരു പ്രക്ഷോഭമുണ്ടാക്കാൻ ഒരുങ്ങുകയാണു് ഞാൻ.''

കുറച്ചുനേരം അയാൾ മിണ്ടാതിരുന്നു. അവളും നിശ്ശബ്ദയായിരുന്നു.

''ഞങ്ങൾ ഈ വസന്തകാലത്തു് ഒരു ബഹുജനപ്ര

ക്ഷോഭണം സംഘടിപ്പിക്കാൻ ഉദ്ദേശിക്കയാണു്, അതിനാണു് ഞാനീപട്ടണത്തിൽ വന്നിരിക്കുന്നതു്.''

റാഡ മൗനമവലംബിച്ചിരുന്നു.

''റാഡ, അതാണെൻെറ ഭാവി. അനിശ്ചിതവും അപകടപരിപൂർണ്ണവുമായ എൻെറ ഭാവി.''

അത്ഭുതത്തോടെ അയാളെ മിഴിച്ചുനോക്കുകയല്ലാതെ റാഡ ഒരക്ഷരം ശബ്ദിച്ചില്ല. ഈ നിശ്ചലത നിറഞ്ഞ നിശ്ശബ്ദതയിൽ ഓഗ്യനോവ് തൻെറ വിധി തീച്ച്പ്പെടുത്തി. തൻെറ ഓരോ വാക്കു കേൾക്കുമ്പോൾ ഈ പെൺകുട്ടിക്കു തന്നോടുള്ള സ്നേഹം നേരിയ വായുവിൽ അലിയുകയാണു്. ശക്തി സംഭരിച്ചു് അയാൾ തൻെറ കുററസമ്മതം തുടൎന്നു:

''ഇതാണെൻെറ ഭാവി. ഇനി ഞാൻ എൻെറ കഴിഞ്ഞകാലത്തെപ്പററി പറയട്ടെ.''

റാഡ തൻെറ വിഷമംനിറഞ്ഞ നയനങ്ങൾ അയാളുടെ മുഖത്തുനിന്നു മാററിയില്ല.

''അതു് ഇതിലും ഇരുളടഞ്ഞതാണു്. ഇത്രമാത്രം അപകടപൂർണ്ണമല്ല, എങ്കിലും. രാഷ്ട്രീയമായ കുററങ്ങൾക്കുവേണ്ടി എട്ടുകൊല്ലക്കാലമായി എന്നെ ഏഷ്യയിലേയ്ക്കു നാടുകടത്തിയിരിക്കയായിരുന്നു എന്നു നീ മനസ്സിലാക്കണം. അതേ കുട്ടി ഞാൻ ഡയർബിീക്കർകോട്ടയിൽനിന്നു തടവുചാടിപോന്നവനാണു്.''

റാഡ ഇടിവെട്ടുകൊണ്ടതുപോലെ തരിച്ചിരുന്നു.

''റാഡ, ഇതും ആ കന്യാസ്ത്രീ പറഞ്ഞുവോ?''

''എനിക്കറിയില്ല'' അവൾ വിരസമായി പറഞ്ഞു.

ഒരു നിമിഷനേരത്തേയ്ക്കു സന്തപ്തചിന്തയിൽ ലയിച്ചിരുന്നശേഷം ഓഗ്യനോവ് കഥ തുടൎന്നു:

''അവർ എന്നെ രക്തദാഹിയായ തെമ്മാടിയെന്നും

ഘാതകനെന്നും വഞ്ചിച്ചില്ലേ? റാധ, അതും അവൾക്ക് ശരിക്കറിയാൻ വയ്യ. കുറച്ചുകാലംമുമ്പ് അവർ എന്നെ ഒരു ചാരനായി വിചാരിച്ചിരുന്നു. പക്ഷേ, കേൾക്കൂ, റാധ.''

ഈ സമയത്ത് എന്തോ ഭയങ്കരമായ ഒരു സംഗതിയാണ് താൻ കേൾക്കാൻപോകുന്നത് എന്നു മനസ്സിലാക്കിയ റാധ ആകെ വിളർത്തുപോയി.

''ശ്രദ്ധിക്കൂ, ഞാൻ രണ്ടു് ആളുകളെ കൊന്നിട്ടുണ്ടു്. അതും വളരെക്കാലം മുമ്പൊന്നുമല്ല.''

റാധ തന്നെത്താനറിയാതെ നീങ്ങിയിരുന്നു. ഓഗ്യനോവിന് അവളുടെ മുഖത്തേയ്ക്കു നോക്കുവാനുള്ള ധൈര്യമുണ്ടായില്ല. ഇരുമ്പുപാരകൊണ്ടു് ആരോ തന്റെ ഹൃദയം പിളക്കുന്നതുപോലെ അയാൾക്കനുഭവപ്പെട്ടു.

''അതെ, ഞാൻ രണ്ടു തുക്കികളെ കൊന്നു; ഒരീച്ചയെപ്പോലും ഉപദ്രവിക്കാത്ത എനിക്കതു ചെയ്യേണ്ടിവന്നു. അവർ എന്റെ കൺമുമ്പിൽവെച്ച് ഒരു കൊച്ചുബാലികയെ മാനഭംഗപ്പെടുത്തുവാൻ ഒരുങ്ങുകയായിരുന്നു. അതെ, എന്റെ മുമ്പിൽവെച്ച്, ബന്ധിക്കപ്പെട്ടിരുന്ന അവളുടെ പിതാവിന്റെ കൺമുമ്പിൽവെച്ച്. അതെ ഞാൻ രക്തക്കൊതിയനായ ഒരു തെമ്മാടിയാണ്. ഇനിയും ഡയാർബെക്കർ എന്നെ ആവശ്യപ്പെട്ടേക്കും; അല്ലെങ്കിൽ കൊലമരം.''

''പറയൂ, പറയൂ.'' അവൾ ബോധശൂന്യയെന്നപോലെ ശബ്ദമുയർത്തി.

''ഞാനെല്ലാം തുറന്നുപറഞ്ഞുകഴിഞ്ഞു. ഇന്നു നിനക്ക് എന്നെപ്പററി എല്ലാം അറിയാം.'' അയാൾ വിറയാന്ന ഭാഷയിൽ പറഞ്ഞു. അവൾ പറയുവാനുദ്ദേശിച്ചിരുന്ന ആ ഭയങ്കരവിധിനിർണ്ണായകമായ വാചകം കേൾക്കാൻ അയാൾ കാത്തുനിന്നു.

റാഡ അവളുടെ കരപത്മങ്ങൾ അയാളുടെ കഴുത്തിൽ ചുററി.

"അങ്ങു് എൻേറതാണു്. ഏററവും ഉന്നതമായ ഒരു ഹൃദയമാണു് അങ്ങയുടേതു്. അങ്ങു് എൻെറ ദേവനാണു്, എൻെറ രാജകുമാരൻ."

സന്തോഷംകൊണ്ടും സ്നേഹംകൊണ്ടും വിങ്ങിപ്പൊട്ടുന്ന ആ രണ്ടാത്മാക്കൾ ഒരു ഗാഢാശ്ലേഷത്തിൽ ഒന്നിച്ചു.

# അദ്ധ്യായം 13

## ആ ലഘുലേഖ

പുറത്തു് കനത്ത പാദപതനം കേൾക്കാറായി. നടന്നു വന്നിരുന്ന ആ മനുഷ്യൻ വളരെ ധൃതിപ്പെട്ട കനത്ത കാലടികൾ വെച്ചിരുന്നതിനാൽ ആ മരംകൊണ്ടുള്ള പുര ആകെ കിലുങ്ങുന്നുണ്ടായിരുന്നു. ഇതു് ആ കാമിനീകാമുകന്മാരുടെ ആശ്ലേഷത്തിനു ഭംഗം വരുത്തി.

ബോയ്ചോ തലയുയർത്തി ശ്രദ്ധിച്ചുനോക്കി പ്രസ്താവിച്ചു.

"ഈ കൊട്ടങ്കാററു് നമ്മുടെ ഡോക്ടറായിരിക്കണം."

റാഡ ജനവാതിൽക്കൽപോയി, വികാരത്തെ അമർത്താൻ തൻെറ മുഖം ജനൽപ്പടിയിന്മേൽ ചേർത്തുവെച്ചു.

പതിവുള്ളപോലെ ധൃതിയിൽ ഡോക്ടർ അകത്തേയ്ക്കു കടന്നു. എന്തോ ഒരു ലഘുലേഖ ഓഗ്യനോവിൻെറ കൈയിൽവെച്ചുകൊണ്ടു ഡോക്ടർ പറഞ്ഞു: "ഇതു വായിച്ചുനോക്കു, ഇതു പുതിയതാണു്, നിങ്ങളെ യാത്രയാക്കത്തക്കവിധം പുതുമയുള്ളതു്. ഇതെഴുതിയ സുവർണ്ണഹസ്തങ്ങളെ എനിക്കു ചുംബിക്കുവാൻ തോന്നുന്നു.

ഓഗ്യനോവ് ആ ലഘുപത്രിക നിവർത്തിനോക്കി. അതു റുമേനിയക്കാരായ അഭയാർത്ഥികൾ പരസ്യപ്പെടുത്തിയതായിരുന്നു. സാധാരണ ഇതുപോലെയുള്ള എഴുത്തുകളിൽ കാണുന്നമാതിരി ഇതിലും പല പ്രാവശ്യമായി ഉപയോഗിച്ചു പഴകിയ ദേശാഭിമാനോജ്ജ്വലമായ വാക്കുകളും, നിരാ

ശയടഞ്ഞ പ്രതീക്ഷകളും, തുക്കികളോടുള്ള ശാപവചസ്സുകളും അടങ്ങിയിരുന്നു. ഏതെങ്കിലും ഒരു പുതിയ വാർത്ത കേൾക്കുവാൻ അതിരററു് ആഗ്രഹിച്ചുകൊണ്ടിരുന്ന ബൽഗേറിയൻ ജനതയിൽ ഇതുപോലെയുള്ള കടലാസ്സുകൾ ആവേശം വളർത്തിയിരുന്നു. ശോചനീയമായി കീറിപ്പറഞ്ഞ ആ കടലാസ്സുകളുടെ അവസ്ഥ, അതൊരു നൂറുകൈകളിൽക്കൂടി കടന്നുപോന്നു് ഒരായിരം പേർക്കു് ആവേശം പകർന്നുകൊടുത്തിട്ടുണ്ടു് എന്ന വസ്തുത വെളിവാക്കിയിരുന്നു. നിരന്തരമായ കൈപ്പെരുമാററംകൊണ്ടു് കടലാസ്സുകൾ കൊഴിഞ്ഞുപോകാറായിരിക്കുന്നു.

ഇതു വായിച്ചു വായിച്ചു് സൊക്കലോവ് ഏതാണ്ടു് ഉന്മത്തനായിത്തീർന്നിരിക്കയാണു്. സാഹിത്യം കുറേക്കൂടി നല്ലതാകാമെന്ന ഒരു അഭിപ്രായമുണ്ടായിരുന്നുവെന്നാലും ഓഗ്യനോവിനും ഇതു സാമാന്യത്തിലധികം സന്തോഷം നല്കി. അയാൾക്കു് അതിലെ വാക്കുകളിൽനിന്നു നേത്രങ്ങൾ പറിച്ചെടുക്കുവാൻ തോന്നിയില്ല. ഡോക്ടർ അസൂയയോടെ കുറെ നേരം അയാളെ നോക്കിനിന്നശേഷം ക്ഷമയററു് ആ കടലാസ്സു് ഓഗ്യനോവിന്റെ കൈയിൽനിന്നും തട്ടിപ്പറിച്ചു.

“അതു് ഇങ്ങോട്ടു തരു. ഞാൻ വായിച്ചുതരാം.” എന്നു പറഞ്ഞു് കൂടുതൽ ആവേശത്തോടെ അതു് ഉറക്കെ ഉറക്കെ വായിക്കാൻ തുടങ്ങി. വായിക്കുന്ന സമയത്തു വലത്തുകൈ കൂടെക്കൂടെ വീശി; ഓരോ നല്ല വാചകങ്ങൾ വായിക്കുമ്പോഴും കാലുകൊണ്ടു നിലത്തു താളം ചവുട്ടി, തീ ചിതറുന്ന നോട്ടങ്ങൾ ഡോക്ടർ റാഡയുടേയും ഓഗ്യനോവിന്റേയും നേർക്കു് അയക്കുന്നുണ്ടായിരുന്നു. റാഡയുടെ ഹൃദയത്തിൽ കുറച്ചുമുമ്പു സ്ഥലം പിടിച്ചിരുന്ന മധുരസ്മരണകൾ ഡോക്ടറുടെ സമരാവേശത്തിന്നു സ്ഥലം മാറിക്കൊടുത്തു. ആ മുറിയിൽമാത്രമല്ല, ആ കെട്ടിടത്തിൽ മുഴുവനുംതന്നെ ഡോക്ടറുടെ ഇടിവെട്ടുപോലുള്ള ശബ്ദം മുഴങ്ങുന്നുണ്ടായിരുന്നു. ആ

ലംഘ്യലേഖ സാമാന്യം മുഴുവനും വായിച്ച്, അതവസാനിക്കു
ന്ന നീണ്ടകവിതയുടെ അടുത്തെത്തിയപ്പോൾ ഡോക്ടർ മുഖ
മുയർത്തി. അദ്ദേഹത്തിൻെറ നെററിയിൽ വിയർപ്പുതുള്ളി
കൾ നിറഞ്ഞിരുന്നു, ശബ്ദം പതറിയിരുന്നു.

"വളരെ ചൂടുള്ള സാധനം സഹോദരാ, ഇതാ വായി
ച്ചുനോക്കു. ഞാൻ ക്ഷീണിച്ചുപോയി. അല്ല, എനിക്കുതന്നെ
തരു. താൻ കവിത വായിക്കുന്നതു്, ഫാദർ സ്റ്റ്വാർവി പ്രാ
ർത്ഥന ചൊല്ലുന്നതുപോലെയാണു്. അതിനെപ്പററിയുള്ള എ
ൻെറ അഭിപ്രായം താൻ നശിപ്പിക്കും, റാഡ, ഇതൊന്നു വാ
യിക്കൂ."

"ശരി, റാഡ, നിനക്കു നല്ലപോലെ കവിത ചൊല്ലുവാ
നറിയാം." ഓഗസ്യനോവും പ്രേരിപ്പിച്ചു.

ആ യുവതി അതു സാവധാനം വായിക്കുവാൻ തുടങ്ങി.

പത്രികയിലെ ഗദ്യഭാഗംപോലെതന്നെ പദ്യശകല
ത്തിലും, ഭാവനാരാഹിത്യത്തോടൊപ്പം വ്യസനവും അതിശ
യോക്തികളും നിറഞ്ഞിരുന്നു. പക്ഷേ റാഡ അതു തികച്ചും
മനസ്സിലാക്കി സാമർത്ഥ്യത്തോടുകൂടി വായിച്ചു. അവളുടെ
കിലുങ്ങുന്ന മധുരസ്വരം ഓരോ പദത്തിനും പുതിയതായ
ഒരു ശക്തിയും വ്യാപ്തിയും നൽകി.

ഡോക്ടർ ഓരോ വാക്കും വിഴുങ്ങി കാലിൻെറ മടമ്പു
കൾ നിലത്തിട്ടടിച്ചുകൊണ്ടിരുന്നു. ഏററവും രസകരമായ
ഭാഗം വന്നപ്പോൾ, യാതൊരു മുന്നറിയിപ്പുംകൂടാതെ, കെട്ടി
ടംസൂക്ഷിപ്പുകാരൻെറ വൃദ്ധയായ ഭാര്യ വാതിൽതുറന്നു് അക
ത്തുപ്രവേശിച്ചു.

"നിങ്ങൾ എന്നെ വിളിച്ചുവോ?" അവൾ ആരാഞ്ഞു.

ഡോക്ടർ അവരെ ഭയങ്കരമായി നോക്കി, ഒരൊററ അ
ക്ഷരംപോലും മിണ്ടാതെ പതുക്കെ പിടിച്ചു പുറത്താക്കി,
വാതിൽ ചവിട്ടിയടച്ചു സാക്ഷയിട്ടു. താഴെ താമസിക്കുന്ന

നിർഭാഗ്യവതിയായ ആ വൃദ്ധ യാതൊന്നും മനസ്സിലാകാതെ അവിടെനിന്നുപോയി. അവരുടെ പേരക്കിടാങ്ങളോട്ട നിശ്ശബ്ദരായിരിക്കണം, അവിടെ സ്കൂൾ മിസ്റ്റ്റസ്സ് ഡോക്ടർക്കും ടീച്ചർക്കും എന്തോ പാഠമെട്ടക്കുകയാണ് എന്നു പറഞ്ഞേല്പിച്ചു.

വാതിൽക്കൽ വീണ്ടും മുട്ടു കേട്ടപ്പോൾ ഡോക്ടർ നിരാശനായി അലറി; "ആരാണവിടെ? ആരായാലും ഞാൻ അയാളെ പിടിച്ചു ജനലിലൂടെ പുറത്തേയ്ക്കു തള്ളും." ഡോക്ടർ എഴുന്നേററുപോയി വാതിൽ തുറന്നു.

ഒരു ചെറിയ കുട്ടി കയ്യിൽ ഒരെഴുത്തുമായി അകത്തു കടന്നു.

"അതാക്കാണ്." ഡോക്ടർ ദേഷ്യപ്പെട്ടു ചോദിച്ചു. ആ പെൺകുട്ടി റാഡയുടെ സമീപംപോയി അവളുടെ കൈയിൽ ആ എഴുത്തുകൊടുത്തു. അപരിചിതമായ കൈപ്പടയിലെഴുതിയിട്ടുള്ള ആ മേൽവിലാസം സൂക്ഷിച്ചുനോക്കി അവൾ അത്ഭുതത്തോടെ എഴുത്തു തുറന്നു വായിച്ചു. ബോയ്ക്കോവും അത്ഭുതപ്പെട്ടുകൊണ്ടു് അവളെ സൂക്ഷിച്ചുനോക്കി നിലയായി. റാഡ അമ്പരപ്പോടെ അതു മുഴവൻ വായിച്ചുനോക്കി, ഒടുവിൽ ചിരിച്ചുതുടങ്ങി.

"എന്താണതു്?" ഓഗ്യനോവ് ചോദിച്ചു.

"ഒരെഴുത്തു്, ഇതാ വായിച്ചുനോക്കൂ."

ബോയ്ചോ അതു വായിച്ചു.

മെർഡെൻജിഡീവിൽനിന്നുള്ള ഒരു പ്രണയലേഖനമായിരുന്നു അതു്.

അയാൾ ഉറക്കെ ചിരിച്ചുതുടങ്ങി.

ഹൊ മെർഡെൻജിഡീവ്, അപ്പോൾ അയാളാണ് എൻെറ എതിരാളി, ഭയങ്കര വൈരി, അല്ലെ റാഡ. അത്ഭുതമാണ്, ആ കഴുതയ്ക്കു് ഇങ്ങിനെ ഒരെഴുത്തു സൃഷ്ടിക്കുവാൻ

സാധിച്ചതു്. നമുക്കാലേഖനപുസ്തകം ഒന്നു നോക്കണം. ഇതു് ഒപ്പിച്ചെടുക്കുവാൻ അയാൾ എത്ര സ്ഥലത്തുനിന്നു വാചകങ്ങളും വാക്കുകളും തപ്പിയെടുത്തിട്ടുണ്ടു് എന്നു് അറിയാമല്ലൊ.

ചിരിച്ചുകൊണ്ടു് റാഡ ആ എഴുത്തു് ചീന്തിക്കളഞ്ഞു.

"എന്തിനാണതു കീറിയതു്. അതിന്നൊരു മറുപടി അയക്കണം." സൊക്കലോവ് പറഞ്ഞു.

"ഞാൻ എങ്ങിനെ എഴുതാനാണു്."

"എഴുതു, എൻെറ മധുരസ്വരമിയലുന്ന പൂങ്കുയിലേ, ഓ സംഗിതരസികേ, ലളിതഹൃദയേ; ഇന്നു് ആറുമണിക്കു ഞാൻ ബഹുമാനിതനായി." തൻെറ വാച്ചുനോക്കി സൊക്കലോവ് തുടന്നു ബോയ്ക്കോവിനോടായി പറഞ്ഞു: "അവനൊരു കള്ളനല്ലെ എന്നു നോക്കു. ആ വൃത്തികെട്ട അറയ്ക്കുന്ന ഇടവാടുകാരനെ കണ്ടോ, അയാൾ ഒരു ചാരനാണോ, സ്കൂളിൽപോകുമ്പോൾ നാളെ അയാളുടെ മുഖത്തു് കാക്കിച്ചതുപ്പണം. ഞാനാണെങ്കിൽ അയാളുടെ ചെവിപിടിച്ചു തിരുമ്മിയേനെ."

"ഒരു കഴുത. അവൻ എങ്ങിനെയെങ്കിലും ആകട്ടെ."

"ഹെയ് ഈവക കള്ളന്മാരെ വെറുതെവിടരുതു്; അവരെ ശിക്ഷിക്കതന്നെ വേണം. ശരി, അക്കാര്യം എനിക്കു വിട്ടുതരു.'' ഡോക്ടർ ഭയപ്പെട്ടുന്നപോലെ പറഞ്ഞു.

"ഇതൊക്കെ വെറുതെവിടുകയാണു് നല്ലതു്. ചളികെട്ടിക്കിടക്കുന്ന സ്ഥലത്തു് കല്ലെറിഞ്ഞാൽ തീച്ചയായും കുറച്ചെങ്കിലും നിങ്ങളുടെ മേൽ തെറിക്കാതെയിരിക്കയില്ല. അല്ല നിൽക്കു."

പെട്ടെന്നു തൻെറ ചിന്താമണ്ഡലത്തിൽ ഉദിച്ച ഒരോമ്മയെ അവിടെ നിത്തുവാനെന്നപോലെ ഡോക്ടർ തൻെറ നെററി തലോടി.

“എന്താത്.”

“ഒരുകാര്യം, ഒരു നിമിഷംനില്ല.” ഡോക്ടർ ഉറക്കെ ചിരിച്ചു.

ഓഗ്യനോവ് ചോദ്യരൂപത്തിൽ ഡോക്ടരെ നോക്കി.

“ഒന്നുമില്ല, ഒന്നുമില്ല, ഞാൻ പോകട്ടെ. നാളെ സില സ്ട്രയോലൃവിൻെറ കാര്യം മറക്കരുതേ.”

“എന്താണ് വീണ്ടും. എന്തൊരു നിർബ്ബന്ധബുദ്ധിയാണ് നിങ്ങൾ.”

“പിന്നെ കാണാം, ഗുഡ്ബൈ.”

വീട്ടിൽപോയി സ്ത്രീയുടെ കൈപ്പട അനുസരിച്ചുകൊണ്ടു് ഡോക്ടർ താഴെ പറയുംപ്രകാരം മെർഡെൻജിഡീവിന് എഴുതി.

“വളരെ നന്ദി. എഴുത്തുകുത്തിന്ന് എനിക്കു വളരെ ബുദ്ധിമുട്ടാണ്. ഇന്നു രാത്രി ഞാൻ നിങ്ങളെ 'യാക്കിമിച്ച്' മുത്തശ്ശിയുടെ തോട്ടത്തിൽ കാത്തിരിക്കും. വേലിയുടെ വാതിൽ തുറന്നിരിക്കും. ഓ ഓ.” —“എന്നെ അറിയുമല്ലോ.” 1875 സെപ്തംബർ 28—ാംനു.

കൂടിക്കാഴ്ചസ്ഥലത്തു് മെർഡൻജിഡീവ് കൃത്യസമയത്തു് എത്തി. റാഡസ്ക്കുവകരം ഭയങ്കരമായ അലച്ചയോട്ടുകൂടി അയാളെ എതിരേററതു ക്ലിയോപാട്രയായിരുന്നു. ഡോക്ടർ തൻെറ വീട്ടിന്നടുക്കെയുള്ള ആ തോട്ടത്തിലെ ഇരുളടഞ്ഞ ഒരു മൂലയിൽ ആരും കാണാതെ അവളെ കൊണ്ടുപോയി കെട്ടിയിരുന്നു.

## അദ്ധ്യായം 14

# സിലിസ്സ്യോല്യ

സംന്യാസാശ്രമതാഴ്‌വരയിൽ നദിക്കരികെയുള്ള പച്ചപുതച്ച ഒരു മൈതാനമാണ് സിലിസ്സ്യോല്യ; അഥവാ സിലിസ്സ്യയിലേക്കുള്ള വഴി. അതിനു ചുററും ശാഖോപശാഖകളോടുകൂടിയ വില്ലോമരങ്ങളും, ഉയൎന്ന വാൽനട്ട്, ഫേം എന്നീ തരുക്കളും നിബിഡമായി വളൎന്നുനിന്നിരുന്നു. ഹേമന്തകാലമായെങ്കിലും, തണൽ കാരണം ഇന്നും അതിൻെറ മനോഹരമായ ഹരിതവൎണ്ണം നശിച്ചിരുന്നില്ല, നിതാന്തവസന്തം അനുഗ്രഹിച്ചിരുന്ന കാലിപ്സോദ്വീപുപോലെ. ഇലപ്പഴുതിൽക്കൂടി നോക്കിയാൽ ഇതിൻെറ വടക്കുഭാഗത്തായി സ്റ്റാറപ്ലാനിനയുടെ ഉയൎന്ന രണ്ടു കൊടുമുടികൾ—ക്രൂക്കം, നീഡിൽപൈക്കം—തെളിഞ്ഞുകാണാം. ഈ കൊടുമുടികൾക്കു മദ്ധ്യേ തള്ളിനില്ക്കുന്ന പാറക്കൂട്ടങ്ങളും ഗുഹാമുഖങ്ങളുമാണ്. ഇതിൻെറ താഴ്‌വരയിലൂടെയാണ് നദിയുടെ ഗതി. തണുത്ത മലയമാരുതൻ വൃക്ഷശിഖരങ്ങളെ പിടിച്ചുകുലുക്കുന്നുണ്ടായിരുന്നു. മലയുടെ വാസന അവിടെയെങ്ങും വിദൂരമായ ഒരു ജലപാതത്തിൻെറ നിനദത്തോടൊപ്പം തങ്ങിനിന്നു. നദിയുടെ അക്കരെ ജലനികേതനങ്ങൾ ചാൽകീറിയ വെളുത്തുയൎന്ന കൊടുമുടികളാണ്. സൂൎയ്യൻ മദ്ധ്യരേഖയിലെത്താറായി. ഇലപ്പഴുതിലൂടെ, വിറയ്ക്കുന്ന സുവൎണ്ണനാണയങ്ങൾപോലെ അരുണകിരണങ്ങൾ ഭൂമിയിൽ പതിച്ചിരുന്നു. കവിത തുളുമ്പുന്ന ഈ സ്ഥലത്തു സുഖദമായ ഒരു കുളുൎമ്മയും ഉന്മേഷവും കതിരണിഞ്ഞുനിന്നു. സത്യവുമായി യാതൊരു

പൊരുത്തവുമില്ലാത്തതായിരുന്നു അതിൻെറ നാമധേയം. സ്റ്റാറപ്ലാനിനയെ തഴുകിനിന്നിരുന്ന ഈ ഏകാന്തസ്ഥലത്തുകൂടി സിലിസ്റ്റയിലേക്ക പോയിട്ട ലോകത്തിൻെറ യാതൊരു കോണിലേക്കും ഒരു മാൎഗ്ഗമുണ്ടായിരുന്നില്ല. ഭൂമിശാസ്ത്രപരമായ കിടപ്പല്ല, ചരിത്രസംബന്ധമായ മറെറാരു കാരണമാണ് ഈ സ്ഥലത്തിനു് ഈ പേർ നൽകിയതു്. ഇപ്രദേശത്തിൻെറ ഏകാന്തതയും, മനോഹാരിതയും, കുളൎമ്മയും മൂലം പലേ വിനോദങ്ങൾക്കും വളരെക്കാലമായി ഇതു് ഒരു രംഗവേദിയായിരുന്നു. പിടിപ്പില്ലാത്ത അനവധി കച്ചവടക്കാർ ഇവിടംകൊണ്ടു നശിച്ചിട്ടുണ്ടു്, അനവധി ഭൂവുടമസ്ഥർ അതെല്ലാം കളഞ്ഞുകുളിച്ചിട്ടുണ്ടു്; പിന്നീടു് അവർ ആശ്രയിക്കുന്നതും ഈ പ്രദേശത്തെയാണു്. ഇതിൻെറ ഏകാന്തതയും ഫലപുഷ്ടിയും അനേകംപേക്ക ജോലിയും ജീവസന്ധാരണമാൎഗ്ഗവും വിത്തവും സമ്മാനിച്ചിട്ടുണ്ടു്. ആദ്യം അവിടെ എത്തിയ ജേസൺ സഹോദരന്മാരെ അനുഗ്രഹിച്ച വിജയം, സൎവ്വവും നശിച്ചുപോയ മററു പലരേയും ഈ സ്ഥലത്തേക്ക് ആകൎഷിച്ചിട്ടുണ്ടു്.

ഇന്നു സിലിസ്റ്റയിലും ചുററുമുള്ള ഗ്രാമങ്ങളിലും ബൈലാചെർക്കേവിൽനിന്നു കുടിയേറിപ്പാൎത്തിട്ടുള്ളവർ ധാരാളമുണ്ടു്. അവരാണു് അവിടത്തെ സംസ്കാരത്തിൻെറ പ്രണേതാക്കൾ. മററു പലതിൻേറയും കൂട്ടത്തിൽ പത്തു പുരോഹിതന്മാരേയും ഇരുപത്തിരണ്ടു ടീച്ചർമാരേയും അവരീസ്ഥലത്തേക്ക സമ്മാനിച്ചിട്ടുണ്ടു്. എന്തുതന്നെ പറഞ്ഞാലും സിലിസ്റ്റയിലേക്കുള്ള ഏററവും സുഗമമായ മാൎഗ്ഗം ബൈലാചെർക്കേവക്കാരെ സംബന്ധിച്ചിടത്തോളം ഇതുതന്നെയാണു്. ചീത്ത സംഭവപരമ്പരകൾ ഉണ്ടായിട്ടും ഇന്നും സിലിസ്റ്റയോലുവിൻെറ നാമധേയം പ്രസിദ്ധിയാൎജ്ജിച്ചിരുന്നു. വിനോദസംഘക്കാരേയും, സദ്യ കഴിക്കുന്നതിൽ തല്പരരേയും ഇതു് ആകൎഷിച്ചുവന്നു, അത്തരക്കാർതന്നെ നിരവധിയു

ണ്ടായിരുന്നു. അടിച്ചമർത്തലിനു നിരവധി ദോഷഭാഗങ്ങളുണ്ടെങ്കിലും ഒരു ഗുണമുണ്ട്; അതു മനുഷ്യരെ വിനോദലാലസരാക്കുന്നു. രാഷ്ട്രീയവും മതപരവുമായ രംഗങ്ങളെല്ലാം താക്കോലിന്നധീനതയിലെത്തുമ്പോൾ, പണസമ്പാദനത്തിന്റെ വ്യഗ്രത മങ്ങിമറയുമ്പോൾ, ഉന്നതങ്ങളായ ആശകൾക്കു വികസിക്കുവാനുള്ള പരിതസ്ഥിതികൾ ഇല്ലാതാവുമ്പോൾ, സമുദായം അതിന്റെ നിറഞ്ഞുനില്ക്കുന്ന ശക്തിക്ഷയിപ്പിക്കുന്നതു് അന്യോന്യമുള്ള നക്കാപിച്ച തമ്മിത്തല്ലുകളിലും, കുടിപ്പകകളിലും വ്യാപൃതമായിട്ടാണു്. ഏകാന്തതയും ഏകാഗ്രതയും അവക്കു് ആശ്വാസം നൽകുന്നു. കളനാദം പൊഴിച്ചുകൊണ്ടു് ഒഴുകുന്ന സ്ഫാടികനിർമ്മലമായ നദിക്കരയിൽ പന്തലിച്ചുനില്ക്കുന്ന വില്ലോമരങ്ങളുടെ ശീതളച്ഛായയിൽ ഇരുന്നു് ഒരു കുപ്പി വീഞ്ഞു കഴിച്ചാൽ അവൻ ദുരിതങ്ങളൊക്കെ മറക്കും. നീലനിർമ്മലമായ ആകാശം കാണാവുന്ന ശാഖോപശാഖങ്ങളുള്ള മരത്തണലിൽ ഇരുന്നു സ്വാദിഷ്ടമായ ആഹാരം കഴിക്കുന്നതുകൊണ്ടു സ്വർഗ്ഗം കരഗതമായ ഒരു സുഖം ലഭിക്കുന്നു. പാട്ടുകാരും കൂടെ ഉണ്ടെങ്കിൽ നിർവൃതിയായി. അടിമകൾക്കു തങ്ങളെ ജീവിതവുമായി ബന്ധിക്കുവാൻ പോന്ന സ്വന്തം തത്വസംഹിതകളുണ്ടു്. പുനരുദ്ധരിക്കാൻ കഴിയാത്തവിധത്തിൽ നശിച്ച ഒരു മനുഷ്യൻ ഒരു വെടിയുണ്ടകൊണ്ടോ, കയർ കുടുക്കുകൊണ്ടോ ആശ്വാസം കണ്ടെത്താൻ ശ്രമിക്കുന്നു. പക്ഷേ എത്ര ശോചനീയമാണു് അടിമത്തമെങ്കിലും ആരും ആത്മഹത്യക്കു മുതിരുന്നില്ല. അവർ തിന്നു കളിച്ചു വളൎന്നു് സന്താനങ്ങളെ ഉൽപാദിപ്പിക്കുന്നു. നാടോടിപ്പാട്ടുകളെ നോക്കു, എത്ര ശാലീനമായവിധത്തിൽ അതിൽ ജനങ്ങളുടെ അഭിലാഷങ്ങളേയും, ആശകളേയും, ആത്മാവിനേയും വൎണ്ണിച്ചിരിക്കുന്നു. അവിടെ അഴിമതികളുടേയും ദുരിതങ്ങളുടേയും നീണ്ട ചങ്ങലകളുടേയും ഇരുളടഞ്ഞ തുറുങ്കുകളുടേയും

കൂടെ നാം കാണുന്നതു് എന്താണു്, ചുവന്ന വീഞ്ഞു്, പൊരിച്ച തടിയനാട്ട്, നല്ല തീ പറക്കുന്ന ബ്രാണ്ടി, ഉന്മേഷദായകങ്ങളായ കല്യാണമഹോത്സവങ്ങൾ, ഹരിതവൎണ്ണമിയന്ന കാനനച്ഛായകൾ, നൃത്യനൃത്തങ്ങൾ, കവിതയുടെ സമുദ്രം ഇരമ്പുന്ന മററു നൂറുകൂട്ടം സാമഗ്രികളും.

ഡോക്ടരും ഓഗ്യനോവും എത്തുമ്പോഴേക്കും സിലിസ്ത്രയോല്യ വിനോദസംഘക്കാരുടെ സംഭാഷണങ്ങൾകൊണ്ടു മുഖരിതമായിക്കഴിഞ്ഞിരുന്നു. ബാക്കിയുള്ളവരുടെ കൂട്ടത്തിൽ വിദ്യാസമ്പന്നനും ബുദ്ധിമാനുമായ ചെറുപ്പക്കാരൻ 'നിക്കലൊ നെഡ്ക്കോവിച്ച്,' റഷ്യൻ സൎവ്വകലാശാലയിലെ ഒരു വിദ്യാൎത്ഥിയായ 'കാൻഡോവ്,' (അയാൾ ആരോഗ്യം തിരിച്ചെടുക്കാൻവേണ്ടി സ്വന്തം നാട്ടിലേക്കു വന്നിരിക്കയാണു്, ധാരാളം വായിച്ചിട്ടുള്ള ഉയൎന്ന ആദൎശങ്ങളുള്ള പ്രജായത്തഭരണസിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്ന ഒരുവനാണു് അയാൾ) തലതിരിഞ്ഞ സ്കൂൾമാസ്റ്റർ മിസ്റ്റർ 'ഫ്രേയ്റോ ഫ്രാൻകോവ്,' ഉയൎന്ന ദേശാഭിമാനിയായ 'പാപ്പോവ്' രാജ്യസ്നേഹിയും കുടിയനുമായ 'ഫാദർ ഡിംകോ' കുരുടനായ 'കാൽക്കോ' എന്നിവരെല്ലാം ഉണ്ടായിരുന്നു. ഒട്ടും കാഴ്ചയില്ലാത്ത ആ ചെറുപ്പക്കാരന്നു യാതന ദ്യോതിപ്പിക്കുന്ന ഒരു ക്ഷീണമുഖമാണു് ഉള്ളതെങ്കിലും അയാൾ അനിതരസാധാരണ ബുദ്ധിശാലിയായിരുന്നു. സമൎത്ഥനായ ഒരു കുഴൽവിളിവിദഗ്ദ്ധനും. അതും കഥ പറയലുമായി അയാൾ ബൾഗേരിയ മുഴുവൻ സഞ്ചരിച്ചിട്ടുണ്ടു്. വിനോദസംഘങ്ങളിൽ ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ഘടകമായിരുന്നു കാൽക്കോ.

പുല്ലിൽ വിവിധ വൎണ്ണാങ്കിതമായ ഒരു തുണി വിരിച്ചതിൽ ഭക്ഷണം ഒരുക്കിയിരുന്നു. മൈതാനത്തിന്നരികിലൂടെ ഒഴുകുന്ന നദിക്കരികെ രണ്ടു വലിയ പാത്രം നിറയെ

വെള്ളത്തും ചുവന്നതുമായ വീഞ്ഞു തണുക്കുവാൻ വെച്ചിരുന്നു. ജിപ്സികൾ തങ്ങളുടെ സംഗീതോപകരണങ്ങൾ ഉപയോഗിച്ചു് ഉച്ചത്തിൽ തുക്കിഗാനങ്ങൾ പാട്ടുവാൻ തുടങ്ങി. ഒരു ക്ലാറിനററും രണ്ടു ലോഹതമ്പുരുവും കൂടി ശബ്ദായമാനമായ ഒരു പിന്നണിസംഗീതം ഉണ്ടാക്കി. ആചാരമനുസരിച്ചു് ഇരുന്നുകൊണ്ടുതന്നെ ഒന്നിനു പിറകെ ഒന്നായി പാനോപചാരപ്രസംഗങ്ങൾ തുടന്നു.

ജിജ്ഞാസുവായ ഇലിക്കോവ് ആണു് ആദ്യമായി ആശംസാപ്രസംഗം നിവ്വഹിച്ചതു്.

"നിങ്ങളുടെ ആരോഗ്യത്തിനു സഖാക്കളെ, ഓരോരുത്തരും ആഗ്രഹിക്കുന്നതു ദൈവം കൈവരുത്തട്ടെ. നമുക്കു തിന്മവരാൻ ആശിക്കുന്നവരുടെ കണക്കു വേഗത്തിൽ അവസാനിക്കട്ടെ. നമ്മോടു വൈരം നടിക്കുന്നവൻെറ തലയുടയട്ടെ."

ഗ്ലാസ്സുകൾ ശബ്ദത്തോടെ ഒഴിഞ്ഞുകൊണ്ടിരുന്നു.

"നാം എല്ലാവരും വളരെക്കാലം ജീവിച്ചിരിക്കട്ടെ." ഫ്രാൻകോവിൻെറ വകയാണിതു്.

"ഞാൻ കുടിക്കുന്നതു് സിലിസ്സ്രയോല്വവിനും അതിൻെറ തീത്ഥാടകക്കും വേണ്ടിയാണു്." ഫാദർ ഡിംകോ വിളിച്ചുപറഞ്ഞു.

പാപ്പോവ് ഗ്ലാസ്സുയത്തി ഉറക്കെ പറഞ്ഞു.

"സഹോദരന്മാരെ, ഇതു ബാൾക്കൻസിംഹത്തിനു വേണ്ടി."

ഇതുവരെ നിശ്ശബ്ദമായിരുന്ന ബാൻഡ് ആലാപനം തുടങ്ങിയപ്പോൾ ടോസ്റ്റുകാർ പ്രസംഗമവസാനിപ്പിച്ചു. പക്ഷേ ഇതുവരെ ഒന്നും പറയാതിരുന്ന 'ഫ്രേയ്റേറാ' ബാൻറുകാരോടു നിത്തുവാൻ ആംഗ്യം കാണിച്ചു, എണീററുനിന്നു

ച്ചററും നോക്കി, ഗ്ലാസ്സുയത്തി ആവേശത്തോടുകൂടി വിളിച്ചു പറഞ്ഞു.

"മാന്യരെ, ഞാൻ ബൾഗേറിയയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പാനോപചാരപ്രസംഗം നടത്തുന്നു." അയാൾ തൻെറ വീഞ്ഞു് മുഴുവൻ വായിലേക്കു് ഒഴിച്ചു.

പക്ഷേ ഈ ഭാഷ മുഴുവൻ മനസ്സിലാവാതിരുന്ന സംഘാംഗങ്ങൾ ഗ്ലാസ്സുകൾ ഒഴിക്കാതെ ഒരു പ്രസംഗം തന്നെ കാത്തിരിക്കയായിരുന്നു. യാതൊരു മറുപടിയും കാണാതെ അമ്പരന്ന ഫ്രേയ്റോ ഉടനെ തൻെറ സ്ഥലത്തിരുന്നു.

"എന്താണു് താങ്കളുദ്ദേശിക്കുന്നതു് സർ." ഫ്രേയ്റോവിൻെറ എതിരായി ഇരുന്നിരുന്ന കാൻഡോവ് സാവധാനത്തിൽ ചോദിച്ചു.

ഫ്രേയ്റോ മുഖം വീപ്പിച്ചു.

"സർ, എനിക്കു തോന്നുന്നു ഞാൻ വളരെ വിശദമായി തന്നെ സംസാരിച്ചു എന്നു്. ഞാൻ ബൾഗേരിയയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയാണു് കുടിച്ചതു്." ഫ്രേയ്റോ വളരെ സാവധാനത്തിൽ ജിപ്സികളെ നോക്കിക്കൊണ്ടാണിത്രയും പറഞ്ഞതു്.

"എന്താണീ സ്വാതന്ത്ര്യം എന്ന വാക്കുകൊണ്ടു നിങ്ങൾ ഉദ്ദേശിക്കുന്നതു്." വിദ്യാത്ഥി പിന്നേയും ചോദിച്ചു.

സൊക്കലോവ് തിരിഞ്ഞുനോക്കി.

"എനിക്കു തോന്നുന്നതു് നിങ്ങൾ കുടിക്കേണ്ടതു് ബൾഗേറിയൻ അടിമത്തത്തിന്നുവേണ്ടിയാണു്. ബൾഗേറിയൻ സ്വാതന്ത്ര്യം എന്നൊരു വസ്തു നിലവിലില്ലല്ലോ."

"അതില്ല, പക്ഷേ നമ്മൾ അതുണ്ടാക്കണം എൻെറ സുഹൃത്തെ."

"എങ്ങിനെ നാം അതു സമ്പാദിക്കും."

"കുടിച്ചിട്ടുതന്നെ." ആരോ പരിഹസിച്ചു.

"അല്ല സമരം ചെയ്തിട്ട്." ഫ്രെയ്റോ ആത്മാൎത്ഥതയോടെ പറഞ്ഞു.

"അതൊന്നു ശ്രമിച്ചുനോക്കു ഫ്രേയ്റോ. നാം ഒരു കാളയെ അതിൻെറ കൊമ്പിന്മേൽ പിടിച്ചു കെട്ടുന്നു, മനുഷ്യനേയോ അയാളുടെ സ്വന്തം വാക്കുകളെക്കൊണ്ട്." ഇല്ലിച്ചോ പുച്ഛസ്വരത്തിൽ പറഞ്ഞു.

"അതെ മാന്യരെ, വാളുകൊണ്ടുതന്നെ." തൻെറ മുഷ്ടി ചുരുട്ടി വീശിക്കൊണ്ടു ഫ്രേയ്റോ പറഞ്ഞു.

"അങ്ങിനെയാണ് സംഗതികളുടെ കിടപ്പെങ്കിൽ ഞാനിതാ അടിമകളുടെ ദൈവമായ വാളിനുവേണ്ടി കുടിക്കുന്നു." ഓഗ്യനോവ് സ്വന്തം ഗ്ലാസ്സുയൎത്തി.

ഇതാ സംഘത്തെ മുഴുവൻ ഇളക്കി.

ശരി ആരോ പറഞ്ഞു "അഭിമാനിയായ നിക്കോഫർ പറഞ്ഞു" എന്ന ഗാനം ആലപിക്കു.

അക്കാലത്തെ ബൾഗേറിയൻ സമരഗാനമായിരുന്നു അതു്.

ബാൻറു് അതു വായിക്കുവാൻ തുടങ്ങിയപ്പോൾ അവിടെ കൂടിയിരുന്നവരെല്ലാം അതു് ഏററുപാടി. "കൊല്ലും കൊലയുമായി നമ്മുടെ നാടിനെ രക്ഷിക്കുക" എന്ന പദമെത്തിയപ്പോഴേയ്ക്കും ആവേശം പിടിച്ചാൽ കിട്ടാതായി, കത്തികളും മുള്ളുകളും അന്തരീക്ഷത്തിൽ ഉയൎന്നു.

മിസ്റ്റർ ഫ്രെയ്റൊ ഒരു വലിയ കത്തിയെടുത്തു് പേടിപ്പെടുത്തുമാറു് വായുവിൽ ആഞ്ഞുവെട്ടി. ഒരിക്കൽ അയാൾ ആംഗ്യകോലാഹലത്തിൽ ഒരു കട്ടി കൊണ്ടുവരുകയായിരുന്ന ഒരു വലിയ പാത്രം ചുവന്ന വീഞ്ഞു് തട്ടിക്കളഞ്ഞു. അതയാളുടെ മേൽ വീണു വസ്ത്രങ്ങളാകമാനം ചായത്തിൽ മുക്കിയെടുത്തപോലെയാക്കി.

"എടാ കഴുതെ." അയാൾ അലറി.

"മിസ്റ്റർ ഫ്രെയ്റെറാ ലഹളക്കൂട്ടാതിരിക്കു. യുദ്ധത്തിൽ എങ്ങിനെയായാലും കുറച്ചൊക്കെ ചോരചൊരിച്ചിൽ ഉണ്ടാവാതെ തരമില്ലല്ലൊ." ഫാദർ ഡിംകോ കളിയാക്കി.

മറെറാരാൾ പറയുന്നതു കേൾക്കാതെ ഓരോരുത്തരും വർത്തമാനത്തിൽ മുഴുകിയിരിക്കുകയാണ്. ബാൻറു് ഒരു പുതിയ തുക്കിഗാനം തുടന്നു, ചെകിടടപ്പിക്കുന്നസ്വരത്തിൽ തംബുരുനാദമുയർത്തി.

തിരക്കിൽനിന്നു കുറച്ചുകലെ പോയിനിന്നു കാൻഡോവും ഓഗ്യനോവും കൂടി എന്തോ വിഷയത്തെപ്പററി ചൂടുപിടിച്ചു് ചർച്ച ചെയ്യുകയായിരുന്നു. കുറെ കഴിഞ്ഞപ്പോൾ നിക്കലോയ് നെഡ്കോവിച്ചു് അവരുടെ കൂട്ടത്തിൽ ചേൎന്നു.

"അപ്പോൾ നിങ്ങൾ പറയുന്നതു് ലഹളയുണ്ടാക്കിയെ മതിയാവൂ എന്നാണോ." കാൻഡോവ് സംഭാഷണം തുടരുകയാണ്. "സ്വാതന്ത്ര്യപ്രാപ്തിയെ ഉദ്ദേശിച്ചല്ലെ ഇതു്. പക്ഷേ ഒരു രാജകുമാരൻ—അതായതു്, ഒരു ചെറിയ സുൽത്താൻ; നമ്മെ കട്ടു നശിപ്പിക്കാൻ ഒരുപററം ഉദ്യോഗസ്ഥന്മാർ, നമ്മുടെ രക്തം കുടിച്ചു തടിക്കുന്ന കുറെ പുരോഹിതന്മാർ, ജനങ്ങളെ വിഷമിപ്പിക്കുന്ന ഒരു പട്ടാളക്കൂട്ടവും. ഇതാണോ സ്വാതന്ത്ര്യം. ഇതിൻെറ പ്രാപ്തിക്കുവേണ്ടി എൻെറ ചെറുവിരലിൽനിന്നു് ഒരു തുള്ളി രക്തംപോലും വീഴ്ത്താൻ ഞാൻ ഒരുക്കമില്ല."

"പക്ഷേ ശ്രദ്ധിക്കൂ മിസ്റ്റർ കാൻഡോവ്." നിക്കലോയ് വിശദീകരിച്ചു: "നിങ്ങളുടെ ആദർശങ്ങളെ ഞാൻ ബഹുമാനിക്കുന്നു. പക്ഷേ അതിവിടെ പ്രായോഗികമല്ല. നമുക്ക് അത്യാവശ്യം രാഷ്ട്രീയമായ സ്വാതന്ത്ര്യമാണ്. അതായതു് നാം നമ്മുടെ വിധിയുടേയും രാജ്യത്തിൻേറയും യജമാനന്മാരായിരിക്കണം."

കാൻഡോവ് സമ്മതമല്ലാത്ത ഭാവത്തിൽ തലകുലുക്കി.

"ഇപ്പോൾ വേറെ തരത്തിലുള്ള ഒരു വിശദീകരണമാണ് നിങ്ങൾ നൽകുന്നതു്. പഴയ ആളുകളെ മാററി പുതിയ യജമാനന്മാരെ അവരുടെ സ്ഥാനത്തു പ്രതിഷ്ഠിക്കുവാനാണ് നിങ്ങൾ ശ്രമിക്കുന്നതു്, ഷെക്-ഉൾ-ഇസ്ലാമിനു പകരം നിങ്ങൾ ആശ്ലേഷിക്കുന്നതു് വേറെ കരടികളെയാണ്—നിങ്ങൾ സ്വേച്ഛാധികാരികൾക്കു പകരം ദുഷ്പ്രഭുക്കളെ വാഴിക്കുവാൻ ശ്രമിക്കുന്നു. സമത്വം നശിപ്പിച്ചു യജമാനന്മാരെ സൃഷ്ടിക്കുന്നു. ശക്തന്മാരെക്കൊണ്ടു സാധുക്കളെ ചൂഷണം ചെയ്യിക്കുന്നു. മുതലാളികളെ പിടിച്ചു തൊഴിലാളികളെ മർദ്ദിക്കുന്നു. നിങ്ങളുടെ സമരത്തിനു കുറച്ചുകൂടി വ്യാപ്തി നൽകുക. തുർക്കികളോടുള്ള ആക്രമണത്തിനു പകരം മനുഷ്യത്വത്തിനെതിരായുള്ള ശക്തികളോടു് സമരം പ്രഖ്യാപിക്കൂ. സമാനകാലികങ്ങളായ ആദർശങ്ങൾ പുലരട്ടെ. പഴയ മാമൂലുകളാൽ കെട്ടിവരിയപ്പെട്ട അന്ധവിശ്വാസങ്ങൾ, വിഡ്ഢിത്തം മാത്രമായ ആചാരങ്ങൾ, സിംഹാസനം, പള്ളി, വസ്തു ഉടമാവകാശം, കയ്യൂക്ക് ഈവക അർത്ഥശൂന്യതകളെല്ലാം മനുഷ്യന്റെ മനസ്ഥിതി ആദരവു കല്പിക്കുന്നു. മാന്യരെ, നിങ്ങൾ ഹെർസൻ, ബകുനിൻ മുതലായവരുടെ പുസ്തകങ്ങൾ വായിച്ചുനോക്കൂ. ഈ സങ്കുചിതമായ രാജ്യസ്നേഹം വിട്ടുകളഞ്ഞു നവീനമായ മനുഷ്യത്വത്തിന്റെ കൊടി ഉയർത്തിപ്പിടിക്കാൻ ശ്രമിക്കൂ, എന്നാൽ ഞാൻ നിങ്ങളുടെ കൂടെ ഉണ്ടാകും."

ഓഗ്യനോവ് ആവേശത്തോടെ മറുപടി പറഞ്ഞു: "ഇപ്പോൾ നിങ്ങൾ പറഞ്ഞ ആദർശങ്ങളും തത്വസംഹിതകളുമെല്ലാം നിങ്ങൾ ഒരു വിദ്വാനാണ് എന്നു തെളിയിക്കുന്നു. പക്ഷേ നിങ്ങൾക്കിനിയും ബൾഗേറിയയുടെ യഥാർത്ഥ പ്രശ്നം മനസ്സിലായിട്ടില്ല. നിങ്ങൾ പറഞ്ഞ കൊടിക്കീഴിൽ നിങ്ങൾ മാത്രമെ ഉണ്ടാവുകയുള്ളൂ. സാമാന്യജനതക്കിതു

മനസ്സിലാക്കാൻ സാധിക്കുകയില്ല. അവരുടെ മുമ്പിൽ അവതരിപ്പിക്കാവുന്ന ന്യായവും വസ്തുനിഷ്ഠവുമായ ഒരേ ഒരു വഴിയെ ഉള്ളു. അതായതു് തുർക്കിനുകത്തെ തകർത്തുകളയുക. ഈ സമയത്തു് ഒരേ ഒരു ശത്രുവെ ഉള്ളു, തുർക്കികൾ, അവക്കു് എതിരായാണു് നാം മുന്നേറുവാൻ ശ്രമിക്കുന്നതു്. നിങ്ങൾ ഇപ്പോൾ വിളമ്പിത്തന്ന പ്രജായത്തസിദ്ധാന്തങ്ങൾ ഒന്നുംതന്നെ ഞങ്ങൾക്കു ദഹിക്കുകയില്ല. ബൾഗേറിയൻ സാമാന്യജനത ഈ തത്വങ്ങളെയെല്ലാം പാടെ തള്ളിക്കളയുകയെ ഉള്ളു. ഒരുകാലത്തും ഇന്നോ നാളെയോ അതിവിടെ വേരൂന്നുമെന്നു തോന്നുന്നില്ല. നിങ്ങളുടെ ശബ്ദായമാനമായ തത്വചിന്തകളും, കൊടിക്കൂറകളും, സമാനകാലികം മനുഷ്യത്വം, ശാസ്ത്രം എന്നീ വലിയ വലിയ പദങ്ങളും എല്ലാംതന്നെ യഥാർത്ഥ പ്രശ്നത്തെ മറച്ചുപിടിക്കുവാനെ ഉപകരിക്കുന്നുള്ളു. ഇവിടെ ഞങ്ങളുടെ പ്രധാന പ്രശ്നം, ഞങ്ങളുടെ വീട്ട്, ഞങ്ങളുടെ ആത്മാഭിമാനം, ഞങ്ങളുടെ ജീവിതം എന്നിവയെ തുർക്കി പോലീസിൽനിന്നു കാത്തുരക്ഷിക്കുക എന്നതാണു്. മനുഷ്യത്വത്തിൻെറ വിശാലാശയങ്ങളേയും ആദർശങ്ങളേയും പററിയുള്ള അവ്യക്തതത്വങ്ങളെക്കുറിച്ചു് അന്വേഷിക്കുന്നതിനു മുമ്പു് ഞങ്ങൾക്കീ അടിമത്തച്ചങ്ങല തകർക്കണം. നിങ്ങൾ വായിക്കുന്ന ഗ്രന്ഥകാരന്മാർ ഞങ്ങളുടെ യാതനകളെപ്പററി ചിന്തിക്കുകയോ അറിയുകയോ ചെയ്യുന്നില്ല. ഞങ്ങൾക്കു സാധാരണ ജനങ്ങളെ അല്ലാതെ വേറെ ആരെയും ആശ്രയിക്കാനില്ല. അവരിൽ ചോർബാഡ്ജിമാരും പാതിരിമാരും ഉൾപ്പെട്ടും. അവരാണു് ഞങ്ങളുടെ ശക്തിദുർഗ്ഗം. അവരെ ഞങ്ങൾ ഉപയോഗപ്പെടുത്തും. തുർക്കി പോലീസിനെ നശിപ്പിക്കുക, എന്നാൽ ജനങ്ങൾ അവരുടെ ലക്ഷ്യത്തിലെത്തും. നിങ്ങൾക്കു വേറെ ആദർശങ്ങളുണ്ടെങ്കിൽ അതു് അവരുടെ അടുക്കൽ വിലപ്പോവുകയില്ല.''

ആ സമയത്തു് ബാൻറു് അവസാനിക്കുകയാൽ ശബ്ദ മെല്ലാം ഒതുങ്ങി. അന്ധൻ തൻെറ ഓടക്കുഴൽ വായന ആരംഭിച്ചു. അതിശയകരമായ മാധുര്യം അന്തരീക്ഷത്തിൽ അലതല്ലി.

"ഹെയ് നിങ്ങൾ മൂന്നുപേരും ഇങ്ങോട്ടു വരു. അവിടെ എന്താണു് വേദാന്തവിചാരങ്ങൾ." മററുള്ളവർ വിളിച്ചുപറഞ്ഞു.

പക്ഷേ അവർ തിരിഞ്ഞുനോക്കിയതുപോലുമില്ല, അവിടെ സംവാദം അത്ര മൂച്ച്യേറിയതായിരുന്നു. കുരുടൻ കുറേനേരംകൂടി തൻെറ പുല്ലാങ്കുഴൽവിളി തുടൻ്നു. തികഞ്ഞ നിശ്ശബ്ദതയിൽ അവരെല്ലാംതന്നെ, വീഞ്ഞിൻെറ ലഹരി തലക്കു നല്ലപോലെ പിടിച്ചിട്ടുണ്ടു് എങ്കിലും, കുരുടൻെറ കറുത്ത കുഴലിൻെറ മാധുരിയിൽ ലയിച്ചിരുന്നു. പെട്ടെന്നയാൾ ഗാനം നിത്തി.

"നിങ്ങൾക്കറിയാമോ ഞാനിപ്പോൾ എന്താണു് കാണുന്നതു് എന്നു്."

അവരെല്ലാവരും ചിരിച്ചു.

"എന്നാൽ ഊഹിച്ചു പറയൂ."

"ഞങ്ങൾ ശരിക്കു പറഞ്ഞാൽ ഞങ്ങൾക്കെന്തു തരും." ആരോ ചിലർ ചോദിച്ചു.

"എൻെറ ദൂരദർശിനി."

"അതിപ്പോൾ എവിടെയുണ്ടു്."

"അതാ ആ ചന്ദ്രമണ്ഡലത്തിൽ."

"ഒരു നിമിഷം നില്ക്കൂ, ഞാൻ പറയാം നിങ്ങൾ കാണുന്നതെന്താണു് എന്നു്. 'മിൽക്ക ടോഡോറിച്ചിക്കാ'യുടെ തുടുത്ത കവിൾത്തടങ്ങൾ." ഫാദർ ഡിംകോ പറഞ്ഞു.

“അതൊന്നുമല്ല. കാണുന്നതിന്നു പകരം എനിക്കതു കടിക്കാനാണു് ഇഷ്ടം.”

“നിങ്ങൾ കാണുന്നതു് മിസ്റ്റർ ഫ്രേയ്റോവിനെയാണു്.” പപ്പോവ് പറഞ്ഞു. എന്തെന്നാൽ ആ സമയത്തു ഫ്രേയ്റോ ആ കണ്ണുകാണാത്ത മനുഷ്യൻെറ മുന്നിൽ ചെന്നുനിന്നു അയാളുടെ നേത്രങ്ങൾക്കു മുമ്പിൽ കൈവീശുകയായിരുന്നു.

“അതുമല്ല നിങ്ങൾക്കു കാററിനെ കാണാമോ.”

“സൂര്യനേയോ.”

“ഇല്ല ഞാനവരോടു് എല്ലാം അലോഗ്യമായിരിക്കയാണു്. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം അവരെയൊന്നും കാണുകയില്ല എന്ന ശപഥം ചെയ്തിട്ടുണ്ടു്.”

“നിങ്ങൾ കാണുന്നതു് രാത്രിയെ ആണു്.” ഡോക്ടർ പറഞ്ഞു.

“അതൊന്നുമല്ല. ഞാൻ കാണുന്നതു് നിങ്ങൾ എനിക്കു തരുവാൻപോകുന്ന ഒരു ഗ്ലാസ്സു് വീഞ്ഞാണു്, ഇതുവരെ നിങ്ങൾ എന്നെ മറന്നിരിക്കയായിരുന്നു. തീർച്ചയായും അതെ.”

ഒരുപാട്ടപേർ ഒരുമിച്ചു ഗ്ലാസ്സുകളിൽ വീഞ്ഞു് പകൎന്നു പുഞ്ചിരിയോടെ കാൽക്കോവിൻെറ നേൎക്കു് നീട്ടി.

“നിങ്ങളുടെ ആരോഗ്യത്തിന്നു നല്ല കൂട്ടുകാരെ” എന്നു പറഞ്ഞുകൊണ്ടു് അയാൾ തൻെറ ഗ്ലാസ്സു് ഒഴിച്ചു.

“ശരി നിങ്ങൾക്കാക്കും ഞാനുദ്ദേശിച്ചതു ശരിക്കു മനസ്സിലാകാത്തതുകൊണ്ടു് എനിക്കെന്തൊണു് തരുന്നതു്.”

“ഞങ്ങൾ തരുവാൻപോകുന്ന മററു ഗ്ലാസ്സുകൾ.”

“എത്രയുണ്ടു് അവ.”

“ഏഴു് പുണ്യവാളന്മാർ.”

''എനിക്കു കൂടുതൽ ബഹുമാനം നാല്പതു പരിശുദ്ധ രക്തസാക്ഷികളോടാണു്.'' ഫാദർ ഡിംകോ പ്രസ്താവിച്ചു.

''നിങ്ങളുടെ ആരോഗ്യത്തിനു്.''

''നിങ്ങൾ ദീർഘായുസ്സായിരിക്കട്ടെ.''

''ബൾഗേരിയ നെടുനാൾ പ്രശോഭിക്കട്ടെ! ബാൾക്കൻ റിപ്പബ്ളിക് വിജയിക്കട്ടെ!'' ഫ്രേയ്റോ വിളിച്ചുപറഞ്ഞു.

കാൽക്കോ കന്യാസ്ത്രീകളുടെ പാട്ടു പാടാൻ തുടങ്ങി. രാത്രി ആകുന്നതുവരെ ഈ വിനോദസംഘം ഉല്ലാസമായി കഴിച്ചുകൂട്ടി. കുറെ കഴിഞ്ഞപ്പോൾ പട്ടണത്തിലേക്കു തിരികെ പോകാനായി എല്ലാവരും എഴുന്നേററു.

''സഹോദരന്മാരെ നാളെ സ്കൂളിൽവെച്ചു നാടകപരിശീലനമുണ്ടു്.'' ഓഗ്യനോവ് വിളിച്ചുപറഞ്ഞു.

''എന്തു നാടകമാണു് നിങ്ങൾ അഭിനയിക്കുന്നതു്.'' വിദ്യാർത്ഥി ഓഗ്യനോവിനോടു ചോദിച്ചു.

''ജനവീവ്.''

''നിങ്ങൾ എവിടെനിന്നു കുഴിച്ചെടുത്തു ഈ പുരാതനവസ്തു.''

''ഞങ്ങൾ രണ്ടു കാരണങ്ങൾകൊണ്ടാണു് അതു തിരഞ്ഞെടുത്തതു്. ഒന്നാമതായി അതിൽ ജനങ്ങളെ ഇളക്കത്തക്കവിധത്തിൽ അതിലൊന്നുമില്ല, ചോർബാഡ്ജിമാക്കു് അതു നിർബന്ധമാണു്. രണ്ടാമതായി എല്ലാവരും വായിച്ചിട്ടുള്ളതിനാൽ അതു കാണാൻ ആഗ്രഹിച്ചിരിക്കുകയാണു്. നമുക്കു ജനങ്ങളുടെ അഭിരുചിയെ മാനിക്കണമല്ലൊ. നമ്മുടെ ലക്ഷ്യം സമ്പാദ്യമല്ലേ? നമുക്കു വായനശാലയിലേക്കാവശ്യമുള്ള പുസ്തകവും കടലാസുകളും 'മററു പലതും' വാങ്ങിക്കേണ്ടതല്ലേ.''

ഉന്മേഷവാന്മാരായി ശബ്ദമുയർത്തിക്കൊണ്ടു സംഘം പട്ടണത്തിലേക്കു നടന്നു. ചന്തത്തോട്ടത്തിന്റെ കുററിച്ചെടികൾക്കിടയിൽ എല്ലാവരും മറഞ്ഞു. സന്ധ്യ കഴിയാറായി. ഒരു പതിനഞ്ചു മിനിററിനകത്തു വിപ്ലവകരമായ ഗാനങ്ങളും പാടിക്കൊണ്ടു് അവർ നഗരത്തിന്റെ ഇരുട്ടായിത്തുടങ്ങിയ തെരുവീഥികളിൽ പ്രവേശിച്ചു. ഈ കുററകരമായ ജാഥ വീട്ടുകളിൽ ഉണ്ടായിരുന്ന സ്ത്രീകളേയും കുട്ടികളേയും പടിക്കലേക്കു് ആകർഷിച്ചു.

ആ കൂട്ടത്തിൽ ഓഗ്യനോവ് മാത്രമുണ്ടായിരുന്നില്ല. മൈതാനത്തിൽവെച്ചു ഏതോ ഒരു കുട്ടി അയാളുടെ ചെവിട്ടിൽ എന്തോ മന്ത്രിച്ചതനുസരിച്ചു് കൂട്ടുകാരാരും കാണാതെ അയാൾ സ്ഥലംവിട്ടിരുന്നു.

## അദ്ധ്യായം 15

# അപ്രതീക്ഷിതമായ ഒരു കൂടിക്കാഴ്ച

ഓഗ്യനോവ് വടക്കോട്ട് പ്രയാണമാരംഭിച്ചു. അയാൾ ലക്ഷ്യംവെച്ചു നടന്നിരുന്നതു് ആ മലയിടുക്കായിരുന്നു.

സന്ധ്യ കഴിയാറായി, ഇരുട്ടു പരന്നുതുടങ്ങി. സൂര്യൻ പ്രശാന്തനായി അന്തസ്സോടെ അസ്തമിച്ചു. സ്റ്റാറാപ്ലാനീനയുടെ ഉയൎന്ന കൊടുമുടികളെ ചായത്തിൽ മുക്കിയ അവസാന അരുണകിരണവും മറഞ്ഞു. തങ്ങളുടെ ഔന്നത്യമേഖലയിൽനിന്നു പടിഞ്ഞാട്ടു നീങ്ങിക്കൊണ്ടിരുന്ന ചില മേഘശകലങ്ങൾമാത്രം സൂര്യനെ നോക്കി പുഞ്ചിരിച്ചുകൊണ്ടിരുന്നു, മൈതാനവും, മരങ്ങളും ആവൃതമാക്കിക്കൊണ്ടിരുന്ന നേരിയ ഇരുട്ടിൽ പടിഞ്ഞാറുഭാഗത്തെ വെളുത്ത കൊടുമുടികൾ ഒട്ടുമുക്കാലും ലയിച്ചുകഴിഞ്ഞു. ഒരൊററ പക്ഷിയുടെ ശബ്ദംപോലും കേൾക്കാനുണ്ടായിരുന്നില്ല. പകൽ മുഴുവൻ തങ്ങളുടെ കളനാദംകൊണ്ടു് അവിടം മുഖരിതമാക്കിയിരുന്ന പക്ഷിക്കൂട്ടങ്ങൾ മരത്തിൻെറ കൊമ്പുകളിലും ആശ്രമത്തിൻെറ താഴ്‌വാരങ്ങളിലും പണിചെയ്തിരുന്ന തങ്ങളുടെ കൂടുകളിൽ ഒതുങ്ങിക്കൂടിയിരുന്നു. നേരംതെററി നഗരത്തിലേക്കു മടങ്ങുന്ന ചെമ്മരിയാടുകളുടെ കഴുത്തിലെ മണിനാദം തെന്നലിലൂടെ അരിച്ചരിച്ചെത്തിയിരുന്നു. ഇരുട്ടിനോടൊപ്പംതന്നെ അവിടെ നിശ്ശബ്ദതയും—രാവിൻെറ നിരുന്മേഷപ്രദമായ മൂകതയും നടമാടിയിരുന്നു. ഏകാന്തതക്കു ഭംഗം ചേൎത്തിരുന്നതു് ജലപാതത്തിൻെറ ശബ്ദധോരണി മാത്രമാണു്. ഈ അസാധാരണമായ സമയത്തിനൊരു പരിവേഷം ചാൎത്തിക്കൊണ്ടു

ചന്ദ്രനും ഉദിച്ചുയന്നു. മൈതാനത്തിലും മരങ്ങൾക്കിടയിലും രജതരേഖകൾ നിമ്മിച്ചുകൊണ്ടു് ചന്ദ്രരശ്മികൾ വ്യാപിച്ചു. ഏതോ ഒരു പുരാതനശില്പത്തിൻെറ അവശിഷ്ടംപോലെ ഇപ്പോൾ തെളിഞ്ഞുകാണാവുന്ന വെളുത്ത മലനിരകൾ തല യുയത്തിനിന്നു. പുതിയ കപ്പേള പോപ്ലാർ മരങ്ങളുടെ ഇട യിൽ വ്യക്തമായി കാണാമായിരുന്നു. സ്റ്റാറാപ്ലാനീനയുടെ കൊട്ടമുടികൾ ഉയന്നുയന്നു് ആകാശത്തിൻെറ നിതാന്തനീ ലിമയിൽ ലയിച്ചുകിടക്കുന്നതുപോലെ തോന്നിച്ചു.

ഓഗ്യനോവ് സംന്യാസാശ്രമത്തിൻെറ പിന്നിൽക്കൂടെ നടന്നു, പരിത്യക്തമായ ഒരു താഴ്‌വരയിൽ പ്രവേശിച്ചു; കണ്ടകാകീണ്ണമായ അതു തരണംചെയ്തു് ഒരു മില്ലിൻെറ വാ തിൽക്കലെത്തി.

പടിയുടെ പുറത്തുനിന്നിരുന്ന സൈഡോസ്റ്റോയൻ അ യാളെ സ്വാഗതംചെയ്തു.

"എന്താണു് കാൎയ്യം." ഓഗ്യനോവ് ധൃതിയിൽ ചോ ദിച്ചു.

"ഒരു സ്നേഹിതൻ വന്നിരിക്കുന്നു."

"ഏതു സ്നേഹിതൻ."

"നമ്മുടെ ഒരാൾ."

"നമ്മുടെ ഒരാളോ?"

"അതെ ഒരു ബഹുജനസേവകൻ."

"ആരാണു് അയാൾ."

"എനിക്കറിയില്ല. മലയിൽനിന്നു നേരെ അയാൾ വ ന്നതു് എൻെറ അട്ടക്കലേക്കാണു്. ആദ്യം എനിക്കു വളരെ ഭയം തോന്നി. വല്ല കൊള്ളക്കാരുമായിരിക്കുമോ, ഞാൻ സ്വഗതമായി പറഞ്ഞു. അയാളുടെ സ്ഥിതി ഒന്നു കാണുക തന്നെ വേണം. കൈകാലുകൾ മെലിഞ്ഞു വിറകിൻകൊ ള്ളികൾപോലിരിക്കുന്നു. പിന്നീടെനിക്കു മനസ്സിലായി അ

യാൾ നമ്മുടെ ആൾക്കാരിൽ പെട്ടവനാണെന്നു്. പിന്നെ ഞാനയാൾക്കു ഭക്ഷണമെല്ലാം കൊടുത്തു.

"ശരി എന്നെ നിങ്ങളുടെ സന്ദർശകൻെറ സമീപത്തേക്കു കൊണ്ടുപോകു."

"ഞാൻ അയാളെ നല്ല ഒരു രക്ഷാസ്ഥാനത്തു് ആക്കിയിരിക്കയാണു്. എൻെറകൂടെ വരൂ." സ്റ്റോയൻ ഓഗ്ന്യനോവിനെ മില്ലിൻെറ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി.

അവിടം മുഴുവൻ ഇരുട്ടായിരുന്നു.

അയാൾ ഒരു എണ്ണവിളക്കു കൊളുത്തി. കല്ലുകളുടേയും ചുമരിൻേറയും ഇടയിലൂടെ നടന്നു് അടച്ചിട്ടിരുന്ന ഒരു വാതിലിൻെറ മുമ്പിലെത്തി. വാതിലിന്മേൽ തൂങ്ങിക്കിടന്നിരുന്ന മാറാലകളും എട്ടുകാലിവലകളും കുറെയേറെക്കാലമായി അതു് അടച്ചിട്ടിരിക്കുന്നു എന്നു വിളിച്ചുപറയുന്നുണ്ടായിരുന്നു.

"എന്തു് അയാളെ പൂട്ടിയിട്ടിരിക്കയാണോ?"

"എന്തുകൊണ്ടുവയ്യ. പാൽപാത്രം അടച്ചുവെച്ചിരുന്നാൽ പൂച്ചക്കു അതു കട്ടുകുടിക്കാൻ ബുദ്ധിമുട്ടായിരിക്കും, അങ്ങിനെയല്ലെ മാസ്റ്ററെ."

ഡൈഡോസ്റ്റോയൻ വാതിൽക്കൽ മുട്ടിവിളിച്ചു.

"ഹേ മഹാൻ ഇങ്ങോട്ടുവരാം."

വാതിൽ തുറന്നു ഒരാൾ കുനിഞ്ഞു പുറത്തേക്കു കടന്നു. അധികം പൊക്കമില്ലാത്ത ഏതാണ്ടു ചടച്ച ഒരു ചെറുപ്പക്കാരനായിരുന്നു അയാൾ. അയാളുടെ ചെറിയ മുഖം കുറേക്കാലമായിട്ടുണ്ടു് ക്ഷൗരക്കത്തികണ്ടിട്ടു്. പ്രകാശമേറിയ കണ്ണുകളും ചുറുചുറുക്കുള്ള പെരുമാററവും അയാളുടെ പ്രത്യേകതയായിരുന്നു. പക്ഷേ അയാളുടെ ക്ഷീണവും വിളർച്ചയും ഓഗ്ന്യനോവിനെ അമ്പരപ്പിച്ചു. തൻെറ ചടച്ച ദേഹത്തിൽ ഒട്ടിപ്പിടിച്ചുകിടന്നിരുന്ന, വിപ്ലവകാരിയുടെ വെള്ളവസ്ത്ര

ങ്ങളാണ് അയാൾ അണിഞ്ഞിരുന്നതു്. ആചാരപ്രകാരമുള്ള തുന്നൽവേലകളും ആഭരണങ്ങളും അതിൻെറ കാലു്, പുറം, നെഞ്ചു്, മുതലായ ഭാഗങ്ങളെ ഭംഗിപിടിപ്പിച്ചിരുന്നു. അവയെല്ലാംതന്നെ അത്യധികം കീറിയിരുന്നു. അതിൻെറ വിള്ളലിലൂടെ ആ അലഞ്ഞുതിരിഞ്ഞുനടക്കുന്നവൻെറ മാംസം നഗ്നമായി കാണാമായിരുന്നു.

പരസ്പരദർശനമാത്രയിൽത്തന്നെ ഓഗ്യനോവും അയാളും അത്ഭുതശബ്ദങ്ങൾ പുറപ്പെട്ടവിച്ചു.

"മോററ്റ്ലിസ്കി."

"ക്രാലിച്ച്."

അവർ പരസ്പരം ആശ്ലേഷിച്ചു.

"ഇതു് യഥാർത്ഥത്തിൽ നിങ്ങളാണോ നിങ്ങൾ എങ്ങിനെ ഇവിടെ എത്തിച്ചേർന്നു" ഓഗ്യനോവ് ചോദിച്ചു.

മോററ്റ്ലിസ്കി അവരുടെ കമ്പനിയിലെ ഒരു സഖാവായിരുന്നു.

"ഞാനോ ശരി, നിങ്ങൾ എവിടെയായിരുന്നു. എവിടെയാണ് ഞാൻ ഇപ്പോൾ നിങ്ങളെ കാണുന്നതു്. യഥാർത്ഥത്തിൽ നിങ്ങൾ ക്രാലിച്ചുതന്നെയല്ലേ?"

ഞെട്ടിത്തിരിഞ്ഞു് ക്രാലിച്ച് ചുററുംനോക്കി. ആദ്യം മില്ലിനകത്തേയ്ക്കും പിന്നീട്ട് നിശ്ചലനായി വിളക്കും കയ്യിൽ വെച്ചു ഒരു പ്രതിമപോലെ അവിടെത്തന്നെ നില്ക്കുകയായിരുന്ന സ്റ്റോയനേയും തുറിച്ചുനോക്കി.

"ഡൈഡോസ്റ്റോയൻ വിളക്കു കെടുത്തി വാതിലടയ്ക്കു. നമുക്ക് പുറത്തേയ്ക്കു പോകാം. ഇവിടത്തെ ശബ്ദംകാരണം നമുക്കു പറയുന്നതൊന്നും കേൾക്കാൻ കഴിയുകയില്ല."

ഡൈഡോസ്റ്റോയൻ വിളക്കുമായി മുമ്പോട്ടുപോയി. വാതിലവരുടെ പിന്നിൽ അടഞ്ഞു.

"ശരി, എന്താണു് നിങ്ങൾക്കു പറയുവാനുള്ളതെന്നാൽ പറഞ്ഞുതീർക്കുക. ഞാൻ ഉറങ്ങാൻ പോകയാണു്. നിങ്ങൾക്കുറക്കം വരുമ്പോൾ അകത്തുവന്നു് എവിടെയാണു് ഇഷ്ടമെന്നുവെച്ചാൽ അവിടെ കിടന്നോളൂ."

താഴ്വര ഇരുട്ടിൽ മൂടിയിരുന്നുവെങ്കിലും അതിൻെറ അപ്പുറത്തുള്ള ചന്ദ്രികസേററു പ്രകാശമാനമായി ഇരുന്നിരുന്നു. ഓഗ്യനോവും സുഹൃത്തും അന്ധകാരാവൃതമായ ഒരു സ്ഥലത്തു് എത്തി അവിടെ ഒരു കല്ലിന്മേൽ ഇരുന്നു. നദി കളകളാരവം ഉതിർത്തുകൊണ്ടു സാവധാനത്തിൽ അവിടെക്കൂടി ഒഴുകിയിരുന്നു.

"സഹോദരാ നമുക്കു് ആലിംഗനം ചെയ്യുക." ഓഗ്യനോവ് ആവേശത്തോടെ പറഞ്ഞു.

"ക്രാലിച്ച്", ഞാൻ വിചാരിച്ചിരുന്നതു് നിങ്ങളിപ്പോഴം ഡയാർബിക്കറിൻെറ സ്വർഗ്ഗത്തിലാണു് എന്നായിരുന്നു."

"നിങ്ങളോ ഇതേവരെ കൊലമരം നിങ്ങളെ അവകാശപ്പെട്ടില്ലേ?' ഓഗ്യനോവ് ചിരിച്ചുകൊണ്ടു പറഞ്ഞു.

അവരുടെ പഴയ അടുപ്പം പുനർജ്ജീവിച്ചു. സാമ്യതയുള്ള കഷ്ടപ്പാടുകളും യാതനകളും ഏററവും അപരിചിതരെപ്പോലും ഗാഢമായി അടുപ്പിക്കുവാൻ പര്യാപ്തങ്ങളാണു്. ബോയ്ചോവും മോറിട്ട്ലിസ്കിയും ഒരേ ആദർശത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാണല്ലോ.

"ശരി, നമുക്കു വർത്തമാനങ്ങളറിയണമല്ലോ." മോറിട്ട് ലിസ്കി പറഞ്ഞു: "താനാണു് ഏററവും ദൂരത്തുനിന്നു വരുന്നതു്. അതുകൊണ്ടു് ആദ്യം താൻതന്നെ എല്ലാം വിസ്തരിച്ചു പറയൂ. എന്നാണു് ഡയർബെക്കറിൽനിന്നു പുറത്തുവന്നതു?"

"നിങ്ങൾ ഉദ്ദേശിച്ചതു് ഞാൻ എന്നാണു് രക്ഷപ്പെട്ടതു് എന്നാണോ?"

"എന്തു് നിങ്ങൾ ചാടിപ്പോന്നതാണോ?"

"അതെ. കഴിഞ്ഞ മേ മാസത്തിൽ."

"എന്നിട്ട് അപകടംകൂടാതെ ഇവിടെ എത്തിച്ചേരാൻ സാധിച്ചുവോ. ഏതു വഴിക്കാണ് താൻ വന്നതു്."

"ഞാൻ കാൽനടയായി ഡയർബെകീറിൽനിന്നു റഷ്യൻ ആർമീനിയയിൽ എത്തി. അവിടെനിന്നു കാർകസ്സ് മല കടന്നു റഷ്യയിലേക്കും അവിടെനിന്നു് ഓഡിസ്സയിലേക്കും കടന്നു. എല്ലാ ദിക്കിലും റഷ്യക്കാരുടെ സഹായസഹകരണങ്ങൾ ഉണ്ടായിരുന്നു. ഓഡിസ്സയിൽനിന്നു വർണ്ണയിൽ എത്തിച്ചേർന്നതു് ബോട്ടുവഴിക്കാണ്. അവിടെനിന്നു മലയിടുക്കുകൾ താണ്ടി ട്രോയൻെറ മുകളിലുള്ള ഗ്രാമപ്രാന്തത്തിലെത്തി. പിന്നെ സ്റ്റാറാപ്ലാനീന കയറിക്കടന്നു ഞാൻ ബൈലചെക്കേവിൽ വന്നുചേർന്നു."

"പക്ഷേ, നിങ്ങൾ എന്തുകൊണ്ടാണ് ഈ ബൈലാചെക്കേവ തിരഞ്ഞെടുത്തതു്?"

"ഒരാളേയും പരിചയമില്ലാത്ത ഒരു ദിക്കിൽ പോകാൻ എനിക്കു ഭയമായിരുന്നു. സ്നേഹിതന്മാർ ധാരാളമുള്ള സ്ഥലങ്ങളിലാവട്ടെ ഇന്നത്തെ അവരുടെ മനോഭാവം നല്ലപോലെ മനസ്സിലാക്കാതെ പോകാനും വിഷമം. എനിക്കോർമ്മ വന്നു എൻെറ പിതാവിൻെറ സ്നേഹിതനും വളരെ മാന്യനുമായ ഒരാൾ ബൈലചെക്കേവയിൽ ഉണ്ടു് എന്നു്. രണ്ടാമതായി എനിക്കു തീർച്ചയായിരുന്നു അദ്ദേഹമൊഴിച്ച് ഇവിടെ എന്നെ ഒരാളും അറിയുകയില്ല എന്നു്. പക്ഷേ ഞാൻ ആരാണ് എന്നു പറഞ്ഞുകൊടുത്തില്ല എങ്കിൽ അദ്ദേഹവും എന്നെ മനസ്സിലാക്കുമായിരുന്നില്ല."

"പക്ഷേ പെട്ടെന്നു തന്നെ ഞാൻ മനസ്സിലാക്കിയില്ലേ. എന്നിട്ട് നിങ്ങൾ ഇവിടെ താമസമാക്കി അല്ലേ."

"അദ്ദേഹം, എൻെറ പിതാവിൻെറ സുഹൃത്തു് പിന്നേയും എന്നെ സഹായിച്ചു. അതുകൊണ്ടു് ഇവിടെ ഞാൻ ഒരു

സ്കൂൾ മാസ്റ്ററായി. ദൈവത്തിനു നന്ദി. ഇതേവരെ അപകട മൊന്നും സംഭവിച്ചിട്ടില്ല.''

''ഹൊ അപ്പോൾ നിങ്ങളുടെ ഉദ്യോഗം ഇപ്പോൾ പഠിപ്പിക്കലാണു് അല്ലേ?''

''ഔദ്യോഗികമായി ഞാൻ പഠിപ്പിക്കുന്നു. പക്ഷേ രഹസ്യമായി ഞാനിന്നും എൻെറ പഴയ ഏർപ്പാടിൽത്തന്നെയാണു്.''

''ജനസേവകൻ.''

''അതെ. വിപ്ലവകാരി.''

''കൊള്ളാം. ഇവിടങ്ങളിൽ എങ്ങിനെ നടക്കുന്നു സംഗതികൾ. നാം ആകെ വസ്തുതകൾ കുഴപ്പത്തിലാക്കിയിരിക്കയാണു്.''

''ഇപ്പോൾ കാര്യമെല്ലാം ഭംഗിയായിത്തന്നെ നടക്കുന്നുണ്ടു്. വളരെ അധികം ഉത്സാഹം തള്ളിച്ചു കാണാനുണ്ടു്; അന്തരീക്ഷമാകെ പ്രക്ഷുബ്ധമാണു്. ബൈലചെക്വ് ലെവ്സ്കിയുടെ ഉരുക്കുകോട്ടകളിൽ ഒന്നായിരുന്നു.''

''ശരി, ഇനി എന്താണു് നിങ്ങളുടെ പരിപാടി.''

''തൽക്കാലത്തേയ്ക്കു ഞങ്ങൾക്കു് ഒരു പ്രത്യേക പരിപാടിയൊന്നുമില്ല. ഞങ്ങൾ ഒരു വിപ്ലവത്തിനു ഒരുക്കുകൂട്ടുന്നുണ്ടു്. സമയം എന്താണു് ഞങ്ങളെ പഠിപ്പിക്കുവാൻ പോകുന്നതു് എന്നറിയുവാൻ കാത്തിരിക്കയാണു് ഇപ്പോൾ. ഇവിടേയും, ചുററുപാടിലും അനുദിനമെന്നോണം അസ്വാസ്ഥ്യം വളരുകയാണു്. പെട്ടെന്നോ അല്പം വൈകിയിട്ടോ ഒരു വിപ്ലവവും സംഘട്ടനവും ഉണ്ടാവാതെ തരമില്ല.''

''മിട്ടക്കൻ ക്രാലിച്ചു്, നിങ്ങൾ ഒരു സമർത്ഥൻതന്നെ.''

''ഇനി നിങ്ങളുടെ അനുഭവങ്ങളെപ്പററി പറയുക തന്നെ.''

''സാമാന്യമായി അതിനെപ്പററി നിങ്ങൾക്കെല്ലാം അ

റിവുള്ളതാണ്. സ്റ്റാറസെഗോറയിൽ ഞങ്ങൾ കുറെയെല്ലാം ശ്രമിച്ചു. ഇപ്പോൾ മനുഷ്യരുടെ മുഖത്തുനോക്കാൻ ലജ്ജയാവുകയാണ്."

"അങ്ങനെയല്ല ആദ്യംമുതൽക്കേ തുടങ്ങു. അതായത് നമ്മുടെ കൂട്ടം തോററു നാം പിരിഞ്ഞതിൽപിന്നെയുള്ളതെല്ലാം പറയണം. ഡയാർബിക്കറിൽ കഴിച്ചുകൂട്ടിയ എട്ടു നീണ്ട വർഷങ്ങളിൽ ഞാൻ നിങ്ങളെപ്പററിയോ മററു സഖാക്കളെപ്പററിയോ യാതൊന്നും കേട്ടിരുന്നില്ല.

മോറിട്സ്ലിസ്കി, ആ കല്ലിന്മേൽ കൈ തലയ്ക്കുപിന്നിൽ വെച്ചു നിവർന്നുകിടന്നു വിശ്രമിച്ചുകൊണ്ടു തന്റെ അനുഭവങ്ങളെ വർണ്ണിക്കുവാൻ തുടങ്ങി. അയാൾ ഡെമിട്രിഓബ്ഷ്ടിയുടെ നേതൃത്വത്തിൽ പൊട്ടിപ്പുറപ്പെട്ട സോഫിയ ഗൂഢാലോചനയിലും ഓർതാനയിൻ റെയിൽവെ കവർച്ചയിലും പങ്കെടുത്തു. (ഇതിൽവെച്ചാണ് ലെവ്സ്കിക്കു ജീവനാശം സംഭവിച്ചതു്.) തടവിലാക്കപ്പെട്ട അയാൾ ഡയാർബിക്കറിൽനിന്നും കൊലമരത്തിൽനിന്നും രക്ഷപ്പെട്ടതു് അത്യന്തം അത്ഭുതകരമായാണ്. പിന്നീടയാൾ 'വല്ലാച്ചയിൽ' പോയി, വിശപ്പും കഷ്ടപ്പാടും അനുഭവിച്ചു ഒന്നരക്കൊല്ലത്തോളം അവിടെ അലഞ്ഞുതിരിഞ്ഞുനടന്നു. പിന്നെ രാഷ്ട്രീയമായ ഉദ്ദേശത്തോടുകൂടിതന്നെ ബൾഗേറിയയിലേക്കു കടന്നു. സാധാരണ ഒരു വിപ്ലവകാരിക്കു സഹിക്കേണ്ടിവരുന്ന അപകടങ്ങളോടും കഷ്ടപ്പാടുകളോടും അയാൾക്കു തനിയെ എതിരിടേണ്ടതായിവന്നു. ആ വസന്തകാലത്തു സ്റ്റാറഡഗോറയിൽ പോയി അവിടെ ഒരു വിപ്ലവമുണ്ടാക്കാൻ ആത്മാർത്ഥതയോടെ പണിയെടുത്തു. ആ പ്രസ്ഥാനത്തിന്റെ നിർഭാഗ്യകരമായ പര്യവസാനത്തോടൊപ്പം അയാൾക്കു മുറിവുപററി. 'എൽക്കോവോ'യിൽവെച്ചുണ്ടായ ഒരു ചെറിയ ലഹളക്കുശേഷം, തുർക്കിപട്ടാളത്താലും, താൻ അഭയവും ഭക്ഷണവും ആവശ്യപ്പെട്ട സ്വന്തം നാട്ടുകാരാലും തുരത്തപ്പെട്ടു് അയാൾ സ്റ്റാറാ

സ്റ്റാനീനയിൽ അഭയം തേടി. തൻെറ വിപ്ലവകരമായ വേഷം മാററാൻ അയാൾക്കുറച്ചു വസ്ത്രമാവശ്യപ്പെട്ടതുപോലും ലഭിച്ചില്ല. ആയിരമായിരം ദുരന്തങ്ങളെ അഭിമുഖീകരിച്ചു കൊണ്ടു മലയിടുക്കിൽ പത്തു ദിവസത്തോളം അയാൾ അലഞ്ഞു. ഭയങ്കരമായ വിശപ്പ് അയാളെ നാട്ടിലേയ്ക്കു് ഓടിച്ചു. തോക്കു ചൂണ്ടിയെങ്കിലും ആദ്യം കാണുന്ന മനുഷ്യനോട് കുറച്ചു ഭക്ഷണമാവശ്യപ്പെടാനായിരുന്നു അയാളുടെ ഉദ്ദേശം. ഭാഗ്യവശാൽ അയാൾ കണ്ടുമുട്ടിയതു് ഡൈഡോസ്റ്റോയനെയാണ്. വികാരാവേശത്തോടെ മില്ലർ അയാൾക്കു നല്കിയ ഹൃദയംഗമമായ സ്വീകരണത്തെക്കുറിച്ചയാൾ വർണ്ണിച്ചു. സ്റ്റാറപ്ലാനീനയിലെ തെണ്ടിത്തിരിയലിനുശേഷം ആദ്യമായി സഹോദരഭാവേന അയാളോടു പെരുമാറുന്നതു് മില്ലറായിരുന്നു.

മോറിട്ട്ലിസ്ക്കിയുടെ സംഭവബഹുലമായ അനുഭവകഥകൾ ഓഗ്യനോവ് ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നു. അപകടങ്ങൾ, യാതനകൾ, ഭയങ്കരമായ നിരാശകൾ, സ്വന്തം ആൾക്കാരിൽനിന്നുപോലുമുള്ള വെറുപ്പ് ഇതെല്ലാമാണ് ഒരു വിപ്ലവം തോല്ക്കുമ്പോൾ അനുഭവിക്കേണ്ടിവരുന്നതു്. ഇവയെല്ലാംതന്നെ ധീരതയോടുകൂടി മോറിട്ട്ലിസ്ക്കി കടന്നുപോന്നു. സഹോദരസ്നേഹത്തോടെ ഓഗ്യനോവ് സുഹൃത്തിൻെറ വിധിയെയോർത്തു വ്യസനിച്ചു.

മോറിട്ട്ലിസ്ക്കി നിശ്ശബ്ദതയവലംബിച്ചു. നദി അവരുടെ കാൽക്കലായി മർമ്മരശബ്ദമുയർത്തിക്കൊണ്ടു പ്രവഹിച്ചു. പരിസരമെല്ലാം വിജനവും മൂകവുമായിരുന്നു. എതിരെയുള്ള മലയുടെ പിളപ്പുകൾ ചന്ദ്രികയിൽ തലയുയർത്തിനിന്നു. അവയുടെ മാറിടത്തിൽ പററിപ്പിടിച്ചുനില്ക്കുന്ന ലിലിയാക് മുതലായ കുററിച്ചെടികളെ കാററു് താലോലമാട്ടുന്നുണ്ടായിരുന്നു.

## അദ്ധ്യായം 16

# ഗൗരവമായ സംഭാഷണങ്ങൾ

കാലത്തു് ഓഗ്യനോവ് പട്ടണത്തിലേയ്ക്കു പുറപ്പെട്ടു.

സന്യാസാശ്രമത്തിലേയ്ക്കു പ്രവേശിക്കുന്ന ചുരത്തിൽ ക്കൂടെയാണു് അയാൾ പുറത്തേയ്ക്കു കടന്നതു്. അതിൻെറ മുന്നിലുള്ള മൈതാനിയിൽ പന്തലിച്ച വലിയ വാൽനട്ടുമരങ്ങളുടെ ചുവട്ടിൽ അനാവൃതശീർഷനായ ആബററു് അങ്ങോട്ടുമിങ്ങോട്ടും ലാത്തുന്നുണ്ടായിരുന്നു. പരിസരങ്ങളിലെ മാദകഭംഗിയാസ്വദിച്ചുകൊണ്ടു് അദ്ദേഹം നിർവൃതിദായകമായ പുതിയ കാററു് ഏല്ക്കുകയായിരുന്നു. മൂകതയും പഴക്കവും ചേർന്ന നിരുന്മേഷകരമായ അന്തരീക്ഷവും, മഞ്ഞ വെൽവെററുപോലെയുള്ള ബാൾക്കൻ പർവ്വതനിരകളും സുവർണ്ണദലാപൂർണ്ണമായ മരങ്ങളുംകൂടി ആ ഹേമന്തകാലത്തെ ഭൂവിഭാഗത്തിനു ഒരു പ്രത്യേകഭംഗി നൽകി.

ഓഗ്യനോവും ആബററും അന്യോന്യം ഉപചാരം ചെയ്തു.

"മനോഹരമായ സ്ഥലങ്ങൾ അല്ലെ ഫാദർ. അങ്ങു് ഒരു ഭാഗ്യവാനാണു്; പ്രകൃതിയുടെ ഇത്ര അട്ടുത്തു ജീവിച്ചു ശാന്തമായി അതിൻെറ സ്വർഗ്ഗീയസൗന്ദര്യം നുകരാമല്ലൊ. ഞാൻ എന്നെങ്കിലും ഒരു പുരോഹിതനാവുകയാണെങ്കിൽ, എന്നെ ആകർഷിക്കുന്നതു പ്രകൃതിയുടെ ഈ അനശ്വരഭംഗി മാത്രമായിരിക്കും."

"ഒരു ജനസേവകനായിരുന്നതിനുശേഷം ഒരു സന്യാസിയാവാൻ വളരെ സൂക്ഷിക്കണം ഓഗ്യനോവ്"! ആബ

റൂറ് തമാശയിൽ തുടൻ: "അതു് അനവധി പടി താഴോട്ട ള്ള ഒരു വീഴ്ചയായിരിക്കും. പോരാത്തതിനു താൻ ഒരു നിരീശ്വരവാദിയാകയാൽത്തന്നെ ഇവിടെ പ്രവേശിപ്പിക്കുവാനും ഞാൻ സന്നദ്ധനാവുകയില്ല. നിങ്ങൾ ഫാദർ യെറോട്ടിയെപ്പോലും ചീത്തയാക്കും."

"ആ വയസ്സൻകിളി വാസ്തവത്തിൽ എങ്ങിനെയാണു്" ഓഗ്യനോവ് പെട്ടെന്നു ചോദിച്ചു.

"ദൈവതുല്യനായ ഒരു മഹാ ഭക്തനും നല്ലവനുമായ ഒരു സഹോദരനാണു് അദ്ദേഹം. പക്ഷേ ഒരു കുററംമാത്രം, അദ്ദേഹം പണം കുഴിച്ചിട്ടുകയേ ഉള്ളു. എന്തെങ്കിലും ഒരു പൊതു ആവശ്യത്തിനു പണമാവശ്യപ്പെട്ടാൽ കേട്ടില്ല എന്നുതന്നെ നടിക്കും. അതുകൊണ്ടു ഫാദർ യെറോട്ടിയെപ്പോലെ ബധിരൻ എന്നു ഞങ്ങൾ ഒരു പഴമൊഴിയായി ചിലരോടെല്ലാം പറയാറുണ്ടു്. നിങ്ങൾ ഇത്ര നേരത്തെ എവിടേനിന്നു വരുന്നു."

"ഞാൻ ഡെഡോസ്റ്റോയൻെറ മില്ലിലാണു് ഉറങ്ങിയിരുന്നതു്."

ആബററു് അമ്പരന്നുനിന്നു.

"നിങ്ങൾ എന്തിനെയെങ്കിലും ഭയപ്പെട്ടുന്നുണ്ടോ?"

"യാതൊന്നുമില്ല. പക്ഷേ അവിടെ ഒരു സഹോദരൻ വന്നിട്ടുണ്ടു്."

ഓഗ്യനോവ് മോറിട്ട്ലിസ്കിയുമായുള്ള കൂടിക്കാഴ്ച ചുരുക്കി വിവരിച്ചു.

"നിങ്ങളെന്തുകൊണ്ടു് ആശ്രമത്തിലേയ്ക്കു വന്നില്ല." ആബററു് ദേഷ്യത്തോടെ ചോദിച്ചു: "നിങ്ങൾക്കു് അവിടെയുള്ള ഗോതമ്പുചാക്കിന്മേൽ കിടക്കാമായിരുന്നില്ലേ?"

"ഞങ്ങളുടെ സുഹൃത്തു് തുണിക്കനുസരിച്ചു് ഉടുപ്പു വെട്ടുന്നവനാണു്."

"ദൈവം അനുഗ്രഹിക്കട്ടെ. അയാൾക്കു നിങ്ങൾ എന്തു പേരാണു് നല്കിട്ടുള്ളതു്?"

"യറോസ്ലാവ് ബർസോബിഗോനക്. ഒരു ആസ്ത്രീയൻ ചെക്കുകാരൻ. അയാൾ ബൈലചെക്ക്വെറിയയിൽ ഒരു ഫോട്ടോഗ്രാഫറായിരിക്കും."

ഫാദർ നഥാനിയേൽ പൊട്ടിച്ചിരിച്ചു.

"നിങ്ങൾ ഈ രാഷ്ട്രീയപ്രവത്തകർ വളരെ ധീരരാണെന്നു തോന്നുന്നു. മൂന്നാമത്തെ പ്രാവശ്യം കൂട മുടക്കാതെ സൂക്ഷിക്കണെ!"

"അതൊന്നും പേടിക്കേണ്ട. കൊള്ളക്കാക്കുള്ളതുപോലെതന്നെ വിപ്ലവകാരികൾക്കും ഒരു ദൈവമുണ്ടു്." എന്നു പറഞ്ഞു് ഓഗ്യനോവ് അത്ഥവത്തായി ചിരിച്ചു. ഫാദർ നാഥനിയലിൻെറ തോക്കു വൃക്ഷത്തിനിടയിലൂടെ കണ്ട ഓഗ്യനോവ് ചോദിച്ചു: "അല്ല തോക്കുകൊണ്ടു വന്നുവോ?"

"ഞാൻ വിചാരിച്ചു ഒന്നു പരീക്ഷിച്ചുനോക്കാമെന്നു്. കുറെ മൃഗങ്ങളായി ഞാനതു തൊട്ടിട്ടു്. നിങ്ങൾ ഭൂലോകം മുഴവൻ ഭ്രാന്താക്കിയിട്ടുണ്ടു്. നിത്യവും രാവിലെ ഈ ആശ്രമത്തിൻെറ പടിക്കൽ എനിക്കു ഗാനങ്ങൾ കേൾക്കാം. ഈ പുതിയ ഫാലു് മരിച്ചവരേപ്പോലും ഉയത്തിക്കൊണ്ടുവരും. പിന്നെ എന്നെപ്പോലുള്ള ഒരു വൃദ്ധൻ പാപിയുടെ കഥ പറയണമോ?"

"ഒരുകൈ പരീക്ഷിച്ചുനോക്കുവാൻ ഇതത്ര ചീത്ത കാര്യമൊന്നുമല്ല ഫാദർ."

അങ്ങിനെ സംസാരിച്ചുകൊണ്ടു ഒരു ഭയാനകമായ രാത്രി കഴിച്ചുകൂട്ടിയ മില്ലിൻെറ പ്രാന്തത്തിൽ അവർ എത്തിച്ചേന്നു. ആ സ്ഥലത്തിൻെറ കാഴ്ചതന്നെ ഓഗ്യനോവിൻെറ നെററിയിൽ അഗാധമായ ചാലുകൾ ഉണ്ടാക്കി.

മിൽ ഇപ്പോഴും അടഞ്ഞുതന്നെ കിടക്കുകയാണു്. അന്ന

ത്തെ സംഭവത്തിൻെറ അടുത്ത ദിവസംതന്നെ നാം കണ്ടതു പോലെ സ്റ്റോയൻ നദിക്കരികെയുള്ള മററൊരു മിൽ വാടകക്കു് എടുത്തു.

നിറയെ കുററിച്ചെടികൾ വളൎന്നു് ഏതാണ്ടു് വിജനമായിത്തീൎന്ന ഈ സ്ഥലം ആ മനോഹരഭൂമിയിൽ ഒരു ശ്മശാനത്തിൻെറ പ്രതീതി ജനിപ്പിച്ചു.

അതേസമയത്തു് മൂഞ്ചോ പതുങ്ങിവന്നു് അവിടെനിന്നു് ഓഗ്യനോവിനെ സൂക്ഷിച്ചുനോക്കി. ബുദ്ധിശൂന്യനായ ആ വിഡ്ഢിയുടെ ചുണ്ടുകൾക്കിടയിൽ മനസ്സിലാക്കാൻ സാധിക്കാത്ത തരത്തിലുള്ള ഒരു പുഞ്ചിരി നിഴലിച്ചിരുന്നു. അയാളുടെ ഹൃദയത്തിൽ ഓഗ്യനോവു് ഉയൎത്തിയ സൗഹൃദം, ഭയം, ആദരവു് എന്നീ വികാരങ്ങളെല്ലാംതന്നെ ബോധശൂന്യമായ ആ നോട്ടത്തിൽ പ്രകടമായിരുന്നു. കുറെ കൊല്ലങ്ങൾക്കുമുമ്പു് ഒരു ദിവസം ഒരു തുൎക്കിപ്പൊല്ലീസുകാരൻെറ മുമ്പിൽവെച്ചു് അയാൾ മുഹമ്മദിനെ ശപിക്കയുണ്ടായി. അതിന്നു ശിക്ഷയായി പോലീസുകാരൻ തല്ലിത്തല്ലി നല്ല ജീവൻ കളഞ്ഞു. അതിന്നുശേഷം ഒരൊററ വിചാരം, ഒരൊററ വികാരം, വിവേകത്തിൻെറ ഒരൊററ രശ്മിമാത്രമേ വികലമായ ആ ബുദ്ധിമണ്ഡലത്തിൽ തങ്ങിനിന്നിരുന്നുള്ളു. തുൎക്കികളോടു ഭയങ്കരമായ, പൈശാചികമായ വെറുപ്പു്. രണ്ടു തുൎക്കികളുടെ വധത്തിനും ശവസംസ്കാരത്തിനും ആ മില്ലിൽ വെച്ചു ഒരു യാദൃച്ഛികദൃക്‌സാക്ഷിയായിത്തീൎന്നിരുന്ന അയാൾക്കു് ഓഗ്യനോവിനോടു വൎണ്ണനാതീതമായ ആദരവും ഭയവും തോന്നിയിരുന്നു. അയാൾ ഓഗ്യനോവിനെ 'റസ്യാൻ' എന്നു വിളിക്കാൻ തുടങ്ങി. ഒരാൾക്കും അതിൻെറ ശരിയായ അൎത്ഥം മനസ്സിലായില്ല. അന്നൊരു ദിവസം രാത്രി ഗാലറിയിൽവെച്ചു ഓഗ്യനോവു് അയാളെ ഭയപ്പെടുത്തിയെങ്കിലും കൂടെക്കൂടെയുള്ള അയാളുടെ ആശ്രമസന്ദൎശനം കൊണ്ടു വിഡ്ഢിക്കു് അയാളെ ഏതാണ്ടു പരിചയമായിത്തുട

ങ്ങടിയിരുന്നു. അയാളുടെ മുഖത്തേക്കു തുറിച്ചുനോക്കി അവൻ പല്ലിളിക്കും. അയാളെ ഒരു രക്ഷകനെന്നുതന്നെ ആ സാധു കരുതി. ആശ്രമവാസികൾ ആരെങ്കിലും ആ പാവത്തിനെ അലോഹ്യപ്പെടുത്തിയാൽ 'ഞാൻ റസ്യാനോടു പറഞ്ഞു നിങ്ങളുടെ കഴുത്തും കണ്ടിച്ചുകളയും' എന്നു പറഞ്ഞു കഴുത്ത് അറുക്കുന്ന ആംഗ്യം കാണിക്കും. ആക്കും ഇതിൻെറ അത്ഥം മനസ്സിലായില്ല, ഭാഗ്യം. സാധാരണ പട്ടണത്തിൽ പോകുമ്പോഴും മൂഞ്ചോ ഇതു് ആവത്തിക്കുമായിരുന്നു തൻെറ തല കുലുക്കി, അവരെ നോക്കി ഇളിച്ചുകൊണ്ടു നിന്നിരുന്ന അവനെ ആബറോറാ ഓഗ്യനോവോ തീരെ ഗൗനിച്ചില്ല.

"ഇതാ നോക്കു ഓൺബാസി ഈ വഴിയെ വരുന്നുണ്ടു്." ആബററു് പറഞ്ഞു,

വാലററു പുറകിലും തോക്കു തോളിലുമായി ഓൺബാസി പ്രത്യക്ഷപ്പെട്ടു. അയാൾ നായാട്ടുവാൻ പുറപ്പെട്ടതായിരുന്നു.

ഉന്തിനില്ക്കുന്ന നെററിയും ചാരനിറത്തിലുള്ള കണ്ണുകളും അലസമായ നോട്ടവുമുള്ള ഒരു മുപ്പത്തിയഞ്ചുകാരനായിരുന്നു അയാൾ. ഇടുങ്ങിവീത്ത ആ മുഖം, അയാൾ ഒരു കറുപ്പുതീനിയാണെന്നു വ്യക്തമാക്കിയിരുന്നു.

ഉപചാരവാക്കുകളും അക്കൊല്ലത്തെ നായാട്ടിനെപ്പററിയുള്ള ചില വാത്തകളും കൈമാറിയതിനുശേഷം ഓൺബാസി ശ്രദ്ധാപൂവ്വം ആബററിൻെറ തോക്കു ഒരു നായാട്ടുകാരൻെറ ദൃഷ്ടിയോടെ പരിശോധിച്ചു.

"എഫൻഡി വളരെ നല്ല തോക്കു്; നിങ്ങൾ എവിടെയാണു് നായാട്ടുവാൻ പോകുന്നതു്?"

"അതുതന്നെയാണു് ഞാനും ആലോചിക്കുന്നതു്. ഒരു കൊല്ലത്തിന്നുമീതെയായി ഞാനിതു കൈകൊണ്ടു തൊട്ടിട്ടു്.

ഒന്നുമില്ല എങ്കിലും ഇതു് നിറയൊഴിച്ചു കളയാമെന്നു ഞാൻ ആലോചിച്ചു.''

തൻെറ സാമർത്ഥ്യം വെളിപ്പെട്ടത്താമെന്ന ഉദ്ദേശത്തോടെ തൻെറ തോക്ക തോളിൽനിന്നെടുത്തു് ഓൺബാസി ചോദിച്ചു: ''എന്താണു് നിങ്ങളുടെ ലക്ഷ്യം?''

പെട്ടെന്നു് ആബററു് പറഞ്ഞു: ''അതാ ആ കൊട്ടമുടിയിൽ, കളിമണ്ണു കുഴിച്ചെട്ടുത്ത സ്ഥലത്തിൻെറ അട്ടക്കൽ തൊപ്പിപോലെ ഒരു കുററിച്ചെടിക്കൂട്ടം കാണുന്നില്ലെ അതു തന്നെ.''

ഓൺബാസി അത്ഭുതത്തോടെ അയാളെ നോക്കി.

''ഓ അതു വളരെ ദൂരത്തല്ലെ.''

താഴെ പാറയിൽ ചമ്രംപടിഞ്ഞിരുന്നു് തോക്കെടുത്തു് ഒരു പത്തുനിമിഷനേരത്തേക്കു് അയാൾ ഉന്നം നോക്കി.

വെടിപൊട്ടി; പക്ഷെ ഉണ്ട ചെന്നതു് ലക്ഷ്യത്തിൽ നിന്നു നിരവധി അടികൾ അകലെയാണു്. ഷെറീഫ്ആഗയുടെ ചുവന്ന നെററിയിൽ അലോഹ്യത്തിൻെറ കാറ് പടന്നു പിടിച്ചു.

''ഒരിക്കൽക്കൂടെ പരീക്ഷിക്കട്ടെ'' എന്നു പറഞ്ഞു് അവിടെ ഇരുന്നു ഒരു മിനിററു് അയാൾ ഉന്നം നോക്കി. വെടി പൊട്ടിയപ്പോൾ അയാൾ എണീററുനിന്നു കുററിച്ചെടികൾക്കിടയിലേക്ക സൂക്ഷിച്ചുനോക്കി. പക്ഷെ പുകയുയന്നിരുന്നതു് ചെടിക്കൂട്ടത്തിൻെറ മുകളിലുള്ള പാറകൾക്കിടയിൽ നിന്നാണു്.

ആബററു് തോക്കെടുത്തു് ധൃതിയിൽനിന്നുകൊണ്ടുതന്നെ വെടിവെച്ചു. കുററിക്കാട്ടുകൾ കിടന്നു ചാഞ്ചാടി.

''ഓ ഇതു് ഇപ്പോഴും എന്നെ അനുസരിക്കുന്നുണ്ടു്.''

''ശരി ഒന്നുകൂടി വെടിവെയ്ക്കൂ'' ഓൺബാസി പറഞ്ഞു.

ആ ബാററു് ഒരിക്കൽക്കൂടി ലക്ഷ്യംനോക്കി വെടിപൊട്ടിച്ചു. ഉണ്ട ശരിക്കു ചെടിക്കൂട്ടത്തിൽ ചെന്നു തറച്ചു. ഓൺബാസി വിളർത്തുപോയി. അയാൾ ദ്വേഷ്യത്തോടെ പറഞ്ഞു.

"എഫിൻഡി. നിങ്ങൾ ഒരു നല്ല നായാട്ടുകാരനാണു്. പക്ഷെ ഒരു കൊല്ലമായി തോക്കു തൊട്ടിട്ടു് എന്ന കഥ ഞാൻ തീരെ വിശ്വസിക്കുന്നില്ല. ഇവിടെ നിത്യം വരുന്ന ചെറുപ്പക്കാർക്കു് ശിക്ഷണം കൊടുക്കുകയാണെങ്കിൽ അതൊരു നല്ല കാര്യമാവും." വെറുപ്പോടെ അയാൾ തുടൎന്നു. "അവർ വളരെ ഭയങ്കരന്മാരാകുന്നുണ്ടു്, എന്തോ ഒന്നു അവരെ കടിക്കുന്നുണ്ടു്. പക്ഷെ ഈയയിടെ തന്നെ ഒരു ദിവസം ശൈത്താൻ അവരുടെ ചെരിപ്പു ഊരുകതന്നെ ചെയ്യും." ഓഗ്യനോവിൻെറ നേരെ തിരിഞ്ഞപ്പോൾ ഓൺബാസിയുടെ കണ്ണുകളും നോട്ടങ്ങളും കുറെക്കൂടി മൃഗീയമായി വിദ്വേഷം വമിച്ചു.

ആ സമയത്തു് മൂഞ്ചോ അവരിൽനിന്നു ബഹുമാനപൂൎവ്വം അകന്നുനില്ക്കുകയായിരുന്നു. പക്ഷെ അയാൾ ആകെ മാറിയിരുന്നു. ബോധശൂന്യമായ ഭയവും മൃഗീയമായ വെറുപ്പും അയാളുടെ അവയവങ്ങളെ വക്രിപ്പിച്ചു, ചാടാൻപോകുന്ന ഒരാളെപ്പോലെ കൈ അകത്തിപ്പിടിച്ചുകൊണ്ടു് അയാൾ ഓൺബാസിയെ പേടിപ്പിക്കുന്ന തരത്തിൽ നോക്കി. യാന്ത്രികമായി അങ്ങോട്ടു് തിരിഞ്ഞ ഓൺബാസി അയാൾക്കു പുച്ഛംനിറഞ്ഞ ഒരു നോട്ടം സമ്മാനിച്ചു. പെട്ടെന്നു് ആ ഭ്രാന്തൻെറ മുഖം കൂടുതൽ പൈശാചികമായി. വിദ്വേഷംകൊണ്ടു പതറുന്ന സ്വരത്തിൽ അയാൾ അലറി.

"റസ്യാൻ നിങ്ങളുടെ കഴുത്തും അറുക്കും." തുടൎന്നു് കുറെ ചീത്തശാപങ്ങളും. ബൾഗേരിയൻ ഭാഷ അറിഞ്ഞുകൂടാത്ത ഓൺബാസിക്കു അതിൻെറ തലയോ വാലോ മനസ്സിലായില്ല.

"എന്താണ് ആ ഭ്രാന്തൻ അവിടെനിന്നലറുന്നത്" അയാൾ ആബററിനോടു ചോദിച്ചു.

"പ്രത്യേകിച്ച് ഒന്നും അല്ല. അയാളെ കണ്ടാൽ അറിഞ്ഞുകൂടെ അയാൾ ആരാണ് എന്ന്."

"പക്ഷെ എന്താണ് മൂഞ്ചോവിനു ഇവിടെ ഇത്ര ദേഷ്യം. സാധാരണ പട്ടണത്തിൽ വരുമ്പോൾ അയാൾ വളരെ ശാന്തനായാണല്ലോ പെരുമാറാറു" ഓഗ്യനോവ് പറഞ്ഞു.

നിങ്ങൾക്കറിയില്ലെ സ്വന്തം ചാണകക്കുഴിയിൽ നില്ക്കുമ്പോൾ ഏതു കോഴിയും സ്വയം കൂവിപ്പോകും.

ആ സമയത്ത് മേൽനിറയെ കറുത്ത പുള്ളികളുള്ള മണികെട്ടിയ തോൽവാർ കഴുത്തിൽ ധരിച്ച ഒരു ഭംഗിയുള്ള നായ മൈതാനത്തിൽക്കൂടി ഓടിവന്നു. എല്ലാവരുടെയും ശ്രദ്ധ അതിന്റെ നേക്കായി. ഓഗ്യനോവ് താനറിയാതെ ഞെട്ടി.

അതു് മില്ലിൽ എത്തി വാതിൽക്കൽ ഒന്നു മണപ്പിച്ച് പുല്ലിൽ ഓടിനടന്നു ദയനീയമായി ഓളിയിടാൻ തുടങ്ങി.

ഒരു മരവിപ്പിക്കുന്ന തണുപ്പ് ഓഗ്യനോവിന്റെ ദേഹമാസകലം വ്യാപിച്ചു.

"ഇതു് അപ്രത്യക്ഷനായ എംകിസീസ് ഫയൽമാന്റെ നായാട്ടു നായാണ്." ഓൺബാസി പറഞ്ഞു.

"നായ ഓടിപ്പോന്നതാവും ആരെങ്കിലും ഇവിടെ അടുത്ത് നായാടുവാൻ വന്നിട്ടുണ്ടാവണം." ആബററു് പ്രസ്താവിച്ചു.

ഓഗ്യനോവ് പെട്ടെന്നു മനസ്സിലാക്കിയ ആ നായ മില്ലിനെ ചുററി അതിന്റെ ഉമ്മറത്തു ചെന്നു മാന്തി പുല്ലിൽ കുഴിതോണ്ടി ഓളിയിട്ടുകൊണ്ടിരുന്നു. പിന്നെ അതു തന്റെ നനഞ്ഞ നീണ്ട മോന്ത പൊക്കിപ്പിടിച്ച് ശ്രദ്ധയാകർഷിക്കാ

നെന്നവിധത്തിൽ ഉറക്കെ കുരയ്ക്കാൻ തുടങ്ങി. ആ കുര ഓഗ്യനോവിൻെറ ആത്മാവിൽ ഭയങ്കര പ്രതിധ്വനി ചേർത്തു. ഇടിവെട്ടുകൊണ്ടപോലെ ആബേറവും അയാളും അന്യോന്യം നോക്കി. പരിഭ്രാന്തി അലതല്ലുന്ന മുഖവുമായി ഓൺബാസി അതെല്ലാം ശ്രദ്ധയോടെ നോക്കിനിന്നു.

അവരുടെ നേരെനോക്കി നായ തൻെറ കുരയും ഓളിയിടലും തുടൻു.

പെട്ടെന്നു അതു ഓഗ്യനോവിൻെറ നേരെ ചാടി. ഭയങ്കരമായി കുരച്ചുകൊണ്ടു ഒരു ചെന്നായയെപ്പോലെ തൻെറ ദേഹത്തിലേക്കു വന്നുവീഴുന്ന നായയെ തടുക്കാൻ അയാൾ ധൃതിയിൽ പരിഭ്രമിച്ചു പിന്നോക്കം ചാടി. കുപിതനായ ആ ജന്തുവിൽനിന്നു സ്വയം രക്ഷിക്കാനായി കഠാരി ഊരി. ഒരു കല്ലുപോലും അടുത്തു കിട്ടാത്ത ആബേറു് ആംഗ്യം കാട്ടി അതിനെ ഓടിക്കാൻ നിഷ്ഫലമായി യത്നിച്ചു.

ഈ അസാധാരണദൃശ്യം തികഞ്ഞ നിശ്ശബ്ദതയോടെ ഓൺബാസി വീക്ഷിച്ചുകൊണ്ടുനിന്നു. പ്രകാശത്തിൽ മിന്നിത്തിളങ്ങുന്ന കഠാരിയേയും ഓഗ്യനോവിനേയും പൈശാചികമായി അയാൾ സൂക്ഷിച്ചുനോക്കി. ഒടുവിൽ ആത്മരക്ഷയ്ക്കുവേണ്ടി ഓഗ്യനോവ് നായയെ കുത്തിക്കൊല്ലും എന്നു കണ്ടപ്പോൾ––നായ കഠാരിയുടെ അടുക്കൽനിന്നു മാറി മറുഭാഗത്തു് ആക്രമണം തുടരുകയായിരുന്നു—ഓൺബാസി ഇടപെട്ടു നായയേയും മനുഷ്യനേയും വേർപെടുത്തി. പിന്നീടു് ശ്വാസംമുട്ടി കിതച്ചുകൊണ്ടുനിൽക്കുന്ന ഓഗ്യനോവിൻെറ നേരെ തിരിഞ്ഞയാൾ ചോദിച്ചു.

"ചോർബാഡ്ജി ഈ നായക്കു് എന്താണു് നിങ്ങളോടു് ഇത്ര അധികം ദ്വേഷ്യം."

സ്വസ്ഥതനടിച്ചുകൊണ്ടയാൾ മറുപടി പറഞ്ഞു.

"എവിടെവെച്ചാണു് എന്നറിയില്ല. ഒരു ദിവസം

ഞാൻ ഇതിനെ കല്ലുകൊണ്ടു് ഒന്നു് എറിഞ്ഞു.''

ഓൺബാസി വിശ്വാസമില്ലാതെ അയാളുടെ മുഖത്തേക്ക സൂക്ഷിച്ചുനോക്കി. അയാൾ ആ മറുപടികൊണ്ടു സംതൃപ്തനായിട്ടില്ല എന്നതു സുവ്യക്തമായിരുന്നു.

അയാളുടെ മനസ്സിൽ തെളിഞ്ഞതല്ലാത്ത ചില സംശയങ്ങൾ നാമ്പുയൎത്തി. പക്ഷെ അതിനെപ്പററി പിന്നീട്ട് ആലോചിക്കാമെന്നയാൾ തീരുമാനിച്ചു. അതുകൊണ്ടു് ഓഗ്യനോവിൻെറ മറുപടികൊണ്ടു തൃപ്തനായെന്നപോലെ അയാൾ പറഞ്ഞു.

''ഈജാതി നായ്ക്കൾക്ക വലിയ പ്രതികാരസ്വഭാവമാണുള്ളതു്.''

അയാൾ ആബററിനെ വന്ദിച്ചു ചുരത്തിൽക്കൂടി ഇറങ്ങി അപ്രത്യക്ഷനായി.

വാലുമുയൎത്തിപ്പിടിച്ചു തൻെറ പുതിയ യജമാനൻെറ ഒപ്പമെത്താൻ നായയും കുതിച്ചോടി.

''നിങ്ങളാജന്തുവിനെ കൊല്ലുമെന്നാണു് ഞാൻ വിചാരിച്ചതു്.'' ആബററു് പറഞ്ഞു.

''ഞാനതിനെ പകുതി ജീവനാക്കി മുങ്ങിച്ചാവാൻ വേണ്ടി ആ നദിയിലേക്കു് എറിഞ്ഞതാണു്, പക്ഷെ അതിതാ വീണ്ടും നിർഭാഗ്യവശാൽ ജീവിച്ചുവന്നിരിക്കുന്നു.''

ഓഗ്യനോവ് സങ്കടത്തോടെ പറഞ്ഞു.. ''ഡൈഡ്യോസ്റ്റോയൽ പറഞ്ഞതു് ശരിയായിരുന്നു. മററ നായ്ക്കളോടൊപ്പം ഇതിനെയും കുഴിച്ചിടേണ്ടതായിരുന്നു. അല്ല എന്തിനാണു് ആ കഴുത പോലീസുകാരൻ തക്കസമയത്തുതന്നെ ഇവിടെ എത്തിയതു്. ഒട്ടും പ്രതീക്ഷിക്കാത്ത അവസരത്തിലും സ്ഥലത്തുമാണു് കുഴപ്പങ്ങൾ തലയുയൎത്തുന്നതു്.''

''നിങ്ങൾ അവരെയും യഥാൎത്ഥത്തിൽ കൊന്നിട്ടുണ്ടോ ഈ നായയെപ്പോലെ അവരിൽ ആരെങ്കിലും ജീവിച്ചുവന്നു

എന്നു വരുമോ" സന്ന്യാസി ചോദിച്ചു. "ഈ മാതിരി ഒരു കൃത്യം ചെയ്യാനൊരുങ്ങുമ്പോൾ അതിൻെറ അവസാനംവരെ ചെയ്തുതീർത്തിട്ടെ നിർത്താവൂ. ബോയ്ച്ചോ ഈവക കാര്യത്തിൽ നീ ഒരു അപരിചിതനാണ്. പക്ഷെ എല്ലാം ശരിയാകുമെന്നുതന്നെ വിശ്വസിക്കുക. നമ്മൾ അവരെ രണ്ടു പേരേയുംപററി അടിച്ചുവിട്ട നുണകൾകൊണ്ടു തുക്കികൾ അടങ്ങിയിരിക്കയാണ്, ഞാൻ എൻെറ ചെവി തുറന്നുതന്നെ ഇരിയ്ക്കും."

ആ സമയത്തു് ഓഗ്യനോവ് ദത്തശ്രദ്ധനായി ആ തുക്കികളെ കുഴിച്ചിടപ്പെട്ട സ്ഥലത്തേക്കുതന്നെ നോക്കിക്കൊണ്ടിരിക്കയായിരുന്നു. അയാളുടെ അത്ഭുതത്തിനു അവിടെ കണ്ടതു്, ആരോ അവിടെ വളരെ അധികം കല്ലുകൾ പെറുക്കിയിട്ടിരിക്കുന്നതായിട്ടാണ്. അയാളോ മില്ലറോ അവിടെ കല്ലുകൾ കൂട്ടിയിരുന്നില്ല. അയാൾ തൻെറ അത്ഭുതം ആബററിനെ അറിയിച്ചു. വെറുതെ ആരെങ്കിലും അതു ചെയ്തതാവാമെന്നു പറഞ്ഞു ആബററു് അയാളെ സമാശ്വസിപ്പിച്ചു. അവരറിഞ്ഞില്ല മൂഞ്ചോ ദിവസേന അവിടെ പ്പോയി ശാപവചസ്സുകളോടെ തുക്കികളുടെ ശ്മശാനത്തിൽ കല്ലുകൾ എറിയാറുണ്ടു് എന്നു്. പരിസരങ്ങളിലുള്ള എല്ലാ കല്ലുകളും അങ്ങിനെ അവിടെ അങ്ങിനെ എറിയപ്പെട്ടിരുന്നു.

ഓഗ്യനോവ് കൈനീട്ടി.

"നിങ്ങൾ പോകുകയാണോ."

"അതെ എനിക്കു കുറച്ചു ധൃതിയുണ്ടു്. നാടകത്തിനുവേണ്ടി എനിക്കു കുറെ അധികം പണിയെടുക്കുവാനുണ്ടു്. ആ നശിച്ച നായ ഞാൻ പഠിച്ചിരുന്നതെല്ലാം എൻെറ തലയിൽനിന്നു് തെറിപ്പിച്ചു കളഞ്ഞു."

നിങ്ങൾ ആരായാണ് അഭിനയിക്കുന്നതു്.

"പ്രഭു."

"പ്രഭുവോ, എവിടെയാണാവോ അങ്ങയുടെ രാജ്യം."

ആബററ് നേരംപോക്കിൽ പോദിച്ചു.

അറിയില്ലേ ഡയർബക്കീർ കോട്ട, ഞാനതു ആക്ഷവേണമെങ്കിലും സമ്മാനിക്കാൻ തയ്യാറാണ്.

ഓഗ്യനോവ് പോയി.

## അദ്ധ്യായം 17

## നാടകം

അന്നു് സായാഹ്നത്തിൽ ആൺകുട്ടികളുടെ സ്കൂളിൽവെച്ച് അരങ്ങേറുവാൻ പോകുന്ന 'ദുരന്തമനുഭവിച്ച ജനവിവ്' എന്ന നാടകം ചെറുപ്പക്കാരായ വായനക്കാർക്ക് എല്ലാവർക്കും പരിചിതമായിരിക്കുകയില്ല. മുപ്പതുകൊല്ലങ്ങൾക്കു മുമ്പു് അക്കാലത്തെ ജനതയുടെ ആകമാനം ആസ്വാദനവും ആദരവും ഇതും ഇക്കൂട്ടത്തിൽപ്പെട്ട 'മൈക്കേൽ' 'ബെർത്തോൾഡ് ദ കണ്ണിങ്ങ്' 'അലക്സാൻഡ്രിയ' എന്നീ ഗ്രന്ഥങ്ങളും നേടിയിട്ടുണ്ടു്. കഥ ചുരുക്കത്തിൽ താഴെ പറയും പ്രകാരമാണു്. ''സിഗ്ഫ്രീഡ്' എന്ന ഒരു ജർമ്മൻ പ്രഭു ആശ്വസിപ്പിക്കുവാൻ അസാദ്ധ്യമായവിധത്തിൽ ദുഃഖിതയും ചെറുപ്പക്കാരിയുമായ തൻെറ ഭാര്യയെ—'ജനവിവ്പ്രഭ്വിയെ'—നാട്ടിൽവിട്ടു് സ്പെയിനിലെ മൂറുകളുമായി യുദ്ധം ചെയ്യാൻ പോകുന്നു. അയാൾ പോയി അധികം കഴിയുന്നതിനുമുമ്പുതന്നെ പ്രഭുവിൻെറ ഒരു അനുചരനായ 'ഗോലോസ്' പ്രഭ്വിയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു് അവളെ ദുർന്നടപടികൾക്കു് പ്രേരിപ്പിക്കുന്നു. അവർ കുപിതയായി ഈ അനാശാസ്യതയെ ചെറുത്തുനില്ക്കുന്നു. പ്രതികാരബുദ്ധിയാൽ പിശാചായിമാറുന്ന 'ഗോലോസ്' പ്രഭ്വിയുടെ വിശ്വസ്തസഹചരനായ 'ഡ്രാക്കോ'വിനെ കൊന്നുകളഞ്ഞു് അവളെ തുറുങ്കിൽ അടയ്ക്കുന്നു. 'ഡ്രാക്കോ'വുമായി പ്രഭ്വി അസന്മാർഗ്ഗികബന്ധം പുലർത്തുന്നു എന്നയാൾ പ്രഭുവിനെ അറിയിക്കുന്നു. പ്രഭുവാകട്ടെ വിദ്വേഷംകൊണ്ടു മതിമറന്നു തൻെറ അവി

ശാന്തയായ ഭാൎയ്യയെ കൊലചെയ്യുവാൻ ഉത്തരവിടുന്നു. പക്ഷെ അവളെ വധിക്കുവാനായി ഗോലോസ് ഏൎപ്പാടു ചെയ്യുന്ന ഘാതകന്മാൎക്ക് പ്രഭ്വിയിൽ ദയതോന്നി അവളെയും അവളുടെ പിഞ്ചുപൈതലിനെയും കാട്ടിൽ വിട്ടുപോന്നു. ഗോലോസിനോടു അവരെ ശരിപ്പെടുത്തിയെന്നു നുണ പറയുന്നു. ഏഴ് സംവത്സരങ്ങൾ കഴിഞ്ഞു പ്രഭു നാട്ടിലേക്കു മടങ്ങുകയാണ്. ജനവിവ് എഴുതിവെച്ച ഒരെഴുത്തിൽനിന്നു ഭാൎയ്യയുടെ നിരപരാധിത്വവും നിഷ്കളങ്കതയും മനസ്സിലാക്കിയ പ്രഭു അവളുടെ അകാലചരമമോൎത്ത് അത്യധികം വിവശനാകുന്നു. ഗോലോസിനെ അയാൾ തടവിലാക്കി. അവിടെ വെച്ചു പശ്ചാത്താപം വൎദ്ധിച്ച അയാൾക്കു ഭ്രാന്തുപിടിക്കുന്നു.

ഒരു ദിവസം മനസ്സിന്നു അല്പം സൈ്വര്യം കിട്ടുവാൻ നായാട്ടിന്നു പോകുന്ന പ്രഭു ഒരു ഗുഹക്കരികെവെച്ചു പത്നിയേയും പുത്രനേയും അവൎക്കു പാലുകൊടുക്കുന്ന ഒരു മാൻപേടയേയും യാദൃച്ഛികമായി കണ്ടുമുട്ടുന്നു. പരസ്പരം തിരിച്ചറിഞ്ഞ അവർ സന്തോഷത്തോടെ അരമനയിലേക്കു മടങ്ങി. ഈ ഹൃദയസ്പൃൎശിയായ കഥ പട്ടണത്തിലെ സൎവ്വസ്ത്രീകളുടേയും, വൃദ്ധകളുടേയും ചെറുപ്പക്കാരുടേയും കണ്ണിൽനിന്നു നീർ ചാടിച്ചിരുന്നു. ജനവിവിന്റെ ഇതിഹാസം സാമാന്യം എല്ലാവൎക്കും അറിയാമായിരുന്നു. മിക്ക സ്ത്രീകൾക്കും നാടകം മനപ്പാഠവുമായിരുന്നു.

ഒരുപാടു ദിവസങ്ങളായി ഇന്നത്തെ നാടകം പൊതുവായ ആവേശത്തിന്നും സംസാരങ്ങൾക്കും പ്രേരണ നൽകിയിരുന്നു. ബൈലചർക്കേവിലെ വിരസമായ ജീവിതഗതിക്കു സന്തുഷ്ടമായ ഒരു വ്യതിയാനം വരുത്തുവാൻ പോന്ന ഈ പ്രധാനാവസരത്തെ എല്ലാവരും അക്ഷമയോടെ കാത്തിരിക്കുകയായിരുന്നു. സൎവ്വരും തിയേററിലേക്കുപോകുവാൻ തയ്യാറെടുക്കുകയാണ്. സമ്പന്നകൾ വസ്ത്രങ്ങൾ തി

രഞ്ഞെടുത്തുവെയ്ക്കുമ്പോൾ സാധുസ്ത്രീകൾ തങ്ങൾ നൂററുണ്ടാക്കിയ നൂൽ ചന്തയിൽ കൊണ്ടുപോയി വിററു് അപ്പോൾതന്നെ ടിക്കററുവാങ്ങി—താമസിച്ചാൽ ആ പണം നിത്യാവശ്യസാധനങ്ങളായ ഉപ്പോ സോപ്പോ വാങ്ങിക്കുവാൻ ഉപയോഗിച്ചാലൊ എന്നവർ ഭയപ്പെട്ടിരുന്നു. എല്ലാ ഗാർഹികവും സാമുദായികവുമായ അപവാദങ്ങൾക്കും തൽക്കാലമൊരു ശാന്തികൊടുത്തു് എല്ലാ സംഭാഷണങ്ങളും നാടകത്തിനെ കേന്ദ്രമാക്കി വളരുകയാണു്. പള്ളിയിൽവെച്ചു വൃദ്ധകൾ ചോദിച്ചു "ഗാന ഇന്നു രാത്രി 'ജനവിവ്' കാണാൻ പോകുന്നില്ലേ" അങ്ങിനെ അവർ നീണ്ട കാലമായി വേദന സഹിക്കുന്ന ജനവിവിനുവേണ്ടി കണ്ണുനീർ പൊഴിക്കുവാൻ തയ്യാറെടുത്തു. വീടുകളിൽ അഭിനേതാക്കളെപ്പററിയുള്ള ചർച്ചകൾ ഉണ്ടായി. ഓഗ്യനോവാണു് പ്രഭുവിൻെറ ഭാഗമഭിനയിക്കുന്നതു് എന്ന വസ്തുത എല്ലാവർക്കും തികഞ്ഞ സംതൃപ്തി നൽകി. ഒടുവിൽ ഭ്രാന്തുപിടിക്കുന്ന ചതിയനായ ഗോലോസിൻെറ ഭാഗം ഏറെറടുത്തിട്ടുള്ളതു് ഉൽക്കടവികാരങ്ങൾ ഇഷ്ടപ്പെടുന്ന ഫ്രേയ്ററോവാണു്. ആ ഭാഗത്തിനു തീവ്രത നൽകാനായി കുറെക്കാലമായി അയാൾ തലമുടി വെട്ടിച്ചിട്ടു്. ജിജ്ഞാസുവായ ഇലിയയാണു് ഡ്രാക്കോവായിവരുന്നതു്. അന്നുതന്നെ പത്തിരുപതു പ്രാവശ്യമായി അയാൾ ഗോലോസിൻെറ വാളേററു് എങ്ങിനെയാണു് മരിക്കേണ്ടതു് എന്നു് അഭിനയിച്ചുനോക്കുന്നു. പ്രഭുവിൻെറ നായാട്ടു നായയായിട്ടു നാടകം കുറയാചുമ്പോൾ കുരയ്ക്കേണ്ട ചുമതലയും ഇലിയക്കാണു്. ഇതു വളരെ ശ്രദ്ധിച്ചുതന്നെ പഠിക്കേണ്ട ഒരു ഭാഗമാണു്. വിക്കൻെറിയുടെ ഭംഗിയേറിയ തലമുടി കാരണം ജനവിവിൻെറ ഭാഗം അദ്ദേഹം എടുക്കണമെന്നതായിരുന്നു പലരുടെയും അഭിപ്രായം. പക്ഷെ അദ്ദേഹത്തിൻെറ വസ്ത്രങ്ങൾ രംഗത്തിൽ പ്രദർശിപ്പിക്കുവാൻ പററിയതല്ലാതിരുന്നതുകൊണ്ടു് ആ ഭാഗം, വേറെ ആക്കോ

കൊട്ടത്തു, കൂട്ടത്തിൽ അയാളുടെ മീശ മറച്ചുപിടിക്കുവാൻ ഒരു പാത്രം വെള്ള "പൊമേഡ്ഡും" ബാക്കിയുള്ള ഭാഗങ്ങളും വീതിച്ചുകൊട്ടത്തു കഴിഞ്ഞിരുന്നു.

രംഗസംവിധാനം മുഴുവൻ അല്പം പണച്ചിലവിന്മേൽ നിർവ്വഹിക്കുകഎന്നതു് വളരെ എളുപ്പമല്ലായിരുന്നു. സർവ്വവും ഒരു ചുവന്ന കർട്ടൺ കൊണ്ടുകഴിക്കേണ്ടിവന്നു. അലങ്കരണത്തിന്നുവേണ്ടി അതിന്മേൽ എന്തെങ്കിലും ഒരു ഇതിഹാസം വരക്കാനായി ഡെബ്രീറിൽനിന്നു ഒരു ചിത്രകാരനെയും അവർ കൂട്ടിക്കൊണ്ടുവന്നിരുന്നു. പ്രഭുവിൻെറ അരമന അലങ്കരിക്കുവാൻ പട്ടണത്തിലെ ഭേദപ്പെട്ട വീട്ടുകളിലെ സാമാനങ്ങളുടെ സേവനമാവശ്യമായിരുന്നു. പോപ്ലാർ മരങ്ങളുടെ ചിത്രമുള്ള ഹാജി 'ഗ്രുറോവി'ൻെറ ജാലകകർട്ടൺ, 'കരാഗിസിവോ'ൻെറ പരവതാനി, 'മൈക്കോബിസേഡ്'ൻെറ ഭംഗിയേറിയ സ്ഫടികപാത്രങ്ങൾ, "നിക്കലോയ് നെട്കോവിച്ചിൻെറ" ഫ്രാൻകോ പ്രഷ്യൻ യുദ്ധരംഗത്തിൻെറ പടം 'ബൻഞ്ചോല്യ'വിൻെറ കാലൊടിഞ്ഞ പഴയ സോഫ,(അതാണ് ആ പട്ടണത്തിൽ ആകെയുണ്ടായിരുന്നതു്), "മാക്കോഐവനോവിൻെറ ബൃക്കാറസ്റ്റിൽനിന്നു വാങ്ങിച്ച വലിയ കണ്ണാടി, രക്തസാക്ഷികളുടെ പടങ്ങൾ, കോൺവെൻറിൽ നിന്നു കുറെ കുഷ്യനുകൾ, സ്കൂളിലെ ഗ്ലോബും, ഒരു ആസ്ത്രേലിയയുടെ ഭൂപടവും. ഈ പ്രദർശനത്തെ പ്രകാശമാനമാക്കാൻ പള്ളിയിൽനിന്നു ചെറിയ തൂക്കുവിളക്കും, അവർ സമ്പാദിച്ചു. ഗോലോസിന്നു ഉപയോഗിക്കുവാൻ കോനാക്കുപോലും അയാളുടെ വിലങ്ങ് കൊട്ടത്തയച്ചു. മൂന്നു കൊല്ലംമുമ്പു് 'റെയ്ന രാജകുമാരി' അഭിനയിച്ചപ്പോൾ ഉപയോഗിച്ചതായിരുന്നു ഇപ്പോഴത്തെയും വേഷവിധാനങ്ങൾ. പ്രഭു 'സെസ്റ്റോസ്ലാവിൻെറ കട്ടംചുവപ്പുട്ടുപ്പും, ജനവീവ് റെയ്നയുടെ വസ്ത്രങ്ങളും ധരിച്ചു. പ്രകാശിപ്പിക്കുന്ന ഒരു ജോഡി വെല്ലിങ്ങ്ടൺ ഷൂസും, എന്തോ ചില കണ്ഠാഭരണവും ഗോലോസ്

തൻെറ വേഷത്തോടൊപ്പം അണിഞ്ഞിരുന്നു. ലഹളയ്ക്കുവേണ്ടി തീപ്പിച്ചുവെച്ചിരിക്കുന്ന ഒരു വലിയ കഠാരി ഘാതകന്മാരിൽ ഒരാളായ ശാഞ്ചോപപ്പോവ് ധരിച്ചിരുന്നു. മിഖലഖായ് ആലഫ്രാൻകയുടെ വൃത്തികെട്ട കൂമ്പൻ തൊപ്പി ധരിച്ച ഡ്രേക്കോ ഒരു കാഴ്ചതന്നെയായിരുന്നു. ഇതിന്നെതിരായി ബോസ്ലോ കാര്യമില്ലാതെ—പ്രതിഷേധിച്ചുനോക്കി. ബാക്കി എല്ലാ അഭിനേതാക്കളും അഭിപ്രായപ്പെട്ടതു് രംഗം ഇതുമൂലം കൂടുതൽ ഗംഭീരമാകുമെന്നായിരുന്നതിനാൽ അയാൾക്കു നിരാശയോടെ തൻെറ പ്രതിഷേധം ഉപേക്ഷിക്കേണ്ടതായിവന്നു.

സൂര്യാസ്തമനത്തോടെ തിയേററിൽ ആളുകൾ തിങ്ങിക്കൂടാൻ തുടങ്ങി. പ്രത്യേക ക്ഷണനപ്രകാരം സന്നിഹിതനായിരുന്ന 'ബെ'യും മററു മാന്യന്മാരും മുൻവശത്തെ സീററുകൾ നിറച്ചു. തനിക്കറിയാവുന്നവിധത്തിൽ ബെയെ രസിപ്പിക്കുവാനായി 'ഡാമനീക്കോഗ്രഗറും' അയാളുടെ അരികിലായി സ്ഥലം പിടിച്ചു. എല്ലാവരും കർട്ടനുയരുവാനായി അക്ഷമയോടെ കാക്കുകയാണു്. ആവേശംനിറഞ്ഞു തുളുമ്പുന്ന സാധാരണക്കാരായിരുന്നു ബാക്കി സ്ഥലത്തു മുഴുവനും. സ്ത്രീവിഭാഗത്തിൽ ഏററവും അധികം ശബ്ദമുണ്ടാക്കിയിരുന്നതു് നാടകം മനപ്പാഠം പഠിച്ചിരുന്ന ജിങ്കോ അമ്മായിതന്നെയായിരുന്നു. ഇടത്തോട്ടും വലത്തോട്ടും തിരിഞ്ഞു് അവർ സവ്വരും കേൾക്കെ തന്നെ പ്രഭു പ്രത്യക്ഷമാകുമ്പോൾ പറയുന്ന ആദ്യവാചകങ്ങൾ ഉരുവിട്ടുകൊട്ടുക്കുകയായിരുന്നു. വേറെ ഒരു ബഞ്ചിൽ ഇരുന്നിരുന്ന ഹാജിസ്സിയോൺ, ബുക്കാറസ്റ്റു് തിയേറാർ എത്ര വലിയതാണെന്നു മററുള്ളവരെ പറഞ്ഞു മനസ്സിലാക്കുകയായിരുന്നു. കർട്ടനിന്മേൽ വരച്ചിട്ടിരിക്കുന്നതിൻെറ അത്ഥവും അയാൾ വിശദീകരിച്ചുകൊടുക്കുവാൻ ശ്രമിച്ചു. പിന്നണി സംഗീതം നിവ്വഹിച്ചതു് സ്ഥലത്തെ ജിപ്സിവണ്ണക്കാരായിരുന്നു. ജമ്മൻ പ്രഭചിയുടെ ബഹുമാനാത്ഥം ആ

യിരിക്കാം അവർ ആലപിച്ചതു് ആസ്ത്രേലിയൻ ദേശീയഗാനമായിരുന്നു.

ഒടുവിൽ മുഹൂർത്തം സമാഗതമായി. ദേശീയഗാനം നിലച്ചു. അസ്വാഭാവികങ്ങളായ ശബ്ദങ്ങൾ ഉണ്ടാക്കി കർട്ടൻ ഉയൎന്നു. ആദ്യമായി രംഗത്തു് വരേണ്ടതു് പ്രഭുവാണു്. നിശ്ശബ്ദത—മൊട്ടുസൂചി വീണാൽപോലും കേൾക്കുന്ന നിശ്ശബ്ദത, അവിടെ പരന്നു. പ്രഭു സംഭാഷണം തുടങ്ങി, ബഞ്ചിൽ ഇരുന്നുകൊണ്ടു് ജിങ്ക അതു് ആവൎത്തിക്കുന്നുണ്ടായിരുന്നു. പ്രഭു ഒരു വാക്കു വിസ്മരിക്കുകയോ ഉപേക്ഷിച്ചുകളയുകയോ ചെയ്താൽ ജിങ്ക അതു ഉറക്കെ വിളിച്ചുപറയുകയായി. "ഓ അതു തെററാണു്." ഒരു കുഴൽവിളിശബ്ദം; ചാർമാഗ്നന്റെ ദൂതന്മാർ കടന്നുവരുന്നു. മൂർമാക്കെതിരായി യുദ്ധം ചെയ്വാൻ അവർ പ്രഭുവിനെ വിളിക്കാൻ വരുകയാണു്. ബോധശൂന്യയായിത്തീരുന്ന ജനവീവിനോടു യാത്ര ചോദിച്ചു പ്രഭു സമരരംഗത്തേക്കു പുറപ്പെടുന്നു. പ്രഭ്വി ബോധം തെളിയുമ്പോഴാണു് ഭൎത്താവു് പോയി എന്നു അറിയുന്നതു്. അവൾ പൊട്ടിക്കരയാൻ തുടങ്ങി. അവളുടെ തേങ്ങലുകൾ സഭാവാസികളെ ചിരിപ്പിക്കുവാനാണു് ഉതകിയതു്. ജിങ്ക വിളിച്ചുചോദിച്ചു. "ഹെയ് നിങ്ങൾക്കു കരയാനറിയില്ലെ" പ്രഭ്വി പിന്നീടു് ഓളിയിടുന്നപോലെ എന്തോ സ്വരം പുറപ്പെടുവിച്ചു. സഭാവാസികൾ ഇടിമുഴക്കംപോലെ പൊട്ടിച്ചിരിച്ചു. ഏററവും അധികം ഉച്ചത്തിൽ മുഴങ്ങിയതു് ജിങ്കോവിന്റെ ചിരിയാണു്. അതിനിടയിൽ അവർ വിളിച്ചു പറഞ്ഞു. "ഏയ് ഞാനവിടെ വന്നു എങ്ങിനെയാണു് കരയുക എന്നു കാണിച്ചുതരാം." ഹാജിസ്മിയോൺ വിശദീകരിച്ചുകൊടുത്തു, "ഈ കരച്ചിലെന്നു പറയുന്നതു് ഒരു കലയാണു് 'വല്ലാച്ചയ'യിൽ സാധാരണയായി ആരെങ്കിലും മരിച്ചാൽ അവൎക്കുവേണ്ടി കരയാൻ കൂലിക്കാരെ വാടകക്കു് എടുക്കുകയാണു് പതിവു്." ആരോ

പിന്നിൽനിന്നു നിശ്ശബ്ദയായിരിക്കാൻ അയാളോടാവശ്യപ്പെട്ടു; അയാൾ തന്റെ പ്രസംഗം കേട്ടു നില്ക്കുന്നവരോട്ട് അതു് ആവൎത്തിച്ചു. ഗോലോസിന്റെ സാന്നിദ്ധ്യം പരിതഃസ്ഥിതികൾക്കു് ആകെ മാററം വരുത്തി. ഗോലോസ് പ്രഭ്വിയുടെ ചാരിത്രശുദ്ധിയെ ഒന്നു പരീക്ഷിച്ചുനോക്കുന്നു. അവളാകട്ടെ അയാളോട്ട് ദേഷ്യപ്പെട്ടു, പ്രഭുവിനു വിവരം കാണിച്ചുള്ള ഒരെഴുത്തു് കൊണ്ടുപോകാനായി ഡ്രേക്കോവിനെ അന്വേഷിക്കുന്നു. ഡ്രേക്കോ തന്റെ കുമ്പൻതൊപ്പിയുമായി പ്രവേശിച്ചപ്പോൾ സഭ ഭയങ്കരമായി പൊട്ടിച്ചിരിച്ചുപോയി. ഈ ശബ്ദം അയാളെ ആകെ അമ്പരപ്പിച്ചു. "ഡ്രേക്കോ താൻ എന്താണു് അവിടെ, ആലഫ്രാൻകയുടെ വറവുചട്ടിയുമെടുത്തു് ചെയ്യുന്നതു്. അതുംകൊണ്ടുകടന്നുപോകു" ജിങ്ക വിളിച്ചുപറഞ്ഞു. ഡ്രാക്കോതൊപ്പിയൂരി കയ്യിൽവെച്ചു, സഭാവാസികളിൽനിന്നു കൂട്ടച്ചിരി പൊങ്ങി. പെട്ടെന്നു രംഗം മാറി. ഗോലോസ് കുപിതനായി ഡ്രേക്കോവിനെ കുത്തിക്കൊല്ലാൻ വേണ്ടി വാളെടുത്തു. പക്ഷെ അയാൾ ഡ്രേക്കോവിനെ സമീപിക്കുന്നതിനു മുമ്പുതന്നെ ഡ്രേക്കോ ഒരു ധാന്യക്കതിരുപോലെ നിലത്തു വീണു മരിച്ചപോലെ നിശ്ചലനായിക്കിടന്നു. സഭാവാസികൾക്കു ഇത്ര എളുപ്പത്തിലുള്ള ഒരു മരണം തീരെ പിടിച്ചില്ല. ചിലർ ഡ്രേക്കോവിനോട്ടു എഴുന്നേല്ക്കാനായി വിളിച്ചുപറഞ്ഞു. ആരോ അയാളെ കാലിന്മേൽ പിടിച്ചു തല നിലത്തു മുട്ടിച്ചു വലിച്ചുകൊണ്ടുപോയി. ആ വേദനയെല്ലാം ധീരതയോടെ സഹിച്ചു ഡ്രേക്കോ മരിച്ചവന്റെ ഭാഗം ഭംഗിയായി നടിച്ചു. പ്രഭ്വിയെ തുറുങ്കിലടക്കുകയും ചെയ്തു.

രംഗം അവസാനിച്ചു. ദേശീയഗാനം തുടൎന്നു. ഹാളിൽ കൂട്ടച്ചിരിയും ചൎച്ചകളും ഉയൎന്നു. സങ്കടം നല്ലപോലെ അഭിനയിക്കാൻ സാധിക്കാത്ത ജനവിവിധിനോട്ടു സ്ത്രീകൾക്കെല്ലാം വളരെ അതൃപ്തിതോന്നി. ചില വൃദ്ധന്മാർ ഗോലോസി

നെ വെറുത്തു. അയാൾ തൻെറ നന്ദികെട്ട ഭാഗം നല്ലപോലെ അഭിനയിച്ചു ഫലിപ്പിച്ചു. ഒരു സ്ത്രീ ഗോലോസിൻെറ അമ്മയെ സമീപിച്ചു പറഞ്ഞു. "എൻെറ താന, നിങ്ങളുടെ ഫ്രേയ്റേറാവിൻെറ പോക്കു് അത്ര നല്ലതിനല്ല. ആ സാധുകുട്ടി എന്തു ദ്രോഹമാണു് അയാൾക്കു ചെയ്തതു്."

ആദ്യരംഗത്തിൽ വാസ്തവത്തിൽ എന്താണു് നടക്കുന്നതു് എന്നു് ഡാമനിക്കോഗ്രഗർ മുൻ വരിയിൽ ഇരുന്നു ബെയെ മനസ്സിലാക്കിക്കൊടുക്കുകയായിരുന്നു. തൻെറ സ്വന്തം വാഗ്ധാടിയിൽ ദത്തശ്രദ്ധനായി അയാൾ വിവരിച്ചിരുന്നതു്, മററാരു പ്രണയബന്ധംമൂലം പത്നിയെ ഉപേക്ഷിച്ചുപോകുന്ന ഒരു ഫ്രഞ്ച്യുകാരൻ കോൺസലിൻെറ കഥയാണു്. ബെ വളരെ ശ്രദ്ധയോടെ അതു് കേട്ടുകൊണ്ടിരുന്നു. ഒടുവിൽ അയാൾ ധരിച്ചുവശായതു് പ്രഭു ഒരു ഫ്രഞ്ച്യുകോൺസൽ ആണെന്നാണു്. ആ വിശ്വാസം അവസാനംവരെ അയാൾ വെച്ചുപുലർത്തുകയും ചെയ്തു.

"ആ കോൺസൽ ഒരു മുത്തൻ കഴുതയാണു്. ശരിയായി വിവരമന്വേഷിക്കാതെ എങ്ങിനെയാണു് അയാൾക്കു് ഭാര്യയെ കൊല്ലാനുള്ള കല്പന കൊടുക്കുവാൻ തോന്നിയതു്. ഞാനാണെങ്കിൽ ഒരു സാധാരണ തെരുവുതെണ്ടി കൂടിയനെപ്പോലും ശിക്ഷിക്കുകയില്ല. അയാളുടെ ശ്വാസം മിഖായിലിനെക്കൊണ്ടു മണപ്പിച്ചുനോക്കാതെ."

"എഫിൻഡി ചരിത്രം കൂടുതൽ ജിജ്ഞാസാപൂർണ്ണമാക്കുവാൻവേണ്ടിയാണിതെല്ലാം എഴുതിപ്പിടിപ്പിച്ചിട്ടുള്ളതു്." ഡാമനിക്കോ വിശദീകരിച്ചു.

"ചരിത്രകാരൻ ഒരു കഴുത, കോൺസൽ അതിലും വലിയ കഴുത."

"വളരെ ദൂരെയല്ലാത്ത ഒരു ദിക്കിലിരുന്നു സ്റ്റെഫ്കോവും പ്രഭുവിനെ കുററം പറയുകയായിരുന്നു.

''ഓഗ്യനോവ്'' അയാൾ ഗർവ്വോട്ടം അധികാരഭാവത്തി ല്യം പറഞ്ഞു. ''ഇതിന്നു മുമ്പു ഒരു തിയേററിൻെറ സമീപ ത്തുകൂടിപോലും പോയിട്ടില്ല.''

''എന്തു് അയാൾ നല്ലപോലെ അഭിനയിക്കുന്നുണ്ട ല്ലോ'' ഹാജിസ്ഥിയോൺ പറഞ്ഞു.

''വളരെ നന്നായി—ഒരു മക്കടനെപ്പോലെ–അയാൾക്കു സഭാവാസികളോട്ട യാതൊരു ബഹുമാനവുമില്ല.''

അതു ഞാനും ശ്രദ്ധിച്ചു. അയാൾക്കു ബഹുമാനം കുറ വാണു്. നിങ്ങൾ കണ്ടോ അയാൾ 'ബഞ്ചലൂ'വിൻെറ സോഫയിൽ ഇരുന്ന ഇരുപ്പു്. അയാൾ കൗസാരാജകുമാര ൻെറ സ്വന്തം സഹോദരനാണു് എന്നാണു് ഭാവം'' ഹാജി സ്ഥിയോൺ പറഞ്ഞു.

''അയാളെ ഒന്നു കൂവി വിടേണ്ടതാണു്'' സ്റ്റെഫ് കോവ്.

'ശരിയാണു്' ഹാജി സമ്മതിച്ചു.

''ആരാണവിടെ കൂവാൻ പോകുന്നതു്'' രണ്ടുപേരും തി രിഞ്ഞുനോക്കി. കണ്ടതു് ''കാബിലസ്റ്റോവി''നെയാണു്. അന്നയാൾ ഒരു വിപ്ലവനേതാവായിട്ടില്ല. ഏതോ ഒരു ബ ന്ധുവിനെ കാണാൻ അയാൾ ബൈല ചെക്കേവിൽ എ ത്തിയതാണു്.

ഭാവിയിലെ വിപ്ലവനേതാവിൻെറ തീപറക്കുന്ന നോ ട്ടമേററപ്പോൾ ഹാജി ചൂളിപ്പോയി. അയാൾ ചാഞ്ഞിരു ന്നു, ശരിയായ കുററവാളിയെ—സ്റ്റെഫ്കോവിനെ—കണ്ടു കൊള്ളട്ടെ എന്ന ഭാവത്തിൽ.

''ഞാൻ ആണു്.'' സ്റ്റെഫ്കോവ് നേരെ ഉത്തരം പറഞ്ഞു.

''നിങ്ങൾക്കതു ചെയ്യാൻ തികച്ചും സ്വാതന്ത്ര്യമുണ്ട്. സർ, പക്ഷെ ഒരു കാര്യം തെരുവിലേക്കു പോകണമെന്നു മാത്രം.''

"ആരാണു് നിങ്ങളുടെ അഭിപ്രായം ചോദിച്ചതു്."

"ഇതൊരു സൗജന്യപ്രദർശനമാണു്, നടന്മാരെല്ലാം സാധാരണക്കാരാണു്. നിങ്ങൾക്കു ഇതിലും നല്ലപോലെ അഭിനയിക്കുവാൻ സാധിക്കുമെങ്കിൽ സ്റ്റേജിലേയ്ക്കു് പൊയ്ക്കോളൂ." കാബിലിസ്ലോവ് ആവേശത്തോടെ പറഞ്ഞു.

"ഞാൻ എന്റെ സ്ഥലത്തിനു പണം കൊടുത്തിട്ടാണു് ഇരിക്കുന്നതു്. എനിയ്ക്കു ഒരു യജമാനനും വേണ്ട" സ്റ്റെഫ്ക്കോവ് മറുപടി പറഞ്ഞു.

കാബിലിസ്ലോവ് ചുവന്നു. വഴക്കു് മൂക്കുവാൻ പോകയാണു്. പക്ഷെ മൈക്കോബിസാഡ് ധൃതിയിൽ അതവസാനിപ്പിക്കുവാൻ ഇടപെട്ടു.

"കിരിയാക്ക് നിങ്ങൾ ഒരു മാന്യനല്ലേ, ടോടർക്കോ മിണ്ടാതിരിക്കൂ."

ആ സമയത്തു് ദേശീയഗാനം നിലച്ചു കർട്ടൺ വീണ്ടും ഉയന്നു.

ഈ സമയത്തു് സ്റ്റേജിൽ ഒരു തടവുമുറിയായിരുന്നു. ഒരു ചെറിയ വിളക്കുമാത്രം പ്രകാശിക്കുന്നുണ്ടു്. അപ്പോൾ തന്നെ ജനിച്ച തന്റെ പിഞ്ചുപൈതലിനെ മാറോടണച്ചു പിടിച്ചു ജനവിവ് തേങ്ങി തേങ്ങിക്കരയുകയാണു്. ഇപ്പോൾ അവളുടെ അഭിനയം കുറെക്കൂടി സ്വാഭാവികമാണു്. പാതിരാത്രി, നിരുന്മേഷകരമായ തുറുങ്ക്, നിസ്സഹായയും നിർഭാഗ്യവതിയുമായ ഒരമ്മയുടെ ഹൃദയം തകന്ന അലമുറകൾ, ചുററുമുള്ളവരുടെ മനസ്സിനെ അതു് വേദനിപ്പിച്ചു. മിക്ക സ്ത്രീകളുടേയും നയനങ്ങളിൽനിന്നു കണ്ണീർകണങ്ങൾ അടന്നുവീണു. ചിരിപോലെ കരച്ചിലും ഒരു സാംക്രമികരോഗമാണു്. വിലാപക്കാരുടെ എണ്ണം വദ്ധിച്ചു. പ്രഭ്വി പ്രഭുവിന്നു എഴുതുന്നതു കണ്ടപ്പോൾ ചില പുരുഷന്മാർപോലും കരഞ്ഞുപോയി. ഈ ദുരന്തമുഹൂത്തത്തിൽ, അങ്ങേഅററം

വികാരഭരിതനായ കാബിലിസ്റ്റോവ് കയ്യടിച്ചുപോയി. പക്ഷെ തികഞ്ഞ നിശ്ശബ്ദതയിൽ ഏകാന്തമായ ആ ശബ്ദം, ഒരു പ്രതിധ്വനിപോലുമുയൎത്താതെ അലിഞ്ഞുപോയി. ഇത്ര നല്ല ഭാഗത്തു് ശബ്ദമുണ്ടാക്കിയ അയാളുടെ നേരെ പലരും ദ്വേഷ്യപ്പെട്ടുനോക്കി. ഉച്ചത്തിൽ മൂക്കുവലിച്ചുകൊണ്ടിരുന്ന ''ഐവൻ സലാമിസ്'' പൈശാചികമായി അയാളെ ഉററുനോക്കി. കാട്ടിലേക്കു വധിക്കുവാൻവേണ്ടി ജനവിവിനെ കൊലയാളികൾ വലിച്ചുകൊണ്ടുപോവുകയാണു്. കർട്ടൺ വീണു. കാബിലസ്റ്റോവ് വീണ്ടും കൈകൊട്ടി. പക്ഷെ ഇത്തവണയും ആരും അതു് ഏറെറടുത്തില്ല. അക്കാലത്തു് ഹസ്തതാഡനം ചെയ്തു അഭിനന്ദിക്കുന്ന കാൎയ്യം ബൈലചെക്കേവിയയിൽ നടപ്പുണ്ടായിരുന്നില്ല.

''ആ ദിക്കിൽ എല്ലാവരും ദുഷ്ടന്മാരാണു്. എവിടെയാണു് ഇതു നടന്നതു്'' ബെ, ഡാമനിക്കോവിനോടു സ്വകാര്യമായി ചോദിച്ചു.

''ജൎമ്മൻ ഭാഗങ്ങളിൽ''

''ജൎമ്മനിയിലൊ. ഞാൻ ആ ഭാഗത്തുനിന്നു് ആരേയും കണ്ടിട്ടില്ല.''

''അതു് എങ്ങിനെയാണു്, എഫിൻഡി, നമുക്കീപട്ടണത്തിൽതന്നെ ഒരു ജൎമ്മൻകാരനുണ്ടല്ലൊ.''

''ആ താടിയില്ലാതെ, കൃതാവു വളൎത്തിയ ആളാണോ, ആ നീലക്കണ്ണടക്കാരൻ.''

''അയാൾ തന്നെ ആ ഫോട്ടോഗ്രാഫർ.''

''അതയാളാണു് അല്ലെ. ഒരു നല്ല മനുഷ്യൻ എന്നെ കാണുമ്പോഴെല്ലാം തൊപ്പിയെടുത്തു് ഉപചാരം ചെയ്യും. ഞാനയാൾ ഫ്രഞ്ചുകാരനായിരിക്കും എന്നാണു് വിചാരിച്ചിരുന്നതു്.''

''അയാൾ 'ബ്രാൻഡൻബർഗിൽ' നിന്നുള്ള ഒരു ജൎമ്മൻ

കാരനാണ്."

മൂന്നാം രംഗമായി. സ്റ്റേജിൽ വീണ്ടും കൊട്ടാരം പ്രത്യക്ഷപ്പെട്ടു, യുദ്ധത്തിനുശേഷം പ്രഭു മടങ്ങിയിയെത്തിയിരിക്കുന്നു. ജനവിവിവിനെ കാണാതെ അയാൾ നിരുന്മേഷനും ദുഃഖിതനുമായി കഴിയുകയാണ്. തൻെറ അവസാനമണിക്കൂറിൽ തടവിൽവെച്ച ജനവിവ് എഴുതിയ ഒരു എഴുത്ത് വേലക്കാരി അയാളെ ഏല്പിക്കുന്നു. അതിൽ ഗോലോസിൻെറ നീചത്വത്തിനു താൻ ഇരയായതും നിരപരാധിയായി മരിക്കേണ്ടിവന്നതും ഗോലോസിന്നവൾ മാപ്പു നൽകുന്നതും, എല്ലാം എല്ലാം വിശദമായിട്ടെഴുതിയിട്ടുണ്ട്. തേങ്ങലിന്നിടയിൽ ഇതെല്ലാം പ്രഭു ഉറക്കെ വായിക്കുന്നു; നിരാശനായി വിലപിക്കുന്നു. കാഴ്ചക്കാരും പ്രഭുവിനോടൊപ്പം തന്നെ പൊട്ടിക്കരയുകയാണ്. ഗ്രിഗറിൻെറ സഹായമില്ലാതെതന്നെ സംഗതി മനസ്സിലാക്കി ബെയും ഈ കൂട്ടക്കരച്ചിലിൽ പങ്കുചേരുന്നു. പ്രഭു തൻെറ നിർഭാഗ്യത്തിന്നെല്ലാം കാരണക്കാരനായ ചതിയനായ ഗോലോസിനെ തൻെറ മുന്നിലേക്കു കൂട്ടിക്കൊണ്ടുവരുവാൻ കല്പിക്കുമ്പോഴേക്കും വികാരം മൂർദ്ധന്യത്തിലെത്തുന്നു. തലമുടിയെല്ലാം ചിക്കിപ്പെരുക്കിയിട്ട്, വൃത്തികെട്ടവേഷത്തിൽ പശ്ചാത്താപവിവശനായ ഗോലോസ് കോനാക്കിൻെറ ജയിലിലെ വിലങ്ങുമായി പ്രവേശിച്ചു. സഭാവാസികൾക്കിടയിൽനിന്നു വെറുപ്പുകലന്ന മർമ്മരമാണ് അയാളെ സ്വാഗതം ചെയ്തതു്. അയാളെ കുത്തിപ്പിളർക്കത്തക്കവിധത്തിലുള്ള നോട്ടങ്ങൾ ജനങ്ങളിൽനിന്നുയന്നു. അയാൾക്കു മാപ്പുകൊടുത്തുകൊണ്ടു് പ്രഭ്വി എഴുതിയ എഴുത്തു വായിച്ചശേഷം പ്രഭു പിന്നെയും മോഹാലസ്യപ്പെടുന്നു. പിന്നെ എഴുന്നേററു് തലമുടി അള്ളിപ്പറിച്ചു് അദ്ദേഹം മാറത്തടിച്ചു നിലവിളിക്കുന്നു. നിയന്ത്രണാതീതമായ വിധത്തിൽ ആളുകൾ പൊട്ടിക്കരയുവാൻ തുടങ്ങി. ജിങ്ക കരഞ്ഞുകൊണ്ടു മററുള്ളവരെ സമാധാനപ്പെടുത്തി.

"ഇത്ര വ്യസനിക്കാനൊന്നുമില്ല. കാട്ടിൽ ജനവിവ് ജീവിച്ചിരിപ്പുണ്ട്."

കഥയറിഞ്ഞുകൂടാത്ത ചില വൃദ്ധസ്ത്രീകൾ അത്ഭുതത്തോടെ ജിങ്കയോട്ട ചോദിച്ചു.

"ജിങ്ക, ഇതു വാസ്തവമാണോ? ആരെങ്കിലും അതാ സാധുവിനോട്ട പറഞ്ഞ് അയാളുടെ കരച്ചിൽ നിത്ത്." വെററ്കോവിൻെറ മുത്തശ്ശി പറഞ്ഞു.

ഹാജിപൗലോസ്സ മുത്തശ്ശി, അടക്കിനിത്താൻ സാധിക്കാതെ കണ്ണുനീരിനിടയിലൂടെ വിളിച്ചുപറഞ്ഞു.

"ഹേയ് കുട്ടി ഇങ്ങിനെ കരയണ്ട. നിൻെറ വധു ജീവിച്ചിരിക്കുന്നുണ്ട്."

ആ സമയത്തു ഗോലാസ്സ് ഭ്രാന്തനായി മാറുകയാണ്. പ്രകാശിക്കുന്ന കണ്ണുകൾകൊണ്ട് അയാൾ ചുററുപാട്ടം ഭയങ്കരമായി തുറിച്ചുനോക്കി. തലമുടി അതിൻെറ അററത്ത് എണീററുനിന്നു. കയ്യുകൾ ആഞ്ഞുവീശി, ദേഹം മുഴുവനും വിറപ്പിച്ചു പല്ലുകൾ കടിച്ചമത്തി. അയാളുടെ മനസ്സാക്ഷി അയാളെ അത്ര നിദ്ദയമായി ദ്രോഹിക്കുകയായിരുന്നു. പക്ഷേ കാഴ്ചക്കാക്ക് അയാളുടെ കഷ്ടപ്പാട്ട കണ്ടപ്പോൾ കുറെ സമാധാനമായി. അവരുടെ മുഖം ഒരുവിധം മരവിച്ച സംതൃപ്തി ദ്യോതിപ്പിച്ചു. ഫ്രേയ്റേറാവിൻെറ സങ്കടസ്ഥിതിയും അയാൾ ധരിച്ചിരിക്കുന്ന വിലങ്ങും കാഴ്ചക്കാക്ക് അയാളുടെ നേക്കു തോന്നിയ വിദ്വേഷവും കണ്ടു എന്തു ചെയ്യണമെന്നു അറിയാതെ അയാളുടെ അമ്മ അമ്പരന്ന് ഇരുന്നു.

"അവരെൻെറ കുട്ടിയെ നശിപ്പിച്ചു. അവനെ ഭ്രാന്തനാക്കി." അവർ തൻെറ മകനെ സ്റ്റേജിൽനിന്നും പിടിച്ചു കൊണ്ടുവരുവാനായി പുറപ്പെട്ടു. പക്ഷേ ആരോ ചിലരെല്ലാംകൂടെ അവരെ വിലക്കി.

ആ രംഗം വമ്പിച്ച വിജയമായിരുന്നു. ഷേക്സ്പിയറി

ൻെറ ഒഫീലിയപോലും ഒരു ദിനംകൊണ്ടു് ഇത്രവളരെ കണ്ണുനീരിന്നു സംഗതി വരുത്തിയിട്ടില്ല.

ഒടുവിലത്തെ രംഗം അഭിനയിക്കുന്നതു ഘോരമായ ഒരു കാനനത്തിൽവെച്ചാണു്. ഒരു ഗുഹ, അതിൻെറ ദ്വാരത്തിൽനിന്നു് തോലുടുപ്പുധരിച്ച ജനവിവും അവരുടെ കുട്ടിയും പുറത്തുവരുന്നു. പച്ചയിലകൊട്ടത്തു സ്റ്റേജിൽ നിറുത്തിയിരിക്കുന്ന ഒരു ചെമ്മരിയാടാണു്, അമ്മയ്ക്കും മകനും പാലുകൊടുത്തു വളർത്തിയ മാനായി അഭിനയിക്കുന്നതു്. ജനവിവു് കുട്ടിയോടു് അച്ഛനെപ്പററി എന്തോ സന്താപത്തോടെ പറഞ്ഞുകൊണ്ടുനില്ക്കുമ്പോഴാണു് നായാട്ടുനായ്ക്കളുടെ ശബ്ദം കേൾക്കുന്നതു്. വഴങ്ങാൻ കൂട്ടാക്കാത്ത ആടിനെ കൊമ്പിന്മേൽ പിടിച്ചുവലിച്ചു അമ്മയും മകനും ഗുഹക്കകത്തേയ്ക്കു നുഴഞ്ഞുകയറുന്നു. നായ്ക്കളുടെ കുര വർദ്ധിക്കയാണു്. ഇലിയ തൻെറ ഭാഗം സ്തുത്യർഹമായ വിധത്തിൽ അഭിനയിക്കുന്നു എന്നു കാണികൾക്കു മനസ്സിലായി. ആയാളുടെ ആവേശം വർദ്ധിച്ചുവന്നതോടുകൂടി സമീപത്തുള്ള നിരവധി നായ്ക്കളും ഇതിനോടൊപ്പം കുരയ്ക്കാൻ തുടങ്ങി. നായാട്ടുവേഷം ധരിച്ച പ്രഭു അനുചരന്മാരോടൊന്നിച്ചു പ്രവേശിക്കുന്നു. സഭാവാസികൾ കണ്ണുംതുറിച്ചു ശ്വാസം അടക്കിയിരിക്കയാണു്. എല്ലാവക്കും ധൃതിയായി പ്രഭുവും ഭാര്യയുമായുള്ള കൂടിക്കാഴ്ച കാണുവാൻ. ഇവാനിസ്സാമുത്തശ്ശിക്കു് ഒരു സംശയം —ഒരുപക്ഷേ ജനവിവിനെ കാണാതെതന്നെ പ്രഭു ഗുഹാമുഖം കടന്നുപോയാലോ. അവർ, തൻെറ ഭാര്യ അതിനകത്താണു് എന്നു പ്രഭുവിനോടൊന്നു സൂചിപ്പിക്കുവാൻ അടുത്തുള്ളവരോടാവശ്യപ്പെടുന്നു. പക്ഷേ, പ്രഭു അവളെ കണ്ടുകഴിഞ്ഞു. കുനിഞ്ഞു ഗുഹയിലേയ്ക്കുനോക്കി അദ്ദേഹം വിളിച്ചുപറഞ്ഞു:

''നിങ്ങൾ ആരായാലും, മൃഗമായാലും മനുഷ്യനായാലും, വെളിച്ചത്തേക്കു വരു.''

ഗുഹയിൽനിന്നു വേണ്ടതിന്നുപകരം ഉത്തരം പുറപ്പെട്ട

ത്ത സഭയുടെ ഒരു ഭാഗത്തുനിന്നാണു്. വലിയ ഒരു ശ്ശൂ ശ്ശൂ ശബ്ദം അവിടെ ഉയൎന്നു. എല്ലാവരും അത്ഭുതത്തോടെ സ്റ്റെഫ്കോവിൻെറ നേരെനോക്കി. അയാൾ കട്ടം ചുവപ്പുനിറമായി.

"ആരാണവിടെ ശബ്ദമുണ്ടാക്കുന്നതു്?' സെല്യാമിസസ് ദേഷ്യത്തോടെ വിളിച്ചുചോദിച്ചു. തിയേററിൽ അസന്തുഷ്ടിസൂചകമായ ശബ്ദം മുഴങ്ങി.

ഓഗ്യനോവ് അലോഹ്യമുണ്ടാക്കിയ ആളെ മനസ്സിലാക്കി. തന്നെ ദേഷ്യത്തോടെ തുറിച്ചുനോക്കിക്കൊണ്ടിരുന്ന സ്റ്റെഫ്കോവിനെ നോക്കി അയാൾ പിറുപിറുത്തു.

''ഞാൻ തൻെറ വലിയ ചെവി പിഴുതെടുക്കും.''

ആദ്യത്തേതിലും വലുതായ ഒരു ശബ്ദം. എല്ലാവരും വിസ്മയാധീനരായി പകച്ചുനോക്കി. നിമിഷത്തിന്നിടയിൽ പ്രതിഷേധത്തിൻെറ കൊടുങ്കാററു പൊട്ടിപ്പുറപ്പെട്ടു.

"ആ പ്രൊട്ടസ്റ്റണ്ടിനെ പിടിച്ചു് ജനവാതിലിലൂടെ വെളിയിലേക്കു എറിയൂ.'' എട്ടടിപ്പൊക്കമുള്ള ഒരു രാക്ഷസാകാരനായ ഏഞ്ചിൽ യാക്കോവ് കുപിതനായി അലറി. വേറേയും ശബ്ദങ്ങൾ ഉറക്കെ കേൾക്കാമായിരുന്നു.

''ആ മനുഷ്യനെ പുറത്താക്കൂ സ്റ്റെഫ്കോവിനെ പിടിച്ചു വെളിയിലാക്കൂ.''

"നമ്മളിവിടെ വന്നിരിക്കുന്നതു് കൈകൊട്ടും കൂക്കുവിളിയും കേൾക്കാനല്ല.'' ബലിസ്റ്റോവിൻെറ ഹസ്തതാഡനത്തിൻെറ അൎത്ഥം മനസ്സിലാകാതിരുന്ന സെല്യാമിസസ് അലറി.

"കിരിയാക് എനിക്കിതു സമ്മതിക്കാൻ സാദ്ധ്യമല്ല." കണ്ണുനീരിൽ മുങ്ങിയിരുന്ന റാഡയുടെ, അടുത്തായി ഇരുന്നിരുന്ന ജിങ്കയും വിളിച്ചുപറഞ്ഞു.

ഹാജിസ്റ്റിയോൺ സ്റ്റെഫ്കോവിനോട്ട മന്ത്രിച്ചു: "ദൈവത്തെ വിചാരിച്ച് കിരിയാക്, ശബ്ദമുണ്ടാക്കല്ലെ, ഞാൻ നേരത്തെതന്നെ പറഞ്ഞിരുന്നില്ലേ. ഇവിടെയുള്ളവരെല്ലാം വെറും ശുദ്ധാത്മാക്കളാണ്. നിങ്ങൾക്കതു കാണുവാൻ കഴിയുന്നില്ലേ?"

"ആ മാന്യൻ എന്തിനാണ് ശബ്ദമുണ്ടാക്കുന്നത്?" ബെ ഡാമിനിക്കോവിനോട്ട ചോദിച്ചു. അയാൾ ചുമൽ കുലുക്കുകമാത്രം ചെയ്തു. ബെ എന്തോ ഒന്ന് ഒരു പോലീസുകാരനോട്ട പറഞ്ഞു. അയാൾ ഉടനെ സ്റ്റെഫ്കോവിന്റെ അട്ടത്തേയ്ക്കു നീങ്ങി.

"കിരിയാക് ബെ പറയുന്നു നിങ്ങൾക്കു ഇവിടെ ഇരുപ്പുറക്കുന്നില്ല എങ്കിൽ പുറത്തുപോയി ഒരു സിഗററു വലിച്ചിട്ട വരുവാൻ."

ഓഗ്യനോവിന്റെ അഭിനയം ചീത്തയാക്കി എന്ന കൃതാത്ഥതയോടെ ഗർവ്വുകലന്ന ഒരു പുഞ്ചിരിയും എട്ടത്തണിഞ്ഞു സ്റ്റെഫ്കോവ് പുറത്തേയ്ക്കുപോയി.

അയാൾ അകന്നതോടെ കുഴപ്പം അവസാനിച്ചു. നാടകം തുടൎന്നു. പ്രഭുവിനു തന്റെ കൈവിട്ടുപോയ പത്നിയെ തിരിയെ ലഭിച്ചു; ആലിംഗനങ്ങൾ, കണ്ണുനീർ, വാഗ്ദാനങ്ങൾ. കാഴ്ചക്കാർ വീണ്ടും വികാരാധീനരായി. തിന്മയുടെമേലുള്ള നന്മയുടെ വിജയം അസന്നിഗ്ദ്ധമായി തെളിയിക്കപ്പെട്ടു. പ്രഭുവും പ്രഭ്വിയും തങ്ങളുടെ വ്യസനവും സന്തോഷവും അന്യോന്യംപറഞ്ഞുകേൾപ്പിച്ചു. പെട്കോവിസ്സാമുത്തശ്ശി അവരോട്ട വിളിച്ചു പറഞ്ഞു.

"ഇനി മുത്തശ്ശിയുടെ കുട്ടികൾ ശാന്തരായി വീട്ടിൽപോയി കുഴപ്പമൊന്നുമില്ലാതെ ജീവിക്കുവിൻ. ഇനിയൊരിക്കല്പം ദ്രോഹികളായ ഗോലോസിനെപ്പോലെയുള്ളവരെ വിശ്വസിക്കരുത്."

"നിങ്ങളാണു് ദ്രോഹി." ഫ്രേയ്റോവിൻെറ അമ്മ പെട്ടെന്നു വിളിച്ചുപറഞ്ഞു.

ബെയും പെറേറാവിന്നു മുത്തശ്ശിയുടേതുപോലുള്ള ഉപദേശങ്ങൾ നൽകി. പക്ഷേ കുറേക്കൂടെ പതുക്കെയാണെന്നു മാത്രം. പൊതുവെ സന്തോഷവും സംതൃപ്തിയുമാണു് കാണികൾക്കിടയിൽ ഉണ്ടായതു്. പ്രഭുവിനെ എല്ലാ ഭാഗത്തുനിന്നും എതിരേററതു് സഹതാപംനിറഞ്ഞ നോട്ടങ്ങളാണു്. നാടകം അവസാനിച്ചതു് പ്രഭുവും പ്രഭ്വിയും മററു അനുചരന്മാരും കൂടിച്ചേർന്നു പാടുന്ന 'സിഗ്ഫ്രീഡ്പ്രഭു ആനന്ദിക്കുന്നു' എന്ന ഒരു ഗാനത്തോടുകൂടിയാണു്. പക്ഷേ ആനന്ദകരമായ ഈ ഗാനത്തിൻെറ രണ്ടു പാദങ്ങൾ പാടിയശേഷം വിപ്ലവകരമായ ഒരു സമരഗാനത്തിൻെറ ഈരടികളാണു് സ്റ്റേജിൽനിന്നുയർന്നതു്.

ഒരു ഇടിവെട്ടു നിലംപതിച്ച അവസ്ഥയാണു് അവിടെ സംജാതമായതു്.

ആദ്യം ഒരാൾ തുടങ്ങിയ ഈ ഗാനം സ്റ്റേജിന്മേലുള്ള നടന്മാരിൽ ചിലർ ഏററുപാടി. പിന്നീടു് എല്ലാവരും ഒട്ടുവിൽ കാണികളും അതിൻെറ രസത്തിൽപ്പെട്ടു പാടാൻ തുടങ്ങി. രാജ്യസ്നേഹത്തിൻെറ ഒരു അല എല്ലാവരേയും പിടികൂടി. അദൃശ്യമായ ഒരു തരംഗംപോലെ ഇതിൻെറ ഗംഭീരസ്വരം ഹാളിൽ മുഴങ്ങി, പുറത്തേക്കൊഴുകി, രാത്രിയുടെ നിശ്ശബ്ദാന്തരീക്ഷത്തിൽ അലിഞ്ഞുചേർന്നു; സകലരുടെ ഹൃദയത്തിലും അതു കോളിളക്കം സൃഷ്ടിച്ചു. സമരധ്വനി മുഴങ്ങുന്ന ഈ ഗാനം സഭാവാസികളിൽ ഒരു പ്രത്യേക രസം വളർത്തി. ഈ പാട്ടറിയാവുന്നവരെല്ലാം —ആണും പെണ്ണും— ഒരുപോലെ ഇതു് ഏററുപാടാൻ ആരംഭിച്ചു. എല്ലാ ഹൃദയങ്ങളേയും കൂട്ടിയിണക്കി, രംഗവേദിയും സഭാതലവും അന്യോന്യം ലയിപ്പിച്ചു് ഒരു പ്രാർത്ഥനപോലെ അതു് അന്തരീക്ഷത്തിൽ ഉയരാൻ തുടങ്ങി.

മൈക്കോ ഉദ്വേഗത്തോടെ അലറി: "പാട്ടുവിൻ കുട്ടികളെ, നിങ്ങൾ ദീർഘായുസ്സായിരിക്കട്ടെ." കൂട്ടത്തിലുള്ള വൃദ്ധന്മാർ സ്വന്തം ചുണ്ടുകൾക്കിടയിൽ പ്രതിഷേധസ്വരമുയർത്തി. അവർക്കു തോന്നി ഈ ഭ്രാന്തു് അസ്ഥാനത്താണെന്നു്.

ഒരൊററ വാക്കുപോലും മനസ്സിലായില്ല എങ്കിലും ബെയും ഗാനം ശ്രദ്ധയോടും തൃപ്തിയോടും കൂടി കേട്ടു. പിന്നീട്ട് ഓരോ പദത്തിൻേറയും അർത്ഥം പറഞ്ഞുകൊടുക്കുവാൻ ഗ്രിഗറിനോട്ട് ആവശ്യപ്പെട്ടു. വേറെ ആരെങ്കിലും ആണെങ്കിൽ സംഗതികൾ കുഴപ്പത്തിലാകുമായിരുന്നു. പക്ഷേ ഡാമനിക്കോവിനു ബുദ്ധിമുട്ടായ പ്രശ്നങ്ങൾക്കു് ഉത്തരം കണ്ടുപിടിക്കുവാൻ ഒരു പ്രത്യേക സാമർത്ഥ്യമുണ്ടായിരുന്നു. തൻെറ മാററു കാട്ടുവാനുള്ള ഒരവസരമാണു് ഇപ്പോൾ കൈവന്നിരിക്കുന്നതു്. ഏററവും സ്വാഭാവികമായ വഴിയിൽ ഏററവും ഭംഗിയായി അയാൾ ബെയെ കഴുതകളിപ്പിച്ചു. ഡാമനിക്കോവിൻെറ ഭാഷയിൽ ഈ ഗാനം പ്രഭുവിനു പ്രഭ്വിയോടുള്ള മഹോന്നതസ്നേഹത്തെയാണു് പ്രതിപാദിക്കുന്നതു്. "ഞാൻ നിന്നെ ഒരു നൂറുമടങ്ങു കൂടുതൽ സ്നേഹിക്കുന്നു." അവളുടെ മറുപടി: "ഞാൻ അങ്ങയെ ആയിരം ഇരട്ടി അധികം പ്രേമിക്കുന്നു." പ്രഭു് പറഞ്ഞു: "ആ ഗുഹ നിൽക്കുന്ന സ്ഥലത്തു നിൻെറ ഓർമ്മക്കായി ഞാൻ ഒരു പള്ളി പണിയിക്കും" രാജ്ഞി പറഞ്ഞു: "ഞാൻ എൻെറ വിലപിടിച്ച ആഭരണങ്ങൾ എല്ലാം വിററു സാധുക്കൾക്കു ധർമ്മം കൊടുക്കും, ഒരു നൂറു വെണ്ണക്കല്ലുകൊണ്ടുള്ള ധാരായന്ത്രങ്ങൾ പണിയിക്കും."

"ധാരാളം ധാരായന്ത്രങ്ങൾ ഇപ്പോൾത്തന്നെയുണ്ടു്. അവർ ജനങ്ങളുടെ നന്മക്കായി കുറെ പാലങ്ങൾ പണിയിക്കട്ടെ." ബെ ഉപദേശിച്ചു.

"ജർമ്മനിയിൽ വെള്ളം കിട്ടുവാൻ പ്രയാസമാകകൊണ്ടു സാധാരണ ജനങ്ങളെല്ലാം കുടിക്കുന്നതു് ബീർ ആണു്." ഗ്രിഗർ മറുപടി പറഞ്ഞു.

അഭിനേതാക്കൾക്കിടയിൽ ഫ്രേയ്റോവിനെ കാണാതായപ്പോൾ ബെ അന്വേഷിച്ചു: "ഗോലോസ് എവിടെ?"

"ഇത്തരുണത്തിൽ അയാൾ ഇല്ലാതിരിക്കുന്നതാണ് കൂടുതൽ ഭംഗി." ഗ്രിഗർ വിശദീകരിച്ചു.

"അതു ശരിയാണ്. അവർ ആ തെമ്മാടിയെ തൂക്കിക്കൊല്ലേണ്ടതായിരുന്നു. ഈ നാടകം രണ്ടാമതും അഭിനയിക്കയാണെങ്കിൽ കോൺസലിനോടു പറഞ്ഞേക്കൂ, അവനെ വെറുതെ വിടരുത് എന്ന്. അതാണ് കുറേക്കൂടി നല്ലത്.

ഫ്രേയ്റോ വാസ്തവത്തിൽ അക്കൂട്ടത്തിൽ ഉണ്ടായിരുന്നില്ല. അപകടകരമായ ആ ഗാനം തുടങ്ങിയപ്പോൾത്തന്നെ അയാൾ വിവേകപൂർവ്വം തല വലിച്ചിരുന്നു. ഇനിയും സഭാവാസികളിൽനിന്ന് അഭിനന്ദനങ്ങൾ വാങ്ങിക്കാതിരിക്കയാണ് ഭേദം എന്നയാൾക്കു തോന്നി.

ഗാനം അവസാനിച്ചു. "കൊള്ളാം ധീരന്മാരെ" എന്ന ബഹളത്തിനിടയിൽ കർട്ടൻ താഴ്ന്നു. ഒരിക്കൽക്കൂടി ആസ്ത്രിയൻദേശീയഗാനം ഉയർന്നുപൊങ്ങി; സഭാവാസികളോടൊപ്പം പുറത്തേക്ക് ഒഴുകി. പെട്ടെന്ന് വിശാലമായ ആ ഹാൾ ഒഴിഞ്ഞു.

അഭിനേതാക്കൾ സ്റ്റേജിൻെറ പുറകിൽനിന്നു വേഷം മാറിക്കൊണ്ട്, അവരെ അഭിനന്ദിക്കുവാൻ എത്തിച്ചേർന്ന സുഹൃത്തുക്കളുമായി സന്തോഷസല്ലാപം ചെയ്കയായിരുന്നു.

"കാബിലസ്സോവ് നിന്നെ ചെകുത്താൻ പിടിക്കട്ടെ. നിനക്ക് എന്തുപററി. പെട്ടെന്നു എൻെറ പിന്നിൽവന്നുനിന്നു കൊട്ടുകാററുപോലെ അലറാൻ തുടങ്ങി. തനി ജിപ്സി." സോറേറാസ്സാമിറേറാസ്സാവിൻെറ ബൂട്ട്സ് വലിച്ചെടുക്കുന്നതിനിടയിൽ ഓഗ്യനോവ് പറഞ്ഞു.

"സഹോദര, എനിക്കതു സഹിച്ചു നിൽക്കാൻ സാധിച്ചില്ല. എനിക്കീ വിലാപങ്ങളും കണ്ണുനീരും ആ സ്ത്രീക്കുവേ

ണ്ടി കോഴിക്കുഞ്ഞിനെപ്പോലുള്ള നിലവിളിയും കേട്ട മതി വന്നു. ഒരു വിധത്തിൽ ഈ മനുഷ്യരെയെല്ലാം ബോധവാന്മാരാക്കുകയും വേണ്ട, അപ്പോൾ എനിക്കു തോന്നി സ്റ്റേജിൽകയറുകയാണ് നല്ലതു് എന്നു്. കണ്ടില്ലേ എന്തു ഗംഭീരമായ അനുഭവമാണ് അതുകൊണ്ടു് ഉണ്ടായതെന്നു്.''

''ഓരോ നിമിഷവും ഒരു തുക്കി പോലീസുകാരനെ എന്റെ അടുക്കൽ പ്രതീക്ഷിച്ച് ഞാൻ തിരിഞ്ഞു നോക്കുകയായിരുന്നു.''

''പരിഭ്രമിക്കാതിരിക്കു. സ്റ്റെഫ്കോവ് അതിന്നുമുമ്പു തന്നെ സ്ഥലം വിട്ടിരുന്നു.'' സൊക്കലോവ് പറഞ്ഞു.

''ബെയാണ് അയാളെ പുറത്താക്കിയതു്.'' സ്കൂൾമാസ്റ്റർ ഫ്രാൻകോവ് പറഞ്ഞു.

''ബെ പിന്നേയും അവിടെ നിന്നു. എത്ര ശ്രദ്ധയോടെയാണ് അയാൾ അതു കേട്ടിരുന്നതു് എന്നു ഞാൻ നോക്കുകയായിരുന്നു. നാളെ എന്തെങ്കിലും കുഴപ്പമുണ്ടാകും.''

''അയാളെപ്പററി വേവലാതിപ്പെടാതിരിക്കൂ. ഡാമനിക്കോബായ് അടുത്തുണ്ടായിരുന്നല്ലൊ ഇല്ലേ. അയാൾ ബെയുടെ ശ്വാസം എടുക്കാൻപോന്ന വിധത്തിലുള്ള എന്തെങ്കിലും കഥ പറഞ്ഞുകൊടുത്തിട്ടുണ്ടാവും. അല്ല അങ്ങിനെ ചെയ്തിട്ടില്ലാ എങ്കിൽ നമുക്ക് അയാളുടെ ബിരുദം തിരിച്ചെടുക്കണം.''

''ഞാൻ മനഃപൂർവ്വംതന്നെ അയാളെ ക്ഷണിച്ചുകൊണ്ടുപോയി 'ബെ'യുടെ അടുത്തു് ഇരുത്തിയതാണ്. ബെയ്ക്കു കഥകൾ വലിയ ഇഷ്ടമാണത്രെ. പരിഭ്രമിക്കേണ്ട. ഇതിനെ സംബന്ധിച്ച് ഒന്നുംതന്നെ വരാൻ പോകുന്നില്ല.'' ജനവീവിന്റെ പിതാവായി അഭിനയിക്കുവാൻ താൻ ധരിച്ചിരുന്ന ഫാദർ ഡിംകോവിന്റെ വേനൽക്കാലത്തെ നീലയങ്കി വലിച്ചൂരിക്കൊണ്ടു നിക്കലോവ്നെഡ്കോവിച്ച് പ്രസ്താവി

ച്ചു. പക്ഷേ, അയാൾ ചതിയെപ്പററി അത്ര ഓർത്തിരുന്നില്ല. പിറേറദിവസം നേരം പ്രഭാതമായപ്പോഴേക്കും ഓഗ്യനോവിനെ കോനാക്കിൻെറ അട്ടക്കലേക്കു വിളിച്ചുകൊണ്ടുപോകുവാൻ ആൾ വന്നു. ദേഷ്യപ്പെട്ടുനിൽക്കുന്ന ബെയുടെ മുമ്പിലേക്ക് അയാൾ കടന്നുചെന്നു.

"കോൺസലസ് എഫിൻഡി, ഇന്നലെ രാത്രി നിങ്ങൾ വിപ്ലവകരമായ ഗാനങ്ങൾ പാടിയെന്നു കേൾക്കുന്നു, അതു ശരിയാണോ?"

ഓഗ്യനോവ് പ്രതിഷേധിച്ചു.

"ഓൺബാസി ഇതിനുനേരെ വിപരീതമായിട്ടാണല്ലോ എൻെറ അട്ടക്കൽ പറയുന്നതു്."

"അയാളെ ആരോ തെററിദ്ധരിപ്പിച്ചിരിക്കുകയാണു്. താങ്കൾ അവിടെ ഉണ്ടായിരുന്നല്ലോ."

ബെ പോലീസുകാരനു ആളെ അയച്ചു.

"ഷെറീഫ് ആഗ, എപ്പോഴാണു് അവർ കുററകരമായ പാട്ടുപാടിയതു്. ഞാൻ അവിടെ ഉള്ളപ്പോഴോ ഞാൻ പോന്നതിനുശേഷമോ?"

"അവർ അങ്ങയുടെ മുമ്പിൽവെച്ചാണു് വിപ്ലവകരമായ ഗാനങ്ങൾ പാടിയതു്. എഫിൻഡി കിരിയാക്കു് ഒരിക്കലും നുണ പറയുകയില്ല."

ബെ ഗൗരവമായി അയാളെ നോക്കി; തൻെറ ആത്മാഭിമാനത്തിനു ക്ഷതം പററിയതുപോലെ.

"ഷെറീഫ് ആഗ, നിങ്ങൾ എന്താണു് പറയുന്നതു്? ഞാനോ കിരിയാക്കോ അവിടെ ഉണ്ടായിരുന്നതു്? ഞാൻ എൻെറ സ്വന്തം കാതുകൊണ്ടു് കേട്ടതല്ലേ. പദംപദമായി ഡാമിനിക്കോഗ്രിഗർ എനിക്കതു തർജ്ജമചെയ്തുതന്നു. കഴിഞ്ഞ രാത്രി ഞാൻ ചോർബാഡ്ജി മാർക്കോവിനോടും സംസാരിച്ചു. അദ്ദേഹത്തിനും അതിൻെറ രീതി വളരെ പിടി

ച്ചു. ഈവക വൃത്തികെട്ട സൂത്രങ്ങൾ എന്റെ അടുക്കൽ എടുക്കേണ്ട കേട്ടോ.'' ബെ പോലീസുകാരനോടു കയൎത്തു.

തിരിഞ്ഞു ഓഗ്യനോവിനോടായി പറഞ്ഞു: ''നിങ്ങളെ ഉപദ്രവിച്ചതിനു മാപ്പു തരണം. ആ-ഒരു നിമിഷം. ആ വിലങ്ങുവെച്ചുപ്പെട്ട മനുഷ്യനെ എന്താണ് വിളിക്കുന്നതു്.''

''ഗോലോസ്.''

''അതെ, ഗോലോസ് നിങ്ങൾ അയാളെ തൂക്കിക്കൊല്ലേണ്ടതായിരുന്നു. ഞാനാണെങ്കിൽ അതാണ് ചെയ്യുക. ഒരു സ്ത്രീയുടെ വാക്കുകൾ നിങ്ങളെ നയിക്കരുതു്. നാടകം വളരെ നന്നായി. അതിലും ഗംഭീരമായി ആ ഗാനം.'' വളരെ പ്രയാസപ്പെട്ടു് ഇരിപ്പിടത്തിൽനിന്നു് എഴുന്നേററുകൊണ്ടു് ബെ പറഞ്ഞു.

ഓഗ്യനോവ് തല കുനിച്ചു പുറത്തേക്കുനടന്നു.

''താങ്കൾ അടുത്തുതന്നെ വേറെ ഒരു ഗാനം കേൾക്കാൻ പോകുകയാണ്. അതു ഡാമനിക്കോഷേച്ചട്ടന്റെ സഹായംകൂടാതെതന്നെ നിങ്ങൾക്കു മനസ്സിലാകും.'' പടി കടക്കുമ്പോൾ ഓഗ്യനോവ് സ്വഗതമായി മന്ത്രിച്ചു.

ഓൺബാസി അയാളെ നോക്കിയിരുന്ന നോട്ടം ആ സമയത്തു് അയാൾ കണ്ടില്ല.

## അദ്ധ്യായം 18

# ഗാങ്കോവിൻെറ കഫെയിൽ

ഈ സംഭവങ്ങൾ കഴിഞ്ഞു കുറെ ദിവസങ്ങൾക്കുശേഷവും ഗാങ്കോവിൻെറ കഫെ സാധാരണപോലെതന്നെ തിക്കം തിരിക്കം പുകയും ശബ്ദവുംകൊണ്ടു് നിറഞ്ഞിരുന്നു. വൃദ്ധന്മാരുടെയും ചെറുപ്പക്കാരുടെയും സമ്മേളനസ്ഥലമായിരുന്നു അതു്. അവിടെയാണു് പൊതുക്കാര്യങ്ങൾ, പൗരസ്ത്യപ്രശ്നവും, യൂറോപ്പിൻെറ ദേശീയവും വിദേശീയവുമായ നയങ്ങളും ചർച്ചചെയ്യപ്പെട്ടുന്നതു്. ഒരാൾ അതിനെ ഒരു ചെറിയ പാർലിമെൻറു് എന്നു വിളിക്കയാണെങ്കിലും അതിൽ വലിയ തെററു കാണുകയില്ല. പക്ഷെ ഇപ്പോഴും പ്രധാന സംഭാഷണവിഷയം ജനവീവ് നാടകപ്രദശ്നമായിരുന്നു. വരാൻപോകുന്ന അനവധി ദിവസങ്ങളിലേക്കുംകൂടി അതു വിവാദത്തിനും കൂടുതൽ പ്രതീകരണത്തിനും വക നൽകിയിരുന്നു. ഏററവും ചൂടുപിടിച്ച വാദവിഷയവും ശ്രദ്ധാകേന്ദ്രവും അന്നത്തെ വിപ്ലവഗാന ശകലമായിരുന്നു. പ്രശാന്തമായ ആലോചനയ്ക്കുശേഷം പലരും ഓഗ്യനോവിനെ അപലപിച്ചു പറഞ്ഞു. പ്രഭു എന്ന നാമധേയം ഓഗ്യനോവിനു് ഉറച്ചുകിട്ടിയിരിക്കയാണു്. സാധാരണ അപരിചിതരായ നടന്മാർ അസാമാന്യമായവിധത്തിൽ പ്രേക്ഷകരെ ആകഷിച്ചാൽ ഇതു സംഭവിക്കാറുണ്ടു്. ഫ്രേയ്റോ 'ഗോലോസ്' ആയിതന്നെ വർണ്ണിക്കപ്പെട്ടിരുന്നു. 'ജനവീവിനോടുള്ള നീചനീചമായ പെരുമാററത്തിനു ഇനിയും അയാൾക്കു മാപ്പുകൊടുക്കുവാൻ വിസമ്മതിക്കുന്ന ചില ബഹുമാന്യരായ

വൃദ്ധന്മാരുടെ അമർഷനോട്ടത്തിന്ന അന്നു കാലത്തുകൂടി അയാൾ ലക്ഷ്യമായി. ഒരു വയസ്സായ സ്ത്രീ നടുവഴിയിൽ അയാളെ തടഞ്ഞുനിർത്തിക്കൊണ്ടു ചോദിച്ചു "മുത്തശ്ശിയുടെ കുട്ടി എന്തിനാണിതു ചെയ്തതു്. ദൈവത്തിന്റെ തിരുമുമ്പിൽ അതൊരു മഹാപാതകമായിത്തീരുകയില്ലേ?"

കഫെയിൽ ചോർബൊഡ്ജി മൈക്കോബിസേഡ് പ്രവേശിച്ചതോടെ അന്നത്തെ സംഭാഷണങ്ങൾ സീമയററ രാഷ്ട്രീയ സാമ്രാജ്യത്തിലേക്ക തിരിഞ്ഞു.

മെലിഞ്ഞു പൊക്കം കുറഞ്ഞു് കറുത്ത ഒരു വൃദ്ധനായിരുന്നു മൈക്കോബിസേഡ്. ഇറക്കം കുറഞ്ഞ ഒരു തുണിജാക്കററും വൃത്തികെട്ട ഒരു തുർക്കിപ്പെജാമയുമാണ് ധരിച്ചിരുന്നതു്. സമാനകാലീനന്മാരെപ്പോലെതന്നെ ഇദ്ദേഹവും വിദ്യാവിഹീനനും സങ്കുചിതമനസ്കനുമാണ്. പക്ഷെ നീണ്ട ജീവിതത്തിലെ വിവിധാനുഭവങ്ങൾ അദ്ദേഹത്തിനു ലോകത്തിനെക്കുറിച്ചു നല്ല വിജ്ഞാനം നേടിക്കൊടുത്തു. നല്ല ഉപദേശകനുമായിരുന്നു അദ്ദേഹം. വലിയ വലിയ ചാൽ കീറിയിട്ടുള്ള ആ ചുക്കിച്ചുളുങ്ങിയ മുഖത്തിനുപോലും ബുദ്ധിശക്തി സ്ഫുരിക്കുന്ന കണ്ണുകൾ ഒരസാമാന്യ കാന്തി ഉണ്ടാക്കി. രാഷ്ട്രീയത്തോടുള്ള അതിരററ മമതയായിരുന്നു, അദ്ദേഹത്തിന്റെ കൂട്ടുകാർ ഒരു പ്രത്യേകതയായി എണ്ണിയിരുന്നതു്. തുർക്കിക്കാരുടെ അവസാനത്തെപ്പററി അചഞ്ചലമായ വിശ്വാസമാണ് അദ്ദേഹം പുലർത്തിവന്നതു്. റഷ്യക്കാരെ ഏതാണ്ടു് ഭ്രാന്തുപിടിച്ചപോലെ; പരിഹാസ്യമായവിധത്തിൽതന്നെ അദ്ദേഹം സ്നേഹിച്ചു—ഒരു പരീക്ഷക്കടലാസ്സിൽ ഏതോ വിദ്യാർത്ഥി 'സെബാസ്റ്റപൂൾ' യുദ്ധക്കളത്തിൽ റഷ്യക്കാർ പരാജിതരായി എന്നു് എഴുതിയിരുന്നതു് വായിച്ചു് അദ്ദേഹം കലികൊണ്ടതു് ഇന്നും കൂട്ടുകാർ മറന്നിട്ടില്ല.

"മകനെ നിനക്കു തെററിപ്പോയി. ആക്കം റഷ്യക്കാ

രെ തോല്പിക്കുവാൻ പററില്ല. ഇതു പഠിപ്പിച്ച അദ്ധ്യാപ കനോടു നീ കൊടുത്ത പണം തിരിച്ചു വാങ്ങിക്കണം" കുപി തനായി അദ്ദേഹം കുട്ടിയെ ഉപദേശിച്ചു. പക്ഷെ അപ്പോൾ തന്നെ സ്കൂൾമാസ്റ്റർ ചരിത്രപുസ്തകമെടുത്ത് ക്രിമിയൻ യുദ്ധ കാലത്ത് റഷ്യക്കാർ തോററ വിവരം ചൂണ്ടിക്കാണിച്ചു കൊടുത്തപ്പോൾ അദ്ദേഹം ചരിത്രം തന്നെ തെററാണ് എ ന്ന് അട്ടഹസിക്കുകയാണുണ്ടായതു്. താൻ സ്കൂൾബോർ ഡിൽ ഉണ്ടായിരുന്നെങ്കിൽ ഒരിക്കലും ഈ മാസ്റ്ററെ വെച്ചു കൊണ്ടിരിക്കയില്ല എന്ന് ശപഥവും ചെയ്തു.

സ്വാഭാവികമായി അല്പരസക്കാരനും മുൻശുണ്ഠിയുമായ അദ്ദേഹത്തിൻെറ സുന്ദരമായ ആദർശസംഹിതകളെ ആരെ ങ്കിലും വെല്ലുവിളിച്ചാൽ വൃദ്ധൻ യാതൊരു മുന്നറിയിപ്പുംകൂ ടാതെ അവരുടെ നേരെ ചാടാൻ തുടങ്ങും. ദ്വേഷ്യംകൊണ്ടു തന്നെത്തന്നെ മറന്നയാൾ ശപിക്കുകയും അലറുകയും ചെ യ്യും. ഇന്ന് ചങ്ങാതി അതീവസന്തുഷ്ടനായിട്ടാണ് വന്നി രിക്കുന്നതു്. ഒരിടത്ത് ഇരുന്നു ജയഭേരിയോടെ അദ്ദേഹം പറഞ്ഞു.

"നമ്മുടെ ആൾക്കാർ വീണ്ടും അടി തുടങ്ങിയിരിക്കുന്നു"

"എവിടെ എങ്ങിനെ" അത്ഭുതത്തോടെ അനവധി ആ ളുകൾ വിളിച്ചു ചോദിച്ചു.

"ലൈബോബ്രാററിച്ചും ബോഷ്കോപെട്രാവിച്ചും കൂ ടി നിരവധി ആയിരം തുക്കികളെ അരിഞ്ഞുകളഞ്ഞു." സ ന്തോഷം നിലനില്ലാത്തനിലയിൽ കുറേശ്ശയായി കുറേശ്ശ യായി അദ്ദേഹം തൻെറ വൃത്താന്തങ്ങൾ പുറത്തുവിടുക യാണ്.

"മിടുക്കന്മാർ അവർ ദീർഘായുസ്സായിരിക്കട്ടെ" പല രും ശബ്ദിച്ചു.

"പഡ്ഗോറിസ്റ്റ പിടിച്ചടക്കിക്കഴിഞ്ഞു" മൈക്കോ

ബായ് തുടന്നു.

"അത്ഭുതം അതിൻെറ ഔന്നത്യത്തിലെത്തി. അതു കണ്ടാൽ തോന്നും പഡ്ഗോറിസ്സക്കു പകരം വിയന്നയാണു് കൈക്കലാക്കിയതെന്നു്."

"ആസ്ത്രിയായിൽനിന്നു ഇഷ്ടമുള്ളിടത്തോളം സന്നദ്ധഭടന്മാരും കോപ്പുകളും എത്തിയിട്ടുണ്ടു്."

"വാസ്തവം"

"ബോസ്നിയ അഗ്നിക്കടിയിലാണു്. ഡെർബിയ ഏതവസരത്തിലും കുഴപ്പമുണ്ടാക്കാൻ പട്ടാളത്തിനെ തയ്യാറാക്കി കഴിഞ്ഞു. സെർബിയ മുന്നോട്ടനീങ്ങിയാൽ നാമും ഒപ്പം പ്രയാണം ചെയ്യും. അതെല്ലാം നമ്മുടെ ആളാണു് നടത്തുന്നതു്."

"അയാളെ ചെകുത്താൻ പിടിക്കട്ടെ."

ആസ്ത്രിയ ഇതിലൊന്നും ഇടപെടാൻ പോകുന്നില്ല, എന്തെന്നാൽ പീററർ സബർഗിലെ ഗോർച്ചക്കോവ് പറയും "നിറുത്തു അവർ അവിടെ തമ്മിൽ തല്ലി കഴുത്തറുക്കുകയാണു്. അതു അവരുടെ സ്വന്തം കാര്യം മാത്രമാണു്. ഗോർച്ചക്കോവ് അതെല്ലാം പറയാൻ പോന്നവനാണു്."

എല്ലാവരും ചെവി കൂമ്പിച്ചു മൈക്കോചോർബാഡ്ജി കൊണ്ടുവന്നിട്ടുള്ള പ്രോത്സാഹകരമായ വാർത്ത കേട്ടുകൊണ്ടുനിന്നു.

"എത്ര തുർക്കികളെ വധിച്ചു" നിക്കോഡിം ചോദിച്ചു.

"തുർക്കികളോ, ഞാൻ പറയുന്നു ആയിരക്കണക്കിന്നു്, രണ്ടെന്നോ, അഞ്ചെന്നോ, പത്തെന്നോ പറഞ്ഞോളൂ, നിങ്ങൾക്കു തെററുകയില്ല. ഹെർസിഗോവിനയിലെ പട്ടാളക്കാർക്കു തമാശയെന്താണു് എന്നറിയില്ല."

"ശരിയാണെങ്കിൽ അതൊരു നല്ല വാർത്തയാണു്."

"ഞാൻ പറയുന്നു അതിലെ ഓരോ വാക്കും വാസ്തവമാണെന്നു്."

"എവിടെനിന്നാണു് ഇതു കിട്ടിയതു് ചോർബാഡ്ജി മാക്കോ ചോദിച്ചു."

"വളരെ വിശ്വസിക്കാവുന്ന ഒരു സ്ഥലത്തുനിന്നാണു് ഞാനിതു കേട്ടതു്. കെ—യിലെ ഒരു പലചരക്കുകച്ചവടക്കാരനായ യാങ്കിഡാഫനീസിന്റെ കയ്യിൽനിന്നു മിനിഞ്ഞാന്നാണു് നമ്മുടെ കിർജോജ്ജി ഇസ്മിർലായക്കു് ഈ വത്തമാനം കിട്ടിയതു്. ട്രീസ്റ്റ് വൃത്താന്തപത്രത്തിൽ ഇതെല്ലാം വന്നിട്ടുണ്ടു്."

"എനിക്കു തോന്നുന്നില്ല ഹെർസിഗോവിനയക്കാക്കു വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നു്. അവർ സമരം ചെയ്യും ഒടുവിൽ അവർ ക്ഷീണിക്കും. അവരെത്രപേരുണ്ടു്, ശരിക്കു് ഒരു പിടിയല്ലെ ഉള്ളു." പിൻതുണക്കുവേണ്ടി മററുള്ളവരെ നോക്കിക്കൊണ്ടു് പാവൽക്കി പറഞ്ഞു.

"അതുതന്നെയാണു് ഞാനും പറയുന്നതു്. ഹെർസഗോവിനിയക്കാർ വളരെ കുറച്ചെ ഉള്ളു. തുക്കികൾക്കു് അവരെ ഒരു വിലയുമില്ല." തന്റെ കാല്പറ വലിച്ചു നേരെയാക്കിക്കൊണ്ടു ഹാജിസ്മിയോൺ വിളിച്ചു പറഞ്ഞു.

മൈക്കോവിനു ദേഷ്യം വന്നു.

"പാവൽകി, ഹാജി നിങ്ങൾ എനിക്കു മാപ്പു തരണം. നിങ്ങൾ ഒരു പൊട്ടനാണു്. ചിലപ്പോൾ രാഷ്ട്രീയത്തിൽ വെറുംശൂന്യതയിൽനിന്നാണു് വലിയ സംഭവവികാസങ്ങൾ ഉണ്ടാകുന്നതു്. ഗാർച്ചിക്കോവ് തന്നെ പറയുന്നതു് എന്താണു് ഹെർസിഗോവിനയിൽനിന്നു ഉണ്ടാവുന്ന തീപ്പൊരി സർവ്വദിക്കിലും പരന്നു് തുക്കി സാമ്രാജ്യം മുഴുവൻ എരിച്ചുകളയുമെന്നല്ലെ."

"എനിക്കു തോന്നുന്നതു് ഡെർബിയാണു് അതു് പറ

ഞ്ഞതു് എന്നാണു്'' ഫ്രാററു ഗൌരവമായി പറഞ്ഞു.

ചോർബാഡ്ജി മൈക്കോ മുഖം വീർപ്പിച്ചു.

''ഒരു ഇംഗ്ലീഷുകാരനായ് ഡെർബി സുൽത്താനെപ്പററി അത്ര ചീത്തയായെയൊന്നും പറയുകയില്ല.''

എനിക്കറിയില്ലേ ഇംഗ്ലീഷുകാരുടെ നയജ്ഞത. അവർ പറയും ''തുർക്കിയിൽ എല്ലാം നല്ലതാണു്, എല്ലാം അഭിവൃദ്ധിപ്രാപിക്കുകയാണു് എന്നു്. ഞാൻ പറയുന്ന ഡെർബി ഒരിക്കലും അങ്ങിനെയൊന്നും പറയുകയില്ല എന്നു്.''

''ഫ്രാററു് അതാണു് ശരി, അതാണു് ശരി. ഡെർബി അതു പറഞ്ഞിട്ടില്ല.'' ഹാജിസ്മിയോൺ തീർപ്പുകല്പിച്ചു.''

''ഒരു തീയുയന്നു് കോൺസ്റ്റാണ്ടിനോപ്പിളിനെ ദഹിപ്പിച്ചുകളഞ്ഞെങ്കിൽ നമുക്കീ നിരീശ്വരവാദികളെക്കൊണ്ടുള്ള ശല്യ ഒഴിയുമായിരുന്നു.'' രാഷ്ട്രീയത്തിലെ ഒരു നവാഗതനായ ചെറുപ്പക്കുത്തി ''ഐവാൻച്ചോഡ്യൂഡോ''വാണതു പറഞ്ഞതു്.

''ഞങ്ങൾ പറയുന്നതു് വേറെ ഒരു തീയിനെപ്പററിയാണു് ഐവാൻച്ചോ.'' പാവൽക്കി ഗൗരവത്തോടെ പറഞ്ഞുകൊടുത്തു.

''ബൽഗേരിയക്കു തീ കൊടുത്താൽ ശരിയായ അഗ്നിപരീക്ഷ കയറും'' മിസ്റ്റർ ഫ്രോയ്റേറാ പ്രസ്താവിച്ചു.

''എന്തിനാണു് ബൽഗേരിയക്കു തീകൊടുക്കുന്നതു്. അതിൻെറ യാതൊരു ആവശ്യവുമില്ല. നമ്മുടെ നിലയ്ക്കനുസരിച്ചു നാം താഴ്ന്നുതന്നെ നിൽക്കണം. അന്നു കണ്ടില്ലേ സാഗോറയിൽ അവർ എത്രമാത്രം കുഴപ്പമാണുണ്ടാക്കിയതെന്നു്.'' നിരുന്മേഷകരമായി ചോർബാഡ്ജി 'ഡിമ്മോ' പറഞ്ഞു.

''നിങ്ങൾക്കതു പറയാം ഫ്രോയ്ററു്, എന്തെങ്കിലും ഉണ്ടാവുകയാണു് എങ്കിൽ നിങ്ങൾ വല്ലാച്ചയിലുള്ള ''പോ

ഡൗമോഗഷായ"യിലേക്ക് വലിഞ്ഞുമാറി അവിടെനിന്ന് അട്ടഹസിക്കും. ഇവിടെ ഞങ്ങളുടെ തലയ്ക്കാണ് കേട്ടപാറുക. എന്നോടിതിനെപ്പററി സംസാരിക്കരുത്. ഡാഞ്ചോ സഹോദരന്ന് നല്ലപോലെ അറിയാം. ജനങ്ങൾ എന്തു തരക്കാരാണ് എന്ന്." അപ്പക്കാരൻ ഡാൻചോ പറഞ്ഞു.

"ഒന്നുമില്ല, നേരെ മറിച്ച് ഞാനിവിടെത്തന്നെനിന്നു എന്തുവേണമെങ്കിലും ത്യാഗം ചെയ്യും."

"എന്തെങ്കിലും ഉണ്ടാകാൻ പോകുന്നു എങ്കിൽ വേഗമായാൽകൊള്ളാമായിരുന്നു. എന്തൊരു സാമ്രാജ്യമാണിത്? ഇതിപ്പോൾതന്നെ എരിയുകയാണ്, പുക പൊങ്ങിക്കാണുന്നില്ല എന്നു മാത്രം. നമ്മുടെ പുറത്തുനിന്നു കോട്ടപോലും അവർ ഊരിയെടുത്തു. പട്ടണത്തിന്റെ പുറത്ത് മൂക്കു കാണിക്കാൻ നിവൃത്തിയില്ല. ഇതാണോ സാമ്രാജ്യം? ചവറ്."

"ഇതിനെപ്പററി വ്യസനിക്കേണ്ട. ഈ അവസ്ഥ അധികംനാൾ നിലനില്ക്കുകയില്ല." ബായ്മൈക്കോ പറഞ്ഞു "തുക്കിസാമ്രാജ്യം വീഴാറായി എന്നു എഴുതിയിട്ടുണ്ട്."

"ടക്കി ഒരു തകന്ന നിലയിൽ ആയിക്കഴിഞ്ഞു. വെറും ഒരു അസ്ഥികൂടംമാത്രം, ഒരൊററ തള്ളുകൊടുത്തുനോക്കു, അത് നിലംപൊത്തും." ആരോ പറഞ്ഞു.

"അല്ല അതു നാം തള്ളി വീഴ്ത്തുന്നില്ല എങ്കിൽ തീച്ചയായും നാം കഴുതകളാണ്." ഫാദർ ഡിംകോ കയത്തുപറഞ്ഞു.

"അതു ശരിയാണ് അതു ശരിയാണ്." ഫാദർസ്ടാർവി പറഞ്ഞു "സംഗതികൾ ഇളകിമറിയാൻ തുടങ്ങിയിട്ടുണ്ട്. ഒന്നു നോക്കു. ചെറുപ്പക്കാരും വൃദ്ധന്മാരും വേറെ ഒന്നിനെയുംപററിയല്ല ചച്ചചെയ്യുന്നതു്. രാവും പകലും, സ്ത്രീകളും കുട്ടികളും എന്തിനെപ്പററിയാണ് പറയുന്നതു്. ശ്രദ്ധിച്ചുനോക്കു. അവരുടെ പാട്ടുകേൾക്കാറുണ്ടോ. പണ്ടത്തെപ്പോലെ 'ഏയ്യും ഓായും' ഒന്നുമില്ല, തോക്കുകളുംമിന്നുന്ന വാളുകളും ത

ന്നെ. "ചെണ്ടശബ്ദം കേൾക്കുമ്പോൾ എന്റെ ഹൃദയം പതച്ചുപൊങ്ങുകയാണ്", എണ്ണീററു തുക്കികളോടുസമരംചെയ്യും" അങ്ങിനെയാണ് ഇപ്പോഴത്തെ പുതിയ ഭ്രാന്തുകൾ. ആൺകുട്ടികളോ, സദാസമയത്തും അവരെ ആശ്രമത്തിനടുത്തുള്ള മൈതാനത്തിൽ കാണാം. ബാംഗ്, ബാംഗ്, എപ്പോഴും തോക്കുകൊണ്ടുള്ള കളിതന്നെ. ആ വഴിയെ 'ബോസോള' നിലേക്ക് ഒന്നു പോകാൻപോലും വയ്യ. എന്റെ ഗാങ്കോ എല്ലാ തോക്കുകളും കണ്ടെടുക്കാവുന്നിടത്തോളം എടുത്തുവെച്ചിരിക്കയാണ്. സ്കൂൾ വിട്ടാൽപിന്നെ ഇതുകൊണ്ടു മാത്രമാണ് കളി, "മകനെ എന്തിനാണ് നിനക്കു ഈ പഴയ സാധനങ്ങൾ." അവൻ പറയും അടുത്തു തന്നെ അതിന്റെ ആവശ്യമുണ്ടാകും അച്ഛ. ഒരു കാലംവരും. അന്ന് ഈ പഴയ തോക്കിന്റെ അത്രയും ഫലനം സ്വാതന്ത്ര്യത്തിന്റെ വിലയായിരിക്കും ഇവക്കു്. "എനിക്കു തോന്നുന്നു ഈ കൊടുങ്കാററു് എന്തെങ്കിലും കുഴപ്പമുണ്ടാക്കും എന്നു്. ദൈവംതന്നെ നമ്മളെ രക്ഷിക്കട്ടെ."

ഫാദർ സ്ട്രോർവിയുടെ ആത്മാർത്ഥത തുളുമ്പുന്ന ഈ വാക്കുകൾ വാസ്തവമായിരുന്നു. സ്റ്റെഫോ ശ്രദ്ധിച്ചിട്ടുള്ളമാതിരി, ഓഗ്യനോവിന്റെ വരവിനുശേഷം കുറെ മാസങ്ങളായി അനുദിനം വളരുന്ന ഒരു അസ്വാസ്ഥ്യത എല്ലാ ദിക്കിലും പ്രകടമായിരുന്നു; പ്രത്യേകിച്ചു 'സ്ലാറസഗോറ'യിലെ സെപ്തംബർ വിപ്ലവത്തിനുശേഷം.

വിനോദാവസരങ്ങളിലെ പാനോപചാര പ്രസംഗങ്ങൾ മിക്കപ്പോഴും രാജ്യസ്നേഹപരമായിട്ടുള്ളതായിരിക്കും. വിപ്ലവത്തിനെപ്പററി ആളുകൾ തുറന്നുതന്നെ സംസാരിക്കുന്നു. ചെറുപ്പക്കാർ പരിശീലിക്കുന്ന സമയത്തുണ്ടാകുന്ന വെടിശബ്ദം എപ്പോഴും ആശ്രമപ്രാന്തങ്ങളിൽ മുഴങ്ങികേൾക്കാം. വിപ്ലവകരമായ ഗാനങ്ങൾ ഒരു പരിഷ്കാരമായി. നൃത്തം നൃത്തക്കുമ്പോൾ മിക്ക ഗൃഹങ്ങളിൽനിന്നും കേൾക്കുന്ന

 തു് ഇത്തരത്തിൽപ്പെട്ട ഗാനങ്ങളാണു്—വീട്ടുകളിൽനിന്നു തെരുവിലേക്കും അവ പരന്നു തുടങ്ങി. പഴയ പ്രണയഗാനങ്ങളുടെ സ്ഥാനം ഇപ്പോൾ ദേശാഭിമാനോജ്ജ്വലമായ സമരഗാനങ്ങളാണു് ഏറ്റെടുത്തിരിക്കുന്നതു്. വീട്ടമ്മമാരും പെൺകുട്ടികളും വെളിവായി അവ പാടുന്നതു കേട്ടാൽ അത്ഭുതം തോന്നും.

തുർക്കികൾ ഇതൊന്നും ഗൗനിച്ചില്ല. അപ്രായോഗികമായ ഇതൊന്നും അവർ കേട്ടതായി നടിച്ചുമില്ല. പക്ഷേ സ്റ്റാറ സഗോറയയിലെ സെപ്റ്റംബർ വിപ്ലവത്തിനുശേഷം തുർക്കികളുടെ ഇടയിൽ ഒരു ഇളക്കം ബാധിച്ചിട്ടുണ്ടു്. അതിൻെറ ദ്വേഷ്യം അവർ പ്രകടിപ്പിക്കുന്നതു് ബൽഗേറിയാക്കാരുടെ ചോര ചിന്തിയാണു്. ബൽഗേറിയാക്കാർ വിജനസ്ഥലത്തേക്കു് ഒഴിച്ചുവിടുന്ന ഉണ്ടകൾക്കു പകരമായി തുർക്കികൾ തങ്ങളുടെ തോക്കുകൾക്കു ബൽഗേറിയാക്കാരുടെ മാംസംതന്നെ ലക്ഷ്യമാക്കി. സ്ത്രീജനങ്ങളുടെ വിപ്ലവഗാനത്തിനുള്ള പ്രതികാരമായി അവരെ മാനഭംഗപ്പെടുത്തി. അവരുടെ സഹോദരന്മാരുടെ കഴുത്തറുത്തും ആയുധമില്ലാത്ത യാത്രക്കാരെ കൊന്നും വീട്ടുകൾക്കു തീവെച്ചു സർവ്വതും കൊള്ളചെയ്തും അവർ പോലീസുകാരുമായി കിട്ടിയതെല്ലാം വീതിച്ചെടുത്തു. അവരുടെ ക്രൂരതയുടേയും അക്രമത്തിൻേറയും അടിയിൽ കിടന്നു ദേശമു മുഴുവൻ ഞെരുങ്ങുകയായിരുന്നു.

ബായ്മെക്കോവിൻെറ പല ചോദ്യങ്ങളോടും അനുകൂലിച്ചുവെങ്കിലും ചോർബാഡ്ജിമാക്കോവിനു വിപ്ലവത്തെപ്പററി വ്യക്തമായ ഒരു എതിരഭിപ്രായമാണു് ഉണ്ടായിരുന്നതു്. അങ്ങിനെ ഒരാശയംതന്നെ ഭ്രാന്താണു് എന്നാണദ്ദേഹത്തിൻെറ അഭിപ്രായം. താൻ അഭയംകൊടുത്തു രക്ഷിച്ചുവരുന്ന ഓഗ്യനോവിനെ ഇതുകൊണ്ടു് അയാൾ പറയുന്ന ഓരോ അപകടകരമായ വാക്കിനും കഠിനമായി അദ്ദേഹം ശകാരിക്കാറുണ്ടു്.

മോണാസ്റ്റിക്കരികെ വായുവിൽ വെടിവെക്കുന്ന കഴുതകളെക്കുറിച്ചു് എനിക്കൊരത്ഭുതവും തോന്നുന്നില്ല. പക്ഷേ വൃദ്ധന്മാർക്ക് തങ്ങളുടെ തൊപ്പിക്കടിയിൽ എങ്ങിനെയാണു് തേനീച്ചകളെ വളർത്താൻ സാധിക്കുന്നതു് എന്നാണു് എനിക്കു മനസ്സിലാകാത്തതു്. നാം തീകൊണ്ടാണു് കളിക്കുന്നതു്. ലോകം മുഴുവൻ കിടിലം കൊള്ളിക്കുന്ന അഞ്ചു നൂററാണ്ടു കാലത്തെ നിലനിൽപ്പുള്ളതാണു് തുർക്കി സാമ്രാജ്യം: അതിനെ അട്ടിമറിക്കാൻ ഒരു പിടി ചാട്ടക്കാർ്—അല്പന്മാർ—തോക്കിൻെറ പാത്തികൊണ്ടു് തയാറാവുകയാണു്. ഇന്നലെ എൻെറ പഴയ തോക്കുംകൊണ്ടു മൈതാനത്തിലേക്കു പോകുന്ന വാസ്സിലിനെ ഞാൻ കണ്ടു. അയാളും തുർക്കികളെ തോൽപ്പിക്കാൻ പോവുകയാണത്രെ. ഞാൻ പറഞ്ഞു അയാളോടു് ഒരു കോഴിക്കുഞ്ഞിനെ കൊല്ലാൻ. അവൻ ആരുടെയൊക്കെയൊ കാലു പിടിച്ചാണു് അതിൻെറ കഴുത്തറുപ്പിച്ചതു്. ചോര കണ്ടാൽ പേടിയാകുമത്രെ. 'വീട്ടിലേക്കു് മടങ്ങിപ്പോടാ ഭ്രാന്താ' ഞാൻ അവനോടു പറഞ്ഞു. "നിനക്കും കൊല്ലണം അതു ദൈവത്തിനു വിട്ടുകൊടുക്കുകയാണു് നല്ലതു്. നാം ഇവിടെ നരകത്തിലാണു്. വിപ്ലവമത്രെ. അങ്ങിനെ ഒരു സംഗതിയിൽനിന്നു ദൈവം നമ്മെ രക്ഷിക്കട്ടെ. വിപ്ലവമെന്നാൽ സവ്വവിനാശം എന്നാണത്ഥം. ഒരൊററ കല്ലുപോലും നേരെ നിൽക്കുക ഉണ്ടാവില്ല."

കഫെ ഉടമസ്ഥൻ ഗാങ്കോ പറഞ്ഞു: "ബായ്മാക്കോ പറഞ്ഞതു മുഴുവൻ ശരിയാണു്. വിപ്ലവം വന്നാൽ നമുക്കു മുഴുവൻ കുഴപ്പം അനുഭവിക്കേണ്ടിവരും." അയാൾ തൻെറ പിരിഞ്ഞുതീരാത്ത കണക്കുകൾ തട്ടിന്മേൽ ചോക്കുകൊണ്ടു് എഴുതിയിട്ടിരിക്കുന്നതു നോക്കിക്കൊണ്ടാണു് ഇത്രയും പറഞ്ഞതു്.

മാക്കോവിൻെറ ഇടപെടൽ മൈക്കോവിനെ കുപിതനാക്കി.

"മാർക്കോ." അയാൾ പറഞ്ഞു "നിങ്ങൾ വളരെ ബുദ്ധി പൂർവ്വം സംസാരിക്കുന്നു. പക്ഷേ നമ്മെക്കാട്ടിലും ബുദ്ധിമാന്മാർ ഇതെല്ലാം മുൻകൂട്ടി കണ്ടു് എന്താണു് സംഭവിക്കാൻ പോകുന്നതു് എന്നു പറഞ്ഞിട്ടുണ്ടു്. എന്തുതന്നെയായാലും തുക്കി നശിക്കാൻ പോകയാണു്."

"എനിക്കു നിങ്ങളുടെ ജ്യോതിഷികളെ വലിയ വിശ്വാസമില്ല." മാർക്കോ സൂചിപ്പിച്ചിരുന്നതു് മൈക്കോ അതിരററു വിശ്വസിക്കുന്ന 'മാർട്ടിൻസാഡിക്കി'നെയാണു്. "നിങ്ങളുടെ സാഡിക്കിനുപകരം സോളമൻരാജാവുതന്നെവന്നു് എന്നോടു് പറയുകയാണു് നമുക്കെന്തെങ്കിലും ചെയ്യണമെന്നു് എന്നാലും ഞാനതു വിശ്വസിക്കുകയില്ല. എനിക്കീ കുട്ടിക്കളി തീരെ ഇഷ്ടമല്ല."

"മാർക്കോ ഇങ്ങോട്ടു നോക്കൂ. ദൈവം അതു് അഭിലഷിക്കുന്നുവെങ്കിൽ" ഫാദർ സ്ട്രാർവി പറഞ്ഞു.

"എന്തു് ഫാദർ, നാം ഇപ്പോഴേ നുണ പറയണമെന്നു് ദൈവം ഉദ്ദേശിക്കുന്നുവോ. അദ്ദേഹത്തിനു അങ്ങിനെ തുക്കികളെ നശിപ്പിക്കണമെങ്കിൽ നമ്മെപ്പോലുള്ള സാധുക്കളെ അതിനു കരുക്കളാക്കില്ല നിശ്ചയം."

"നമുക്കെല്ലാവർക്കും അറിയാം. ആരാണതു ചെയ്യേണ്ടതു് എന്നു്." പാവൽക്കി പറഞ്ഞു.

ഡൈഡോഐവാൻ, ഡൈഡോഐവാൻ എല്ലാവരും ആർത്തുവിളിച്ചു. ചോർബാഡ്ജി മൈക്കോവിൻെറ മുഖത്തു് സംതൃപ്തി പ്രത്യക്ഷമായി. അദ്ദേഹം തുടന്നു:

"നിങ്ങൾ എന്നോടാണോ ഇതു പറയുന്നതു്? ഞാൻ പറയുകയാണെങ്കിൽ, നാം മുമ്പെ നയിക്കണം. അയാൾ വലിയ തോക്കുകളുമായി നമ്മുടെ പുറകെ സെൻട്സോഫിയവരെ വരട്ടെ. പക്ഷേ അദ്ദേഹത്തോടു ചോദിക്കാതെ നമുക്കു് എന്തെങ്കിലും പറയാനൊക്കുമോ, വാസ്തവത്തിൽ ശക്തമായ

ഒരു പിൻതുണയില്ലാതെ ലൈബോബ്രാട്ടിച്ചിനു ഈ നാസ്സുളെ ആയിരക്കണക്കിന്നു് അരിഞ്ഞുകളയുവാനുള്ള ധൈര്യമുണ്ടാകുമോ? ഞാൻ പറയുന്നതു് ഒരു ക്ഷയരോഗിയുടേതുപോലെതന്നെ തുക്കിസാമ്രാജ്യത്തിൻെറ ദിനങ്ങളും എണ്ണപ്പെട്ടുകഴിഞ്ഞു എന്നാണു്. അതു് എഴുതിക്കഴിഞ്ഞു; ഞാനല്ലല്ലോ അതു പറഞ്ഞുണ്ടാക്കിയതു്. വിശ്വസിക്കാത്തവർ ഇതാ ഇതു ശ്രദ്ധിച്ചു കേൾക്കൂ: 'തുക്കിസുൽത്താൻെറ ഉന്നത നഗരിയായ കോൺസ്റ്റാൻറിനോപ്പിൾ വീഴും; പക്ഷേ ഒരൊററ തുള്ളി രക്തംപോലും ചിതറുകയില്ല. തുക്കികൾ എല്ലാം നശിക്കും. എല്ലാ നിർഭാഗ്യത്തിൻെറ അവസാനം ദാരിദ്ര്യത്തോടും ക്ഷാമത്തോടുംകൂടിയായിരിക്കും. അതിൽ അവരും നശിക്കും.' വേറെ ഒരു ദിക്കിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു. 'നിങ്ങളുടെ സ്വപ്നങ്ങളെല്ലാം ശിഥിലമാകും, നിങ്ങളുടെ വിഗ്രഹങ്ങളും മതസ്ഥാപനങ്ങളും നശിപ്പിക്കപ്പെട്ടും—മുഹമ്മദ്! പൗരസ്ത്യദേശത്തിലെ അന്തിക്രസ്തു! നിങ്ങളുടെ സമയം കഴിഞ്ഞുപോയി. നിങ്ങളുടെ ശവക്കുഴി തോണ്ടിക്കഴിഞ്ഞു. നിങ്ങളുടെ എല്ലുകൾ ചാരമാകാറായി.''

ആവേശത്തള്ളലിൽ മൈക്കോ തൻെറ സ്ഥലത്തുനിന്നു് എഴുന്നേററു് അന്തരീക്ഷത്തിൽ കൈകൊണ്ടു് അറക്കുവാൻ തുടങ്ങി.

"ഇതെന്നാണു് ഉണ്ടാകാൻ പോകുന്നതു്?" ഫാദർ സ്ട്രാർവി ചോദിച്ചു.

"വളരെ വേഗം. സമയമടുത്തിരിക്കുന്നു."

ആ സമയത്തു് വാതിൽ തുറന്നു നിക്കോലായ് നെഡ്കോവിച്ച് അകത്തു പ്രവേശിച്ചു. അപ്പോൾതന്നെ വന്ന "സെൻചുറി"യുടെ ഒരു പുതിയ പതിപ്പു് അയാളുടെ കൈവശമുണ്ടായിരുന്നു.

"അതാണോ ഏററവും പുതിയതു്? നിക്കലോഫ് അ

തൊന്നു വായിക്കൂ, അതു വായിച്ചുകേൾപ്പിക്കൂ." നിരവധി യാളുകൾ ഒരുമിച്ച് അട്ടഹസിച്ചു.

"ഒന്നറിയട്ടെ എത്ര മൊട്ടക്കൂസുകളെ ലൈബോംബ്രാട്ടിച്ച് അരിഞ്ഞു എന്ന്." മററു ചിലരും അക്ഷമയോടെ വിളിച്ചു പറഞ്ഞു.

"ആയിരക്കണക്കിനു്. എന്നുതന്നെ ഞാൻ പറയുന്നു. നിക്കലോക്ക് ഇവിടെ ഇരിക്കൂ." ബോയ്മൈക്കോ തൻെറ അടുത്തുതന്നെ കുറച്ചു സ്ഥലമുണ്ടാക്കി അയാളെ ക്ഷണിച്ചു.

നിക്കലോയ്നെഡ്കോവിച്ച് കടലാസു നിവത്തി.

"ആദ്യംതന്നെ പൊർസിഗോവീനിയായിലെ വിപ്ലവത്തെപ്പററി വായിക്കൂ." മൈക്കോ കല്പിച്ചു.

ഗംഭീരമായ ആ നിശ്ശബ്ദതയിൽ നെഡ്കോവിച്ച് വായന ആരംഭിച്ചു. എല്ലാവരും ചെവി കൂർമ്പിച്ചിരുന്നു. പക്ഷേ "ക്ലിയോ"യിൽ കണ്ട സന്തോഷകരമായ വിജയവാത്ത അതിലെങ്ങും സ്ഥിരീകരിച്ചുകണ്ടില്ല. മറിച്ച് യുദ്ധരംഗത്തിൽനിന്നു വളരെ ചീത്തയായ വത്തമാനമാണ് രേഖപ്പെട്ടത്തിയിട്ടുള്ളതു്. "പെഡ്ഗോറിസ്സ" കൈവശപ്പെട്ടത്തിയിട്ടില്ല എന്നുമാത്രമല്ല; ലൈബോംബ്രാടിച്ചിൻെറ അവസാനപട തകന്നുതരിപ്പണമായി. നായകൻ ആസ്ത്രീയയിലേയ്ക്കു പലായനം ചെയ്യുകയും ചെയ്തിരിക്കുന്നു.

നീണ്ടുവീത്ത മുഖങ്ങൾ മാത്രമാണ് ചുററും ദൃശ്യമായതു്. തികഞ്ഞ നിരാശയും വേദനയും എല്ലാ മുഖത്തും പ്രകടമായിരുന്നു. നെഡ്കോവിച്ചു വല്ലാതെയായി, അയാളുടെ ശബ്ദം പതറി ദുബ്ബലമായി.

വിയപ്പിൽ കുളിച്ച്, ദേഷ്യംകൊണ്ടു തളന്ന മൈക്കോ വിളിച്ചുപറഞ്ഞു:

"നുണ, നുണ, നുണ. എൻെറ പഴയ തൊപ്പിയോടു പറയട്ടെ ഈ കള്ളവെല്ലാം. ലൈബോംബ്രാട്ടിച്ച് അവരെയാ

ണ് നശിപ്പിച്ചതും തോല്പിച്ചതും. ഈ കടലാസ്സിലെ ഒരൊററ വാക്കുപോലും വിശ്വസിക്കരുത്.''

''പക്ഷേ മൈക്കോ, യൂറോപ്പിലെ വിവിധ വൃത്താന്തപത്രങ്ങളിൽനിന്നെടുത്തതാണ് ഈ കമ്പി വിശേഷമെല്ലാം. അവയിൽ എന്തെങ്കിലും പരമാത്ഥമുണ്ടാകാതെ വരില്ല.''

''വെറും നുണ, കോൺസ്റ്റാൻടിനോപ്പിളിൽനിന്നു തുക്കികൾ പടച്ചുവിട്ട പച്ചനുണ. ഞാനിതു വിശ്വസിക്കുകയില്ല. നിങ്ങൾ 'ക്ലിയോ' എടുത്തു വായിച്ചുനോക്കിയാട്ടെ.''

''ഞാനും ഇതു വിശ്വസിക്കുന്നില്ല.'' ഹാജിസ്റ്റിയോൺ പറഞ്ഞു: ''പത്രങ്ങൾ ജിപ്സികളെപ്പോലെ നുണ പറയും എന്നിക്കോമ്മ വരുകയാണ്, 'മോൾഡേവിയ'യിൽ ഉള്ള ഒരു പത്രത്തിൻെറ കായ്യം. അതിൽ പറയുന്നതു് മുഴവൻ കള്ളമായിരുന്നു.''

''പറഞ്ഞുണ്ടാക്കിയ ജോലികൾ.''

''കൊള്ളാം. ഇതല്ലേ ഞാൻ പറഞ്ഞുകൊണ്ടുവന്നിരുന്നതു്. നിങ്ങൾ തുക്കിപത്രങ്ങൾ പറയുന്നതിൻെറ നേരെ വിപരീതം വിശ്വസിച്ചാൽ മതി. നൂറു് ഹെർസിഗോവീനിയക്കാർ മരിച്ചുവെന്നു് അവർ പറഞ്ഞാൽ നമുക്കു തീച്ചയാക്കാം നൂറു് തുക്കികൾ കൊല്ലപ്പെട്ടുവെന്നു്. അല്ല, ആയിരം എന്നുതന്നെ ഉദ്ദേശിച്ചാലും വലിയ തെററുണ്ടാവുകയില്ല.''

ജനങ്ങളുടെ ആവേശത്തെ മൈക്കോവിൻെറ വാക്കുകൾ തണുപ്പിച്ചു. അവരുടെ രഹസ്യമായ ആഗ്രഹത്തിന്നു് അനുകൂലമായതുകൊണ്ടു് അവർ അതു് എളുപ്പം വിശ്വസിച്ചു. മറെറ വാത്ത ചീത്തയായതുകൊണ്ടു് നുണയായിരിക്കണം. പത്രങ്ങളെ അങ്ങിനെ വിശ്വസിക്കാൻ വയ്യ. പക്ഷേ അതേ പത്രംതന്നെ ലൈബോബ്രാടിച്ചിൻെറ വിജയത്തെക്കുറിച്ചെഴുതിയപ്പോൾ ആക്കും തോന്നിയില്ല അതിനെ അ

വിശ്വസിക്കുവാൻ. എന്തായാലും അന്നത്തെ വാർത്തകൾ ഗാങ്കോ കഫെയിലെ പതിവുകാരെ വളരെ നിരാശപ്പെടുത്തി. കൂടുതൽ സംഭാഷണത്തിൻെറ രസം പോയി. എല്ലാവരുടെ ഹൃദയത്തിലും എന്തോ ഒരു ഘനം അനുഭവപ്പെട്ടു. മൈക്കോബായി വളരെയധികം പരിഭ്രാന്തനായികാണപ്പെട്ടു. അയാൾക്കു അയാളോടും, പത്രത്തിനോടും, ലോകത്തോടുതന്നെയും ഭയങ്കരമായ അരിശം തോന്നി, കാരണം ക്ലീയോവിലെ വാർത്തക്കു സ്ഥിരീകരണം കിട്ടാത്തതുതന്നെ. തികഞ്ഞ നിശ്ശബ്ദതയിൽ അല്പം പുച്ഛസ്വരത്തിൽ പെട്രാക്കിഷിക്കോവ് ഇങ്ങിനെ പറഞ്ഞപ്പോൾ അയാൾ ആകെ പൊട്ടിത്തെറിച്ചു.

"ബായ്മൈക്കോ, ഫെർസിഗോവീനിയൻ തീപ്പൊരി വെറും തീപ്പൊരിതന്നെയായി ഇരിക്കുന്നമട്ടാണ് കാണുന്നതു്. ഞാൻ പറയുന്നതു കേൾക്കൂ. ഇക്കൊല്ലവും അടുത്ത കൊല്ലവും ഇനിയൊരു നൂറു കൊല്ലവും തുർക്കി വളരെ സുഖമായിത്തന്നെ നിലനിൽക്കും. ഞങ്ങൾ പഠിക്കുന്നതുവരെ നിങ്ങളുടെ ദീർഘദർശിത്വംകൊണ്ടു ഞങ്ങളെ കളിപ്പിക്കാം."

"ഷിക്ക"മൈക്കോ ക്രുദ്ധനായി അലറി. "നീ വായടക്കി വെയ്ക്കു്; നിൻെറ തല അത്ര വലിയതൊന്നുമല്ല. നിന്നെപ്പോലുള്ള കന്നുകാലികൾക്കു ചങ്കിൽക്കൂടി അകത്തേയ്ക്കു തള്ളിയാൽപ്പോലും യാതൊന്നും മനസ്സിലാവുകയില്ല."

ഒരു വഴക്കു് പൊട്ടിപ്പുറപ്പെട്ടു. പക്ഷേ സ്റ്റെഫ്കോവിൻെറ ആഗമനം വഴക്കിനും തുർക്കിയെപ്പററിയുള്ള അപകടകരമായ വർത്തമാനങ്ങൾക്കും പൂർണ്ണ വിരാമമിട്ടു.

## അദ്ധ്യായം 19

# വിമർശനങ്ങൾ

ഒരിക്കൽക്കൂടി അവിടെ തികഞ്ഞ നിശ്ശബ്ദത വ്യാപി ച്ചു. സ്റ്റെഫ്കോവിൻെറ ആഗമനം അവിടെ കൂടിയിരുന്ന വരെ നിയന്ത്രിച്ചു. അയാൾ പലരെയും തലകുനിച്ചു വന്ദി ച്ചു, അഹംഭാവത്തോടെ ഒരു സ്ഥലത്തിരുന്നു തൻെറ ഇട പെടൽ അവസാനിപ്പിച്ചതായ സംസാരം കേൾക്കുവാൻ സ ന്നദ്ധനായി. തലേദിവസം രാത്രിമുതൽ നഗരത്തിൽ പ്രചരി ച്ചിരുന്ന ഓഗ്യനോവിനെയും സൊക്കലോവിനെയുംപററി യുള്ള പരിഹാസമാണ് അവിട്ടത്തെ സംസാരവിഷയം എ ന്നാണ് അയാൾ കരുതിയിരുന്നതു്. പക്ഷെ ആരുംതന്നെ അവരെക്കുറിച്ചൊരു വാക്കും പറഞ്ഞില്ല; ഒന്നിലൊ അജ്ഞ തകൊണ്ട്, അല്ലെങ്കിൽ അതു് അവർ അത്ര കാര്യമാക്കിയി ട്ടില്ലാത്തതുകൊണ്ട്.

കുപിതനായി തന്നെ മൈക്കോ പുറത്തേക്കുപോയി. അ യാളെ തുടന്ന് വേറെ പലരും കഫെ വിട്ടു. അതേ സമയ ത്തു് പുതിയതായി രണ്ടുപേർ കടന്നുവന്നു. അതു് ഓഗ്യനോ വും സൊക്കലോവുമായിരുന്നു. അവർ ഇരുന്നു കഴിഞ്ഞ പ്പോഴേക്കും ഹറാജിസ്സിയോൺ ഓഗ്യനോവിനോട്ട് പറഞ്ഞു.

"പ്രഭു, അട്ടത്ത ക്രിസ്തുമസ്സിനു ഞങ്ങൾക്കു വേറെ ഒരു സു ഖപ്രദമായ നാടകം തരില്ലെ."

"ജനവീവ് ഒരു സുഖപര്യവസായിയായ കഥയല്ല. അ തൊരു ദുരന്തനാടകമാണ്." ഫ്രേയ്റേറാ പ്രസ്താവിച്ചു. "വിനോദകരമായ ഒന്നാണ് നാടകമെങ്കിൽ നാം അതിനെ

സുഖപര്യവസായി എന്നും ദയനീയവും കഷ്ടകരമായ അവസാനരംഗങ്ങളോടുകൂടിയതുമാണെങ്കിൽ ദുരന്തമെന്നും പറയു ഞങ്ങൾ അഭിനയിച്ചതു് രണ്ടാമത്തെ തരത്തിൽപ്പെട്ട ഒന്നാണ്. എൻെറ ഭാഗംതന്നെ ദുരിതപൂർണ്ണമായ ഒന്നായിരുന്നു.'' എല്ലാം അറിയാമെന്ന നാട്യത്തോടെ അയാൾ വിശദീകരിച്ചു.

''എനിക്കറിയാം, എനിക്കറിയാം. ബുക്കാറസ്റ്റിൽവെച്ചു ഞാനെത്ര അനവധി എണ്ണം കണ്ടിരിക്കുന്നു. നിങ്ങൾ ഭ്രാന്തനായി അഭിനയിച്ചതു് വളരെ ഗംഭീരമായിരുന്നു. എനിക്കു നിങ്ങളെ ചീത്തയാക്കണമെന്നില്ല ഫ്രേയ്റോ, പക്ഷെ ഞാൻ ഉള്ളിൽ വിചാരിച്ചു 'ശരിക്കുള്ള ഭ്രാന്തൻ' എന്നുതന്നെ. നിങ്ങളുടെ തലമുടി നിങ്ങളെ വളരെയേറെ സഹായിച്ചു, മിസ്റ്റർ'' ഫ്രേയ്റോവിനെ സ്തുതിച്ചുകൊണ്ടു സ്ത്രീയോൺ പറഞ്ഞു.

അപ്പോൾതന്നെ കടന്നുവന്ന ഐവൻച്ചോയോടുകൂടി സംഭാഷണത്തിൽ പങ്കുചേൻറു.

''നിങ്ങൾ നാടകത്തെപ്പററി പറയുകയാണോ''

അയാൾ കടന്നു ചോദിച്ചു. ''കഴിഞ്ഞ വഷത്തിനുമുമ്പു് ഞാൻ കെ—യിൽവെച്ചു് ഒരു നാടകം കണ്ടു. എന്താണു് അതിൻെറ പേരു് എന്നു ഇപ്പോൾ ഓക്കുന്നില്ല. 'കൊള്ളക്കാരൻ ഐവൻ' എന്നോ മറേറാ ആണു്.

''കൊലപാതകിയായ ഐവാൻകോ'' മിസ്റ്റർ ഫ്രേയ്റോ അയാളുടെ തെററു തിരുത്തി.

''ആ അതു ശരി. കൊലപാതകി തന്നെ. പക്ഷെ നമ്മുടേതു അതിലും ഗംഭീരമായി. രാത്രി മുഴവൻ നമ്മുടെ ലാല്ലു ദുഃസ്വപ്നം കാണുകയായിരുന്നു. പരിഭ്രാന്തയായി, ഞെട്ടിവിറച്ചുകൊണ്ടു് അവൾ രാത്രി മുഴവൻ അലറി ഗോലോസ് ഗോലോസ് എന്നു്.''

ഈ സ്തുതികൊണ്ടു വളരെ പൊങ്ങിയ ഫ്രേയ്റോ പ്രാധാന്യം നടിച്ചു.

''അതുകൊണ്ടുതന്നെയാണ് ഞാൻ പ്രഭുവിനോട്ട് വേറെ ഒരു നാടകം അഭിനയിക്കുവാൻ ആവശ്യപ്പെട്ടുന്നതു്. എന്നെ വിശ്വസിക്കു, അതാണു് ചെയ്യേണ്ടതു്. പക്ഷെ പാട്ടു വേറെ ഒന്നു മതി.''

അയാൾ തൻെറ എല്ലാ പോക്കററും തിരിയാൻ തുടങ്ങി, കാരണം പരോക്ഷമായെങ്കിലും തൻെറ പ്രതിഷേധം കാണിച്ചല്ലൊ.

കക്കശമായി ഫ്രേയ്റോ പറഞ്ഞു ''ജനവീവ് ഒരു ദുരന്തനാടകമാണു്.''

''അതുതന്നെ, ഒരൊററവാക്കിൽ പറയുകയാണെങ്കിൽ നാടകം കളിക്കുക.''

''ബാ, വാസ്തവത്തിൽ അതു ഒരു വിനോദകഥയായിരുന്നു കാരണം അതു് ഉയർത്തിയതു് ചിരിയാണു്.'' ഒരു വിഷം നിറഞ്ഞ ചിരിയോടെ ഒരു മൂലയിൽനിന്നു് സ്റ്റെഫ്കോവ് വിളിച്ചുപറഞ്ഞു.

സൊക്കലോവായുള്ള തൻെറ സംഭാഷണം നിർത്തി ഓഗ്യനോവ് പറഞ്ഞു.

''എനിക്കു ഭയമാകുന്നു ഫാജി, ഞാൻ ഇനിയും അധിക്ഷേപിക്കപ്പെട്ടേക്കും.''

താൻ കയ്യിലെടുത്ത വർത്തമാനപ്പത്രത്തിൽനിന്നു സ്റ്റെഫ്കോവ് തല ഉയർത്തിയില്ല.

''ആരാണു് നിങ്ങളെ അധിക്ഷേപിക്കുക, ഒരൊററ ആൾക്കും അതു ചെയ്യാൻ സാധിക്കില്ല.''

ഡൈഡോനിസ്റ്റർ പറഞ്ഞു. ''നിങ്ങൾ ഒരിക്കൽക്കൂടെ ജനവീവ് അരങ്ങേററു. കുട്ടികൾക്കു വേറെ ഒന്നിനെയുംപററി സംസാരിക്കുവാനില്ല. ഞങ്ങളുടെ ''പെങ്ക''ക്കു പനിയായിരു

ന്നതിനാൽ അവളെ കൊണ്ടുപോയില്ല. ഇപ്പോൾ സദാസ മയത്തും അവൾ കരച്ചിലാണ്. അച്ഛാ ജനവീവ് കാണ ണം തീർച്ചയായും കാണണം എന്നുംപറഞ്ഞു."

"അതൊക്കെ ശരിതന്നെ ഡൈഡോനിസ്റ്റർ പക്ഷെ ഞാൻ ഒരു ക്ലൂകലിനെപ്പററി ഓക്കുമ്പോൾ നടുങ്ങിപ്പോകയാ ണ്," സ്റ്റെഫ്കോവിനെ നോക്കിക്കൊണ്ട് ഓഗ്യനോവ് പറഞ്ഞു.

"പ്രത്യേകിച്ചു ആ ശബ്ദം ഒരു ചാണകക്കുമ്പാരത്തിൽ നിന്നുവരുമ്പോൾ" സൊക്കലോവ് അപമാനിക്കുവാനായി ഇതും കൂട്ടിച്ചേർത്തു.

നിയന്ത്രിച്ചു പിടിച്ച ദേഷ്യം കൊണ്ട് സ്റ്റെഫ്കോ വ് ചുവന്നുപോയി, പക്ഷെ പത്രവായന തുടന്നു. ഓഗ്യ നോവിനെ ഭയമായിരുന്നതിനാൽ അയാളുടെ പരിഹാസമ യമായ നോട്ടമേററപ്പോൾ അയാൾക്കു പരിഭ്രമമായി. ഓഗ്യ നോവിൻെറ നയനങ്ങൾ യഥാർത്ഥത്തിൽ തീപ്പൊരി ചി തറുകയായിരുന്നു.

"എനിക്കും ഡൈഡോനിസ്റ്ററിൻെറ അഭിപ്രായം ത ന്നെയാണുള്ളത്." പോണോ ഡോക്കനിക്കോവ് പറഞ്ഞു, "ഞാനും ജനവീവിനെ അനുകൂലിക്കുന്നു. ഒരു കാര്യം മാ ത്രം, കിരിയാക് ഗോലോസിൻെറ ഭാഗമഭിനയിക്കട്ടെ. അ തു അയാൾക്കു നല്ലപോലെ ചേരും. ഫ്രേയ്റോ ഒരു പൊ ണ്ണനാണ്. അയാളിൽ യാതൊരു തിന്മയുമില്ല, ജനങ്ങൾ വെറുതെ അയാളെ ശപിക്കയാണ്."

വിഷം നിറഞ്ഞ ഈ ശുദ്ധമായ അഭിനന്ദനം കേട്ട പ്പോൾ സ്റ്റെഫ്കോവ് ചെവിവരെ രക്തവർണ്ണം പൂണ്ടു. അ തേസമയത്തു ഈ സ്തുതിയിൽ ഫ്രേയ്റോവിനു ദേഷ്യം തോന്നി. തങ്ങളറിയാതെതന്നെ ഓഗ്യനോവും സൊക്കലോ വും പുഞ്ചിരികൊണ്ടു. കാര്യമറിയാതെ ഹാജിസ്മിയോണും ചിരിച്ചു.

സ്റ്റേഫ്കോവ് കണ്ണുയർത്തി അസ്വാസ്ഥ്യതയോടെ സൊക്കലോവിനെയും ഓഗ്യനോവിനെയും നോക്കി ശാന്തത നടിച്ചു. പക്ഷെ ദ്വേഷ്യംകൊണ്ടു വിറയാൎന്ന സ്വരത്തിൽ സ്റ്റേഫ്കോവ് പറഞ്ഞു.

''ലോസൻ ഗ്രാഡിലെ ഓഗ്യനോവ് നമുക്ക് വേറെ ഒരു നാടകംകൂടി തരുമെന്നു ആശിക്കുക, അയാളോ വേറെ വല്ലവരുമൊ അതിൽ പരിഹാസം ചൊരിയുകയില്ല എന്നു നമുക്ക് വിശ്വസിക്കാം.''

''ലോസൻഗ്രാഡ്'' (ഓഗ്യനോവ് ജനിച്ചതു് അവിടെയാണെന്നാണു് അയാൾ പറഞ്ഞിരുന്നതു്) എന്ന പദം വളരെ ഉറപ്പിച്ചാണു് സ്റ്റേഫ്കോവ് ഉച്ചരിച്ചതു്. ഓഗ്യനോവ് ഇതു ശ്രദ്ധിച്ചു. അയാളുടെ മുഖത്തെ ഭാവം മാറി, പക്ഷെ മനസ്സാന്നിദ്ധ്യത്തോടെ പറഞ്ഞു.

''രംഗത്തിനു പിറകിൽ ഇത്ര സാമൎത്ഥ്യമുള്ള ആളുകളുണ്ടെങ്കിൽ, ഞാൻ പറയുന്നതു് സ്റ്റേഫ്കോവിനെപ്പോലുള്ള ചാരന്മാർ ഉണ്ടെങ്കിൽ ഒരു ദുരന്തനാടകമുണ്ടായാൽതന്നെ അതിലാരും അത്ഭുതപ്പെടേണ്ടതില്ല.'' എന്നു പറഞ്ഞു ഓഗ്യനോവ് സ്റ്റേഫ്കോവിനെ പുച്ഛിച്ചുനോക്കി. സൊക്കലോവ് സ്നേഹിതന്റെ കൈപിടിച്ചു വലിച്ചു.

''അയാളെ വെറുതെ വിട്ടേക്കു അല്ലെങ്കിൽ അയാൾ ഇതിലും ഭയങ്കരമായ നാററം പരത്തും.'' അയാൾ പിറുപിറുത്തു.

സ്റ്റേഫ്കോവിന്നു കേൾക്കാൻ മാത്രം ഉച്ചത്തിൽ ഓഗ്യനോവ് പറഞ്ഞു ''എനിക്കു നീചത്വം മനസ്സിലാക്കുവാൻ പ്രയാസമാണു്.''

കഫെയുടെ തുറന്ന വാതിലിന്നരികിൽ മുഞ്ചോ നില്ക്കുന്നതു് ബോയ്ക്കോ കണ്ടുപിടിച്ചു. തന്റെ മുഖത്തുതന്നെ ദൃഷ്ടിയുറപ്പിച്ചു അയാൾ തലയാട്ടി സന്തോഷത്തോടെ ചിരി

ച്ചുകൊണ്ടു നില്ക്കുകയായിരുന്നു. ആ വിഡ്ഢിയുടെ മുഖഭാവം വളരെ സന്തുഷ്ടവും വിനയാന്വിതവും കരുണയേറിയതുമായിരുന്നു. ഇതിനു മുമ്പുതന്നെ മൂഞ്ചോ, ആദരവോടും സ്നേഹത്തോടുംകൂടി ശ്രദ്ധിക്കുന്നതു് അയാൾ കണ്ടിട്ടുണ്ടു്. പക്ഷെ ഈ ആരാധനയുടെ കാരണം മാത്രം മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. അവരുടെ നയനങ്ങൾ ഇടഞ്ഞപ്പോൾ മൂഞ്ചോവിൻെറ മുഖം കൂടുതൽ പ്രകാശിച്ചു, അവൻെറ ബോധശൂന്യമായ നേത്രങ്ങളിൽ പറയാൻ വയ്യാത്ത ഒരാവേശം തെളിഞ്ഞുനിന്നു. ഓഗ്യനോവിൻെറ മുഖത്തുനിന്നു് ദൃഷ്ടികൾ മാററാതെ അകത്തേക്കു നോക്കി അയാൾ വിളിച്ചു.

'റസ്യാൻ'—തൻെറ വിരൽ കഴുത്തിൽവെച്ചു കഴുത്തറുക്കുന്നതുപോലെ അയാൾ മുമ്പോട്ടും പുറകോട്ടും വലിക്കാൻ തുടങ്ങി.

എല്ലാവരും അത്ഭുതത്തോടെ അയാളെ തുറിച്ചുനോക്കി.

ഓഗ്യനോവ് ബാക്കിയുള്ളവരെപ്പോലെതന്നെ പരിഭ്രമിച്ചു. ഇതാദ്യത്തെ പ്രാവശ്യമല്ല മൂഞ്ചോ ഈവിധം ഗോഷ്ടികൾ കാണിക്കുന്നതു്.

''പ്രഭു, മൂഞ്ചോ എന്താണു് പറയുന്നതു്.'' പലരും അയാളോടു ചോദിച്ചു.

''എനിക്കറിയില്ല'' അയാൾ പുഞ്ചിരിയോടെ പറഞ്ഞു: ''അവനു എന്നെ വലിയ ഇഷ്ടമാണു്.''

മൂഞ്ചോവിനു ഒരുപക്ഷെ അവരുടെ അത്ഭുതം മനസ്സിലായിക്കാണണം. അതുകൊണ്ടു ഓഗ്യനോവിടുള്ള തൻെറ ആദരവു വിശദമാക്കിക്കൊടുക്കാനെന്നപോലെ ഒരു ഇളിഭ്യച്ചിരി ചിരിച്ചു് ഓഗ്യനോവിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു ഉറക്കെ പറഞ്ഞു.

'റസ്യാൻ', വടക്കോട്ടു് തിരിഞ്ഞുനിന്നു തൻെറ കഴുത്ത

റുകുന്ന ആംഗ്യം പൂർവ്വവൽ ഉദ്വേഗത്തോടെ കാണിക്കുവാൻ തുടങ്ങി.

ഈ ആവർത്തനം അറിയാതെ തന്നെ ഓഗ്യനോവിനെ പരിഭ്രമിപ്പിച്ചു. എന്തെങ്കിലും ഒരു വിധത്തിൽ അന്ന് സ്റ്റോയന്റെ മില്ലിൽ നടന്ന സംഭവം ഇയാൾ കണ്ടിട്ടുണ്ടാവാമെന്നോ അറിഞ്ഞിട്ടുണ്ടാവാമെന്നോ ഓഗ്യനോവിനുതോന്നി. അയാൾ അസ്വസ്ഥനായി സ്റ്റെഫ്കോവ് ഇരുന്നിരുന്ന ഭാഗത്തേക്കു നോക്കി. അവിടെ അയാൾ തിരിഞ്ഞു് ആരോടൊ സംസാരിച്ചിരിക്കുന്നതു കണ്ടപ്പോൾ ഓഗ്യനോവിനു കുറെ സമാധാനമായി. സ്റ്റെഫ്കോവ് മൂഞ്ചോവിനെ ശ്രദ്ധിക്കുകയേ ഉണ്ടായില്ല.

കുറച്ചു കഴിഞ്ഞപ്പോൾ സ്റ്റെഫ്കോവ് എഴുന്നേററു് വാതിൽക്കൽ നിന്നിരുന്ന മൂഞ്ചോവിനെ തള്ളിമാററി, പ്രതികാരാഗ്നിയും വെറുപ്പും നിറഞ്ഞ ഒരു നോട്ടം ഓഗ്യനോവിനു സമ്മാനിച്ചു പുറത്തേക്കുപോയി.

സ്റ്റെഫ്കോവിൽ വിദ്വേഷം തിളച്ചുമറിയുകയായിരുന്നു. അയാളുടെ അഹന്തക്കു ഓഗ്യനോവിന്റെ അടുക്കൽ നിന്നും കനത്ത പ്രഹരമാണു കിട്ടുന്നതു്. ഇതേവരെ പ്രതികാരം ചെയ്യാനുള്ള ഒരൊററ അവസരംപോലും ലഭിച്ചിട്ടില്ല. അയാൾക്കാവശ്യമുള്ള പ്രതികാരം രഹസ്യമായിരിക്കണം. ഓഗ്യനോവായി ഒരു തുറന്ന സമരത്തിനയാൾക്കു ഭയമാണ്. അന്നു തിയേററിൽവെച്ചു പാടിയ വിപ്ലവഗാനം ഇയാൾക്കെതിരായി ഉപയോഗിക്കാൻ പററിയ ഒരു ആയുധമായിരുന്നു. പക്ഷെ നാം കണ്ടപോലെ അയാൾക്കു ലക്ഷ്യം പിഴച്ചുപോയി. തന്റെ സാന്നിദ്ധ്യത്തിൽവെച്ചു ഓഗ്യനോവ് അങ്ങിനെ ഒരു കാര്യം ചെയ്യുമെന്നു ബെഞ്ചു് വിശ്വസിക്കുവാൻ സാധിക്കാഞ്ഞതിനാൽ സ്റ്റെഫ്കോവിന്റെ വാക്കുകൾക്കു ഒരു വിലയുമുണ്ടായില്ല. ഇനിയും അതു് പരീ

ക്ഷിക്കുന്നതു് നല്ലതല്ല എന്നു സ്റ്റെഫ്കോവിനു തോന്നി. കെ—യിൽ വെച്ചു മൂന്നു ദിവസം മുമ്പിൽ അയാൾ വേറെ ഒരു സംഗതി കണ്ടുപിടിച്ചു. ലോസൻഗ്രാഡിൽ ഒരു ബോഗ്ഗ്ലോ ഓഗ്യനോവ് ഇല്ല എന്നു് അവിട്ടത്തുകാരനായ ഒരാളിൽനിന്നു് അറിയാനുള്ള ഒരവസരം ആ ദുഷ്ടനു കിട്ടി. കൂടുതൽ കാര്യങ്ങൾ കണ്ടുപിടിക്കാനുള്ളതിൻെറ ഒരു സൂചനയായിരുന്നു അയാൾക്കു് ഈ വിവരം. അപ്പോൾ ഈ ബോഗ്ഗ്ലോ ഓഗ്യനോവിൻെറ പേരിന്നടിയിൽ ഒളിച്ചിരിക്കുന്ന മനുഷ്യൻ വേറെ ആരോ ആണു്. കുററകരമായ കൂട്ടുകെട്ടിൽ നില്ക്കുന്ന സൊക്കലൊവായിട്ടാണു് ഓഗ്യനോവിന്നു കൂടുതൽ അടുപ്പം. ആരെങ്കിലും ഒരാൾ ഇവരെ രണ്ടുപേരെയും കൂട്ടിയിണക്കിയിട്ടുണ്ടാവാം. സംശയം വളർത്തുന്നതാണു് ഈ സൗഹൃദബന്ധം. പല പരിത:സ്ഥിതികളും വെച്ചുകൊണ്ടയാൾ ആലോചിച്ചപ്പോൾ അയാൾക്കു തോന്നി 'പെൽക്കൻ' തെരുവിലെ സംഭവങ്ങളിൽ, ഇനിയും ഒരു രഹസ്യമായിതന്നെ വർത്തിക്കുന്ന അന്നത്തെ ഇടപാടിൽ ഓഗ്യനോവിന്നു ഒരു കൈ ഉണ്ടാകുമെന്നു്. അക്കാലത്താണു് ഓഗ്യനോവ് നഗരത്തിൽ പ്രത്യക്ഷപ്പെട്ടതും, താൻ ഒഴിഞ്ഞു നില്ക്കുന്ന പ്രക്ഷോഭണകരമായ സംഗതികൾ നഗരത്തിൽ നടക്കാൻ തുടങ്ങിയതും. അയാൾ ഇതിൽ ഗവേഷണം നടത്താൻ തന്നെ തീർച്ചയാക്കി. അയാൾക്കതിനുവേണ്ട സ്ഥിരോത്സാഹവും ആവേശവും കൊടുത്തതു്, അയാളുടെ അസൂയാകലുഷിതമായ ഹൃദയത്തിൽ ഓഗ്യനോവിനോടു തോന്നിയിട്ടുള്ള വൈരാഗ്യത്തിൻെറ ശക്തിയാണു്. ഓഗ്യനോവിനെതിരായുള്ള സമരത്തിൽ അയാളെ സഹായിക്കാൻ വിപരീതമായ പരിത:സ്ഥിതികളും ധാരാളമുണ്ടായിരുന്നു.

## അദ്ധ്യായം 20

# അപകടം

അങ്ങിനെ ഓഗ്യനോവിൻെറ തലക്കുമീതെ കൊട്ടങ്കാററിൻെറ കാർമേഘങ്ങൾ തടിച്ചുകൂടി. അയാൾക്കു അതിനെപ്പററി ഒരു നേരിയ സംശയംപോലും തോന്നിയില്ല. ആറുമാസത്തെ ബൈലാചെർക്കേവായിലെ ജീവിതം അപകടരഹിതമായിരുന്നുവെന്ന വസ്തുതകൊണ്ടുതന്നെ അയാളുടെ മനസ്സാന്നിദ്ധ്യം സാഹസത്തിൻെറ വക്കുവരെ എത്തി, വ്യത്യസ്തപ്രകൃതത്തോടുകൂടിയ ആവലാതികൾ ധാരാളമുണ്ടായിരുന്നതുകൊണ്ടു ആത്മരക്ഷയെപ്പററി ഗൗനിക്കാനും അയാൾക്കവസരം കുറവായിരുന്നു. എല്ലാ വികാരങ്ങളിലുംവെച്ചു ഏററവും നിസ്സാരമായി അയാളെ ബാധിച്ചിരുന്നതു് ഭയമാണു്. പോരാത്തതിന്നു റാഡയുടെ സ്നേഹത്തിൻെറ ഒരു അലൗകികപ്രസരത്തിലൂടെയാണു് അയാൾ ലോകം കണ്ടതും.

പക്ഷെ ആ സമയത്തു് അയാൾ തികച്ചും ശാന്തനായിരുന്നില്ല. കഫെ വിട്ടഉടനെ അയാൾ ഡോക്ടറോടു ചോദിച്ചു.

''സ്റ്റെഫ്കോവിൻെറ ഭയപ്പെടുത്തലിൽ എന്തെങ്കിലും അപകടമുള്ളതായി തോന്നുന്നുണ്ടോ''

''സ്റ്റെഫ്കോവ് തനിക്കുവേണ്ടി കരുതിയിരിക്കയാണു്. പക്ഷെ അയാൾക്കെന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ അയാൾ പണ്ടെ അതു ചെയ്യുതീർക്കേണ്ടതായിരുന്നു. ചോദ്യോത്തരങ്ങൾകൊണ്ടു തൃപ്തിപ്പെടുന്നകൂട്ടത്തിലല്ല അയാൾ.

''ആ മൂഞ്ചോവിൻെറ കഥകളിയുടെ അർത്ഥമെന്താണു്

അതു് എന്നെ കലശലായി അലോഹ്യപ്പെട്ടുത്താൻ തുടങ്ങിയിട്ടുണ്ടു്."

ഡോക്ടർ ചിരിച്ചു.

"കുട്ടിത്വം കാണിക്കാതിരിക്കു."

"അതെ അതു ശ്രദ്ധയർഹിക്കുന്നില്ല—പക്ഷെ സ്റ്റെഫ് കോവ് എന്തെങ്കിലും മനസ്സിലാക്കിയാൽ."

"അയാൾ എങ്ങിനെ അറിയും. ഹാജിറവോഹമ്മ നമ്മുടെ എതിരായി ഇപ്പോൾ വല്ല പുതിയ മുയലിനെയും വിരട്ടി വിട്ടിട്ടുണ്ടായിരിക്കും. എന്തെങ്കിലും വിസ്മൃതികൾ കണ്ടുപിടിച്ചുകൊണ്ടല്ലാതെ ആ വായാടി തള്ളക്കു ഒരു മണിക്കൂർപോലും ഇരിക്കാൻ വയ്യ."

"അവരൊരു ഭയങ്കരിയാണു്. ആരും കാണുകയോ അറിയുകയോ ചെയ്യാത്ത പലതും ആ സ്ത്രീക്കു മണത്തറിയാൻ കഴിയും. അവരാണു് റാഡയുടെ മദ്ധ്യസ്ഥയും സ്റ്റെഫ്കോവിന്റെ ഉപദേശകയും."

"നിങ്ങൾക്കു് ഓർമ്മയുണ്ടോ നിങ്ങൾ ഒരു ചാരനാണെന്ന ശ്രുതിപരത്തിവിട്ടതു് അവരാണു്. അവരങ്ങിനെ അതുമിതും പുലമ്പിക്കൊണ്ടിരിക്കയെ ഉള്ളൂ."

"അവർ നിങ്ങളെപ്പറ്റി വേറെ ഒരു കാര്യം പറഞ്ഞു. അതു ശരിയായിരുന്നു. സ്ത്രീകളെ സംബന്ധിച്ച അപവാദവിഷയത്തിൽ അവർ കുറച്ചുകൂടി സമർത്ഥയാണു്. ഒരു സംഗതിയറിഞ്ഞോ, നാളെ സ്റ്റെഫ്കോവിന്റെ വിവാഹനിശ്ചയമാണു്.

ഡോക്ടറുടെ മുഖഭാവം മാറി.

"ലാല്ലയുമായിട്ടോ"

അതെ.

"നിങ്ങൾക്കു് എങ്ങിനെ അറിയാം."

''റാഡ അതു കേട്ടു. സ്വാഭാവികമായും ഹാജിറവോഹമ്മയാണു് പൊരുത്തക്കാരി. ആ ഓന്തുസ്വഭാവക്കാരൻ ഹാജിസ്മിയോണും ആലഫ്രാൻക്യുമാണു് അംഗീകൃതരായ കല്യാണ ഇടപാട്ടുകാർ.''

ഡോക്ടർക്ക് തൻെറ വികാരം ഒതുക്കാൻ കഴിഞ്ഞില്ല. അയാളുടെ നടത്തത്തിന്നു ധൃതികൂടി ഓഗ്യനോവ് അത്ഭുതത്തോടെ അയാളെ നോക്കി.

''ഡോക്ടർ നിങ്ങൾ ഒരിക്കലും നിങ്ങളുടെ ഹൃദയം അന്യാധീനപ്പെട്ടിരിക്കുന്ന വിവരം എന്നോടു പറഞ്ഞിട്ടില്ലല്ലോ.''

''ഞാൻ ലാല്ലയെ സ്നേഹിക്കുന്നു.'' മൗഢ്യത്തോടെ ഡോക്ടർ മറുപടി പറഞ്ഞു.

''അവൾക്കതു് അറിയാമോ.''

അവൾക്കെന്നെ സ്നേഹമാണു്, ഒന്നുമില്ലെങ്കിലും സ്റ്റെഫ്കോവിനേക്കാൾ കൂടുതലായി അവൾ എന്നെ ഇഷ്ടപ്പെടുന്നുണ്ടു്. അതിലും ദൃഢമായ എന്തെങ്കിലും വികാരം അവൾക്കു് എന്നോടു് ഉണ്ടു് എന്നു തോന്നുന്നില്ല. അറിയാതെതന്നെ ഡോക്ടറുടെ മുഖം രക്തവർണ്ണം പൂണ്ടു.

''സഹോദരാ ഭാഗ്യവശാലോ നിർഭാഗ്യവശാലോ ലാല്ലയുടെ വികാരങ്ങൾ നിങ്ങൾ വിചാരിക്കുന്നിലും കുറെക്കൂടി ഗാഢമാണു് അതു് എനിക്കു് തീർച്ചയായിട്ടറിയാം'' സഹതാപത്തോടെ തൻെറ സ്നേഹിതനെ നോക്കിക്കൊണ്ടു് അയാൾ പറഞ്ഞു.

''നിങ്ങൾക്കതു് എങ്ങിനെ അറിയാം'' ഡോക്ടറുടെ മുഖം കൂടുതൽ തുടുത്തു.

''റാഡ പറഞ്ഞു; അവർ വലിയ കൂട്ടുകാരാണു്. ലാല്ല എല്ലാം അവളോടു തുറന്നു പറയും അന്നു് നിങ്ങളെ കെ–യിലേക്കു കൊണ്ടുപോയപ്പോൾ എത്രമാത്രമാണു് ആ സാധു

കുട്ടി കരഞ്ഞതു് എന്നറിയാമോ. നിങ്ങളെ സ്വതന്ത്രനാക്കി യപ്പോൾ അവൾ അതിരററു സന്തോഷിച്ചു അതെല്ലാം റാ ഡ കണ്ടതാണു്.''

പതറുന്ന ശബ്ദത്തിൽ ഡോക്ടർ പറഞ്ഞു.

''നിഷ്കളങ്കയായ ഒരു ബാലികയാണവൾ. അയാൾക്കു് അവളെ കൊടുക്കുക എന്നാൽ അവളെ കൊന്നുകളയുക എ ന്നാണർത്ഥം.

സഹതാപത്തോടെ ഓഗ്യനോവ് ചോദിച്ചു.

''എന്തുകൊണ്ടു് നിങ്ങൾ നേരത്തെ അവളെ ചോദി ച്ചില്ല.''

''അവളുടെ പിതാവ് എന്നെ കാണുകപോലും ചെ യ്തില്ല. എന്നിട്ടു വേണ്ടേ?''

''എന്നാൽ അവളെ അപഹരിയ്ക്കൂ.''

''ഇപ്പഴോ! നാം ഒരു ബഹളത്തിനു വട്ടംകൂട്ടുമ്പോഴോ? ആർക്കറിയാം നാളെയോ രണ്ടു കൊല്ലം കഴിഞ്ഞോ എപ്പോ ഴെങ്കിലും അതു പൊട്ടിപ്പുറപ്പെടും. ഈ അനിശ്ചിതാവസ്ഥ യിൽ കല്യാണം കഴിക്കേണ്ട ഒരു വിചാരംപോലും എനി ക്കുണ്ടാകയില്ല. പോരാത്തതിനു അവളെപ്പോലുള്ള ഒരു പെ ൺകുട്ടിയെ ഈ നിർഭാഗ്യത്തിലേയ്ക്കു് വലിച്ചിഴച്ചുകൊണ്ടുവ രുന്നതുതന്നെ ഒരു മഹാ പാപമല്ലേ?''

''അതും ശരിയാണു്.'' ഓഗ്യനോവ് ചിന്താധീനനായി പറഞ്ഞു: ,,ഈ ആദർശംതന്നെയാണു് റാഡയെ വിവാഹം ചെയ്യുന്നതിൽനിന്നു് എന്നെ വിരമിപ്പിക്കുന്നതു്. അവ ളെ ആ ഓമനസുന്ദരിയെ ആ ദുരന്തസങ്കടത്തിൽനിന്നെങ്കി ലും രക്ഷിക്കാമല്ലോ. എന്തൊരു അത്ഭുതകരമായ ഹൃദയമാ ണു് എന്റെ സഹോദരാ അവളുടേതു്. പക്ഷേ എന്റെ വി ധിയുമായി കൂട്ടിയിണക്കപ്പെട്ടതുകൊണ്ടു് അവളും കഷ്ടപ്പെ ടാൻ പോകയാണു്, സാധുക്കുട്ടി.'' ഓഗ്യനോവിന്റെ നെററി

യിൽ കാർമേഘങ്ങൾ ഉരുണ്ടുകൂടി.

ലാല്ലയോടുള്ള തൻെറ വികാരത്തെപ്പററി ഡോക്ടർക്കു തന്നെ വലിയ എത്തുംപിടിയുമില്ല. ഈ ഇരുളടഞ്ഞ ദിവസങ്ങളിൽ അവളെ സ്വന്തമാക്കുവാൻ താൻ അഭിലഷിക്കുന്നില്ല എന്നു ഡോക്ടർ പറഞ്ഞതു ശരിയാണു്. യഥാർത്ഥ സ്നേഹത്തിനു അടുക്കടങ്ങളോ വിഘാതങ്ങളോ മനസ്സിലാക്കാനുള്ള ശക്തിയില്ല: സ്നേഹത്തിൻെറ സാമ്യതയുള്ള എന്തോ ഒരു വികാരം അയാൾക്കു യോർഡൻെറ പുത്രിയോടു തോന്നിയിരുന്നു. അതു വളരെ ദുർബ്ബലവുമായിരുന്നു. ഒരു തീവ്രവികാരത്തേക്കാൾ അതു അഗാധമായി വേരുറയ്ക്കാത്ത എന്തോ ഒരു യാദൃച്ഛികകൗതുകംമാത്രമായിരുന്നു. അയാളുടെ സ്വഭാവവും, വിനോദശീലവും എന്തെങ്കിലും ഒരു വസ്തുവിനോടു മാത്രം ഒരു ഗാഢസ്നേഹംവെച്ചുപുലത്താൻ പററിയ തരത്തിലുള്ളതും ആയിരുന്നില്ല. അയാളുടെ ഹൃദയത്തിൽ ബെയുടെ പത്നിയും (ആ അപവാദം ശരിയാണെങ്കിൽ) ക്ലിയോപാട്രയും ലാല്ലയും, വിപ്ലവവും, പിന്നെ എന്തൊക്കെയാണാവോ ഒരു നൂറു കൂട്ടവും സ്ഥലം പിടിച്ചിരുന്നു. ലാല്ല അയാളെ സ്നേഹിക്കുന്നുണ്ടെന്നു് ഓഗസ്റ്റനോവിൽനിന്നു മനസ്സിലായപ്പോൾ അയാളുടെ ആത്മസ്നേഹത്തിൻെറ മാധുര്യം വദ്ധിച്ചു. അവളുടെ നിർഭാഗ്യത്തെക്കുറിച്ചറിഞ്ഞപ്പോൾ അപ്രതീക്ഷിതമായ സങ്കടവും നിരാശയും അയാളുടെ ഹൃദയത്തിനു ഘനം കൂട്ടി. താൻ ഏതു കാലത്തും ലാല്ലയെ ദൃഢമായി സ്നേഹിച്ചിരുന്നു എന്നും അവളെക്കൂടാതെ ജീവിക്കുക അസാദ്ധ്യമാണു് എന്നും ഇപ്പോൾ അയാൾക്കു തോന്നി. ഒരുപക്ഷേ മനുഷ്യമനസ്സിൽ രൂഢമൂലമായിക്കിടക്കുന്ന ആത്മപ്രതീതിയായിരിക്കും ഇതിനു വളംവെച്ചുകൊടുത്തതു്. അല്ലെങ്കിൽ ആത്മാർത്ഥമായ വികാരമായിരിക്കാം. ഏതായാലും ലാല്ല എന്നന്നേക്കുമായി അയാൾക്കു നഷ്ടപ്പെട്ടുവാൻ പോകയാണു് എന്നുള്ള വിചാരം അയാളെ നഷ്ടവീര്യനാക്കി. ഈ വിവാഹനിശ്ചയം എങ്ങി

നെ നീട്ടിക്കൊണ്ടുപോകും, എതിരാളിയെ എങ്ങിനെ നശിപ്പിക്കും, ലാല്ലയെ എങ്ങിനെ രക്ഷിക്കും, അയാളുടെ മനസ്സിലൂടെ പാഞ്ഞുകൊണ്ടിരുന്ന ഈദൃശ ചിന്തകൾ അസന്തുഷ്ടമായ ആ മുഖത്തുനിന്നു വ്യക്തമായി വായിക്കാമായിരുന്നു.

ഓഗ്യനോവിനും സ്നേഹിതൻെറ ദുഃഖം മനസ്സിലായി. അയാളുടെ നിർഭാഗ്യവും ലാല്ലയുടെ വിധിയും അയാളുടെ മനസ്സിലും വേദന വളർത്തി.

"ഞാനാ പട്ടിയെ പുറത്തേയ്ക്കു വിളിക്കട്ടെ. എനിക്കയാളെ കൊല്ലണം. അല്ലെങ്കിൽ അവൻ മററുള്ളവരെ കൊല്ലും." രണ്ടു സ്നേഹിതന്മാരും വിഷാദമഗ്നരായി നടന്നുപോയി.

ഓഗ്യനോവ് എന്തോ ഓർത്തുനിന്നു പറഞ്ഞു: "ഞാൻ അവൻെറയടുക്കൽച്ചെന്നു് ഈ സംഗതിയിൽനിന്നു ഒഴിഞ്ഞുനില്ക്കുവാൻ പറയട്ടെ. അതോ കഫെയുടെ നടുവിൽവെച്ചു അവൻെറ ചെവി പിടിച്ചു തിരുമ്മട്ടെ."

"ബാക്കി എല്ലാ അപമാനവുംപോലെ ഇതും അയാൾ കീശയിലിടും; അവൻ അങ്ങിനത്തെയാളാണു്. അതുകൊണ്ടു നമുക്കു് ഗുണമൊന്നുമില്ല."

"ഒന്നുമില്ല. എങ്കിലും നമുക്കു് അയാളെ അപമാനിക്കാമല്ലോ."

"ചെവിയിൽ കിട്ടുന്ന ഒരു തിരുമ്മുകൊണ്ടൊന്നും അ അയാൾ യോർഡനൻെറ ദൃഷ്ടിയിൽ ചീത്തയാകാൻ പോകുന്നില്ല."

"പക്ഷേ, ആ പെൺകുട്ടിക്കു അപമാനം തോന്നുമല്ലോ. അവൾ ഇതറിയാതിരിക്കില്ല."

"അവർ ലാല്ലയുടെ അഭിപ്രായമൊന്നും അന്വേഷിക്കയില്ല. അച്ഛൻെറ ഇഷ്ടത്തിനു തല കുനിക്കുകയേ അവൾക്കു ചെയ്യുവാനുള്ളു." ഇത്രയുംപറഞ്ഞു ഡോക്ടർ കൈ നീട്ടി.

"അല്ല, പോകയാണോ? ഇന്നുരാത്രി ഫാദർ സ്ട്ടാർവിയുടെ വീട്ടിലേക്കു വരില്ലേ?"

"എനിക്കു് അതിനൊന്നും തോന്നുന്നില്ല. നിങ്ങൾ തനിയെ പോകയാണുനല്ലതു്."

"അതു പററില്ല. നമുക്കു് പോകണം. നമ്മൾ ചെല്ലാമെന്നു് ഏററതല്ലേ. ഫാദർ സ്ട്ടാർവി ചാണക്കിടാത്ത ഒരു വൈരക്കല്ലാണു്. നല്ല ഹൃദയമാണു് അദ്ദേഹത്തിൻെറ. നമുക്കു് വേറെ ചിലതിനെക്കുറിച്ചാലോചിക്കാനുമുണ്ടു്."

"ശരി. വീട്ടിൽ ഞാൻതന്നെ കാത്തിരിക്കാം."

അങ്ങിനെ സ്നേഹിതന്മാർ പിരിഞ്ഞു.

ഓഗ്യനോവു് സ്കൂളിലേക്കു പോയി. മാസ്റ്റന്മാരുടെ മുറിയിൽ മെർഡിവൻഡിജീവു് ഒഴിച്ചു വേറെ ആരും ഉണ്ടായിരുന്നില്ല. അയാളാകട്ടെ ഒരു തുക്കിപ്പുസ്തകത്തിൽ കണ്ണുംനട്ടു കൊണ്ടിരിക്കയാണു്.

വളച്ച്യയെത്തിയിട്ടില്ലാത്ത തലച്ചോറിൻെറ രണ്ടു പ്രത്യക്ഷ ലക്ഷണങ്ങളായ സങ്കീർത്തനപ്പുസ്തകവും തുക്കിപ്പുസ്തകവുമായി നടക്കുന്ന അയാളെ ആദ്യംമുതൽക്കെ ഓഗ്യനോവിനു വെറുപ്പായിരുന്നു. റാഡക്കു് അന്നയാൾ അയച്ച പ്രേമലേഖനത്തോടുകൂടി വെറുപ്പു് അമർഷമായി മാറി. ഈ മനുഷ്യനു് സ്റ്റെഫ്ക്കോവിനോടുള്ള അടിമത്തമനഃസ്ഥിതി കണ്ടതോടെ ഇതു പ്രവൃദ്ധമായി. പടലങ്ങളായി പുക വിട്ടുകൊണ്ടു് ഓഗ്യനോവു് അങ്ങോമിങ്ങോട്ടും നടന്നു. മെർഡിജൻഡിജീവിൻെറ ആവണക്കെണ്ണു കുടിച്ചതുപോലുള്ള മുഖഭാവം ശ്രദ്ധിക്കാതെ താനും ഡോക്ടരുമായുണ്ടായ സംഭാഷണങ്ങളെപ്പററി ഓർക്കുകയായിരുന്നു അയാൾ. അങ്ങിനെ നടക്കുമ്പോൾ അയാൾ ഡ്യാന്റുബിൻെറ ഒരു പുതിയ പ്രതി അവിടെ കിടക്കുന്നതു കണ്ടു. ആ പട്ടണത്തിൽ ആ പത്രികയുടെ ഒരേ ഒരു പ്രതിയെ എത്തുന്നുണ്ടായിരുന്നുള്ളു. അതും അതിലെ തുക്കി

യിലുള്ള പേജുകൾക്കുവേണ്ടി മെർഡിവൻഡിജീവ് വരുത്തുന്നതായിരുന്നു. അതിലെ ബൽഗേറിയൻ വാർത്തകൾ നോക്കി കടലാസ്സ് താഴെയിടുവാൻ ഭാവിക്കുമ്പോഴാണ് വെണ്ടക്കാക്ഷരത്തിൽ എഴുതിയ ഒരു പരസ്യം അയാളുടെ ശ്രദ്ധയെ ആകർഷിച്ചതു്. പരിഭ്രാന്തിയോടെ അയാൾ അതു മുഴുവൻ വായിച്ചു.

ഡയാർബഖീക്കർ കോട്ടയിൽനിന്നു നാടുകടത്തപ്പെട്ടവൻെറ ഒളിച്ചോട്ടം.

ഡ്യാന്റുബഖീയൻ ഡിസ്ത്രിക്ടിൽപ്പെട്ട വിധൻഗ്രാമത്തിലെ ഇരുപത്തെട്ടുവയസ്സായ—ഉയരംകൂടി കറുത്ത കണ്ണുകളും ചുരുണ്ട മുടിയും ഇടത്തരനിറവുമുള്ള ക്രാലിച്ച് എന്ന യുവാവു്—കഴിഞ്ഞ മാർച്ചിൽ തടവിൽനിന്നു ചാടി ബഹുമാനപ്പെട്ട സുൽത്താൻെറ സാമ്രാജ്യത്തിൽ എത്തിയിരിക്കുന്നു. 1868-ലെ വിപ്ലവത്തിനു ശിക്ഷയായി ജീവപര്യന്തം നാടുകടത്തലിനു ശിക്ഷിക്കപ്പെട്ട അയാളെ ഡയാർബഖീക്കറിൽ സൂക്ഷിച്ചിരിക്കയായിരുന്നു. ആവശ്യമായ നിഷ്കൃഷ്ടകല്പനകൾ ലഭിച്ച അധികൃതർ അയാളെ അന്വേഷിക്കയാണ് സുൽത്താൻെറ ഭക്തരായ പ്രജകൾ അയാളെ കണ്ടുമുട്ടുന്ന ക്ഷണത്തിൽ പിടിച്ചുകൊടുക്കുകയോ; സാമ്രാജ്യനിയമങ്ങൾക്കു അനുസരണമായി അയാൾ അർഹിക്കുന്ന ശിക്ഷകൾക്കു വിധേയനാക്കത്തക്കവണ്ണം ആവശ്യമായ വിവരം അധികാരികൾക്കു നൽകുകയോ വേണം. അതിന്നെതിരായി നടക്കുന്നവർ അനുസരണക്കേടിനു ഭയങ്കരമായി ശിക്ഷിക്കപ്പെടുന്നതാണ്".

അനിതരസാധാരണമായ മനസ്സൈഥര്യമുണ്ടായിരുന്നിട്ടും ഓഗ്യനോവിനു മറെറ ആളുടെ മുമ്പിൽ ശാന്തനായി നില്ക്കാൻ കഴിഞ്ഞില്ല. അയാളുടെ മുഖഭാവം മാറി, ചുണ്ടുകൾ വിളർത്തു. ആ അടി അത്ര അപ്രതീക്ഷിതമായിരുന്നു. അയാൾ ധൃതിയിൽ മെർഡിവൻഡിജീവിനെ ഒാട്ടക്കണ്ണിട്ടുനോക്കി.

അയാൾ ആദ്യത്തെപ്പോലെതന്നെ തൻെറ ബുക്കിൽ ദത്ത ശ്രദ്ധനായി കുനിഞ്ഞിരിക്കയാണ്. ഒരുപക്ഷെ ഓഗ്യനോവിൻെറ വികാരങ്ങൾ ഒന്നും തന്നെ അയാൾ കണ്ടിരിക്കയില്ല. അയാൾ തീരെ അപ്രധാനമായ ഈ ചെറിയ ഖണ്ഡിക ശ്രദ്ധിച്ചിട്ടില്ല എന്നും വരാം. ഈ സമാധാനകരമായ വിശ്വാസത്തിൻെറ ശക്തിയാൽ ഓഗ്യനോവിനു പൊയ്പോയ ധൈര്യത്തിൽ കുറെ തിരികെ ലഭിച്ചു. അയാളുടെ ആദ്യത്തെ ഉദ്ദേശം ഈ അപകടകരമായ സാധനം നശിപ്പിച്ചുകളയുവാനായിരുന്നു.

തൻെറ എതിരാളിയോടുള്ള വെറുപ്പിനെ മറന്നു, അയാളോടു സംസാരിക്കാൻ തന്നെ അയാൾ തീരുമാനിച്ചു.

അയാൾ ശാന്തനായി പറഞ്ഞു: "ബായ് മെർഡിവൻഡിജീവ് ഈ പത്രം വായിച്ചു കഴിഞ്ഞുവോ? ഞാനിതു വീട്ടിൽ കൊണ്ടുപോയി സാവകാശം വായിച്ചുനോക്കട്ടെ. ഇതിലെ ഇതിഹാസം വളരെ രസകരമായിരിക്കുന്നു."

"ഞാൻ വായിച്ചിട്ടില്ല. അതുകൊണ്ടു വിരോധം ഒന്നുമില്ല. കൊണ്ടുപോയ്ക്കോളു" തൻെറ വായനയിൽ തന്നെ ലയിച്ചിരുന്ന അയാൾ അലസമായി മറുപടി പറഞ്ഞു.

ദുർന്നിമിത്തസൂചകമായ ഡ്യാന്ദൂബുംകൊണ്ട് ഓഗ്യനോവ് പുറത്തേക്കുപോയി. ബൈലചെർക്വേവിയയിൽ എത്തിച്ചേരുന്ന ഒരൊററപ്രതി അതു മാത്രമായിരുന്നു.

# അദ്ധ്യായം 21

## ഉപജാപങ്ങൾ

ഇന്നു കിരിയാക് കഫെയിലെ സമര രംഗം വിട്ടതു്, കൂടുതൽ ശക്തിയോടെ തൻെറ എതിരാളിയെ ആക്രമിക്കാനുള്ള ഒരുക്കങ്ങളോടെ മടങ്ങിവരുവാൻതന്നെ ഉദ്ദേശിച്ചാണു്.

ഓഗ്യനോവിനോടുള്ള അയാളുടെ ഭയങ്കരവിദ്വേഷം, പലേ അവസരങ്ങളിലെ അനുഭവംകൊണ്ടു മൂച്ചുകൂടിയ ആപക, നീചത്വത്തിൻെറ കളകൾ നിറഞ്ഞ അയാളുടെ ആത്മാവിൽ തങ്ങിനിന്നിരുന്ന അല്പം ചില നല്ല വികാരങ്ങളെ കൂടി കൊന്നുകളഞ്ഞു. ചതിയിലൂടെ തൻെറ ശത്രുവിനെ നശിപ്പിച്ചുകളയാമെന്ന ഉദ്ദേശം ആദ്യമായി ആ കഫെയിൽ വെച്ചു അയാളുടെ മനസ്സിൽ ഉദിച്ചു. അയാൾക്കു് ആവശ്യമായ വിവരങ്ങളും നിവൃത്തികളും ഉണ്ടു്. അയാൾ പരത്തിവിട്ട അല്പം ചില ഉപജാപങ്ങളും അപവാദങ്ങളുംകൊണ്ടു വലിയ കാര്യമൊന്നുമില്ല. നേരെമറിച്ചു് അവയെയെല്ലാം തൃണസമമാക്കി അയാൾ ജനദൃഷ്ടിയിൽ അനുദിനം ഉയരുകയാണു്. അന്നു "ജനവിവു്" കണ്ട പ്രേക്ഷകരുടെ മനസ്ഥിതികൊണ്ടുതന്നെ അയാൾക്കതു തികച്ചും വിശ്വാസമായി. അയാൾ ആലപ്രാൻകയായിരുന്നുവെങ്കിൽ തുറന്ന മനസ്സാക്ഷിയോടെ, എന്തോ ഒന്നു നല്ലതു ചെയ്യുയാണെന്ന വിചാരത്തോടെതന്നെ ചതി ചെയ്യാമായിരുന്നു. നീചനീചനാണെങ്കിലും താൻ ചെയ്യുവാൻ പോകുന്ന സംഗതിയുടെ പൈശാചികത്വം അയാളെ അലട്ടി. പക്ഷെ അതിൻെറ പ്രേരണയിൽ നിന്നു പിൻതിരിയുവാനുള്ള ശക്തി

കിട്ടുന്നില്ല എന്നു മാത്രം. പ്രതികാരത്തിന്റെ ബലവത്തായ ഒരു അല അയാളെ കാന്തതിന്നുവാൻ തന്നെ തുടങ്ങിയിരിക്കുന്നു. അതുകൊണ്ടു വെളിച്ചത്തേക്കു വരാതെതന്നെ അതിനെപ്പററി പര്യാലോചിക്കുവാൻ അയാൾ തീച്ചയാക്കി.

"ശരി ആദ്യമായി ഈ തെമ്മാടിയുടെ പേർ ഓഗ്യനോവ് എന്നല്ല, അയാൾ വരുന്നതും ലോസൻഗ്രിഡിൽ നിന്നല്ല. രണ്ടാമതായി "പെററകാൻച്ചോ" തെരുവിൽവെച്ച് തുക്കികൾ പിടിക്കാൻ ശ്രമിച്ചതു് ഇയാളെയാണ്. വേറെ ആരെയുമല്ല; രാജദ്രോഹകരമായ കടലാസ്സിന്റെ ഉടമസ്ഥനും ഇയാളാണ്. വാസ്തവത്തിൽ ആ സമയത്തു് ഡോക്ടർ സൊക്കലോവ് ബെയുടെ ഭാൎയ്യയുടെ അട്ടത്തായിരുന്നു. ഹാജിറാവോഹമ്മ പറഞ്ഞതാണ് ശരി. നമ്മുടെ പോലീസുകാരൻ ഹിലിറിയോവും ഏതാണ്ടിതു സൂചിപ്പിച്ചു. അവരാണ് ആ കടലാസ്സുകൾ ഒളിപ്പിച്ചതു് എങ്ങിനെ, എനിക്കറിയില്ല. മൂന്നാമത്തെ സംഗതി നമുക്ക് കുറച്ചുകൂടി കഴിഞ്ഞാൽ അറിയാം. അതാണ് ഏററവും ഭയങ്കരമായിട്ടുള്ളതു്. അതവനെ ഡയാർബിക്കിറിലേക്കു മാത്രമല്ല, കൊലമരത്തിലേക്കുകൂടി യാത്രയാക്കും. അതാണ് ആ തെമ്മാടി അർഹിക്കുന്നതും" സ്വാഗതമായിതു പറഞ്ഞുകൊണ്ടു് സ്റ്റെഫ്കോവ്, മെർഢിവൻഡിജീവിനെകാണാമെന്നു് ഏററിരിക്കുന്ന കോൺവെൻറിലേക്കു യാത്രയായി. ഹാജിറാവോഹമ്മയുടെ മുറിയിലേക്കു് കടന്നയാൾ പറഞ്ഞു "നിങ്ങൾ പറഞ്ഞതു് ശരിയാണ് മേഡം."

"ദൈവം നിന്നെ രക്ഷിക്കട്ടെ കിരിയാക്. ഞാൻ വിചാരിക്കയായിരുന്നു, എനിക്കും വഴിതെററിപ്പോയോ എന്ന്. ഏതിനെയാണ് സ്റ്റെഫ്കോവ് സൂചിപ്പിക്കുന്നതു് എന്നു നല്ലപോലെ മനസ്സിലാക്കിയ കന്യാസ്ത്രീ തമാശയിൽ പറഞ്ഞു" നിന്നെ ആരാണ് ഓടിച്ചിരുന്നതു്. നീ ഒരു ഊത്തുകുഴൽപോലെ കിതക്കുന്നുണ്ടല്ലോ"

"കുറച്ചുനേരം മുമ്പു ഞാനും ഓഗ്യനോവുമായി ഒരു വ ഴക്കുണ്ടായി."

"ആ ചാട്ടക്കാരനൊ. അയാൾ നമ്മുടെ കഴുത റാഡ യുടെ തലയും തിരിച്ചിരിക്കുന്നു, കന്യാസ്ത്രീ പൊട്ടിച്ചിരിച്ചു കൊണ്ടു പറഞ്ഞു. അയാൾ അവൾക്ക് നിത്യവും കൊട്ടക്ക ണക്കിനാണ് വിപ്ലവഗാനങ്ങൾ പഠിക്കുവാൻ കൊടുക്കുന്ന തു്. ഇതൊരു ഭയങ്കരമഹാമാരിയായിത്തീന്നല്ലൊ. മുത്തു മുത്തശ്ശിമാർകൂടി ഇപ്പോൾ പാടുന്നതു് രാജദ്രോഹകരമായ ഗീ തകങ്ങളാണ്. അവരിവിടെ വന്നിട്ടുള്ളതു് കൊള്ളുകൊ ണ്ടും വാളുകൊണ്ടും രാജ്യം നന്നാക്കാനാണ്. ഇവിടെയു ള്ള ചില കൂട്ടർ ജീവിതം മുഴുവൻ സമ്പാദിച്ചുകൂട്ടുകയാണ്, ഉറുമ്പുകളുടെ മാതിരി ഇരന്നുനടന്നു കലവറയും പത്തായങ്ങ ളും നിറയ്ക്കുകയാണ്. അതാ അപ്പോൾ വരുന്നു വേറെ ഒരു കൂട്ടർ അതൊക്കെ ചുട്ടുചാമ്പലാക്കുവാൻ—തയ്യാറെടുത്തും കൊണ്ടു്. അവർ മാന്യന്മാരാണെങ്കിൽ എന്തെങ്കിലുമാക ട്ടെ. എല്ലാം തലതിരിഞ്ഞ പിള്ളേർ. നമ്മുടെ റാഡ. പ രിശുദ്ധമറിയമെ, ആദ്യമായി അവളൊരു രണ്ടാം കൃസ്ത്യീന യാകാൻ പോകയാണ്, വിപ്ലവകാരികളെ അനുകൂലിച്ചു കൊണ്ടു്. ജിപ്സികൾപോലും അവളെ പരിഹസിച്ചുതുടങ്ങി യിട്ടുണ്ടു്. അല്ല അന്നു് അവർ ആ തിയേററിൽവെച്ചു പാടിയ സാധനം തന്നെ ഓത്തുനോക്കു. എന്തിനാണ് തു ക്കികൾ ഇവിടെയിങ്ങിനെ നടക്കുന്നതു്."

"താനും ഓഗ്യനോവുമായി ഗൗരവകരമായ ഒരു വഴക്കു തന്നെ ഉണ്ടായി. ഞാൻ അയാളെ നശിപ്പിക്കാൻ തീച്ച യാക്കിയിരിക്കയാണ്." സ്റ്റെഫ്കോവ് ദ്വേഷ്യത്തോടെ പറഞ്ഞു. പിന്നെ അയാൾക്കുതോന്നി ഈ വായാടിതള്ള യോടു് ഉള്ളതെല്ലാം തുറന്നുപറയുന്നതു് അബദ്ധമായിരിക്കു മെന്നു്.

"അതു് പോലീസുകാർ ചെയ്യേണ്ട പണിയാണ്. ഒരു

കാര്യം മാത്രം ഒന്നും വെളിയിൽ പറയരുത്."

"എന്തു് നിനക്കു് എന്നെ അറിയാൻ വയ്യെ."

''എനിക്കറിയാം അതല്ലെ ഞാൻ പറയുന്നതു് നിശ്ശബ്ദത എന്നു്.''

തത്സമയം തന്നെ ഗാലറിയിൽ പാദശബ്ദങ്ങൾ കേൾക്കാറായി. സ്റ്റെഫ്കോവ് ജനാലയിൽക്കൂടി നോക്കി സംതൃപ്തനായി പറഞ്ഞു.

''അതാ മെർഡൻഡിജീവ്. അകത്തേക്കു വരു. അയാൾ ക്ഷണിച്ചപ്പോൾ മററെ ആൾ ധൃതിയിൽ അകത്തുകടന്നു."

തൻെറ മഫ്ളർ എടുത്തുമാററി ആഗതൻ പറഞ്ഞു.

''എലി കെണിയിൽവീണു''

''സത്യം. അയാൾ കീഴടങ്ങിയോ''

''ആദ്യം വിളത്തു; പിന്നെ പച്ചയായി; പിന്നെ വിറച്ചുതുടങ്ങി. കണിശമായും അയാൾതന്നെയാണ്.''

"അയാൾ എന്തു പറഞ്ഞു."

"അതു് എന്നോടു് വീട്ടിൽകൊണ്ടുപോയി വായിക്കുവാൻ എടുക്കട്ടെ എന്നു ചോദിച്ചു. ആദ്യമായിട്ടാണു് ഇങ്ങിനെ ഒരു സംഗതി ഉണ്ടാവുന്നതു്. അയാൾ ആ കടലാസ്സിനെയും എന്നെയും ഒരുപോലെ വെറുക്കുന്നവനാണു്.''

സ്റ്റെഫ്കോവ് എണീററുനിന്നു കൈകൊട്ടി.

"എന്താണിതു്'' ഹാജിറവോഹമ്മ പരിഭ്രമത്തോടെ ചോദിച്ചു.

"അവനതു ഒരു കെണിയാണെന്നു മനസ്സിലാക്കിയില്ല അല്ലെ.'' സ്റ്റെഫ്കോവ് ചോദിച്ചു.

''ഒട്ടുമില്ല, ഞാൻ യാതൊന്നും കാണുന്നില്ല വായിക്കുകയാണു് എന്നു നടിച്ചു. വാസ്തവത്തിൽ ഒന്നുംതന്നെ എൻെറ കണ്ണിൽ പെടാതെപോയില്ല. കരടി ഉറങ്ങുമ്പോഴും

അതിൻെറ ചെവി ചലിച്ചുകൊണ്ടിരിക്കും.'' അയാൾ അഭിമാനത്തോടെ പറഞ്ഞു.

''ധീരൻമെർഡിവൻ, ആ നിന്ദാലേഖനം എല്ലാററിലും നന്നായി. തന്നെ ഒരു പത്രാധിപരാവാൻ സൃഷ്ടിച്ചതാണെന്നു തോന്നുന്നു;''

''എന്നെന്നേക്കും വെറും മെർഡിവൻ മാത്രമായിരിക്കാൻ എന്നെ വിടരുത്. ആ ഒഴിവിന്നുവേണ്ടി പരിശ്രമിക്കുവാൻ അമാന്തിക്കരുതു്.''

''അതിനെപ്പററി വ്യസനിക്കേണ്ട ഞാൻ വേണ്ടതു് ചെയ്തുകൊള്ളാം.''

അയാൾ തനി തുക്കിരീതിയിൽ കൈകൊണ്ടു നന്ദി പ്രകടിപ്പിച്ചു.

''എനിക്കു തോന്നുന്നതു് ആ പൊപ്പോവിനെയും പറഞ്ഞയക്കാമെന്നാണു്. അയാൾ ഒരു കുററനെപ്പോലെയാണു് നമ്മെ നോക്കുന്നതു്. പോരാത്തതിന്നു അയാൾക്കു ക്രാലിച്ചിനോടു ഒരു നായയുടെപോലെ കൂറുമുണ്ടു്.''

''ആരാണീക്രാലിച്ച്'' ഹാജിറഖോഹമ്മ ചോദിച്ചു ആദ്യമായി അവൾക്കു് എന്തോ മനസ്സിലാവാത്ത സംഗതി ഉണ്ടാവുകയാണു്.

സ്വന്തം ചിന്തകളിൽ ലയിച്ചു, അലസമായി സ്റ്റെഫ്കോവ് യാതൊരു മറുപടിയും പറയാതെ ജനൽപഴുതിലൂടെ പുറത്തേക്കു നോക്കിക്കൊണ്ടുനിന്നു.

''നിങ്ങളറിഞ്ഞോ. ഇന്നലെ പള്ളിവികാരികൾ സ്കൂളിൽ വന്നിരുന്നു.'' മെർഡിവൻ പറഞ്ഞു.

''ആരെല്ലാം,''

എല്ലാവരും. മിഖലാഖി പറഞ്ഞു അയാളെ പുറത്താക്കി എന്നു പറയണമെന്നു്. പക്ഷെ മററുള്ളവർ അയാ

ളെ പിൻതാങ്ങിക്കൊണ്ടു് സംസാരിച്ചു, പ്രത്യേകിച്ചു് മാർക്കോഐവനോവ്. അവർ അയാളെ ആ ഗാനത്തിനെ ച്ചൊല്ലി ഒന്നു താക്കീതു ചെയ്തുമാത്രമെ ചെയ്തുള്ളൂ. ചുരുക്കത്തിൽ അതിൽനിന്നു് ഒന്നും ഉണ്ടായില്ല. പക്ഷെ ഒരു ദിവസം ഇവർക്കു നല്ലപോലെ ഇതിനുള്ളതു കിട്ടും. ആ കഴുത എന്തിനാണീ കാര്യത്തിൽ മൂക്കുകാണിക്കുന്നതു്.

"ബായ്മൈക്കോ"

"ഓ അദ്ദേഹവും ഓഗ്യനോവിൻെറ സഹായിതന്നെ"

"കള്ളന്മാരുടെ ഇടയിൽ ബഹളമതി"

"മൈക്കോ സ്ഥാനത്തും അസ്ഥാനത്തും ഗവൺമെണ്ടിനെ ദൂഷിക്കയാണു്, മാർക്കോ വിശ്വാസത്തെ ശപിക്കുന്നപോലെ."

"ഒരുമാതിരി ചിറകുള്ള പക്ഷികളെല്ലാം ഒരുമിച്ചു കൂടും" ഹാജിറവോഹമ്മ പിറുപിറുത്തു.

"ഗ്രിഗോറും പിങ്കോവും എന്തു പറയുന്നു."

"അവരും അതേ വെള്ളത്തിൽ തന്നെയാണു് നീന്തുന്നതു്."

"ആ സ്കൂൾ അടച്ചുപൂട്ടിയിട്ടില്ല എങ്കിൽ ഞാൻ നശിച്ചുപോട്ടെ. മൂങ്ങകൾ മാത്രമെ അതിൽ വളരുകയുള്ളൂ." ധൃതിയിൽ ആ മുറിയിൽ നടന്നുകൊണ്ടു് സ്റ്റെഫ്കോവ് നിയന്ത്രണംവിട്ടു് അട്ടഹസിച്ചു.

"അതുതന്നെ അതുതന്നെ ആ പുരോഹിതനെ ബന്ധിച്ചു ഗ്രാമത്തിൽ സമാധാനമുണ്ടാക്കു."

"എല്ലാവിധ രാജ്യദ്രോഹകരമായ വിപ്ലവഗാനങ്ങളും വരുന്നതു് ഈ സ്കൂളിൽനിന്നാണു്. കന്യാസ്ത്രീ പ്രസ്താവിച്ചു. പക്ഷെ ആരാണീ ക്രാലിച്ചു്, കിരിയാക്"

"ക്രാലിച്ചു്–അതൊരു ചെറിയ രാജാവു്. ബൾഗേ

രിയയിലെ നാളത്തെ രാജാവു്. (ക്രാൽ എന്നാൽ ബൾഗേരിയൻ ഭാഷയിൽ രാജാവെന്നാണു് അർത്ഥം.")

അയാൾ പുഞ്ചിരിച്ചു പറഞ്ഞു.

മെർഡിവൻ തൊപ്പിയെടുത്തു് വാതിൽ തുറന്നു.

"കിരിയാക്ക് എന്റെ കാര്യം മറക്കരുതെ" പുറത്തേക്കു പോകുമ്പോൾ അയാൾ യാചനാസ്വരത്തിൽ അപേക്ഷിച്ചു. ഓഗ്യനോവിനെ പറഞ്ഞയച്ചാൽ മാത്രം താൻ അഭിലഷിക്കുന്ന അയാളുടെ പദവി ലഭിക്കുമെന്നാണു് ആ സാധു വിചാരിച്ചതു്."

"സീസറിന്നുള്ളതു് സീസറിന്നു ലഭിക്കും."

സ്റ്റെഹ്കോവ് മാത്രം കന്യാസ്ത്രീയുടെ അടുക്കൽ ഇരുന്നു. അതിപ്രധാനമായ ഒരു കാര്യം, ലാല്ലയുമായുള്ള തന്റെ വിവാഹനിശ്ചയം അവരുമായി അയാൾ ചർച്ചചെയ്യുകയായിരുന്നു. സന്ധ്യയായതോടെ അയാൾ കോനാക്കിന്റെ ഭവനത്തിലേക്കു നടന്നു.

പൈപ്പർക്കോവ് തെരുവിൽവെച്ചയാൾ മിഖൽഖായ് ആലഫ്രാൻകയെ കണ്ടുമുട്ടി.

"എങ്ങോട്ടാണു് യാത്ര" രണ്ടാമൻ അന്വേഷിച്ചു.

"നിങ്ങൾ കേട്ടുവോ 'ഡാന്ദ്യൂബ്" ഓഗ്യനോവിന്റെ മുഖത്തു നിന്നു് തിരസ്കരണി നിശ്ശേഷം എടുത്തുമാററിയിരിക്കുന്നു. അതു് അയാളുടെ മുഴുവൻ ചിത്രവും വരച്ചുകാട്ടുന്നുണ്ടു്. ഡയാർബെക്കീർ കോട്ടയിൽനിന്നു തടവുചാടി രക്ഷപ്പെട്ടു പോന്നവനാണത്രെ അയാൾ. എല്ലാ ദിക്കിലും ആളുകൾ അയാളെ തിരഞ്ഞു നടക്കുകയാണു്. ആ പേരും കൃത്രിമമാണു്."

"നിങ്ങൾ അങ്ങിനെ പറയരുതു്. ആ മനുഷ്യൻ ഒരു അപകടകാരിയാണു്. നിഷ്കളങ്കരായ മനുഷ്യരെ അയാൾ നശിപ്പിക്കും. ഞാനിന്നലെ പറഞ്ഞു അയാളെ ഇവിടെനി

ന്നു പറഞ്ഞയക്കണമെന്നു്. എത്ര ശരിയാണു് അതു്. അയാൾ നമുക്കു് പററിയ ആളല്ല. നിങ്ങൾ എവിടേക്കു പോകുന്നു. ആബെയോടു് വേണ്ട നടപടികൾ എടുക്കാൻ പറയൂ.''

''അതൊന്നും എൻെറ ജോലിയല്ല. എൻെറ കൈവശം ആ കടലാസ്സുപോലുമില്ല. മെർഡീവൻെറ കയ്യിൽ അതു കാണും. അയാൾക്കു് എല്ലാം അറിയാം. കൌശലത്തോടെ സ്റ്റെഫ്കോവ് മറുപടി പറഞ്ഞു. താനാണു് ഇതിൻെറ പിന്നിൽ എന്നു് മററുള്ളവർ അറിയരുതു് എന്നു വെച്ചാണു് സകല സംശയവും ദൂരീകരിക്കാനെന്നപോലെ അയാൾ ആ സാധുവിൻെറ നാമധേയമുപയോഗിച്ചതു്'

''ബെയെ അറിയിക്കൂ. നിങ്ങൾ മനുഷ്യരാശിക്കു മുഴുവൻ ഒരു നന്മയാണു് ചെയ്യുന്നതു്.'' മിഖലായി സ്വാഭാവികമായി അതു ഒന്നുകൂടി ആവർത്തിച്ചു. പുതിയ ഒരുതരം മത്സ്യം മാർക്കററിൽ വന്നിട്ടുണ്ടു് സ്റ്റെഫ്കോവ് പോയി വാങ്ങിച്ചോളൂ എന്നു പറയുന്നത്ര ലാഘവത്തോടെയാണു് മിഖലായി ഇതു പറഞ്ഞതു്. ''ഓ നാളെ ഞാൻ ഹാജിയോർഡൻെറ വസതിയിലേക്കു പോകുന്നുണ്ടു്. ഇതാ എൻെറ അഭിനന്ദനങ്ങൾ മുൻകൂട്ടിതന്നെ. അതൊരു തീർച്ചയാണു്. മിഖലായി ഹസ്തദാനം ചെയ്തു.''

''വളരെ നന്ദി. നന്ദി''

നേരം നല്ലപോലെ ഇരുട്ടി. ആ ഇരുട്ടിൽ രണ്ടുപേരും കൂടിനിന്നു വേറെ എന്തെല്ലാമോ പിറുപിറുത്തശേഷമാണു് പിരിഞ്ഞതു്.

ഒരു തുക്കിപ്രേമഗാനവും മൂളിക്കൊണ്ടാണു് സ്റ്റെഫ്കോവ് നടന്നുപോയതു്. അയാൾ കോനാക്കിൻെറ സമീപത്തേക്കു യാത്രയാണു്.

## അദ്ധ്യായം 22

# ഫാദർ സ്ടാർവിയുടെ വീട്ടിലെ വിരുന്നു്

സൊക്കലോവും ഓഗ്യനോവും ഫാദർ സ്ടാർവിയുടെ വീട്ടിലേക്കു പുറപ്പെട്ടപ്പോൾ നേരം നല്ലപോലെ ഇരുട്ടിയിരുന്നു.

അതു് പട്ടണത്തിൻെറ അങ്ങേ അററത്തായിരുന്നു. നിശ്ശബ്ദവും അന്ധകാരാവൃതവുമായ നിരവധി തെരുവീഥികളിൽക്കൂടി ആ സ്നേഹിതന്മാർ നടന്നു. രണ്ടുപേരും ഗാഢചിന്തയിൽ ലയിച്ചിരുന്നു. നഗരത്തിൽ ഉണ്ടായിരുന്ന 'ഡാന്ദ്യൂബി'ൻെറ ഒരേ ഒരു കോപ്പി നശിപ്പിച്ചതുകൊണ്ടു ഓഗ്യനോവിനു അല്പം മനസ്സമാധാനം തോന്നി. മെർഡിവിനെ സംബന്ധിച്ചിടത്തോളം പിന്നീടുള്ള അയാളുടെ പെരുമാററംകൊണ്ടു ഭയപ്പെടുവാൻ ഒന്നുമില്ല എന്നു തന്നെ അയാൾ വിശ്വസിച്ചു. അതിൽപിന്നെ സാഹസത്തിൻെറ സീമവരെ അയാളുടെ ധൈര്യം പുനഃസ്ഥാപിക്കപ്പെട്ടു. സ്വാഭാവികമായി ആപത്തും അപകടവുമായി ഏററുമുട്ടേണ്ടിവരുന്നവരുടെ ഒരു സ്വഭാവവിശേഷമാണിതു്. സംശയത്തിൻെറ ഒരു നേരിയ നിഴൽ പിന്നെയും അയാളെ ചിലപ്പോൾ അലോഹ്യപ്പെടുത്തിയിരുന്നു. വാസ്തവത്തിൽ കൂടുതൽ വ്യഥ അനുഭവിച്ചിരുന്നതു് ഡോക്ടറാണ്. നഗരമദ്ധ്യത്തിൽനിന്നു് അകലുംതോറും മാർഗ്ഗമദ്ധ്യേ അവർ കണ്ടുമുട്ടിയിരുന്ന ആളുകളുടെ എണ്ണം കുറഞ്ഞുവന്നു. വീതികുറഞ്ഞു വളഞ്ഞുതിരിഞ്ഞ വഴികൾ വിജനവും നിശ്ശബ്ദവുമാകാൻ തുടങ്ങി. കൂടുതൽ കൂടുതൽ നായ്ക്കൾ കുരയ്ക്കുന്നതു് കേൾക്കാമായിരുന്നു.

ചുമരിന്മേൽ കുത്തനെ ചാരിനില്ക്കുന്ന ഒരാളുടെ നിഴലിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഡോക്ടർ അത്ഭുതത്തോടെ ചോദിച്ചു: "ദൈവമെ അതാരാണ്." ആ സമയംതന്നെ ആ അപരിചിതൻ പായാനാരംഭിച്ചു.

"ആ മാന്യൻ ഭയന്നോടുകയാണ്. നമുക്ക് അയാളുടെ പിന്നാലെ ചെന്ന് എന്താണ് കാരണമെന്ന് അന്വേഷിക്കുക." ഓഗ്യനോവ് ഇതുംപറഞ്ഞു അയാളുടെ പിന്നാലെ ഓടാൻ തുടങ്ങി.

പ്രിയപ്പെട്ട ജീവിതത്തിനുവേണ്ടിയാണ് ആ അപരിചിതൻ ഓടുന്നത്. ഒന്നെങ്കിൽ അയാൾ സംശയാർഹമായ സ്വഭാവക്കാരനായിരിക്കണം, അല്ലെങ്കിൽ ഇവർ അത്തരക്കാരാണ് എന്നയാൾ തെററിദ്ധരിച്ചിരിക്കണം. അയാൾ തൻെറഅനുയായികളുടെ ദൃഷ്ടിപഥം വിട്ടകന്നു കഴിഞ്ഞിരുന്നു. ധീരത ചുമലിന്നു ചിറകു കൊടുക്കുമെങ്കിൽ ഭീരുത്വം അത് വെച്ചുകെട്ടുന്നത് കാലിന്മേലാണ്. തങ്ങൾ കാററിനെ മാത്രമാണ് ഓടിക്കുന്നത് എന്ന് ആ സുഹൃത്തുക്കൾക്കു ബോദ്ധ്യമായി. ഓടിമറഞ്ഞ അയാൾ ഏതോ വാതിലിന്നു പിന്നിൽ ഒളിച്ചു. ഒരു ശബ്ദംപോലും അവിടെ കേൾക്കാനുണ്ടായില്ല. അപ്പോൾ അവർ ചിരിച്ചുതുടങ്ങി.

"അല്ല നാം എന്തിനാണ് ആ ചെറിയ മനുഷ്യനെ ഓടിച്ചതു്" ഡോക്ടർ ചോദിച്ചു.

"ഞാൻ വിചാരിച്ചതു് അയാൾ സ്റ്റെഫ്കോവിൻെറ ആൾക്കാരിൽ വല്ലവരുമായിരിക്കുമെന്നാണ്. രാത്രിയിലാണ് അവർ ഈ പരിഹാസലേഖനങ്ങൾ പ്രചരിപ്പിക്കുന്നതു്. ആ തെമ്മാടികളിൽ ഒരുത്തനെ പിടിക്കാൻവേണ്ടി എൻെറ കൈകൾ ചൊറിയുകയാണ്."

സൊക്കലോവ് സ്വന്തം ചിന്തയിൽ മുഴുകിനടന്നു തുടങ്ങി.

"ഡോക്ടർ നിങ്ങൾ എങ്ങോട്ടാണ് യാത്ര. ഇതല്ലെ സ്ട്രാർവിയുടെ പടിവാതിൽ", അതിന്മേൽ നല്ല തട്ടുകൊട്ടത്തിട്ട് ഓഗ്യനോവ് പറഞ്ഞു

"മുട്ടുവിൻ വാതിൽ തുറക്കപ്പെട്ടും' 'സ്വാഗതം വരു' പ്രഭു,–വരു ഡോക്ടർ" ഫാദർ സ്ട്രാർവി നേരംപോക്കിൽ പറഞ്ഞു."

ആദ്യം പറഞ്ഞപോലെ പ്രഭു എന്ന പേരു് ഓഗ്യനോവിനു ഉറച്ചുതന്നെ കിട്ടിയിരുന്നു. ബെ മാത്രം അയാളെ 'കോൺസൽ' എന്നു വിളിച്ചു. ജനവീവിൻെറ ഭർത്താവിനു ജനങ്ങളിൽനിന്നു തിയേററിൽവെച്ചുകിട്ടിയ സഹാനുഭൂതി, പൊതുനിരത്തിൽവെച്ചുകൂടി ഓഗ്യനോവിനു നിർല്ലോഭം ലഭ്യമായിരുന്നു. കുട്ടികൾപോലും പ്രഭു പ്രഭു എന്നു വിളിച്ചുകൊണ്ടു അയാളുടെ പിന്നാലെ പാഞ്ഞുചെന്നു. അടുത്തെത്തുമ്പോൾ അവരെ കവിളിൽ തട്ടി അയാൾ ഓമനിക്കും. ആദ്യമെല്ലാം പുരോഹിതനു ഈ സ്നേഹിതന്മാരെ ഇഷ്ടമില്ലാതെ പിറുപിറുത്തിരുന്നുവെങ്കിലും നാടകത്തോടെ ആ വികാരം പോയി. സ്റ്റെഫ്കോവ് ഫാദറിൽ ഉള്ള ഒരു അഭ്യുദയകാംക്ഷിയെ അകററുകയും ചെയ്തു.

വരാന്തയിലേക്കു തുറന്നിരുന്ന ഒരു മുറിയിൽനിന്നു വേണുവിൻെറ മധുരസ്വരം പുറത്തേക്കു് ഒഴുകിയിരുന്നു പുതിയ അതിഥികളെ അദ്ദേഹം വലിയ മുറിയിലേക്കു് ആനയിച്ചു. അപ്പോൾ അവിടെ നല്ല ഒരു സംഘമുണ്ടായിരുന്നു. അക്കൂട്ടത്തിൽ കോൽക്കോ, കാൻഡോവ്, നെഡ്കോവിച്ച് എന്നിവരും ഉൾപ്പെട്ടിരുന്നു. അന്യോന്യം ഉപചാരങ്ങൾ പറഞ്ഞുകഴിഞ്ഞപ്പോഴേക്കും പുരോഹിതൻെറ മകനായ ഗാഞ്ചോ ഒരു കുപ്പി റാഖിയയും, ധാരാളം പഴുത്ത കുരുമുളകുകൾ വിതറി ഓളിവ് എണ്ണ ഒഴിച്ചു പാകപ്പെടുത്തിയ പച്ചക്കറിയുംകൊണ്ടുവന്നു. പുല്ലാങ്കുഴലിൻെറ ശബ്ദം നിലച്ചു.

"കോൽക്കോ തുടരൂ, നെഡ് കോവിച്ച് ആവശ്യപ്പെട്ടു"

കോൽക്കോ വിജയകരമായി പല യൂറോപ്യൻ രീതികളും വിസ്തരിച്ചു.

"കൊള്ളാം കുറച്ചു ബ്രാണ്ടിയും അച്ചാറും; കുഴലിന്റെ ശബ്ദം ശരിയാക്കാൻ തരുന്നതിനെപ്പററി എന്തു പറയുന്നു. നിങ്ങൾ എന്നെ തീരെ മറന്നു എന്നു തോന്നുന്നുവല്ലൊ" കോൽക്കോ പറഞ്ഞു.

"അതു ശരി. കോൽക്കോ ചോദിക്കുന്നവനു എന്തെങ്കിലും കൊണ്ടുപോകാനുണ്ടാകും."

ഓഗ്യനോവ് ഒരു ഗ്ലാസ്സ് നിറച്ചു നിശ്ശബ്ദമായി ആ അന്ധനു കൊടുത്തു. അയാൾ കൈ തൊട്ടുനോക്കി ആളെ മനസ്സിലാക്കിക്കൊണ്ടു പറഞ്ഞു.

"ഇതു് ബായ് ഓഗ്യനോവാണ് അല്ലേ. വളരെ നന്ദി. ബാക്കി എല്ലാവരും നിങ്ങളെ പ്രഭുവെന്നു വിളിക്കുന്നു. പക്ഷെ സ്വല്പം ഒരു തെററുപററിയതിനാൽ തിയേററിൽ നിങ്ങളെ പ്രഭുവായി കാണാൻ എനിക്കു സാധിച്ചില്ല"

അതിഥികൾ പുഞ്ചിരികലർന്ന നോട്ടം കൈമാറി.

"ബായ് കോൽക്കോ ദയവുചെയ്തു ആ കന്യാസ്ത്രീകളുടെ പാട്ടു് ഒന്നു പാടു. ഓഗ്യനോവ് പുഞ്ചിരിയോടെ പറഞ്ഞു.

കോൽക്കോ ഗാംഭീര്യംനടിച്ചു, തൊണ്ട ശരിയാക്കി ഹാജി അത്തനേഷ്യസ്സിന്റെ ആ പഴയ പാട്ടുപാടാൻ തുടങ്ങി.

"ദൈവമെ അവിടത്തെ വിശ്വസ്തരായ വേലക്കാരെ അനുഗ്രഹിക്കണമെ. 'ഗോഡ്പോഷ സിറാഫിമ,' വിനയാന്വിതയായ 'ചെറുവിന' കറുത്ത കണ്ണുകളോടുകൂടിയ 'സോഫിയ', സുന്ദരിയായ 'റിപ്സീമിയ', തടിച്ചി മാഗ്ഡലീന', മെലിഞ്ഞ 'ഐറീന', സുന്ദരിയും കോൺവെൻടിന്റെ പ്രകാശനാളവുമായ 'എനീക്ക്', തികഞ്ഞ കന്യാസ്ത്രീ

യായ 'പരാക്ഷേവ്' യാതൊരു പാപവും ചെയ്യാത്ത റ വോഹമ്മ."

കോൽക്കോ ഒന്നിനു പുറകെ ഒന്നായി എല്ലാ കന്യാസ്ത്രീകളുടെയും പേർ എടുത്തു് എടുത്തു പറഞ്ഞു. ഓരോരുത്തക്കും അവക്കു തീരെ ചേരാത്തതും തികച്ചുംവിപരീതവുമായ ഓരോ വിശേഷണങ്ങളും നൽകി.

സംഘം മുഴുവൻ ചിരിച്ചു മറിഞ്ഞു.

"വരു, വന്നു മേശയ്ക്കരികിൽ ഇരിക്കൂ. എന്തിനാണു് പരിശുദ്ധകളായ സ്ത്രീകളെ കുററം പറയുന്നതു്" പുരോഹിതൻെറ ഭാര്യ തമാശയായി ചോദിച്ചു.

പുരോഹിതൻ നന്ദിവാക്യമുച്ചരിച്ചു. അതിഥികളെല്ലാവരും, തൻെറ ഉള്ളിൽ എന്തോ ഒന്നു കരണ്ടുതിന്നുന്നപോലെയുള്ള ഒരനുഭൂതിക്കു വശഗനായ ഡോക്ടർ ഒഴികെ, ഭക്ഷണത്തോടു തികഞ്ഞ മര്യാദ പരിപാലിച്ചു. ഇടത്തും വലത്തും സംതൃപ്തി പകരുവാൻ പര്യാപ്തമായ ഒരു വലിയ പാത്രം ചുവന്ന വീഞ്ഞു് പുരോഹിതൻെറ മുന്നിൽ ഇരുന്നിരുന്നു.

"വീഞ്ഞു മനുഷ്യൻെറ ഹൃദയത്തിൽ ആനന്ദം നിറയ്ക്കുന്നതോടൊപ്പം, മാംസത്തിനു ശക്തികൊടുക്കുകയും ചെയ്യുന്നു" തൻെറ പാത്രം നിറച്ചുകൊണ്ടു പുരോഹിതൻ പറഞ്ഞു: "പ്രഭു കുടിക്കൂ, നിക്കൊലൊച്ചോ അതു മുഴുവൻ വലിച്ചു കുടിക്കണം. കാൻഡോവ് ഉം ഉത്സാഹിക്കൂ, നിങ്ങൾ റഷ്യയിൽ വളന്നവനല്ലെ. ഏയ് ഡോക്ടർ ഇങ്ങിനെ ഉദാസീനനായാലൊ ഇതു മരുന്നൊന്നുമല്ല; സൃഷ്ടികത്താവിൻെറ ഒരു സംഭാവനയാണു്. കോൽക്കോ കുട്ടി അതങ്ങിനെതന്നെ ഇറക്കിക്കോളൂ എന്നിട്ടു ആ വല്ലാച്ചിയൻ സംഗീതം 'ലിന, ലിന, അതു കടന്നു പോകട്ടെ' എന്നുള്ളതു ഒന്നു പാടൂ."

അത്താഴാനന്തരസംഭാഷണം വിവിധ വിഷയങ്ങളെ

ക്കറിച്ചും ചുടേറിയതുമായിരുന്നു. സ്വാഭാവികമായി 'ജന വീവും' സ്റ്റെഫ്കോവിൻെറ കുവല്യം സംഭാഷണവിഷയമായി. സ്റ്റെഫ്കോവിൻെറ കുററം പറയുന്നതിൽ യാതൊരു പിശുക്കം പുരോഹിതൻ കാണിച്ചില്ല. ഓഗ്യനോവും സാമത്ഥ്യത്തോടെ സംഭാഷണം അധികം അപകടകരമല്ലാത്ത വിഷയങ്ങളിലേക്കു തിരിച്ചുവിട്ടു; അതായതു് അക്കൊല്ലത്തെ മുന്തിരിക്കൃഷി മുതലായ കാര്യങ്ങളിലേക്കു്. കടലിൽ ഇളകിക്കളിക്കുന്ന മത്സ്യംപോലെ വൃദ്ധപുരോഹിതൻ ഉല്ലാസവാനായിരുന്നു.

''എല്ലാ മുന്തിരിത്തോട്ടങ്ങളിൽനിന്നും ഊററുന്ന വീഞ്ഞിൻെറ ഗുണദോഷങ്ങളെ അദ്ദേഹം സരസമായി വർണ്ണിച്ചു. ഷാംപൈനിൽവെച്ചു ഷാംപെയിൻ 'പിക്കിൻഡോർ' മുന്തിരിത്തോട്ടത്തിലാണു് ഉണ്ടാക്കുന്നതത്രെ. അതു സൂര്യനെപ്പോലെ പ്രകാശിക്കും, സ്വർണ്ണംപോലെ വെട്ടിത്തിളങ്ങും ഒരു കത്തിപോലെ മൂച്ചുകൂടിയതും, ആംബർപോലെ മഞ്ഞയുമാണതു്. അങ്ങിനെയുള്ള വീഞ്ഞുകൊണ്ടാണു് ഡേവിഡ് പ്രചാരകൻ യൗവനയുക്തനായിരുന്നതു്. പത്തു തുള്ളിമതി ഒരുവനെ വേദാന്തിയാക്കുവാൻ, അമ്പതു് അവനെ രാജാവാക്കും, നൂറു് അവനെ സന്യാസിയാക്കും. ഏതൊരുവൻെറയും ഒരു സിറിയൻ പാതിരിയുടെപോലും വായിൽ വെള്ളമൂറത്തക്കവിധത്തിലാണു് ഫാദർ ഈ വർണ്ണനകൾ മുഴമിച്ചതു്. അയാൾ സംതൃപ്തിയോടെ ഒന്നു ഏമ്പക്കം വിട്ടപ്പോൾ മെഴുകുതിരി അണഞ്ഞുപോയി.

''ഹേയ് കുറച്ചു വെളിച്ചം. ആരെങ്കിലും ഈ മെഴുകുതിരി കൊളുത്തൂ.'' അദ്ദേഹം വിളിച്ചു പറഞ്ഞു.

''ഫാദർ അങ്ങേക്കു മൂന്നു് സാധനങ്ങൾ ഉണ്ടു്. പാതിരികൾ, മെഴുകുതിരി, മെഴുകുതിരിക്കുററി. പക്ഷെ വാസ്തവം പറഞ്ഞാൽ എനിക്കൊന്നും കാണാൻ വയ്യ'' കോൽക്കോ പറഞ്ഞു.

ഇതിന്റെ പരിഹാസം മനസ്സിലാവാതെ പുരോഹിതൻ ചോദിച്ചു: "നിനക്കെന്തുണ്ട് കുട്ടി?"

"എനിക്കും ഉണ്ട് മൂന്നുകൂട്ടം: എന്റെ ദേഹം, എന്റെ ദാരിദ്ര്യം, എന്റെ മോശമായ കാഴ്ച."

എല്ലാവരും കോൽക്കോവിന്റെ തമാശ കേട്ട ചിരിച്ചു. വേഗത്തിൽ സംഭാഷണം പൊതുവിഷയങ്ങളെപ്പററിയായി. പെട്ടെന്ന് വിനോദകരമായ ഒരു ഗാനശകലം തെരുവിൽനിന്നു പൊന്തി. ഒരുപക്ഷേ തന്റെ ശാരീരത്തിൽ അഭിമാനിക്കുന്ന ഒരു തെരുവുതെണ്ടിയായിരിക്കുമതു പാടുന്നതു്. അകലെയുള്ള തെരുവീഥിയിലൂടെ അതിന്റെ ശബ്ദം അലിഞ്ഞമൎന്നു. പക്ഷേ ആ സംഭാഷണം അതുമൂലം പുരോഹിതന്റെ ഒരു അയൽവാസിനിയായ 'മിൽക്കടോഡോർകിന'യിൽ ചെന്നു പററി. സുന്ദരിയാണെങ്കിലും ദുശ്ചരിതയെന്നു പേരുകേട്ട ആ പെൺകുട്ടി ആ ചെറിയ പട്ടണത്തിലെ ഒരു സംസാരവിഷയമായിരുന്നു. അപവാദവ്യവസായക്കാരുടെ ഭാഗ്യമെന്നു പറയട്ടെ ദിനംദിനമെന്നോണം അവളുടെ കുപ്രസിദ്ധി വളൎന്നുവന്നു. വേഗത്തിൽ മിൽക്കയെപ്പററി ഒരു കവിതയും നിൎമ്മിക്കപ്പെട്ടു. അവളുടെ സമീപവാസികൾ അലോഹ്യംകൊണ്ടു മുഖം ചുളിച്ചു. ഇത്ര വലിയ ആകൎഷണം അടുത്തുണ്ടാവുന്നതു് അവൎക്കിഷ്ടമായിരുന്നില്ല. ചീത്ത സംഗതികൾ പകൎച്ചവ്യാധികളെപ്പോലെയാണ്. അവളെക്കുറിച്ചു ഭ്രാന്തുപിടിച്ചുനടക്കുന്ന ഒരു ചെമ്പുകൊട്ടി 'റാച്ച്കോലിലോ'വിന്നു് അവളെ വിവാഹംചെയ്തുകൊടുക്കുവാൻ പലരും അവളുടെ മാതാപിതാക്കന്മാരെ ഉപദേശിച്ചിരുന്നു. പക്ഷേ അയാളുടെ മാതാപിതാക്കന്മാർ അങ്ങിനെ ഒരു സംഗതിയെപ്പററി കേൾക്കുവാൻപോലും സന്നദ്ധരായില്ല. തന്റെ പുത്രനെ ഇത്തരത്തിലുള്ള ഒരുവൾക്കു് ആരാണ് നൽകുക?

"ഈ ജോഡിയെപ്പററി കേൾക്കാൻപോലും സമ്മതി

ക്കാത്ത ഈ ചെമ്പുകൊട്ടിലിലോ ആരാണ്.'' പുരോഹിതന്റെ ഭാര്യ ചോദിച്ചു: ''പിന്നെ ഈ പോക്കിനെപ്പോലുള്ള റാച്ച്കോവിന് ഏതു പെണ്ണിനെയാണാവോ കിട്ടുവാൻ പോകുന്നതു്. ഒരു ചോർബാഡ്ജിയുടേയോ മാന്യന്റേയോ മകളെ ലഭിക്കുമോ? മിൽക്ക സുന്ദരിയായ ഒരു യുവതിയാണ്, കഥയില്ലായ്മകൊണ്ടവൾ ഒന്നോ രണ്ടോ അബദ്ധം കാണിച്ചു. അതുകൊണ്ടു് അവൾ അത്തരക്കാരിയാണ് എന്നർത്ഥമില്ല. ഉവ്വോ. വയസ്സുചെല്ലുമ്പോൾ ബുദ്ധിയുറയ്ക്കും. പോരാത്തതിന്ന് അവരന്യോന്യം സ്നേഹിക്കുന്നുണ്ടു് എങ്കിൽ വിവാഹം കഴിക്കട്ടെ. ദൈവം നിശ്ചയിച്ചുവിട്ടമാതിരി ഒരുമയിലും സ്നേഹത്തിലും അവർ കഴിയട്ടെ. അതിലും ഭേദമായ വഴിയെന്താണുള്ളതു്? '

''ആ കുട്ടി ഒരു കഴുതതന്നെയാണ്. അതുമല്ല വൃത്തികെട്ട പ്രേരണകൾകൊണ്ടു് അവൾക്കവർ ഒരു സൈ്വര്യവും കൊടുക്കുകയില്ല.'' പുരോഹിതൻ പറഞ്ഞു: ''ഒരൊററ തെമ്മാടിയില്ല ഇവിടെ അവളുടെ പിന്നാലെ നടക്കാത്തതായിട്ടു്. ഒരൊററ അശ്ലീലശ്ലോകമില്ല അവളെ വർണ്ണിക്കാത്തതായി. ഒരു സാധു എന്തു ചെയ്യും? ജനങ്ങളാണെങ്കിൽ ഒരു ഉറുമ്പുകുന്ന കണ്ടാൽ പറയും പർവ്വതമാണെന്നു്, ഒരു ഉറുമ്പിനെക്കണ്ടാൽ പറയും സിംഹമാണെന്നു്. അങ്ങിനെ പാവം മിൽക്ക പട്ടണത്തിലെ സംഭാഷണവിഷയമായി. ഞാനവളുടെ പിതാവിനോടു പറഞ്ഞിട്ടുണ്ടു് ആ കരടി റാച്ച്കോവിന്റെ മകൻ അവളെ കാണാൻ വരുമ്പോൾ പിടിച്ചുനിർത്തി കല്യാണം കഴിപ്പിക്കുവാൻ. എന്നാൽ ഇതിനു ഒരു അവസാനമുണ്ടാകും. വിവാഹം ബാക്കി എല്ലാത്തിനേയും മറയ്ക്കുന്നു.''

'പണ്ടൊരു കിംവദന്തി ഉണ്ടായിരുന്നില്ലേ, നമ്മുടെ സ്റ്റെഫ്കോവ് അവളെ കല്യാണം കഴിക്കാൻ പോകയാണെന്നു്.'' ഒരു സ്ത്രീ ചോദിച്ചു.

"പക്ഷേ അന്നവൾ മൎയ്യാദ വിട്ടിരുന്നില്ല."

"ഇക്കാലംകൊണ്ടു് അനവധിയാളുകളെക്കുറിച്ചു് ആ വക സംസാരമുണ്ടായിട്ടുണ്ടു്. ആ സാധുവിനു ചീത്തപ്പേരു മാത്രമേ ഉള്ളൂ." വേറെ ഒരു സ്ത്രീ പറഞ്ഞു.

"വേറെ ഒരു വൎത്തമാനമറിഞ്ഞോ? നാളെ കിരിയാക്ക് സ്റ്റെഫ്ക്കോവും ലാല്ലയോർഡനോവുമായുള്ള വിവാഹനിശ്ചയമാണു്." മൂന്നാമത്തെ സ്ത്രീ പറഞ്ഞു.

ഈ വാക്കുകൾ ഒരു കഠാരിപോലെ ഡോക്ടരുടെ ഹൃദയം പിളൎന്നു.

"അതെ, അതെ. ഏററവും നല്ലതേ കിരിയാക്കിനിഷ്ടമാവുകയുള്ളൂ." പുരോഹിതൻ പറഞ്ഞു.

"മിൽക്ക, റാച്ച്ക്കോവിനെ സ്വീകരിക്കുമോ?" വിഷയം മാററാനായി ഓഗ്യനോവ് ചോദിച്ചു.

"അതല്ലെ ഞാൻ പറയുന്നതു്. അയാൾ രഹസ്യമായി ആ പെൺകുട്ടിയെ സന്ദൎശിക്കാറുണ്ടു്, അങ്ങിനെയാണു് ജനസംസാരം. അവർ അന്യോന്യം സ്നേഹിക്കുന്നു. വേറെ ഒന്നും ആലോചിക്കാനില്ല. അവരുടെമേൽ ഒരു വിവാഹവസ്ത്രംഇട്ടുക; നാവുകൾ ചിലയ്ക്കുന്നതു് തനിയെ നിന്നോളും. മഹാനായ യേശുവെ എനിക്കു മാപ്പു തരുക. ലൌകികകാൎയ്യങ്ങളെക്കുറിച്ചു ചൎച്ചചെയ്തു ഞാൻ പാപം സമ്പാദിച്ചിരിക്കുന്നു. നാളെ സെൻറു് ആൻഡ്റുദിനമാണു്. ഗാഞ്ചോ ആ 'ഡാൾനറെക്ക്'വൈനിൽനിന്നു കുറച്ചു ഞങ്ങൾക്കൊഴിച്ചുതരൂ. തൊണ്ടയെല്ലാം വരണ്ടുപോയിരിക്കുന്നു. ആൻക, മിഖലക്കോ, ഉറങ്ങാൻ സമയമായി മക്കളെ, നിങ്ങൾ കൊച്ചുകുട്ടികളല്ലേ?"

കുട്ടികൾ മനസ്സില്ലാമനസ്സോടെ എഴുന്നേററുപോയി. അവർ തങ്ങളുടെ മിൽക്കഅമ്മായിയെപ്പററിയുള്ള സംസാരത്തിൽ അതീവ ശ്രദ്ധാലുക്കളായിരിക്കയായിരുന്നു.

"എനിക്കു തോന്നുകയാണ് അവക്കി മിൽക്കയെ വെറുതെ വിട്ടാലെന്താണ്? എന്തിനാണ് ഇഷ്ടമില്ലാതെ അവരെ ഒരു വിവാഹബന്ധത്തിൽ കൊണ്ടു തളച്ചിടുന്നതു്." കാൻഡോവ് ചോദിച്ചു.

അത്ഭുതത്തോടെ വൃദ്ധപുരോഹിതൻ കാൻഡോവിനെ തുറിച്ചുനോക്കി.

"എങ്ങിനെയാണ് കല്യാണം കഴിക്കാതിരിക്കുന്നതു്." അയാൾ പരിഭ്രമിച്ചുചോദിച്ചു.

"അവൾക്കും വേണം സ്വാതന്ത്ര്യമെല്ലാം. അവൾക്കു മനുഷ്യന്റെ എല്ലാ അവകാശങ്ങളുമില്ലേ?" കാൻഡോവ് ഉറപ്പിച്ചു പറഞ്ഞു.

"സ്വാതന്ത്ര്യമോ? എന്തിനുള്ള സ്വാതന്ത്ര്യം? ഇഷ്ടംപോലെ അവളുടെ തുണി ഏതു കുററിയിന്മേലും തൂക്കിയിടുവാനോ—ഒന്നു ശരിക്കറിയട്ടെ."

"മാനവാവകാശങ്ങളെപ്പററി എന്തു് അസാധാരണങ്ങളായ ആദർശങ്ങൾ" നെട്കോവിച്ച് പ്രസ്താവിച്ചു.

"മററുള്ളവരുടെ സ്വാതന്ത്ര്യത്തിന്മേൽ കൈകടത്താതിരിക്കുന്നിടത്തോളം അവൾക്കു ഇഷ്ടംപോലെ നടക്കാം. അതുകൊണ്ടു് യാതൊരു വിരോധവുമില്ല." കാൻഡോവ് ഒരു വിശദീകരണം നൽകി.

"അവൾ ഇനിയും ഭോഗലാലസയായി ജീവിച്ചാലും വൈഷമ്യമില്ലേ?" പുരോഹിതൻ ചോദിച്ചു.

"എന്താണിതുകൊണ്ടു് നിങ്ങൾ അർത്ഥമാക്കുന്നതു്?"

"അതായതു് ഒരു പൊതുസ്വത്തായി ജീവിക്കുക. സംഗതി മനസ്സിലായില്ലേ?" പുരോഹിതൻ അക്ഷമയോടെ വിവരിച്ചുകൊടുത്തു. കാൻഡോവ് പരിഭ്രമിച്ചിരുന്നുപോയി.

നെട്കോവിച്ച് പുരോഹിതൻ ഉദ്ദേശിക്കുന്ന അർത്ഥം രഹസ്യമായി കാൻഡോവിനു പറഞ്ഞുകൊടുത്തു.

"അതു തത്വപ്രധാനമായ ഒരു പ്രശ്നമാണ്." കാൻഡോവ് പ്രാധാന്യത്തോടെ പറഞ്ഞു: "വിശാലാശയത്വമുൾക്കൊള്ളുന്ന ഈ നൂററാണ്ടിൻെറ ഉദ്ദേശം പുരുഷൻെറ അടിമയായി ജീവിക്കുന്ന സ്ത്രീക്കു വിട്ടുതൽ നൽകുകയാണു്. ഈ അടിമത്വം കാട്ടാളവാഴ്ചയിലെ അവശിഷ്ടമാണു്."

"അപ്പോൾ അതാണു് അതിൻെറ ആദ്യവും അവസാനവുമല്ലേ?" ഒന്നും മനസ്സിലാവാത്ത പുരോഹിതൻ ചോദിച്ചു.

ഓഗ്യനോവിൻേറയും നെട്കോവിൻേറയും സമീപത്തേക്കു തിരിഞ്ഞു കാൻഡോവ് തുടൻ്നു.

"ഇന്നത്തെ ശാസ്ത്രം ആണുങ്ങളോളംതന്നെ സാമൎത്ഥ്യം സ്ത്രീകൾക്കുമുണ്ടു് എന്നു സമൎത്ഥിക്കുന്നു. എന്നുതന്നെയല്ല സമത്വത്തിൻെറ ആവശ്യകതയെ ഊന്നിപ്പറയുകയും ചെയ്യുന്നു. ഇതുവരെ ഇരുമ്പുചങ്ങലകൾകൊണ്ടു് അവളെ ബന്ധിച്ചിരുന്ന കൊള്ളരുതാത്ത വഴക്കങ്ങൾക്കു് അവൾ അധീനയായിരുന്നു. മനുഷ്യൻെറ മൃഗീയത്വംവെച്ചുകെട്ടിയ നശിച്ച ഭാരത്തിൻെറ കെട്ടുറപ്പിൽപെട്ടു് അവൾ ഞെരങ്ങുകയായിരുന്നു. അവളുടെ നല്ല ജീവൻ അവസാനിപ്പിക്കാൻ പോന്ന മാമൂലുകളും നിയമങ്ങളും ഏൎപ്പാടുകളുമാണു് നിലവിൽ ഉണ്ടായിരുന്നതു്."

വിശ്വാസത്തോടെയാണു് കാൻഡോവ് ഇത്രയും പറഞ്ഞതു്. അനവധി പ്രജായത്തസിദ്ധാന്തങ്ങളുടെ ഗുളികകൾ വിവേചനാശൂന്യമായി വിഴുങ്ങുകകാരണം തെറേറതു്, ശരിയേതു് എന്നു് അയാൾക്കു അറിയാതായിരിക്കുന്നു. വലിയ വലിയ വാചകങ്ങൾക്കും പരിഷ്കൃതമായ മുദ്രാവാക്യങ്ങൾക്കുമാണു് അയാൾ ജീവിതയാഥാൎത്ഥ്യത്തിനേക്കാൾ പ്രാധാന്യം കൊടുത്തതു്. അതിൻെറ നവീനത്വത്താൽ ആകൃഷ്ടനായി അതിൻെറ പ്രചാരകനാകുവാൻ അയാൾ ആശിച്ചു. താൻ

പെരുമാറിവന്ന പരിതഃസ്ഥിതികളിലെ ദുർബ്ബലമായ ആശയങ്ങൾ അയാളേയും ബാധിച്ചിരുന്നു.

"ചാരിത്ര്യം, ദാമ്പത്യജീവിതത്തിലെ വിശ്വാസം, മാതൃത്വത്തിൻെറ മഹനീയ കടപ്പാടുകൾ മുതലായ വലിയ വാക്കുകളുടെ അർത്ഥം പറഞ്ഞുതരാമോ. ഒരു വസ്തുവുമില്ല. വെറുതെ സ്ത്രീയുടെ അബലാത്വത്തിൽ നിന്നു മുതലെടുക്കുക തന്നെ."

"അയാൾ പറയുന്നതുകേട്ടാൽ എന്തോ വായിക്കുകയാണെന്നേ തോന്നുകയുള്ളൂ." പുരോഹിതൻ സ്വഗതമായി പറഞ്ഞു.

"മിസ്റ്റർ കാൻഡോവ്" നെട്കോവ് അയാളെ തടഞ്ഞുകൊണ്ടു പറഞ്ഞു: "വിവേചനാശീലരായ ആരുംതന്നെ നിങ്ങൾ മുമ്പേ പറഞ്ഞതായ ആശയങ്ങളോടു യോജിക്കും. പക്ഷേ പിന്നെ അവിടെനിന്നു നിങ്ങൾ ചാടുന്നതു് കഴുത്തു തെറിക്കുന്ന അകലത്തേക്കാണു്. ചെന്നുവീഴുന്നതോ വന്യമായ അഗാധതയിലേക്കും. അവിടെ നിങ്ങൾ ലംഘിക്കുന്നതു മനുഷ്യൻെറയല്ല പ്രകൃതിയുടെനിയമമാണു്. മാനവരാശിയുടെ സൃഷ്ടികാലംമുതലേ നിലവിലുള്ള അടിസ്ഥാനങ്ങൾക്കു തുരങ്കംവയ്ക്കുകയാണു് നിങ്ങൾചെയ്യുന്നതു്. ദാമ്പത്യബന്ധം നശിപ്പിച്ചാൽ ലോകത്തിനെന്താണു് സംഭവിക്കുക. കുടുംബം, മാതൃത്വം സ്ത്രീയുടെ നിർവൃതിദായകമായ കടമകൾ ആണവ. അതുകൾ അവൾക്കു നിഷേധിക്കപ്പെടുകയോ?"

ഏതാണ്ടു് സംഗതി ഇത്രയുമായപ്പോൾ വൃദ്ധനായ പുരോഹിതനു് മനസ്സിലായിത്തുടങ്ങിയതുകൊണ്ടു് അയാൾ മുഖം വീർപ്പിച്ചു.

"ഞാനാശിക്കുന്നതു് അവളുടെ വിമോചനമാണു്."

"എനിക്കു മാപ്പുതരു. നിങ്ങൾ ആഗ്രഹിക്കുന്നതു് വാസ്തവത്തിൽ അവളുടെ അധഃപതനമാണോ" ഓഗ്യനോവ്

ചോദിച്ചു.

''മിസ്റ്റർ ഒട്യഗ്യനോവ്, സ്ത്രീസ്വഭാവത്തെപ്പററി വേദാന്തികൾ എഴുതിയിരിക്കുന്നതു വായിച്ചുനോക്കിയിട്ടുണ്ടോ? ഞാൻ ഉപദേശിക്കുന്നു നിങ്ങൾ അതൊന്നു വായിച്ചുനോക്കു.''

''കാൻഡോവ്, എൻെറകുട്ടി, നിങ്ങൾ വേദഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ടോ?'' പുരോഹിതനാണിതുചോദിച്ചതു്.

''ഉണ്ടു് ചിലതെല്ലാം വായിച്ചിരിക്കുന്നു.''

''അതിൽ ഇങ്ങിനെ പറയുന്ന ഒരു ഭാഗം നിങ്ങൾക്കു് ഓർമ്മയുണ്ടോ? 'ഭാര്യമാരെ നിങ്ങളുടെ ഭർത്താവിനു കീഴടങ്ങുവിൻ.' ഇക്കാരണത്താൽ അമ്മയേയും അച്ഛനേയും വിട്ടു ഭാര്യയെ അവർ ആശ്രയിക്കുന്നു.''

''ഫാദർ ഞാനെൻെറ വിധി പ്രസ്താവിക്കുന്നതു് ഉറച്ച ശാസ്ത്രത്തെ ആസ്പദമാക്കിയാണു്.''

''ദൈവത്തിൻേറതിനെക്കാൾ സുശക്തമായ എന്തു ശാസ്ത്രമാണുള്ളതു്.'' പുരോഹിതൻ ദേഷ്യത്തോടെ തുടന്നു: ''ഇങ്ങിനെയുള്ള വിചാരങ്ങളിൽനിന്നു കഴിയുന്നതും വേഗത്തിൽ എൻെറ കുട്ടി നിൻെറ തലച്ചോറിനു മുക്തികൊടുക്കണം. വിവാഹബന്ധത്തിലല്ലാതെ, പന്നിയെപ്പോലെ പെററുപെരുകുവാനാണെങ്കിൽ പിന്നെ പള്ളി, വിശ്വാസം, വികാരികൾ, മുതലായവരുടെ ആവശ്യംതന്നെ എന്താണു്?''

വാതിൽ തുറന്നു് ഗാഞ്ചോ അകത്തേക്കു കടന്നു.

''മിൽക്കയുടെ വീട്ടിൻെറ പുറത്തു ഭയങ്കരമായ ബഹളം നടക്കുന്നു.''

''എന്താണു് അവിടെ?''

''എനിക്കെന്തൊണു് എന്നു് തീച്ചയറിയുകയില്ല.'' ഗാഞ്ചോ മറുപടി പറഞ്ഞു: ''പക്ഷേ എനിക്കു തോന്നുന്നതു്

ആ ചെമ്പുകൊട്ടിയെ അവിടെ പിടിച്ചുകെട്ടിയിട്ടുണ്ടു് എന്നാണു്. അയൽ്പക്കക്കാർ മുഴുവനും അവിടെ കൂടിയിട്ടുണ്ടു്.''

''അതു് റാഞ്ച്ക്കോ ആണെങ്കിൽ എന്താണു് നടക്കുവാൻ പോകുന്നതു് എന്നു് എനിക്കറിയാം. വൃദ്ധ പുരോഹിതൻ പറഞ്ഞു: 'വരുവിൻ കുട്ടികളെ നമുക്കു് പോയി അതു് എന്താണെന്നു് നോക്കി വരാം. പുരോഹിതന്റെ അനുഗ്രഹമില്ലാതെ ഒന്നുംതന്നെ ചെയ്യുവാൻ പററുകയില്ലല്ലോ. കാൻഡോവ് വായിൽ വന്നതൊക്കെ പുലമ്പിക്കൊണ്ടിരിക്കട്ടെ. എനിക്കു ഈ കാര്യങ്ങളെല്ലാം അറിയുമ്പോൾ അയാൾ ഒരു കൈക്കുഞ്ഞുമാത്രമായിരുന്നു.''

അവരെല്ലാവരും കൂടെ പറത്തേക്കുപോയി.

## അദ്ധ്യായം 23

# വേറെ ഒരുവനെ കെണിയിൽ പിടിച്ചു

പുരോഹിതന്റെ പടിക്കൽനിന്നു കുറച്ചു വീടുകൾ കടന്നാൽ മിൽക്കയുടെ ഗൃഹമായി. പടിക്കുമുമ്പിലുള്ള വീതികുറഞ്ഞ മുററത്തുനിന്നു അനവധി തരത്തിലുള്ള ശബ്ദങ്ങൾ മുഴങ്ങി കേൾക്കാം. ഓരോ നിമിഷം ചെല്ലുന്തോറും ശബ്ദം കൂടുതലായി. ജിജ്ഞാസുക്കളായ അയൽക്കാർ എത്തിയതോടെ ജനസംഖ്യ വദ്ധിച്ചു. രണ്ടുമൂന്നു റാന്തൽവിളക്കുകൾ അവിടെയവിടെയായി മിന്നി. ചിലരെല്ലാം പൂട്ടിയിടപ്പെട്ട മിഥുനങ്ങളെ ഒരു നോക്കു കാണുവാനായി ജനലയിലൂടെ പാളി അകത്തേക്കു നോക്കുന്നുണ്ടായിരുന്നു. മിൽക്കയുടെ അച്ഛൻ എന്തെല്ലാമോ അട്ടഹസിക്കുന്നുണ്ടു്. അവളുടെ അമ്മയാകട്ടെ പേടിച്ചരണ്ട ഒരു പിടക്കോഴിയെപ്പോലെ ശകാരവഷം ചൊരിഞ്ഞുകൊണ്ടു് അവിടെ പരതിനടക്കുകയാണു്, കുറച്ചു കഴിഞ്ഞപ്പോഴേക്കും റാച്ച്ക്കോ പ്രത്യക്ഷനായി. ജനക്കൂട്ടത്തെ തള്ളിമാററി ബന്ധിക്കപ്പെട്ട തന്റെ മകനെ പുറത്തേക്കു കൊണ്ടുപോകാനുദ്ദേശിച്ചു അയാൾ വാതിൽക്കൽ ഇടി തുടങ്ങി. ബലമേറിയ അനേകം കൈകൾ അയാളെ പിടിച്ചു പുറകോട്ടുതന്നെ വലിച്ചു.

"ആരാണിവിടെ ഭരിക്കുന്നതു്." എന്നു പറഞ്ഞു അയാൾ വീണ്ടും കതകിന്മേൽ ഇടി തുടങ്ങി.

"ബായ്ലിലോ ശാന്തനായിരിക്കു." ഏതോ അയൽവാസി വിളിച്ചുപറഞ്ഞു. "സംഗതികളുടെ കിടപ്പു മനസ്സിലാകുന്നില്ലേ?"

''എൻെറ കുട്ടി.'' ശ്രീമതി ലീലോ അലറുകയാണ്: ''എൻെറ മകനെക്കൊണ്ട് ഇങ്ങിനെ ദുഷിച്ച ഒരു കുലട യെ കല്യാണം കഴിപ്പിക്കുവാൻ ഞാൻ സമ്മതിക്കുകയില്ല.'' തൻെറ മാൎഗ്ഗത്തിൽ നില്ക്കുന്നവരുടെമേൽ ഒരു പരുന്തുവന്നു വീഴുന്നതുപോലെ അവർ ചെന്നു വീണു.

''കുലടയത്രെ''—ഒരു പരുത്ത ശബ്ദം വിളിച്ചുപറഞ്ഞു: ''ഒരു കുലടയുടെ അടുത്തു റാച്ച്കോവിന് എന്താണുകാൎയ്യം? ലിലോവിസ്റ്റാ സാധാരണ ആചാരംമാതിരി ഇതും നമുക്ക് ചെയ്യാം.''

''നിങ്ങൾ അവനെ എന്തു ചെയ്യും? തൂക്കിക്കൊല്ലുമോ, ഉവ്വോ അവൻ ആരേയും കൊന്നിട്ടില്ല. തീൎച്ചയല്ലേ?'' എന്ന ലറിക്കൊണ്ട് തലമുടിയെല്ലാം ചിന്നിച്ചിതറിയിട്ട ഒരു ഭ്രാന്തിയെപ്പോലെ അവൾ വാതിൽക്കൽ വീണു നിലവിളിയായി.

''നമുക്കവരുടെ കല്യാണം ഭംഗിയായി കഴിക്കണം.''

''എനിക്കാ മന്ത്രവാദിനിയെ വേണ്ട.''

''പക്ഷേ നിങ്ങളുടെ മകന് അവളെ ആവശ്യമാണെന്നു തോന്നുന്നു. അയാളല്ലേ കല്യാണം കഴിക്കുന്നത്.''

നിരാശാബാധിതയായ മാതാവിന് എന്തു ചെയ്യണമെന്ന് അറിയാൻ വയ്യാതായി. തന്നേക്കാൾ ശക്തിയേറിയതാണ് ഈ പൊതുജനക്കോടതിയുടെ അഭിപ്രായം എന്നവൾക്കു മനസ്സിലായി. അവൾ വീണ്ടും വിധിയെ പഴിച്ചു പ്രലപിക്കുവാൻ തുടങ്ങി.

''എൻെറ കുട്ടി നശിച്ചു. എൻെറ ജീവിതംകൊണ്ടിനി കാൎയ്യമില്ല. എൻെറ മകനെ ഇങ്ങിനെ ദുൎമ്മാൎഗ്ഗിയാക്കിയ ആ പട്ടിക്കു മഹാ മാരി പിടിപെടട്ടെ.''

ജനങ്ങളും ആരവവും ഒന്നിനൊന്നു വൎദ്ധിച്ചുവന്നു. പൊതുവായ ബഹളത്തിന്നിടയിൽ ചില ശബ്ദങ്ങൾ വ്യ

ക്തമായി കേൾക്കാമായിരുന്നു; എല്ലാം ഒരേ സംഗതിതന്നെ യാണ് വിളിച്ചുകൂവുന്നതു്,

"കല്യാണം, കല്യാണം, പിന്നെല്ലാം ഒരു ഒമ്പതുദിവ സത്തെ അത്ഭുതമായിരിക്കും." ആരോ അക്രോശിച്ചു.

"പുരോഹിതനെ പിടിച്ചുകെട്ടു. ഗ്രാമത്തിൽ സമാധാ നമുണ്ടാകട്ടെ" വേറെ ഒരു സമീപവാസി പറഞ്ഞു.

"അതാണ് അയാളും ആവശ്യപ്പെട്ടുകൊണ്ടിരിക്കു ന്നതു്."

"ഒരു നിമിഷം നില്ലു. ഒരുപക്ഷെ അയാളെ അവൾ വിളിച്ചതാണെങ്കിലോ."

"വരു വരു അയാൾ ആ പെൺകുട്ടിയെ ആരാധിക്ക യാണ്."

"അതാണ് സംഗതിയെങ്കിൽ എന്തിനാണീ ബഹള മെല്ലാം."

"അവർ കോനാക്കിൻെറ അട്ടക്കൽനിന്നു ആരെങ്കിലും വരുന്നതു് കാത്തിരിക്കയാണ്. വന്നിട്ടുവേണം വാതിൽ തു റക്കാൻ."

"ഇതാ ഓൺബാസി വന്നുചേന്നു." ജനങ്ങൾ ആത്തു വിളിച്ചു.

ഷെറീഫ് ആഗയും രണ്ടു പോലീസുകാരും ജനങ്ങളു ടെ ഇടയിൽക്കൂടി വഴിയുണ്ടാക്കി മുമ്പോട്ടു നടന്നു.

"നമുക്കു് ഇവിടെവെച്ചുതന്നെ അവരുടെ വിവാഹം നടത്താം."

"അല്ല ആദ്യംതന്നെ വലിയ ചെണ്ടവാദ്യത്തോടെ ന മുക്കു് അവരെ കളിപ്പിക്കാൻ കൊണ്ടുപോകാം" എട്ടുകാലി ഗാഞ്ചോ അഭിപ്രായപ്പെട്ടു.

"എന്തിനാണീ താമസം, നമുക്കു് പൊട്ടന്നനെ കല്യാ

ണം നടത്തി, അവരുടെ ആരോഗ്യത്തിനുവേണ്ടി ഒരു ഗ്ലാസ്സു കുടിക്കാം.''

"അവർ പുരോഹിതനെ വിളിച്ചിട്ടുണ്ടോ'' ഗെഞ്ചോസ്റ്റോയ് നോവ് ആരാഞ്ഞു.

''ഇതാ പുരോഹിതൻ'', ആൾക്കൂട്ടത്തിന്നിടയിലൂടെ വഴിയുണ്ടാക്കിക്കൊണ്ടു മുന്നേറിയ പുരോഹിതൻ പറഞ്ഞു.

"വ്യസനിക്കാനൊന്നുമില്ല. നിങ്ങളുടെ വൃദ്ധപുരോഹിതനു ക്രസ്ത്യൻ നിയമം നല്ലപോലെ അറിയാം. ഗാഞ്ചോ പോയി എൻെറ പ്രാത്ഥനാപുസ്തകം എടുത്തുകൊണ്ടുവരു.

ആ സമയത്ത് വാതിൽ തുറന്നു.

''പുറത്തേക്കു വരു''

ഓൺബാസി വിളിച്ചുപറഞ്ഞു.

''മിൽക്ക, റാച്ച്ക്കോ പുറത്തേക്കു വരു. ജനക്കൂട്ടം ഓൺബാസിയുടെ ചുററും തിങ്ങിക്കൂടിനിന്നു. ഇതുവരെ കണ്ടിട്ടില്ല എന്ന മട്ടിൽ ആ ആൺകുട്ടിയേയും പെൺകുട്ടിയേയും ഒന്നു കാണുവാൻ ആൾക്കാർ തിക്കിത്തിരക്കി കയറി. വിളക്കുകൾ ജനങ്ങളുടെ തലക്കുമീതെ ഉയത്തിപ്പിടിച്ചിട്ടുള്ളതിനാൽ തുറന്ന വാതിലിലേക്കു ധാരാളം വെളിച്ചം വീശുന്നുണ്ടായിരുന്നു. മിൽക്കയാണ് ആദ്യം പ്രത്യക്ഷപ്പെട്ടതു്. ലജ്ജിച്ചു അവൾ തല താഴ്ത്തിയാണ് നിന്നിരുന്നതു്. അവ്യക്തമായി എന്തോ പറഞ്ഞ അമ്മയോടു മറുപടിപോലും പറയാതെ അവൾ ആകെ അമ്പരന്നു നില്ക്കുയായിരുന്നു. ഭയവും അത്ഭുതവും സ്ഫുരിക്കുന്ന ആ കണ്ണുകൾ അവൾ ഒരിക്കൽ മാത്രം ഉയത്തി. പതിവിലേറെ സുന്ദരിയായി കാണപ്പെട്ട മിൽക്ക ഇപ്പോൾകുപിതരായ ജനാവലിയുടെ സഹതാപം മുഴവൻ നേടി. താരുണ്യവും സൗന്ദര്യവുംകൂടി ജനങ്ങളെ നിരായുധരാക്കി. മിക്ക മുഖങ്ങളും ദ്യോതിപ്പിച്ചതു് തങ്ങളീകുററം ക്ഷമിക്കാൻ സന്നദ്ധരാണ് എന്നാണ്.''

"അവളൊരു അതിമനോഹരിയായ വധുവാകും" ആരോ പറഞ്ഞു.

"നല്ലപോലെ അവസാനിക്കുന്നതെല്ലാം നല്ലതാണ്."

"എല്ലാ സന്തോഷവും അവരുടേതാവട്ടെ–" മിസ്റ്റർ ഫ്രലികാലിസ്റ്റ് വിളിച്ചു പറഞ്ഞു.

ഫാദർ സ്ട്രാർവി തന്റെ അതിഥികളോടൊന്നിച്ച വാതിലിന്റെ മുമ്പിൽനിന്നു. അവരിൽ പലക്കും ആൺകുട്ടിയെ പരിചയമില്ലായിരുന്നു.

"റാച്ച്കോ പുറത്തേക്കു വരു" തുറന്ന വാതിലിലൂടെ ഇരുളിലാണ്ട മുറിയിലേക്കു തുറിച്ചുനോക്കിക്കൊണ്ടു വൃദ്ധപുരോഹിതൻ പറഞ്ഞു.

"വന്നോളു, നാണിക്കേണ്ട, നല്ല കുട്ടിയല്ലേ", ആരോ പറഞ്ഞു "എല്ലാ കുററത്തിനും മാപ്പുതന്നേക്കാം. പിന്നെ എന്നേക്കുമായും പുരോഹിതന്റെ അനുഗ്രഹവും കിട്ടും."

കാൻഡോവ് സ്നേഹിതന്മാരുടെ അടുക്കലേക്കു തിരിഞ്ഞു.

"എന്തൊരു ഭയങ്കരമായ പരിതഃസ്ഥിതി. ഈ മാതിരിയുള്ള സംഭവങ്ങൾ ഒരു മനുഷ്യനു പത്തു വയസ്സെങ്കിലും കൂട്ടും."

"വളരെ പഴക്കമുള്ള ഒരു ദേശീയാചാരമാണിതു്. ഒരാഴ്ചയ്ക്കുമുമ്പ് വേറെ ഒരു ജോഡിയുടെ വിവാഹം ഇതുപോലെ നടക്കുകയുണ്ടായിട്ടുണ്ടു്."

"ഈ ജാതി ആചാരങ്ങൾ അക്രമത്തിന്റെ വക്കുവരെ എത്തുന്നുണ്ടു്" ഓഗ്യനോവ് പറഞ്ഞു.

അകത്തുള്ള ചെറുപ്പക്കാരൻ ഇത്ര നേരമായിട്ടും പുറത്തുവന്നിട്ടില്ല.

"അയാൾ അകത്തില്ലേ. എന്താണയാൾ പുറത്തേക്കു വരാത്തതു്." പുരോഹിതൻ മിൽക്കയോടു് അന്വേഷിച്ചു.

അവൾ "ഉവ്വ്" എന്ന അത്ഥത്തിൽ തലകുലുക്കി അകത്തേക്കു നോക്കി.

ഓൺബാസിയുടെ അക്ഷമ വദ്ധിച്ചു.

"പുറത്തേക്കു വരൂ, വരില്ലേ"

റാച്ച്ക്കോവിനെ വേറെ പലരും വിളിച്ചുതുടങ്ങി. ജനക്കൂട്ടം തള്ളി മുന്നോട്ട് ആയുകയാണ്. ഒരു തിയേററിൽ കർട്ടൻ ഉയരുവാൻവേണ്ടി കാത്തിരിക്കുന്ന പ്രേക്ഷകരുടെ ജിജ്ഞാസപോലെ ഒന്നാണ് ഈത്തരുണത്തിൽ ഇവിടെ കൂടിയിരിക്കുന്ന മനുഷ്യസമൂഹത്തിനുണ്ടായിരുന്നതു്. ഇവിടെ കർട്ടൻ ഉയന്നുകഴിഞ്ഞിരിക്കുന്നു. അവർ കഥാനായകനുവേണ്ടി കാത്തുനില്ക്കുകയാണ്. പക്ഷെ അയാൾ പ്രത്യക്ഷനാകുന്നില്ല.

ഒട്ടവിൽ ഓൺബാസി മുറിയിലേക്കു കയറി, വെറി പൂണ്ട ജനങ്ങൾ അയാളുടെ പിന്നിലും. നിശ്ചലനായി ഒരു ചെറുപ്പക്കാരൻ ആ മൂക്കിൽ നിന്നിരുന്നു. പക്ഷെ അതു ചെമ്പുകൊട്ടി റാച്ച്ക്കോ ആയിരുന്നില്ല, പിന്നെയോ സ്റ്റെഫ്കോവ്.

എല്ലാവരും ഇടിവെട്ട് ഏററതുപോലെ അനങ്ങാതെ നിന്നു. ഓൺബാസി പെട്ടെന്നു് കുറെയടി പിന്നാക്കം മാറി. അയാൾക്കോ മററുള്ളവക്കോ സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ സാധിച്ചില്ല. ഫാദർ സ്ടാർവിയുടെ കയ്യിൽനിന്നു പ്രാത്ഥനാപുസ്തകം താഴെ വീണു. എല്ലാവരും അന്യോന്യം നോക്കി നിലയായി. വിജയവും വെറുപ്പും സ്ഫുരിക്കുന്ന ഒരു നോട്ടം സൊക്കലോവ് തൻെറ എതിരാളിയുടെ നേക്കയച്ചു. പൈശാചികമായ ഒരു സന്തോഷംകൊണ്ടു് അയാളുടെ മുഖം പ്രഫുല്ലമായി. സ്റ്റെഫ്കോവിൻെറ ഈ നിസ്തേജമാക്കുന്ന അപമാനം അയാളുടെ ദൃഷ്ടിയിൽ വലിയ ഒരു ഉത്സവമായിരുന്നു. അപമാനിതനായി, ആകെ ത

കന്റ എല്ലാം പൊയ്പോയമട്ടിൽ നിരവധി നയനങ്ങൾക്കു ലക്ഷ്യമായി നില്ക്കുന്ന സ്റ്റെഫ്കോവ് കണ്ടാൽ തിരിച്ചറിയാത്തവിധത്തിൽ മാറിപ്പോയിരുന്നു. അയാൾ എല്ലാ ദിക്കിലേക്കും കണ്ണോടിച്ചു. സ്റ്റെഫ്കോവ്, സ്റ്റെഫ്കോവ് അയാളുടെ നാമധേയം അവിടെ എല്ലാവരുംതന്നെ പിറുപിറുക്കുന്നുണ്ടായിരുന്നു. എവിടെയെങ്കിലും ഒന്നു ഒളിക്കാൻ സ്ഥലം കിട്ടുമോ എന്ന മട്ടിൽ അയാൾ വീണ്ടും ചുററുംനോക്കി. ഭൂമി പിളന്റ അങ്ങിനെതന്നെ തന്നെ വിഴുങ്ങിയെങ്കിൽ എത്ര നന്നായിരുന്നു എന്നയാൾക്കുതോന്നി. അയാൾ എങ്ങിനെ അവിടെ എത്തിച്ചേൎന്നു. വിധിയുടെ വിവിധമായ തിരിച്ചിലുകളുടെ ഫലംതന്നെ.

അന്നു സായാഹ്നത്തിൽ വഴിയിൽവെച്ചു മിഖലാഖിയുമായി പിരിഞ്ഞശേഷം അയാൾ കോനാക്കിൻെറ വീട്ടിലേക്കു പോകയായിരുന്നു. പടിക്കൽ എത്തിയപ്പോൾ എന്തോ ഒന്നു തൻെറ മനസ്സിനെ അസഹ്യതപ്പെടുത്തുന്നപോലെ തോന്നിയതിനാൽ അയാൾ അവിടെ നിന്നു. എത്ര പൈശാചികവും കറുത്തതുമാണു് ആ ഹൃദയമെന്നാലും അയാളും ഒരു ബൾഗേരിയക്കാരനല്ലെ. എന്തോ ഒന്നു അയാളുടെ ഹൃദയത്തിൽ ഇരുന്നു പ്രതിഷേധസ്വരമുയത്തി. താൻ എന്താണു് ചെയ്യുവാൻ പോകുന്നതു് എന്നോത്തപ്പോൾ അയാൾ നടുങ്ങി. ഏതായാലും നാളെ അതു ചെയ്യാം, കുറച്ചു ധൈൎയ്യമുണ്ടാകട്ടെ എന്നു വിചാരിച്ചു് അയാൾ മടങ്ങി. കോനാക്കിൻെറ പടിയും കടന്നു് നഗരത്തിൻെറ അറ്റത്തായിൽ താമസിക്കുന്ന ഒരു ബന്ധുവിൻെറ വീടിനെ ലക്ഷ്യമാക്കി അയാൾ പ്രയാണമാരംഭിച്ചു. പക്ഷെ ഉദ്ദേശിച്ച ആളെ അവിടെ വീട്ടിൽ കാണാഞ്ഞതിനാൽ വീണ്ടും അയാൾ തെരുവീഥിയിലൂടെ തിരിച്ചുനടന്നു. അങ്ങിനെയാണു് അയാൾ ഓഗ്യനോവിനേയും സൊക്കലോവിനേയും വഴിയിൽവെച്ചു കണ്ടുമുട്ടിയതു്. അവരെ മനസ്സിലാ

ക്കിയപ്പോൾ—കുററം ചെയ്തവൻ ആരും പിൻതുടരുന്നില്ല എങ്കിലും പരിഭ്രമിച്ച ഓട്ടമല്ലോ—അയാൾ അന്ധമായ ഭീതിയാൽ പ്രേരിതനായി പലായനം ചെയ്തു. അങ്ങിനെ മിൽക്കയുടെ വാതിൽക്കൽ എത്തിയപ്പോൾ രക്ഷപ്പെട്ടവാനായി അതു തള്ളി തുറന്നു, അവിടെ സമൃദ്ധമായുണ്ടായിരുന്ന പൊന്തക്കാട്ടിൽ ഒളിച്ചു കുറെ നേരം ഇരുന്നു. തെരുവിൽ നിന്നു ഒരു ശബ്ദവും കേൾക്കാനുണ്ടായിരുന്നില്ല.

മുററം കടന്നു ഒരു സ്ത്രീരൂപം അകത്തേക്കു പോയി. അവളുടെ നടത്തംകൊണ്ടു അതു് മിൽക്കയാണെന്നു സ്റ്റെഫ്കോവിനു മനസ്സിലായി. ആദ്യമായി അവളെ അധഃപതിപ്പിച്ചതു് അയാളായിരുന്നു. കുറെ കഴിഞ്ഞപ്പോൾ അയാൾ ആ ബന്ധം അവസാനിപ്പിച്ചു. ഒരു വീഴ്ച മറെറാന്നിനു വഴികാട്ടി, അങ്ങിനെ ആ പിഴച്ച വഴിയിലൂടെ തെന്നിത്തെന്നി ആ സാധു പട്ടുകുഴിയിൽ തന്നെ വീണു. തൻെറ വിവാഹനിശ്ചയത്തിൻെറ തലേദിവസമായ അന്നു് അയാൾ ഉൽക്കണ്ഠയോടെതന്നെ ഓർത്തു മിൽക്കയുടെ കയ്യിൽ അയാളുടെ കുറെ പ്രണയലേഖനങ്ങൾ ഉണ്ടു് എന്ന വസ്തുത. തൻെറ വിവാഹനിശ്ചയം പുറത്തായാൽ അവളതു തന്നെ ദ്രോഹിക്കുവാൻവേണ്ടി ഉപയോഗിക്കും. കുപിതയായ ആ പെൺകുട്ടിയെ തൻെറ ശത്രുക്കളിൽ ആരെങ്കിലും ഇതിനു പ്രേരിപ്പിക്കാനും മതി. നിവൃത്തിയുണ്ടെങ്കിൽ അന്നു വൈകുന്നേരം തന്നെ അവളിൽനിന്നു് അതെല്ലാം തിരിച്ചു വാങ്ങിക്കണമെന്നയാൾ തീർച്ചയാക്കി. അയാൾ സാവധാനത്തിൽ നടന്നു തൻെറ പഴയ കാമിനിയുടെ മുറിക്കകത്തെത്തി.

സ്റ്റെഫ്കോവിൻെറ ഈ നടപടികളെല്ലാം ആരും കാണാതെ, മിൽക്കയുടെ പിതാവു് അല്ല, രണ്ടാനച്ഛൻ വീക്ഷിക്കുന്നുണ്ടായിരുന്നു.

തൻെറ അയൽവാസികളുടെ അഭിപ്രായവും ഉപദേശവും അനുസരിച്ചു അയാൾ റാച്ച്ക്കോവിനുവേണ്ടി കാത്തിരി

ക്കയായിരുന്നു. ഇരുട്ടിൽ എങ്ങിനെയോ സ്റ്റെഫ്കോവ് ചെന്നുകൊട്ടിയാണെന്നു തെററിദ്ധരിച്ച് ഇളയച്ഛൻ മിൽക്കയോട്ട് ഒന്നിച്ച് ആഗതനെ പൂട്ടിയിട്ടു. പിന്നീട്ട് അയാൾ ഓടിച്ചെന്ന് അടുത്ത അയൽവാസികളെയെല്ലാം വിവരമറിയിച്ചു. കേട്ടു കേട്ട് എല്ലാ സമീപവാസികളും സ്ഥലത്തെത്തി.

ഓൺബാസിക്ക ഒരു തീരുമാനത്തിലെത്താൻ അധികം സമയം വേണ്ടിവന്നില്ല.

''നിങ്ങളെല്ലാവരും പൊയ്ക്കോളിൻ. ഞാൻ ഇയാളെ കോനാക്കിൻെറ വീട്ടിൽ കൊണ്ടുപോയി ചോദ്യം ചെയ്തു കൊള്ളാം.'' ജനക്കൂട്ടത്തിനോട്ട് കക്ശമായി ഇത്രയും ആജ്ഞാപിച്ചശേഷം അയാൾ സ്റ്റെഫ്കോവിൻെറ കൈ പിടിച്ചു.

''നിങ്ങൾ കോനാക്കിൻെറ അടുക്കലേക്ക് എങ്ങും പോകേണ്ട. എല്ലാ കാര്യങ്ങളും ഇവിടെതന്നെ ചെയ്യാം.' റാച്ച്ക്കോവിനെ അല്ല സ്റ്റെഫ്കോവിനെയാണ് പിടികൂടിയിട്ടുള്ളതു് എന്നു മനസ്സിലാകാതിരുന്ന ആരോ പിന്നിൽനിന്നു വിളിച്ചു പറഞ്ഞു.

''അതു് സ്റ്റെഫ്കോവാണ്. നിങ്ങൾ കണ്ടില്ലേ'' ആരോ പറഞ്ഞു.

''സ്റ്റെഫ്കോവ്, അതെങ്ങിനെ പററി''

പരിഭ്രമം അധികമായി.

''പക്ഷെ അയാൾ ഒരു ചോർബാഡ്ജിയുടെ മകനാണ് എന്നതുകൊണ്ടു് എന്താണ് വിശേഷം''

ആരോ അലറി ''എന്താണ് റാച്ച്ക്കോവിനു വെച്ചിട്ടുള്ളതു് എന്നുവെച്ചാൽ അതുതന്നെ ഇയാൾക്കും, എന്താ ഇയാൾക്കു വിശേഷിച്ചു വല്ല കൊമ്പും മുളച്ചിട്ടുണ്ടോ?''

''അതുതന്നെ നമുക്കവരെ കല്യാണം കഴിപ്പിക്കുക'' പലരും യോജിച്ചു.

"പക്ഷെ ആ പെൺകുട്ടി അയാൾക്കു പററിയതായില്ല" ആരോ ഒരാൾ സ്റ്റെഫ്കോവിന്റെ ഭാഗം പറഞ്ഞു.

"എന്നാൽ പിന്നെ ഈ പാതി രാത്രിക്കു അവളുടെ മുറിയിൽ അയാൾക്കു് എന്താണു് കാര്യം. എന്താണിതു് ചോർബാഡ്ജിമാക്കു് സാധാരണക്കാരുടെ മാനംകൊണ്ടു കളിക്കാമെന്നോ. നിയമങ്ങൾ സാധുക്കളെ മാത്രമെ ബാധിക്കുകയുള്ളുവെന്നായോ."

സ്റ്റെഫ്കോവിനെ അനുകൂലിച്ചുകൊണ്ടു് പലേ ശബ്ദങ്ങളും പിന്നേയും കേട്ടു.

"കുളിക്കാൻ പോകുവിൻ; കുളിക്കാൻ പോകുവിൻ" എട്ടുകാലി ഗാഞ്ചോ വിളിച്ചുപറഞ്ഞു.

ഓഗ്യനോവ് അമർത്തിയ സ്വരത്തിൽ ഓൺബാസിയോടു് പറഞ്ഞു: "ഷെറീഫ് ആഗ, കഴിയുന്നതും വേഗത്തിൽ ഈ മാന്യനെ ഇവരുടെ ഇടയിൽനിന്നു കൊണ്ടുപോകൂ. എന്തൊരു ജനക്കൂട്ടമാണു് നോക്കിക്കൊണ്ടു് നില്ക്കുന്നതു്. ഇതു വളരെ ഭയങ്കരമാണു്."

അയാൾ തന്റെ ശത്രുവിനെ മറന്നു. അപമാനംകൊണ്ടു തകർന്ന ഒരു സഹജീവി എന്നു മാത്രമെ അയാൾക്കു് അപ്പോൾ ഓർക്കാൻ കഴിഞ്ഞുള്ളു. ഓഗ്യനോവിനു ഒരു മനുഷ്യന്റെ കഷ്ടപ്പാടു സഹിക്കുവാനുള്ള ശക്തിയുണ്ടായിരുന്നില്ല.

"അയാളെ വെറുതെ വിടു. ഇതിൽ നിങ്ങൾക്കു കാര്യമെന്താണു്. അയാൾ ലജ്ജിതനായി അപമാനം സഹിക്കട്ടെ." ഓഗ്യനോവിന്റെ കൈ പിടിച്ചു വലിച്ചുകൊണ്ടു് സൊക്കലോവ് പറഞ്ഞു.

ഇപ്പോൾ മാത്രമാണു് സ്റ്റെഫ്കോവ് തന്നെ അനുയാത്ര ചെയ്തിരുന്നവരെ കണ്ടതു്. പെട്ടെന്നു അയാൾക്കു തോന്നി തന്റെ ഈ അപമാനത്തിനെല്ലാം കാരണക്കാർ ഇവർ മാത്രമാണു് എന്നു്. അയാൾ സൊക്കലോവിന്റെ ചിരി

കണ്ടു. പൈശാചികമായ രോഷം അയാളുടെ ഹൃദയത്തിൽ പൊങ്ങി. അപ്പോൾ അയാൾ അവരെ നോക്കിയ നോട്ടം ശ്രദ്ധിച്ചിരുന്നെങ്കിൽ, ഡോക്ടരും ഓാഗ്യനോവും ഭയപ്പെട്ടു പോയേനെ.

ഓൺബാസി സ്റ്റേഫ്കോവിനെ പിടിച്ചു കൊണ്ടു പോയി.

"മാറിനില്ലു, ഇവിടെ നിങ്ങൾക്കു കാര്യമൊന്നുമില്ല. നിങ്ങൾ അന്വേഷിക്കുന്നതു് റാച്ച്ക്കോവിനെ അല്ലേ" അയാൾ പറഞ്ഞു: 'സാർ മുമ്പേ നടക്കു."

ആൾക്കൂട്ടം അവക്കു പോകാൻ വഴിയൊഴിഞ്ഞുകൊടുത്തു.

"ഇതെങ്ങിനെപററി" ഷെറീഫ്, ആഗ കുറച്ചു ഉള്ളിൽ തട്ടിത്തന്നെ പതുക്കെ ചോദിച്ചു.

"ഓാഗ്യനോവും സൊക്കലോവും എന്നെ ചതിച്ചു" സ്റ്റേഫ്കോവ് മന്ത്രിച്ചു.

ജനക്കൂട്ടം പതുക്കെ അവരെ പിന്തുടരുന്നുണ്ടായിരുന്നു.

"അയാളെ ഇവിടെ കൊണ്ടുവരൂ, എഫിൻഡി ഒരു കൊച്ചു പെൺകുട്ടിയെ കഷ്ടത്തിലാക്കി. അവൾക്കിനി മരിക്കയല്ലാതെ എന്താണു് ഒരു ഗതി." അപ്പോൾ മാത്രം അവിടെ എത്തിച്ചേർന്ന ഐവൻ സലാമിസ് പോലീസുകാരനോടു പറഞ്ഞു.

എല്ലാവരും പ്രതിഷേധസ്വരമുയർത്തി, പക്ഷെ അതിനപ്പുറം എന്തെങ്കിലും ചെയ്യാൻ ആരും ഒരുക്കമുണ്ടായിരുന്നില്ല.

"എന്താണു് എല്ലാവരും മിണ്ടാതെ നില്ക്കുന്നതു്. എല്ലാവരും വരുവിൻ, സംസാരിക്കുവിൻ" സലാമിസ് തന്റെ മുഴങ്ങുന്ന ശബ്ദത്തിൽ അട്ടഹസിക്കയായിരുന്നു. "അതോ ചോർബാഡ്ജി സ്റ്റേഫ്കോവിന്റെ മകൻ നിങ്ങളുടെ വായിലെല്ലാം പഴം നിറച്ചിരിക്കുകയാണോ"

സെലാമിസിനു കുറെക്കാലമായി സ്റ്റെഫ്കോവിനോടു വെറുപ്പു തോന്നിത്തുടങ്ങിയിട്ട്. പക്ഷെ അയാളുടെ ശബ്ദം യാതൊരു അനക്കവും മററുള്ളവരിൽ ഉണ്ടാക്കിയില്ല.

അതേസമയത്ത് ബാക്കിയെല്ലാവരും നടക്കല്ലിന്മേൽ കൂടിനിന്നു ബോധശൂന്യയായി വീണ മിൽക്കക്കു ശീതോപചാരം ചെയ്കയായിരുന്നു.

ഞരമ്പിനെ അറുത്തുമുറിക്കുന്ന ഈ ഭയങ്കര അനുഭവം കുറെ നേരത്തേക്കുകൂടി സഹിച്ചുനില്ക്കുവാൻ ആ നിർഭാഗ്യവതിയായ പെൺകുട്ടിക്കു സാധിച്ചില്ല. അവളാകെ തകന്നു വീണു. ജനങ്ങൾ അസംതൃപ്തരായി തിരിച്ചു പോയി.

## അദ്ധ്യായം 24

# വിധി രണ്ടപ്രാവശ്യം ഇടപെടുന്നു

പിറേറദിവസം കാലത്തു് മുടക്കമായിരുന്നു. ആബററ് നഥാനിയേൽ രൂപക്കൂടിൻെറ അട്ടക്കൽനിന്നു പ്രാൎത്ഥിക്കുകയാണു്. അദ്ദേഹത്തിൻെറ മന്ത്രോച്ചാരണം കഴിയാറായി. അപ്പോഴാണു് ആരോ തൻെറ കുപ്പായത്തിൻെറ കൈപിടിച്ചു് വലിക്കുന്നപോലെ അദ്ദേഹത്തിനു തോന്നിയതു്. തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു് മൂഞ്ചോ മുന്നിൽ നില്ക്കുന്നതാണു്.

ആബററ് കൎക്കശമായി അയാളെ നോക്കി.

''മൂഞ്ചോ എന്തുവേണം. പുറത്തുപോകു.'' അയാളെ ശകാരിച്ചുകൊണ്ടു ആബററ് വീണ്ടും തൻെറ കൎമ്മാനുഷ്ഠാനങ്ങളിലേക്കു തിരിഞ്ഞു.

പക്ഷെ മൂഞ്ചോ ഒരിക്കൽക്കൂടി അയാളുടെ കൈത്തണ്ടു വിടാതെ പിടികൂടി. അദ്ദേഹം ഒന്നുംകൂടി കുപിതനായി തിരിഞ്ഞുനോക്കി. മൂഞ്ചോ ശ്വാസംമുട്ടുന്നപോലെ കിതയ്ക്കുന്നുണ്ടായിരുന്നു. അയാളുടെ കണ്ണുകളിൽ ഒരു ഭയങ്കര ഭിതി നിഴലിച്ചിരുന്നു എന്നു മാത്രമല്ല അയാൾ അടിമുടി വിറയ്ക്കുകയുമായിരുന്നു.

''മൂഞ്ചോ എന്താണു് കാൎയ്യം'' ആബററ് ഗൗരവമായി ചോദിച്ചു.

മൂഞ്ചോ തൻെറ തല ഒരു ഭാഗത്തേക്കു തിരിച്ചു. കണ്ണുകൾ തള്ളിച്ചുകൊണ്ടു് വളരെ ആയാസപ്പെട്ടു് ആ വിഡ്ഢി

എന്തോ പറവാനാഞ്ഞു. സാധിക്കാതെ അയാൾ വിക്കി ''റസ്യാൻ, മില്ലിൽ, തുക്കികൾ.'' പിന്നെ കൈകൊണ്ടു കുഴി മാന്തുന്നതിൻെറ ആംഗ്യം കാണിച്ചുതുടങ്ങി.

ആദ്യം പുരോഹിതനു സംഭ്രമമാണ് ഉണ്ടായതു്. പെട്ടെന്ന് അദ്ദേഹത്തിൻെറ ഉള്ളിൽ ഒരു ഭയങ്കര വിചാരം ഉദിച്ചു. മില്ലിൽ എന്താണ് കുഴിച്ചിട്ടിരിക്കുന്നതു് എന്ന് ഒരു പക്ഷെ മൂഞ്ചോവിനു അറിയാമായിരിക്കണം. റസ്യാൻെറ പേരുകൂടി പറയുന്നതുകൊണ്ടു് സർവ്വരഹസ്യങ്ങളും അയാൾക്കു് അറിയാമെന്നതു് സ്പഷ്ടമായി. പലതും അദ്ദേഹം ആലോചിച്ചു. പക്ഷെ ഒന്നേ മനസ്സിലായുള്ളു. അധികാരികൾ എങ്ങിനെയോ ആ മഹാരഹസ്യം മനസ്സിലാക്കിയിരിക്കുന്നു.

''ബോയ്ക്കോ നശിച്ചു' 'ഡാഥാനിയേൽ സഹാഗതമായി പറഞ്ഞു. പ്രാർത്ഥനയും പാട്ടും തീരെ മറന്നു, മററ ക്രൂപ ക്കുടിൻെറ അട്ടത്തുനിന്നു ഇനി അദ്ദേഹത്തിൻെറ ഊഴമാണ് എന്നു് കൈകൊണ്ടും കണ്ണുകൊണ്ടും ആംഗ്യം കാണിക്കുന്ന ഫാദർ ഗിഡിയോന്നെ തീരെ ശ്രദ്ധിക്കാതെ നിരാശയുടെ ചിത്രംപോലെ അദ്ദേഹമവിടെ തരിച്ചുനിന്നു. ഫാദർ വിക്കൻെറി ധൃതിപൂർവ്വം സർവ്വീസ് നടത്തുന്ന സ്ഥലത്തേക്കു അദ്ദേഹമൊന്നു നോക്കി. തനിക്കാവുന്നവിധം ഫാദർ ഗിഡിയോൺതന്നെ കർമ്മം തുടന്നു നടത്തട്ടെ എന്നു വിചാരിച്ചു് അദ്ദേഹം പള്ളിയിൽനിന്നു പുറത്തേക്കിറങ്ങി. ലായത്തിലെത്താൻ ഒരു നിമിഷം, കുതിരപ്പുറത്തു കയറാൻ ഒരു നിമിഷം, അദ്ദേഹം അമ്പു എയ്തു വിട്ടപോലെ പട്ടണത്തിലേക്കു കുതിച്ചു.

അന്നു് അത്യധികം ശൈത്യമുള്ള ഒരു പ്രഭാതമായിരുന്നു. മഞ്ഞുകാററു് ആഞ്ഞടിച്ചിരുന്നു. തലേദിവസത്തെ മഞ്ഞുതുള്ളികളേററു പുല്ലുകളും മരങ്ങളും വെളുത്ത വസ്ത്രം ധരിച്ചപോലെ ഇരുന്നിരുന്നു. തൻെറ കൊച്ചു കറുത്ത കുതി

രയുടെമേൽ യാതൊരു ദയവുമില്ലാതെ അദ്ദേഹം ലാടം ആഞ്ഞു തറച്ചു. സാധുമൃഗത്തിൻെറ മൂക്കിൽനിന്നും വായിൽനിന്നും നുരയും പതയും ചാടി. അപ്രത്യക്ഷരായ ആ രണ്ടു ചട്ടമ്പികളെയുംപററി പ്രചരിപ്പിച്ചിരുന്ന കഥ ഇതാ വാസ്തവമായി എന്നദ്ദേഹത്തിനു വിശ്വാസമായി. സ്വതേ അലസനും മന്ദനുമായ പോലീസ്സഅധികാരിക്ക് ആരായിരിക്കും ഇതു ചൂണ്ടിക്കാണിച്ചുകൊടുത്തിരിക്കുന്നതു്. സംശയമില്ല. ഇതിലെന്തോ ചതിയുണ്ടു്. എവിടെനിന്നാണു് അതിൻെറ ഉത്ഭവം എന്നു് അദ്ദേഹത്തിനു ആലോചിച്ചെടുക്കുവാൻ പററിയില്ല. അതു മൂഞ്ചോവായിരിക്കുമെന്നു അദ്ദേഹത്തിനു തോന്നിയില്ല. മൂഞ്ചോവിനു എല്ലാ സംഗതികളും അറിയാമെന്നുവെച്ചാൽ തന്നെ എന്തു്. അയാൾ കണ്ണടച്ചു ഓഗ്യനോവിനെ ആരാധിക്കുന്നവനാണു്. മനഃപൂർവ്വമല്ലാതെ വല്ലതും പറഞ്ഞുകൊടുത്തിരിക്കുമോ. എവിടെയോ എന്തോ ചതിയുണ്ടു്, തീർച്ചതന്നെ. അതിനു തീർച്ചയായും ഓഗ്യനോവിനെ സംബന്ധിച്ചിടത്തോളം ഭയങ്കര പ്രത്യാഘാതങ്ങളുണ്ടാകുവാനുള്ള കഴിവുമുണ്ടു്.

സാധാരണയായി നഗരത്തിലേക്കു അദ്ദേഹം പതിനഞ്ചു് മിനിററു എടുക്കാറുള്ളതിനു ഇന്നു് നാലു നിമിഷമെ വേണ്ടിവന്നുള്ളു. കുതിര, പതമാത്രമായി. അതിനെ വഴിയിലുള്ള സഹോദരൻെറ വീട്ടിലേല്പിച്ചു കാൽ നടയായി അദ്ദേഹം ഓഗ്യനോവിൻെറ വസതിയിലേക്കു തിരിച്ചു.

''ബോയ്ക്കോ ഇവിടെയുണ്ടോ'' അദ്ദേഹം ഉൽക്കണ്ഠയോടെ തിരക്കി.

''അദ്ദേഹം പുറത്തു പോയിരിക്കുന്നു. അങ്ങു വരുന്നതിനു അല്പം മുമ്പു് കുറെ പോലീസ്സുകാർ വന്നു മുക്കും മൂലയുമെല്ലാം തപ്പിക്കൊണ്ടുപോയി. ആ കള്ളന്മാർ എന്തിനാണു് അദ്ദേഹത്തെ അന്വേഷിക്കുന്നതു് ആവോ. ആരെങ്കി

ല്യം വിചാരിക്കും അദ്ദേഹം ആരെയോ കൊലചെയ്തിട്ടുണ്ട് എന്നു്.''

വീട്ടടമസ്ഥൻ ദേഷ്യത്തോടെ പറഞ്ഞു.

''എവിടെക്കാണു് പോയിരിക്കുന്നതു്.''

''എനിക്കറിയാൻ വയ്യ'

''അതു ചീത്തയാണു്. പക്ഷെ ഇനിയും ആശയുണ്ടു്.'' സ്വാഗതമായി ഇതും പറഞ്ഞു് ആബററ് സൊക്കലോവിന്റെ വീട്ടിലേക്കു് ഓടി. ഓഗ്യനോവ് സാധാരണയായി ഒരു ഉറച്ച പള്ളി സന്ദർശകനല്ലാത്തതുകൊണ്ടു് അവിടെ ഒന്നു തിരിഞ്ഞുനോക്കുവാൻ അദ്ദേഹം മിനക്കെട്ടില്ല. ഗാങ്കോവിന്റെകഫെയുടെ മുമ്പിലൂടെ പോകുമ്പോൾ അകത്തേക്കു നോക്കിയെങ്കിലും അയാളെ അവിടെ കണ്ടില്ല. ''ഇതേവരെ ജയിലിൽ പോയിട്ടില്ല എങ്കിൽ അയാൾ എവിടെയാണെന്നു സൊക്കലോവിൽനിന്നു് അറിയാം'' സൊക്കലോവിന്റെ മുററത്തേക്കു് ധൃതിയിൽ ചെല്ലുന്നതിനിടയിൽ നാഥാനിയേൽ പിറുപിറുത്തു.

''ആരെങ്കിലും ഇവിടെ ഉണ്ടോ മുത്തശ്ശി''

''ആരുമില്ല ബഹുമാനപ്പെട്ട പിതാവെ'' തന്റെ കയ്യിലുള്ള ചൂല്ല വലിച്ചെറിഞ്ഞു, പുരോഹിതന്റെ മുമ്പിൽ മുട്ടുകുത്തി അദ്ദേഹത്തിന്റെ കൈ ചുംബിച്ചുകൊണ്ടു ആ വീട്ടിലെ വൃദ്ധ ഭവ്യമായി അറിയിച്ചു.

''ഡോക്ടർ എവിടെ'' പുരോഹിതൻ കുപിതനായി ചോദിച്ചു.

പരിഭ്രമത്തോടെ അങ്ങോട്ടുമിങ്ങോട്ടും നോക്കിക്കൊണ്ടു ആ വൃദ്ധ വിക്കി ''എനിക്കറിവില്ല പിതാവേ''

''ഈശ്വരാ'' അദ്ദേഹം തിരിച്ചു ഗേററിലേക്കുതന്നെ നടന്നു.

''ഒരു മിനിററു്, ഒരു മിനിററു് നിൽക്കു പിതാവെ''

വൃദ്ധ പിന്നാലെ ഓടിച്ചെന്നു.

''എന്താണിതു്'' അക്ഷമയോടെ അദ്ദേഹം ചോദിച്ചു.

സംഭ്രാന്തിയോടെ ആ സ്ത്രീ പതുക്കെ പറഞ്ഞു.

''അദ്ദേഹം ഇവിടെയുണ്ടു്, ഒളിച്ചിരിക്കയാണു്. കുറച്ചു നേരം മുമ്പു്, തുക്കികൾ.—അവരെ പിശാചു് പിടിക്കട്ടെ—അദ്ദേഹത്തെ തിരഞ്ഞു് ഇവിടെ വന്നിരുന്നു. എനിക്കു മാപ്പു തരൂ പിതാവേ''

''നിങ്ങൾക്കു തോന്നിയോ ഡോക്ടർ എന്നെ കാണാതെ ഒളിച്ചിരിക്കയാണെന്നു്. എന്തുകൊണ്ടിതു മുമ്പെ പറഞ്ഞില്ല'' അദ്ദേഹം ധൃതിപിടിച്ചു് മുററം കടന്നു്, വാതിൽക്കൽ മുട്ടിയ ഉടനെ തന്നെ ഡോക്ടർ വന്നു വാതിൽ തുറന്നു.

''ബോയ്ക്കോ എവിടെ'' അതായിരുന്നു പുരോഹിതന്റെ ആദ്യത്തെ വാക്കുകൾ.

''റാഡയുടെ അടുക്കൽ എന്താണു് വിശേഷം'

എന്തോ ഭയങ്കരമായ ഒരു അപകടമാണു് താൻ കേൾക്കുവാൻ പോകുന്നതു് എന്ന ഒരു വിശ്വാസം ജനിച്ച ഡോക്ടർ വിളർത്തുപോയി.

''ഇതാ ഈ സമയത്തു് അവർ മില്ലിൽ കുഴി തോണ്ടുകയാണു്. ആരോ ചതിച്ചു.''

''ഓഗ്യനോവു് നശിച്ചു'' (ഡോക്ടർ നിരാശനായി പറഞ്ഞു.)

''ഇപ്പോൾതന്നെ അദ്ദേഹത്തിനെ വിവരമറിയിക്കണം''

''തുക്കികൾ ഓഗ്യനോവു് താമസിക്കുന്ന സ്ഥലത്തു് അയാളെ അന്വേഷിച്ചു ചെന്നിരുന്നു. പക്ഷെ പിടി കിട്ടിയിട്ടില്ല,'' വികാരാവേശത്തോടെ പുരോഹിതൻ തുടന്നു: ''അയാൾക്കു് മുന്നറിവു് കൊടുക്കുവാൻ ഞാൻ കാററുപോലെയാ

ണ് കുതിരയെ പറപ്പിച്ചുവന്നതു്. ഈശ്വരാ ആ കുട്ടികൾ എന്തു പറവുമോ ആവോ. അയാളെ രക്ഷിക്കണെ."

അത്ഭുതാധീനനായി അദ്ദേഹം ചോദിച്ചു "നിങ്ങൾ എവിടേക്കു പോകുന്നു."

"എനിക്കു് ബോസ്ലോവിനെ കണ്ടുപിടിക്കണം. നേരം വൈകിയിട്ടില്ല എങ്കിൽ അയാളെ രക്ഷിക്കണം" വാതിൽ തുറന്നുകൊണ്ടു ഡോക്ടർ പറഞ്ഞു.

ആമ്പററ് വീണ്ടും അത്ഭുതത്തോടെ അയാളെ നോക്കി.

"നിങ്ങളെയും അവർ അന്വേഷിക്കുന്നുണ്ടു്. അങ്ങിനെയല്ലെ. ഞാൻ പൊയ്ക്കൊള്ളാം അതാണു് നല്ലതു്."

ഡോക്ടർ എന്തോ കൈകൊണ്ടു ആംഗ്യം കാണിച്ചു.

"അതു ഇവിടെ പ്രസക്തമെ അല്ല. ഈ സമയത്തു് നിങ്ങൾ റാധയുടെ മുറിയിൽ പ്രത്യക്ഷനായാൽ, അതു പലരും ശ്രദ്ധിക്കും. അതു് പിന്നീട്ട് അപവാദങ്ങൾക്കു ഇടനല്കും."

"പക്ഷെ നിങ്ങളെ പിടിച്ചാൽ."

"അതു സാരമില്ല. എങ്ങിനെയെങ്കിലും ബോയ്ക്കോവിനെ വിവരമറിയിക്കണം. ശരിയായ അപകടം അയാൾക്കാണു്. ഞാൻ പിൻതെരുവിൽക്കൂടി പൊയ്ക്കൊള്ളാം"

ഡോക്ടർ മറഞ്ഞു കഴിഞ്ഞു.

നേത്രങ്ങളിൽ നീർപൊടിഞ്ഞുകൊണ്ടു് ആമ്പററ് ഹാർദ്ദമായി ഡോക്ടരെ ആശീർവ്വദിച്ചു.

അന്നു് കാലത്തു് ഓഗ്യനോവ് പെൺപള്ളിക്കൂടത്തിൽ ഉണ്ടാകുമെന്നു ഡോക്ടർക്കു അറിയാമായിരുന്നു. അന്നവിടെ ഒഴിവുദിവസമാകയാൽ പി—യിലെ കമ്മററിയിൽനിന്നുവരുന്ന ഒരു ദൂതനെ അവിടെവെച്ചു കാണാമെന്നയാൾ പറഞ്ഞിരുന്നു. ഒരു മൂന്നു നാലു ചാട്ടംകൊണ്ടു് പോലീസുകാരാരും കാണാതെ തന്നെ അയാൾ മുററം കടന്നു. റാധ താമ

സിച്ചിരുന്ന സ്കൂളിന്റെ മുകളിലേക്ക് അയാൾ ചാടിക്കയറി, ഒരു കൊടുങ്കാറ്റുപോലെ അവളുടെ മുറിയിൽ പ്രവേശിച്ചു. ഈ മാതിരി ഇത്ര പെട്ടെന്നുള്ള ഡോക്ടരുടെ വരവ് റാഡയെ അമ്പരപ്പിച്ചു.

അവളോടു ഉപചാരംപോലും പറയാതെ ''ബോയ്ക്കോ ഇവിടെയെങ്ങാനും വന്നിരുന്നുവോ'' ഡോക്ടർ കിതച്ചുകൊണ്ടു ചോദിച്ചു.

''ഇതാ ഇപ്പോൾതന്നെ പോയി എന്താണിങ്ങിനെ വിളർത്തിരിക്കുന്നതു്'' അവൾ അന്വേഷിച്ചു.

''അയാൾ എവിടെപ്പോയി''

''പള്ളിയിൽ എന്താണു് വിശേഷം''

''പള്ളിയിലൊ'' വിശദീകരണമൊന്നുംകൂടാതെ വാതിൽ തുറന്നു ഡോക്ടർ പുറത്തേക്കു പോകാനാഞ്ഞു. പക്ഷെ പരിഭ്രാന്തനായി പെട്ടെന്നു പിന്തിരിഞ്ഞു. പള്ളിയുടെ വാതിൽക്കലെല്ലാം ഓൺബാസി പോലീസുകാരെ കാവൽ നിർത്തുന്നതാണു് അയാൾ കണ്ടതു്.

''ഡോക്ടർ എന്താണു് സംഗതി'' എന്തോ ദൗർഭാഗ്യം മണത്തറിഞ്ഞു ആ സാധു ടീച്ചർ തിരക്കി.

കിളിവാതിലിലൂടെ പോലീസുകാരെ ചൂണ്ടിക്കാണിച്ചുകൊണ്ടു ഡോക്ടർ പറഞ്ഞു.

''നോക്കു, അവർ ബോയ്ക്കോവിനെ അന്വേഷിക്കയാണു്; ആരോ അയാളെ ചതിച്ചു റാഡ. അവർ എന്നെയും അന്വേഷിക്കുന്നുണ്ടു് എന്തൊരു നിർഭാഗ്യം, എന്തൊരു നിർഭാഗ്യം'' രണ്ടു കൈകൊണ്ടു തലയിൽ അള്ളിപ്പറിച്ചുകൊണ്ടയാൾ വിലപിച്ചു.

റാഡ ജനൽപ്പടിയിന്മേൽ വീണു. ഭയംകൊണ്ടു വിളർത്ത അവളുടെ വട്ടമുഖം നിർജ്ജീവമായി, മാർബിൾകൊണ്ടു് ഉണ്ടാക്കിയപോലെ തോന്നിച്ചു.

സൊക്കലോവ് ജനവാതിലിലൂടെ തുറിച്ചുനോക്കി. പോലീസുകാർ അവിടെ നിൽക്കുമ്പോൾ പുറത്തേയ്ക്കു വരുവാൻ നിവ്വാഹമില്ലാത്തതിനാൽ ഓഗ്യനോവിന്ന് ആവശ്യമായ മുന്നറിവു നൽകുവാൻ വിശ്വസ്തനായ ഒരാളെ അന്വേഷിക്കയായിരുന്നു ഡോക്ടർ. അതേസമയത്തുതന്നെ അപകടം അതിൻെറ തികഞ്ഞ ഭീകരതയോടെ ഡോക്ടർ മുമ്പിൽ കാണുന്നുമുണ്ടായിരുന്നു.

അപ്രതീക്ഷിതമായി, ജനവാതലിൻെറ ചുവട്ടിൽക്കൂടെ ഫ്രേയ്റേറാ പള്ളിയിലേയ്ക്കു പോകുന്നതയാൾ കണ്ടു.

''ഫ്രേയ്റേറാ, ഫ്രേയ്റേറാ കുറച്ചുകൂടി അടുത്തുവരു.'' അയാൾ പതുക്കെ വിളിച്ചു.

ഫ്രേയ്റേറാ നിന്നു.

''ഫ്രേയ്റേറാ നിങ്ങൾ പുരുഷന്മാരുടെ പള്ളിയിലേക്കല്ലെ പോകുന്നതു്.''

''സാധാരണ പതിവുപോലെതന്നെ ഇന്നും.''

''ബോയ്ക്കോ അവിടെയുണ്ടു്. ദയവായി അയാളെ പിടിക്കുവാൻ പടിക്കൽ പോലീസുകാർ കാവലുണ്ടു് എന്നു് ഒന്നു് അയാളെ അറിയിച്ചു സൂക്ഷിക്കാൻ പറയൂ.''

ഫ്രേയ്റേറാ പള്ളിയിലേയ്ക്കു നോക്കി. അതിൻെറ പുറത്തേയ്ക്കുള്ള മൂന്നു വഴിയിലും പോലീസു കാവൽ ഉണ്ടു്. അയാളുടെ മുഖത്തു ഭയം വ്യാപിച്ചു.

''പറയാമോ?'' ഡോക്ടർ അക്ഷമയോടെ ചോദിച്ചു.

''ആര് ഞാനോ. ശരി പറയാം.'' വ്യക്തമായ പരിഭ്രമത്തോടെ വിവേകിയായ ഫ്രേയ്റേറാ മറുപടി പറഞ്ഞു. പിന്നീട് സംശയത്തോടെ ചോദിച്ചു: ''എന്തുകൊണ്ടു് നിങ്ങൾക്കു പോയി പറയാൻ വയ്യ.''

''അവർ എന്നേയും അന്വേഷിക്കുകയാണു്.''

ഫ്രേയ്റേറാവിൻെറ മുഖഭാവം പിന്നേയും മാറി. ഇ

ങ്ങടിനത്തെ അപകടകാരികളിൽനിന്ന് എന്തിനെങ്കിലും ഒന്നകന്നാൽ മതിയെന്നായി അയാൾക്ക്. അയാൾ നേരെ നടന്നു.

''വേഗം ഫ്രേയ്റോ, മനസ്സിലായോ'' അവസാനമായി ഒന്നുകൂടി ഡോക്ടർ ഓർമ്മിപ്പിച്ചു.

ഫ്രേയ്റോ തല കുലുക്കി, കുറച്ചു നടന്നു, ഒന്നു തിരിഞ്ഞു, കോൺവെൻറിൻെറ അകത്തേയ്ക്കു കടന്നു. ഡോക്ടർ അതു കണ്ടു, നിരാശയോടെ തലമുടി പിടിച്ചുവലിച്ചു. അയാൾ അയാളെപ്പററിയല്ല ആലോചിക്കുന്നതു്, തൻെറ സുഹൃത്തിനുവേണ്ടിയാണു് ഈ വേദനയനുഭവിച്ചിരുന്നതു്. ഇപ്പോൾത്തന്നെ നേരം വൈകി. ഇപ്പോൾ അറിയിച്ചാൽത്തന്നെ അധികാരികളിൽനിന്നു രക്ഷ കിട്ടണമെങ്കിൽ അത്യത്ഭുതകരമായ എന്തെങ്കിലും ഒന്നു ഇടപെടണം. ഇതു മാത്രമേ ഉള്ളു ഒരാശാകിരണം, അതും വെറും ആശ മാത്രം.

തീച്ചയായും ഇതിൽ ചതിയുണ്ടായിരുന്നു. അന്നു് കോനാക്കിൻെറ അടുക്കലേയ്ക്കു കൊണ്ടുപോകപ്പെട്ട സ്റ്റെഫ്കോവ്. ഓഗ്യനോവിൻെറ വ്യക്തിത്വത്തെപ്പററി തനിക്കു തോന്നിയ ഭയാശങ്കകളും, സംശയങ്ങളും തൻെറ കണ്ടുപിടുത്തങ്ങളും ബെയോടു പറഞ്ഞുകൊടുത്തിരുന്നു. അതേസമയത്തു് വേറെ ഒരു സംഭവംകൂടി അയാളുടെ ഓർമ്മയിൽവന്നു. ഓൺബാസി നേരത്തെ പറഞ്ഞിരുന്ന എാകീസസ് ഫെയൽമാൻെറ നായാട്ടുനായയുടെ കാര്യം അപ്പോൾ അയാൾ ഓർത്തു. ആദ്യം സ്റ്റെഫ്കോവോ, ഓൺബാസിയോ, നായയ്ക്കു ഓഗ്യനോവിനോടു തോന്നിയ വിദ്വേഷത്തിൻെറ കാരണമോ, അതു മില്ലിൽ മാന്തിയതിൻെറ കാര്യമോ അന്വേഷിക്കണമെന്നു് ആലോചിച്ചിരുന്നതല്ല. എന്താണു് ആ ജന്തു കുഴി മാന്തുന്നതു്? എന്താണതിനു് ഓഗ്യനോവിനോടു് ഇത്ര വൈരം? ആ തുക്കികളുടെ അപ്രത്യക്ഷപ്പെടലിനു് ഇതു്

ഒരു സൂചനയല്ലേ. അതും ഓഗ്യനോവ് നഗരത്തിൽ വന്നതും ഏതാണ്ട് ഒരു കാലത്താണ്. ഓഗ്യനോവിന് ഇതിൽ എന്തോ ഒരു കയ്യുണ്ട്. ഇടിമിന്നലിൻെറ വേഗതയോടെ സ്റ്റെഫ്കോവിൻെറ ദുഷിച്ച മനസ്സ് ഇതെല്ലാം ആലോചിച്ചുണ്ടാക്കി, ഈ വൃത്തികെട്ട സംശയം ഉദിച്ചതു് നിയന്ത്രണാതീതമായ ശക്തിയോടെ ആയിരുന്നു.

ഉടനെത്തന്നെ സ്റ്റോയൻെറ മില്ലിൽ കുഴിച്ചുനോക്കുവാൻ സ്റ്റെഫ്കോവ് അധികാരികളോടാവശ്യപ്പെട്ടു. ബെ ചുണ്ടു കടിച്ചുകൊണ്ട് അധികം താമസിയാതെതന്നെ ഉത്തരവു പാസ്സാക്കി. ഓഗ്യനോവിനെ നേരം വെളിച്ചമായാൽ അറസ്ററുചെയ്യാൻ അയാൾ തീരുമാനിച്ചു. രാത്രികാലമായാൽ ചിലപ്പോൾ അയാൾ രക്ഷപ്പെട്ടേക്കും. അല്ലെങ്കിൽ രക്തച്ചൊരിച്ചിലുണ്ടാകും. അന്നുതന്നെ രണ്ടു ശവങ്ങളും കുഴിതോണ്ടി പുറത്തെടുത്തതോടെ ഓഗ്യനോവിൻെറ വിധി നിർണ്ണയിക്കപ്പെട്ടു. ഇപ്പോൾ ഒരു മൃഗത്തെപ്പോലെ അയാൾ വളയപ്പെട്ടിരിക്കയാണ്. പള്ളിയിൽപോയി അയാളെ പിടിക്കാൻശ്രമിക്കുന്നതിലും ഭേദമാണ് പുറത്തു കാത്തു നില്ക്കുന്നതു് എന്നു് ഓൺബാസിക്കു തോന്നി. അതു ജനങ്ങളുടെ ഇടയിൽ അസന്തുഷ്ടമായ കോളിളക്കം ഉണ്ടാക്കും. ഓഗ്യനോവ് ആത്മരക്ഷക്കുവേണ്ടി രണ്ടുംകല്പിച്ച് അടരാടാനും തയ്യാറായേക്കും. പെട്ടന്നനെ അയാളെ കൈക്കലാക്കുകയാണ് നല്ലതു്. സൊക്കലോവ് ഒരു ഭാഗത്തു് നിരാശയുടെ നീർച്ചുഴിയിൽപ്പെട്ടുഴലുമ്പോൾ, റാഡ മോഹാലസ്യത്തിലേക്കു വഴുതിവീണുകൊണ്ടിരിക്കുമ്പോൾ അപ്രതീക്ഷിതമായി പുറത്തു കോണിപ്പടിയിന്മേൽ കനത്ത പാദപതനംകേട്ടു. ഡോക്ടർ ഞെട്ടിയെണീററു ചെവി കൂർമ്പിച്ചു. കാലടിശബ്ദം സാവധാനത്തിൽ അട്ടത്തട്ടത്തുവന്നു, തുടന്നു വടി മരത്തിന്മേൽ മുട്ടുന്ന ഒച്ചയും. രണ്ടു ശബ്ദവും വാതിൽക്കൽ വന്നപ്പോൾ നിലച്ചു. പുരോഹിതൻെറ ഒച്ചയിൽ കോൽക്കോവിൻെറ

വല്ലപ്രസിദ്ധ ഗാനം ഉയന്നു.

"ദൈവമെ അങ്ങയുടെ ശരിയായ വേലക്കാരെ രക്ഷിക്കേണമെ പുണ്യവതിയായ സിരാഫിന, ചടച്ച ചെറുവിന, കറുത്ത കണ്ണുകളുള്ള സോഫിയ, വെളുത്ത റിപ്പീമിയ, തടിച്ച ഐറീന, ചടച്ച മാഗ്ഡലിന, പിന്നെ ഗോസ് പോഷ റവോഹമ്മ അവരവിടെ ഉണ്ടാകല്ലെ."

"കോൽക്കോ" വാതിൽ തുറന്നു ഡോക്ടർ വിളിച്ചു.

അതു കേട്ടപ്പോൾ കുരുടൻ സ്വാതന്ത്ര്യമായി അകത്തേയ്ക്കു കയറി. അയാൾ എല്ലായിടത്തും ഇല്ലത്തെ പൂച്ചയായിരുന്നു.

"കോൽക്കോ പള്ളിയിലായിരുന്നോ?"

"അതെ."

"ഓഗ്യനോവിനെ അവിടെയങ്ങാനും കണ്ടോ?" അക്ഷമയോടെ ഡോക്ടർ ചോദിച്ചു.

"ഇല്ലല്ലോ, എന്റെ കണ്ണുട അമേരിക്കയിൽനിന്നു ഇനിയും എത്തിയിട്ടില്ലാത്തതിനാൽ എനിക്കു കാണ്മാൻ സാധിച്ചില്ല. പക്ഷേ എനിക്കറിയാം അയാൾ അവിടെ ഫ്രാൻകോവിന്റെ സ്റ്റാളിന്റെ അടുത്തുണ്ടു് എന്നു്."

ഡോക്ടർ ആത്മാർത്ഥതയോടെ പറഞ്ഞു: "കളിക്കാനുള്ള സമയമല്ല ഇതു്. പോലീസുകാർ ഓഗ്യനോവിനെ തിരയുകയാണു്. പള്ളിയുടെ വാതിൽക്കലെല്ലാം അവർ കാത്തുനില്ക്കുന്നു. അയാളാകട്ടെ യാതൊന്നുമറിഞ്ഞിട്ടില്ല. നമുക്കു മുന്നറിവു കൊടുക്കാൻ സാധിച്ചില്ല എങ്കിൽ അയാൾ നശിച്ചതു തന്നെ."

"ഞാൻ പോകയാണു്."

"ദയവുചെയ്തു പോകു കോൽക്കോബായ്" ആശാലതതളിർത്ത റാഡയും പ്രോത്സാഹിപ്പിച്ചു.

"ഞാൻ പോയേനെ. പക്ഷേ അവർ എന്നേയും അ

നേഷിക്കുന്നുണ്ടു്. നിങ്ങളെ അവർ ശ്രദ്ധിക്കുകയില്ല, പോകൂ.'' ഡോക്ടർ പറഞ്ഞു.

"അവക്കാവശ്യമാണെങ്കിൽ എന്റെ നിർഭാഗ്യജീവിതം ഓഗ്യനോവിനുവേണ്ടി ത്യജിക്കാൻ ഞാൻ തയാറാണു്. ഞാനെന്താണു് അയാളോടു പറയേണ്ടതു്.'' ഉൽക്കണ്ഠയോടെ അന്ധൻ ചോദിച്ചു.

''ഇതുമാത്രം പറഞ്ഞാൽമതി. എല്ലാം കണ്ടുപിടിക്കപ്പെട്ടു. പോലീസുകാർ പള്ളിയുടെ പുറത്തു കാവലുണ്ടു്. കഴിയുന്നതും ശ്രദ്ധിച്ചു നിങ്ങളെ രക്ഷിക്കുക.''

ഡോക്ടർ മൗഢ്യത്തോടെ തുടന്നു.

"അവർ ഇതിനകത്തു അദ്ദേഹത്തെ ചതിയിൽ പുറത്തേയ്ക്കു വരുത്തിയിട്ടില്ല എങ്കിൽ.''

ഓരോ നിമിഷത്തിന്റേയും പ്രാധാന്യം മനസ്സിലാക്കിയ കോൽക്കോ ക്ഷണത്തിൽ സ്ഥലം വിട്ടു.

## അദ്ധ്യായം 25

# അത്ര എളുപ്പപണിയല്ല

കോൽക്കോ ഓരോ അടി വെയ്ക്കുമ്പോഴും തൻെറ വടി കൊണ്ടു കോണി തപ്പിത്തടഞ്ഞുനോക്കി താഴോട്ടിറങ്ങി. മുററത്തെത്തിയപ്പോൾ സ്വാധീനതയോടെ നടത്തത്തിനു വേഗതകൂട്ടി പൂമുഖത്തെത്തി. തൻെറ ഉറുമാൽ തിരയുകയാണെന്ന വ്യാജേന എല്ലാ പോക്കററുകളിലും തപ്പികൊണ്ട് അയാൾ അവിടെ നിന്നു. ഷെറീഫ് ആഗ നൽകുന്ന ഉപദേശങ്ങൾ കേൾക്കുവാൻ അവിടെ തങ്ങിനില്ക്കാനുള്ള ഒരു സൂത്രമായിരുന്നു അത്.

"ഹസ്സൻ ആഗ" ഷെറീഫ് അടക്കിയ സ്വരത്തിൽ പറഞ്ഞു: "പോയി ബാക്കിയുള്ളവരോടു കണ്ണുതുറന്നിരിക്കുവാൻ പറയൂ. പന്തിയല്ല എന്നുകണ്ടാൽ എൻെറ സമ്മതത്തിനു കാത്തുനില്ക്കാതെ വെടിവെച്ചോളാൻ അവരെ ഏല്പിച്ചേക്കു."

"വെങ്കോ എൻെറ കുട്ടി അകത്തുപോയി പ്രഭുവിനോട്—ആ സ്കൂൾ ഓഗ്യനോവിനോടു പുറത്ത് ഒരാൾ വിളിക്കുന്നു എന്നു പറയൂ." ശബ്ദംകൊണ്ട് മനസ്സിലാക്കുവാൻ സാധിച്ചിടത്തോളം പോലീസുകാരൻ ഫിൽക്കോ ഏതോ ഒരു പയ്യനെ വിളിച്ച് ഏല്പിക്കുകയായിരുന്നു.

തന്നെക്കാൾ മുമ്പ് ആ കുട്ടി ഓഗ്യനോവിനെ സമീപിച്ചെങ്കിലോ എന്നു കോൽക്കോ ഭയന്നു. വാതലിൻെറ മേലനമുള്ള കർട്ടൻ വലിച്ചുനീക്കി അയാൾ അകത്തേയ്ക്കു കടന്നു. പള്ളിക്കകം ജനനിബിഡമായിരുന്നു. കമ്മങ്ങൾ അവസാ

നിക്കാറായി. ഫാജി അത്താനേഷ്യസ് അവസാന പ്രാർത്ഥന ചൊല്ലുകയാണ്. ജനക്കൂട്ടം തിക്കിത്തിരക്കിയാണ് അവിടെ നിന്നിരുന്നതു്. നിരവധിയാളുകൾ കുമ്പസാരിക്കാൻ എത്തിയിരുന്നു, പലരും പ്രാർത്ഥിക്കുവാനും. ആകെ വലിയ ബഹളം. യഥാർത്ഥത്തിൽ പള്ളിയിലേക്കുള്ള നടവഴിയെല്ലാം അടഞ്ഞുകിടക്കുകയാണ്. അഗമ്യമായ, തനിക്കു അനശ്വരമായി തോന്നുന്ന രാത്രിപോലെ ഇരുളിലാണ്ട, വനാന്തരത്തിലേയ്ക്കു കടക്കുകയാണ് താനെന്നു തോന്നി ആ അന്ധനു, വാസനാവൈഭവംമാത്രമാണ്,–കറയററ ഒരു മാർഗ്ഗദർശി. പക്ഷേ മനുഷ്യൻെറ ഹസ്തങ്ങൾ, തോളുകൾ, നെഞ്ചു്, തുടകൾ ഇതുകൊണ്ടു് പണിതീർത്ത ഒരു കട്ടിപിടിച്ച മതിൽ എങ്ങിനെ അതിക്രമിച്ചു കടക്കാനാണ്. രൂപക്കൂടിൻെറ നേരെ മുമ്പിലുള്ള ഓഗ്യനോവിൻെറ ഇരുപ്പിടത്തിലേയ്ക്കു ദുർബലനായ ഈ ചെറിയ മനുഷ്യനു എത്താൻ സാധിക്കുമെന്നു വിചാരിക്കാൻപോലും സാദ്ധ്യമായില്ല. ഒരു ഗോളിയാത്തിനുപോലും ക്ലിഷ്ടസാദ്ധ്യമായതാണ് ആ ജോലി. കുറെ വഴി കടന്നു കിതച്ചു ക്ഷീണിതനായി അയാൾ അവിടെ നിന്നു. നിഷ്ഫലമായി ആ ഇരുട്ടിൽ ആ ഭാഗത്തേയ്ക്കും ഈ ഭാഗത്തേയ്ക്കും ഉന്തിനോക്കി, ആ ചുമർ ഒരൊററ ഇഞ്ചുപോലും അകന്നില്ല. പലരും അയാളെ ശകാരിച്ചു.

"ഇതാ ഇങ്ങിനെ ആഞ്ഞു മുന്നോട്ടു കയറണ്ട, നിങ്ങൾക്കു ശ്വാസം മുട്ടും. നിങ്ങളെ ആരെങ്കിലും ചവുട്ടി അരയ്ക്കും," ചിലർ ഉപദേശിച്ചു. നിരവധി പേരുടെ ഇരുമ്പു കൈമുട്ടുകൾ അയാളുടെ വാരിയെല്ലുകൾ തകർത്തുകൊണ്ടു് അവയിൽ അമർന്നു. അയാൾക്കു ശ്വാസംമുട്ടുന്നതുപോലെ തോന്നി. രണ്ടു മിനുട്ടിനുള്ളിൽ പുരോഹിതൻെറ ശബ്ദം ഉയരും: "ദൈവത്തിലും മതത്തിലും വിശ്വസിക്കുന്നവരെ അടുത്തുവരു." അതോടെ ഈ ജനസമുദ്രം കോൽക്കോവിനേയുംകൊണ്ടു താഴോട്ടു് ഒഴുകും. എന്നാൽ ഓഗ്യനോവ് പോയതുത

ന്നെ. ആക്കറിയാം ഒരുപക്ഷെ വേറെ ഏതെങ്കിലും വഴിയിലൂടെ ഇപ്പോൾ ആ കുട്ടി ഓഗ്യഃനോവിനെ സമീപിച്ചിട്ടുണ്ടോ എന്ന്. തന്നെ അകപ്പെടുത്തുവാൻ ഒരുക്കിയിട്ടുള്ള കെണിയെപ്പററി യാതൊന്നും അറിയാതെ ബോയ്ക്കോ പുറത്തേയ്ക്കു യാത്രയായിട്ടുണ്ടാവും. ചിലപ്പോൾ സ്വന്തം മേൽ ഉരുമ്മിക്കൊണ്ട് ആ കുട്ടി മുമ്പോട്ടു പോയിരിക്കാം. മനസ്സിലാക്കാൻ ഒരു നിവൃത്തിയുമില്ലല്ലോ. ആ കുട്ടിയെ പിടിച്ചുനിത്താൻ അയാളുടെ കൈകൾ നീണ്ടു. പിടി കിട്ടിയതു് മുതിന്നതല്ല എന്നുമാത്രം പറയാവുന്ന ഒരു ദേഹമാണ്. പരിഭ്രാന്തിയിൽ അയാൾക്കു തോന്നിയതു് ആ നശിച്ച കുട്ടി ഓഗ്യനോവിനെ കാണാൻ പോകുന്നു എന്നാണ്. എന്താണ് ചെയ്യാൻപോകുന്നതു് എന്നറിയാതെ, എന്താണ് പറയുന്നതു് എന്നറിയാതെ തൻെറ മുഷ്ടി ആ ശരീരത്തിൽ മുറുക്കിക്കൊണ്ടു കോൽക്കോ ആരാഞ്ഞു:

"ഇതു നീയാണോ കുട്ടി, എന്താ നിൻെറ പേരു്, അവിടെത്തന്നെ നില്ക്കു കുട്ടി."

പിന്നിലെ ജനപ്രവാഹത്തിൻെറ ശക്തി അവരെ വേർപെടുത്തി. കോൽക്കോ നിരാശനായി. നിഷ്ക്കളങ്കമായ ആ ധന്യാത്മാവ് വേദനിച്ചു. അസഹനീയമായ ഭയത്തോടും വേദനയോടുംകൂടി അയാൾ മനസ്സിലാക്കി, ഓഗ്യനോവിൻെറ ജീവൻ തങ്ങി നില്ക്കുന്നതു് വളരെ നേരിയ ഒരു നൂലിഴയിലാണ് എന്ന്. എന്താണ് അതു്. ദുർബലനായ കോൽക്കോ ജനസമുദ്രത്തിൽക്കിടന്നു തിക്കി മുട്ടി ഉഴലുന്ന, കാണാൻ ശക്തിയില്ലാത്ത കോൽക്കോ—ഇതാ ഗാനമവസാനിക്കാറായി. സാധാരണയായി സാവധാനത്തിൽ വലിച്ചിഴച്ചു പ്രാത്ഥന പാടാറുള്ള ഹാജി അത്തനേഷ്യസ് ഇന്നു ഭയങ്കര വേഗതയിലാണ് പാടുന്നതു്. ഈശ്വരാ ഞാനെന്തു ചെയ്യണം? നിണ്ണായകമായ ഈ നിമിഷങ്ങൾ അങ്ങേയറ്റത്തെ തീരുമാനത്തിനുതന്നെ ഇടകൊടുത്തു. ദയനീയമായ സ്വര

ത്തിൽകോൽക്കോ നിലവിളിക്കാൻ തുടങ്ങി: "നല്ല മനുഷ്യരെ ഒന്നു വഴി മാറൂ. ഞാനിതാ ശ്വാസംമുട്ടി മരിക്കാറായി. ഒന്നു പുറത്തേയ്ക്കു കടന്നോട്ടെ."

അയാൾ തൻെറ മുന്നിൽ നില്ക്കുന്ന മനുഷ്യരുടെമേൽ ചെന്നു മുട്ടിത്തുടങ്ങി. നിലവിളിയും തട്ടലും സഹിച്ച മനുഷ്യർ മരണവെപ്രാളംകൊള്ളുന്ന ആ സാധുവിന്നു പുറത്തേയ്ക്കുപോകുവാൻ ആവുംവിധത്തിൽ വഴിയുണ്ടാക്കി. ആക്കും തൻെറ പുറത്തു ചാരിനിന്നു് അയാൾ മരിക്കുന്നതു് ഇഷ്ടമായില്ല. അപ്പോഴേക്കും ജീവനുള്ളവനേക്കാൾ, മരിച്ചപോലെയായിരുന്ന കോൽക്കോ ഒരുവിധത്തിൽ ഓഗ്യനോവ് ഇരുന്നിരുന്ന സ്ഥലത്തു ചെന്നുപററി. അന്ധൻെറ ജന്മസിദ്ധമായ വാസനാവൈഭവംകൊണ്ടു, ആരുടേയും സഹായമില്ലാതെ ഓഗ്യനോവിനെ അയാൾ മനസ്സിലാക്കി, യാതൊരു സംശയവുംകൂടാതെ കോട്ടിൻെറ കൈ പിടിച്ചുവലിച്ചു അടക്കിയ സ്വരത്തിൽ ചോദിച്ചു:

"ബായ് ബോയ്ക്കോ ഇതു നിങ്ങൾതന്നെയല്ലേ"

"അതെ എന്താണു് കാര്യം?"

ഓഗ്യനോവ് തൻെറ കാതു് കോൽക്കോവിൻെറ വായുടെ അടുക്കൽവെച്ചുകൊടുത്തു. പിന്നീടു് അയാൾ തല പൊന്തിച്ചപ്പോൾ ആ മുഖം ആകെ വിളർത്തിരുന്നു. ഒരു നിമിഷനേരത്തേയ്ക്കു അയാൾ എന്തോ ഗാഢചിന്തയിലമന്നിരുന്നു. ചെന്നിയിൽ പിടച്ചുനില്ക്കുന്ന ഞരമ്പുകൾ അയാളുടെ ആലോചനയുടെ അഗാധതയെ വ്യക്തമാക്കി. തല കുനിച്ചു് അയാൾ കോൽക്കോവിനോടു് എന്തോ മന്ത്രിച്ചു. പിന്നെ താൻ ഇരുന്നിരുന്ന സ്ഥാനത്തുനിന്നിറങ്ങി മുമ്പോട്ടു നീങ്ങി, ശ്രുപക്കൂടിൻെറ മുമ്പിൽ തിങ്ങിനിന്നിരുന്ന ജനങ്ങളുടെ ഇടയിൽക്കൂടി മറയുകയും ചെയ്തു.

അതേസമയത്തു് ആരാധനസ്ഥലത്തെ നടുവാതിൽ തുറന്നു, വിശുദ്ധപാത്രവും കയ്യിൽ വഹിച്ചുകൊണ്ടു പ്രത്യ

ക്ഷനായ ഫാദർ നിക്കോഡം 'ദൈവത്തിൻെറ പേരിൽ' എന്നു തുടങ്ങുന്ന ആശീർവാദമന്ത്രം ഉരുവിട്ടു. കമ്മങ്ങൾ അവസാനിച്ചു.

ജനക്കൂട്ടം കെട്ടിനിറുത്തപ്പെട്ടിരുന്ന ജലംകണക്കെ വാതിൽക്കലേയ്ക്കു പ്രവഹിച്ചു. അരമണിക്കൂറിനകത്തു കമ്പസാരം കഴിഞ്ഞു് അവസാനത്തെ വൃദ്ധയും കടന്നുപോയി.

കമ്മം നടത്തിയിരുന്ന പുരോഹിതൻമാത്രം തൻെറ പരിശുദ്ധമായ ഉടുപ്പു മാററുവാൻ അൾത്താരയുടെ അടുക്കൽ നിന്നിരുന്നു. അപ്പോഴാണു് പോലീസുകാർ കടന്നുചെന്നതു്. ഓൺബാസി ഓഗ്യനോവ് പുറത്തുവരാത്തതുകൊണ്ടു് അത്യന്തം കുപിതനായിരുന്നു. അപ്പോൾ അയാൾ പള്ളിയിൽ ഒളിച്ചിരിക്കയാണു്. അങ്ങനെ വരട്ടെ. വാതിലുകളെല്ലാം അകത്തുനിന്നു കുററിയിട്ടു് അവർ തിരച്ചിൽ ആരംഭിച്ചു. ചിലരെല്ലാം ക്രാതിയിട്ട വേർതിരിച്ച സ്ത്രീകളുടെ ഇരിപ്പടത്തേയ്ക്കു പോയി. ചിലരെല്ലാം ചുവട്ടിൽത്തന്നെ നിന്നു മുക്കുംമൂലയുമെല്ലാം തിരയാൻ തുടങ്ങി. ഇനിയും ചിലർ ചെറിയ ഇടവാതിലിലൂടെ അൾത്താരയുടെ ഉള്ളിലേയ്ക്കു കയറി, അവിടെയെല്ലാം അന്വേഷണം നടത്തി. എല്ലാം തിരിച്ചും മറിച്ചും മുക്കും മൂലയുമടക്കം ഒളിച്ചിരിക്കാവുന്ന എടമെല്ലാം അവർ നോക്കി. ഉയന്ന താഴികക്കുടത്തിൻെറ ഉള്ളിലും അൾത്താരയുടെ കീഴിലും, പഴയ വിഗ്രഹങ്ങൾ ഇരുന്ന മൂലകളിലും സൂക്ഷിച്ചു: ഉടുപ്പുകൾ വെയ്ക്കുന്ന മുക്കുപലകകൾ മുഴുവൻ പരതിനോക്കി; ജനൽപ്പടിയിലും ശ്രദ്ധ കേന്ദ്രീകരിച്ചു. പക്ഷേ ആക്കും ഒന്നും കണ്ടുപിടിക്കാൻ സാധിച്ചില്ല. ഒരു മനുഷ്യജീവിക്കു ഒളിച്ചിരിക്കാൻ നിവ്വാഹമില്ലാത്ത സ്ഥലങ്ങളിൽപോലും അവരുടെ സൂക്ഷ്മദൃഷ്ടികൾചെന്നുപററി. അതിനിടയിൽ പരിഭ്രമിച്ച മുഖത്തോടെ ഫാദർ നിക്കോഡം അവിടേയും ഇവിടേയും എന്തോ തപ്പിനടന്നു തുടങ്ങി. അദ്ദേഹം പഴയ ഉടുപ്പിന്നടിയിലും അൾത്താര

യുടെ ചുററും, പുസ്തകങ്ങൾക്കിടയിലും തൻെറ എന്തോ ഒ ന്നു് അന്വേഷിക്കയാണു്. ഓൺബാസിക്കും പുരോഹിത ൻെറ വെപ്രാളം കണ്ടപ്പോൾ അത്ഭുതമാണുണ്ടായതു്.

പോലീസുകാരൻ മിഖായൻ വിളിച്ചുപറഞ്ഞു: "ഈ സാമാനങ്ങൾക്കിടയിൽ ഒരു കോഴിക്കുഞ്ഞിനുപോലും ഒളി ച്ചിരിപ്പാൻ സ്ഥലമില്ല, എന്നിട്ടുവേണ്ടെ അവിടെ ഒരു മനു ഷ്യൻ"

"എന്താണു് വേണ്ടതു്. ഞാൻ വേറെ ഒരു സാധനമാ ണു് നോക്കുന്നതു്." അമ്പരന്ന പുരോഹിതൻ ഉത്തരം പ റഞ്ഞു.

"എന്താതു്."

"എൻെറ രോമക്കുപ്പായം, തൊപ്പി, നീലക്കണ്ണട, ഒ ന്നുംതന്നെ കാണാനില്ല."

ആ സാധുപുരോഹിതൻ തണുപ്പേററു വിറയ്ക്കുകയാണു്.

"എല്ലാം ഇപ്പോൾ വ്യക്തമായി ഷെറീഫ് ആഗ." ബായ് മിഖായൻ വിളിച്ചു പറഞ്ഞു.

വിയർത്തുകുളിച്ചുകൊണ്ടു് ഓൺബാസി ഓടിയെത്തി.

"എന്തൊരു കള്ളൻ" ആ ബൾഗേറിയൻ പോലീസു കാരൻ രഹസ്യമായ ഒരു സംതൃപ്തിയോടെ പറഞ്ഞു: "അ യാൾ ആ പുരോഹിതൻെറ സാമാനങ്ങൾ എല്ലാം അപഹ രിച്ചിരിക്കുന്നു."

ഷെറീഫ് ആഗ മലച്ചുനിന്നുപോയി.

"അതെങ്ങിനെ പിതാവേ"

"എൻെറ രോമക്കുപ്പായം, കണ്ണട, തൊപ്പി, ഇതൊ ന്നുംതന്നെ കാണ്മാനില്ല. ഒരു ദിക്കിലുമില്ല" സംഭ്രാന്തനാ യ പുരോഹിതൻ ഉത്തരം പറഞ്ഞു.

എന്തോ ഒന്നു പുതിയതായി കണ്ടുപിടിച്ച ഒരുവൻെറ പ്രാധാന്യത്തോടെ ഷെറീഫ് ആഗ പറഞ്ഞു: "അയാൾ അതെല്ലാം എടുത്തുകൊണ്ടുപോയിരിക്കും."

"ശരിയായിരിക്കണം, തൊപ്പിയും ഗൗണും ധരിച്ച് പ്രഭു ആരും തന്നെ മനസ്സിലാക്കാത്തവിധത്തിൽ പുറത്തേക്കു പോയിട്ടുണ്ടാവും." പോലീസുകാരൻ ഒരു വിശദീകരണം നൽകി.

"അതു ശരിയായിരിക്കും, ഞാൻ കർമ്മം ചെയ്യുമ്പോൾ ആരെങ്കിലും അതു എടുത്തുകൊണ്ടുപോയതാവാം." പുരോഹിതൻ സ്ഥിരീകരിച്ചു.

"ശരിയാണ് നീലക്കണ്ണട ധരിച്ച ഒരു പുരോഹിതനെ ഞാൻ വാതിൽക്കൽവെച്ചു കണ്ടു" ത്രുക്വിപോലീസുകാരൻ പറഞ്ഞു.

"എടാ കഴുതെ നീ പിന്നെ എന്തുകൊണ്ട് അയാളെ പിടിച്ചില്ല."

"എനിക്കെങ്ങിനെ അറിയാം, നാം അന്വേഷിക്കുന്നതു് ഒരു സാധാരണ മനുഷ്യനെയല്ലെ. പുരോഹിതനെയല്ലല്ലൊ." അയാൾ തൻെറ ഭാഗത്താണു് ന്യായമെന്നു സ്ഥാപിച്ചു.

"അതയാൾതന്നെ ആയിരിക്കണം. ഞാൻ നശിച്ചു" അത്ഭുതത്തോടെ ബായ്മിഖായൻ പറഞ്ഞു. അതായിരിക്കണം അയാൾ ആകെക്കൂടി പുതച്ചിരുന്നതു്. ഞാൻ കണ്ടതു് അയാളുടെ കണ്ണട മാത്രമാണു്. സ്വന്തം അച്ഛൻപോലും ആ വേഷത്തിൽ അയാളെ തിരിച്ചറിയുകയില്ല."

വാതിൽക്കൽ ഒരു മുട്ടുകേട്ടു. ഓൺബാസി അതു തുറക്കുവാൻ ആജ്ഞാപിച്ചു.

കടന്നുവന്നതു് നികുതി പിരിവുകാരനും ഫിൽച്ചോ എന്ന പോലീസുകാരനുമായിരുന്നു.

"ഷെറീഫ് ആഗ, പ്രഭു വലയിൽ പെട്ടിരിക്കുന്നു. അയാൾ കോൺവെൻറിൽ ഒളിച്ചിരിക്കയാണു്. അയാളെ അവിടെ കണ്ടിരിക്കുന്നു."

"ശരി കോൺവെൻറിലേക്കു പോകാം"

എല്ലാവരും ധൃതിയിൽ അങ്ങോട്ടുനടന്നു.

## അദ്ധ്യായം 26

# സുഖകരമല്ലാത്ത ഒരു സന്ദർശനം

ഒരു നിമിഷംകൊണ്ടു് പോലീസുകാർ കോൺവെൻററിന്റെ ഗേററിൽ എത്തി. ഉറയൂരിയ വാളും നിറച്ച തോക്കുമായി ഷെറീഫ് ആഗ രണ്ടു പോലീസുകാരെ അവിടെ പടിക്കൽ കാവൽ നിത്തി.

"ആരേയും അകത്തേക്കോ, പുറത്തേക്കോ വിടരുതു്" കോൺവെൻററിന്റെ ഉള്ളിലേക്കു, തന്റെ ബാക്കി അനുചരന്മാരുമായി പോകുന്ന ഷെറീഫ് ആഗ ഉത്തരവിട്ടു.

പോലീസുകാരുടെ പെട്ടെന്നുള്ള ആക്രമണം കോൺവെൻറിനകത്തു ഒരു കോളിളക്കം തന്നെ ഉണ്ടാക്കി. എല്ലാ മുറിയിലും പരിഭ്രമവും ഭയവും അലതല്ലി. കന്യാസ്ത്രീകളെല്ലാം വരാന്തയിലൂടെ അങ്ങോട്ടുമിങ്ങോട്ടും ഓടാൻ തുടങ്ങി, അതിഥികൾ അവരെ പിൻതുടന്നു. പരിഭ്രാന്തിയും ലഹളയും ബഹളവും അവിടെയെല്ലാം ഉയന്നു. ഭയപ്പെടാനൊന്നുമില്ല എന്നു് കൈവീശി ഓൺബാസി അറിയിക്കുന്നുണ്ടു്. തുക്കിഭാഷയിൽ അയാളെന്തോ വിളിച്ചുപറയുന്നതു്, അവർ കേട്ടുവോ, അഥവാ കേട്ടാൽതന്നെ മനസ്സിലായോ, എന്നു സംശയമാണു്. പുരോഹിതന്മാരെന്നു തോന്നുന്നവരെയെല്ലാം, കണ്ണടധരിച്ചവരെയെല്ലാം, (അതിൽ നീലയോ വേറെ നിറമോ എന്നു നോക്കാൻതന്നെ അവർ ഒരുങ്ങിയില്ല,) ബോയ്ക്കോ എന്നു പേരുള്ള രണ്ടാളുകളെയും ഈ സമയംകൊണ്ടു പോലീസുകാർ കടന്നു പിടിച്ചു് ഒരു മുറിയിലിട്ടു പൂട്ടിക്കളഞ്ഞു. അക്കൂട്ടത്തിൽ കാൻഡോവും 'ബൽസോംബിഗൗ

നാക്കു'മുണ്ടായിരുന്നു. രണ്ടാമത്തെ മാപ്പുചോദിച്ചതിനുശേഷം ഓൺബാസി വിട്ടു, എന്തെന്നാൽ അദ്ദേഹം ആസ്ത്രിയൻ പൗരനാണല്ലോ, തന്റെ സ്വാതന്ത്ര്യത്തിന്മേൽ ഇത്ര നീചമായി, നഗ്നമായി, കൈകടത്തിയതിന്നു കാൻഡോവ് ജനവാതിൽക്കൽ വന്നുനിന്നു വളരെ ഉച്ചത്തിൽ, ദേഷ്യം കൊണ്ട് പുകഞ്ഞു് പ്രതിഷേധ ശബ്ദം മുഴക്കിക്കൊണ്ടിരുന്നു. ബാക്കിയുള്ളവർ നിശ്ശബ്ദരായിരുന്നു. അവക്കറിയാം തുക്കിഭരണത്തിന്റെ അത്ഥമെന്താണു് എന്നു്.

"എന്താണിതു് കാൻഡോവ്, നിങ്ങൾ കാണിക്കുന്നതു് കണ്ടാൽ നിങ്ങൾ ഇതേവരെ തുക്കികളെ കണ്ടിട്ടില്ല എന്നു തോന്നുമല്ലോ" ഒരു പുരോഹിതൻ പറഞ്ഞു.

"പക്ഷെ ഇതു് സ്വേച്ഛാധികാരമാണു്, അന്യായമാണു്, ദുഷ്പ്രഭുത്വമാണു്." വിദ്യാത്ഥി വിളിച്ചുപറഞ്ഞു.

"ഈ അക്രമത്തിനും അനീതിക്കുമെതിരായി ഒച്ചയെടുത്തതുകൊണ്ടൊന്നും യാതൊരു കാര്യവുമില്ല. നിങ്ങൾക്കു തോന്നുന്നുണ്ടോ ഇതിലെന്തിലും ഷെറീഫ് ആഗയുടെ തലയിൽ കയറുമെന്നു്. ഇതിനൊക്കെ ഒരൊററ മറുപടിയേയുള്ളു." ഇതാ, ഇതുമാത്രം, തന്റെ കത്തിയെടുത്തു കാണിച്ചുകൊണ്ടു് കശാപ്പുകാരൻ ബോയ്ക്കോ പറഞ്ഞു.

പരിഭ്രമത്തിനിടയിൽ ആരാണു് ഓഗ്യനോവ് കോൺവെൻറിനകത്തേക്കു് കയറുന്നതു് കണ്ടതെന്നോ, എന്താണു് അയാളുടെ വേഷമെന്നോ, ആരായുവാൻ ഓൺബാസിമിനക്കെട്ടില്ല. പെട്ടെന്നയാൾ അഭയാത്ഥി ഒളിച്ചിരിക്കാവുന്ന ഗാലറികളെല്ലാം തിരഞ്ഞുതുടങ്ങി. ഈ ഗാലറിയിലേക്കാണു് ഹാജിറവോഹമ്മയുടെ അറയുടെയും വാതിൽ. കന്യാസ്ത്രീകൾ ആദ്യത്തെ അമ്പരപ്പ്വിട്ടു് കുറേ ശാന്തരായി തുടങ്ങിയിരിക്കുന്നു. ഈ അനാവശ്യ കൈകടത്തലിൽ അവർ ഭയങ്കരമായിപ്രതിഷേധിച്ചു. സാമ്രാട്ടിന്റെ ഒരു വൈരിയെ തങ്ങൾ ഈ കോൺവെൻറിന്റെ അകത്തു് ഒളിപ്പിക്കുന്നെന്ന

സംശയംപോലും അത്യന്തം ഹീനവും നീചവുമാണ് എന്ന വർ ബഹളംകൂട്ടി. അപമാനകരമായ ഈ സംശയത്തിൽ കുപിതയായി ഏറ്ററവും അധികം അട്ടഹസിച്ചതു് പതിവുപോലെ ഹാജിറവോഹമ്മതന്നെയാണ്. തുർക്കിഭാഷ നല്ലപോലെ അറിയാവുന്നതുകൊണ്ടു് തൻെറ സർവ്വശക്തിയും സംഭരിച്ചു, ഓൺബാസിയെ കഠിനമായി ശകാരിച്ചു, അപമാനിച്ച്, ഒരുവിധത്തിൽ അവർ അവിടെനിന്നു് പുറത്തിറക്കി. ബാക്കി മുറികളിൽ അപ്പോഴും ത്വരിതപ്പെട്ട പരിശോധനകൾ നടക്കുകയാണ്. ഒരൊററ കല്ലുപോലും ഈ അന്വേഷണവിഷയത്തിൽ അവർ തിരിച്ചിടാതിരുന്നില്ല. ഇപ്പോഴല്ലെങ്കിൽ കുറച്ചു കഴിഞ്ഞെങ്കിലും അയാളെ കയ്യിൽ കിട്ടാതിരിക്കയില്ല എന്നതു് അവക്കു തീച്ചയായിരുന്നു. മുക്കപലകകൾ, അലമാരി, ചായിപ്പ്. ഇതുളടഞ്ഞ മൂലകൾ ഇതെല്ലാം ഭ്രാന്തുപിടിച്ചപോലെ തിരയുന്നതുകൊണ്ടു് മാത്രം പരിശോധന വിജയിക്കുമെന്നാണ് ഷെറീഫ് ആഗയുടെ പാതയം. ഇപ്പോൾ ആ നിർഭാഗ്യവാനായ പ്രഭുവിനെ എന്തിൻെറയെങ്കിലും അടിയിൽ നിന്നവർ വലിച്ചു പുറത്തിട്ടും എന്നുതന്നെ ഇതു കണ്ട മിക്കവരും ഭയന്നു.

പെട്ടെന്നാരോ തുടരെ തുടരെ വിളിച്ചുപറയുന്നതു കേട്ടു. 'ഇതാ ഇതാ അയാൾ' അയാളെ പിടികിട്ടി.'' പക്ഷെ കണ്ടുകിട്ടിയതു് പാവം മിസ്റ്റർ ഫ്രേയ്റോവിനെയാണ്. ഗോസ്പോഷ നിംഫിധോറയുടെ ജനവാതിലിൻെറ അടിയിൽനിന്നാണ് അയാളെ അവർ എടുത്തു് പുറത്തിട്ടതു്. പക്ഷെ ആ സാധുവിനെ അവർ ഉടനെതന്നെ വിട്ടയച്ചു.

ഗാലറിയുടെ ചാരുപടിയിന്മേൽ ചാരിനിന്നുകൊണ്ടു അടക്കിയ ശ്രദ്ധയോടെ റാഡ ഈ തിരച്ചിലെല്ലാം വീക്ഷിക്കുന്നുണ്ടായിരുന്നു. ഏതാണ്ട് അബോധാവസ്ഥയിലെത്തിയിരുന്നു അവൾ; മിഴികളിൽനിന്നു കണ്ണീർകണങ്ങൾ അടന്നുവീണുകൊണ്ടിരുന്നു. വികാരത്തിൻെറ ഈ കടിഞ്ഞാ

ണില്ലാത്ത പ്രവാഹം കണ്ടവക്കെല്ലാം വ്യക്തമായി, അവൾ ഓഗ്യനോവിനെ അതിരററു സ്നേഹിക്കുന്നുണ്ടെന്നു്. വെറുപ്പു സ്ഫുരിക്കുന്ന നോട്ടങ്ങൾ അവരാ സാധുവിൻെറമേൽ പ്രയോഗിച്ചു. തൻെറ കാമുകൻെറ നിർഭാഗ്യത്തെപ്പററി ഇത്രവളരെ അനാസ്ഥയും ഉദാസീനതയും ഭാവിക്കുന്ന ഈ ദുഷ്ടസ്ത്രീകളുടെ നല്ല അഭിപ്രായത്തെ അവൾ ഒട്ടുംതന്നെ ആഗ്രഹിച്ചതുമില്ല. അവൾ സ്വതന്ത്രമായി കരയാൻ തുടങ്ങി.

കുറച്ചകലെ രണ്ടു കന്യാസ്ത്രീകൾനിന്നു്, ഡോക്ടർ സൊക്കലോവിൻെറ അമ്മായിയും ബോയ്ക്കോവിൻെറ സഹായിയുമായ "ഹാജിഡറിയ"യുടെ അറ ചൂണ്ടിക്കാണിച്ചുകൊണ്ടു് എന്തോ പിറുപിറുക്കുന്നുണ്ടു്. ബോയ്ക്കോ അവിടെ ഉണ്ടായിരിക്കും, തിരച്ചൽ ആ മുറിയുടെ അടുക്കലായി. റാഡയുടെ ഹൃദയം തകന്നു. ഭയം അവളെ അള്ളിപ്പിടിച്ചു. ഈശ്വരാ, ഈശ്വരാ, എന്താണിനി ചെയ്യേണ്ടതു്.

കോൽക്കോ അവളുടെ അടുത്തെത്തി. തേങ്ങൽകൊണ്ടു് ആളെ മനസ്സിലാക്കി അയാൾ പതുക്കെ ചോദിച്ചു.

"റാഡ, നീ തനിച്ചേ ഉള്ളു ഇവിടെ"

"അതെ ബായ്കോൽക്കോ," തേങ്ങലിന്നിടയിൽ വിറച്ചുകൊണ്ടവൾ മറുപടി പറഞ്ഞു.

"പരിഭ്രമിക്കാതിരിക്കു" കോൽക്കോ മന്ത്രിച്ചു.

"എങ്ങിനെയാണതു് ബായ്കോൽക്കോ, അവർ അദ്ദേഹത്തെകാണും. അദ്ദേഹം ഇവിടെയുണ്ടു്. നിങ്ങൾതന്നെ പറഞ്ഞില്ലെ അദ്ദേഹത്തെ ഇതിന്നകത്തു കണ്ടവരുണ്ടു് എന്നു്"

"എനിക്കു തോന്നുന്നില്ല റാഡ, ബോയ്ക്കോ ഇവിടെയുണ്ടു് എന്നു്"

"പക്ഷെ എല്ലാവരും പറയുന്നതു് അങ്ങിനെയാണു്"

"ഞാനാണു് ആ വാത്ത പരത്തിവിട്ടതു് കുട്ടി. ബോയ്ക്കോ പള്ളിയിൽവെച്ചു എന്നോടതു പറഞ്ഞു. പോലീസു

കാർ ഇവിടെ പരിശോധിച്ചു കുറച്ചു നേരം കളയട്ടെ. ഇപ്പോൾ ഓഗ്യനോവ് കാട്ടിൽ ചെന്നായയെപ്പോലെ സ്വതന്ത്രനായി നടക്കുന്നുണ്ടാവും''

അയാളെ കെട്ടിപ്പിടിക്കാതിരിക്കാൻ ആ സാധു കുട്ടി കഷ്ടപ്പെട്ടു. കാറൊഴിഞ്ഞ ആകാശംപോലെ ആ മുഖം പ്രകാശിച്ചു. അവൾ വിജയഗർവ്വോട്ടും ശാന്തതയോട്ടും ഹാജിറവോഹമ്മയുടെ മുറിയിലേക്കു കടന്നുചെന്നു. അവളുടെ മുഖഭാവത്തിൽ വന്ന മാററത്തെ ആ വൃദ്ധ ശ്രദ്ധിക്കാതിരുന്നില്ല.

''ആ തെണ്ടി ഇതിനകത്തില്ല എന്നവർ കണ്ടുപിടിച്ചിരിക്കുമോ,'' ആ തള്ള അസൂയയോടെ സ്വഗതമായി പറഞ്ഞു.

''സൂക്ഷിച്ചുനോക്കിക്കൊണ്ടവർ പറഞ്ഞു:''

കൊള്ളാം റാഡ നല്ലപോലെ കരഞ്ഞു അല്ലേ. എല്ലാവരുടെയും മുമ്പിൽ നീ ഒരു അപഹാസ്യവസ്തുവായിട്ടുണ്ട്, നല്ല കാര്യമായി. ആകട്ടെ ഇനിയും, ആ കള്ളനുവേണ്ടി, ആ കഴുത്തറപ്പനുവേണ്ടി പോയി വിലപിച്ചോളു.''

റാഡയുടെ ഹൃദയം സന്തോഷംകൊണ്ടു തുടിക്കുകയായിരുന്നു.

''ഞാൻ കരഞ്ഞോളാം'' അവൾ ധൈര്യമായി മറുപടി പറഞ്ഞു. ''എല്ലാവരും ചിരിക്കുമ്പോൾ കരയാനും ആരെങ്കിലും വേണമല്ലോ,''

ധിക്കാരപരമായ ഈ മറുപടി അസഹനീയമായ ഒരു അവഹേളനമായി തോന്നി ആ കന്യാസ്ത്രീക്ക്. തക്കുത്തരം അവക്കു തീരെ അപരിചിതമാണ്. കടിച്ചുമത്തിയ പല്ലുകൾക്കിടയിലൂടെ അവൾ ചീറി.

''പോടി, പോടി, കുലടെ''

''ഞാനല്ല കുലട.''

"അതെ. നീ കുലട. ഭ്രാന്തി; നിന്റെ നശിച്ച ആ കഴ ത്തറപ്പൻ ഇന്നുതന്നെ കൊലമരത്തിൽ തൂങ്ങും."

"ഊം, ഊം. പിടികിട്ടിയാലല്ലെ" റാധ കക്കശമായി മറുപടി പറഞ്ഞു.

ഫാജി റവോഹമ്മ ദ്വേഷ്യംകൊണ്ടു ശ്വാസംമുട്ടുന്ന പോലെ തോന്നി.

"വൃത്തികെട്ട ജന്തു, പുറത്തു കടക്കെടി. എന്റെ ഉമ്മ റം കടക്കാൻ നീ ഇനി ധൈര്യപ്പെടരുതു്," അവളെ പിടി ച്ചു പുറത്തേക്കു ഉന്തിക്കൊണ്ടു് ആ ഭയങ്കരി അലറി.

ഒന്നും സംഭവിച്ചിട്ടില്ലാത്തപോലെ റാധ വീണ്ടും ഗാ ലറിയിലേക്കുപോയി. തന്നെ അപമാനിച്ചു് ആ സ്ത്രീ ഇത്ര ക്രൂരമായി മുറിയുടെ വെളിയിലേക്കു് തള്ളിയാൽതന്നെ എ ന്തു്? അവൾ പ്രശാന്തയും ലളിതചിത്തയുമായിരുന്നു. ഇത്ര കഠിനഹൃദയയായ തന്റെ രക്ഷിതാവുമായുള്ള ബന്ധം അറു ത്തുകളയുവാൻ സാധിച്ചതിൽ അവൾ നന്ദി പ്രകടിപ്പിച്ചു.

ഇന്നോ നാളെയോ തീച്ചയായും അവർ അവളെ സ്കൂളിൽ നിന്നു പറഞ്ഞയക്കും. ഏകാന്തയായി തലചായ്ക്കാതെ ഒരു മ റയോ, ഒരു കഷ്ണം ഭക്ഷണമോ ഇല്ലാതെ അവൾക്കു് അല ഞ്ഞുതിരിയേണ്ടിവരും. അതുകൊണ്ടു് എന്തു്. ബോയ് ക്കോ രക്ഷപ്രാപിച്ചു. കോൽക്കോ പറഞ്ഞതുപോലെ ഇ പ്പോൾ കാനനത്തിൽ സ്വതന്ത്രനായ ഒരു ചെന്നായയെപ്പോ ലെ അദ്ദേഹം വിഹരിക്കുന്നുണ്ടാകും. എത്ര നല്ല മനുഷ്യ നാണു് യഥാത്ഥത്തിൽ ആ കോൽക്കോ. ദയാപൂൎണ്ണമായ ആത്മാവു്, സ്നേഹം നിറഞ്ഞ ഹൃദയം, മററുള്ളവരുടെ കഷ്ട പ്പാടിൽ തികഞ്ഞ സഹതാപം, തനിക്കു വരാവുന്ന അപക ടത്തെപ്പററി അയാൾക്കു യാതൊരു ചിന്തയുമില്ല, സ്വാത്ഥം അതയാൾ പാടെ മറക്കുന്നു. കണ്ണുള്ള എത്ര മനുഷ്യർ നല്ല കാൎയ്യം വരുമ്പോൾ അന്ധരു നടിക്കുന്നു; മററുള്ളവരുടെ ക

ഷ്ടപ്പാടിൽ തികച്ചും കണ്ണടക്കുന്നു. ആ സ്റ്റെഫ്കോവ്, ആ മൃഗം എന്തൊരു അത്യാകാംക്ഷയോടെയാണ് ബോയ്ക്കോവിൻെറ ദുരന്തമായ അന്ത്യം കാത്തിരിക്കുന്നത്. അദ്ദേഹത്തിൻെറ ശത്രുക്കൾക്ക് സന്തോഷിക്കുവാനുള്ള അവസരം നഷ്ടപ്പെട്ടു. പക്ഷെ നല്ല ആൾക്കാർക്ക എന്തുമാത്രം തൃപ്തിയും സന്തോഷവും ആവും ഇതു കേൾക്കുമ്പോൾ. പക്ഷെ, ആരും, ആരും തന്നെ അവളോളം മതിമറന്നു് ആഹ്ലാദിക്കുകയില്ല. പ്രകാശപൂർണ്ണവും നിഷ്കളങ്കവുമായ ഈദൃശവിചാരധാരയിൽ മുങ്ങിനിന്നിരുന്ന ആ പെൺകൊടി, പെട്ടെന്നാണ് സാവധാനത്തിൽ കോണിയിറങ്ങി താഴോട്ടു പോകുന്ന കോൽക്കോവിനെ കണ്ടതു്.

"കോൽക്കോബായ്" എന്തിനാണ് എന്നറിയാതെ അവൾ വിളിച്ചു.

"എന്താ റാഡ്ക, നീയെന്നെ വിളിച്ചുവോ" അന്ധൻ തിരിഞ്ഞുനിന്നു.

"ഈശ്വരാ ആ സാധുവിനെ ബുദ്ധിമുട്ടിക്കാൻ മാത്രം എന്തിനാണ് ഞാൻ വീണ്ടും വിളിച്ചുനിർത്തിയതു്." അവൾ സ്വഗതമായി പറഞ്ഞുകൊണ്ടു് അയാളുടെ സമീപത്തേക്കു ഓടി.

"ഒന്നിനുമല്ല ബായ് കോൽക്കോ," ആ കൈ ഒന്നു തരൂ." അകം നിറഞ്ഞ നന്ദിയോടെ അവളാഹസ്തം പിടിച്ചമർത്തി.

പരിശോധന തുടരുകയാണ്. തൻെറ അനുയായികൾക്കു ബാക്കിയുള്ള തിരച്ചൽ വിട്ടുകൊടുത്തു്, ക്ഷീണിതനായ ഷെറീഫ് ആഗ, താൻ ആദ്യം പിടിച്ചുവെച്ചിട്ടുള്ള കണ്ണടക്കാരുടെയും പുരോഹിതന്മാരുടെയും സമീപത്തേക്കു നടന്നു. അവരെ സ്വതന്ത്രരാക്കേണ്ട കാര്യം ഇപ്പോൾ മാത്രമാണ് അയാളുടെ ഓർമ്മയിൽ വന്നതു്.

പ്രാഥമിക മര്യാദപോലുമില്ലാതെ തന്നോടുചെയ്ത ഈ അനീതിക്കെതിരായി കാൻഡോവ് വീണ്ടും പ്രതിഷേധിച്ചു. ഈ ദേഷ്യംപിടിച്ച സംഭാഷണം തർജ്ജിമ ചെയ്തു കൊടുക്കുവാൻ അത്ഭുതപ്പെട്ട ഓൺബാസി ആരോടൊ ആവശ്യപ്പെട്ടു.

"കാൻഡോവ് അതൊരുപ്രാവശ്യംകൂടി പറയൂ; ഞാൻ അതൊന്നുപരിഭാഷപ്പെടുത്തിക്കൊടുക്കട്ടെ" ബെഞ്ചോഡെർമാനു കുറച്ചു തുർക്കിഭാഷ അറിയാവുന്നതുകൊണ്ടു് അയാൾ കാൻഡോവിനോടാവശ്യപ്പെട്ടു.

"അവളോടു പറയൂ." കാൻഡോവ് തുടൻ: എൻെറ വ്യക്തിത്വം, അഭേദ്യമായ എൻെറ സ്വന്തം വ്യക്തിത്വം, ഏററവും പ്രിയപ്പെട്ട എൻെറ മനുഷ്യാവകാശം, ഇതെല്ലാം തീരെ അന്യായമായി, നിയമസംഹിതകളുടെ അടിസ്ഥാനതത്വങ്ങളെല്ലാം വിലയില്ലാതാക്കി അയാൾ ലംഘിച്ചിരിക്കുന്നു.

"അയ്യയ്യോ, നിർത്തു കാൻഡോവ്, ഇതിനൊന്നും തുർക്കിഭാഷയിൽ വാക്കുകളില്ല." ഡെർമാൻ നിരാശയോടു കൈ വീശി തടുത്തു.

കോൺവെൻറ് ഒരുവിധത്തിൽ അതിൻെറ സ്വാഗതമർഹിക്കാത്ത അതിഥികളെ പുറത്താക്കി. അവരാകട്ടെ ആ ചെറിയ പട്ടണവും പരിസരങ്ങളും തിരയുവാനായി പുറപ്പെട്ടു.

## അദ്ധ്യായം 27

# അഭയാർത്ഥി

ഓഗ്യനോവിൻെറ മനസ്സാന്നിദ്ധ്യം ഒരിക്കൽക്കൂടി അയാളെ രക്ഷിച്ചു. നഗരം പിന്നിട്ട ഉടനെ അയാൾ തീരുമാനിച്ചതു പുരോഹിതൻെറ വസ്ത്രവും കണ്ണടയും വല്ല കുററിക്കാട്ടിലും ഒളിച്ചുവെയ്ക്കാനാണ്.

ഏതാണ്ട് വിജനമായ തെരുവിലൂടെ ആരും കാണാതെ നടക്കാൻ അയാൾക്കു സഹായകമായിരുന്ന ഹിമവാതം ഇപ്പോൾ പൂർവ്വവൽശക്തിയോടെ അടിക്കാൻ തുടങ്ങി. മലയിൽ കാററ് ചീറുകയായിരുന്നു. സ്റ്റാറാപ്ലാനീനയുടെ കൊടുമുടിയിൽ ആരോ ഉപ്പു വിതറിയിട്ടതുപോലെ തോന്നിച്ചിരുന്നു. ചാരനിറത്തിൽ മഞ്ഞണിഞ്ഞ ഒരാവരണത്തിൻെറ കീഴിലമർത്തപ്പെട്ട ആ മൈതാനം ശോകമൂകവും പരിത്യക്തവുമായിരുന്നു. ഭാഗ്യവശാൽ വേഗംതന്നെ സൂര്യൻ മേഘമാലക്കിടയിൽ പ്രകാശിച്ചു, തൻെറ ചൂടേറിയ കിരണങ്ങൾ ആ മൈതാനത്തിലേക്കു ചൊരിഞ്ഞു.

ഓഗ്യനോവ് പോയിരുന്നതു് പടിഞ്ഞാട്ടാണ്. നല്ല വഴികളെല്ലാം ഉപേക്ഷിച്ചു കുണ്ടും കുഴിയും നിറഞ്ഞ മുന്തിരിത്തോട്ടങ്ങളിലൂടെയാണ് അയാളുടെ യാത്ര. ഏകാന്തമായ വല്ല മൂലയിലും പോയി പരിത:സ്ഥിതികളെപ്പററി നല്ലപോലെ വിചിന്തനം ചെയ്യാനും കുറച്ചു വിശ്രമിക്കുവാനും അയാൾ തീർച്ചയാക്കി. സാഹചര്യങ്ങൾ വളരെ ഗൗരവപൂർണ്ണമായിരുന്നു. സ്റ്റെഫ്കോവിനോട്ട് അനുബന്ധിക്കപ്പെട്ടിരുന്ന ഒരു വിധി അയാളെ അനവരതം പിൻതുടരുകയാണ്.

വളരെയധികം ആവേശത്തോട്ടം സ്നേഹത്തോട്ടം കൂടി പട്ട ത്തുയർത്തിയ സൗധം തകർന്നടിയുന്നതു് ഒരു മണിക്കൂറിനു ള്ളിൽ അയാൾ മനസ്സിൽ കണ്ടു. ഡൈഡോസ്റ്റോയൻ, ഡീ ക്കൻ, ഡോക്ടർ മുതലായവരും, പിന്നേയും ചില ഉററ സ്നേ ഹിതന്മാരും ജയിലറയിലാകുന്നതും, റാഡ യാതനയനുഭവി ക്കുന്നതും, അയാളുടെ ശത്രുക്കൾ ആഹ്ലാദമത്തരാകുന്നതും അ യാൾ ഭാവനയിൽ കണ്ടു. എന്തു പരിതഃസ്ഥിതികളാണു് അ വരുടെ കൈയിൽക്കിടന്നു കളിക്കുന്നതെന്നു് അയാൾക്കു മന സ്സിലാക്കുവാൻ സാധിച്ചില്ല. ഡാന്യൂബിലെ വാർത്തയും, മെർ ഡിജിനിഡീവിൻെറ ദുഷിച്ച ചാരവൃത്തിയും അയാളുടെ വൈരികൾക്കു ശക്തങ്ങളായ ആയുധങ്ങളെയാണു് നല്കിയി രിക്കുന്നതു്. പ്രത്യാഘാതങ്ങളെല്ലാം അയാളുടെ മുമ്പിൽ ഭീ മാകാരംപൂണ്ടു് ഉയർന്നുനിന്നു. പുനർജ്ജീവിപ്പിക്കുവാൻ വയ്യാ ത്തവിധത്തിൽ ഈ പ്രസ്ഥാനം നശിച്ചുപോകുമോ? അയാ ളുടെ ദുർവിധി വേറെ വല്ലയിടത്തും പുതിയതായ വല്ല ക ണ്ടുപിടുത്തങ്ങൾക്കും ഇടയാക്കുമോ? ഓടിപ്പോന്നതു് തിക ഞ്ഞ ഭീരുതമായി എന്നയാൾക്കു് ഇപ്പോൾ തോന്നി. തിരി ച്ചുപോയി എന്തപകടങ്ങളാണു് അവിടെ സംഭവിച്ചിട്ടുള്ള തെന്നു് സ്വന്തം കണ്ണുകൾകൊണ്ടു് കാണുവാൻ അയാൾക്കു് ആഗ്രഹമായി. ഇപ്പോൾ അയാളുടെ ആലോചന അയാളെ പററിയല്ല. അയാളുടെ ധൈര്യത്തിനു് അതും അതിലപ്പുറവും സാധിക്കും. ഒരിക്കൽക്കൂടി അയാൾ സംഗതികളെക്കുറിച്ചു് ആലോചിച്ചു. ഒന്നുമില്ലെങ്കിൽ അയാളെ തിരിച്ചറിയാ തെയെങ്കിലും കഴിക്കണം. ഈ ആലോചന യാത്ര തുടരാൻ തന്നെ അയാളെ പ്രേരിപ്പിച്ചു. ഏററവും ദേശാഭിമാനിക ളായ ജനങ്ങൾ പാർക്കുന്ന, അടുത്തുള്ള 'ഓവ്ച്ചേരി'യിലേയ്ക്കു പോകാനാണു് അയാൾ തീരുമാനിച്ചതു്. സാധാരണയുള്ള യാത്രയിൽ ഇടക്കിടക്കു് അയാൾ അവിടെ തങ്ങാറുണ്ടു്. 'ഡ യലോക്കോ' അമ്മാവൻെറ വീട്ടിലെത്തിയാൽ വേഷച്ചുന്ന

നാകാനുള്ള സാമഗ്രികൾ കിട്ടും. സ്രെഡ്നഗോറയുടെ താഴ്വരയോട്ടുതമ്മിക്കിടക്കുന്ന ഓവ്ച്ചേരിയിലേയ്ക്കുള്ള മാർഗ്ഗം ഓഗ്യനോവിനെ സംബന്ധിച്ചിടത്തോളം അപകടങ്ങൾ നിറഞ്ഞതായിരുന്നു. ചിതറിക്കിടക്കുന്ന തുക്കിഗ്രാമങ്ങളിലൂടെയാണ് ആ വഴി. രണ്ടു കഴത്തറപ്പന്മാരുടെ ജഡങ്ങൾ കുഴിച്ചിട്ടുക്കപ്പെട്ടിട്ടുണ്ടു് എന്ന വാർത്ത തീർച്ചയായും ഈ കൊള്ളക്കാരുടെ ഇടയിൽ കാട്ടുതീപോലെ വ്യാപിച്ചിട്ടുണ്ടാവും, സംശയിക്കപ്പെട്ട വ്യക്തിയായി അയാളെ പിടിച്ചില്ല എങ്കിലും ഒരു വിശ്വാസി എന്ന നിലയിൽ അയാൾ വധിക്കപ്പെട്ടും. ആ ഭാഗത്തു് ഒരു ക്രസ്ത്യാനിയുടെയെങ്കിലും കഴത്തറുക്കാത്ത ദിവസം ഉണ്ടായിട്ടില്ല. തന്റെ പുതിയ വസ്ത്രം ഈ അപകടത്തിനു മാററു കൂട്ടുകയേയുള്ളൂ. സുനിശ്ചിതമായ മരണത്തിലേയ്ക്കു കുതിക്കുന്നതു് തനി ഭ്രാന്താണ്. ഏതായാലും രാത്രിയാകുന്നതുവരെ കാക്കാൻതന്നെ അയാൾ തീരുമാനിച്ചു. ഈ തീർച്ചയോടെ അയാൾ സ്റ്റാറാപ്ലാനീനയുടെ സമീപത്തേയ്ക്കു നീങ്ങി അവിടത്തെ കട്ടിപിടിച്ച പാഴ്ച്ചെടികൾക്കിടയിൽ അയാൾക്കു മറഞ്ഞു നില്ക്കാം.

രണ്ടു മണിക്കൂറുകളോളം കുത്തനെയുള്ള ഇട്ടുക്കുകളും മററു പ്രദേശങ്ങളും വളരെ വേദനയനുഭവിച്ചു കടന്നപ്പോൾ അയാൾ ആദ്യത്തെ കാട്ടിലെത്തി. അവിടെ ഉണങ്ങിയ പൊന്തക്കാട്ടിന്നരികെ അയാൾ മലർന്നു കിടന്നു. വിശ്രമിക്കാനും കൂടുതൽ ചിന്തിക്കുവാനും ഉദ്ദേശിച്ചുകൊണ്ടു്. അന്തരീക്ഷം അപ്പോഴേക്കും തെളിഞ്ഞുകഴിഞ്ഞിരുന്നു. സന്തുഷ്ടനായ ഹേമന്ത സൂര്യന്റെ തീക്ഷ്ണരശ്മികൾ പുല്ലിൻതുമ്പത്തെ മഞ്ഞിൻകണങ്ങളെ പ്രകാശമാനമാക്കി. ചില കുരുവികൾ അയാളുടെ തലയ്ക്കു മുകളിലൂടെ ചിറകിട്ടടിച്ചുകൊണ്ടു പറന്നുപോയി. ഭക്ഷണമന്വേഷിച്ചു ചില പറവകൾ പറന്നുവന്നു നിലത്തിരുന്നു. വളരെ ഉയരത്തിൽ ഒരു മലങ്കഴുകൻ വട്ടം ചുററുന്നുണ്ടായിരുന്നു. ഒന്നിലോ അതു് എവിടെയെങ്കിലും

ഒരു ശവം കണ്ടിരിക്കും, അല്ലെങ്കിൽ ഓഗ്യനോവ് ഒരു ജഡമാണെന്നു കരുതിയിരിക്കും. ഈ വിചാരം മനസ്സിലുദിച്ചപ്പോൾ അയാൾക്കു സങ്കടം വദ്ധിച്ചു. ആ കഴുകൻ എന്തോ ഒരു ദുർലക്ഷണമാണെന്നയാൾക്കു തോന്നി. തന്റെ ദയയററ വിധിയുടെ ഒരു ജീവനുള്ള പ്രതീകമാണ് ആ കഴുകൻ എന്നയാൾ വിഭാവനം ചെയ്തു. തന്റെ രക്തംപുരണ്ട ഇര ശരിയാവാൻ ആ ശവംതീനിപക്ഷി കാത്തുനില്ക്കുകയാണ്, എന്നിട്ടുവേണം ആനീല ഔന്നത്യത്തിൽനിന്നു താഴോട്ടിറങ്ങുവാൻ. ഇവിടെ എന്തും സംഭവ്യമാണ്. വിജനമായ കാട്ടുപ്രദേശം; കൊള്ളക്കാരായ തുക്കിനായാട്ടുകാർ ഇടക്കിടയ്ക്ക് അതിലെ കടന്നുപോകാറുണ്ട്. അപകടങ്ങൾ നിറഞ്ഞതാണാസ്ഥലം. ഓഗ്യനോവ് അക്ഷമയോടെ സൂര്യൻ അസ്തമിക്കുവാൻ കാത്തുനിന്നു. കുറെക്കൂടി രക്ഷയുള്ള സ്ഥലം അന്വേഷിക്കുവാനും ആലോചിയ്ക്കായ്കയില്ല. സമയം വലിഞ്ഞിഴഞ്ഞാണ് നീങ്ങുന്നതു്. സൂര്യനും ക്ഷീണിതനായി ഇഴയുകയാണോ? കഴുകൻ ഇപ്പോഴും തലയ്ക്കുമുകളിൽ വട്ടം ചുററുകയാണ്. ചിലപ്പോൾ ചിറകുകൾ ചലിപ്പിച്ചും, ചിലപ്പോൾ നിശ്ചലമായി പക്ഷങ്ങൾ വിടർത്തിയും അതു് ആകാശത്തിൽ ഒരു കറുത്ത ബിന്ദു ഉണ്ടാക്കി. ആ പറക്കുന്ന രൂപത്തിൽ തന്റെ ദൃഷ്ടിയൂന്നിനില്ക്കുമ്പോൾ മനസ്സ് അതിലും അഗാധമായ ചിന്തകളിൽ മുഴുകിയിരിക്കുകയായിരുന്നു. ചൂടുപിടിച്ച ആ തലച്ചോറിൽ പഴയ സ്മരണകൾ ഒന്നിനുപുറകെ ഒന്നായി ഓടിക്കളിക്കയാണ്. യൗവനം, കഷ്ടപ്പാടിന്റേയും യാതനകളുടേയും കൊയ്ത്തുകാലം, ഉയന്ന ആദശ്ങ്ങളിലുള്ള അചഞ്ചലവിശ്വാസം, ഇതെല്ലാം എന്തിനുവേണ്ടി അനുഭവിച്ചു--ബൾഗേറിയ, സുന്ദരിയായ ബൾഗേറിയക്കുവേണ്ടി എന്തെന്തു ത്യാഗവും കഷ്ടപ്പാടുകളും അവൾ അർഹിക്കുന്നില്ല. അവളിൽ വിശ്വാസമപ്പിച്ചവരുടെ രക്തംകൊണ്ടു ജീവിക്കുന്ന ഒരു ദേവതയാണവൾ. രക്തവണ്ണം കലന്ന അവളുടെ ആ പരിവേഷം നിര

വധി പോരുകൾകൊണ്ടു മിടഞ്ഞുണ്ടാക്കിയതാണ്. ഓഗ്യനോവും ആഗ്രഹിച്ചു, അക്കൂട്ടത്തിൽ തൻെറ പേരും ഉൾപ്പെട്ടുകാണുവാൻ. അയാൾ സ്വന്തംപേർ സ്വപ്നം കണ്ടു. എന്തു് അഭിമാനമാണു്, അവൾക്കുവേണ്ടി മരിക്കാൻ, അവൾക്കുവേണ്ടി ധീരധീരം പോരാടാൻ. ആ വിചാരം അയാൾക്കു ശക്തി നൽകി. മരണം—അതു മഹനീയമായ ഒരു ത്യാഗമാണ്—കുഴപ്പങ്ങൾ പരമപവിത്രമായ കർത്തവ്യങ്ങളും.

ഒരു വെടിയുടെ ശബ്ദം അയാളെ നടുക്കി. ഞെട്ടിവിറച്ചു് അയാൾ ചുററും നോക്കി. പർവ്വതപംക്തികളിൽനിന്നു് അതിൻെറ പ്രതിദ്ധ്വനി ഉയൎന്നു. വീണ്ടും നിശ്ശബ്ദത. നായാട്ടുകാർ വേട്ടയാടുകയാവാം, അയാൾ സ്വഗതമായി പറഞ്ഞു.

ഓഗ്യനോവിനു സമാധാനമായി. പക്ഷേ അതു് അധികംനേരം നീണ്ടുനിന്നില്ല. കാൽമണിക്കൂർ കഴിഞ്ഞപ്പോഴേക്കും വളരെ അകലെയല്ലാതെ ഒരു നായാട്ടുനായയുടെ ശബ്ദം മുഴങ്ങി; അതിനെത്തുടൎന്നു് ഒരു മനുഷ്യശബ്ദവും. അടുത്ത വില്ലേജിൽനിന്നു വരുന്ന എംകിസിസ്ഫയൽമാൻെറ ഓൎമ്മ ഓഗ്യനോവിൻെറ മനസ്സിലൂടെ അയാൾ അറിയാതെതന്നെ പാഞ്ഞു. കുര പരിചിതമാണോ—ഒരുപക്ഷേ അയാൾക്കു തോന്നിയതാവാം. അതു വളരെ അടുത്തു് കൂടുതൽ വ്യക്തമായി ആവൎത്തിച്ചു. കാറേററതുപോലെ അടിപണ്ചകൾ അനങ്ങി. നിലം മണത്തുകൊണ്ടു് രണ്ടു നായാട്ടുനായ്ക്കൾ പ്രത്യക്ഷരായി. ഓഗ്യനോവ് ആശ്വാസത്തോടെ നെടുവീൎപ്പിട്ടു.

ഒരു രസത്തിനുവേണ്ടി മനുഷ്യനെ ആക്രമിക്കുവാൻ പരിശീലിപ്പിച്ചിരുന്ന എംകീസിസിൻെറ നായ അക്കൂട്ടത്തിലുണ്ടായിരുന്നില്ല, സ്വതവേ നിൎദ്ദോഷികളും വിഡ്ഢികളുമാണെങ്കിലും ആ ശപിക്കപ്പെട്ട നായ അന്നു് ആശ്രമത്തിൽ വെച്ചു കണ്ടതുപോലെ പ്രതികാരത്തിനുവേണ്ടി ഉഴലുകയായിരുന്നു. സ്റ്റെഫ്കോവിൻെറ സഹായിയായിനിന്നു് അതു

തന്റെ അധഃപതനത്തിനു കളമൊരുക്കി. അവിടെ ചുരുണ്ടു കിടക്കുന്ന മനുഷ്യനെ കണ്ടപ്പോൾ നായ്ക്കൾ അടുത്തുവന്നു നാററിച്ചുനോക്കി സ്ഥലം വിട്ടു. പെട്ടെന്നു മനുഷ്യന്റെ കാലടിശബ്ദം അടുത്തടുത്തു വരുന്നതുപോലെ അയാൾക്കു തോന്നി. തിരിഞ്ഞുനോക്കാതെ അയാൾ ആ കുററിക്കാടുകളിലൂടെ പാഞ്ഞു. മൂന്നു വെടികളുടെ ശബ്ദം ഉയൎന്നു. എന്തോ ഒന്നു തന്റെ തുടയിലൂടെ തുളച്ചുകയറുന്നുവെന്നു് ഓഗ്യനോനോവിനു തോന്നി. പക്ഷേ അയാൾ ഓട്ടത്തിനു മുറുക്കംകൂട്ടി. തന്നെ ആരെങ്കിലും പിൻതുടരുന്നുണ്ടോ? എന്താണു് തന്റെ പിന്നിൽ നടക്കുന്നതു്. അയാൾക്കു അതിനെപ്പററി ഒരു നേരിയ പിടിപോലുമുണ്ടായില്ല. അയാളുടെ മുമ്പിൽ അതാ ഒരു വലിയ കുഴി. അതിൽ പററിപ്പിടിച്ചുകിടക്കുന്ന കുററിച്ചെടികളുടെയിടയിലൂടെ കടന്നു അയാൾ അതിന്റെ അഗാധതയിലെത്തി. നായാട്ടുകാരുടെ കണ്ണിൽനിന്നു് അയാൾ വഴുതിപ്പോയിരിക്കുന്നു. കുറെ നേരംകൂടി അയാൾ അവിടെ കാത്തുനിന്നു. പക്ഷേ യാതൊരു ശബ്ദവും കേൾക്കാനുണ്ടായിരുന്നില്ല. അപ്പോഴാണു് അയാൾക്കുതോന്നിയതു് ചൂടുള്ള എന്തോ തന്റെ തുടയിൽ നനവു പരത്തിയിട്ടുണ്ടെന്നു്. 'എനിക്കു വെടിയേററിരിക്കുന്നു' ഭയത്തോടെ അയാൾ പറഞ്ഞു. നോക്കിയപ്പോൾ ഷൂസു നിറയെ രക്തമായിരുന്നു. അതയാൾ അഴിച്ചുമാററി. ഇടത്തെ തുട ചോരയിൽ മുങ്ങിയിരുന്നു. രണ്ടു ഭാഗത്തുനിന്നും രക്തം ചീററിച്ചിതറി. ഉണ്ട തുട തുളച്ചു മറുഭാഗത്തു് എത്തിയിരിക്കുന്നു. തന്റെ കുപ്പായത്തിന്റെ ഒരു കഷ്ണം കീറി അയാൾ ആ മുറിവിൽ കുത്തിത്തിരുകി. വേദന അസഹനീയമായിത്തുടങ്ങി. ഇനിയുമുണ്ടു് നീണ്ടതും ബുദ്ധിമുട്ടുകൾ നിറഞ്ഞതുമായ കുറെ വഴികൂടി തരണംചെയ്യുവാൻ. രക്തച്ചൊരിച്ചൽ അയാളെ ദുർബലനാക്കി. പോരാത്തതിന്നു് അന്നയാൾ സ്വന്തം നിലനിൽപ്പിനുവേണ്ട ആഹാരം ഒന്നുംതന്നെ കഴിച്ചിരുന്നതുമില്ല. രാത്രിയായി. പിറേറ ദി

വസ്ത്രം തൂക്കിപ്പെട്ടാലും പരിശോധിക്കാൻ ഇടയുള്ള ആ സ്ഥലം വിട്ടുവാൻതന്നെ അയാൾ തീച്ചയാക്കി. ആദ്യം അയാൾ കടന്നുപോയ തുക്കി വില്ലേജിൽ ഒരൊററ ജീവിയുടെ അനക്കംപോലുമുണ്ടായിരുന്നില്ല. ഇരുട്ടായാൽ സാധാരണ തുക്കി ഗ്രാമങ്ങളെല്ലാംതന്നെ വിജനമായ ശ്മശാനംപോലിരിക്കും. ഒരു പലവ്യഞ്ജനക്കടയിൽനിന്നുമാത്രം അയാൾ ശബ്ദം കേട്ടു. വിശപ്പുകൊണ്ടു മരിക്കാറായി എങ്കിലും ആ വാതിൽക്കൽ മുട്ടിനോക്കാൻ അയാൾ ധൈര്യപ്പെട്ടില്ല. അനവധി വില്ലേജുകളിൽക്കൂടി ബുദ്ധിമുട്ടി അയാൾ രണ്ടു മണിക്കൂർ വീണ്ടും നടന്നു. കുറെക്കഴിഞ്ഞപ്പോൾ എന്തോ വെളുത്തു പതയുന്ന ഒന്നു മുമ്പിൽ കണ്ടു. അതു സ്ത്രീമാ നദിയായിരുന്നു. ബുദ്ധിമുട്ടി അതു നീന്തിക്കടന്നു മറുകരയിലെത്തിയ അയാൾ അവിടെ ഇരുന്നുപോയി. നദീജലത്തിൻെറ തണുപ്പ് കാലിനെ മരവിപ്പിച്ചു. മുറിവിൻെറ വേദന അധികമായി. തൻെറ തുടയിൽ നീരുണ്ടു് എന്നും അതു വദ്ധിച്ചുവരുകയാണെന്നും അയാൾ മനസ്സിലാക്കി. അങ്ങിനെയായാൽ ആ റോഡിൽ തങ്ങാൻതന്നെ അയാൾ നിർബ്ബന്ധിതനായേക്കും. അയാൾ എഴുന്നേററു നദിക്കരയിൽ ഉണ്ടായിരുന്ന ചില ഉണങ്ങിയ കുഴൽപോലുള്ള ചെടികൾ വെട്ടിയെടുത്തു പണ്ടു് "ഹാജി ഡിമിററു"ടെക്കൂടെയുണ്ടായിരുന്നപ്പോൾ പഠിച്ചപോലെ ട്രൗസർ താഴ്ത്തി മുറിവു കഴുകാൻ തുടങ്ങി. ഒരു നീണ്ട കുഴൽ നിറയെ വെള്ളമെടുത്തു് ഒരു മുറിവിൽവെച്ചു ഊതി വെള്ളം മറെറ മുറിവിൽക്കൂടി പുറത്തേക്കു വിട്ടു. അനേക പ്രാവശ്യം ഇതു് ആവത്തിച്ചു. തനിയെ തന്നെ മുറിവു കഴുകി കെട്ടിയശേഷം, അപ്പോഴേക്കും താനെത്തിച്ചേന്നിരുന്ന സ്രഡ്നഗോറയുടെ ചുരങ്ങളിൽക്കൂടി മുന്നേറുവാൻ തുടങ്ങി. ഇരുട്ടിനു കട്ടികൂടി. അയാൾ ഓവ്ച്ചേരിയിലേക്കുള്ള വഴിയിലൂടെയാണു് നടന്നതു്. പക്ഷേ കണ്ണു തീരെ കാണാൻ വയ്യ. പെട്ടെന്നയാൾ അപരിചിതമായ ഒരു കുററിക്കാട്ടിൽ

പെട്ടു. വഴി തെററിപ്പോയി നിശ്ചയം. പരിഭ്രമത്തോടെ അയാൾ ചുററും ശ്രദ്ധിച്ചുനോക്കി. അയാൾ സ്രെഡ്ഡ്നോയിലെത്തിക്കഴിഞ്ഞിരിക്കുന്നു. അവ്യക്തമായി ചില മനുഷ്യശബ്ദങ്ങൾ അയാളുടെ ചെവിയിൽ വന്നു പതിച്ചു. ഈ അർദ്ധരാത്രി കരിചുട്ടുന്നവരൊഴികെ വേറെ ആരും അവിടെ ഉണ്ടാവുകയില്ല എന്നയാൾക്കു നിശ്ചയമായിരുന്നു. അകലത്തായിക്കണ്ട ഒരു ചെറിയ ചുവന്ന വെളിച്ചം അയാളപ്പോൾ ഓർമ്മിച്ചു. അവരാരായിരിക്കും. ബൾഗേറിയാക്കാരോ, തുർക്കികളോ? അയാളാണെങ്കിൽ വഴി തെററി ക്ഷീണിച്ചു തളർന്നിരിക്കുന്നു. അവർ ക്രിസ്ത്യാനികളാണെങ്കിൽ തീർച്ചയായും അയാളോടു സഹതാപം തോന്നും. കുറച്ചുയരത്തിൽ കയറി നോക്കിയപ്പോൾ തീ വളരെ സമീപത്തായി കണ്ടു. തീക്കു ചുററുമിരിക്കുന്ന മനുഷ്യരുടെ നിഴലുകൾ മരങ്ങളുടെ ഇടയിൽക്കൂടി വ്യക്തമായി കാണാമായിരുന്നു. ചില ബൾഗേറിയൻ വാക്കുകളും അയാൾ കേട്ടു. തന്റെ സാന്നിദ്ധ്യം എങ്ങിനെയാണു് അവരെ അറിയിക്കുവാൻ സാധിക്കുക. അയാളാണെങ്കിൽ രക്തംകൊണ്ടു മൂടിയിരിക്കയാണു്. ചിലപ്പോൾ അയാളുടെ കയറിച്ചെല്ലൽ ആ ബൾഗേറിയക്കാരെ ഓടിച്ചേക്കാം; അല്ലെങ്കിൽ അതിൽനിന്നു അയാളെ സംബന്ധിച്ചിടത്തോളം വല്ല ചീത്ത പ്രത്യാഘാതവും ഉണ്ടാകാം. അവർ മൂന്നു പേരുണ്ടായിരുന്നു. ഒരാൾ മൂടിപ്പുതച്ചു കിടക്കുകയാണു്. അണയാറായ അഗ്നിയുടെ ചുററുമിരുന്നു രണ്ടുപേർ സംസാരിക്കുന്നു. ഒരു ഭാഗത്തു് പുതപ്പിട്ടു മൂടിയ ഒരു കുതിര നിന്നു് എന്തോ കടിച്ചുതിന്നുണ്ടു്. അവരുടെ സംഭാഷണം കേൾക്കാൻ അയാൾ ചെവി കൂർമ്പിച്ചു.

"ഒന്നു രണ്ടു മരങ്ങൾകൂടി ആ തീയിലേക്കു ഇടു. അതു മതി. ഞാനാ കുതിരക്കു കുറച്ചു പുല്ലുകൂടി കൊടുക്കട്ടെ." കൂട്ടത്തിൽനിന്നൊരു വയസ്സൻ എണീററു പറഞ്ഞു.

ഓ അയാളെ ഞാൻ അറിയുമല്ലോ. അയാൾ 'വെറിഗോ

വോ'വിൽനിന്നാണ്. 'നെങ്കോ', ഡൈഡോഐവാൻെറ മകൻ—''സന്തോഷത്തോടെ ഓഗ്യനോവ് തന്നത്താനെ പറഞ്ഞു.

സ്രേഡ്നഗോറയുടെ മറുവശത്തുള്ള ഒരു ഗ്രാമമായിരുന്ന 'വെരിഗോവോ', അതും ഓഗ്യനോവിന്നു വളരെ പരിചിതമായിരുന്നു.

ചെമ്മരിയാടിൻെറ രോമംകൊണ്ടു വീട്ടിൽ മെടഞ്ഞ സഞ്ചിയിൽനിന്നു കുറെ വൈക്കോൽ എടുക്കുവാനായി കുതിരയുടെ സമീപമെത്തി നെങ്കോ കുനിഞ്ഞുനിന്നു. അതേ സമയത്തുതന്നെ ഓഗ്യനോവ് കുററിക്കാടിന്നിടയിലൂടെ നൂണ്ടു് ചെന്നു പറഞ്ഞു.

''ബായ് നെങ്കോ ഗുഡ്ഈവിനിങ്ങ്''

നെങ്കോ ഞെട്ടിത്തിരിഞ്ഞു.

''നിങ്ങൾ ആര്''

''എന്നെ മനസ്സിലായില്ലെ ബായ്നെങ്കോ.''

അഗ്നികുണ്ഡത്തിൽനിന്നുള്ള നേരിയ വെളിച്ചം ഓഗ്യനോവിൻെറ മുഖത്തു പതിച്ചു.

''അല്ലാ ഇതു സ്കൂൾമാസ്റ്ററല്ലെ. വരു, ഞങ്ങളെല്ലാവരും സ്നേഹിതന്മാരാണ്. അതു നമ്മുടെ 'ടിസ്‌വിറെൽ' ഇതു ബായ്ഡോയ്ച്ചൻ. ഈശ്വരാ നിങ്ങൾ മഞ്ഞുപോലെ തണുത്തിരിക്കുന്നുവല്ലൊ. ആകെ മരവിച്ചു.'' ആ കൃഷകൻ ഓഗ്യനോവിനെ തീയുടെ അടുത്തേക്കു നീക്കിക്കൊണ്ടു പറഞ്ഞു.

''ടിസ്‌വിറേ, തീയെരിയിക്കൂ. നല്ല തീയുയരട്ടെ. ഇതാ ചൂടേല്ക്കാൻ നമുക്കു് ഒരു കൃസ്ത്യനെ കിട്ടിയിരിക്കുന്നു. ഇദ്ദേഹത്തെ അറിയില്ലെ''

''സ്കൂൾ മാസ്റ്റർ'' യുവാവ് സന്തോഷത്തോടെ പറഞ്ഞു. ''ഈ ഭാഗത്തു് എന്തു ചെയ്യുന്നു.'' അയാൾ എണീററു ഓ

ഗ്യനോവിന്നിരിക്കുവാൻ കുറെ ഉണങ്ങിയ ഇലകൾ പെറുക്കി വിരിച്ചുകൊട്ടത്തു.

"നിങ്ങൾ ദീർഘായുസ്സായിരിക്കട്ടെ."

"ആ മൃഗങ്ങൾ അദ്ദേഹത്തെ പിടിച്ചിരിക്കുന്നു. പക്ഷെ ദൈവാധീനം ഒന്നും അധികം പററിയിട്ടില്ല."

നെങ്കോ ദേഷ്യത്തോടെ തുടന്നു:

"ഡൈഡോ ഡോയ്ച്ചൻ" എണീക്കു. നമുക്കു് ഒരു അതിഥിയുണ്ടു്. കാലുകൊണ്ടു തട്ടി ഉറങ്ങുന്നവനെ നെങ്കോ എണീപ്പിച്ചു.

താമസിയാതെ അവരുടെ മുമ്പിൽ ഒരു വലിയ തീകുണ്ഡം ഉയന്നു. തൻെറ അനുഭവങ്ങളെപ്പററി ചുരുക്കത്തിൽ വണ്ണിച്ചുകൊട്ടക്കുന്ന ഓഗ്യനോവിൻെറ വിളറിയ മുഖത്തേക്കു സഹതാപത്തോടെ നോക്കിയിരിക്കയായിരുന്നു ആ കരിപ്പണിക്കാർ. ഓഗ്യനോവിന്നു തീയുടെ ജീവദായകമായ ശക്തി അനുഭവപ്പെട്ടു, മരവിച്ച അംഗങ്ങൾ ഉണന്നു. മുറിവിൻെറ വേദനയും അപ്പോൾ അങ്ങിനെ അലട്ടത്തക്കതായിരുന്നില്ല. തൻെറ കീറിയ ചാക്കിൽനിന്നു് ഒരു കഷണം റൊട്ടിയും ഒരു ഉള്ളിയും എടുത്തുകൊണ്ടു് ഡോയ്ച്ചൻ പറഞ്ഞു.

"ഇതെ ഞങ്ങളുടെ കൈവശം ഇപ്പോൾ ഉള്ളു. ചൂടിനു—ദൈവം വേണ്ടതെല്ലാം നൽകിയിട്ടുണ്ടു്. അക്കാര്യത്തിൽ നാം ഒരു രാജാവിനെക്കാൾ ഭേദമാണു്—ഇതാ ഇതു കഴിക്കു മാസ്റ്റർ."

ഓഗ്യനോവിന്നു വളരെ ഭേദംതോന്നി. വല്യതായ ഒരു സംതൃപ്തി അയാൾക്കനുഭവപ്പെട്ടു. വിശാലഹൃദയമുള്ള സ്വവണ്ണദീപശിഖ, ചുററുമുള്ള കനത്ത പച്ച പുതച്ച കാനനങ്ങൾ, ആത്മാത്ഥസ്നേഹംകൊണ്ടു ജ്വലിക്കുന്ന ആ തൊഴിലാളികളുടെ കറുത്ത മുഖങ്ങൾ, പണിയെടുത്തു കരുവാളിച്ച

കൈകൾകൊണ്ടു തികഞ്ഞ ബൾഗേറിയൻ ആതിഥ്യമര്യാദയോടെ നീട്ടപ്പെട്ട ആ ലളിതമായ ഭക്ഷണം—ഇതെല്ലാം ഗാഢമായി അയാളുടെ ഉള്ളിൽ തട്ടി. ദേഹത്തിൻെറ അസ്വാസ്ഥ്യം തടഞ്ഞില്ലെങ്കിൽ ഓഗ്യനോവ് എണീററുനിന്നു ഉറക്കെ പാടുമായിരുന്നു. 'ഓ കാനനമെ, പച്ചകാനനമെ' എന്നു്.

കുതിരപ്പുറത്തിരിക്കുന്ന ഓഗ്യനോവിനോടുകൂടി നെങ്കോ 'വെരിഗോവോ' ഗ്രാമത്തിലെ ഒരു വീടിൻെറ പടിയിൽ ചെന്നു മുട്ടുമ്പോൾ നേരം ഏകദേശം പ്രഭാതത്തോടടുത്തിരുന്നു. തൊടിയിലെ നായ്ക്കൾ കുരയ്ക്കാനാരംഭിച്ചപ്പോൾ "ഡൈഡോമാരിൻ"തന്നെ പ്രത്യക്ഷനായി. ആ മുട്ടലിൻെറ അസാധാരണത്വംകൊണ്ടുതന്നെ അയാൾക്കു മനസ്സിലായിരിക്കുന്നു ഒരു പ്രത്യേക അതിഥിയാണു് വന്നിരിക്കുന്നതെന്നു്. ആദ്യത്തെ ഉപചാരവാക്കുകളും അതിനെ തുടൎന്നൊരു വിശദീകരണവും അവർ നൽകി.

"ഈശ്വരൻ അവരെ നശിപ്പിക്കട്ടെ, അവരുടെ ആത്മാവു് ചെകുത്താൻ കരണ്ടു തിന്നട്ടെ. നായ്ക്കൾ അവരെതിന്നട്ടെ, ഒരു കൂട്ടം നാസ്തികർ." ശ്രദ്ധയോടെ ഓഗ്യനോവിനെ പൊക്കിയെടുക്കുന്നതിന്നിടയിൽ ഡൈഡോമാരിൻ മന്ത്രിച്ചു. കുതിരയുടെ കുലുങ്ങൽകൊണ്ടു് ഓഗ്യനോവിൻെറ വേദന അധികമായിരിക്കുന്നു.

ഇതിന്നു മുമ്പൊരിക്കൽ ഒരു രാത്രി കഴിച്ചുകൂട്ടിയ അതേ മുറിയിലേക്കുതന്നെയാണവർ അയാളെ കൊണ്ടുപോയതു്. അയാളുടെ മുറിവു ശ്രദ്ധാപൂർവ്വം പരിശോധിച്ചു ഡൈഡോമാരിൻ മരുന്നുവെച്ചുകെട്ടി.

"ഓ അതു് ഒരു നായുടെ മുറിവിനേക്കാൾ എളുപ്പത്തിൽ ഉണങ്ങും"—അയാൾ പ്രസ്താവിച്ചു.

അപ്പോഴേക്കും നേരം നല്ലവണ്ണം പുലൎന്നു.

# അദ്ധ്യായം 28

## വെരിഗോവോവിൽ

ഡൈഡോമാരിൻ പ്രവചിച്ചപോലെ അത്ര എളുപ്പത്തിലല്ലെങ്കിലും ഓഗ്യനോവിൻെറ മുറിവു കുഴപ്പമൊന്നും കൂടാതെ ഉണങ്ങിത്തുടങ്ങിയിരുന്നു. ആ രോഗിയുടെ വേദന കുറയ്ക്കാൻ അദ്ദേഹത്തിൻെറ അതിഥിതാല്പര്യമുള്ള കുടുംബാംഗങ്ങളെല്ലാം കഴിവതും ശ്രദ്ധ കാണിച്ചു. കുറച്ചു വൈദ്യം അറിയാവുന്ന ഡൈഡോമാരിൻതന്നെയാണു് ചികിത്സകളെല്ലാം നടത്തിയിരുന്നതു്. അദ്ദേഹത്തിൻെറ ഭാര്യ നല്ല പാചകിയെന്ന നിലയിലുള്ള തൻെറ പ്രവണതകളെല്ലാം എടുത്തു കാട്ടി. നല്ല വെളുത്ത സ്രെഡ്നഗോറവൈനിൻെറ വീഞ്ഞുപ്പെട്ടികൾ ഓരോന്നായി ഒഴിഞ്ഞു. നിത്യവും രാവിലെ തലയില്ലാത്ത ഒരു കോഴിക്കുഞ്ഞു് പറമ്പിൽക്കിടന്നു പിടയുന്നുണ്ടാവും. ക്രിസ്തുമസ്സു് നോമ്പുകാലമാകയാൽ തനിയെ ഭക്ഷണം കഴിക്കുന്ന ഓഗ്യനോവിൻെറ തീൻമേശയിൽ പ്രത്യക്ഷമാകാനുള്ളതാണു് അതു്.

ശ്രദ്ധയാലും സ്നേഹത്താലും ചുററപ്പെട്ടു്, അനുദിനം ശക്തി വദ്ധിച്ചു് മൂന്നാഴ്ചക്കാലം ഓഗ്യനോവു് ഈ ബൾഗേരിയൻ ഗൃഹത്തിൽ കഴിച്ചുകൂട്ടി. പക്ഷെ ബൈലചെർക്കേവയിൽ നടക്കുന്നതെന്താണു് എന്നറിവാനുള്ള ഉൽക്കണ്ഠകൊണ്ടു് അയാൾ നീറുകയായിരുന്നു. റാഡയുടെയും, അയാളുടെ സ്നേഹിതന്മാരുടെയും സ്ഥിതിയെന്തു്? നിർഭാഗ്യവശാൽ താനുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ട തങ്ങളുടെ പ്രസ്ഥാനം എങ്ങിനെയിരിക്കുന്നു? ആരെയെങ്കിലും പറഞ്ഞയച്ചു്

സംഗതികൾ അറിവാൻ അയാൾ പല തവണയും മാരി നോട്ട് അപേക്ഷിച്ചു. പക്ഷെ അതൊന്നും ആ വൃദ്ധൻ സമ്മതിച്ചില്ല.

"ഞാനിപ്പോൾ ആരെയും അയക്കുന്നില്ല. ഒരാഴ്ച കഴിഞ്ഞു സദ്യക്കുവേണ്ട ഒന്നോ രണ്ടോ സാധനങ്ങൾ വാങ്ങിക്കുവാൻ ഞാൻ തന്നെ പോകുന്നുണ്ട്. എന്റെ മകനെ അതുവരെ ഒന്നു ക്ഷമയോടെ ഇരിക്കു. വേഗം സുഖക്കേട്ട് മാറണമെങ്കിൽ ശാന്തതയോടെ ഇരിക്കണം. ദൈവം ദയാനിധിയാണു്."

"ഇനിയത്തെ ആഴ്ചയാവുമ്പോഴേക്കും എനിക്കു തന്നെ പോകാറാവുമല്ലൊ" ഓഗ്യനോവ് പറഞ്ഞു.

"നീ വിചാരിക്കുന്നുണ്ടോ ഞാനതു സമ്മതിക്കുമെന്നു്. അതു് വേറെ കാര്യം. ഞാൻ നിന്റെ ഡോക്ടറാണു്, എന്തിനും നിനക്കെന്റെ സമ്മതം വേണം. ഞാനാണു് കല്പന നല്കുന്നവൻ" ഒരച്ഛന്റെ ഗൗരവത്തോടെയാണു് ആ കൃഷകൻ ഇത്രയും പറഞ്ഞതു്.

"ഞാൻ ജീവിച്ചിരിപ്പുണ്ട് എന്നെങ്കിലും റാഡയെ അറിയിക്കുവാൻ സാധിച്ചെങ്കിൽ"

"മിസ്ട്രസ്സിനു, നിങ്ങൾ തുർക്കികളുടെ കയ്യിലല്ലാത്തിടത്തോളം കാലം ജീവിച്ചിരിപ്പുണ്ട് എന്നു് തീൎച്ചയായും അറിയാം."

ഓഗ്യനോവിനു കീഴടങ്ങേണ്ടിവന്നു.

വിശ്വസ്തരായ അപൂൎവ്വം ചില കൃഷകർ അവിടം സന്ദൎശിച്ചിരുന്നു. വളരെ അധികം ബുദ്ധിമുട്ടിയിട്ടാണു് അവർ രോഗിയെ കാണാനുള്ള അനുവാദം മാരിനോട്ട വാങ്ങിയിട്ടുള്ളതു്. സ്കൂൾമാസ്റ്ററുടെ ആവേശപൂൎണ്ണമായ വാക്കുകൾ കേൾക്കുവാൻ അവർ അക്ഷമരായി ഉഴന്നുകൊണ്ടിരിക്കയാണു് അവരയാളുടെ മുഖിവിട്ടുപോകുന്നതു് പ്രകാശിക്കുന്ന കണ്ണുക

ളോട്ടം ആശ്ചര്യമറിയ മുഖഭാവത്തോട്ടംകൂടിയാണ്. കമ്മാറിയ്യ ടെ പ്രസിദ്ധനായ ഫാദർ ജോസഫ് ആണ് ഓഗ്യനോവിന്റെ വേറെ ഒരു സന്ദർശകൻ.

അയാളെയാണ് അവർ നേതാവായി വെച്ചിരുന്നത്. പള്ളിയിലെ പരിശുദ്ധവസ്തുക്കൾക്കിടയിലാണ് അയാൾ കൊടി സൂക്ഷിച്ചിരിക്കുന്നത്. ഒരു വൃദ്ധ അദ്ധ്യാപകനായ ഡൈഡോ മൈനയും ഇടക്കിടെ അയാളെ കാണാൻ ചെന്നിരുന്നു. ഇവരും മാരിന്റെ കുട്ടംബാംഗങ്ങളുമല്ലാതെ ആരും തന്നെ തന്റെ രഹസ്യം മനസ്സിലാക്കിയിട്ടില്ല എന്നായിരുന്നു ഓഗ്യനോവിന്റെ ധാരണ; അങ്ങിനെയാണ് ആ ആതിഥേയൻ വിശ്വസിപ്പിച്ചിരുന്നതും. തനിക്കു കൊണ്ടുവരുന്ന ഭക്ഷണസാമഗ്രികൾ അനുദിനം, മെച്ചപ്പെട്ടവരുകയാണെന്ന പരമാർത്ഥം കുറച്ചൊരു അത്ഭുതത്തോടെയാണ് ഓഗ്യനോവ് മനസ്സിലാക്കിയത്. പായസം, ചിസ്, താറാവ്, മുയൽ, പലതരം വീഞ്ഞുകൾ ഇതെല്ലാം അയാളുടെ മേശമേൽ സ്ഥാനംപിടിച്ചിരുന്നു. ഈ അനുപമസുഖസമൃദ്ധി അയാളെ വേദനപ്പെടുത്തി; എന്നുതന്നെയല്ല ആ നല്ലവക്ക അയാൾക്കുവേണ്ടി ചെയ്യേണ്ടിവരുന്ന അനാവശ്യച്ചിലവുകൾ ഓത്തപ്പോൾ അയാൾ ലജ്ജിതനായി. ചിലപ്പോൾ പുറത്തുപോകുമ്പോൾ അയാൾ കോഴിക്കൂട്ട് ഒഴിഞ്ഞു കിടക്കുന്നതു കണ്ടിട്ടുണ്ട്. ഒരു ദിവസം അയാൾ ഡൈഡോ മാരിനോടു പറഞ്ഞു.

"അമ്മാമ, താങ്കൾ താങ്കളെ തന്നെ നശിപ്പിക്കുകയാണ്. കുറച്ചുകൂടി ബോധപൂവ്വം പെരുമാറിയില്ല എങ്കിൽ ഞാൻ ഇവിടെനിന്നു് ഇനിയൊന്നും കഴിക്കുകയില്ല. എനിക്കാവശ്യമുള്ള അപ്പവും ചീസും ഞാൻ കടക്കാരന്റെ പക്കൽനിന്നു വാങ്ങിക്കൊള്ളാം."

"പിന്നെ ഞാൻ നശിക്കുകയാണോ എന്നൊന്നും ആലോചിച്ചു നിങ്ങൾ ബുദ്ധിമുട്ടേണ്ട. ഞാൻ നിങ്ങളുടെ ഡോ

ക്കാറാണ്. എനിക്കറിയാവുന്നതരത്തിലെല്ലാം ഞാൻ നിങ്ങളെ ചികിത്സിക്കും.''

വികാരപരവശനായി തീൻ ഓഗ്യനോവ് പിന്നീട് ഒരിക്കലും ഈ ഉപദേശം ആവർത്തിച്ചില്ല.

വില്ലേജിലെ എല്ലാവരും തങ്ങളുടെ നേതാവിനു നല്ലനല്ല ഭക്ഷണം കൊണ്ടുകൊടുക്കുവാൻ തമ്മിൽതമ്മിൽ മത്സരിക്കയാണെന്നകാര്യം ഓഗ്യനോവ് അറിഞ്ഞിരുന്നില്ല.

അയാളുടെ രഹസ്യം അവിടെ ഒരു പൊതുസ്വത്തായിരുന്നു. ചതിയുടെ പ്രശ്നമേ അതിലില്ല. അയാളുടെ ജനസമ്മതി വളരെ ഉയർന്നു. സാധാരണ ഉദാസീനരുടെ ദൃഷ്ടിയിൽപോലും, ആ രണ്ടു ഭയങ്കര കൊലപാതകികളുടെ മരണം, അയാളെ ഉയർത്തിനിർത്തി. ബാക്കിയെല്ലാ ഗുണങ്ങളെക്കാളും ധീരതയ്ക്കാണ് സാധാരണ ജനങ്ങൾ പ്രാധാന്യം നൽകുക.

ഓഗ്യനോവിന്റെ മുറിവ് വളരെ സാവധാനത്തിലാണ് ഉണങ്ങിയിരുന്നതു്. അതുമൂലം തന്റെ അക്ഷമനിറഞ്ഞ സ്വഭാവം അയാൾക്ക് അടക്കിനിർത്തേണ്ടിവന്നു. അയാൾ ഉൽക്കണ്ഠകൾക്ക് ഒരു ഇരയായിത്തീർന്നു. എല്ലാസന്ദർശകന്മാരിലും അധികമായി അയാളുടെ ജ്വരബാധിതമായ അക്ഷമയ്ക്കു ഒരു സമാധാനമേകിയതു് ഡൈഡോമൈനയാണ്. ഒരു ദിവസം അനവധി മണിക്കൂറുകൾ ഓഗ്യനോവ് ആ വൃദ്ധനൊന്നിച്ചു കഴിച്ചു. അവർ അത്യന്തപരിചിതരായതിനാൽ ആ വൃദ്ധനെക്കൂടാതെ കഴിച്ചുകൂട്ടുക അശക്യമായി ചെറുപ്പക്കാരനു തോന്നി. വയസ്സൻ മൈന ഒരു പഴയതലമുറയുടെ സ്മാരകമായിരുന്നു. ആദ്യമായി ബൾഗേറിയയിൽ സെൽസ്കൂൾ തുടങ്ങിയ, ബൈബിളും, സ്തോത്രസംഹിതയും സ്വാധീനം ചെലുത്തിയിരുന്ന പഴയ സ്കൂൾ മാസ്റ്റർമാരുടെ തലമുറയിലെ അവസാന കണ്ണിയായിരുന്നു അദ്ദേഹം. എഴുപതിൽ അധികം വയസ്സായി. നരച്ച തലയും തടിച്ച മുഖവുമുള്ള

അദ്ദേഹം പഴയ മാതിരിയിലുള്ള വലുതായ ട്രൗസറുകളാണു് ധരിക്കുക. നീണ്ട പ്രവൃത്തിനിരതമായ ഒരു ജീവിതത്തിനു ശേഷം, തൻെറ അവസാനകാലം പ്രശാന്തമായി കഴിച്ചുകൂട്ടുവാൻ അദ്ദേഹം ഈ ഗ്രാമത്തിൽ താവളമുറപ്പിച്ചിരിക്കയാണു്. പഴയകാലത്തിന്നനുസരിച്ച അറിവുകൊണ്ടൊന്നും ഇപ്പോൾ വലിയ കാൎയ്യമില്ല. ഇന്നും സൗജന്യമായി അയാൾ പള്ളിയിൽപോയി പാടും. നൂതനമായ രീതികൾക്കൊന്നും അവിടെ പ്രവേശനമുണ്ടായിരുന്നില്ല. വിശേഷ ദിവസങ്ങളിൽ ഗ്രാമത്തിലെ ജനങ്ങളെല്ലാം, അദ്ദേഹം പറയുന്ന കഥകൾ കേൾക്കാൻ—വിശുദ്ധ ബൈബിളിൽനിന്നുള്ള ഉദ്ധരണികളോടുകൂടിയുള്ള കഥകൾ കേൾക്കാൻ—വാപൊളിച്ചു് അദ്ദേഹത്തിൻെറ ചുററും കൂടുക പതിവാണു്. അദ്ദേഹത്തിൻെറ വായിച്ചറിവു് അതിനെ സംബന്ധിച്ചു മാത്രമായിരുന്നു—അതുതന്നെയാണു് അദ്ദേഹത്തിൻെറ മനസ്സിനെ പരിപോഷിപ്പിക്കുന്നതും. ഓഗ്യൂനോവ് ഈ തല നരച്ച വൃദ്ധൻെറ ബുദ്ധിപൂൎവ്വമായ സൂക്തങ്ങൾ യഥാൎത്ഥമായ ആവേശത്തോടെ കേട്ടുകൊണ്ടിരുന്നു. മറന്നുപോയ കാലഘട്ടത്തിൻെറ ഒരു ജീവസ്സുററ പ്രതീകമായിരുന്നു ഇദ്ദേഹം, ഒരു മനുഷ്യൻ യാതന അനുഭവിക്കുമ്പോൾ അതു മാനസികമോ, കായികമോ ആവട്ടെ അയാൾക്കു മതപരമായ കാൎയ്യങ്ങളിൽ ഒരു സ്വാഭാവിക മമത അങ്കുരിക്കുന്നു. ആ വലിയ പുസ്തകങ്ങളിലെ വാക്യങ്ങളിൽ അയാൾ അനുപമമായ ശാന്തി കണ്ടെത്തുന്നു. ഒരു മാന്ത്രികമായ ലേപനമെന്നപോലെ അതു വേദനയകററുന്നു. വൃദ്ധനായ മൈനയുടെ വാക്കുകൾക്കു തിളക്കം നൽകുന്ന ഈ നിർവൃതിദായകമായ വാക്കുകളുടെ ശക്തിക്കു ഓഗ്യനോവ് അടിമപ്പെട്ടുന്നതു് ഇദംപ്രഥമമായാണു്. ആദ്യത്തെ സന്ദൎശനവേളയിൽ അല്പം കൎക്കശമായി ആ വൃദ്ധൻ പറഞ്ഞു.

"ഇതാ വേറെ ഒരു ക്രസ്ത്യൻ ഇര. ഓ എത്ര നിഷ്കള

ങ്കമായ രക്തമാണ് ചൊരിഞ്ഞിട്ടുള്ളതു്. എത്രകാലം ഈ വിധിവൈപരീത്യം സഹിക്കണം ഈശ്വര. അവിടുന്ന് അവിട്ടത്തെ വലതുകരം എന്തിന് ഇങ്ങിനെ പിൻവലിച്ചിരിക്കുന്നു. സർവ്വശക്തനായ പ്രഭുവെ ഉണരു, വിധി പ്രസ്താവിക്കു—അവരുടെ അഹന്തക്കെതിരായി ആ കരമുയരട്ടെ."

അതു കഴിഞ്ഞു് രോഗിയെ സമീപിച്ചു് വളരെ കരുതലോടെ അന്വേഷണം നടത്തി അദ്ദേഹത്തിൻെറ നേക്കു തിരിയാൻ ശ്രമിച്ചതിലുണ്ടായ വേദനകൊണ്ടു ഓഗ്യനോവ് ഭയങ്കരമായി ഞരങ്ങി.

"സന്തോഷമായിരിക്കു മകനെ, കരയുന്നവൻ അനുഗ്രഹീതനാണു്, കാരണം അവന്നു സമാധാനം ലഭിക്കുന്നു." വൃദ്ധൻ സങ്കടത്തോടെ പറഞ്ഞു.

"കൊള്ളാം ഡൈഡോമൈന, വിധി വേദനയുടെ ഒരു ഭാഗം നമുക്കായി നീക്കിവെച്ചപോലെ തോന്നുന്നു. നാം നമ്മളെ വിളിക്കുന്നതു് ഈശ്വരദൂതനെന്നല്ലെ. പക്ഷെ മാർഗ്ഗം എന്തു കണ്ടകാകീർണ്ണമാണെന്നു നോക്കു." പകുതി ചിരിച്ചുകൊണ്ടു ഓഗ്യനോവ് പറഞ്ഞു.

"ഈ ലോകത്തിൽ നിങ്ങൾക്കുള്ള ജോലി വളരെ കഠിനമായതാണു് മാസ്റ്റർ; പക്ഷെ അതു മഹനീയവും പ്രശംസാർഹവുമാണു്. ദൈവം തന്നെയല്ലെ ജനങ്ങളെ സഹായിക്കുന്നതിനു നിങ്ങൾക്കു പ്രേരണ നൽകിയിട്ടുള്ളതു്. നിങ്ങൾ ലോകത്തിൻെറ പ്രകാശമാണു്. മലയുടെ മുകളിൽ പടുത്തുയർത്തിയിട്ടുള്ള ഒരു നഗരത്തെ മറച്ചുവെയ്ക്കാൻ സാധിക്കയില്ല. ഇതല്ലെ യേശുദേവൻ ശിഷ്യഗണങ്ങളോടു പറഞ്ഞതു്, "കൊയ്ത്തു വളരെ വലിയതാണു്—പക്ഷെ തൊഴിലാളികൾ വളരെ കുറവു്'" നിങ്ങളുടെ സ്വന്തം വഴിക്കു പോകുവിൻ—ഇതാ ഞാൻ നിങ്ങളെ ആട്ടിൻകുട്ടികളെ ചെന്നായകൾക്കിടയിലേക്കു് വിടുന്നു."

ഈ ലളിതങ്ങളായ വാക്കുകൾ ഓഗ്യനോവിൻെറ ഹൃദയത്തിൽ മധുരമായ സംതൃപ്തിയും സന്തോഷവും നിറച്ചു. എന്തെങ്കിലും മതപരമായ പുസ്തകം വായിക്കാൻ ആവശ്യപ്പെട്ടതനുസരിച്ചു് ഒരു പ്രാർത്ഥനാപുസ്തകം വൃദ്ധൻ ഓഗ്യനോവിനു കൊണ്ടുകൊടുത്തു. കവിതയൊഴുകുന്ന ആ പുസ്തകം ഓഗ്യനോവ് ആവേശത്തോടുകൂടി വായിച്ചു. കഷ്ടപ്പാടിൻെറ ഗാനങ്ങൾ നിറഞ്ഞ, നിരാശയുടെയും ദുഃഖത്തിൻെറയും ദീനസ്വനം അടങ്ങിയ ഇതു വേദനതിങ്ങിയ ഓഗ്യനോവിൻെറ ഹൃദയത്തിൽ പ്രതിധ്വനിയുയർത്തി. അതിൽപിന്നെ ഒരിക്കലും ദാവീദിൻെറ സ്തോത്രപുസ്തകം അയാളുടെ കയ്യിൽനിന്നു് അകന്നിരുന്നില്ല.

അങ്ങിനെ അവസാനം ഡൈഡോമാരിന്നു ബൈല ചെർക്വേവയിലേക്കു പോകാനുള്ള ദിവസവും വന്നെത്തി. വളരെ ഉൽക്കണ്ഠയോടെയാണു് ഓഗ്യനോവ് ആ സ്നേഹസമ്പന്നൻെറ പ്രത്യാഗമനം കാത്തിരിക്കുന്നതു്. ഏററവും മൗഢ്യകരമായ വിചാരങ്ങൾ ആ മനസ്സിലൂടെ പാഞ്ഞുകളിച്ചിരുന്നു. തൻെറ ഹൃദയത്തിനു് ഏററവും അടുത്തവരുടെ യാതൊരു വർത്തമാനവും ഒരു മാസമായി അയാൾക്കു കിട്ടാറില്ല. റാഡ എന്തുചെയ്യുകയായിരിക്കും. എത്ര എത്ര വേദനയും ക്രൂരമായ പെരുമാററവും തൻെറ പാലായനത്തിനുശേഷം അവൾ സഹിച്ചിട്ടുണ്ടാകും? ഏകാന്തയായി, സമുദായത്തിൻെറ കൊടങ്കാററും അധികാരികളുടെ മർദ്ദനവും അവൾ അനുഭവിച്ചിരിക്കും. സാധുകുട്ടി. അയാൾ ഒന്നിച്ചു സുഖമായിരിക്കാനുള്ള വിധി അവൾക്കില്ലായിരിക്കുമോ. അവിടെ അവൾ ദുഃഖിതയായി, വിധിയുടെ വിക്രിയകൾക്കു കീഴടങ്ങി താൻ ഓമനിച്ച സ്വപ്നശതങ്ങളെല്ലാം തകർന്നടിയുന്നതു കണ്ടുകൊണ്ടു്, അപമാനവും സഹിച്ചു്, ജനദൃഷ്ടിയിൽ അധഃപതിച്ചു കഴിഞ്ഞുകൂടുകയാവാം. ജനങ്ങളുടെ ക്രൂരമായ വീക്ഷണത്തിൽ, അവൾക്കു് അയാളോടു തോന്നിയ

ആത്മാർത്ഥസ്നേഹം ഒരു കുററമായിരിക്കാം. അവളനുഭവിച്ച അല്പം ചില സന്തോഷവികാരങ്ങൾക്കു പ്രതിവിധിയായി സമുദായം അവൾക്കു നൽകുന്നതു് ഈ കഠിന യാതനയാണു്. ആ നിസ്സഹായക്കു് ഒരു ഉശിരും, സമാധാനവും നൽകാൻ അയാൾക്കും എത്തിച്ചേരാൻ തരമില്ല.

ഈദൃശ ദുരന്തചിന്തകളിൽ മുഴുകിയിരിക്കുമ്പോൾ, കടന്നുചെന്ന മൈനയെ അയാൾ ആത്മാർത്ഥമായ സന്തോഷത്തോടെ സ്വാഗതംചെയ്തു. ഹൃദയം തുറന്നു സംസാരിക്കാക്കാനെങ്കിലും ഒരാളായല്ലോ. ഡൈഡോമൈനയാകട്ടെ വളരെ കാര്യമായി തന്നെ അയാൾ പറയുന്നതു് ശ്രദ്ധിച്ചിരുന്നു.

''ആശിക്കു, ടീച്ചർ. ദൈവത്തിൽ എല്ലാ ആഗ്രഹങ്ങളും സമർപ്പിക്കു. ഇങ്ങിനെ നിരാശനാകരുതു്. തൻെറ ദയയിൽ വിശ്വസിക്കുന്ന ദുഃഖിതരെ അദ്ദേഹം ഒരിക്കലും കൈവെടിയുകയില്ല. ഈശ്വരനിൽ വിശ്വസിക്കുന്നവൻ 'സിയോൺ' മലപോലിരിക്കും. ദുഷ്ടന്മാരുടെ താഢനം ഒരിക്കലും നല്ലവരിൽ പതിക്കുകയില്ല. കണ്ണുനീർ വിതക്കുന്നവൻ തീർച്ചയായും ആഹ്ലാദം കൊയ്തെടുക്കും.''

ഇതു് ഭാഗികമായി ന്യായീകരിക്കാനെന്നപോലെ അടച്ചിരുന്ന വാതിൽ തുറന്നു് ഡൈഡോമാരിൻ അകത്തു പ്രവേശിച്ചു. ഓഗ്യനോവ് മതിമറന്നു താനാശിക്കുന്ന വാർത്ത ആ വൃദ്ധൻെറ മുഖത്തിൽനിന്നു വായിക്കുവാനെന്നവണ്ണം അദ്ദേഹത്തെ തുറിച്ചുനോക്കി.

''നല്ല ദിവസം, അടങ്ങു; ക്ഷമിക്കു, മാസ്റ്റർ ഞാനെല്ലാം പറഞ്ഞുതരാം. നിങ്ങൾ അധികമൊന്നും ദേഹമനക്കിയില്ല ഉവ്വോ?'' തൻെറ ഭാരിച്ച തൊപ്പി വലിച്ചുനീക്കുന്നതിനിടയിൽ ആ കിഴവൻ പറഞ്ഞു.

''ഈ നഗരവാസികൾ വളരെ അസാധാരണക്കാരാ

ണു്." മാരിൻ തുടന്നു; "നല്ലപോലെ എന്തെങ്കിലും വത്തമാനം പറയുവാൻ അവരെ അടുത്തുകിട്ടുകപോലുമില്ല."

"നിങ്ങൾ എന്തുകൊണ്ടു നേരെ ഡോക്ടരുടെ വീട്ടിലേക്കു പോയില്ല."

"ഡോക്ടറെ അറസ്റ്റ്ചെയ്തിരിക്കയാണു്."

"സന്യാസാശ്രമത്തിലെ ഡിക്കൺ"

"അദ്ദേഹം ഒളിവിലാണു്."

"ഡൈഡോസ്റ്റോയ്നെ കണ്ടോ"

"ദൈവം ആ നല്ല മനുഷ്യന്റെ ആത്മാവിനു നിത്യശാന്തി നൽകട്ടെ. തടവിലടച്ച രാത്രിതന്നെ, അവർ ഏല്പിച്ച താഡനങ്ങൾമൂലം അയാൾ മൃതിയടഞ്ഞു. മർദ്ദനത്തിന്നു വിധേയനായപ്പോൾ ആ മനുഷ്യൻ എല്ലാ സംഗതികളും പറഞ്ഞുകൊടുത്തു എന്നാണവർ പറയുന്നതു്"

"സാധു ഡൈഡോസ്റ്റോയൻ"

"റാഡയെ കണ്ടോ, അവൾ എങ്ങിനെയിരിക്കുന്നു."

"എനിക്കവളെ കാണാൻ സാധിച്ചില്ല."

"അതെങ്ങിനെ, റാഡയ്ക്കു് എന്തുപററി," ഓഗ്യനോവ് വിളിച്ചു.

"അവൾ സുഖമായിരിക്കുന്നു. പരിഭ്രമിക്കാതിരിക്കു. അവളെ സ്കൂളിൽനിന്നു പുറത്താക്കി."

"അവളെ കോൺവെൻറിൽ നോക്കിയെങ്കിൽ കാണുമായിരുന്നു. അവൾ ഗോസ്പോഷ ഹാജിറവോഹമ്മയുടെ അടുത്തുണ്ടായിരിക്കും." ഓഗ്യനോവ് ഉൽക്കണ്ഠയോടെ പറഞ്ഞു.

"ആ ഹൃദയശൂന്യയായ കന്യാസ്ത്രീ അവളെ പുറത്താക്കി."

"ഈശ്വരാ അവൾക്കു് ഒരിടവുമില്ലല്ലോ പോകാൻ.

അാിരവളെ കൊന്നുകളഞ്ഞു.''

''ചോർബാഡ്ജി മാക്കോ അവളെ തന്റെ ഒരു ബന്ധുവിന്റെ കൂടെ താമസിപ്പിച്ചിരിക്കയാണ്. എനിക്ക് ആ വീട്ട് കണ്ടുപിടിക്കാൻ കഴിഞ്ഞില്ല, പോരാത്തതിന്ന എന്റെ സ്നേഹിതന്മാക്ക വളരെ ധൃതിയുമായിരുന്നു. പക്ഷെ ഞാൻ അവളെപ്പററി അന്വേഷിച്ചു. അവൾ വളരെ സുഖമായിരിക്കുന്നു.''

''എനിക്ക് ബായ്മാക്കോവിനു ഒരിക്കലും പ്രത്യുപകാരം ചെയ്യാനാവില്ല. ആകട്ടെ അവർ എന്നെപ്പററി എന്തു പറയുന്നു.''

''നിങ്ങളെപ്പററിയോ. നിങ്ങളെ അവർ വേറെ പേർ എന്തോ ആണ് വിളിക്കുന്നതു്. യുഗങ്ങൾ എടുത്തു എനിക്കതു മനസ്സിലാക്കാൻ.''

''പ്രഭു എന്നാണോ''

''ആ, അതുതന്നെ പ്രഭു. എല്ലാവരും പറയുന്നതു് പ്രഭുവിനെ നായാട്ടുകാർ, 'ആഖിവോ' കാട്ടിൽവെച്ചു വെടിവെച്ചു എന്നാണ്.''

''അതു ശരിയാണുതാനും.''

''മുഴുവൻ ശരിയല്ല. നിങ്ങൾ ജീവിച്ചിരിക്കുന്നു. അവർ വിചാരിക്കുന്നതു് നിങ്ങൾ മരിച്ചു എന്നാണ്; പക്ഷെ അതു നന്നായി എന്നാണ് ഞാൻ പറയുക.''

ഒരു പാമ്പു കടിച്ചപോലെ അയാൾ ഞെട്ടിയെണീററു.

''എന്തു്, എന്തു് അവളും ഞാൻ കൊല്ലപ്പെട്ടു എന്നു വിചാരിക്കയാണോ. സാധുബാലികയുടെ അവസാനത്തെ അവലംബമാണ് ഞാൻ, സാധുകുട്ടി.''

തന്റെ കാലിനെ പരീക്ഷിക്കാനെന്നപോലെ അയാൾ എണീററു ആ മുറിയിൽ നടക്കാൻ തുടങ്ങി.

"നടക്കല്ലെ നിങ്ങൾ ആ മുറി അപകടമാക്കും."

"എനിക്കു യാത്രചെയ്യാൻതന്നെ ആയി" ഓഗ്യനോവ് സ്ഥിരതയോടെ പറഞ്ഞു.

"എവിടേക്കാ" മാരിൻ അത്ഭുതത്തോടെ ചോദിച്ചു.

"ബൈലൊചെർക്കേവിയിലേക്കു"

"നിങ്ങൾക്കു ഭ്രാന്തുണ്ടോ"

"ഇല്ല, പക്ഷെ ഒരു ദിവസംകൂടി ഞാനിവിടെ താമസിക്കയാണെങ്കിൽ എനിക്കു ഭ്രാന്തുപിടിക്കും. എനിക്കു കുറച്ചു വസ്ത്രം തരു, പിന്നെ നിങ്ങളുടെ കുതിരയേയും."

ഡൈഡോമാരിനു നിശ്ചയമുണ്ടായിരുന്നു ബോയ്ക്കോവിൻെറ നിശ്ചയദാർഢ്യം. അതുകൊണ്ടു് അയാളെ തടുക്കാൻ ഒട്ടുംതന്നെ ഒരുങ്ങിയില്ല.

"എടുത്തോളു, കുതിരയും വസ്ത്രവും എടുത്തോളു. എനിക്കു നിങ്ങളുടെ യൗവ്വനമോക്കുമ്പോഴാണു് ഭയം" അയാൾ മൗഢ്യത്തോടെ മറുപടി പറഞ്ഞു.

"വഴി മുഴുവൻ തുക്കികളാണു്, കള്ളന്മാക്കും അവർ ചെയ്യുന്ന അക്രമണങ്ങൾക്കും ഒരതിരുമില്ല. നിങ്ങൾക്കു നിങ്ങളെപ്പററി യാതൊരു ചിന്തയുമില്ലെ."

"എന്നെപ്പററി വ്യസനിക്കേണ്ട. ഞാൻ സുഖമായി ഒരു പരുന്തിനെപ്പോലെ ശക്തനായി നിങ്ങളുടെ അടുക്കലേക്കു മടങ്ങിവരും, എൻെറ മുമ്പിൽ പടി അടച്ചില്ല എങ്കിൽ" പകുതി നേരംപോക്കിൽ ഓഗ്യനോവ് പറഞ്ഞു.

വൃദ്ധൻ നിസ്സഹായനായി അയാളെ നോക്കിനിന്നു.

"വേണ്ട, നിങ്ങൾ പോകണ്ട. ഞാൻ ഈ വില്ലേജുകാരെ മുഴുവൻ വിളിച്ചുവരുത്തി നിങ്ങളെ ബലമായി ഇവിടെ കെട്ടിയിടും, പരിശുദ്ധമായ അപ്പംപോലെ ഞങ്ങൾക്കു നിങ്ങളെ ആവശ്യമുണ്ടു്. നിങ്ങൾ കുതിക്കുന്നതു് സുനിശ്ചി

തമായ മരണത്തിലേക്കാണ്. ലോകം മുഴവൻ ഡൈഡോമാരിൻ, ബോയ്ക്കോവിനെ ഞങ്ങളുടെ ദൈവദൂതനെ മരണത്തിലേക്ക് ഉദാസീനനായി വിട്ട എന്ന പറയുന്നത് കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല'' ഡൈഡോമാരിൻ കുപിതനായി അട്ടഹസിച്ചു.

''ഇത്ര ഉച്ചത്തിൽ വത്തമാനം പറയരുതേ. എത്ര ദൂരത്താണ് നിങ്ങളുടെ ശബ്ദമെത്തുന്നതു് എന്നറിയുന്നുണ്ടോ'' ഓഗ്യനോവ് താക്കീതു ചെയ്തു.

വൃദ്ധനായ മൈന പതുക്കെ ചിരിച്ചു. കുസൃതി നിറഞ്ഞ ഒരു ചിരി, ഡൈഡോമാരിൻെറ മുഖത്തും ഉദിച്ചു.

ഓഗ്യനോവ് അവരെ നോക്കി. അയാളുടെ ഒടുവിലത്തെ വാക്കുകൾ അവരെ വിനോദിപ്പിച്ചിരിക്കുന്നു.

''എന്താണ് തമാശ''

''വരൂ മാസ്റ്റർ, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങൾ ആരിൽനിന്നാണ് ഒളിച്ചു താമസിക്കുന്നതു് എന്നു് അറിയാമോ-ഗ്രാമവാസികൾക്കു മുഴുവൻ-കുട്ടികളടക്കം അറിയാം നിങ്ങൾ ഇവിടെയാണ് എൻെറ വീട്ടിലാണ് താമസിക്കുന്നതെന്നു്. എല്ലാവരും നിങ്ങളുടെ തീൻമേശയൊരുക്കാൻ, പന്തയം വെച്ചു പണിയെടുക്കുകയാണ്. ഞങ്ങൾ സാധുക്കളാണ്, പക്ഷെ ഒരിക്കലും കൃസ്ത്യാനികളെ ഉപേക്ഷിക്കയില്ല. പിന്നെ നിങ്ങളെപ്പോലുള്ളവക്കാണെങ്കിൽ, ഞങ്ങൾ ഞങ്ങളുടെ ജീവൻപോലും ത്യജിക്കാൻ സന്നദ്ധരാണ്.

ഇപ്പോൾ ചിരിച്ചതു് ഓഗ്യനോവാണ്. അയാൾക്കു മനസ്സിലായി തൻെറ അജ്ഞാതവാസം ഒരു പരസ്യമായ രഹസ്യമാണെന്നു്.

വളരെ വാദപ്രതിവാദങ്ങൾക്കുശേഷം, തൻെറ ആതിഥേയൻെറ ഭയാശങ്കകളെല്ലാം കളഞ്ഞു്, ഓഗ്യനോവ് തൻെറ യാത്ര തീച്ച്യാക്കി.

## അദ്ധ്യായം 29

# അവകടം പിടിച്ച ഒരു താമസം

ഒരു മണിക്കൂറിന്നുശേഷം ഒരു തുക്കി വെരിഗോവോ ഗ്രാമംവിട്ടു കുതിരപ്പുറത്തു യാത്രയായി.

തുക്കിയെന്നോ—വളരെ സാധാരണക്കാരനായ ഒരു തുക്കി എന്നു പറയേണ്ടിയിരിക്കുന്നു. നിറമെന്താണെന്നു തിരിച്ചറിവാൻ സാധിക്കാത്തവിധത്തിൽ മങ്ങിയ ഒരു പച്ചത്തൊപ്പി അയാളുടെ നെററിയും പുരികക്കൊടികളും മൂടിയിരുന്നു. തലയുടെ പിൻഭാഗം വൃത്തിയായി വടിച്ചിട്ടുണ്ടു്. കീറിയ ഒരു ചെറിയ പരുത്തി അടിക്കുപ്പായം; ചുളുങ്ങിയ കൈകളോടുകൂടിയ ഒരു കീറ ജാക്കററു് തോളിൽ; ഒട്ടിത്തുടങ്ങിയ ഒരു പച്ച ബൽട്ടു് അരയിൽ ബന്ധിച്ചതിൽ ഒരുതോക്കുതൂക്കിയിട്ടുണ്ടു്; ഒരു ചെറിയ കഠാരി, ഒരു യാട്ടാഗൻ, പൈപ്പു്, ഇത്രയും ആ അരപ്പട്ടയിൽ ഘടിപ്പിച്ചിട്ടുണ്ടു്. കണങ്കാലിൽ ബട്ടനിടാത്ത, കീറി ഇഴതുങ്ങിക്കിടക്കുന്ന, ഒട്ടിപ്പിടിച്ച ഒരു കാലുറ; കീറിപ്പറിഞ്ഞ ചെരിപ്പു്, പിന്നെ ഒരു പരുക്കൻ രോമത്തിൻെറ കോട്ടും, അതും കീറിയതാണു്.

ഇങ്ങിനെ വേഷം മാററിയ ഓഗ്യനോവിനെ തിരിച്ചറിയാൻ ആക്കും സാധിക്കുകയില്ല.

ശിശിരകാലം അതിൻെറ എല്ലാ സ്വഭാവവിശേഷങ്ങളോടുംകൂടി എത്തിയിരുന്നു. അതു് നിവർത്തിയിട്ടിരിക്കുന്ന വെളുത്ത ആവരണത്തിൻെറഇടയിലൂടെ സ്റ്റാറപ്ലാനീനയുടെ ഇരുണ്ട പാറക്കെട്ടുകൾ മുഴച്ചുനില്ക്കുന്നതു് കാണാമായിരുന്നു. പ്രകൃതി ആകെ ദുഃഖിതയുംനിശ്ശബ്ദതയുമായിരുന്നു. കാക്കകളു

ടെ വലിയ കൂട്ടങ്ങൾ മാത്രം അവിടവിടെ പറന്നുനടന്നു, ഉറക്കം തൂങ്ങിയ അന്തരീക്ഷത്തിൽ ചലനങ്ങൾ ഉയൎത്തി.

ബൈലാചെൎക്കേവിലേക്കുള്ള ശരിയായ വീഥി വടക്കുകിഴക്കുഭാഗത്താണു്. പക്ഷെ അതല്ല ഓഗ്യനോവ് സ്വീകരിച്ചതു്. അതിലെ പോയാൽ അയാൾക്കു എംകീസീസ് ഫയൽമാന്റെ ഗ്രാമത്തിലൂടെ പ്രയാണം ചെയ്യണം. തന്നത്താനറിയാതെ ആ വിചാരം അയാളെ നടുക്കി. പരേതന്റെ നായയെക്കുറിച്ചയാൾ ഓൎത്തു. ശ്മശാനത്തിൽനിന്നു തന്നെ അനുഗമിക്കുവാനും ഭയപ്പെടുത്താനുമായി എംകീസീസിന്റെ ശപിക്കപ്പെട്ട ആത്മാവു്, ആ നായയിൽ കുടികൊണ്ടിരിക്കയാണു്. അയാൾ വടക്കോട്ടു് പോയി. 'കാനാറി' സത്രത്തിൽ എത്തി, അവിടെനിന്നു കിഴക്കോട്ടു് തിരിഞ്ഞു്, സ്റ്റാറപ്ലാനീനയുടെ താഴ്‌വരയിൽക്കൂടി, ബൈലാചെൎക്കേവിയയിൽ എത്തുവാനാണു് തീരുമാനിച്ചതു്. ഇതു ഒരു വളഞ്ഞ വഴിയാണു്. നിരവധി ചെറുഗ്രാമങ്ങളിൽക്കൂടി കടന്നുപോകേണ്ടിവരുമെങ്കിലും മറ്റെതിനെപ്പോലെ അപകടപൂൎണ്ണമല്ല ഈ വഴി,

ഓഗ്യനോവ് ആദ്യത്തെ വില്ലേജിൽ എത്തിയപ്പോൾ വലിയ വലിയ കഷണങ്ങളായി മഞ്ഞുപൊഴിയാൻ തുടങ്ങി. നേരെ മുമ്പിലെല്ലാം കനത്ത തിരശ്ശീല വീണപോലെയാണു്, തണുപ്പാണെങ്കിൽ അസഹനീയമായവിധത്തിൽ വൎദ്ധിച്ചു. അയാളുടെ അവയവങ്ങൾ മരവിച്ചു. കൈകൊണ്ടു് കുതിരയുടെ കടിഞ്ഞാൺ പിടിക്കുവാൻപോലുമുള്ള ശക്തിയുണ്ടായിരുന്നില്ല. ഒരു വെറും വാസനാവൈഭവം മാത്രമാണു് അതിനെ നയിച്ചിരുന്നതു്. മൈതാനം മുഴുവൻ മഞ്ഞുവീണു മൂടിക്കിടന്നിരുന്നതിനാൽ വഴികാണ്മാൻപോലും സാദ്ധ്യമായിരുന്നില്ല. ശബ്ദമുണ്ടാക്കാതെ അയാളാ, തെരുവീഥിയിലേക്കു കടന്നു. ഒരൊററ ജീവിപോലും ആ ഭാഗത്തു് അനങ്ങുന്നുണ്ടായിരുന്നില്ല. പള്ളിയുടെ എതിരായി

കാണുന്ന ഒരു സത്രത്തിൻെറ മുന്നിൽ അയാൾ നിന്നു. മഞ്ഞ ണിഞ്ഞ പാതയിൽക്കൂടി നടക്കുകയാൽ അത്യന്തം ക്ഷീണിത നായ തൻെറ കുതിരക്കു സ്വല്പം വിശ്രമം കൊടുക്കാനും അ ല്പമൊന്നു സ്വദേഹം ചൂടാക്കാനുമായിരുന്നു അയാളുടെ ഉദ്ദേ ശം. ഒരു പയ്യൻ കുതിരയെ ലായത്തിലേക്കു കൊണ്ടുപോ യി. അകത്തുനിന്നു യാതൊരു ശബ്ദവും കേൾക്കാനില്ലാത്ത തിനാൽ അയാൾ അവിടെ തിരക്കൊന്നുമില്ല എന്നു വിചാ രിച്ചു വാതിൽ തള്ളിത്തുറന്നു. കടന്ന ഉടനെ തന്നെ അയാൾ ഞെട്ടി; അവിടെ മുഴുവൻ തുർക്കികളായിരുന്നു. അപ്പോൾ തന്നെ തിരിച്ചുപോരിക എന്നതു വഷളത്തമായിരിക്കും. അ യാൾ അവിടെ ഇരിക്കാൻതന്നെ തീരുമാനിച്ചു, ചുററുമുള്ള വരെ സലാംചെയ്തു. അവർ വളരെ വിനയപൂർവ്വം പ്രത്യഭി വാദ്യം ചെയ്തു. തുർക്കികളുടെ ഇടയിൽ കുറെക്കാലം കഴി ച്ചുകൂട്ടിയിട്ടുള്ളതിനാൽ അവരുടെ ഭാഷയും ആചാരവും ഓ ഗ്യനോവിനു നല്ലപോലെ അറിയാമായിരുന്നു. അവർ ചെ രിപ്പഴിച്ചു, പായയിൽ ചമ്രം പടിഞ്ഞു പൈപ്പു വലിച്ചു കൊണ്ടിരിക്കയായിരുന്നു. പുകയിലയുടെ കട്ടിപിടിച്ച പു ക അവിടെ തങ്ങിനിന്നു. 'ഒരു കാഫി' അയാൾ കനത്തസ്വ രത്തിൽ ആതിഥേയനോടു വിളിച്ചു പറഞ്ഞു. മുഖം ആരും കാണാതെ കഴിക്കാൻ സാധിക്കാവുന്നിടത്തോളം കുനിഞ്ഞി രുന്നു് അയാൾ ഒരു പൈപ്പുനിറയ്ക്കാൻ തുടങ്ങി. ഒച്ചയോടു കൂടി തൻെറ കാപ്പി മോന്തിക്കൊണ്ടു് അയാൾ അവിടെ ന ടക്കുന്ന സംഭാഷണം ശ്രദ്ധിക്കയാണു്. കുറെനേരം ഉദാസീ നമായി ഇരുന്നശേഷം പെട്ടെന്നയാൾ ചെവി കൂർമ്പിച്ചു. സംഭാഷണം ആ രണ്ടു തെമ്മാടികളുടെ വധത്തിലേക്കു പ്ര വേശിച്ചിരിക്കയാണു്. ആ ഡിസ്ത്രിക്ടിൽ അങ്ങിനെ ഒരു സംഭവമുണ്ടായിട്ടു വളരെക്കാലമായിരിക്കുന്നു, തുർക്കികൾ ആ കെ കുപിതരായിരിക്കയാണു്. ഇതുവരെ നിശ്ശബ്ദമായിരു ന്ന സംഘാംഗങ്ങളിൽ പെട്ടെന്നു ആവേശത്തിൻെറ ജ്വരം

ബാധിച്ചു, മഴപോലെ നശിച്ച ശാപങ്ങളും, ഭയപ്പെട്ടത്താലുകളും അവർ ബൾഗേരിയക്കാരുടെമേൽ ചൊരിഞ്ഞു. ഈ പൊതുവിദ്വേഷത്തിൽ താനും പങ്കുചേരുന്നുണ്ട് എന്നു നടിച്ചു മുഖത്ത് വെറുപ്പുവരുത്തിക്കൊണ്ട് ഓഗ്യനോവ് തന്റെ കാപ്പികുടി തുടന്നു. പിന്നീടവർ ആ ഘാതകനെക്കുറിച്ചു പറയാൻ തുടങ്ങി. അപ്പോഴാണ് ഓഗ്യനോവിനു മനസ്സിലായതു് തന്റെ പേരും വ്യക്തിത്വവും അവരുടെ ഇടയിൽ എത്ര പ്രചുരപ്രചാരത്തിലാണ് ഇരിക്കുന്നതു് എന്നു്. അയാളെപ്പററി ചില ഇതിഹാസങ്ങളും കെട്ടുകഥകളും അവരുടെ ഇടയിൽ പരന്നിരുന്നു.

"ആ കള്ളനെ കണ്ടുപിടിക്കാനൊ തിരിച്ചറിയാനൊ യാതൊരു നിവൃത്തിയുമില്ല." കൂട്ടത്തിൽ ആരോ പറഞ്ഞു.

"ഏതോ ഒരു ചെകുത്താൻ അയാളെ സഹായിക്കുന്നുണ്ടു്. ചിലപ്പോൾ ടീച്ചർ, ചിലപ്പോൾ പാതിരി. കൃഷകൻ, ടക്കി ഇങ്ങിനെ പലേ വേഷത്തിലും അവൻ പ്രത്യക്ഷപ്പെട്ടും. പെട്ടെന്നാണയാൾ വേഷപ്പകർച്ച് സാധിക്കുന്നതു്. ബാലനിൽനിന്നു് അയാൾ വൃദ്ധനാവും. ചിലപ്പോൾ കറുത്ത കണ്ണും താടിയുമില്ലാതെ കാണുന്ന അയാളെ അടുത്ത ക്ഷണത്തിൽ നീണ്ട താടിയും നരച്ച തലമുടിയുമായി കാണാം. ഒരു നിവൃത്തിയുണ്ടെങ്കിൽ അയാളെ പിടിക്കൂ. ഇന്നാൾ 'അക്മത് ആഗ' പറയുകയായിരുന്നു. ഒരു സൈന്യദളം മുഴുവൻ അയാളെ അനുധാവനം ചെയ്തുവത്രെ. ടിക്കിയകാട്ടുവരെ അവർ അയാളെ ഓടിച്ചു, ഒരു കൃഷകനെപ്പോലെയാണ് അയാൾ വസ്ത്രം ധരിച്ചിരുന്നതു്. കുറച്ചു കഴിഞ്ഞപ്പോൾ ഒരു കാക്ക മാത്രമുണ്ടു് മുന്നിൽ. ആ കൃഷിക്കാരനെങ്ങുമില്ല. അവർ വെടിവെച്ചു. ആ പക്ഷി മേലോട്ടു പറന്നു. കുറേ നേരത്തേയ്ക്കു് തലക്കു മുകളിൽ അതിന്റെ കാ-കാ-രവംമാത്രം കേൾക്കാമായിരുന്നു."

"വിഡ്ഢിത്വം പരമ്പരവിഡ്ഢിത്വം" ആരൊക്കെയോ ദേഷ്യപ്പെട്ട് അട്ടഹസിച്ചു.

"ഇന്നോ നാളെയോ നാം അദ്ദേഹത്തെ പിടിക്കും. തീർച്ച്. അവനൊളിച്ചിരിക്കുന്ന കൂട്ടമാത്രം കണ്ടുപിടിക്കാൻ സാധിച്ചെങ്കിൽ" വേറെ ആരോ പ്രസ്താവിച്ചു.

"ആ കള്ളനെ പിടിക്കാനൊന്നും സാധിക്കയില്ല എന്നു ഞാൻ പറയുന്നു" ആദ്യം സംസാരിച്ചവൻ തുടന്നു: "അയാൾ ഒളിക്കുന്നില്ല. പക്ഷേ ആക്കെങ്കിലും കണ്ടുപിടിക്കാൻ കഴിയുന്നുണ്ടോ? ഒരുപക്ഷേ അയാൾ നമ്മുടെയിടയിൽ ഈ കഫെയിൽ ഉണ്ടായിരിക്കും. പക്ഷേ കണ്ടു പിടിക്കാനോ എന്തെങ്കിലും ചെയ്യാനൊ നമുക്ക് പററുകയില്ല."

ഈ വാക്കുകൾ കേട്ടപ്പോൾ സംഘാംഗങ്ങളെല്ലാം തല ഉയർത്തി അയാളെ ശ്രദ്ധയോടെ വീക്ഷിക്കാൻ തുടങ്ങി. ജിജ്ഞാസമയമായ പലേ നോട്ടങ്ങളും അയാളുടെ മേൽ പതിച്ചു.

ഓഗ്യനോവ് ഇപ്പോൾ മൂന്നാമത്തെ കപ്പ് കാപ്പി കുടിച്ചുകൊണ്ടിരിക്കയാണ്. ഓരോ നിമിഷവും അയാൾ കുറെ പുക ഊതി വിടും. അതു് അയാളുടെ മുഖത്തിനുമുമ്പിൽ ഒരുതരം വലയം സൃഷ്ടിച്ചിരുന്നു. അവരുടെ നോട്ടം തൻെറ മേൽ തറച്ചിരിക്കുന്നു, എന്നു ധരിച്ചതോടെ വിയർപ്പുതുള്ളികൾ അയാളുടെ കവിളിലൂടെ ഒലിക്കാൻ തുടങ്ങി. ഈ അനിശ്ചിതാവസ്ഥ അയാൾക്ക് അസഹനീയമായി. കഫെ വിടാനും സ്വാതന്ത്ര്യവായു ശ്വസിക്കാനുമുള്ള ഒരു നല്ല സമയം കാത്തിരിക്കയായിരുന്നു അയാൾ.

"നിങ്ങൾ എവിടേക്കാണു' യാത്ര?" ഒരാൾ ഓഗ്യനോവിനോടു ചോദിച്ചു.

"ദൈവാനുഗ്രഹമുണ്ടെങ്കിൽ ക്ലിസ്സൂറയിലേക്ക്." അയാൾ മറുപടി പറഞ്ഞുകൊണ്ടു്, തൻെറ വൃത്തികെട്ട നീണ്ട

പേഴ്സ് എടുത്തു കാപ്പിയുടെ ചില്ലറ കൊടുക്കുവാനൊരുങ്ങി.

"ഈ തണുപ്പിലും, മഞ്ഞുകാററിലും പോകുകയോ? ഇന്നരാത്രി ഇവിടെ തങ്ങുകയാണ് നല്ലതു്. എന്നാലും ചന്തസമയത്തു് അവിടെ എത്താൻ കഴിയുമല്ലോ."

"തവളക്ക തൻെറ കുളംപോലെ വഴിയാത്രക്കാരനുള്ളതല്ലെ റോഡ്." അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു.

"അതൊക്കെ ചില തള്ളക്കഥകളല്ലേ? പിന്നെ റഹിമാൻആഗ, നിങ്ങളുടെ ഈ അവിശ്വാസി ഒരു ചെകുത്താനമല്ല, പക്ഷിയുമല്ല. സാധാരണ ഏതൊരു രാജ്യദ്രോഹിയേയുംപോലെ ഒരു രാജ്യദ്രോഹിമാത്രം."

"എന്നാൽ എന്തുകൊണ്ടു് നിങ്ങൾ അയാളെ പിടിക്കുന്നില്ല."

"ഒന്നു് അയാളെ കയ്യിൽ കിട്ടിയെങ്കിൽ" ഭയങ്കരമായ മുഖത്തോടെ ചിലരെല്ലാം അക്രോശിച്ചു.

"ഇന്നോ നാളെയോ ബോയ്ക്കോ വിപ്ലവകാരി നമ്മുടെ കൈപ്പിടിയിലെത്തുമെന്നുള്ളതിനു ഞാൻ എൻെറ തല പന്തയംവെയ്ക്കാം."

"അവർ എവിടെയാണു് ആ നായയെ അന്വേഷിക്കുന്നതു്?"

"സ്രെഡ്നഗോറയിലുള്ള ഒരു വില്ലേജിൽ, അവിശ്വാസികളുടെ വില്ലേജിൽ അയാൾ ചൂടുള്ള ഒരു ഇരിപ്പടം കണ്ടു പിടിച്ചിട്ടുണ്ടു്. ഇന്നലെ 'ബാങ്ക്യ'വഴി കുറെ പോലീസുകാർ പോയിട്ടുണ്ടു്; മററു ചിലർ 'അബ്രാഷലാർ' മൈതാനമാർഗ്ഗവും. എങ്ങിനെയായാലും അയാളെ പിടി കിട്ടും."

"നിങ്ങളും അയാളെ പിന്തുടരുകയാണോ?"

"അതെ. നാളെ ഞങ്ങളെല്ലാവരും വെറിഗോവോവിൽ കൂട്ടിമുട്ടി അവിടെനിന്നു യാത്ര തുടരും."

ഇപ്പോഴാണ് ഇതുവരെ മൂക്കിൽ ഇരുന്നിരുന്നവൻ ഒരു പോലീസുകാരനാണെന്ന് ഓഗ്യനോവ് മനസ്സിലാക്കിയതു്. അയാൾ ഇതുവരെ മററവനെ കണ്ടിരുന്നില്ല. വെറിഗോവോവിൽവെച്ചു തനിക്കു പിണയാവുന്ന ആപത്തിനെപ്പററി മനസ്സിലാക്കിയപ്പോൾ അയാൾ ആകെ പരിഭ്രാന്തനായിപ്പോയി. തൻെറ നേരെയുള്ള സംശയാത്മകമായ നോട്ടങ്ങൾ അകന്നുപോയെങ്കിലും ആ സത്രത്തിലെ അന്തരീക്ഷം അയാളെ വീർപ്പുമുട്ടിച്ചു. അയാൾ അവിടെ കൂടിയിരുന്നവക്കെല്ലാം സലാം കൊട്ടത്തു് പുറത്തേക്കിറങ്ങി.

മഞ്ഞണിഞ്ഞ വാനിൻെറ കീഴിൽ, സ്വാതന്ത്ര്യമായ അന്തരീക്ഷത്തിൽ, തനിയെ നിന്നപ്പോൾ ആശ്വാസത്തിൻേറതായ ഒരു നെട്ടവീർപ്പ് അയാളിൽനിന്നുയൻു. ഉടനെ അയാൾ കുതിരപ്പുറത്തു് ചാടിക്കയറി യാത്രയായി.

മൂന്നു മണിക്കൂറിനുശേഷം, ഹിമാവൃതരായി അയാളും അയാളുടെ കുതിരയും 'കാർനാരി' സത്രത്തിൽ എത്തിച്ചേൻു.

## അദ്ധ്യായം 30

# ഒരു സാധാരണ പരിചയം

ഉയന്ന ട്രോയൻചുരത്തിലെ ഒരു വിശ്രമസങ്കേതമാണ് 'കാർനാരി' സത്രം. യാത്രക്കാർ ഇവിടെ വിശ്രമിച്ചു, വല്ലതും ഭക്ഷണം കഴിച്ചു യാത്രാക്ലമം തീൎത്തശേഷം സ്റ്റാറാപ്ലാനീന കയറാൻ ശ്രമിക്കും. മഴക്കാലത്ത് ഒന്നോ രണ്ടോ ആഴ്ച അതിന്നു യാത്രക്കാരെ സ്വാഗതം ചെയ്യേണ്ടിവരാറില്ല. കാരണം ഹിതവാതം ആ പഴയ റോഡിൽ നിറയെ മഞ്ഞു കൊണ്ടു നിറസ്സുമായിരുന്നതിനാൽ അതു് അഗമ്യമായിത്തീരും. ടേസും, ഡ്യാന്യൂബിയൻ ബൾഗേറിയയുമായുള്ള വാൎത്താവിനിമയങ്ങളെല്ലാം, ഭഗീരഥപ്രയത്നം ചെയ്തു ട്രോയൻകാർ ആ മഞ്ഞു തുരന്നൊരു മാൎഗ്ഗം കണ്ടുപിടിക്കുന്നതുവരെ മുടങ്ങിക്കിടക്കും. ഇപ്പോൾ റോഡ് അടഞ്ഞു കിടക്കുകയാൽ സത്രം പ്രായേണ വിജനമാണ്. വിസ്തൃതം ദ്യോതിപ്പിക്കുന്ന മുഖവും, ഇളിഭ്യച്ചിരിയുമുള്ള ആ ചെറിയ ബൾഗേറിയൻ സത്രക്കാരൻ തന്റെ അതിഥിയെ വളരെ വിനയത്തോടെ സ്വീകരിച്ചു, വലിയ അതിഥിമുറിയിലേക്ക്—ബാക്കിയെല്ലാം അതുതന്നെയാണ്—ആനയിച്ചു. അവിടെ അഗ്നികുണ്ഡത്തിൽ തീ എരിയുന്നുണ്ടായിരുന്നു. ഓഗ്യനോവ് തന്റെ പൈപ്പു കത്തിച്ചു.

"വേറെ വല്ല അതിഥികളും ഇവിടെ ഉണ്ടോ?" അയാൾ സത്രം സൂക്ഷിപ്പുകാരനോടു് ആരാഞ്ഞു.

"ഇല്ല, വേറെ അതിഥികൾ ആരുമില്ല. മലയിലൂള്ള വഴി അടയുന്നതോടെ എന്റെ ഈ സത്രവും അടക്കും. നി

ങ്ങൾ എങ്ങോട്ടുപോകുന്നു'' വളരെ ജിജ്ഞാസയോടെ തന്റെ അതിഥിയെ സൂക്ഷിച്ചുനോക്കിക്കൊണ്ടു് സത്രക്കാരൻ അന്വേഷിച്ചു.

''എനിക്കൊരു കപ്പു് കാപ്പി തരാമോ.'' ഓഗ്യനോവ് മറുപടിയായി പറഞ്ഞു.

''ഓ അതാവാം. പക്ഷേ നിങ്ങൾ എവിടെപ്പോകുന്നു.'' സത്രക്കാരൻ വിട്ടുകൊടുക്കുവാനുള്ള ഭാവമല്ല.

''ട്രോയനിലേക്കു്.''

''എവിടെ നിന്നാണു്?''

''ബൈലചെക്വെയിൽനിന്നു്. ഇനിയങ്ങോട്ടുള്ള റോഡ് നല്ലതാണോ?''

''ഞാനും, ബൈലചെക്വെയിൽനിന്നുതന്നെയാണു് വരുന്നതു്. ഇപ്പോൾ ട്രോയനിലേയ്ക്കു പോകാൻ സാദ്ധ്യമല്ല. ഞാൻ പറയുന്നതു് വിശ്വസിക്കൂ.'' സത്രക്കാരൻ ഓഗ്യനോവിനു കാപ്പികൊടുക്കുന്നതിന്നിടയിൽ തുറിച്ചുനോക്കിക്കൊണ്ടു് പ്രസ്താവിച്ചു. അയാൾ തന്റെ അതിഥിയെ തിരിച്ചറിവാൻ ശ്രമിക്കയായിരുന്നു.

വെറുക്കത്തക്ക ആ നോട്ടം ഒഴിവാക്കാൻവേണ്ടി ഓഗ്യനോവ് തല കുനിച്ചു മുഖം വീർപ്പിച്ചു. സത്രക്കാരൻ ഒരു ചരിഞ്ഞ നോട്ടവും ഒരു ചിരിയും അതിഥിക്കു സമ്മാനിച്ചു.

''സത്രക്കാരൻ, നിങ്ങളീ കാപ്പിയിൽ വല്ലാതെ മധുരം ചേർത്തിരിക്കുന്നു.'' കപ്പ് മാററിക്കൊണ്ടയാൾ പറഞ്ഞു.

''ഞാൻ വിചാരിച്ചതു് നിങ്ങൾക്കു മധുരം ഇഷ്ടമായിരിക്കുമെന്നാണു്. ഞാൻ വേറെ ഒരു കപ്പുകൂടി ഉണ്ടാക്കട്ടെ.''

''ആവശ്യമില്ല.''

''അല്ല, അതു വളരെ ഗുണംചെയ്യും ഞാൻ പറയുന്ന അതു വളരെ നല്ലതാണു് എന്നു്.''

"എന്താണു് നിങ്ങളുടെ ഭാഗത്തെ വിശേഷങ്ങൾ?"

"പേടി, കൊല, കൊള്ള ഇതുതന്നെ എല്ലാ ദിവസവും. യാത്രക്കാരാരുമില്ല. മലയിൽ ഗതാഗതതടസ്ഥമാണു്. ഞാനാണെങ്കിൽ നശിക്കുകയാണു്. എംകീസസ്ഫയൽമാൻെറ ശവശരീരം കുഴിച്ചെട്ടത്തതോടെ—നിങ്ങൾ തീച്ച്യയായും അയാളെ അറിയുമല്ലോ—തുക്കികളുടെ അക്രമത്തിനു അററമില്ലതായിരിക്കുകയാണു്. അവർ പറയുന്നതു്, അവർ വിപ്ലവകാരികളെ അന്വേഷിക്കുകയാണെന്നാണു്, കൊല്ലുന്നതോ വെറും നിരപരാധികളേയും. ഞാൻ പറയുന്നതു മുഴവൻ വാസ്തവമാണു്, ശ്രദ്ധിച്ചുകേൾക്കു."

ഓഗ്യനോവിനു വാസ്തവത്തിൽ സത്രക്കാരൻെറ ധൈര്യത്തിൽ അത്ഭുതം തോന്നി. ഒരാൾ ഒരു ബൾഗേറിയനോടുമാത്രമേ ഇത്ര സ്വതന്ത്രമായി സംസാരിക്കയുള്ളു. അപ്പോൾ തൻെറ തുക്കിവേഷത്തിനു വിലയില്ലാതായിരിക്കുന്നു.

അയാൾ മുരണ്ടു.

"നിങ്ങൾ ഇങ്ങിനെ ചിലച്ചാൽ അപകടത്തിലാവും, ഏഷണിക്കാരാ."

"എനിക്കറിയാം ഞാൻ ആരോടാണു് ചിലക്കുന്നതെന്നു്, അതെ തീച്ച്യയായും അറിയാം."

ഓഗ്യനോവ് കുറെക്കൂടി അത്ഭുതത്തോടെ അയാളെ നോക്കി. അയാൾ മറെറയാളെ ശകാരിക്കാൻതന്നെ തീച്ച്യയാക്കി.

"നിങ്ങൾ കുടിച്ചിട്ടുണ്ടോ?"

"കൊള്ളാം പ്രഭു, ദേഷ്യപ്പെടല്ലേ. എന്തു് 'ജനവീവ്' കണ്ടിട്ടു് ഞാനെത്ര കരഞ്ഞു." ബൾഗേറിയൻഭാഷയിൽ ഇത്രയും പറഞ്ഞയാൾ ഓഗ്യനോവിൻെറ ഹസ്തം പിടിച്ചു.

ഓഗ്യനോവിനു തീച്ച്യയായി താൻ തിരിച്ചറിയപ്പെട്ടുമെന്നു് ആ വിശ്വാസം അയാളെ വ്യാകുലപ്പെടുത്തി. സത്ര

ക്കാരൻെറ മുഖഭാവവും പെരുമാററവും വെറുക്കത്തക്കതാണെന്നും അയാൾക്കു തോന്നി. കേശാദിപാദം ഒന്നു നോക്കിക്കൊണ്ടയാൾ ചോദിച്ചു:

"നിങ്ങൾ എവിടുത്തുകാരനാണു?"

"ബൈലചെക്വേ, റാച്ച്കോദസ്റ്റിൻകാർഡ്." സത്രക്കാരൻ തന്നെത്തന്നെ പരിചയപ്പെടുത്തിക്കൊണ്ടു് കൈ നീട്ടി. പക്ഷേ ആ കൈ അങ്ങിനെതന്നെ വായുവിൽ തൂങ്ങിനിന്നതേ ഉള്ളു. പക്ഷേ റാച്ച്ക്കോവിനു യാതൊരു അലോഹ്യവും തോന്നിയില്ല.

"നിങ്ങൾക്കു് എന്നെ എന്താണിത്ര പേടി പ്രഭൂ. അതോ എൻെറ പേരു കേട്ടിട്ടു് അറപ്പു തോന്നുന്നുണ്ടോ? (സ്റ്റിൻകാർഡ് എന്നാൽ ദുർഗ്ഗന്ധമുള്ളവനെന്നാണു് അത്ഥം) എനിക്കു് എൻെറ അച്ഛനിൽനിന്നു കിട്ടിയതാണു് എൻെറ പേർ. ഞാൻ അതിൽ അഭിമാനംകൊള്ളുന്നതേയുള്ളു. അല്ലെങ്കിൽ പേരുകൊണ്ടെന്താണു് നിങ്ങൾക്കു വരുവാൻ പോകുന്നതു്. നാമധേയം ഒരു കാര്യമൊന്നുമല്ല. മനുഷ്യൻ നല്ലവനാണെങ്കിൽ പേരും നല്ലതുതന്നെ. സ്റ്റിൻകാർഡ് എന്നു് ആരെയാണു് വിളിക്കുന്നതെന്നു് ബൈലചെക്വേയിൽ ആരോടെങ്കിലും അന്വേഷിച്ചുനോക്കു. ആരു വേണമെങ്കിലും അതു പറഞ്ഞുതരും. ഞാൻ പറയുന്നതു ശ്രദ്ധിക്കു. ആളുകൾ ബഹുമാന്യരാണോ പേരിനു കിട്ടും ആദരവ്. ഉദാഹരണമായി —ഞാൻ ഒരു കുട്ടംബവും മൂന്നു കുട്ടികളേയും പുലത്തുന്നുണ്ടു്. നിങ്ങൾക്കും അത്രതന്നെ ഉണ്ടാകട്ടെ. എന്നെ എല്ലാവക്കും ബഹുമാനമാണു്. അല്ല ഒരു മനുഷ്യൻ എന്തിനാണു് ജീവിക്കുന്നതു്. ആളുകളുടെ ബഹുമതിക്കും തൻെറ സൽപേരിനും തന്നെയല്ലേ?"

"നിങ്ങൾ പറഞ്ഞതെല്ലാം ശരിയാണു്. ബായ് റാച്ച്ക്കോ. നിങ്ങൾ വളരെ ബുദ്ധിപൂവ്വം സംസാരിക്കുന്നു."

"തീർച്ചയായും ഞാൻ വാസ്തവമാണ് പറയുന്നതു്. എന്റെ ആകൃതിമാത്രം കണ്ടതുകൊണ്ടു് ഒന്നും വിധിക്കരുതു്. ഞാനൊരു കഴുതയൊന്നുമല്ല. വളരെ പ്രാവശ്യം ഞാനിവിടെ ജനസേവകന്മാരെ താമസിപ്പിച്ചിട്ടുണ്ടു്. കണ്ട ഉടനെ തന്നെ ഞാൻ നിങ്ങളെ മനസ്സിലാക്കി. പക്ഷേ ഞാൻ എന്നോട്ടുതന്നെ പറഞ്ഞു. ശരി പ്രഭുവിനു് എന്നെ മനസ്സിലായോ എന്നു് ഒന്നു പരീക്ഷിക്കട്ടെ."

ഓഗ്യനോവിനു് ഈ വിചിത്രമനുഷ്യനെ മുമ്പു് കണ്ടിട്ടുണ്ടു് എന്നു് ഓർക്കുവാൻപോലും സാധിച്ചില്ല.

"നിങ്ങൾ കുറേക്കാലമായോ ഈ സത്രം നടത്തുവാൻ തുടങ്ങിയിട്ടു്?"

"ഏകദേശം ഒന്നരക്കൊല്ലമായി. സന്ദർഭവശാൽ ഞാൻ ബൈലചെക്‌വെയിൽ വന്നപ്പോഴാണു് 'ജനവിവ്' കണ്ടതു്. നിങ്ങൾ അതിലെ പ്രഭുവായിരുന്നു, അല്ലേ?"

"നിങ്ങൾ എന്തെങ്കിലും എനിക്കു തിന്നുവാൻ തരു."

"ദൈവം തന്നിട്ടുള്ളതുമാത്രമേ ഇപ്പോൾ ഇവിടെയുള്ളു." എന്നു പറഞ്ഞു് റാച്ച്കോ ചുവന്ന കുരുമുളകു വിതറിയ ഒരു പ്ലേററ് ബീൻസും, കുറച്ചു് ഉപ്പിലിട്ട മൊട്ടക്കുസും, ഒരു കഷ്ണം റൊട്ടിയും ആ ചളി പിടിച്ച മേശപ്പുറത്തു കൊണ്ടുവെച്ചു.

"ഞാനുംകൂടെ ഭക്ഷണത്തിനു കൂട്ടുകൂടാം." നാണമില്ലാതെ പറഞ്ഞുകൊണ്ടു് അയാളും അവിടെ ഇരുന്നു. ഓഗ്യനോവ് യാതൊന്നും മിണ്ടിയില്ല. അയാളുടെ നാണമില്ലാത്ത പെരുമാററവും, വൃത്തികെട്ട പേരും, വിളിക്കാതെ ഭക്ഷണത്തിനു വന്നതിൽ കാണിച്ച വഷളത്തവുംകൊണ്ടു് ഓഗ്യനോവിന്നു റാച്ച്ക്കോവിനെപ്പററി ഒരു ചീത്ത അഭിപ്രായമാണു് ഉണ്ടായതു്.

"എന്തൊരു വൃത്തികെട്ട സത്രക്കാരൻ. ഇയാൾ ഒരു ക

ഴതയാണോ" എന്നു മനസ്സിൽ വിചാരിക്കുകയും ചെയ്തു. വാക്കുകൾ ന്യായീകരിക്കാനെന്നപോലെ റാച്ച്കോ രണ്ടു ഗ്ലാസ്സ് വീഞ്ഞ് പകൎന്നുവെച്ചുകൊണ്ടു പറഞ്ഞു:

"നമുക്കു് ഈ ഗ്ലാസ്സുകൾ കൂട്ടിമുട്ടിക്കുക. എണീററു മുന്നേറുക. ദീർഘായുസ്സായിരിക്കട്ടെ.'' അയാൾ തൻെറ പുളിച്ച വീഞ്ഞ് അങ്ങിനെതന്നെ വിഴുങ്ങി.

"ഞാൻ നിങ്ങളെ എത്രവേഗം തിരിച്ചറിഞ്ഞു ഇല്ലെ. എത്ര പ്രാവശ്യമാണ് ഞാൻ ഡീക്കൺ ലെവിസ്കിയെ ഇവിടെ താമസിപ്പിച്ചിട്ടുള്ളതും ഒരുമിച്ചു കുടിച്ചിട്ടുള്ളതും. അദ്ദേഹം എൻെറ ഒരു സുഹൃത്തായിരുന്നു. എൻെറ ആകൃതി ശ്രദ്ധിക്കേണ്ട. ഞാനും ജനങ്ങളുടെ ആളാണ്."

ഓഗ്യനോവ് കണ്ടതു് ഒരു വിരോധാഭാസമാണ്. അല്ലെങ്കിൽ കല്ലുവെച്ച നുണ. ഡീക്കൻ ലെവിസ്കി മരിച്ചിട്ടു മൂന്നു കൊല്ലമായിരിക്കുന്നു. ഇതു് അയാളോടു തോന്നിയ അവിശ്വാസം വൎദ്ധിപ്പിച്ചു.

"നിങ്ങളുടെ വീഞ്ഞ് കുടിക്കുന്നില്ലേ? എന്താത്. കുടിക്കുന്നില്ലേ? എന്നാൽ ഞാൻതന്നെ കഴിച്ചേക്കാം.''അയാൾ ഓഗ്യനോവിൻെറ ഗ്ലാസ്സും കാലിയാക്കി, മുഖംകൊണ്ടു ഭയങ്കരമായ ഒരു ഗോഷ്ടി കാണിച്ചു.

സന്തുഷ്ടനായിത്തുടങ്ങിയിരുന്ന റാച്ച്കോവിൻെറ അഭീഷ്ടത്തിനു വിപരീതമായിതന്നെ ഭക്ഷണപരിപാടി അവസാനിച്ചു.

"അല്പം താമസിക്കു. എന്താണിത്രവലിയ ധൃതി. ഒരു രാത്രി ഇവിടെ കഴിച്ചുകൂട്ടില്ലേ. ഞാൻ നിങ്ങളെ ഇവിടെ വിട്ട് കാർനാരിവരെ ഒന്നു പോയിട്ടുവരട്ടെ. നിങ്ങൾ ഇവിടെ എനിക്കുവേണ്ടി കാത്തിരിക്കു. ഇന്നിവിടെ താമസിക്കണം. നമുക്കു് സുഖമായി സംസാരിക്കാം. ഞാൻ ഈ ജനസേവകന്മാരിൽ ഒരാളാണ്.

"നന്ദി റാച്ച്കോ, എൻെറ കുതിരയെ കൊണ്ടുവരാൻ പറയൂ. ഞാൻ പോകുകയാണ്."

"സത്യം പറയട്ടെ. വഴി വളരെ ചീത്തയാണ്. ഞാൻ പറയുന്നതു് കേൾക്കു—ഞാൻ വേണമെങ്കിൽ എൻെറ തല വെട്ടിക്കളയാം."

"അതിൻെറ ആവശ്യമൊന്നുമില്ല" വിരസമായി ഓഗ്യനോവ് മറുപടി പറഞ്ഞു,

"എവിടെ എൻെറ കുതിര"

സത്രക്കാരൻ പുറത്തേക്കുപോയി.

ആ മുറിയും അടുത്ത ചായ്പും ഓഗ്യനോവ് ശ്രദ്ധാപൂർവ്വം പരിശോധിച്ചു. ലെവിസ്കിയെ ഒററുകൊടുത്ത 'കാക്കറിൽ' സത്രത്തിൻെറ ഓർമ്മ, പൊടുന്നനെ അയാളുടെ മനസ്സിൽ ഉദിച്ചു. തുക്കിസത്രങ്ങളുടെ സൂക്ഷിപ്പുകാർ മിക്കവരും ബൾഗേരിയക്കാരാണ്. ആചാരംകൊണ്ടും നിർബ്ബന്ധംകൊണ്ടും അവർ തുക്കികളുടെ അടിമകളായിത്തീരുന്നു. അവരെ വിശ്വസിക്കുവാൻ വയ്യ. നിഷ്കളങ്കനാണെങ്കിലും റാച്ച്ക്കോവിൻെറ ചപലതാവും ചിലപ്പോൾ വല്ല അപകടങ്ങളും ചെയ്യുവാൻ മതി.

"ഇതാ നിങ്ങളുടെ കുതിര തയ്യാറായി പുറത്തുണ്ട്. പക്ഷെ ട്രോയനിലേക്കുള്ള വഴി വളരെ ചീത്തയാണ്" മടങ്ങിവന്ന റാച്ച്ക്കോ അറിയിച്ചു.

"എൻെറ കുതിരക്കും എനിക്കുംകൂടി എന്താണ് ചാർജ്ജ് വേണ്ടതു്."

"കൊള്ളാം പ്രഭു. മാപ്പു തരു അതു് എൻെറ ചിലവ്"

"ഏയ് അതൊന്നും പററില്ല—എത്ര പണമായി എന്നു പറയണം. നിങ്ങളുടെ ആതിഥ്യമര്യാദക്കും വിശിഷ്യ നിങ്ങൾ നൽകിയ വീഞ്ഞിനും വളരെ വളരെ നന്ദി." ഓഗ്യനോവ് പുഞ്ചിരിയോടെ പറഞ്ഞു.

"കൊള്ളാം, വൈൻ വളരെ നല്ലതാണ്. ഇങ്ങിനെയു ള്ള സുഹൃത്തുക്കളോട്ട് ഞാനൊന്നും വാങ്ങിക്കാറില്ല. വീ ഞ്ഞിനോ ഭക്ഷണത്തിനോ കുറച്ചു വൈക്കോലിനോ വില വാങ്ങിക്കുകയോ."

ചുററും നോക്കിക്കൊണ്ട് ഓഗ്യനോവ് ചോദിച്ചു: "ഇ വിടെ വേറെ ആരെങ്കിലും ഉണ്ടോ."

"ഞാനും ഒരു പയ്യനും മാത്രം പ്രഭു. അവൻ ബൈല ചെർക്കേവിയയിലേക്കു പോയിരിക്കയാണ്. വൈകുന്നേ രമേ തിരിച്ചുവരു. എനിക്ക് ഗ്രാമത്തോളം ഒന്നു പോയിവ ന്നാൽ കൊള്ളാമെന്നുണ്ട്. ഇവിടെ കാവലിന്നു ആരുമി ല്ല. അതുകൊണ്ട് ഇന്നിവിടെ താമസിക്കണം."

ഓഗ്യനോവിൻെറ നോട്ടം ഒരു തൂണിന്മേൽ ചെന്നു ത റച്ചു. സത്രക്കാരൻെറ കയ്യിൽ സന്തോഷത്തോടെ പി ടിച്ചുകൊണ്ടയാൾ പറഞ്ഞു.

"ബായ്റാച്ച്ക്കോ, ഇവിടെ നിങ്ങളെ കെട്ടിയിടാൻ എന്നെ അനുവദിക്കണം."

ഓഗ്യനോവ് ഒരു കൈകൊണ്ടു അവിടെ ഒരാണിയി ന്മേൽ തൂങ്ങിക്കിടന്നിരുന്ന കയറഴിച്ചു മറെറ കൈകൊണ്ടു സത്രം വിചാരിപ്പുകാരനെ തൂണിനോട്ട് ചേർത്തു പിടിച്ചു. അയാൾ അതൊക്കെ ഒരു തമാശയാണെന്നേ കരുതിയുള്ളൂ.

"ഓ എന്നെ കെട്ടിയിടാൻ പോകയാണോ. ശരി അ ങ്ങിനെയാകട്ടെ" അയാളും തമാശയിൽ പറഞ്ഞു.

ഓഗ്യനോവ് ശാന്തനായി അയാളെ ആ തൂണിനോടു ചേർത്തു ബന്ധിക്കാൻ തുടങ്ങി. സംഗതികൾ ഗൗരവമാ കാൻ തുടങ്ങുകയാണെന്നു മനസ്സിലായ വഴിയമ്പലക്കാരന്നു ആദ്യം അത്ഭുതവും പിന്നീട് ദ്വേഷ്യവും തോന്നി.

"തമാശ നിർത്തു. ഞാൻ കള്ളനോ മറേറാ ആണോ

കെട്ടിയിടാൻ.'' റാച്ച്ക്കോ ഞെളിഞ്ഞു പിരിഞ്ഞുകൊണ്ട ചോദിച്ചു.

ഓഗ്യനോവ് പെട്ടെന്നു പറഞ്ഞു.

''ഇവിടെ കിടന്നു ലഹളകൂട്ടുകയാണെങ്കിൽ വയറു ഞാൻ കുത്തി പിളക്കും.''

ഇടിവെട്ടേററപോലെയായ റാച്ച്ക്കോ, ഓഗ്യനോവിൻെറ ബെൽട്ടും അതിൻെറ ഭാരവും നോക്കി. അയാൾക്കു തോന്നി പ്രബു കാൎയ്യമാണു് ഉദ്ദേശിക്കുന്നതു് എന്നു്. ഒരു കുട്ടിയെപ്പോലെ അയാൾ അനുസരിച്ചു.

''എനിക്കു നിങ്ങളുടെ വായ അടക്കാനാണു് മോഹം. അതു സാദ്ധ്യമല്ലാത്തതുകൊണ്ടാണു് നിങ്ങളെ കെട്ടിയിടുന്നതു്'' ചിരിച്ചുകൊണ്ടു് മുറുക്കിവരിയുന്നതിനിടയിൽ ഓഗ്യനോവ് പറഞ്ഞു.

''എപ്പോഴാണു് പയ്യൻ തിരിച്ചുവരിക.''

''വൈകുന്നേരം'' റാച്ച്ക്കോ വിറച്ചുകൊണ്ടു് അറിയിച്ചു.

ശരി. അയാൾ വന്നു നിങ്ങളുടെ കെട്ടഴിക്കും. ഗുഡ് ബൈ—ഞാൻ ട്രോയനിലേക്കു പോകുന്നു—പ്രഭുവിനെ വല്ലപ്പോഴും ഓൎക്കണം; പക്ഷെ തനിയെ മതി.

കുറെ നാണയങ്ങൾ അയാൾക്കു് എറിഞ്ഞുകൊടുത്തു് ഓഗ്യനോവ് കുതിരമേൽ ചാടിക്കയറി യാത്രയായി.

## അദ്ധ്യായം 31

# "ആൾട്ടൂണോവോ"യിലെ തുന്നൽ പാർട്ടി

ബൈലാചെർക്കേവയിലേക്കു പോകുന്നതിനു പകരം ഓഗ്യനോവ് തിരിച്ചതു്, മൈതാനത്തിൻെറ പടിഞ്ഞാറു ഭാഗത്തായി ഒളിച്ചു കിടക്കുന്നതുപോലെ സ്ഥിതിചെയ്യുന്ന "ആൾട്ടണോവോ" ഗ്രാമത്തിലേക്കാണു്. സാധാരണ അവിടേക്കു് രണ്ടു മണിക്കൂർ യാത്ര ചെയ്താൽ മതി. പക്ഷെ കുതിര വളരെ ക്ഷീണിച്ചതിനാലും മാർഗ്ഗത്തിൽ വിഘാതങ്ങൾ നിറഞ്ഞിട്ടുള്ളതിനാലും സന്ധ്യയോടടുത്തെ അയാൾ അവിടെ എത്തിയുള്ളു. ഓളിയിട്ടുകൊണ്ടു ഒരു കൂട്ടം ചെന്നായകളും അയാളെ അനുഗമിച്ചിരുന്നു.

ഒരു ബൾഗേരിയൻ ഗ്രാമഭാഗത്തുകൂടിയാണു് (അവിടത്തെ നിവാസികളിൽ ബൾഗേരിയക്കാരും തുർക്കികളുമുൾപ്പെട്ടിരുന്നു) അയാൾ ഗ്രാമത്തിലേക്കു് പ്രവേശിച്ചതു്. അധികം താമസിയാതെ അയാൾ 'ബായ് ഡാങ്കോവിൻെറ' ഗേററിൻെറ മുന്നിലെത്തി.

"ക്ലിസ്സുറ" സ്വദേശിയാണെങ്കിലും വളരെക്കാലമായി അയാളീവില്ലേജിൽ സ്ഥിരതാമസമാക്കിയിട്ടു്. ലളിതമനസ്സനും വിനോദശീലനും ദേശാഭിമാനിയുമായ ഒരു ചെറിയ മനുഷ്യനാണു് 'ഡാങ്കോ'. ജനസേവകന്മാർ ഇവരുടെ വീട്ടിൽ ഇടക്കിടെ ഉണ്ടാകും. സന്തോഷപൂർണ്ണമായ ഒരു സ്വാഗതമാണു് ഓഗ്യനോവിനു് അവിടെ ലഭിച്ചതു്.

"ഭാഗ്യമായി നിങ്ങൾ എൻെറ അടുക്കലേക്കു് വന്നതു്. ഇന്നു വൈകുന്നേരം ഇവിടെ ഒരു തുന്നൽ വിരുന്നു ഉണ്ടു്.

ഞങ്ങളുടെ പെൺകുട്ടികളെ ഒരു നോക്കു കാണാം. മടുപ്പു തോന്നുകയുമില്ല.'' മുറിയിലേക്കയാളെ ആനയിച്ചുകൊണ്ടു് ആതിഥേയൻ മന്ദസ്മേരപൂർവ്വം പറഞ്ഞു.

ഓഗ്യനോവ് ധൃതിയിൽ, അയാൾ പിന്തുടരപ്പെട്ടവനാണെന്നും, അതിൻെറ കാരണങ്ങളും പറഞ്ഞുകൊടുത്തു.

''ഞങ്ങൾ അതെല്ലാം കേട്ടു. നിങ്ങൾ വളരെ അധികം ദൂരത്തുപെട്ടപോയെങ്കിലും ഞങ്ങളും ഈ ലോകത്തിൽ തന്നെയാണു് ജീവിക്കുന്നതു്.''

''ഞാൻ കാരണം കുഴപ്പത്തിൽ ചാടരുതു്.''

''പരിഭ്രമിക്കാതിരിക്കു. ഞാൻ പറയുന്നു. ഇന്നു വൈകുന്നേരം കാണുന്ന ഏതെങ്കിലും ഒരു യുവതിയെ കൊടിയുയർത്താനായി കണ്ടുപിടിക്കു.'' ഡാങ്കോ തമാശ പറഞ്ഞു. ''ഇതാ ജനവാതിലിനുള്ളിൽക്കൂടി അവരെ നല്ലപോലെ നോക്കിക്കാണാം; ഒരു രാജാവിനെപ്പോലെ.''

ഇരുളിലാണ്ട ഒരു ചെറിയ മുറിയിലായിരുന്നു ഓഗ്യനോവ്. വിരുന്നു നടക്കുന്ന വലിയ മുറിയിലേക്കു് ഇതിൽ നിന്നു ഒരു ചെറിയ മരജനവാതിലുണ്ടു്. സ്റ്റാങ്കയുടെ പുത്രി ഡോങ്കയുടെ വിവാഹവസ്ത്രം നെയ്യാനും തുന്നാനും അന്നവിടെ ഭേദപ്പെട്ട മിക്ക കന്യകമാരും നവവധുക്കളും എത്തിച്ചേരും. വിളക്കുകൾ കത്തി നാലുഭാഗത്തുമുള്ള ചുമരുകളെ പ്രകാശത്തിൽ മുക്കിയിരുന്നു. ഭിത്തിയിന്മേൽ ഉണ്ടായിരുന്ന അലങ്കാരവസ്തു റിലയിലെ സെൻറു് ഐവാൻെറ ഒരു പടവും, ഷെൽഫിന്മേൽ വെച്ചിരുന്ന വർണ്ണാങ്കിതമായ മൺപാത്രങ്ങളും മാത്രമായിരുന്നു. സാധാരണ എല്ലാ കൃഷകരുടെ വീടുകളിൽകാണുന്നതുപോലെതന്നെ വെള്ളക്കൂജകൾ വെയ്ക്കാനുള്ള രണ്ടു് വരി സ്റ്റാൻറും, ഒരു അലമാരി, ഒരുങ്ങുവാൻ ഉപയോഗിക്കുന്ന ഒരു മേശ, സകല വീട്ടുസാമാനങ്ങളും അടക്കിവെയ്ക്കാവുന്ന ഷെൽഫു് ഇതെല്ലാമായിരുന്നു അവിടത്തെയും

ഉപകരണങ്ങൾ. ചെമ്മരിയാടിന്റെ രോമംകൊണ്ടു വീട്ടിൽ ഉണ്ടാക്കിയ പരവധാനികൾ വിരിച്ച നിലത്താണ് ആണുങ്ങളും പെണ്ണുങ്ങളും ഇരിക്കുന്നതു്.

അഗ്നികുണ്ഡത്തിൽനിന്നുള്ള തീക്കു പുറമെ രണ്ടു മണ്ണെണ്ണ വിളക്കുകളും അവിടെ കത്തുന്നുണ്ടായിരുന്നു. അതു ആ സന്ദർഭത്തെ ആഘോഷിക്കുവാൻ പ്രത്യേകമായി കൊണ്ടുവന്നതാണ്,

പഴമയുടെ കൈമുതലായ ഈവക ആചാരങ്ങളിൽ ഓഗ്യനോവ് പങ്കുകൊണ്ടിട്ടു കാലം വളരെ ആയിരിക്കുന്നു. തന്റെ ഇരുളിലാണ്ട മുറിയിൽ ഇരുന്നു പഴമയുടെ സർവ്വ ലക്ഷണങ്ങളോടുംകൂടി കൊണ്ടാടപ്പെടുന്ന ഈ ലളിതമായ കഷ്കാഘോഷത്തെ വീക്ഷിക്കയായിരുന്നു അയാൾ. അപ്പോഴാണ് വാതിൽ തുറന്നു ഡാങ്കോവിന്റെ ഭാര്യ, ധാരാളം സംസാരിക്കുന്ന തടിച്ചുരുണ്ട ഒരു സ്ത്രീ അവിടെ പ്രവേശിച്ചതു്. അവരും 'ക്ലിസ്സംറ'ക്കാരിയാണ്. ഓഗ്യനോവിന്റെ അടുത്തിരുന്നു്, ആവശ്യമായ വിശദീകരണങ്ങളോടെ അവിടെ ഉണ്ടായിരുന്ന പ്രധാന പെൺകിടാങ്ങളെ അവർ ചൂണ്ടിക്കാണിച്ചുകൊടുത്തു.

"ദാ ഇതാ നോക്കൂ, ആ ചുവന്ന കവിൾത്തടങ്ങളോടുകൂടിയ തടിച്ച പെണ്ണിനെ, അവളാണ് ''ചോണോ''വിന്റെ 'സ്റ്റെസ്സ്'. ഐവൻ ബോറിമിച്ച്ക (കരടിയെ ആലിംഗനം ചെയ്യുന്നവൻ) അവളെ തുറിച്ചു നോക്കിക്കൊണ്ടിരിക്കുന്നതു് കണ്ടോ. അവളെ ചിരിപ്പിക്കാൻ ഉദ്ദേശിക്കുമ്പോൾ അയാൾ ഒരു നായയെപ്പോലെ കുരച്ചുതുടങ്ങും. നല്ല വൃത്തിയും വെടിപ്പുമുള്ള ഒരസ്സൽ കൈവേലക്കാരിയാണവൾ. സാധു വളരെ എളുപ്പത്തിൽ തടിക്കുന്നു. പക്ഷെ കല്യാണം കഴിഞ്ഞാൽ തനിയെ ചടച്ചുകൊള്ളും. വിവാഹശേഷം തടിക്കുന്നതു് നഗരത്തിലെ പെൺകുട്ടികളാണ്. അവളുടെ ഇടത്തുവശത്തു് ഇരിക്കുന്നതാണ് 'വിററപെർഡനോവ്'

ആ മീശയുള്ള ചെറുപ്പക്കാരനെ അവൾക്കു വളരെ പ്രിയമാണ്. അവർ തമ്മിൽ വളരെ അടുപ്പമാണെന്നു തോന്നുന്നു. പക്ഷെ അവളൊരു കൊഞ്ചൽകാരത്തി പെണ്ണാണ്. നോക്കു എവിടെയെല്ലാമാണ് അവളുടെ കണ്ണുകൾ സഞ്ചരിക്കുന്നതെന്ന്. ഇതൊന്നുമില്ലായിരുന്നെങ്കിൽ അവൾ ഒരു നല്ല കുട്ടിയാണ്. അവളുടെ അടുത്ത് ''ഡ്രാഗൻെറ'', ''വിററ', അതിനടുത്ത് പുരോഹിതൻെറ ''റെസ്സ''. ഫിലിപ്പനോവിൽനിന്നു പത്തു തുക്കി സുന്ദരികളെ കിട്ടാമെന്നുവെച്ചാൽകൂടെയും അവളെ കൈമാറാൻ ഞാൻ ഒരുങ്ങുകയില്ല. എന്തു വെളുവെളുത്ത കഴുത്താണ് അവളുടെ, താറാവിൻേറതുപോലെ. നമ്മുടെ സാങ്കോ ഒരിക്കൽ പറയുകയാണ്, ആരെങ്കിലും അവളുടെ കഴുത്ത് ഒന്നു കടിക്കുവാൻ തന്നെ അനുവദിക്കയാണെങ്കിൽ അവക്ക് 'മാൽടീപി'ലെ മുന്തിരിത്തോട്ടം സമ്മാനം കൊടുക്കാമെന്ന്. ഞാൻ ആ തെമ്മാടിയെ തവികൊണ്ടു ഒരു കൊട്ടുകൊടുത്തു. തടിച്ചി സ്റ്റെസ്സയുടെ വലത്തുവശത്ത് കാണുന്നില്ലെ അതാണ് ''കാരവെല്ല''വിൻെറ മകൾ. കൂട്ടത്തിലേക്കും സമ്പത്തുകാരിയാണവൾ. അസ്സൽ അഞ്ചു് വിവാഹാലോചനകൾ അവൾക്കു വന്നതാണ്. പക്ഷെ അവളുടെ പിതാവു് അവളെ കൊടുക്കുകയില്ല. ആ വൃദ്ധൻ അവളെ വിത്തിനു നിർത്തിയിരിക്കയാണ്. ''നെടിയാൽക്കോ''വിൻെറ ''ഐവാൻ'' അവളെക്കൊണ്ടു ഓടിപ്പോയിട്ടില്ല എങ്കിൽ ഞാൻ എൻെറ നാക്ക് അറുത്തുതരാം. മറോത്ത് മിൽക്കോവിൻെറ ''റാഡ'' നമ്മുടെ പ്ലംമരത്തിന്മേലുള്ള വാനമ്പാടിയുടേതുപോലെയുള്ള മധുരസ്വരമാണ് അവളുടെ. പക്ഷെ നമുക്ക് വേറെ ഗുണമൊന്നുമില്ല. നോക്കു ആ തുന്നൽക്കാരൻെറ അടുത്തിരിക്കുന്ന ''ഡിൻകടോറെവൈ''യെ. എന്തൊരു സുന്ദരിയാണവൾ. ഞാൻ ഒരു യുവാവാണെങ്കിൽ അവളുടെ പിന്നാലെ നടന്നേനെ. വരു, ഞാൻ നിങ്ങൾക്കു അവളെത്തരാം.

നമ്മുടെ ഡോണയുടെ അടുത്തിരിക്കുന്നതാണു് 'പീവി'ൻെറ മകൾ. അവൾ കാണാനും നന്നു്, നല്ലവണ്ണം പണിയെടുക്കുകയും ചെയ്യും. നമ്മുടെ ഡോണയുടെ വലിയ കൂട്ടുകാരിയാണവൾ. പോരാത്തതിനവൾ റാഡയെപ്പോലെ തന്നെ മധുരമായിപ്പാട്ടും; ഒരു കരുവിയെപ്പോലെ പൊട്ടിച്ചിരിക്കും. അവളെ നോക്കിക്കോളൂ.

ഇരുട്ടിൽ ഓഗ്യനോവിൻെറ അടുക്കൽ കുനിഞ്ഞുനില്ക്കുന്ന അവർ, നമ്മെ അനുസ്മരിപ്പിക്കുന്നതു് 'ഡാൻടെയു'ടെ 'ഡിവൈൻകോമടിയിലെ' 'ബിയാട്രീസിനെ'യാണു്; ഡാൻടെയ്ക്കു് നഗരത്തിലെ താമസക്കാരെപ്പററി കഥകൾ വിവരിച്ചുകൊടുക്കുന്ന 'ബിയാട്രീസി'നെ.

ഓഗ്യനോവ് ഈ നല്ല സ്ത്രീയുടെ സംഭാഷണത്തിൻെറ പകുതിയെ കേട്ടുള്ളു. അയാൾ അവിടെ നടക്കുന്ന സംഗതികളിലാണു്, അതിൻെറ വിവരണത്തിലല്ല അധികം ശ്രദ്ധ പതിപ്പിച്ചതു്. കുറച്ചു പുരോഗമനക്കാരായ പെൺകുട്ടികൾ ആൺകുട്ടികളുമായി തമാശപറഞ്ഞു് അവരെ പരിഹസിച്ചു്, ലജ്ജയോടെ പൊട്ടിച്ചിരിച്ചുകൊണ്ടിരുന്നു. ആണുങ്ങളാകട്ടെ ബാലികമാരെ കുററം പറഞ്ഞു് ഉറക്കെ ചിരിക്കയാണു്. കളിയാക്കല്ലുകളും, കുററം പറയല്ലുകളും, തമാശകളും മഴപോലെയാണു് ചൊരിഞ്ഞിരുന്നതു്. നല്ല തമാശകൾ—കിഴവികളുടെ കവിൾത്തടങ്ങളിൽപോലും രക്തം തുടിപ്പിക്കുന്ന—കഥകൾ, ഭയങ്കര ശബ്ദകോലാഹലത്തോടെയാണു് സ്വാഗതം ചെയ്യപ്പെട്ടതു്. സാങ്കോ ഇതിലെല്ലാം പങ്കുചേന്നു. അദ്ദേഹത്തിൻെറ ഭാര്യ അതിഥികളെ സല്ക്കരിക്കുവാനുള്ള ഭക്ഷണം ഉണ്ടാക്കുന്നതിൽ വ്യാപൃതയായി. ഡോങ്കയാകട്ടെ ഇടക്കിടെ എണ്ണീക്കയും ഇരിക്കയും ചെയ്തുകൊണ്ടിരുന്നു.

"കുറെ നേരമായല്ലൊ നിങ്ങൾ ചിരിച്ചു തലതല്ലുന്നു, എന്തുകൊണ്ടു കുറച്ചുനേരം പാടിക്കൂടാ." അതിഥികൾക്കു

നൽകുവാനുള്ള ഭക്ഷണസാമഗ്രികൾ തയ്യാറാക്കുന്ന പാത്രം ഒന്നു നോക്കിവരുവാനായി തൽക്കാലത്തേക്കു ഓഗ്യനോവിനെ വിട്ടുപോന്ന ശ്രീമതി ഡാങ്കോ സന്തോഷത്തോടെ ചോദിച്ചു, റാഡ, സ്റ്റാങ്ക, പാടി ഈ ആൺകുട്ടികളെ ലജ്ജിപ്പിക്കണം. ഒരു പിടി പയറിനോളംപോലും വിലയുള്ളവരല്ല നമ്മുടെ ആൺകുട്ടികൾ. പാടാനവർക്കറിയാനും വയ്യ.'' റാഡയോടും സ്റ്റാൻകയോടും രണ്ടാമതൊരു പ്രാവശ്യംകൂടി പറയേണ്ട ആവശ്യം വന്നില്ല. അവർ പാടാൻ തുടങ്ങി; തുടന്നു പാട്ടറിയാവുന്ന എല്ലാ പെൺകുട്ടികളും രണ്ടു ചേരിയായി പിരിഞ്ഞു. ആദ്യത്തെ കൂട്ടർ ഒരു പദം പാടി നിശ്ശബ്ദരായാൽ രണ്ടാമത്തേവർ പിന്നത്തെ ഈരടി പാടും. ആദ്യത്തെ സെററിലായിരുന്ന മികച്ച ഗായകർ, അവർ സ്വരം ഉയർത്തി പാടി. രണ്ടാമത്തെ കൂട്ടർ ശബ്ദം താഴ്ത്തിയും.

പാട്ടവസാനിച്ചപ്പോൾ ആൺകുട്ടികൾ ഭയങ്കരമായി പ്രശംസ ചൊരിഞ്ഞു. ആ ഗാനം ഇഷ്ടപ്പെട്ടതുകൊണ്ടു മാത്രമല്ല; ഓരോരുത്തരും നിനച്ചതു് ആ പ്രേമഗാനം തന്നെ സംബന്ധിച്ചുള്ളതാണു് എന്നാണു്. താൻ അതിരററു സ്നേഹിച്ചിരുന്ന സ്റ്റെഷ്ക്കയെ യഥാർത്ഥത്തിൽ ഐവൻ കണ്ണുകൾകൊണ്ടു വിഴുങ്ങുകയായിരുന്നു.

''ഈ പാട്ടു് ആവർത്തിച്ചാവർത്തിച്ചാണു് പാടേണ്ടതു്. മുന്നോട്ടും പിന്നോട്ടുമുള്ള പാദതാളത്തോടെയാണു് അതു നൃത്തം ചെയ്യുന്നതു്.'' അയാൾ തൻെറ വലിയ ഒച്ചയിൽ പറഞ്ഞു. കുസൃതി നിറഞ്ഞ കണ്ണുകൾകൊണ്ടു് എല്ലാവരും അയാളെ നോക്കി.

അയാളൊരു മനുഷ്യപർവ്വതമാണു്; രൂപത്തിൽ ഒരു ഗോലിയാത്തും, ശക്തിയിൽ ഒരു ഹെർക്കുലീസും. വിഡ്ഢിത്വം തോന്നിക്കുന്ന എല്ലുമുററിയ ഒരു മുഖമാണു് അയാളുടേതു്. നല്ല ഒരു പാട്ടുകാരനാണു് ഐവൻ, പക്ഷെ അയാളുടെ ശബ്ദം, അയാളുടെ ദേഹത്തിന്നനുസരിച്ചായിരുന്നു. ബോ

റിമിച്ച്ക്കു ദ്വേഷ്യം വന്നു. നിശ്ശബ്ദമായി അയാൾ പുറത്തേക്കുപോയി—പെട്ടെന്നു പെൺകുട്ടികളെ മുഴുവൻ ഭയന്നു നിലവിളിപ്പിച്ചുകൊണ്ടയാൾ പട്ടിയെപ്പോലെ കുരച്ചുതുടങ്ങി. സംഗതി മനസ്സിലായപ്പോൾ അവർ അയാളെ കളിയാക്കിക്കൊണ്ടു പാടാൻ തുടങ്ങി. ഗാനവും തുടൻ ചിരിയും ബഹളവും അവിടെ മുഴങ്ങി. ഐവൻ കുപിതനായി. അയാളുടെ മുഖത്തു് രക്തം ഇരമ്പിക്കയറി. തന്റെ നിതാന്തകമിതാവിനെ ഇത്ര കക്ശമായി കളിയാക്കുന്ന സ്റ്റെസ്റ്റയെ തുറിച്ചുനോക്കിക്കൊണ്ടു്, അയാൾ അവളെ പരിഹസിച്ചുകൊണ്ടു് ഉറച്ച ശബ്ദത്തിൽ പാടാൻ തുടങ്ങി. അതിലെ ഫലിതം സ്റ്റെസ്റ്റയെ ലജ്ജിപ്പിച്ചു. ചായമണിഞ്ഞതുപോലെ ആ കവിൾത്തടങ്ങൾ തുടിച്ചു. അവളുടെ തോഴിമാരുടെ ചിരി അമ്പുകണക്കെ അവളെ വേദനിപ്പിച്ചു. അതിലെ ചില വരികളെ അനുസ്മരിച്ചുകൊണ്ടവൾ ചോദിച്ചു.

''ഒരാൾക്കു മുന്തിരിങ്ങ തിന്നാനും വീഞ്ഞു കുടിക്കുവാനും ഒരേസമയത്തു് സാധിക്കില്ല'' അതു ഒരു വലിയ തടിച്ച നുണയാണു്.

"ശരിയാണു്, ഒന്നിലോ ഗാനം കള്ളമാണു്, അല്ലെങ്കിൽ ബാലിക നുണ പറയുകയാണു്." ഈ പുച്ഛംകൂടിയായപ്പോൾ അവൾക്കു കലി കയറി. വിജയിയായി നില്ക്കുന്ന ബോറിമിച്ച്ക്കായെ കൊല്ലാനെന്നവിധം നോക്കിക്കൊണ്ടു് ദ്വേഷ്യംകൊണ്ടു വിറയ്ക്കുന്ന സ്വരത്തിൽ അവൾ പാടിത്തുടങ്ങി. നിറയെ പരിഹാസമായിരുന്നു അതിൽ. അവളെ അപഹസിച്ചതിനുള്ള മറുപടി. അവൾക്കു കിട്ടിയതുപോലെ തന്നെ അവൾ തിരിച്ചുകൊടുത്തു.

അഭിമാനത്തോടെ അവൾ ചുറ്റും നോക്കി. അവളുടെ ആയുധം കൊള്ളേണ്ടിടത്തുതന്നെ ചെന്നുകൊണ്ടു. നിശ്ചലനായി, ഇടിവെട്ടുകൊണ്ടപോലെ കണ്ണുംതുറിച്ചു് ബോ

റിമിച്ച്ക്ക അങ്ങിനെ നില്ക്കുകയാണ്. പെട്ടെന്നു നിയന്ത്രണാതീതമായ ഭയങ്കരമായ ഒരു പരിഹാസസ്വരം ആ മുറിയിൽ ഉയൎന്നു. എല്ലാവരും ജിജ്ഞാസയോടെ ബോറിമിച്ച്ക്കയെ നോക്കി. ലജ്ജയും അഭിമാനഭംഗവുംകൊണ്ടയാളുടെ കണ്ണിൽ നീർപൊടിഞ്ഞു. പക്ഷെ ഇതു ചുററുമുള്ള പരിഹാസച്ചിരിയെ ഊതി കത്തിച്ചതേ ഉള്ളു. ശ്രീമതി സാങ്കോ കുട്ടികളെ ശകാരിക്കാൻ തുടങ്ങി.

"എന്താണ് ഇങ്ങിനെ കളിയാക്കുന്നതിൻെറ അൎത്ഥം. കുരുവികളെപ്പോലെ കൂകുന്നതിന്നു പകരം ആൺകുട്ടികളും പെൺകുട്ടികളും വെറുതെ കിടന്നു് അലറുകയോ."

"എന്തൊരു നല്ല പ്രാവുംകുഞ്ഞുങ്ങൾ" ഒരു പെൺകുട്ടി കളിയാക്കി. "ഒരു കപ്പിൽനിന്നു വലിച്ചുകുടിക്കാൻ തോന്നുന്നു."

ഉല്ലാസവതികളായ പെൺകുട്ടികൾ പിന്നെയും കൂട്ടകൂടെ ചിരിക്കാൻ തുടങ്ങി.

"തമ്മിൽ തല്ലുന്നതു സ്നേഹത്തിൻെറ ലക്ഷണമാണു്" സാങ്കോ സമാധാനം വരുത്താൻവേണ്ടി പറഞ്ഞു.

ഇതിൽ പ്രതിഷേധിച്ചെന്നോണം ബോറിമിച്ച്ക്ക ഇറങ്ങിപ്പോയി.

"ഇഷ്ടപ്പെടേണ്ടവർ ഇഷ്ടപ്പെടട്ടെ" നീഡലൈ ഗോവിച്ചിന പറഞ്ഞു"

"നീഡ, നിനക്കറിയാമോ. ദൈവം വിനോദത്തിലും നമ്മെ സഹായിക്കും." ബോറിമിച്ച്ക്കയുടെ ഒരു ബന്ധുവായ "ഗോറ" നാണതു പറഞ്ഞതു്.

"ആൺകുട്ടികളെ, നിങ്ങൾ വീരോചിതമായ വല്ല പാട്ടുംപാടി ഞങ്ങൾക്കൊരു ആവേശം തരു." സാങ്കോ അഭിപ്രായപ്പെട്ടു.

ചെറുപ്പക്കാർ കൂട്ടമായി സ്റ്റോയൻെറ പാട്ടുപാടാൻ തുടങ്ങി. ഗാനത്തിൻെറ അവസാനം ഓഗ്യനോവ് കേട്ടതു് ഒരു രഹസ്യമായ വിറയോടെയാണു്. "ആസ്റ്റോയൻ" അയാൾ ആലോചിച്ചു. ഐതിഹാസികമായ ബൾഗേറിയൻ കൊള്ളക്കാരനാണു്, മൗഢ്യകരമായ ഒരു പ്രശാന്തതയോടെയാണു് അയാൾ മരണത്തെ ഉററുനോക്കുന്നതു്. പ്രായശ്ചിത്തത്തിൻെറയോ, വ്യസനത്തിൻെറയോ, ആശയുടേയോ ഒരൊററ വാക്കുപോലുമില്ല. അയാൾ ആശിക്കുന്നതു് മഹത്തായി മരിക്കാൻ മാത്രമാണു്. ഇന്നത്തെ ബൾഗേറിയൻ ജനതയ്ക്കാകെ ആ ധീരത കൈവന്നെങ്കിൽ. എന്നാൽ എനിക്കു് വരാൻപോകുന്ന വിപ്ലവത്തെക്കുറിച്ചൊരു ഭയവുമില്ല. അതാണു് ഞാൻ നെട്ടനാളായി കാത്തിരിയ്ക്കുന്ന സമരം, ഞാൻ ആവശ്യപ്പെട്ടുന്ന ശക്തി; എങ്ങിനെയാണു് മരിക്കുക എന്നറിയുന്നതാണു് വിജയരഹസ്യം."

ആ സമയത്തു് ആട്ടിടയന്മാരുടെ പുല്ലാങ്കുഴൽനാദമുയന്നു. ആദ്യപ്രേമവും ദുഃഖപൂൎണ്ണവുമായിരുന്ന അതു് അനുക്രമം ഉയന്നു; കുഴൽവിളിക്കാരുടെ കണ്ണുകൾ പ്രകാശിച്ചു. മുഖങ്ങൾ ആവേശംകൊണ്ടു തുടുത്തു, ഗാനത്തിൻെറ വ്യവ്യക്തമായ അലകൾ നിശീഥിനിയുടെ ശാന്തമായ അന്തരീക്ഷത്തിൽ അലതല്ലി. മലയുടെ കൊട്ടുമുടികളുടെയും താഴ്‌വരകളുടെയും ആവേശം അതിൽ മുററിനിന്നു. കാനനച്ഛായയിലെ നിശ്ശബ്ദത; നിഴലുകളുടെ മൎമ്മരം; വനകുസുമങ്ങളുടെ പരിമളധോരണി, മലയുടെ പ്രതിധ്വനി, പ്രണയനിശ്വാസത്തിൻെറ അനുഭൂതി, ഇതെല്ലാം ആ ഗാനങ്ങൾ അനുസ്മരിപ്പിച്ചു. ബൾഗേറിയൻ മലകളിലേയും പാടങ്ങളുടേയും പ്രതിധ്വനിയാണാഗാനയന്ത്രം മുഴക്കുന്നതു്.

നല്ലപോലെ മനസ്സിലാകുന്ന തങ്ങളുടെ നാടിൻെറ തനതായ ഈ ഗാനസമുച്ചയം തികഞ്ഞ ശ്രദ്ധയോടെ എല്ലാവരും കേട്ടു. അരയിൽ കയ്യൂന്നി അടുപ്പിലേക്കു സസൂക്ഷ്മം

നോക്കിക്കൊണ്ടിരുന്നിരുന്ന മിസ്സിസ് സാങ്കോപോലും അപ്രമേയമായ ഒരു നിർവ്വാണമേഖലയിലേക്കു് ഉയന്നു. ഗാനവീചികളുടെ മാസ്മരശക്തി തെല്ലൊന്നടങ്ങിയപ്പോൾ കരഘോഷം മുഴങ്ങി.

ശബ്ദായമാനസംഭാഷണങ്ങൾ പിന്നെയും തുടങ്ങി. തന്റെ സ്വന്തം പേരും കൂട്ടത്തിൽ കേൾക്കയാൽ ഓഗ്യനോവ് ശ്രദ്ധിച്ചു. പീററർ ഓവ്ച്ചരോവ് 'റെയ്ച്ചിൻ സ്പിരിഡോൻകോ', 'ഐവൻ ഓസ്റ്റൻ' മററു ചിലരുംകൂടി വരാൻപോകുന്ന വിപ്ലവത്തിനെപ്പററി ചർച്ച ചെയ്കയായിരുന്നു.

"ഞാനിപ്പോൾ തന്നെ കല്യാണത്തിനു തയ്യാറാണു്, ഫിലിപ്പിനോസിൽനിന്നു എന്റെ തോക്കു ഒന്നു കിട്ടാൻവേണ്ടി മാത്രം കാത്തിരിക്കുകയാണു്. നൂററി എഴുപതു് ഗ്രോസ് ആയി അതിനു വില, അതായതു് മൂന്നു ചെമ്മരിയാട്ടുകളെ എനിക്കു വില്ക്കേണ്ടിവന്നു." പ്രാദേശിക കമ്മററിയുടെ ചെയർമാനായ പീററർ ഓവ്ച്ചരോവ് പറയുകയാണു്.

"എന്നാണവർ കൊടി ഉയത്തുന്നതു് എന്നു് നമുക്കിപ്പോൾ പറയാൻ വയ്യല്ലൊ. ചിലർ പറയുന്നതു നമുക്കു് കത്തിവീശാവുന്ന ദിനം അറിയിക്കുമെന്നാണു്, ചിലരുടെ അഭിപ്രായം അതു് സെൻറു് ജോർജ്ജ്ദിനത്തിൽ നടക്കും എന്നുതന്നെ, പക്ഷെ ബോസിൻ അമ്മാമൻ കണിശമായും മേയ് ഒന്നാംതീയതി എന്നാണു് തീർച്ചപ്പെടുത്തുന്നതു്." സുമുഖനും ഉന്നതകായനുമായ സ്പിരിഡോൻകോ അഭിപ്രായപ്പെട്ടു.

ഏതായാലും ശ്രദ്ധിച്ചിരുന്നോളൂ—കുക്കുവിന്റെ കളകൂജനം കേൾക്കുമ്പോൾ, കാട്ടിലെ മരങ്ങളിലെല്ലാം ഇലകൾ വന്നു നിറയുമ്പോൾ,—പക്ഷെ ഞാനിപ്പോഴെ റെഡിയാണു്, സമയം അവരൊന്നു പറഞ്ഞാൽ മതി."

'ഇതിനു മുമ്പും നമ്മുടെ സ്റ്റാറപ്ലാനീന നിരവധി ധീ

രന്മാരെ സ്വീകരിച്ചിട്ടുണ്ട്. അവൾ നമ്മെയും സ്വാഗതം ചെയ്യും'' ഐവൻ ഓസ്റ്റൺ പറഞ്ഞു.

''പീററർ, നിങ്ങൾ നമ്മുടെ സ്കൂൾമാസ്റ്ററെ പററിയല്ലെ പറഞ്ഞിരുന്നതു്. രണ്ടു കള്ളന്മാരെ അദ്ദേഹം ശരിയാക്കി. ആളൊരു മഹാവീരൻതന്നെയാണേ''

''എന്നാണു് അദ്ദേഹം നമ്മെ കാണുവാൻ വരുക. ആ ക്രിയചെയ്ത കൈകളെ എനിക്കൊന്നു ചുംബിക്കുവാൻ തോന്നുന്നു'' റേയ്ച്ചിൻ പറഞ്ഞു.

''സ്കൂൾ മാസ്റ്റർ നമ്മെ നയിക്കേണ്ടതായിരുന്നു, പക്ഷെ കഴിയുന്നതും ശ്രമിക്കണം അദ്ദേഹത്തിൻെറ ഒപ്പമെത്താൻ. ഈ കാര്യത്തിൽ ഒന്നു രണ്ടു കൂട്ടം എനിക്കും അറിയാം.'' ധീരനും ലക്ഷ്യം പിഴക്കാത്ത വെടിക്കാരനുമായ പീററർ പറഞ്ഞു. കഴിഞ്ഞ കൊല്ലത്തിൽ നടന്ന 'ഡെലിഅക്‌മത്'ൻെറ മരണത്തിൽ ഇയാൾക്കു ഒരു കൈ ഉണ്ടെന്നാണു് പറയപ്പെടുന്നതു്. അതു കാരണം യാതൊരു ഫലവുമില്ലാതെ അവിടത്തെ തുക്കികൾ ഇയാളെ അന്വേഷിച്ചു നടക്കുകയാണു്.

ഭക്ഷണസമയത്തു് എല്ലാവരും ഓഗ്യനോവിൻെറ ആരോഗ്യത്തിനുവേണ്ടി കുടിച്ചു.

''അദ്ദേഹത്തെ വേഗം കാണുവാൻ ദൈവം അനുഗ്രഹിക്കട്ടെ. അദ്ദേഹത്തിൻെറ കാലടിപ്പാട്ടുകളെ പിൻതുടരുവിൻ കുട്ടികളെ'' സാങ്കോ തൻെറ പാനപാത്രമുയർത്തിക്കൊണ്ടു പറഞ്ഞു.

''ഞാനെന്തുവേണമെങ്കിൽ പന്തായം വെയ്ക്കാം'' ക്ഷമയില്ലാത്ത മാഡം സാങ്കോ പറഞ്ഞു. ''നാളെ പ്രഭാതത്തിൽ ആദ്യത്തെ സംഗതി ഓഗ്യനോവ് ആരോഗ്യത്തോടെ ഒരു പരുന്തിനെപ്പോലെ ഇവിടെ ഉണ്ടായിരിക്കുമെന്നതാണു്''

''എന്താണു് നീ പറയുന്നതു് മിസി—ഞാനാണെങ്കിൽ

നാളെ കെ—പോകയാണു്'' റെയ്ച്ചിൻ ഉൽക്കണ്ഠയോടെ പറഞ്ഞു. അദ്ദേഹം വന്നാൽ ഇവിടെ താമസിപ്പിക്കണെ. ക്രിസ്തുമസ്സിൻെറ തലേ ദിവസം നമുക്കും വേണം ചില നേരംപോക്കുകളൊക്കെ.''

തൻെറ വൈൻ മുഴുവനാക്കുന്നതിനുമുമ്പ് എണീററുനിന്നു സാങ്കോ ചോദിച്ചു ''എന്താ പുറത്തു് ബഹളം''

വെളിയിൽ ആണുങ്ങളുടേയും പെണ്ണുങ്ങളുടേയും ശബ്ദം അലച്ചലച്ചു ഉയരുന്നുണ്ടായിരുന്നു. സാങ്കോയും ഭാര്യയും പുറത്തേക്കു് ഓടി. അതിഥികളും എഴുന്നേററു. ഒരു മിനിററിനകം ആകെ പരിഭ്രാന്തയായി മിസ്സിസ് സാങ്കോ മടങ്ങിവന്നു.

''ഒരു കാര്യം ശരിയായി, അവർ നന്നായിരിക്കട്ടെ.''

''എന്താണു് സംഗതി. എന്തു നടന്നു.''

''ബോറിമിച്ച്ക്കാ സ്റ്റെഷ്കയെ കൊണ്ടുപോയി.'' എല്ലാവരും അത്ഭുതപ്പെട്ടു.

''ആ ഭ്രാന്തൻ അവളെ പിടിച്ചു ചുമലിലേററി നേരെ വീട്ടിലേക്കു നടന്നു, സെൻറു് ജോർജ്ജ്ദിനത്തിൽ ആട്ടിൻകുട്ടിയെ കൊണ്ടുപോകുന്നതുപോലെ.''

സന്തോഷകരമായ സംഭാഷണം വീണ്ടും ആ മുറിയിൽ നിറഞ്ഞു.

''എങ്ങിനെയാണതു സംഭവിച്ചതു്.''

''അതിനാണു് അയാൾ സ്വബന്ധുവായ ഗോറനോട്ട് ഒന്നിച്ചു നേരത്തെ പോയതു്''

''പുറത്തെ ഗേററിനു സമീപം, നിറഞ്ഞ കാളവണ്ടികൾക്കു പുറകിലായി അയാൾ അവളെ കാത്തിരുന്നു.'' മിസ്സിസ് സാങ്കോ തുടന്നു: അവളു പുറത്തു വന്നപ്പോൾ പിടിച്ചുകൊണ്ടുപോയി. അയാൾക്കു അതു നന്നായി. പക്ഷെ പെൺകുട്ടിയുടെ കാര്യമാണു് കഷ്ടം. പിന്നെ ആരോത്തു

നമ്മുടെ ബോറിമിച്ച്ക്ക ഇതൊക്കെ നടത്തുമെന്നു്."

"വാസ്തവം പറയുകയാണെങ്കിൽ അവരെ ഒന്നാവാൻ സൃഷ്ടിച്ചിട്ടുള്ളതാണു്" ഒരു ആൺകുട്ടി പറഞ്ഞു.

"അവളൊരു സെർബിയൻ തടിച്ചി പന്നിക്കുട്ടി; അയാളൊരു ഹംഗേറിയൻ കുതിരയും" ആരോ ചിരിച്ചുകൊണ്ടു പറഞ്ഞു.

ഏതായാലും അവർ ദീർഘായുസ്സായിരിക്കട്ടെ. നാളെ നമുക്കു് ചുവന്ന ബ്രാണ്ടി കുടിക്കണം.

"എനിക്കവർ ഒരു ജോഡി കൈവേല ചെയ്ത വസ്ത്രം തരണം, അതെൻെറ അവകാശമാണു്, ഞാനല്ലെ ഇതിലെ പൊരുത്തക്കാരി' സാങ്കോ മിസി പ്രഖ്യാപിച്ചു.

കുറച്ചുനേരം കഴിഞ്ഞപ്പോഴക്കും ആ അതിഥികൾ ഉല്ലാസത്തോടെ പിരിഞ്ഞു.

## അദ്ധ്യായം 32

# ദൈവം വളരെ മുകളിലാണ്; രാജാവ് വിദൂരത്തിലും

ഓഗ്യനോവിന്റെ അന്ധകാരാവൃതമായ അറയിലേയ്ക്ക് സാങ്കോ ധൃതിപിടിച്ചു പോയി.

''കൊള്ളാം ബോയ്ക്കോ ഞങ്ങളുടെ വിരുന്ന് എങ്ങിനെയിരുന്നു.''

''അസ്സലായി, അതിഗംഭീരമായി ബായ്സാങ്കോ.''

''നിങ്ങളാ പാട്ടുകൾ എഴുതിയെടുത്തോ?''

''വിശേഷമായി. എങ്ങിനെ എഴുതും. നോക്കൂ, കാണാൻ വയ്യ; ഇവിടെ ഒരു മെഴുകുതിരിപോലുമില്ല.

കയ്യിൽ മെഴുകുതിരിയുമായി ശ്രീമതി സാങ്കോ അവരുടെ കൂട്ടത്തിൽ കൂടി.

"ആരോ പടിക്കൽ മുട്ടുന്നുണ്ട്.'' അവർ പറഞ്ഞു.

"സ്റ്റൊയ്കയുടെ ആൾക്കാരായിരിക്കാം. അവർ കുട്ടിയെ നമ്മോട് ആവശ്യപ്പെടുവാൻ വരികയാണ്. നമ്മുടെ വിഷമങ്ങളിൽ ഏററവും ദുർഘടം പിടിച്ചതായിരിക്കും അത്.''

ഡോങ്കു പെട്ടെന്നു കടന്നുവന്നു പറഞ്ഞു: ''ചില പോലീസുകാരും, മേയർ കിഴവൻ 'ഡെൻകോ'വുമാണ് വാതിൽക്കൽ മുട്ടുന്നത്.''

''ആ ഡെൻക്കോവിനെയും ഇവററയെയും വല്ല മഹാമാരിയും പിടിക്കട്ടെ. ഞാൻ അവരെ എവിടെ സൂക്ഷിക്കേണ്ടു. ഇതു് നിങ്ങളെ ഉദ്ദേശിച്ചൊന്നുമല്ല. പക്ഷേ എവിടെ

യെങ്കിലും ഒളിച്ചോളൂ.'' സാഞ്ചോ ഓഗുസ്റ്റോവിനെ സമാധാനപ്പെടുത്തി ഭാര്യയോടു പറഞ്ഞു: ''സ്കൂൾമാസ്റ്റർക്ക് ഒളിക്കാനുള്ള സ്ഥലം കാണിച്ചുകൊടുക്കൂ.''

സാഞ്ചോ പുറത്തേയ്ക്കു പോയി. കുറച്ചുകഴിഞ്ഞു രണ്ടു തുക്കിപോലീസുകാരോടൊപ്പം മടങ്ങിവന്നു. വലിയ തൊപ്പിയിൽ ഏതാണ്ടു മറഞ്ഞിരുന്ന അവർ മഞ്ഞിൽ മുങ്ങിയിരുന്നു. അവർ ആകെ ക്ഷുഭിതരായി കാണപ്പെട്ടു.

''എടാ വൃദ്ധാ താൻ എന്താണ് ഞങ്ങളെ ഇത്രനേരം പുറത്തുനിർത്തി വിഷമിപ്പിച്ചത്.'' അവരിൽ ഒററക്കണ്ണൻ തൻെറ തൊപ്പിയിൽനിന്നു മഞ്ഞുകുടഞ്ഞു കളയുന്നതിൻെറ ഇടയിൽ പറഞ്ഞു.

''തനിക്കു നല്ല സമയമാകുമ്പോഴേയ്ക്കും ഞങ്ങൾ പുറത്തുനിന്നു മരവിച്ചുപോയി'' അപരൻ തൻെറ ചിലമ്പിച്ച ഒച്ചയിൽ പതുക്കെ മുരണ്ടു.

എന്തോ ഒന്ന് സമാധാനമായി സാഞ്ചോ മന്ത്രിച്ചു.

''താൻ അവിടെ എന്താണ് പിറുപിറുക്കുന്നത്? ഒരു കോഴിക്കുഞ്ഞിനെ കൊന്ന് കുറച്ച് മുട്ടയും വെണ്ണയുംകൂടി ഞങ്ങൾക്കു തരൂ.''

സാഞ്ചോ എന്തോ പറയുവാൻ ഉഴന്നി. പക്ഷേ ഒററക്കണ്ണൻ അലറി.

''ഹേ നിരീശ്വരൻ, ചിലക്കൽ നിർത്തി തൻെറ ഭാര്യയോടു പോയി ഞങ്ങൾക്കുള്ള ഭക്ഷണം തയ്യാറാക്കാൻ പറയൂ. താൻ ഉദ്ദേശിക്കുന്നുണ്ടോ ഞങ്ങൾക്കു തൻെറ നശിച്ച സ്ററൂവും അണ്ടിയും തന്ന് തൃപ്തിപ്പെടുത്താമെന്ന്.'' ഇതേവരെ മാററിയിട്ടില്ലാത്ത ഭക്ഷണത്തിൻെറ അവശിഷ്ടത്തിലേയ്ക്ക് പുച്ഛത്തോടെ അയാൾ നോക്കി.

എന്തോ കുത്തുകൊണ്ടപോലെ ആജ്ഞനിറവേററാൻ അയാൾ മറേറ വാതിൽക്കലേയ്ക്കുപോയി.

കുറിയ പോലീസുകാരൻ വിളിച്ചു ചോദിച്ചു: "അവി ടെ നിൽക്ക്, താനാ പെൺകുട്ടികളെ എവിടേയ്ക്കു മാററി."

"നേരം വളരെയാകയാൽ അവരൊക്കെ വീട്ടിലേയ്ക്കു മടങ്ങി." ഏതാണ്ട് സുബോധാവസ്ഥ തിരിയെ കിട്ടിയ സാങ്കോ ഉത്തരം പറഞ്ഞു.

"അവരെ തിരിച്ചുകൊണ്ടുവരു. അവർ വന്നു ഭക്ഷണം മുഴുവനാക്കട്ടെ; എന്നിട്ടു ഞങ്ങൾക്കു ബ്രാണ്ടി പകന്നുതരാൻ ഇവിടെ നിൽക്കട്ടെ. എന്തിനാണു് താൻ അവരെ പറഞ്ഞയച്ചതു്."

സാങ്കോ ഭയപ്പെട്ടു. അവരെ നോക്കി.

"തൻെറ മകളെവിടെ?"

"അവൾ ഉറങ്ങി, ആഗ."

"അവളെ വിളിച്ചുണത്തി കൊണ്ടുവരു. അവൾ ഇവിടെ ഞങ്ങളെ പരിചരിക്കാൻ നിക്കട്ടെ." ഒററക്കണ്ണൻ തൻെറ കാലിന്മേൽ കെട്ടിയിരിക്കുന്ന തോൽവാറു് ഉണക്കുന്നതിനിടയിൽ പറഞ്ഞു. അതിൽനിന്നു നാററവും പൊടിയും പുകകണക്കെ ഉയരുന്നുണ്ടായിരുന്നു.

"എൻെറ കുട്ടിയെ ഭയപ്പെടുത്തരുതേ" സാങ്കോ യാചിച്ചു.

മേയർ കടന്നുവന്നു വളരെ വിനീതനായി അവിടെ ഇരുന്നു.

"ഹാ എടകള്ള, പത്തിരുപതു വാതിൽക്കൽ നീ ഞങ്ങളേയുംകൊണ്ടു മുട്ടിത്തിരിഞ്ഞു. എന്നിട്ട് നിർബ്ബന്ധമായി ഇവിടേക്കു കൂട്ടിക്കൊണ്ടുവന്നു. ആ പെൺകുട്ടികളെ ഒളിച്ചുനിർത്തുന്നതിൻെറ അർത്ഥമെന്തു്?" തുടന്നു് അയാൾ സ്ത്രീകളെ ഒരു ചീത്തവാക്കും പറഞ്ഞു.

ബൾഗേറിയക്കാർ അതെല്ലാം താഴ്മയോടെ കേട്ടു. അവക്കീ പെരുമാററം സുപരിചിതമായിരുന്നു. അടിമത്വത്തി

ൻെറ ഈ കാലഘട്ടം മാനവസംസ്കാരത്തിന്നാകെ അപമാനകരമായ ഒരു കീഴ്‌വഴക്കമാണു് ഉണ്ടാക്കിയിട്ടുള്ളതു്. പക്ഷേ കുനിഞ്ഞ തലയിൽ വാൾ വീഴുകയില്ല എന്നാണു് പ്രമാണം. തൻെറ മകളെ വെറുതെ വിടണെദൈവമെ എന്ന ഏക പ്രാൎത്ഥനമാത്രമായിരുന്നു സാങ്കോവിന്നു്.

''ചോർബാഡ്ജി'' ഒററക്കണ്ണൻ തുടന്നു: ''നിങ്ങൾ വിപ്ലവത്തിനു് ഒരുങ്ങുന്നുണ്ടോ?''

സാങ്കോ ധൈൎയ്യമായി അതു നിഷേധിച്ചു.

'';പിന്നെ എന്താണു് ഇവിടെ ഒരു കഠാരി?'' പരവധാനിയിൽ പീററർ ഇട്ടു മറന്നുപോയ കഠാരി പൊക്കിയെടുത്തു് കുറിയവൻ ആക്രോശിച്ചു.

''ഇതാണല്ലെ; നിങ്ങൾ യുദ്ധത്തിനു തയ്യാറെടുക്കുന്നില്ല എന്നു പറഞ്ഞതു്'' വെറുപ്പോടെ ഒററക്കണ്ണൻ പറഞ്ഞു.

''അല്ല ആഗ, ഞങ്ങൾ സുൽത്താൻെറ സമാധാനപ്രിയരായ പൗരന്മാരാണു്.'' കഴിയുന്നതും ശാന്തമായിരിക്കാൻ ശ്രമിച്ചുകൊണ്ടു് സാങ്കോ പറഞ്ഞു, ''ഏതോ അതിഥി അതിവിടെ മറന്നിട്ടു പോയതാണു്.''

''ആരുടേതാണിതു്?''

''ആഗ, എനിക്കറിവില്ല.''

കത്തിയിന്മേലുള്ള മഞ്ഞ നിറത്തിലുള്ള എന്തോ ലിഖിതത്തിന്മേലേക്കു തുറിച്ചുനോക്കുകയായിരുന്നു ആ പോലീസുകാർ. അതിൽനിന്നു ചില വാക്കുകളെല്ലാം അവർ മനസ്സിലാക്കി.

''എന്താണീ വാക്കുകൾ.'' അവർ സാങ്കോവിനോടു ചോദിച്ചു.

അയാൾ ആ കഠാരി നോക്കി. മഞ്ഞക്കമ്പികൾകൊണ്ടു് ഒരു ഭാഗത്തു 'സ്വാതന്ത്ര്യം അല്ലെങ്കിൽ മരണം' എന്നും മറുഭാഗത്തു് ഉടമസ്ഥൻെറ പേരും കൊത്തിയിട്ടുണ്ടു്.

''അതൊരു മുന്തിരിവള്ളിയുടെ ചിത്രമാണ്.'' സാഞ്കോ പറഞ്ഞു.

ചളിനിറഞ്ഞ തൻെറ ചെരിപ്പൂരി സാങ്കോവിൻെറ ചെകിടത്തു പ്രഹരിച്ചുകൊണ്ട് ഒററക്കണ്ണൻ കയർത്തു.

''എടകള്ളാ, എനിക്കൊരു കണ്ണേ ഉള്ളുവെന്നുവെച്ചു ഞാൻ പൊട്ടനൊന്നുമല്ല, കേട്ടോ നാസ്തികൻ.''

സാങ്കോവിൻെറ മറുപടി അവരിൽ സംശയം വളർത്തി.

''മേയർ ഇവിടെ വരു.''ഒരു പെട്ടി ചീസ്സ് സാങ്കോവിൻെറ വീട്ടിൽവെച്ചു പാകപ്പെട്ടുത്താനായി കൊണ്ടുവരികയായിരുന്നു ആ കിഴവൻ മേയർ. പോലീസുകാരൻെറ കയ്യിൽ ഉറയൂരിയ കഠാരി കണ്ടപ്പോൾ അയാൾ ഞെട്ടി വിറച്ചുപോയി.

''ഇതു വായിക്കു.'' അവർ കല്പിച്ചു.

സംഗതി വായിച്ചു മനസ്സിലാക്കിയ മേയർ അവിടെ തരിച്ചു നിന്നുപോയി.

''എനിക്കിതു മനസ്സിലാക്കാൻ സാധിക്കുന്നില്ല ആഗ.''

താടിയില്ലാത്ത ആ പോലീസുകാരൻ തൻെറ ചാട്ടവാർ അഴിച്ചെടുത്ത് ആഞ്ഞു് ആ വൃദ്ധൻെറ മേൽ വീശി. അതു രണ്ടു മടക്കായി അയാളുടെ കഴുത്തിൽ ചുററി. ആ സാധുവിൻെറ കവിളിലൂടെ രക്തം വാർന്നൊഴുകി.

''ഒരുകൂട്ടം കള്ളന്മാർ.''

''വായിക്ക് അല്ലെങ്കിൽ ഈ കത്തി നിൻെറ കഴുത്തിൽ കുത്തിയിറക്കും ഞാൻ.'' പോലീസുകാരൻ അലറി. യാതൊരു ഗത്യന്തരവുമില്ല എന്നു മനസ്സിലാക്കിയ മേയർ വായിക്കാൻതന്നെ തീർച്ചയാക്കി.

''പീററർ ഓവ്ച്ചറോവ്'' മനഃപൂർവ്വം അയാൾ തപ്പി വായിച്ചു.

''നീ അവനെ അറിയുമോ?''

''അയാൾ ഈ ഗ്രാമവാസിയാണ്.''

''ഇടയൻ പീററർ എന്നു വിളിക്കുന്നതു് ഇയാളെയാണോ?'' ഒററക്കണ്ണൻ ചോദിച്ചു. ആ ബൽഗേറിയക്കാരനോട്ട് അയാൾക്കുള്ള വൈരാഗ്യം സ്പഷ്ടമായിരുന്നു ആ ചോദ്യത്തിൽ.

''അതുതന്നെ ആഗ.'' മേയർ ദൈവത്തിനു നന്ദി പറഞ്ഞാകത്തി തിരിച്ചുകൊടുത്തു. പക്ഷേ അയാൾക്കു ധൃതി കൂടിപ്പോയിരുന്നു.

''മറുഭാഗത്തുള്ളതും വായിക്കു്'' പോലീസുകാരൻ കല്പിച്ചു.

മടിച്ചുമടിച്ചു ഭയപ്പെട്ട മേയർ അതിൻെറ മറുഭാഗത്തു സൂക്ഷിച്ചുനോക്കി. അതേസമയത്ത് കുറിയൻ തന്നെ വീണ്ടും അടിക്കാൻ ചാട്ട ഓങ്ങുന്നതു് അയാളുടെ കണ്ണിൽ പെട്ടു.

''സ്വാതന്ത്ര്യം അല്ലെങ്കിൽ മരണം.'' എന്നാണതു്.

ഒററക്കണ്ണൻ ചാടിയെണീററു.

''സ്വാതന്ത്ര്യം'' അയാൾ ഇളിച്ചുകാട്ടി. ''ആരാണു് ഈ കഠാരികൾ ഉണ്ടാക്കുന്നതു്. പീററർ എവിടെ?''

''വീട്ടിലായിരിക്കും; അല്ലാതെ എവിടെ പോകാൻ?''

''എന്നാൽ പോയി വിളിച്ചുകൊണ്ടുവരു.''

മേയർ ഞെട്ടി.

''നിൽക്കു് കഴുതെ, ഞാനും വരാം.'' തൊപ്പി തലയിലെടുത്തുവെച്ചു ചെറിയവൻ അയാളുടെകൂടെ പുറത്തേയ്ക്കു പോയി.

''യൂസഫ് ആഗ അതാണുനല്ലതു്. ആ ഇടയൻ അസ്സൽ കൊള്ളക്കാരനാണു്.''

സാങ്കോ, ശപിച്ചുകൊണ്ടു ഭക്ഷണം ശരിയാക്കുന്ന തൻെറ ഭാര്യയെ സമീപിച്ചു.

''ദൈവം അവരെ മുഴവൻ നശിപ്പിക്കട്ടെ. അദ്ദേഹം അവരുടെ തുണി വലിച്ചുപറിക്കട്ടെ. ഈശ്വരാ ഒരെല്ല് അവരെ ശ്വാസംമുട്ടിക്കണെ. അവററ വിഷംതിന്നു ചാകണെ. ക്രിസ്തുമസ്സിനു തലേദിവസം ഞാനീ മാംസമെല്ലാം പാകം ചെയ്യേണ്ടിവന്നതു് ഒന്നു് ഓൎത്തുനോക്കു. നമ്മുടെ ബുദ്ധി സ്തംഭിപ്പിച്ചു നമ്മെ ദുരിതത്തിലാക്കാൻ എവിടെനിന്നെത്തി ഈ നിരീശ്വരർ.''

ഭയംകൊണ്ടു വിളൎത്തു, വാതിൽക്കൽവന്നുനിന്ന മകളോടു സാങ്കോ പറഞ്ഞു: ''ഡോങ്കെ, കുട്ടി ആ വേലിപ്പുഴതു ചാടി അമ്മാമൻെറ വീട്ടിലേക്കു പൊയ്ക്കോളു.''

''എന്തിനാണീ സ്ലേയ്ക്കോ അവരെ ഇങ്ങോട്ടു് എഴുന്നള്ളിച്ചതു്—കഴിഞ്ഞാഴ്ചയിലല്ലേ അയാൾ വേറെ രണ്ടുപേരെ കൂട്ടിക്കൊണ്ടുവന്നതു്.'' സാങ്കോപത്നി പിറുപിറുത്തു.

''ആ സാധുവിനെ എന്തിനു കുററം പറയുന്നു. അയാൾ അവരെ പല ദിക്കിലും കൊണ്ടുപോയി. അവൎക്കു് ഇവിടെ വന്നേ മതിയാവു. ഇവിടെ പാട്ടു കേട്ടു അത്രെ. അയാൾക്കു് പാവം പുറത്തു് അഞ്ചാറു തല്ലുകിട്ടി!''

സാങ്കോ പിന്നേയും ഒററക്കണ്ണൻെറ അടുക്കലേക്കു പോയി.

''ചോർബാഡ്ജി, ഇതുവരെ നിങ്ങൾ എവിടെയായിരുന്നു. ഞങ്ങൾക്കു കുറച്ചു് റാഖിയയും അച്ചാറും തരു.''

''ഇടയൻ വീട്ടിലില്ല.'' കുറിയവൻ മേയരോടൊപ്പം മടങ്ങിവന്നു ദ്വേഷ്യത്തോടെ പറഞ്ഞു.

''നമുക്കീ വില്ലേജു് മുഴവനും തിരിയണം. എന്തുവന്നാലും അയാളെ കണ്ടുപിടിച്ചിട്ടു് ഒരു കാൎയ്യം.'' കുടിച്ചുകൊണ്ടു ഒററക്കണ്ണൻ പറഞ്ഞു.

''എന്തുകൊണ്ടു് അവൻെറ തന്തയെ വിളിച്ചു കാൎയ്യങ്ങൾ അറിഞ്ഞുകൂടാ'' ഒരുവൻ മററവൻെറ കാതിൽ മന്ത്രി

ച്ചു. അയാൾ തല കുലുക്കി.

"കേഹയ" താൻ പോയി ഇടയന്റെ അച്ഛനെ വിളിച്ചുകൊണ്ടുവരു. ഞങ്ങൾക്കു ചിലതെല്ലാം അയാളോടു ചോദിക്കുവാനുണ്ട്" കുറിയവൻ ഒരു ബ്രാണ്ടിക്കുപ്പി ഏല്പിച്ചു കൊണ്ടു പറഞ്ഞു.

"ആഗ, റാഖിയക്കാണെങ്കിൽ ഇപ്പോൾ മദ്യഷാപ്പുകളെല്ലാംതന്നെ അടച്ചിട്ടുണ്ടാവും."

ഉത്തരമായി ചെരുപ്പൂരി അയാളുടെ ചെകിടത്തു ഒന്നു കൊടുത്തു ആ ദുഷ്ടൻ. സ്വാഭാവികമായി ശാന്തസ്വഭാവനാണെങ്കിലും കുടിക്കണമെന്നു തോന്നി കുടിച്ചാൽ അയാൾ പിശാചിനെപ്പോലെയാകും.

കാൽമണിക്കൂറിനകത്തു കിഴവൻ സ്റ്റോയ്ക്കോ പ്രത്യക്ഷനായി. നല്ല മനശ്ശക്തിയും അല്പമൊരു ദുശ്ശാഠ്യക്കാരനുമായ ആ അമ്പതുകാരനു ജീവസ്സും ആവേശവും സ്ഫുരിക്കുന്ന മുഖമാണ് ഉണ്ടായിരുന്നതു്.

"സ്റ്റോയ്ക്കോ" എവിടെയാണ് നിങ്ങളുടെ മകനെന്നു പറയണം, തനിക്കറിയില്ലേ എവിടെയാണ് അയാളെ ഒളിപ്പിച്ചിരിക്കുന്നതു് എന്നു്. അല്ലെങ്കിൽ തന്റെ തല ഇതിനുത്തരം പറയും." ഇത്രയുംപറഞ്ഞു് അയാൾ ബ്രാണ്ടിക്കുപ്പി തന്റെ ചുണ്ടോടടുപ്പിച്ചു. അയാളുടെ കണ്ണുകൾ തിളങ്ങി. കുറെ കുടിച്ചശേഷം ബ്രാണ്ടിക്കുപ്പി സ്നേഹിതനെ ഏല്പിച്ചു.

"എനിക്കറിവില്ല അയാൾ എവിടെയാണെന്നു് ആഗ" കിഴവൻ മറുപടി പറഞ്ഞു.

"ഉവ്വ് തീർച്ചയായും നിങ്ങൾക്കറിയാം. അവിശ്വാസി" ഒററക്കണ്ണൻ വെറുപ്പു പ്രദർശിപ്പിച്ചു.

വൃദ്ധൻ ഒരിക്കൽക്കൂടി എല്ലാ അറിവും നിഷേധിച്ചു.

"നീ പറയാതെ നിവൃത്തിയില്ല. അല്ലെങ്കിൽ നിന്റെ പല്ല് ഞങ്ങൾ അടിച്ചുതാഴെയിടും. നാളെ നിന്നെ കാലി

ന്മേൽ പിടിച്ചുവലിച്ചുകൊണ്ടു ഞങ്ങളുടെ പിന്നാലെ കൊണ്ടുപോകും." ചെറിയവൻ അട്ടഹസിച്ചു.

"എന്തുവേണമെങ്കിലും ചെയ്യാം. എനിക്കൊരു ജീവനേ ഉള്ളു കളയാൻ." വൃദ്ധൻ സ്ഥൈര്യമായി മറുപടി പറഞ്ഞു.

"ആകട്ടെ അവിടെ പോയി ശാന്തമായി നല്ലപോലെ ആലോചിക്കു. ഒടുവിൽ പശ്ചാത്തപിക്കാനുള്ള ഇടവരുത്തേണ്ട." സൗഹൃദം നടിച്ച് ഒററക്കണ്ണൻ ഉപദേശിച്ചു. അയാളുടെ ഉദ്ദേശം മേയറെക്കൊണ്ട് സൂചിപ്പിച്ച് എന്തെങ്കിലും ഒരു കൈക്കൂലി കിഴവൻ സ്റ്റോയ്ക്കോവിൻെറ അടുക്കൽനിന്ന് ഈടാക്കാനായിരുന്നു. യഥാർത്ഥത്തിൽ കൊള്ളയാണെങ്കിലും അതിനു സമ്മാനത്തിൻെറ ഒരു പ്രതീതി നൽകുവാൻ അവർ ആശിച്ചു. സാധാരണ ഈ വക കാര്യത്തിൽ ഇതായിരുന്നു അവരുടെ നടപടി.

പക്ഷേ കിഴവൻ ഉറച്ചുതന്നെനിന്നു.

ഈ ധൈര്യംകണ്ടു് അത്ഭുതവിവശരായി അവർ അന്യോന്യം വീക്ഷിച്ചു. പിന്നെ വൃദ്ധനെ ദഹിപ്പിക്കുവാനെന്നവണ്ണം തുറിച്ചു നോക്കി.

"താൻ കേൾക്കുന്നുണ്ടോ കിഴവൻ" ഒററക്കണ്ണൻ അലറി.

"എനിക്കൊന്നുംതന്നെ ആലോചിക്കാനില്ല. എന്നെ പോകാൻ അനുവദിക്കു." അയാൾ സാവകാശം മറുപടി പറഞ്ഞു.

തുക്കിപോലീസുകാർ ദേഷ്യംകൊണ്ടു് ആളിക്കത്താൻ തുടങ്ങി.

"മേയർ, ആ തന്തക്കഴുതയെ തള്ളി താഴെയിടൂ" ഒററക്കണ്ണൻ ചാട്ടയൂരി ആജ്ഞാപിച്ചു. മേയറും സാങ്കോയും ആ കിഴവനെ വെറുതെ വിടാൻ അവരോടു താണുകേണപേ

ക്ഷിച്ചു. മറുപടി പറയുന്നതിന്നുപകരം അയാളെ അവർ ചവുട്ടി താഴെയിട്ടു. അടിയുടെ പിന്നാലെ അടി, മഴപോലെ ആ പുറത്തു പതിച്ചു. കുറേനേരത്തേയ്ക്കു് സ്റ്റോയ്ക്കോ നിലവിളിക്കുകയും ഞെരങ്ങുകയും ചെയ്തുകൊണ്ടിരുന്നു. ക്രമേണ അയാൾ നിശ്ശബ്ദനായി. അടിച്ചിരുന്നവന്റെ നെററിയിൽ വിയർപ്പു പൊടിഞ്ഞു. തന്റെ പ്രവൃത്തിയുടെ ആയാസം മൂലം അയാൾ ക്ഷീണിച്ചിരുന്നു.

വൃദ്ധനു സ്വബോധമുണ്ടാകാൻവേണ്ടി അവർ അയാളെ വലിച്ചിഴച്ചു.

''അവനു ബോധം തെളിയുമ്പോൾ ഞങ്ങളോടു പറയൂ. അവനെക്കൊണ്ടു സംസാരിപ്പിച്ചോളാം.''

''ഹാജിആഗ, ആ വൃദ്ധനെ ദ്രോഹിക്കല്ലെ. കൂടുതൽ ഉപദ്രവം സഹിക്കാൻ അയാൾക്കു ശക്തിയില്ല. അയാൾ മരിച്ചുപോകും.'' സാങ്കോ യാതനാസ്വരത്തിൽ പറഞ്ഞു.

''സുൽത്താൻ ജീവിച്ചിരുന്നോട്ടെ വിപ്ലവകാരി'' ഒററക്കണ്ണൻ കടുത്ത കോപത്തോടെ പറഞ്ഞു: ''തന്നെയാണു് തൂക്കിക്കൊല്ലേണ്ടതു്. നീ വിപ്ലവകാരികളെയെല്ലാം ഇതിനകത്തു് ആദരിച്ചു താമസിപ്പിച്ചിരിക്കയാണു്. ആ ഇടയനേയും നീ ഇവിടെത്തന്നെ ഒളിപ്പിച്ചിരിക്കും. നമുക്കു് ഈ വീടു് പരിശോധിക്കയാണു് നല്ലതു്.''

സാങ്കോവിന്റെ മുഖം അയാൾ അറിയാതെതന്നെ വേദന പ്രതിഫലിപ്പിച്ചു. ബ്രാണ്ടി കുടിച്ചു മത്തനായെങ്കിലും ഈ ഭാവഭേദം ഒററക്കണ്ണൻ ശ്രദ്ധിക്കാതിരുന്നില്ല. ഞെട്ടി അയാൾ സ്നേഹിതന്റെ സമീപത്തേയ്ക്കു തിരിഞ്ഞു.

''യൂസഫ് ആഗ, നമുക്കു് ഈ വീടു് പരിശോധിക്കാം. ഈ അവിശ്വാസി എന്തോ ഒന്നു ഒളിച്ചുവെച്ചിട്ടുണ്ടു്.'' അയാൾ എണീററു.

''സ്വാഗതം നിങ്ങൾക്കു്.'' എന്നു വിറങ്ങലിച്ച സ്വര

ത്തിൽ പറഞ്ഞു് സാങ്കോ ഒരു ചെറിയ വിളക്കുമായി മു മ്പിൽ വഴികാട്ടിക്കൊണ്ടുനടന്നു.

അയാൾ അവരെ എല്ലാ ദിക്കിലും— ഒരു ചായപ്പൊഴി ച്ചു—കൊണ്ടുനടന്നു കാണിച്ചു. ഒടുവിൽ അതും തുറന്നു. അ ടയ്ക്കുമ്പോൾ തീരെ അദൃശ്യമായ ഒരു ദ്വാരം ആ കരിപിടി ച്ച തട്ടിന്മേൽ ഉണ്ടായിരുന്നു. സാങ്കോവിന്നു നല്ല ധൈര്യമു ണ്ടായിരുന്നു, ഓഗ്യനോവ് അതിലൂടെ രക്ഷപ്രാപിച്ചിരി ക്കുമെന്നും ആ രഹസ്യദ്വാരം അടച്ചിരിക്കുമെന്നും. അതുകൊ ണ്ടു് ആ മുറിയിലേക്കു് തുർക്കികളെ നയിച്ചു. അതിൽ വിള ക്കു കത്തിച്ചപ്പോൾ സാങ്കോ തികച്ചും ശാന്തനായിരുന്നു.

പക്ഷെ ആദ്യം അയാൾ ചെയ്തതു് ആ തട്ടിന്മേലേക്കു നോക്കുകയായിരുന്നു.

അതാ ദ്വാരം തുറന്നുതന്നെ ഇരിക്കുന്നു.

സാങ്കോ ഒരു കല്ലുപോലെയായി, തുർക്കികൾ ചായ്പി ന്നകം മുഴുവൻ ഭംഗിയായി പരിശോധിച്ചു.

"എന്താണാ ദ്വാരം"

"അതു് തട്ടിൻപുറത്തേക്കുള്ളതാണു്." ചിലമ്പിച്ച ഒച്ച യിൽ സാങ്കോ മറുപടി പറഞ്ഞു. തന്റെ കാലുകൾ ഇടറു ന്നതുപോലെ തോന്നിയതിനാൽ അയാൾ ആ ചുമരിലേക്കു ചാരി.

ആ ചെറിയ പോലീസുകാരൻ അതു ഭയംകൊണ്ടായി രിക്കണമെന്നു കണ്ടുപിടിച്ചു.

"എനിക്കു കുറച്ചു വെളിച്ചംകൂടി തരു. മുകളിലൊന്നു കയറി നോക്കണം."

പെട്ടെന്നു് അസന്തുഷ്ടമായ ഒരാലോചന വരുകയാൽ അതു പരിശോധിക്കുന്ന പണി തന്റെ സ്നേഹിതനെ ഏ ല്പിച്ചു.

ഹസ്സൻആഗ നല്ല സ്വഭാവത്തോടെ കുടിച്ചിരിക്കു

മ്പോൾ വളരെ ധീരനാണ്. കുടി അവനെ ഭയങ്കരനാക്കി മൃഗീയരക്തത്തിനു ചൂടുപിടിപ്പിക്കുന്നു. അയാൾ മേയറുടെ പുറത്തു ചാടിക്കയറി.

"ചോർബാഡ്ജി വിളക്കു തരു." എനിക്കതു ആവശ്യമാണെന്നു താൻ കാണുന്നില്ലേ."

ഒരു കടലാസ്സുപോലെ വെളുത്ത് യാന്ത്രികമായി സാങ്കോ വിളക്കു കൊടുത്തു.

ഒററക്കണ്ണൻ വിളക്ക് ആ ദ്വാരത്തിൽവെച്ചു, പിന്നീട് തൻെറ തലയും. അയാളുടെ ദേഹത്തിൻെറ ചലനം നോക്കി ഒരാൾക്കു പറയാൻ കഴിയും, വിളക്കും തിരിച്ചു അയാൾ നാലുഭാഗത്തേക്കും നോക്കുകയാണെന്നു്.

പിന്നെ അയാൾ ചാടിയിറങ്ങി.

"ചോർബാഡ്ജി, താൻ ആരെയാണ് അവിടെ ഒളിപ്പിച്ചിരുന്നതു്."

സാങ്കോവിന്നു സ്വബോധം വിട്ടുന്നപോലെ തോന്നി. എന്താണ് മറുപടി പറയേണ്ടതു്. അന്നു വൈകുന്നേരം മുതൽ താൻ അനുഭവിച്ചുവന്ന കഷ്ടപ്പാടും വേദനയുമെല്ലാം വല്ല ദുസ്സ്വപ്നവുമാണോ എന്നുപോലും അയാൾക്കു തോന്നി. അയാളുടെ വിചാരങ്ങളെല്ലാം കൊടുമ്പിരിക്കൊണ്ടു. പിന്നെയും ചോദ്യം ചെയ്തപ്പോൾ കുററബോധത്തോടും ഭയത്തോടുംകൂടെ അയാൾ എന്തോ വിക്കി.

"ഈ വിപ്ലവകാരി ക്ലിസ്സൂറയിൽ പോയാൽ വ്യക്തമായി ഉത്തരം പറയും. അവിടെ നല്ല ജയിലുണ്ടു്. ഇന്നുരാത്രി ഇതിന്നകത്തു കഴിക്കട്ടെ"

അങ്ങിനെ അയാളെ വിരസമായ ഇരുട്ടിൽ മുക്കിയ ആ മുറിയിലാക്കി പോലീസുകാർ വാതിൽ ബന്ധിച്ചു. ആകെ ഇളകിപ്പോയ് സാങ്കോ, സ്വസ്ഥതയവലംബിക്കാൻ ഏതാനും നിമിഷങ്ങൾ തന്നെയെടുത്തു. അയാൾ തൻെറ തല

കൈകൊണ്ടു മുറുക്കെ പിടിച്ചു; അങ്ങിനെ ചെയ്തില്ല എങ്കിൽ ഭ്രാന്തായിപ്പോകുമോ എന്നു സംശയിക്കത്തക്കവിധത്തിൽ. സ്വതേ ദുർബ്ബലനാകയാൽ വികാരങ്ങൾ കയറുപൊട്ടിച്ചു; അയാൾ സങ്കടത്തോടെ കരയാനും ഞരങ്ങാനും ആരംഭിച്ചു.

ആരോ വാതിൽക്കൽ ഉന്തി, ഡൈക്കോവിൻെറ ശബ്ദം കേൾക്കാറായി.

''സാങ്കോ എന്താണ് ചെയ്യാൻ വിചാരിക്കുന്നത്.''

''എനിക്കൊന്നും അറിയാൻ വയ്യ ബായ്ഡൈക്കോ, എന്തു വേണമെന്നു പറയൂ.''

''നമുക്ക് തുക്കികളുടെ ദുർബ്ബലതയെപ്പററി അറിഞ്ഞുകൂടെ. കണ്ണടച്ചു സ്വതന്ത്രനാവാൻ എന്തെങ്കിലും അവക്കു കൊടുക്കണം. അല്ലെങ്കിൽ കോനാക്കിൻെറ വീട്ടിലേക്കും കോടതികളിലേക്കുമായി അവർ നിങ്ങളുടെ അന്ത്യംവരെ വലിച്ചിഴക്കും. പാവം സ്റ്റോയ്ക്കോവിനു കുറച്ചെന്തെങ്കിലും കൊടുത്താൽ രക്ഷപ്പെടാമായിരുന്നു. വരു സാങ്കോ, കഷ്ടകാലത്തേക്കല്ലെ എല്ലാവരും പണം സൂക്ഷിച്ചുവെയ്ക്കുന്നത്.''

കരഞ്ഞുകൊണ്ടു് സാങ്കോവിൻെറ ഭാര്യ അടുത്തുവന്നു.

''സാങ്കോ എന്തെങ്കിലും കൊടുക്കുക. ഒന്നും ബാക്കി വെയ്ക്കേണ്ട സാങ്കോ, ഈ കഴുത്തറപ്പന്മാരുടെ പിടിയിൽ നിന്നു മുക്തി പ്രാപിച്ചല്ലാതെ നമുക്ക് യാതൊരു രക്ഷയുമില്ല. വൃദ്ധൻ സ്റ്റോയ്ക്കോ മരിച്ചു കഴിഞ്ഞു, ഈശ്വരാ, ഞങ്ങൾക്ക് എന്തുവന്നു സംഭവിച്ചു.''

''എൻെറ പ്രിയേ, നമുക്ക് എന്താണ് കൊടുക്കുവാനുള്ളത്. നിനക്കറിയില്ലെ നമ്മുടെ കയ്യിൽ പണമായി ഒന്നും കെട്ടിയിരുപ്പില്ല എന്നു്.''

''നമുക്കാ ചെയിൻ കൊടുക്കാം.''

''എന്തു് ഡോങ്കയുടെ സ്വർണ്ണകാശുമാലയോ''

"അതെ, അതു മാത്രമല്ലേ നമ്മുടെ കൈവശമുള്ളൂ. അതുതന്നെ കൊടുക്കാം. അങ്ങയെ സ്വതന്ത്രനാക്കാൻ എന്തു വേണമെങ്കിലും കൊടുക്കാം, ഭന്നാകട്ടെ ആ മൃഗങ്ങൾ പിന്നെയും ഡോങ്കയെപ്പററി തിരക്കാൻ തുടങ്ങിയിരിക്കുന്നു."

"ദൈവം എന്താണ് തോന്നിക്കുന്നതു് എന്നാൽ അതു ചെയ്യൂ. എനിക്കു് യാതൊരു ബോധവുമില്ല" സാങ്കോ മറുപടി പറഞ്ഞു.

ഡൈക്കോവും സാങ്കോപത്നിയും അവിടെ നിന്നു പോയി.

ചാസ്സിൻെറ വിടവിൽക്കൂടി അല്പം കഴിഞ്ഞപ്പോൾ ഒരു മെഴുകുതിരിയുടെ വെളിച്ചം തെളിഞ്ഞുവന്നു. വാതിൽ തുറന്നു.

"സാങ്കോ പുറത്തു വരൂ; ആവലാതിപ്പെടേണ്ട" ഡൈക്കോ പറഞ്ഞു. "തുക്കികൾ നല്ല മനുഷ്യരായി. ഇതാ നിങ്ങളുടെ പേടിപോകാൻ അവർ ആ കഠാരികൂടെ ഇവിടെ ഇട്ടിട്ടാണ് പോയിരിക്കുന്നതു്. ഇത്ര എളുപ്പത്തിൽ വിട്ടുപോന്നതുതന്നെ വലിയ ഭാഗ്യമായി."

പിന്നെ കുനിഞ്ഞു അയാളുടെ ചെവിയിൽ മന്ത്രിച്ചു.

"നാം അവരെ നശിപ്പിക്കുകയോ, അവർ നമ്മെ നശിപ്പിക്കുകയോ ചെയ്യുന്നസമയം വളരെ വിദൂരത്തല്ല. ഇതുപോലെ സംഗതികൾ വളരെ നാൾ നടക്കില്ല. ഇക്കണക്കിനു ജീവിതം ജീവിച്ചു തീർക്കാൻ അർഹതയുള്ളതല്ല ഇവിടുത്തെ ജീവിതം."

## അദ്ധ്യായം 33

# വിജയികൾ പരാജിതർക്കു വിരുന്നു നൽകുന്നു

അതേ നിമിഷത്തിൽ ഓഗ്യനോവ് പീററർ ഓവ്ച്ച റോവിൻെറ വീടിൻെറ പടിക്കൽ മുട്ടുകയായിരുന്നു. തട്ടിൻെറ ഒരു ദ്വാരത്തിൽക്കൂടെ താൻ വീക്ഷിച്ചുകൊണ്ടിരുന്ന, പോലീസുകാരുടെ മൃഗീയമായ പെരുമാററം സഹിക്കാൻ വയ്യാതായപ്പോൾ; അവിടെത്തന്നെവെച്ച് തെമ്മാടികളോട് രക്തത്തിൻെറ ഭാഷയിൽത്തന്നെ പകവീട്ടാനുള്ള ആഗ്രഹം നിയന്ത്രണാതീതമായിത്തീന്നപ്പോൾ, (ആ ധാർഷ്ട്യം വളരെ ഭീകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയേനെ) ഓഗ്യനോവ് ഭ്രാന്തുപിടിച്ചപോലെ തട്ടിന്മേൽ നിന്നു നിരത്തിലേക്ക് ചാടി നേരെ ഡൈഡോ സ്റ്റോയ്ക്കോവിൻെറ വീട്ടിലേക്കു ഓടി. പടിതുറന്നു.

‘‘പീറററെവിടെ’’ ആ കുട്ടി ഒളിവിലാണെന്ന കാര്യം ഓക്കാതെ ഓഗ്യനോവ് പെട്ടെന്നു ചോദിച്ചു.

‘‘ആരാ അതു് സ്കൂൾമാസ്റ്ററാണോ’’ തേങ്ങിക്കരഞ്ഞുകൊണ്ടു നിന്നിരുന്ന മാഡം സ്റ്റോയ്ക്ക ചോദിച്ചു.

‘‘അതെ പീററർ എവിടെ അമ്മുമ്മെ.’’

‘‘ശ്രദ്ധിച്ചിരിക്കു കുട്ടി. ആ മൃഗങ്ങൾ കേൾക്കരുതെ. പീററർ ബോറിമിച്ച്ക്കയുടെ വീട്ടിലാണു്.’’

‘‘അതെവിടെയാണു്.’’

‘‘പുരോഹിതൻെറ വീടറിയുമെങ്കിൽ അതിൻെറ അട്ടത്ത പുതിയ പടി. കുട്ടി, സ്വന്തം കാര്യം സൂക്ഷിക്കണേ.’’

ആ സാധു സ്ത്രീക്കു് അവളുടെ ഭർത്താവു് അന്ത്യശ്വാസം വലിക്കയാണെന്നു് ഒരു സംശയംപോലും ഉണ്ടായിരുന്നില്ല. ഓഗ്യനോവ് ഓടിപ്പോയി. തൻെറ കാലിന്നടിയിൽ ഭൂമിയുണ്ടെന്നകാര്യംപോലും അയാൾ അറിഞ്ഞിരുന്നില്ല. പുരോഹിതൻെറ വീട്ടിനടുത്തു് എത്തിയപ്പോഴേക്കും ഒരു സംഘം ശബ്ദമുണ്ടാക്കിക്കൊണ്ടു് ആ ഭാഗത്തുനിന്നു വരുന്നുണ്ടായിരുന്നു. ഓഗ്യനോവിന്നു പീററിൻെറ ഒച്ച മനസ്സിലായി. അയാൾ ആ കുട്ടികളെ തടുത്തുനിർത്തി.

"സ്കൂൾ മാസ്റ്റർ" അയാളെ മനസ്സിലാക്കിയ അവർ കൂട്ടത്തോടെ വിളിച്ചുപറഞ്ഞു.

"സഹോദരന്മാരെ, അതു ഞാൻ തന്നെയാണു്. നിങ്ങൾ എവിടേക്കാണു് യാത്ര."

"ഞങ്ങൾ ബോറിമിച്ച്ക്കായുടെ അടുത്തായിരുന്നു. അയാൾ ഇന്നു് അയാളുടെ കാമിനിയെ കട്ടുകൊണ്ടുപോന്നു. അതുകൊണ്ടു് ഞങ്ങൾ അവരുടെ ആരോഗ്യത്തിനുവേണ്ടി ഒന്നു കുടിക്കാൻ പോയി. എന്തു യോജിപ്പിലാണു് അവർ കഴിയുന്നതു് എന്നു ഒന്നു കാണുകതന്നെ വേണം. അവരെ അന്യോന്യം ബന്ധപ്പെടുവാൻവേണ്ടി തന്നെ സൃഷ്ടിച്ചതാണു്. ഇപ്പോൾ എവിടെനിന്നു വരുന്നു" പീററാണു് ഉത്തരം പറഞ്ഞതു്.

"പീററർ, എനിക്കു നിങ്ങളോടു് ഒരു വാക്കു് പറയാനുണ്ടു്"

അയാൾ പീറററെ ഒരു ഭാഗത്തേക്കു പിടിച്ചുകൊണ്ടുപോയി.

"എനിക്കു മാപ്പു തരു, ഗുഡ്നൈററു്," പീററർ സ്നേഹിതന്മാരോടു വിളിച്ചു പറഞ്ഞു് ധൃതിയിൽ ഓഗ്യനോവ് ഒന്നിച്ചു വീട്ടിലേക്കു് തിരിച്ചു. അവർ അവിടെ എത്തി.

"അമ്മെ, അച്ഛൻ തിരിച്ചുവന്നുവോ"

"ഇല്ല മകനെ"

"ഓഗ്യനോവ് പീറററെ ഒരു അറയിലേക്കു വലിച്ചു കൊണ്ടുപോയി.

"പീററർ, ഞാൻ പറഞ്ഞില്ലേ, താൻ കാരണം തൻെറ പിതാവിനെ അവർ ഭയങ്കരമായി മർദ്ദിച്ചിരിക്കുന്നു. അവർ, ആ കള്ളന്മാർ അതിലും ഭയങ്കരമായതു് സാങ്കോവിൻെറ വീട്ടിൽവെച്ചു ചെയ്യും. ആയുധംകൊണ്ടല്ലാതെ അവരുടെ അക്രമം തടുക്കാൻ നമുക്കു നിവൃത്തിയില്ല. ഞാൻ തന്നെ ഇപ്പോൾ അവരുടെ തലതെറിപ്പിച്ചു കളഞ്ഞേനെ; പക്ഷെ അതിൻെറ പ്രത്യാഘാതങ്ങൾ! നാം ഇപ്പോൾ സാങ്കോവിൻെറ വസതിയുടെ പരിസരത്തിലെങ്ങും പോകരുതു്."

"എനിക്കു പകരം ചോദിക്കണം, സഹോദര."

"എനിക്കും പ്രതികാരമാണാവശ്യം പീററർ, ഭയങ്കരമായ പ്രതികാരം; പക്ഷെ നമുക്കു് അപകടം പററാത്തവിധത്തിൽ ആയിരിക്കണമതു്."

"നമുക്കു് അതു് എങ്ങിനെ ചെയ്യാനൊക്കും" ചുമരിന്മേൽനിന്നു തോക്കു് എടുത്തുകൊണ്ടു് പീററർ ചോദിച്ചു.

"ക്ഷമയോടെ ഇരിക്കു; നമുക്കു് അതിനെപ്പററി ആലോചിക്കാം."

"എനിക്കാലോചിക്കാൻ തന്നെ വയ്യ. എന്താണു് അവരെൻെറ പിതാവിനെ ചെയ്തതു് എന്നു് അറിയട്ടെ."

സ്വതേ തന്നെ എടുത്തുചാട്ടക്കാരനായ ഓഗ്യനോവിനു് ഇപ്പോൾ അതിലും ശുണ്ഠിക്കാരനായ ഒരുവനെ അയാൾ എടുക്കാൻപോകുന്ന ദുരന്ത നടപടിയിൽനിന്നു പിൻവലിക്കേണ്ടിയിരിക്കുന്നു. പീററർ സാങ്കോവിൻെറ വീട്ടിൽപോയാൽ തീച്ചയായും രക്തച്ചൊരിച്ചിലുണ്ടാകും. വിധിനിർണ്ണായകമായ ഒരു സമരത്തിനുള്ള സമയം ആസന്നമായിട്ടില്ല എന്നാണു് ഓഗ്യനോവ് വിശ്വസിച്ചിരുന്നതു്. അദ്ഭുത

ന്നെയല്ല, ഇതുപോലെയുള്ള ഒരു ധീരയുവാവ് അനാവശ്യമായി അകാലചരമമടയുമല്ലൊ എന്നോർത്തപ്പോൾ ആ ഹൃദയം വേദനിച്ചു.

എല്ലാ വേലയും നിഷ്ഫലമായി. പീററർ ഒരു സിംഹത്തെപ്പോലെ അലറുകയാണു്.

തന്നെ തടുത്തുനില്ക്കുന്ന ഓഗ്യനോവിനെ തട്ടിക്കളഞ്ഞു് അയാൾ വാതിൽക്കലേക്കു കുതിച്ചു. ഓഗ്യനോവിനു എന്തു ചെയ്യേണമെന്നറിയാതെയായി. ഇത്ര കടുത്ത യുവരക്തത്തെ എങ്ങിനെ തടഞ്ഞു നിർത്തും.

ഗേററിൽ പീററർ എത്തുന്നതിനു മുമ്പുതന്നെ വെളിയിൽ ആരോ കതകിനു മുട്ടി. തോക്കു് ഉയർത്തിപ്പിടിച്ചയാൾ പടി തുറന്നു. സാങ്കോവിൻെറ അയൽക്കാരായ മൂന്നു ബൾഗേരിയക്കാർ ഒരു പരവതാനിയിൽ, ഡൈഡോസ്റ്റോസ്സുനെ —അദ്ദേഹത്തിൻെറ മൃതശരീരത്തെ കൊണ്ടുവരികയായിരുന്നു.

"പീററർ, നീ ജീവിച്ചിരിക്കു" അക്കൂട്ടത്തിലെ ഒരു കഷകൻ പറഞ്ഞു.

മുററം മുഴവൻ സ്ത്രീകളുടെ തേങ്ങലുകൾകൊണ്ടും വിലാപംകൊണ്ടും മുഖരിതമായി. വസ്ത്രങ്ങൾ കീറിപ്പറിച്ചുകൊണ്ടു് മിസ്സിസ് സ്റ്റോയ്ക്കോ ഭർത്താവിൻെറ തണുത്ത ശരീരത്തിൽ വീണുകിടന്നു അലമുറയിട്ടു. ഈ നിർഭാഗ്യംകൊണ്ടു് ആകെ തകൻ മട്ടിലായ പീറററിനെ ഓഗ്യനോവ് നിർബ്ബന്ധമായി ഒരു അറയിലേക്കു് വിളിച്ചുകൊണ്ടുപോയി. അച്ഛനെ ഈ നിലയിൽ കണ്ടപ്പോഴുണ്ടായ തരിപ്പു് പീറററിൽ ഒരു നിമിഷമേ തങ്ങിനിന്നുള്ളു. അടുത്ത ക്ഷണത്തിൽ കൂടുതൽ ശക്തിയോടെ അയാൾ പ്രതികാരത്തിനു സന്നദ്ധനായി. നിറഞ്ഞ കണ്ണുകളോടെ ഓഗ്യനോവ് അയാളെ നിയന്ത്രിക്കാൻ ശ്രമിച്ചു.

"നമുക്കിതിനു പ്രതികാരം ചെയ്യണം, ഉഗ്രമായ പ്രതികാരം". പീററിനെ കെട്ടിപ്പിടിച്ചുകൊണ്ടു ഓഗ്ര്യനോവ് പറഞ്ഞു: "ഇന്നു എനിക്കും തനിക്കും പ്രതികാരത്തിനേക്കാൾ പരിശുദ്ധമായ ഒരു കത്തവ്യമില്ല."

"രക്തം, രക്തം," ബോധമററവനെപ്പോലെ പീററർ അലറി. "എൻെറ അച്ഛാ, ഈ വയസ്സുകാലത്തു് ആ നായ്ക്കൾ എല്ലു തല്ലി ഒടിക്കാൻ മാത്രം അങ്ങ് എന്തു് അപരാധമാണ് ചെയ്തതു്. അമ്മക്കിനി എന്തു സംഭവിക്കും."

"ആശ്വസിക്കു സഹോദരാ ആശ്വസിക്കു. ധൈര്യമായിരിക്കു. ഇതിനു തക്കവിധത്തിൽ തന്നെ അവരെ ശിക്ഷിക്കണം."

അരമണിക്കൂറിനകത്തു സങ്കടത്തിൻെറ വേലിയേററം അല്പമൊന്നടങ്ങി. ഏതു ഭയങ്കര ദുഃഖത്തിൻെറയും ശക്തി കുറെ കഴിഞ്ഞാൽ നശിക്കും.

ഓസ്റ്റൻ, ഓഗ്ര്യനോവ്, സ്പിരിഡോൻകോ എന്നവർ കുടുംബവിഗ്രഹത്തിൻെറ മുമ്പിൽനിന്നു ആ പോലീസുകാരെ ജീവനോടെ വിടില്ല എന്നു സത്യം ചെയ്താൽ വീട്ടിൽ അടങ്ങിയിരിക്കാമെന്നു പീററർ സമ്മതിച്ചു.

"എന്തൊരു നല്ല സമയമാണ് ബോറിമിച്ച്ക്ക കല്യാണം കഴിക്കാൻ തിരഞ്ഞെടുത്തതു്" സങ്കടത്തോടെ ഓസ്റ്റൻ പറഞ്ഞു. "അതു ഇല്ലായെങ്കിൽ തീച്ചയായും അയാളീ കൂട്ടത്തിൽ ചേന്നേനെ. ഒരു കൊട്ടങ്കാററിനെപ്പോലെ പണിയെടുക്കാൻ വേറെ ആരുണ്ടു്."

പ്രതികാരത്തിൻെറ പരിപാടി ഇതായിരുന്നു. ലൈസ്കോവിററ്സ് ചുരത്തിലേക്ക് വടക്കോട്ടു പോകുന്ന റോഡിൽ അവർ കാവലിരിക്കുക. അതിൻെറ മുകളിലൂടെയാണ് ക്ലിസ്സുറയിലേക്കുള്ള വഴി. അടുത്തുള്ള സ്ട്രീമയുമായി 'ബലിസ്ററ്സാ' കൈവഴി യോജിക്കുന്നതിൻെറ അടുത്ത ഇടതി

ങ്ങടിയ കാട്ടിൽ അവക്ക് ഒളിച്ചിരിക്കാം. അവിടെ കാത്തു നിന്നു് തുക്കികളെ കത്തികൊണ്ടു ആക്രമിച്ചു വക വരുത്തി മൃതശരീരം പൊന്തക്കാട്ടുകളിൽ ഒളിപ്പിച്ചുവെയ്ക്കാം. നിർഭാഗ്യത്തിനു എതിരാളികൾ രക്ഷപ്പെടാൻ ശ്രമിച്ചാലോ എന്നു കരുതി അവർ തോക്കും എടുത്തിട്ടുണ്ടു്. അങ്ങേ അററത്തെ അപകടാവസ്ഥയിലെ തോക്കു ഉപയോഗിക്കുവാൻ അവർ തീരുമാനിച്ചിട്ടുള്ളു. ഇതെല്ലാം നിശ്ചയിച്ചിട്ടുള്ളതു് ഡൈക്കോയുടെ കയ്യിൽനിന്നു കിട്ടിയ പോലീസുകാരുടെ അനന്തര പരിപാടിയെ ആസ്പദമാക്കിയാണു്. രണ്ടാമത്തെ പ്രാവശ്യം കോഴി കൂകുന്നതിനുമുമ്പു് അവർ ഉണർന്നു ക്രിസ്തുറയിലേക്കു തിരിയ്ക്കും. അവക്ക് അവിടെ എത്താൻ വളരെ ധൃതിയുണ്ടു്. നേരത്തെതന്നെ അവരെ വിളിച്ചുണർത്തണമെന്നു് അവർ ഡൈക്കോവിനോടു കല്പിച്ചിട്ടുണ്ടായിരുന്നു.

ഈ ചെറിയ സംഘം നിശ്ശബ്ദമായ ഗ്രാമദേശം പിന്നിട്ടു് തുറന്ന സ്ഥലത്തു് എത്തിയപ്പോൾ ആദ്യത്തെ കോഴി കൂകാൻ തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളു. വലിയ വലിയ കഷണങ്ങളായി മഞ്ഞുപെയ്തുകൊണ്ടിരുന്നു. ലോകമാകെ വ്യാപിച്ചിരുന്ന ധവളാവരണം ഇരുട്ടിന്റെ ശക്തി കുറച്ചു കാട്ടാൻ സഹായകമായി. തങ്ങളുടെ വലിയ തൊപ്പിക്കു കീഴെ ഒളിച്ചുവെച്ച തോക്കുകളുമായി മഞ്ഞു കട്ടിയായി വീണു കിടക്കുന്ന റോഡിലൂടെ നിശ്ശബ്ദമായി അവർ നീങ്ങി. അവർ കടന്നുപോകുമ്പോൾ ഒരു നേരിയ ശബ്ദംപോലും കേട്ടിരുന്നില്ല. ക്രിസ്തുമസ്സിന്റെ തലേദിവസം ചുററിനടക്കുന്ന പ്രേതങ്ങളോ മററു വേതാളങ്ങളോ ആണോ ഇവരെന്നു തോന്നും. മഞ്ഞു പിന്നെയും പൊഴിഞ്ഞുകൊണ്ടിരുന്നു. ചില സ്ഥലത്തു് അതു ഉയർന്നുകിടന്നു മാർഗ്ഗതടസ്ഥമുണ്ടാക്കി. പക്ഷെ അതൊന്നും അവർ ഗൗനിച്ചില്ല. അവരെ ഗ്രസിച്ചിരുന്ന ഒരേ ഒരു ചിന്ത പ്രതികാരം മാത്രമായിരുന്നു. അവരുടെ ധീരസഖാവായ പീററിന്റെ രോദനം, ആ വയസ്സായ

അമ്മയുടെയും മററു കുടുംബാംഗങ്ങളുടേയും ദീനദീനമായ മുറവിളി ഇതു മാത്രമായിരുന്നു അവരുടെ ചെവിയിൽ തങ്ങിനിന്നിരുന്നതു്.

തത്സമയത്തു് ഒരൊററ ഭീതി മാത്രമേ അവരെ ബാധിച്ചിരുന്നുള്ളു. പോലീസുകാർ തങ്ങളെ കബളിപ്പിച്ചു രക്ഷപ്പെട്ടാലൊ—ബാക്കി എല്ലാ ഭയങ്ങളും വികാരങ്ങളും അമന്നുതന്നെ കിടന്നു. ഒരൊററ വാക്കുപോലും ഉരിയാടാതെ അവർ വളരെ ദൂരം പോയി. പിന്നിൽ നായ കുരയ്ക്കുന്ന ഒരു സ്വരമുയന്നു—അതു് പരിത്യക്തമായിരുന്ന ആ പരിസരമാകെ മുഴങ്ങി. അവർ അത്ഭുതത്തോടെ ചുററും നോക്കി.

"ഈ സമയത്തു് നായ്ക്കളോ" ബോയ്ക്കോ അത്ഭുതത്തോടെ ചോദിച്ചു.

"അതു് തീരെ അസാധാരണമാണല്ലോ" സ്വിരിഡോൺകോവ് പ്രസ്താവിച്ചു.

കുര പിന്നെയും മുഴങ്ങി, കൂടുതൽ കൂടുതൽ ഉച്ചത്തിൽ; എന്താണ് എന്നു് മനസ്സിലാക്കുവാൻ സാധിക്കുന്നതിനു മുമ്പുതന്നെ വലിയ ഒരു കറുത്ത രൂപം, നായയുമായി യാതൊരു സാമ്യതയുമില്ലാത്ത ഒന്നു്, വീണുകിടക്കുന്ന മരങ്ങൾ കവച്ചു ചാടി അവരുടെ നേരെ ഓടിയടുക്കുന്നതു കണ്ടു. ഒരു രാക്ഷസനെപ്പോലെയോ പിൻകാലിന്മേൽ ഉയന്നുനില്ക്കുന്ന ഭീമാകാരനായ ഒരു കരടിയെപ്പോലെയൊ ഇരുന്നു അതു്.

അപരിചിതനായ ആക്രമിയിൽനിന്നു തങ്ങളെ രക്ഷിക്കുവാനായി സ്വിരിഡോൺകോവും ബോയ്ക്കോവും പിൻമാറി ഒരു ഓക്കുമരത്തിൻെറ മറവിൽനിന്നു. അപ്പോഴക്കും ആ രൂപം അവരുടെ അടുത്തണഞ്ഞു.

"ബോറിമിച്ച്ക്ക" എല്ലാവരും ഒരുമിച്ചു പറഞ്ഞു. "ങ്ദ, ങ്ദ, ബോറിമിച്ച്ക്ക തന്നെ. നിങ്ങൾ അയാളെ തീരെ മറന്നു അല്ലെ, നശിച്ചുപോകാൻ—രൂപം പ്രതിവചിച്ചു"

വലിയ ഒരു തൊപ്പി ധരിച്ച ബോറിമിച്ച്ക്ക തന്നെ ആയിരുന്നു അതു്. വഴിയിലെ ബഹളം കേട്ടു് അയാൾ പീററിൻെറ വീട്ടിൽപോയി, അവിടെനിന്നു സർവ്വവിവരവും അറിഞ്ഞു. ഒട്ടും സമയം കളയാതെ തിരിച്ചു വീട്ടിൽ വന്നു്, വധുവിനെ അവളുടെ അമ്മയുടെ അടുത്തേക്കയച്ചു്, തൻെറ ഗദയെടുത്തു് അരപ്പട്ടയിൽ തിരുകി, തോക്കു വലിച്ചെടുത്തു പ്രതികാരത്തിന്നുഴറുന്ന കൂട്ടുകാരുടെ പിന്നാലെ ഓടി.

സുശക്തമായ ഈ സഹായം സുഹൃത്തുക്കളെ ഉശിരുപിടിപ്പിച്ചു.

"നമുക്കു പുറപ്പെട്ടുക" ഓസ്റ്റൺ.

"മുന്നോട്ടു്" ഓഗ്യനോവ്.

"മററവനുവേണ്ടി കാക്കൂ, അവനും വരട്ടെ" ബോറിമിച്ച്ക്ക.

"ആരാണു് പിന്നെയുള്ളതു്" അവർ അത്ഭുതത്തോടെ തിരക്കി.

"പീററിൻെറ ഇളയ അനുജൻ ഡാനിയേൽ. അയാളും എൻെറ ഒപ്പം പുറപ്പെട്ടു."

"എന്തിനാണു് അയാളെ കൊണ്ടുവന്നതു്."

"കൊള്ളാം, കേൾക്കൂ. സ്വന്തം കണ്ണുകൊണ്ടു് എന്താണിവിടെ നടക്കുന്നതു് എന്നു കണ്ടോട്ടെ എന്നു കരുതി പീററർ അനുജനെ അയച്ചതാണു്."

"ഞങ്ങളെ അയാൾക്കു വിശ്വാസമില്ലെ. ഞങ്ങൾ സത്യം ചെയ്തതാണല്ലൊ."

"ഒരു കാശിനു നൂറു സത്യം. എനിക്കും നിങ്ങളെ വിശ്വാസമില്ല"

"എന്തുകൊണ്ടു്"

"ബോറിമിച്ച്ക്കയെ വിളിക്കാതെ പുറപ്പെട്ടതുകൊണ്ടുതന്നെ—നാശം പിടിക്കാൻ."

എല്ലാ വാക്കു കഴിഞ്ഞാലും 'ഈ നാശംപിടിക്കാൻ' ആവർത്തിക്കുന്നതു് ബോറിമിച്ച്ക്കയുടെ ഒരു ശീലമാണു്. വായകൊണ്ടു പറയാൻ സാധിക്കുന്നതിൽ കൂടുതലായി ഇതയാളുടെ ചിന്തകളെയും വികാരങ്ങളെയും വ്യക്തമാക്കിയിരുന്നു.

"ഐവൻ, ദേഷ്യപ്പെടരുതു്. ഞങ്ങൾ നിന്നെപ്പററി ആലോചിക്കാഞ്ഞയല്ല; പക്ഷെ താനൊരു നവവരനല്ലെ, അതറിഞ്ഞുകൂടെ, ഇതാ ഡാനിയൽ എത്തിപ്പോയി" ഓസ്റ്റൺ പറഞ്ഞു.

കിതച്ചു ശ്വാസംമുട്ടിക്കൊണ്ടു് ആ കുട്ടി അവരുടെ മുമ്പിൽ എത്തി. ഒരു നീണ്ട കത്തി അയാൾ അരയിൽ തിരുകിയിരുന്നു.

കൂട്ടുകാർ മൂന്നിൽനിന്നു അഞ്ചായി വദ്ധിച്ചിരിക്കുന്നു. അവർ നിശ്ശബ്ദമായി യാത്ര തുടന്നു. ബലിഷ്ഠിററ്സായുടെ ഉത്ഭവസ്ഥാനമായ ബോഗ്വാൻമലയിലെ ജലപാതത്തെയും, സ്രഡ്നഗോറാ മൈതാനത്തെയും ചുററിയാണവർ പോകുന്നതു്. ഒടുവിൽ അവർ നദിയുടെ കരയിൽ എത്തി. ഇതാണു് വാസ്തവത്തിൽ ആക്രമണത്തിനു പററിയ സ്ഥലം. വലത്തുഭാഗത്തു് തുക്കികൾക്കു നീന്തിക്കടക്കേണ്ട 'സ്ത്രീമ', ഇടത്തുഭാഗത്തു് കുത്തനായ താഴ്വരയിൽ പന്തലിച്ചു കട്ടിപ്പിടിച്ച പൊന്തക്കാടുകൾ, അതിനു മീതെ ഉയന്ന പവ്വതപംക്തികൾ; കൂട്ടുകാർ അവിടെനിന്നു. ഇപ്പോൾ ആൾട്ടുണോവിൽനിന്നു ഒരുമണിക്കൂർ യാത്ര ചെയ്യേണ്ട ദൂരത്തെത്തിയിരിക്കുന്നു. അഥവാ അത്യാവശ്യമായി വെടിവെക്കേണ്ടിവന്നാലും അതിൻെറ ശബ്ദം ഗ്രാമത്തിലെത്തുകയില്ല. അവർ ഒരു കുററിക്കാട്ടിൽ പതിയിരിക്കുമ്പോൾ പ്രഭാതം പൊട്ടിവിടരുന്നുണ്ടായിരുന്നു. നനുത്ത പാളികളായി മഞ്ഞിൻ കണങ്ങൾ പൊഴിയുന്നുണ്ടു്. രണ്ടു തുക്കിക്കാരും പ്രത്യക്ഷപ്പെടേണ്ട കിഴക്കുഭാഗത്തേക്കു് മിഴിയയച്ചുകൊണ്ടു് ആ സ്നേഹിതന്മാർ ക്ഷമയോടെ അവിടെ താഴ്ന്നു് ഇരുന്നു. പക്ഷെ

അവർ ആദ്യം കേട്ട ശബ്ദം ചെന്നായകൾ ഓളിയിടുന്നതിന്റേതായിരുന്നു. അവ വന്നിരുന്നത് അവരുടെ തലഭാഗത്ത് മുകളിൽനിന്നാണ്. ശബ്ദം അടുത്തടുത്ത് വ്യക്തമായി കേൾക്കാറായി. ഭക്ഷണമന്വേഷിച്ചവർ മൈതാനത്തേക്കു വരുകയായിരിക്കും.

"അവർ നമ്മുടെ അടുക്കലേക്കാണ് വരുന്നത്." ഐവൻ ഓസ്റ്റൺ പറഞ്ഞു.

"വെടിവെയ്ക്കരുത്."

"നമുക്കവരെ കത്തികൊണ്ടും തോക്കിന്റെ പാത്തികൊണ്ടും എതിരിടാം, കേട്ടോ." ഓഗ്യനോവ് പറഞ്ഞു.

സഖാക്കൾ ചെവികൂർമ്പിച്ചു നിന്നു. തലക്കു മുകളിലായി, ഉണങ്ങിയ ഇലകളിൽ തട്ടുമ്പോഴുണ്ടാകുന്ന പാദപതനം അവരൊരു കൂട്ടമായി ഓടിവരികയാണെന്നു കാണിച്ചിരുന്നു. ഒരു പ്രാവശ്യംകൂടി ഓളികേട്ടു. നേരം പ്രകാശമായി തുടങ്ങി.

"ചെന്നായ്ക്കൾ നശിച്ചുപോട്ടെ—നമ്മുടെ പരിപാടിയെല്ലാം ഇവ തകരാറാക്കും" ഓഗ്യനോവ് മുരണ്ടു.

അവരുടെ മുമ്പിലുള്ള മൈതാനത്തിൽ നിരവധി ചെന്നായ്ക്കൾ അപ്പോഴേക്കും വന്നുനിന്നു. കൂർത്ത മോന്ത പൊക്കിപ്പിടിച്ചുകൊണ്ടവ ഓളിയിട്ടു. പിന്നെയും കുറെയെണ്ണംകൂടി പ്രത്യക്ഷമായി.

"ആകെ എട്ട്, നാലെണ്ണം നിങ്ങൾക്കു്, ബാക്കി എനിക്കു്." ബോറിമിച്ച്ക്ക പറഞ്ഞു.

തങ്ങളുടെ ഇരകളുമായി പരിചയപ്പെട്ട ആ വന്യമൃഗങ്ങൾ കുററിക്കാട്ടിലേക്കു് ഓടിയടുത്തു. അതിപ്പോൾ മൃഗങ്ങൾ ആക്രമിക്കുകയും മനുഷ്യർ തടുത്തുനിർത്തുകയും ചെയ്യുന്ന കോട്ടയായി മാറി. കത്തികളും കഠാരികളും വെട്ടിത്തിളങ്ങി, തോക്കിന്റെ പാത്തികൾ പൊങ്ങിയും താണും പ്രവ

ത്തനമാരംഭിച്ചു—ഓരിയിടലും അട്ടഹാസവും. ചില മൃഗങ്ങൾ ചത്തുവീണു—അപ്പോൾ ബാക്കിയുള്ളവ അവകളെ തിന്നുന്നതിൽ ധൃതിപിടിച്ചു വ്യാപൃതരായി. ജീവൻ മുഴുവൻ പോകാത്ത കൂട്ടുകാരെപ്പോലും അവ കടിച്ചുകീറി. ബാക്കിയുള്ളവയെ ഒരുവിധത്തിൽ കുററിക്കാട്ടിൽനിന്നു ഓടിച്ചു. പൊന്തക്കാട്ടിൽ ബോറിമിച്ച്ക്ക പട്ടിയുടെപോലെ കുരച്ചുകൊണ്ടു ചെന്നായകളുടെ തല തന്റെ ഗദകൊണ്ടു തല്ലിപ്പൊളിക്കുന്നതു് ആരെങ്കിലും കണ്ടാൽ പണ്ടു കഴുതയുടെ താടിയെല്ലുകൊണ്ടു ഫിലിസ്റ്റൻകാരെ തല്ലിത്തകക്കുന്ന സാംസണെ ഓക്കുമായിരുന്നു.

എല്ലാ മൃഗങ്ങളും അപ്പോഴക്കും മലയുടെ മറെറ ചെരുവിലേക്കു് ഓടിപ്പോയി തങ്ങളുടെ മുറിവുകൾ നക്കിക്കൊണ്ടിരുന്നു.

ഈ സമരം നടക്കുമ്പോൾ ഭാഗ്യവശാൽ ആരും അതിലെ കടന്നുപോയില്ല.

"ചെന്നായ്ക്കൾ തീരെ ഇവിടെനിന്നു വിട്ടുമാറുമെന്നു തോന്നുന്നില്ല" ഓഗ്യനോവ് പറഞ്ഞു.

"ഇതാ നോക്കു അവിടെ വേറെ ഒരു കൂട്ടം."

"അവരവിടെ നിക്കട്ടെ. ബോറിമിച്ച്ക്കയുടെ വിവാഹദിനമായിട്ടു് നമുക്കു് അവക്കു് ഒരു വിരുന്നുകൊടുക്കാം; അവർ എന്നും അതു് ഓക്കട്ടെ." സ്വിരിഡോൺകോ പറഞ്ഞു.

"നശിച്ചുപോവാൻ" ആത്മസംതൃപ്തിയോടെ ബോറിമിച്ച്ക്ക മുരണ്ടു. പിന്നെയും സമയം കഴിഞ്ഞു.

തുക്കികൾ രണ്ടാമത്തെ കോഴി കൂകിക്കഴിഞ്ഞിട്ടും എത്തിയിട്ടില്ല. ഗ്രാമദേശങ്ങളിൽനിന്നു് വരുന്ന കാകശബ്ദം വ്യക്തമായി സ്നേഹിതന്മാർ കേട്ടു. നേരം പിന്നെയും വെളിച്ചമായി, മരക്കൂട്ടങ്ങളെല്ലാം തെളിഞ്ഞു കാണാറായി; മററു

സാധനങ്ങളും വ്യക്തമായി ദൃശ്യമായിത്തുടങ്ങി, യുവാക്കൾക്കു ക്ഷമയററു നില്ക്കക്കളളിയില്ലാതായി. ഒരു ദിക്കിൽ തന്നെ ഉറച്ചുനിൽക്കയാൽ അവക്ക് കുളിരു ദുസ്സഹമായിത്തുടങ്ങി. പെട്ടെന്നവർ ഭയപ്പെട്ടു; തുക്കികൾ വന്നില്ല എങ്കിലോ. മഞ്ഞു കാരണം അവർ യാത്ര നീട്ടിയേക്കുമോ. തലേ ദിവസത്തെ മഞ്ഞുകാരണം സകലതും മൂങ്ങിക്കിടക്കയാണു്. പോരാത്തതിനു അവരീ അക്രമം മുൻകൂട്ടിയെങ്ങാനും അറിഞ്ഞിരിക്കുമോ. കുറച്ചുംകൂടി കഴിഞ്ഞാൽ നല്ലവണ്ണം നേരം വെളുത്താൽ, ഇതിലെ ഗതാഗതം തുടങ്ങിയാൽ ഒന്നും ചെയ്യാൻ സാധിക്കുകയുമില്ല. ഓരോരുത്തൻെറ മനസ്സിലും ഈ വിചാരങ്ങളാണു് ഉണ്ടായിരുന്നതു്. അനുനിമിഷം വർദ്ധിച്ചുവരുന്ന ഭയങ്കരമായ അക്ഷമ അസഹനീയമായി, ഒരു വല്ലാത്ത ദ്രോഹമായിത്തന്നെ അനുഭവപ്പെട്ടുതുടങ്ങി.

ഓസ്റ്റൻ നിരാശകൊണ്ടു മുരണ്ടുതുടങ്ങി.

''അവരെപ്പോഴാണു് ഇവിടം കടക്കുന്നതു് എന്നു കാക്കുകതന്നെ: നാം അവരെ ഇവിടെനിന്നു തെററിക്കളയാൻ സമ്മതിക്കരുതു്'' ഓഗ്യനോവ് പൊള്ളച്ച ശബ്ദത്തിൽ പറഞ്ഞു.

''വേറെ ആളുകൾ കൂടെയുണ്ടു് എങ്കിൽ''

''അവരവരുടെ വഴിക്കു് പൊയ്ക്കോട്ടെ. നമുക്കീരണ്ടു പേരെ മാത്രം മതി.''

''പക്ഷെ അപ്പോൾ ഒരു തുറന്ന യുദ്ധംതന്നെ വേണ്ടിവരില്ലെ.''

''രഹസ്യമായി ചെയ്യാൻ പററിയില്ല എങ്കിൽ പരസ്യമായി തന്നെ ചെയ്യുക.''

നമുക്കു് ഇവിടെനിന്നു വെടിവെച്ച് മലയിലേക്കു് കടക്കാം. ആ കാട്ടിൽ ആരും നമ്മെ കണ്ടുപിടിക്കില്ല.'' ഓസ്റ്റൻ പറഞ്ഞു.

"പക്ഷെ അവർ വേറെ തുക്കികളെയുംകൂട്ടി സൈന്യ മായി പുറപ്പെട്ടെങ്കിലോ."

"നമുക്കു് അസ്സൽയുദ്ധംതന്നെ നടത്താം. നമുക്കു് ആ യുധങ്ങളില്ലെ. നമ്മുടെ സ്ഥലവും അതിനു പററിയതാണു് —ഒരു കാര്യം മാത്രം ഓക്കുക. നാം ദൈവത്തിൻെറ മുമ്പിൽ, അവരെ ജീവനോടെ വിടില്ല എന്നു ശപഥം ചെയ്തിട്ടുണ്ടു്"

"നശിച്ചുപോവാൻ"

"കുട്ടികളെ, ഒരു കാര്യംമാത്രമേ എനിക്കു പേടിയുള്ളു." ഓഗ്യനോവ് പറഞ്ഞു,

അതെന്താ?

"അവർ വേറെ വല്ല വഴിക്കും മാറിപ്പോയാലോ."

"അതിനെപ്പററി പരിഭ്രമിക്കേണ്ട. ഇതിലെ അല്ലാ തെ വേറെ യാതൊരു വഴിയുമില്ല. ഒരുപക്ഷെ അവർ മട ങ്ങിപ്പോയിരിക്കാം, അങ്ങിനെയാണെങ്കിൽ ദൈവംതന്നെ നമുക്കു് ശക്തിതരട്ടെ."

ബോറിമിച്ച്ക്ക എണീററു്നിന്നു അകലത്തേക്കു് തുറി ച്ചുനോക്കി.

"ആരോ വരുന്നുണ്ടു്." കിഴക്കോട്ടു് കൈചൂണ്ടി അ യാൾ വിളിച്ചു പറഞ്ഞു. അവരെല്ലാവരും ആ ഭാഗത്തേക്കു ദത്തശ്രദ്ധരായി നോക്കി. മരത്തിനടിയിലുള്ള വഴിത്തിരി വിൽ രണ്ടുപേർ പ്രത്യക്ഷപ്പെട്ടു.

"കുതിരക്കാർ" ഓസ്റ്റൻ സങ്കടത്തോടെ പറഞ്ഞു.

"അവർ നമ്മുടെ ആൾക്കാരല്ല" സ്പിരിഡോൺകോ.

"നമ്മുടെ ആൾക്കാർ നടക്കുകയേഉള്ളു" ഓസ്റ്റൻ

"നശിച്ചുപോട്ടെ"

ഓഗ്യനോവിനു ദേഷ്യവും പരിഭ്രമവുമായി. റോ ഡിൽ അടുത്തടുത്തായി യാത്ര ചെയ്യുന്ന ആ രണ്ടുപേരെത്ത ന്നെ അയാൾ സൂക്ഷിച്ചു നോക്കിക്കൊണ്ടുനിന്നു. അവർ അടു

ത്തട്ടത്തു് എത്തിത്തുടങ്ങി, ഏറിയാൽ ഒരു നൂറടി മാത്രമേ ഉള്ളു ഇനി.

"ശരി, അതാണു് നമ്മുടെ ആൾക്കാർ" ഓഗ്യനോവ് സന്തോഷംകൊണ്ടു മത്തനായി പറഞ്ഞു: "അതവർതന്നെ —എനിക്കവരുടെ തൊപ്പിയും മുഖവും കണ്ടു പറയാൻ സാധിക്കും. മററെ അററത്താണു് ഒററക്കണ്ണൻ."

ഉയർത്തിയ തോക്കുമായി എല്ലാവരും സമാധാനത്തോടെ അടുക്കുന്ന പോലീസുകാരെ സൂക്ഷിച്ചുനോക്കിക്കൊണ്ടുനിന്നു.

"അതു് സാങ്കോവിൻെറ കുതിരയാണു്" സ്പിരിഡോൺ കോ.

"മറെറതു് എൻെറയും" ഓഗ്യനോവ്.

"ബലമായവർ കൈവശപ്പെട്ടത്തിയതാവും."

ഓഗ്യനോവിൻെറ സന്തോഷത്തിനു ദീർഘായുസ്സുണ്ടായിരുന്നില്ല. തുക്കികൾ രക്ഷപ്പെട്ടേക്കുമോ എന്നു തന്നെ അയാൾ സംശയിച്ചു. തുറന്ന സ്ഥലത്തുവെച്ചു കത്തികൊണ്ടു് എതിരിടാൻ നിവ്വാഹമില്ലാത്തതിനാൽ ഒളിച്ചുനിന്നു വെടി വെയ്ക്കുകയെ നിവൃത്തിയുള്ളു. വെടിയുടെ ശബ്ദം ചിലപ്പോൾ അവരെ കുഴപ്പത്തിലാക്കും. പോരാത്തതിനു കുതിരകൾ വേറെ ഒരു ബുദ്ധിമുട്ടാണു്.

"എന്തുതന്നെ വന്നാലും തോക്കുപയോഗിക്കുകതന്നെ" സ്വഗതമായി ഓഗ്യനോവ് മന്ത്രിച്ചു.

"തോക്കു കുട്ടികളെ; ആദ്യത്തെ വെടിക്കുതന്നെ കഥ കഴിയണം."

"അവരാ 'എം' മരത്തിൻെറ അടുത്തു് എത്തുമ്പോൾ നമുക്കു് വെടിവെയ്ക്കാം."

"ഒററക്കണ്ണൻ എൻേറതാണേ" ബോറിമിച്ച്ക്ക വിളിച്ചുപറഞ്ഞു.

"ഒററക്കണ്ണനെ—ബോറിമിച്ച്ക്കായും സ്പിരിഡോൺ

കോവുംകൂടി. സ്കൂൾ മാസ്റ്ററും ഞാനും മററവനെ—'' ഓസ്റ്റൺ കല്പിച്ചു.

കുതിരക്കാർ എം മരത്തിനടുത്തെത്തി.

കുററിക്കാട്ടിൽ ഒളിച്ചുപിടിച്ചിരുന്ന തോക്കുകൾ തീ തുപ്പി, ശബ്ദം ആ സ്ഥലമാകെ കിടുക്കി. പുകക്കിടയിലൂടെ അവർ ഉററുനോക്കി. ഒരുത്തൻ വീണു; മററവൻ കുതിരയുടെ ഒരു ഭാഗത്തു് തൂങ്ങിക്കിടക്കയാണു്.

കുതിരകൾ ഒന്നുതേങ്ങി—പിന്നെ അവിടെത്തന്നെ നിന്നു.

''സ്കൂൾമാസ്റ്റർ ആരാണു് എന്റെ അച്ഛനെ വധിച്ചതു്'' കാട്ടിൽനിന്നും ആദ്യം വെളിക്കു ചാടിയ ഡാനിയൽ വിളിച്ചു ചോദിച്ചു.

''അതാ കുട്ടി, ആ ഒററക്കണ്ണൻ, ആ നിലത്തു് വീണവൻ''

ഡാനിയൽ റോട്ടിലൂടെ പാഞ്ഞു. പെട്ടെന്നയാൾ സ്ഥലത്തു് എത്തി പിതാവിന്റെ ഘാതകനെ തന്റെ 'യാട്ടാഗൻ'കൊണ്ടു് വെട്ടിനുറുക്കിത്തുടങ്ങി.

അയാളുടെ സ്നേഹിതന്മാർ അടുത്തു് എത്തുമ്പോഴും ഡാനിയൽ തന്റെ കശാപ്പുജോലി തുടരുകയാണു്. ആ കുട്ടി ഒരു മൃഗംപോലെ ആയിത്തീർന്നു. ജീവൻ മുഴുവനും പോയിട്ടില്ലാത്ത ആ തുക്കി, ഒരു മനുഷ്യനെക്കാൾ അധികം, അരിഞ്ഞുകൂട്ടിയ മാംസക്കുമ്പാരംപോലെ ആയിത്തീർന്നിരുന്നു. കട്ടിപിടിച്ച മഞ്ഞിൽ രക്തം ചെറിയ കുളങ്ങളായി തളംകെട്ടിക്കിടന്നു.

ഈ കശാപ്പിന്റെ കാഴ്ചയിൽ ഓഗ്യനോവിനു ദുഃഖവും ഭയവും തോന്നി. ഒരു ഭീരുവാണു് ഈ പ്രവൃത്തി ചെയ്തതെങ്കിൽ അയാൾ പ്രതിഷേധിച്ചേനെ—പക്ഷെ ഡാനിയേൽ, പീററിന്റെ അനുജൻ ഒരു ധീരകുമാരനായിരുന്നു.

ഈ കാട്ടാളത്തത്തിന്നു അയാളെ പ്രേരിപ്പിച്ചതു് പ്രതികാര ദാഹം ഒന്നു മാത്രമായിരുന്നു.

ഓഗ്യനോവ് ആലോചിച്ചു. "കിരാതത്വത്തിനു ചേന്ന പ്രതിക്രിയ. പക്ഷെ സ്വന്തം മനസ്സാക്ഷിയുടെയും ദൈവത്തിൻെറയും മുമ്പിൽ ഇതു ന്യായീകരിക്കാവുന്നതാണ്. രക്തദാഹം ഒരു നല്ല സ്വഭാവമാണോ? അഞ്ചു നൂററാണ്ടുകാലമായി ബൾഗേരിയക്കാരൻ വെറും ആടായിട്ട്. എന്നാൽ എന്തുകൊണ്ടു ശരിക്കും മൃഗമായിക്കൂട. മനുഷ്യൻ നായിനെക്കാട്ടിലും ആടിനെ ബഹുമാനിക്കും, ആടിനെക്കാട്ടിലും തീച്ഛ്യായും രക്തക്കൊതിയനായ പുലിയേയും; അതിനെക്കാട്ടിലും കൂടുതലായി ചെന്നായയേയും. പരുന്തിനിരയാകുന്ന പാവം കോഴിക്കഞ്ഞിനെക്കാട്ടിലും ഇരതേടുന്ന പരുന്തിനെ മനുഷ്യർ ആദരിക്കുന്നു. എന്തുകൊണ്ടു്? അവ ശക്തിയുടെ പ്രതീകമാണ്. ശക്തി ന്യായവും സ്വാതന്ത്ര്യവുമാണ്; എത്രമേൽ പ്രചാരം വേദാന്തങ്ങൾക്കു ഉണ്ടായാലും പ്രകൃതി എന്നും അതിൻെറ സ്വാഭാവിക പ്രകൃതത്തോടെതന്നെയിരിക്കും. യേശുക്രിസ്തു പറഞ്ഞു 'ഒരു ചെകിടത്തു് അടിച്ചാൽ മററെ ചെകിട്ടും കാണിച്ചുകൊടുക്കുക' എന്നു്. അതു ദൈവീക വാക്യമാണ്. ഞാൻ അതിനെ ആദരിക്കുന്നു. പക്ഷെ ഞാൻ കൂടുതൽ ബഹുമാനിക്കുന്നതു് "കണ്ണിനു പകരം കണ്ണു്, പല്ലിനു പകരം പല്ലു്" എന്നു പറഞ്ഞ മോസസിനെ ആണ്. അതു കുറെക്കൂടെ സ്വാഭാവികമാണ്, ഞാൻ അതു അനുസരിക്കുന്നു. ക്രൂരവും പരിശുദ്ധവുമായ ആ സിദ്ധാന്തമായിരിക്കണം ദുഷ്പ്രഭുക്കളോടു് എതിരായ നമ്മുടെ സമരത്തിൻെറ അടിസ്ഥാനതത്വം. ദയയർഹിക്കുന്നവരോടു് ദയകാണിക്കുക, എന്ന തത്വം അവരിൽനിന്നു പ്രതീക്ഷിക്കുന്നതു് ശുദ്ധ ഭീരുത്വമായിരിക്കും."

ആ നിമിഷത്തെപ്പോലെതന്നെ വികാരപ്രധാനവും ക്രൂരവുമായ ഈദൃശചിന്തകളിൽ ലയിച്ച ഓഗ്യനോവ് ത

ൻെറ സ്വാഭാവികമായ മൃദുലപ്രകൃതിക്ക വിരുദ്ധമായി ആ ശവത്തിനടുക്കെ നിന്നു. ഒരു സ്വപ്നത്തിലെന്നോണം മഞ്ഞു വീണ രക്തവും മനുഷ്യമാംസവും മറയുന്നതു് വീക്ഷിക്കയായിരുന്നു.

പൈശാചികമായ ആ മനുഷ്യമാംസത്തിൻെറ കൂട്ടത്തിൽ ചെറിയ കാശുകളോടുകൂടിയ ഒരു സ്വൎണ്ണമാല കിടക്കുന്നതു കണ്ടു് അയാൾ സ്പിരിഡോൺകോവിനെ വിളിച്ചു കാണിച്ചുകൊടുത്തു.

"അതു് എടുത്തു് ഏതെങ്കിലും സാധു ബൾഗേരിയക്കാരന്ക്ക ഒരു ക്രിസ്തുമസ്സ് കാലത്തെ ഭക്ഷണത്തിനുള്ള വകയായി കൊടുക്കാം."

സ്പിരിഡോൺകോ ആ മാല കഠാരിയുടെ മുനകൊണ്ടു പൊക്കിയെടുത്തു,

"കള്ളൻ ഏതു ബൾഗേരിയക്കാരനെയാണാവോ കവച്ച് ചെയ്തതു്."

"എന്തു് ഇതു് ഡോങ്കയുടെ മാലയാണല്ലോ; അതെ തീച്ചയായും അതെ" ഭയപ്പെട്ടു പരിഭ്രാന്തനായി സ്പിരിഡോൺകോ പറഞ്ഞു. അയാളാണു് ഡോങ്കയെ കല്യാണം കഴിക്കാൻ പോകുന്നതു്."

"നിങ്ങളുടെ ശ്വശുരൻ കൊടുത്ത കൈക്കൂലിയായിരിക്കമതു്."

"പക്ഷെ ഇതു പകുതിയുള്ളല്ലൊ, മുറിഞ്ഞുപോയിരിക്കമോ, ചിലപ്പോൾ ബാക്കി ഇക്കൂട്ടത്തിലുണ്ടായിരിക്കും."

വെറുപ്പോടെ അയാൾ കഠാരികൊണ്ടു് ആ ശവത്തിൻെറ അവശിഷ്ടമെല്ലാം തിരഞ്ഞു. പക്ഷെ കണ്ടുകിട്ടിയില്ല. അതു് മറെറ തുക്കിയുടെ കൈവശമായിരുന്നു. സഹോദര ഭാവേന ഒററക്കണ്ണൻ കവച്ചുമുതലും കടുത്ത ശിക്ഷയും മററവനു പങ്കുവെച്ചുകൊടുത്തിരുന്നു.

ആ സമയത്തു് മററെ തുക്കിയെ ഗദകൊണ്ടടിച്ചു ബോറിമിച്ച്ക്ക ശരിപ്പെട്ടുത്തുകയായിരുന്നു.

രണ്ടു ശവങ്ങളെയും അവരാ കുററിക്കാട്ടിലേയ്ക്കു വലിച്ചിട്ടു. സാങ്കോവിൻെറ കുതിര ഗ്രാമത്തിലേക്കു തന്നെ കുതിച്ചു പാഞ്ഞു. അടുത്തു് ചെന്നായ്ക്കളുണ്ടു് എന്നു മണത്തറിഞ്ഞ മററെ അശ്വം വാൽ മേൽപോട്ടാക്കി, പതയുന്ന സ്ത്രീമ നീന്തിക്കടന്നു.

ബോധശൂന്യനെന്നപോലെ ഓഗ്യനോവ് ആവർത്തിക്കയായിരുന്നു "കണ്ണിനു പകരം കണ്ണു്; പല്ലിനു പകരം പല്ലു്"

മനുഷ്യർ പോയപ്പോൾ ചെന്നായ്ക്കൾ എത്തി. ന്യായമായ ഈ പ്രതികാരത്തിൻെറ അവസാനാവശിഷ്ടങ്ങൾ പ്രകൃതിയും മൃഗങ്ങളുംകൂടി യോജിച്ചുതന്നെ മാച്ചു കളഞ്ഞു.

മഞ്ഞു് അപ്പോഴും പൊഴിഞ്ഞുകൊണ്ടിരുന്നു.

നേരം നല്ലപോലെ പുലൎന്നെങ്കിലും ചുററുമുള്ള ഗ്രാമങ്ങൾ വിജനങ്ങളായിത്തന്നെ കാണപ്പെട്ടു. വെള്ളവിരിച്ച പാടത്തോ റോഡിലോ ഒരൊററ മനുഷ്യജീവിയുടെയും അനക്കമുണ്ടായിരുന്നില്ല. ഭയങ്കരമായ മഞ്ഞും, തണുപ്പാൎന്ന പ്രഭാതസമയവും യാത്രക്കാരെ കിടക്കയിൽത്തന്നെ പിടിച്ചു കിടത്തി. ആ ചെറുപ്പക്കാൎക്കു് തങ്ങൾ വില്ലേജിലേക്കു മടങ്ങുന്നതു് വല്ലവരുടെയും കണ്ണിൽ പെടുന്നതു് ഇഷ്ടമായിരുന്നില്ല. അവർ വന്ന വഴിയിൽ ഇപ്പോൾ ആൾസഞ്ചാരം തുടങ്ങിയിരിക്കും. പോരാത്തതിനു അവിടെ അനവധി മില്ലുകൾ ഉണ്ടു്. അവർ 'ബോഗ്ഡ'ൻെറ വടക്കെച്ചെരുവിലേക്കു്, നിറച്ചു കുററിക്കാട്ടുകളും ബീച്ച്മരങ്ങളുമുള്ള സ്ഥലത്തേക്കു് കയറുവാൻതന്നെ ചൎച്ചചെയ്തു തീരുമാനിച്ചു. അവിടെനിന്നു മറുഭാഗത്തുടെ ഗ്രാമത്തിലെത്താം. വഴി വളഞ്ഞതാണെങ്കിലും ആദ്യത്തേതിനെപ്പോലെ അപകടമുള്ളതല്ല, സാമാന്യം രഹസ്യമാണുതാനും. ഡാനിയലിനെ അവർ നേരെ ഗ്രാമത്തിലേക്കയച്ചു.

# അദ്ധ്യായം 34

## ഹിമവാതം

'ബലിഷ്ടിററ്സ'യിൽ നിന്നവർ കയറുന്ന വഴി, നിറയെ കാട്ടുകളുള്ളതും കിഴക്കാംതൂക്കായി കിടക്കുന്നതുമാണ്. തോക്കുംതോളിലേററി, ആ വഴിയെല്ലാം പരിചയമുള്ള ബോറിമിച്ച്കോ ഭരുണ് അവരെ നയിക്കുന്നത്. മലയുടെ വഴിയിലെല്ലാം നിറയെ മഞ്ഞാകയാൽ ഗതാഗതം വളരെ ദുർഘടമായിരുന്നു. മണിക്കൂറുകളായി ആ കായികശക്തിയുള്ള ചെറുപ്പക്കാർ എന്തോ കിടങ്ങു കയറുകയായിരുന്നോ എന്നു തോന്നുമാറു് വലിയ ആലിപ്പഴം പോലുള്ള വിയർപ്പിൻകണങ്ങൾ അവരുടെ നെററിമേൽ അല്പസമയത്തിനുള്ളിൽ ഉയന്നു. ഒരുവിധത്തിൽ അവർ ആ കൊട്ടുമുടിയിൽ എത്തി. മഞ്ഞു പെയ്യുന്നതു് നിന്നിരുന്നു. ആകാശത്തിൻെറ ധവളവസ്ത്രത്തിനിടയിലൂടെ സൂര്യൻ പ്രകാശിച്ചു. മൈതാനവും മലകളും ആ ദീപ്തികിരണങ്ങളിൽ കുളിച്ചുനിന്നു. അവയ്ക്കു മഞ്ഞു നൽകിയ ആവരണം കൂടുതൽ ശോഭയോടെ പ്രകാശിക്കാൻ തുടങ്ങി. ബാഗ്ഡാഡിലെ സുൽത്താനയുടെ വൈരപ്പൊടി വാരിവിതറിയ വസ്ത്രംപോലെ. ആ മഞ്ഞാടയിൽ നിന്നു ആയിരമായിരം പ്രകാശനാളങ്ങൾ ഉയന്നു. ചലനം തുടങ്ങിയിരുന്ന വില്ലേജുകളിൽനിന്നു തീപ്പുക ഉയന്നു തുടങ്ങി. മഞ്ഞുനിറഞ്ഞ ഇടവഴിയിലൂടെ ചില കൃഷകർ നടക്കാൻ തുടങ്ങിയിരുന്നു. മലയടിവാരത്തിലുള്ള 'ആൾട്ടണോവോ'ഗ്രാമം സുവ്യക്തമായി അവിടെനിന്നാൽ കാണാം. അവിടെ എന്തോ ബഹളം നടക്കുന്നുണ്ടു് എന്നു് ആ യുവാ

ക്കൾക്കു തോന്നി. ഒരു കറുത്തകൂട്ടം—ഒരുപക്ഷേ ജനസമൂഹം അവിടവിടെ ചലിക്കുന്നുണ്ടായിരുന്നു. ഗ്രാമത്തിൻെറ അതിത്തിയിലുള്ള ശ്മശാനസ്ഥലത്തേക്കു് അവർ ഉദ്ദേശിച്ചപോലെതന്നെ ഡൈഡോസ്റ്റോസ്സിൻെറ സംസ്കാരയാത്ര നീങ്ങുകയാണു്. അവക്കു് 'ക്ലിപ്പാലോ' (തുക്കികൾ നിരോധിച്ചിരുന്ന മണികൾക്കു പകരം ഉപയോഗിച്ചിരുന്ന ഒരു വാദ്യയന്ത്രം) ശബ്ദംകേൾക്കുന്നുണ്ടോ എന്നുപോലും തോന്നി. അഗമ്യമായ പർവ്വതകൊടുമുടികളും ചുരങ്ങളും ഇപ്പോഴും ഹിമാവരണത്തിൻെറ കീഴിൽ സുഖനിദ്രകൊള്ളുകയാണു്. മലയടിവാരത്തിൻെറ പടിഞ്ഞാറുഭാഗത്തായി കാണുന്ന ഗംഭീരമായ "റിബാറിററ്സ"യുടെ കൊടുമുടി ഒരു താഴികക്കുടംപോലെ അന്തരീക്ഷത്തിൽ ഉയൎന്നുനിന്നു. അതിനുചുററും ഒരു വലയംപോലെ ചെറിയ കുന്നുകളും. അവയ്ക്കു ചുററും നീങ്ങിക്കൊണ്ടിരുന്ന മേഘരാശിയിൽനിന്നു പുക ഉയരുന്നതുപോലെ തോന്നും. വടക്കൻ ചക്രവാളത്തിൽ സൂൎയ്യപ്രകാശത്തിലും ധവളിമയിലും നീന്തിത്തുടിക്കുന്ന സ്റ്റാറാപ്ലാനീനയുടെ നീണ്ട രേഖ നിവൎന്നുകിടന്നിരുന്നു. സ്വതെ ഭയങ്കരമാണെങ്കിലും ഇപ്പോൾ അതിന്നു ഒരു പ്രത്യേക സൗന്ദൎയ്യം കൈവന്നപോലുണ്ടു്. കൊടുമുടിയിൽനിന്നു പതിക്കുന്ന വെള്ളച്ചാട്ടങ്ങളുടെ ഇരിപ്പടമായ ചാരനിറംപൂണ്ട പാറക്കൂട്ടങ്ങൾമാത്രമെ അനാവൃതമായിരുന്നുള്ളു. അതു് ആ മലനിരകൾക്കു ഒരു ഗാംഭീൎയ്യം നല്കി. ആ കൊടുമുടികൾ, ബാൾക്കൻ മലകളുടെ തുടക്കമായ അംബാരിററ്സവരെ നീണ്ടുകിടന്നിരുന്നു.

ഹേമന്തകാലത്തെ മാദകമായ പ്രകൃതിസൗന്ദൎയ്യം നുകരാൻ അവിടവിടെ തങ്ങി, ആ യുവാക്കൾ നിശ്ശബ്ദമായി യാത്ര തുടൎന്നു. പീററുടെ നിൎഭാഗ്യവും അതിൽനിന്നുടലെടുത്ത പ്രതിക്രിയയും അവരിൽ അഴലിൻെറ നിഴൽ വീശിയിരുന്നു. വല്ലപ്പോഴുമുണ്ടായിരുന്ന വിരസവും ചുരുങ്ങിയതുമായ സംഭാഷണങ്ങൾ ഇറക്കവും കയററവും നിറഞ്ഞ റോഡിനെ

സംബന്ധിച്ചുമാത്രമായിരുന്നു. ചിലപ്പോൾ ആരെങ്കിലും ഒരാൾ മഞ്ഞിൻെറ കുഴിയിൽ പെട്ടമ്പോൾ ബാക്കിയെല്ലാവരുംകൂടിവന്നു വലിച്ചുകയററും. ഇത്തരുണത്തിൽ ഏററവും സഹായമായിരുന്നതു് രാക്ഷസസദൃശനായ ബോറിമിച്ച്കയായിരുന്നു. ഇടക്കിടെ വിശ്രമിച്ചിരുന്നെങ്കിലും, അവരുടെ ശക്തി ക്ഷയിച്ചുതുടങ്ങി; പോരാത്തതിനു കാന്തതിന്നുന്ന വിശപ്പും. ഇതിനെല്ലാംപുറമെ വടക്കനിന്നു മുഖത്തടിച്ചിരുന്ന തണുത്ത കാററു് അവരുടെ മൂക്കും, ചെവിയും, കൈകളും മരവിപ്പിച്ചു. കാട്ടുകൾ വളരെ നിബിഡവും കക്ശവുമായിത്തീന്നു. കുറേനേരം നടന്നതിനുശേഷം അവരവിടെ നിന്നു; വഴിയുടെ ഒരു ലാഞ്ഛനയുമില്ല മുന്നിൽ. അഗമ്യമായ മുൾച്ചെടികളുടെ ഒരു സഹാറയാണു് നോക്കുന്നിടത്തൊക്കെ; അതും നിറയെ മഞ്ഞുവീണു കിടക്കയാണു്. കാററു് കൂട്ടതൽ ശക്തിയോടെ ചീറിയടിക്കാൻതുടങ്ങി.

എന്തുവേണമെന്നറിയാതെ അവർ പരസ്പരം നോക്കി നിന്നു.

"തിരിച്ചു താഴ്വാരത്തിലിറങ്ങി നേരെയുള്ള മാഗ്ഗത്തിൽക്കൂടിതന്നെ യാത്ര തുടരാം." സ്പിരിഡോങ്കോ പറഞ്ഞു.

"ഇല്ല, വേറെ വല്ല വഴിയും നോക്കാം. പിൻതിരിയേണ്ട." ഓസ്റ്റൻ അഭിപ്രായപ്പെട്ടു.

മററവർ അതനുകൂലിച്ചു.

ചച്ചകൾക്കുശേഷം കുറച്ചു പിന്നാക്കം നടന്നു്, ഇടത്തോട്ടു തിരിഞ്ഞു്, വല്ലവിധത്തിലും മുൾച്ചെടികൾക്കിടയിലൂടെ കൊട്ടമുടിയുടെ മുകളിലുള്ള മൈതാനത്തിലെത്താൻ അവർ തീച്ച്യാക്കി. അവിടെനിന്നു് അവക്കു് താഴോട്ടു് മൈതാനത്തിലേക്കിറങ്ങാം. അവിടെയാണു് "ഡീക്കോവിൻെറ" അജശാല. ഓസ്റ്റൻ പറഞ്ഞു. "അവിടെ പോയി വല്ലതും കഴിച്ചു ഒന്നു ചൂട്ട പിടിക്കാം. ഈ നിലക്കു ഈ തോ

ക്ഷംകൊണ്ടു് നടക്കാൻ സാദ്ധ്യമല്ല."

കാററിനു പുറംതിരിഞ്ഞുനിന്നുകൊണ്ടു് ഓഗ്യനോവ് പറഞ്ഞു: "ഞാൻ ഓസ്സൻ പറഞ്ഞതിനോടു യോജിക്കുന്നു. നമുക്കു് അജശാലയിൽ എത്തി, ആദ്യമായി നമുക്കെന്തെങ്കിലും കഴിച്ചു് ഒന്നു് വിശ്രമിക്കാം. രണ്ടാമതായി "ആൾട്ടണോവിൽ" എന്താണു് നടക്കുന്നതെന്നു് അറിയുകയും ചെയ്യാം. കാര്യങ്ങളുടെ സ്ഥിതിഗതി എന്തെന്നറിയാതെ നേരെ ഗ്രാമത്തിലേയ്ക്കുപോകുന്നതു് അനാശാസ്യമാണു്."

മൂന്നാമതു് ഒരു കാരണംകൂടി വേണമെങ്കിൽ പറയാം. നടത്തംകൊണ്ടും തണുപ്പുകൊണ്ടും ഓഗ്യനോവിൻെറ കാലിന്മേലുള്ള വേദന അധികരിക്കാൻ തുടങ്ങിയിരിരുന്നു.

"അതു ശരിയാണു്." സ്പിരിഡോൺക്കോ പറഞ്ഞു."ഡാങ്കോവിൻെറ കുതിര ഇപ്പോൾ അവിടെ എത്തിയിട്ടുണ്ടാവും. അതു് ആ ഗ്രാമത്തിൽ എന്തെങ്കിലും ബഹളം ഉണ്ടാക്കാതിരിക്കില്ല."

"അതിനെപററിയൊന്നും പരിഭ്രമിക്കേണ്ട. ചെന്നാലും അവിടെ ഒരൊററ എല്ലുപോലും ബാക്കിവെച്ചിട്ടുണ്ടാവുകയില്ല. ത്തുക്കികൾ അന്വേഷിച്ചു പുറപ്പെട്ടാൽതന്നെ കാണുന്നതു് കീറിയ വസ്ത്രങ്ങൾ മാത്രമായിരിക്കും. പിന്നെയാണെങ്കിൽ നമ്മുടെ മഹാനായ മഞ്ഞു് ബാക്കിയുള്ള രക്തകണങ്ങളും മാച്ചുകളഞ്ഞിട്ടുണ്ടാകും. ഒരൊററ തുള്ളി രക്തം പോലും സാങ്കോവിൻെറ കുതിരയുടെമേൽ ഇല്ല എന്നു ഞാൻ നോക്കി മനസ്സിലാക്കി." ഓസ്സൻ പറഞ്ഞു.

മൈതാനത്തിലിറങ്ങി, പിന്നെയും ശരിയായ മാർഗ്ഗമറിവാൻ അവർ തമ്മിൽ തമ്മിലാലോചിച്ചു.

ഐവാൻബോറിമിച്ച്ക്ക വളരെ സൂക്ഷ്മമായി അന്തരീക്ഷാവസ്ഥ നോക്കി പഠിക്കുകയായിരുന്നു. സുഹൃത്തുക്കൾ അയാൾക്കു് എന്താണു് പറയാനുണ്ടാകുക എന്നറിയാൻ കാത്തുനിന്നു.

"തമ്മിൽഭേദം വേഗം അജശാലയിലെത്തുകയാണു്. 'റോബറിസ്റ്റ്'യെ ആകെ പന്തിയായല്ല കാണുന്നതു് നശിച്ചു പോകാൻ." അയാൾ ഗൗരവമായിപ്പറഞ്ഞു.

അതുകേട്ടപ്പോൾ അവർ വടക്കുകിഴക്കോട്ട തിരിഞ്ഞു മുകളിലേയ്ക്കു കയറാൻ തുടങ്ങി. കാററു് ശക്തിയായി വീശുന്നുണ്ടായിരുന്നു. അതു് യാത്രക്കാരുടെ തൊപ്പികൾ തട്ടിക്കളഞ്ഞു്, കഴുത്തിലൂടെ ദേഹത്തു് പ്രവേശിച്ചു്, ട്രൗസറിന്റെ വിടവിൽക്കൂടി മേലോട്ടുകയറി ഷർട്ടിനെ പിടികൂടി കളിക്കാനാരംഭിച്ചു. ഓരോ അടി വെയ്ക്കുംതോറും കാററിന്നു ശക്തികൂടി ചീറിയടിക്കാൻ തുടങ്ങി. പതുക്കെ പതുക്കെ ഓഗ്യനോവ് പിന്നിലായി. അയാളുടെ ശക്തി ക്ഷയിച്ചു, ചെവി കൊട്ടിയടച്ചു, തലതിരിഞ്ഞു, തന്റെ ശക്തിയുടെ അവസാനമായി എന്നയാൾക്കു ബോദ്ധ്യമായി. പക്ഷേ എന്നിട്ടും മുന്നിലായ കൂട്ടുകാരെ അയാൾ വിളിച്ചില്ല; അഥവാ വിളിച്ചാൽത്തന്നേയും അലറുന്ന കാററിന്നിടയിൽ അവർ കേൾക്കുകയുമില്ല. കായികശക്തി ക്ഷയിച്ചപ്പോൾ തന്നെ നയിക്കാനയാൾ അവലംബിച്ചതു് അസാമാന്യമായ തന്റെ മനശ്ശക്തിയെയായിരുന്നു. പക്ഷേ, മനശ്ശക്തിയ്ക്കും അതു് എത്ര അതുല്യമായിരുന്നാലും അവസാനത്തിൽ യാന്ത്രികമായ നിയമത്തിന്നു കീഴടങ്ങുകയേ നിവൃത്തിയുള്ളൂ. മനശ്ശക്തിയോ, ആത്മീയപ്രഭാവമോ, ഒരു നില വിട്ടാൽ കായികശക്തിക്കു ഉത്തേജനം നല്കുകയില്ല. ആത്മശക്തി മനുഷ്യനെ കർമ്മനിരതനാക്കും; പക്ഷെ അതിന്റെ ജോലി ദേഹശക്തിക്കു പ്രചോദനം കൊടുക്കുകമാത്രമാണു്. കായികശക്തിയെ ഉല്പാദിപ്പിക്കുവാൻ അതിന്നു സാദ്ധ്യമല്ല. മലയിടുക്കുകളെല്ലാം വിറയ്ക്കുകയാണു്. മഞ്ഞുകാററു് അവയവങ്ങളേയും ഞരമ്പിന്നകത്തുള്ള രക്തത്തേയും മരവിപ്പിച്ചു. നുരഞ്ഞുപതയുന്ന കടൽപോലെ വായു യാത്രക്കാരെ ചുററി; സൂര്യരശ്മിക്കു ഒരു നേരിയ ചൂടുപോലുമില്ല. അതു് മുള്ളുപോലെ അവരുടെ ദേഹ

ത്തിൽ തറഞ്ഞുകയറി. മഞ്ഞിൻകണങ്ങൾ പേറിവരുന്ന ഹിമവാതത്തിൻെറ നട്ടക്കായി അവർ. നരകംപോലെ അതു് അലറുകയാണു്. മഞ്ഞിൻകഷ്ണങ്ങളെ ധൂളിയാക്കി കാററു് ആകാശത്തിലേയ്ക്കുയർത്തി. സൂര്യനും വെളിച്ചവും തിരോഭവിച്ചു. ആകാശവും ഭൂമിയും കൂടി ഇടിമിന്നലിൻെറ വേഗതയിൽ പായുന്ന മഞ്ഞിൻകണങ്ങളുടെ കേളിയിൽ കൂട്ടിയുരുമ്മിനിന്നു. ലോകം അവസാനിക്കാറായി എന്ന മട്ടിൽ ഝംഝാവാതം അലറി കൂക്കിവിളിച്ചു് അട്ടഹസിച്ചു.

രണ്ടു നിമിഷമേ ഈ അവസ്ഥ നിലനിന്നുള്ളു. ഹിമവാതം മറെറാരു കൊടുമുടിയിലേയ്ക്കു നിങ്ങി; അതിനെ അതിൻെറ മാരകശക്തിക്കു കീഴ്പ്പെടുത്തി. മേഘം നീങ്ങിയ വാനിൽ ഒരു മങ്ങിയ ദീപ്തിയോടെ സൂര്യൻ പ്രത്യക്ഷമായി.

കൊടുങ്കാററിൻെറ ശക്തിയിൽനിന്നു അല്പമൊരു രക്ഷാസ്ഥാനം നൽകുമായിരുന്ന ഒരു പാറക്കൂട്ടത്തിന്നടിയിൽ നമ്മുടെ യാത്രക്കാർ നീണ്ടുകിടന്നു. എന്തോ മന്ത്രവാദശക്തി കൊണ്ടാവണം അവരുടെമേൽ മഞ്ഞു വീണിരുന്നില്ല. മരണംപോലുള്ള നിദ്രയിൽനിന്നവർ ഓരോരുത്തരായി എണീററുനിന്നു. എല്ലാവരും മരവിച്ചിരുന്നു. കയ്യിന്നും കാലിന്നും യാതൊരു ചൈതന്യവും ജീവനും തോന്നിയില്ല. തണുപ്പു കൊണ്ടു് അവർ മത്തുപിടിച്ചപോലെ ഇരുന്നിരുന്നു. ആദ്യം സ്വബോധം വന്നതു് ഐവന്നാണു്. അയാൾ വിളിച്ചുപറഞ്ഞു.

''എണീക്കു കുട്ടികളെ, ഓടിക്കോളിൻ. അല്ലെങ്കിൽ മരവിച്ചുപോകും.''

അതവർക്കു ഒരു വിദ്യുൽപ്രഹരംപോലെ കൊണ്ടു. തോക്കും തോളിലേന്തി അവർ നടക്കാൻ തുടങ്ങി. പെട്ടെന്നു ബോറിമിച്ച്ക്ക അവരെ തടുത്തു.

''മാസ്റ്ററെവിടെ?''

എല്ലാവരും ഭയന്നു ചുററും നോക്കി. ഓഗ്യനോവിനെ ഒരിടത്തും കാണാനുണ്ടായിരുന്നില്ല.

"ഈശ്വരാ കൊട്ടങ്കാററു് അയാളെ അടിച്ചുപറപ്പിച്ചിരിക്കുമോ."

"അയാൾ മണ്ണിന്നടിയിൽ പെട്ടിരിക്കുമോ."

അവർ അയാളെ തിരയാനായി കൂട്ടംപിരിഞ്ഞുനടന്നു. താഴെ വാ തുറന്നുകിടന്നിരുന്ന മലയിടുക്കു് അവരെ ഭയചകിതരാക്കി. അതിന്നകത്തേയ്ക്കു നോക്കാൻപോലും അവർ ധൈര്യപ്പെട്ടില്ല.

"അതാ അയാൾ അവിടെ" ഓസ്റ്റൻ വിളിച്ചുകൂവി.

മലയിടുക്കിൻെറ രണ്ടടിമാറി ഒരററത്തു് മഞ്ഞിൽ പുതഞ്ഞു് രണ്ടു് കാലടികൾ നീണ്ടുകണ്ടു. ഒരുവിധത്തിൽ മഞ്ഞു് തോണ്ടി ഓഗ്യനോവിനെ അവർ പുറത്തേയ്ക്കു വലിച്ചെടുത്തു. ജീവൻെറ സ്ഫുരണമില്ലാതെ, ഈയനിറത്തിൽ മാംസം ഉറച്ചുകട്ടിയായി അയാൾ അവിടെ കിടന്നു.

സഹതാപത്തോടെ ബോറിമിച്ച്ക്ക പിറുപിറുത്തു "നശിച്ചു പോകാൻ."

"അയാളെ തിരുമ്മൂ സഹോദരന്മാരെ." ഓസ്റ്റൻ പറഞ്ഞു. അയാൾതന്നെ ഓഗ്യനോവിൻെറ നെഞ്ചും കൈയും കാലും ചൂടു പിടിപ്പിക്കുവാൻ തുടങ്ങി. "അയാൾക്കു ചൂടുണ്ടു്, നമുക്കയാളെ രക്ഷപ്പെടുത്തുവാൻ കഴിഞ്ഞേക്കും."

മരണോന്മുഖനായ സ്നേഹിതനെ രക്ഷിക്കാനുള്ള ശ്രമത്തിൽ അവർ അവരെത്തന്നെ മറന്നിരുന്നു. ഉത്സാഹത്തോടെയുള്ള ഈ തിരുമ്മൽ, അവക്കു ഗുണം ചെയ്തതോടൊപ്പം തന്നെ ഓഗ്യനോവിലും ചലനമുയർത്തി. അവരുടെ രക്തം തിളക്കാൻ തുടങ്ങി.

"നമുക്കു് ധൃതിയിൽ അജശാലയിലെത്താം." ഓസ്റ്റൻ പറഞ്ഞു.

മൂന്നുപേരുംകൂടി ഓഗ്യനോവിൻെറ കൈയും കാലും പിടിച്ച് ബോഗ്ഡാൻ മലയുടെ മഞ്ഞുമൂടിയ ചുരത്തിലേക്കുകൊണ്ടുപോയി. ഇതിലും ബോറിമിച്ച്ക്കയുടെ അഭൗമശക്തിയായിരുന്നു ഏററവും വലിയ സഹായം. പറയാൻ വയ്യാത്ത ബുദ്ധിമുട്ടുകൾ സഹിച്ച് അവർ ഒരു വിധത്തിൽ അവരെത്തന്നെ ആ അജശാലയിൽ എത്തിച്ചു.

## അദ്ധ്യായം 35

# കുടിലിൽ

ചുരത്തിൻെറ സമനിരപ്പായ പ്രദേശത്താണ്  ഡിക്കോവിൻെറ അജശാല. ഉയന്നു കുത്തനെ നില്ക്കുന്ന കര അതിനെ കൊടുങ്കാററിൽനിന്നു രക്ഷിച്ചുപോന്നു. വലിയ നെടുംപുരയിൽ ആടുകളുടെ വഷകാല ഭക്ഷണമായ ഉണങ്ങിയ ഇലകൾ, വൈക്കോൽ മുതലായവ സംഭരിച്ചിരുന്നു. വടക്കുവശത്തായി നീണ്ടുകിടന്നിരുന്നു, ആ താഴ്ന്ന മേഞ്ഞ സ്ഥലം. മഴക്കാലത്ത് ആടുകളെ നോക്കിയിരുന്ന അജപാലകരുടെ കുടിലിൽനിന്നു തീപ്പുക ഉയരുന്നുണ്ടായിരുന്നു. യാത്രക്കാരുടെ നേരെ ശരംവിട്ടപോലെ ഒരു നായ ഓടിച്ചെന്നെങ്കിലും ഓസ്സനെ മനസ്സിലായപ്പോൾ അതു ഭവ്യത നടിച്ചു. ചൂടുപിടിച്ച ആ കുടിലിലേക്കു ഓഗ്യനോവിനെ എടുത്തുകൊണ്ടുപോയി അവർ തിരുമ്മൽ തുടന്നു. അവിടെ കാവലായിരുന്ന ഒരു ചെറിയ ബാലനും ഇവരുടെ കൂട്ടത്തിൽക്കൂടി ഓഗ്യനോവിൻെറ ജീവൻ രക്ഷിക്കുന്നതിൽ തനിക്കുള്ള പങ്കു നിവ്വഹിച്ചു. അയാൾ ഓഗ്യനോവിൻെറ ഷൂസ് അഴിച്ചു പാദങ്ങൾ തിരുമ്മിത്തുടങ്ങി. മരവിപ്പുകൊണ്ട് ഇനി തങ്ങൾ മരിക്കുകയില്ലെന്നു മനസ്സിലായപ്പോൾ അവർ ദൈവത്തിനു നന്ദി ചൊല്ലി കുരിശുവരച്ചു. ഇടയക്കുട്ടി കുറേക്കൂടി മുട്ടികൾ തീയിലേക്കു് ഇട്ടു. കൂട്ടുകാർ അതിൻെറ ചുററും ഇരുന്നു കൈയും കാലും നീട്ടി ചൂടുപിടിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധരായി. നായ വാതിൽക്കൽ കാവലായി കിടപ്പുറപ്പിച്ചു.

''ഓബറീക്കോ, കാൽക്കോ അമ്മാമൻ എവിടെപ്പോയി''

''ഇന്നലെ രാത്രി വില്ലേജിലേയ്ക്കു പോയതാണ്. ഏതു നിമിഷത്തിലും തിരിച്ചുവരാം.''

കാൽക്കോ ഡൈക്കോവിന്റെ സഹോദരനും അജശാലയുടെ നോട്ടംവഹിക്കുന്ന ആളുമാണ്.

''കുട്ടീ, എന്താണ് ആ ബാഗിലെന്നുവെച്ചാൽ ഞങ്ങൾക്കു തിന്നാൻ തരൂ.''

കുട്ടി ആ സഞ്ചിയിലുണ്ടായിരുന്ന അവശേഷിച്ച ഭക്ഷണസാധനങ്ങൾമുഴുവനും അവിടെ നിരത്തി. കുറച്ചു തിനയപ്പം, കുറെ ഉള്ളി, അല്പം ഉപ്പ്, കുറച്ചു മസാല അതായിരുന്നു അതിനകത്ത് ഉണ്ടായിരുന്നത്.

''ഓബറീക്കോ ബ്രാണ്ടിയുണ്ടോ''

''ഒട്ടും ഇല്ല.''

''ചെകുത്താൻ പിടിക്കട്ടെ. സ്കൂൾമാസ്റ്ററെ ഉശിരു പിടിപ്പിക്കുവാൻ ഏററവുമാവശ്യമതാണ്.'' അപ്പോഴും കൈച്ചുരുട്ടി വേദനകൊണ്ടു പിടയുന്ന ഓഗ്യനോവിനെ നോക്കി ഓസ്റ്റൻ പറഞ്ഞു.

''സാരമില്ല, മാസ്റ്റർക്കു ജീവൻ കിട്ടിയല്ലോ. നമ്മുടെ ഗ്രെഡ്നഗോറ എന്തൊരു മനോഹരിയാണെന്നു കണ്ടില്ലേ.''

''അവൾ ഒരു പഴയ സ്നേഹിതനെ ചതിക്കയില്ല.''

''എന്നോടു ചോദിക്കയാണെങ്കിൽ ബോറിമിച്ച്ക പറഞ്ഞപോലെ ആ ഹിമവാതം അടിച്ചുപരത്തിയതു നമ്മുടെ സ്റ്റാറാപ്ലാനീനയാണ്'' ഓസ്റ്റൻ പറഞ്ഞു.

''ബോറിമിച്ച്ക ഒരു കഴുതയൊന്നുമല്ല'' മുഴങ്ങുന്ന ശബ്ദത്തിൽ അയാൾ പറഞ്ഞു.

നായ കുരച്ചു. ബോറിമിച്ച്കയുടെ ഇടിമുഴക്കംപോലെയുള്ള ശബ്ദം ആ ജന്തുവിനു തീരെ പിടിച്ചില്ല. ഓഗ്യനോവ് ആ സമയത്ത് ജിജ്ഞാസയോടെ ഐവാനെ നോക്കിക്കൊ

ങ്ങിരിക്കയായിരുന്നു. അയാളേയും അയാളുടെ പരിഹാസ പ്പേരിനേയുംകുറിച്ചൊരു താരതമ്യപഠനം നടത്തിനോക്കി. എന്തുമാത്രം ഇണങ്ങുന്നു ആ പേർ അയാൾക്കു്. പരുപരുത്ത പ്രകൃതവും വൃത്തികെട്ട വലിയ തലയുമുള്ള ഈ രാക്ഷസാകാരന്നു ഇതില്പം യോജിച്ച ഒരു പേരു നൽകുവാൻ ആൎക്കും സാദ്ധ്യമല്ല. മനുഷ്യസ്ത്രീയല്ല, വല്ല കരടിയുമായിരിക്കമോ ഇയാൾക്ക മുല കൊടുത്തു വളൎത്തിയതു്. യാതൊരു യോജിപ്പു മില്ലാത്ത ആ ശാരീരികഘടനയെ അയാൾ ഉററുനോക്കി. ഒത്ത ഉയരം, ശക്തമെങ്കിലും ചടച്ചുമെലിഞ്ഞ ദേഹം; നീണ്ട പരുപരുത്ത തലമുടി, ഇടുങ്ങിയ നെററി. ചെറിയ വന്യമായ കണ്ണുകൾ, കിരാതനെപ്പോലെ പരന്ന പാത്തിയോടുകൂടിയ വലിയ മൂക്കു്, ഒരു മുയലിനെ അങ്ങിനെതന്നെ അകത്താക്കാവുന്ന വായ (വാസ്തവത്തിൽ ബോറിമിച്ച്ക പച്ചമാംസം തിന്നിരുന്നു) അസാധാരണമായി നിറയെ നീണ്ട രോമമുള്ള ഇരുണ്ട കൈകൾ, ഒരു സിംഹത്തെപ്പോലും ഹെർക്കലീസിനെപ്പോലെ എളുപ്പത്തിൽ അതുകൊണ്ടു് ചീന്തി കൊല്ലാം. അയാൾക്ക സ്വാഭാവികമായുംകൂടുതൽ സാമ്യത മൃഗങ്ങളോടാണു്. അവയെ എതിരിടുവാനാണു് അയാളെ സൃഷ്ടിച്ചിട്ടുള്ളതെന്നു തോന്നും. അല്ലാതെ കൗതുകകരവും ലളിതവുമായ ആട്ടമേച്ചലിന്നല്ല. ഇതിനെല്ലാം എതിരാണാസ്വഭാവം. കരുണയും നന്മയും സ്നേഹപൂൎണ്ണവുമായ പെരുമാററവും ദ്യോതിപ്പിക്കുന്നതായിരുന്നു അയാളുടെ മുഖം. ഈ ഗുണങ്ങൾ ആ രാക്ഷസനു ഒരു വിദൂഷകഭാവം നല്കിയിരുന്നു. ഇത്ര കൎക്കശമായ വൃത്തികെട്ട രൂപത്തിനു ആത്മാൎത്ഥതയും ലളിതവികാരങ്ങളുമുണ്ടു് എന്നു് ഒരാൾക്കുപോലും പറയാൻ സാധിക്കില്ല. ആ സുഹൃത്തുക്കളുടെകൂടെ അയാൾ എത്തിച്ചേൎന്നതുതന്നെ (പ്രത്യക്ഷപ്പെട്ടതു് ആകെ ഒരു രസത്തോടെയാണെങ്കിലും) അയാളുടെ മഹനീയമായ സ്വഭാവത്തിൻെറ ഉദാഹരണമായിരുന്നു. ആത്മത്യാഗത്തിനുപോലും സന്നദ്ധനായിരുന്നു ഈ

യുവാവ്. ഈ വക ചിന്തയിൽ ലയിച്ചിരുന്ന ഓഗ്യനോവിന്നു ബോറിമിച്ച്കയുടെ അംഗങ്ങളിൽ സൗന്ദര്യവും, ബുദ്ധിശക്തിയും കണ്ടുപിടിക്കാൻ സാധിച്ചു.

"ഐവാൻബായ്, തനിക്ക് ആരാണീ ഭയങ്കരമായ പേരു തന്നതു്."

"എന്തു്, സ്കൂൾമാസ്റ്റർ നിങ്ങൾക്കതറിയാൻവയ്യെ. ഐവൻ ഒരു കരടിയോടു ഒരിക്കൽ യുദ്ധംചെയ്തു." ഓസ്റ്റൻ പറഞ്ഞു.

"വാസ്തവം."

"ഇവനൊരു ഭയങ്കര നായാട്ടുകാരനല്ലേ; അതിനെ കൊന്നുകളഞ്ഞു"

"ബോറിമിച്ച്ക, നിങ്ങളും കരടിയുംകൂടെ ആ മലയിടുക്കിൽ ഉരുണ്ടുകളിച്ചതു് എങ്ങിനെയാണെന്നു് ഒന്നു വർണ്ണിക്കാമോ?" ഓസ്റ്റൻ ചോദിച്ചു.

"എന്തു് വാസ്തവത്തിൽ നിങ്ങൾ കരടിയുമായി മല്ലുപിടിച്ചോ?" അത്ഭുതത്തോടെ ബോയ്ച്ചോ ചോദിച്ചു.

ഉത്തരമായി അയാൾ തന്റെ കഴുത്തു് തൊട്ടുകാണിച്ചു. കട്ടിപിടിച്ച ഒരു വ്രണത്തിന്റെ പാടു് അപ്പോഴാണു് ഓഗ്യനോവ് കണ്ടതു്. പിന്നെ, അയാളുടെ രോമാവൃതമായ കൈത്തണ്ടയിലും മറെറാരു മുറിവുണ്ടായിരുന്നു. അതു് ഒരു ഇരുമ്പുകുളമ്പുകൊണ്ടു് പറിയതാണു്. ഓഗ്യനോവ് ആ കാഴ്ച കണ്ടു ഞെട്ടിവിറച്ചുപോയി.

"ബോറിമിച്ച്ക, കരടിയുമായുള്ള നിങ്ങളുടെ വഴക്ക് ഒന്നു പറഞ്ഞുതരു. ഒരു ചാമ്പിയൻ എന്ന പദവി ആരെങ്കിലുമർഹിക്കുന്നുണ്ടെങ്കിൽ അതു് നിങ്ങളാണു്."

ബോറിമിച്ച്ക ഗൗരവമായി ചുററും നോക്കി. കഥ തുടങ്ങിയപ്പോൾ ആ മുഖത്തു് പഴയ ഓമ്മകളെകുറിച്ചുള്ള അഭിമാനം തിരതല്ലുന്നുണ്ടായിരുന്നു.

''നശിച്ചുപോകാൻ.'' ഓമനിക്കുന്ന വായ്ത്താരിയോടെ അയാൾ തുടങ്ങി. പക്ഷെ നായ പെട്ടെന്ന് കുരച്ചുകൊണ്ട് പുറത്തേക്ക് ഓടി.

''എന്തിനാണ് 'മുർഡ്ജോ' കുരയ്ക്കുന്നതു്. ബോറിമിച്ച്ക തുടങ്ങിയതേയുള്ളുവല്ലോ.'' ഓഗ്യനോവ് തമാശ പറഞ്ഞു.

''കാൽക്കോ അമ്മാമൻ'' ഇടയക്കുട്ടി പറഞ്ഞു.

പുറത്തൊരു ചാക്കും കയ്യിലൊരു വടിയുമായി കാൽക്കോ പ്രത്യക്ഷപ്പെട്ടു.

''അപ്പോൾ എനിക്കു അതിഥികൾ ഉണ്ടല്ലോ; സ്വാഗതം കുട്ടികളെ'' ഭാരം താഴോട്ടിറക്കി അയാൾ മയ്യാദയോടെ പറഞ്ഞു.

''ബായ് കാൽക്കോവിനു തീ കായുവാൻ സ്ഥലം കൊടുക്കു.''

''ഈശ്വരാ എന്തൊരു തണുപ്പ്! എല്ലാ ചെന്നായ്ക്കളും ചത്തുപോകുമല്ലോ. എവിടെവെച്ചാണ് നിങ്ങൾ കൊടുങ്കാററിൽ അകപ്പെട്ടതു്.''

''ഇതാ ഇതിനുതാഴെവെച്ച്'' സ്ലിരിഡോൺകോ പറഞ്ഞു.

''ഇതാണോ നായാട്ടിന്നുള്ള സമയം. ചന്ദ്രിക പ്രകാശിച്ചാൽ മലക്കു ഹാലിളകുമെന്നു അറിയാതിരിക്കാൻമാത്രം നിങ്ങൾ അപരിചിതരാണോ.''

''അതിനെപററിയൊന്നും പറയണ്ട. നല്ല ഒരു നായാട്ടു കരുതി പുറപ്പെട്ടതാണ്. ആകട്ടെ, 'റാഖിയ' കൊണ്ടുവന്നിട്ടുണ്ടോ'' ഓസ്റ്റൻ ചോദിച്ചു.

''റാഖിയ. ഉണ്ടല്ലോ. അതിലും ഭേദമായതും ഉണ്ടു്.''

ബ്രാണ്ടി ഫ്ളാസ്ക്ക് കമ്പനിയിൽ ഒന്നു ചുററി സഞ്ചരിച്ചു.

"റാഖിയെക്കാൾ ഭേദമായ എന്താണുള്ളതു് ഈ സമയത്തു്."

"ഒരു വാൎത്താശകലം."

അവർ ശ്രദ്ധിച്ചിരുന്നു.

"ഇന്നു് ക്ലിസ്സുറയിൽനിന്നുവരുന്ന രണ്ടു തുക്കികളെ ചെന്നായ പിടിച്ചു."

"അങ്ങിനെ പറയല്ലേ." സൂത്രത്തിൽ ബോറിമിച്ച്ക പറഞ്ഞു. നായ വീണ്ടും അയാളെ നോക്കി കുരച്ചു.

"അവരുടെ അവസാനത്തെ മുടിവരെ ആ ജന്തുക്കൾ തിന്നു. ഒരുകൂട്ടം തുക്കികൾ തിരഞ്ഞു സാരദൻകുന്നിൽവെച്ചു് അവരെ കണ്ടുപിടിച്ചു. അവരെയല്ല, അവരുടെ ഉടുപ്പും എല്ലും. എനിക്കു മനസ്സിലായിടത്തോളം 'ഹാജിയൂമർ ആഗ' പറയുന്നതു് അവർ കുതിരയേയുംകൊണ്ടു് പുറപ്പെട്ടിരിക്കണം, കുതിര ഓടിയപ്പോൾ അവർ പിന്നാലെ പോയിരിക്കും. കുതിര ഒരു ഭാഗത്തേക്കും മനുഷ്യൻ മറുഭാഗത്തേക്കും. ഒരു കുതിര പോയി. ചെന്നായ്ക്കൾ വിചാരിച്ചു എഫ്ഫെൻഡികളുടെ മാംസത്തിനു രുചിയേറുമെന്നു്. അതുകൊണ്ടു് അവ അവരെ പിടിച്ചു. കുട്ടികളെ നിങ്ങളുടെ ആരോഗ്യത്തിനു് തുക്കിക്കൂട്ടം മുഴുവൻ അങ്ങിനെ നശിക്കട്ടെ. അവർ നായ്ക്കളുടെ വംശത്തിൽ പെട്ടവരാണു്. അവരെ നായ്ക്കൾതന്നെ ഒടുക്കട്ടെ."

കാൽക്കോ ഫ്ളാസ്ക്കു് ഉയൎത്തി. അപ്പോൾ മാത്രമാണു് തനിക്കു പരിചയമില്ലാത്ത ബോയ്ക്കോവിനെ അയാൾ കണ്ടതു്.

"ഈ സ്നേഹിതൻ എവിടെനിന്നു വരുന്നു." ഫ്ളാസ്ക്കു് കൊട്ടത്തുകൊണ്ടയാൾ ചോദിച്ചു.

"കാരസാറാലിൽനിന്നു്, ഞങ്ങൾ മലയിൽവെച്ചു കണ്ടതാണു്. ഇയാളും നായാട്ടു് അന്വേഷിച്ചു വന്നതാണു്" സ്വിരിഡോൺകോ പറഞ്ഞു.

"അവനൊരു ധൈര്യശാലി, സ്കൂൾമാസ്റ്റർ നിങ്ങളുടെ ആരോഗ്യത്തിന്നു" ബോറിമിച്ച്ക്കയുടെ ശബ്ദം മുഴങ്ങി, തുടന്ന് നായയുടെ കുരയും.

കാൽക്കോ ചിരിച്ചുകൊണ്ടു ബോറിമിച്ച്ക്കയുടെ അട്ടക്കലേക്ക് തിരിഞ്ഞു.

"പിന്നെ കരടിപോയി എന്തു ചെയ്തു."

"ആരും ഒന്നും ചെയ്തില്ല കാൽക്കോ"

"നശിച്ചുപോകാൻ, ഈ അവിവാഹിതൻ അവൻ പോയി ഞങ്ങളുടെ പെൺകുട്ടിയെ കട്ടുകൊണ്ടുപോന്നു. രണ്ടുപേക്കും നന്നായി. അഭിനന്ദനങ്ങൾ. പക്ഷെ എവിടെയാണ് വിവാഹാതിഥികളെ സ്വീകരിക്കുന്നതിനുള്ള വിരുന്ന്."

"ഞാൻ അതു താഴെ വെച്ചിട്ടുണ്ടു് ബായ് കാൽക്കോ" കനത്ത ഒച്ചയിൽ ബോറിമിച്ച്ക്ക പറഞ്ഞു."

ഇത്തവണ നായ കുരച്ചതു് അല്പം ഗൌരവത്തോടെയാണ്.

"ബോറിമിച്ച്ക്ക, നിങ്ങളുടെ കരടിയുമായുള്ള ഗുസ്തിയെപ്പററി പറയു."

"അയാളോടു അയാളും സ്റ്റൈങ്കയുമാസുണ്ടായ മല്ലുപിടുത്തത്തെപ്പററി പറയാൻ പറയു." എല്ലാവരും ചിരിച്ചു.

ഓസ്റ്റിന്നു തുക്കികളുടെ വധത്തെപ്പററി കുറെക്കൂടി തീർച്ചയായിട്ടറിയണമെന്നുണ്ടായിരുന്നു. അതിനാൽ അയാൾ വീണ്ടും തുടങ്ങി.

"അപ്പോൾ അവരെ ചെന്നായ്ക്കൾ കഷണം കഷണമായി ചീന്തിയെന്നോ. തുക്കികൾ പറയുന്നില്ലെ ബൽഗേറിയക്കാരാണു് അവരെ കൊന്നതെന്നു്."

"അതെങ്ങിനെ, നഗരത്തിലെ സംസാരവിഷയം മുഴ

വൻ അതാണ്. പാവം ഡൈഡൊസ്റ്റോയ്ക്കോ. അദ്ദേഹത്തിൻെറ ആത്മാവു് നിത്യശാന്തിയടയട്ടെ" ചോദ്യം തെററിദ്ധരിച്ച് കാൽക്കോ പറഞ്ഞു.

"ആ വത്തമാനം ഞങ്ങൾ കേട്ടു. ഞാൻ ചോദിക്കുന്നതു് തുക്കിപോലീസുകാരെ കൊന്നതു് ബൾഗേരിയക്കാരാണ് എന്നവർ പറയുന്നില്ലെ എന്നാണ്."

"കാൽക്കോ വിസ്മയത്തോടെ നോക്കി."

"ഏതെങ്കിലും ഒരു വില്ലേങ്കിൽ, ബൾഗേരിയക്കാരൻ തുക്കികളെ കൊന്നതായ ഒരു സംഭവം നടന്നിട്ടുണ്ടോ. ഞാൻ പറയുന്നു, ചെന്നായ്ക്കൾ തന്നെയാണ് നമുക്ക ആ നല്ല കായ്യം നിവ്വഹിച്ചുതന്നതു്. നാളെ അവർ ഒരു പട തയ്യാറാക്കി ഈ ഉപദ്രവികളെ നശിപ്പിക്കാൻ ഒരുങ്ങുകയാണ്, അതു് എനിക്കും നന്നായി. ഇവയുടെ ഉപദ്രവംകൊണ്ടു് തണുപ്പുകാലമായാൽ മൂക്ക് വെളിയിൽ കാണിക്കാൻ നിവ്വാഹമില്ല. കുട്ടികളെ നിങ്ങളുടെ ആരോഗ്യത്തിനു നമുക്കീ ക്രുസ്തുമസ്സിനെ ആരോഗ്യത്തോടും ഉന്മേഷത്തോടുംകൂടി സ്വീകരിക്കേണ്ടേ. പക്ഷെ ഈ കരടിയുടെ കാലടിപ്പാടുകളെ നോയ്മ്പുകാലത്തു് പിൻതുടരരുതെ—ഇതാ കുടിക്ക സ്നേഹിത."

കാൽക്കോ ബ്രാണ്ടിക്കുപ്പി ഓഗ്യനോവിനു കൊടുത്തു. ഈ ഗുണപ്രധാനമായ ദ്രാവകത്തിൻെറ ജീവശക്തി ഓഗ്യനോവിൻെറ പൊയ്പോയ ഉശിരിനെ വീണ്ടെടുക്കാൻ തുടങ്ങിയിരിക്കുന്നു. വികാരാവേശത്തോടെ ഫ്ളാസ്ക്ക് ഉയത്തി അയാൾ പറഞ്ഞു.

"തുക്കികളുടെ ക്രൂരതക്കിരയായി രക്തസാക്ഷിയായ ഡൈഡൊസ്റ്റോയ്ക്കുയെ അനുസ്മരിപ്പിക്കുക സഹോദരന്മാരെ. ദൈവം അദ്ദേഹത്തിൻെറ നല്ല ആത്മാവിനു നിതാന്തശാന്തിയരുളട്ടെ."

അദ്ദേഹം നമുക്ക് ക്രിസ്തുവിൻെറ എതിരാളികളെ ആക്രമിക്കാനുള്ള കൈക്കരുത്തും ധൈര്യവും തരട്ടെ. ഒന്നിനു നൂറുകണക്കിനാകട്ടെ നമ്മുടെ പ്രതികാരം. ഈശ്വരൻ ഡൈഡ്ഡോസ്റ്റോയൻെറ ആത്മാവിനു ശാശ്വതസമാധാനം കൈവരുത്തട്ടെ''

"അദ്ദേഹത്തിൻെറ ആത്മാവു് നിത്യതയിൽ ലയിക്കട്ടെ."

"അദ്ദേഹത്തിൻെറ ആത്മാവിനു നിത്യശാന്തി ലഭിക്കട്ടെ.''

തൊപ്പിയുയർത്തി കാൽക്കോ പറഞ്ഞു: എന്നിട്ട് സ്നേഹത്തോടെ ഓഗ്യനോവിൻെറ അടുക്കലേക്കു് തിരിഞ്ഞു കാൽക്കോ പറഞ്ഞു: "സ്നേഹിതാ നിങ്ങൾ വളരെ ശരിയായി പറഞ്ഞു. അവ നിങ്ങളുടെ വായിൽനിന്നു നേരെ ദൈവത്തിൻെറ തിരുമുമ്പിൽ എത്തട്ടെ. കുറെക്കാലം നമുക്കിതു സഹിക്കേണ്ടിവരും, അന്നു്, ഒരു വിദ്യുൽപ്രകാശം തകരും, എല്ലാം തകന്നടിയും. എന്താണു് നിങ്ങളുടെ നാമധേയം. നമുക്കു് സ്നേഹിതന്മാരാവുക. ഞാൻ കാൽക്കോ ബോഗ്ഡനോവ്ബ്യൂക്ക്ച്ചി'' കാൽക്കോ ഹ്ളാസ്സു് നീട്ടി.

കൃത്രിമമായ ഒരു പേർ പറഞ്ഞു ഓഗ്യനോവ് അവരുടെ കൂട്ടതൽ മൈത്രിക്കുവേണ്ടി കുടിച്ചു. സംഘാംഗങ്ങൾ കാൽക്കോവിൻെറ പരിമിതമായ ഭക്ഷണസാമഗ്രികളെ നശിപ്പിക്കരുതെന്ന കരുതലോടെ കുറച്ചു മാത്രമെ ഭക്ഷിച്ചുള്ളു. അതും കഴിഞ്ഞു് അവർ യാത്ര പുറപ്പെട്ടു. പടിവരെ ആതിഥേയൻ അനുയാത്രചെയ്തു. ഒരിക്കൽക്കൂടി ഓഗ്യനോവിൻെറ സമീപത്തേക്കു തിരിഞ്ഞയാൾ പറഞ്ഞു. ഗുഡ് ബൈ സ്നേഹിതാ. ഞാൻ നിങ്ങളുടെ പേരു് മറന്നു. വല്ലകാലത്തും ഈ വഴിയെ പോകുമ്പോൾ ഇതിലെ വന്നു എന്നോടു സംസാരിക്കണം. നിങ്ങൾ നല്ലപോലെ സംസാരിക്കുന്നു. യാത്രയിൽ സർവ്വമംഗളങ്ങളുമുണ്ടാകട്ടെ.

ഓാഗ്യനോവിൻെറ ഊജ്ജ്ജസ്വലമായ ഏതാനും വാക്കുകൾ ആ സാധു ഇടയനെ വല്ലാതെ ഉണർത്തി. അതു് പുതിയതായതുകൊണ്ടു മാത്രമല്ല. സ്നേഹിതൻ പറഞ്ഞ സമരം ചെയ്യുക എന്ന വാക്കുകൾ അയാളുടെ ആത്മാവിൽ ബലവത്തായ ചില ചലനങ്ങൾ ഉയർത്തി; അതയാളുടെ ജീവന്നു ഒരു ഉണവ്വ് നൽകി. കുറെക്കഴിഞ്ഞാൽ നമുക്കു കാണാം ഈ കൂടിക്കാഴ്ച എന്തെല്ലാത്തിനാണു് വഴി തെളിയിച്ചതെന്നു്.

ഓാഗ്യനോവ് ബായ്‌ഡോച്ച്കോവിൻെറ സത്രത്തിലാണു് രാത്രി കഴിക്കാൻ തീരുമാനിച്ചതു്. അയാൾ മുറിയിൽ പ്രവേശിച്ചു് ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ, പതിനഞ്ചോളം വാടകക്കെട്ടുക്കപ്പെട്ട തുക്കിപോലീസുകാർ (ബാഷിബസാക്) തോക്കുമുയർത്തിപ്പിടിച്ചു് അയാളുടെ പിന്നാലെ മുകളിലേക്കു് കയറി. ഒരു ദിവസം മുമ്പു് തുക്കികഫെയിൽ വെച്ചു് ബോയ്ക്കോ കണ്ട തുക്കിപോലീസുകാരനാണു് അവരെ നയിച്ചിരുന്നതു്.

കഷ്ടം, സമയത്തിനു മുന്നറിവ് നൽകാൻ കോൽക്കോ അവിടെയെങ്ങുമുണ്ടായിരുന്നില്ല.

# അനുബന്ധം

| | |
|---|---|
| ആഗ | മാസ്റ്റർ; യജമാനൻ |
| ആമേൻ | ദയ കാണിക്കുക |
| ബാച്ചോ, ബായ് | സഹോദരൻ |
| ബാഷി ബസൗക് | ക്രൂരന്മാരായ തുർക്കി വാടക പട്ടാളം |
| ബെ | തുർക്കി ഗവർണ്ണർ |
| കാഡി | ജഡ്ജി |
| ചിലബി | മാന്യൻ |
| ചിബക്ക് | നീണ്ട പൈപ്പ് |
| കോമിററ | വിപ്ലവകാരി |
| ധെയാർബെീക്കർ | രാഷ്ട്രീയ കുററക്കാരെ നാടുകടത്തുന്ന കൊട്ടാരം. ഏഷ്യാമൈനറിൽ സ്ഥിതി ചെയ്യുന്നു. |
| ഡൈഡോ | വയസ്സൻ; മുത്തശ്ശൻ. |
| എഫിൻടി | ഗവമ്മേണ്ട് ഉദ്യോഗസ്ഥന്മാരുടേയും മററു വിദ്വാന്മാരുടേയും ബഹുമതി പ്പേരു്. |
| ഗഷ്മിഷ് | സ്വാഗതം |
| ഗയാർ | അവിശ്വാസി |
| ഗോസ്പോഷ | മിസിസ്, എന്നപോലെ ഒരു പേരു്. അക്കാലത്തു് അതു് ഒരു ഓണററി നാമധേയമായി ഉപയോഗിച്ചിരുന്നു. |

| | |
|---|---|
| ഹാജി | ജറുസലത്തേക്കോ മക്കത്തേക്കോ പോയ ക്രസ്ത്യാനികൾക്കും മുഹമ്മദീയക്കും ഇതുപയോഗിച്ചിരുന്നു. |
| ഹൈടക്ക് | കൊള്ളക്കാരൻ |
| ഹോജ | തുക്കി പുരോഹിതൻ |
| ഹോറോ | വട്ടത്തിലുള്ള ഒരുതരം നൃത്തം |
| കെഹയ | തലവൻ |
| കിർ | മിസ്റ്റർ |
| ക്ലിപാലോ | പള്ളിമണിക്കുപകരം ഉപയോഗിച്ചിരുന്ന ഒരു വാദ്യയന്ത്രം |
| കോനാക് | ഗവർണരുടെ കൊട്ടാരം, ഉദ്യോഗസ്ഥന്മാരുടെ ആസ്ഥാനം. |
| മാഷലാ | ധീരൻ |
| ഓൺബാസി | സാർജ്ജൻട് |
| പെകിൽവാൻ | ഗുസ്തിക്കാരൻ |
| റാഖിയ | ദേശീയ മദ്യം—പ്ലം പഴത്തിൽനിന്നു വാററുന്നതു്. |
| രായ | സുൽത്താന്റെ അമുസ്ലീം പ്രജകൾ |
| സലാം | തുക്കിക്കാരുടെ സ്വാഗതോക്തി |
| സോഫ്ട | മുസ്ലീം തിയോളജിക്കൽ വിദ്യാർത്ഥി |
| പോയ്വോഡ | കമാൻണ്ടർ. കൊള്ളത്തലവൻ |
| സാപ്ടിയ | തുക്കിപോലീസുകാരൻ |

240377

# നുകത്തിന്നടിയിൽ

Ivan Vasov

S no 8870